

# പന്ത്രണ്ടാം പീയൂസ്

എച്ച്. ലീഗ്.                ഫാ. ജോസഫ് തെക്കനാടി.

St. M. Carmelite Hospice
MANJANADY P.O. S.K.

# പോപ്പുരാജൻ

# പന്ത്രണ്ടാം പീയൂസ്

2676
XXVIII

---

ഫാദർ ജോസഫ് തേക്കനാടി

— മൂക്കന്തോട്ടം —

മററക്കര.

DHARMARAM COLLEGE LIBRARY, BANGALORE.
1659

SACRED HEART LEAGUE, APOSTOLIC SEMINARY, ALWAYE S. INDIA.
CANCELLED

---

പ്രസാധകൻ,

ജെ. സെക്രട്ടറി,

എസ്. എച്ച്. ലീഗ്

മംഗലപ്പുഴ,

ആലുവാ.

NL
LN/P

DEFINITORY T. O. C. LIBRARY.
No. C4443

---

എല്ലാം പ്രതികളിലും ലീഗ് മുദ്രയുണ്ടായിരിക്കും.

Cum Permissu Superiorum

Copy right with the S. H. League.

ഒന്നാംപതിപ്പ് 1000 പ്രതികൾ

PRINTED AT THE
V. G. PRESS, KOTTAYAM.

1946

# സമർപ്പണം.

---

പരേതനായ

സെൻറു ജോസഫ്സ് അപ്പസ്റ്റോലിക്

സെമിനാരി റെക്ടർ,

## വെ. റവ. ഫാ. ജോൺ ജോസഫ്
## ഒ. സി ഡി.

സ്നേഹമൂർത്തിയായിരുന്ന ആ വത്സലതാതന്റെ

## പാവന സ്മരണയ്ക്ക്.

---

# അവതാരിക.

മഹാനായ പീയൂസ് പതിനൊന്നാമൻ സമാദൃതചരിതനായ വൃത്താന്തം അത്യന്തം ഖേദത്തോടുകൂടിയാണു ഞാൻ ശ്രവിച്ചതു്. ഒരു മഹാപുരുഷന്റെ നിര്യാണം എന്നതല്ല, പാപ്പാസ്ഥാനത്തിന്റെ മഹനീയത ഞാൻ മനസ്സിലാക്കിയതില്പിന്നെ ആദ്യമായി സ്ഥാനാരോഹണം ചെയ്ത ആ വിശ്രുതാത്മനോടു് എനിക്കുണ്ടായിരുന്ന ഒരു മമതാബോധവും, അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തെപ്പററി നേദിഷ്ഠബന്ധം പുലത്തിയവരില് നിന്നു സിദ്ധിച്ച അറിവും ആയിരുന്നു ആ ഖേദത്തിന്റെ ഹേതു. അത്ര ദീർഘകാലം അത്ര വിശാലവും ധീരവുമായ മനോഭാവത്തോടുകൂടി സഭാഭാരം താങ്ങി ലോകജേതാവായി വിരാജിച്ചിരുന്ന ആ പുരുഷസിംഹത്തിന്റെ തിരോധാനത്തില് റോമാസിംഹാസനത്തെ അലങ്കരിക്കാൻ ഒരു മഹാത്മാവുണ്ടാകണമെന്നു ലോകം തീവ്രമായി അഭിലഷിച്ചു; കാർഡിനല് പച്ചെല്ലിയൊഴികെ ആരു വന്നാലും എന്റെ ദുഃഖം തെല്ലൊന്നു ശമിക്കയില്ലെന്നു ഞാനും തീരുമാനിച്ചു. ആ നിശ്ചയത്തിനു പ്രധാനമായ നിദാനം, എനിക്കു പച്ചെല്ലിത്തിരുമേനിയെപ്പററിയുള്ള അവഗാഢമായ അറിവല്ല. അഭൂതപൂർവ്വമാംവണ്ണം അസ്മദാദരത്തിനു പാത്രീഭൂതനായിരുന്ന പീയൂസ് പതിനൊന്നാമന്റെ പ്രിയതമനായ കർദ്ദിനാളാണദ്ദേഹം എന്ന ഒരു വസ്തുത മാത്രമായിരുന്നു. കാർഡിനല് പച്ചെല്ലി തിരുമനസ്സുകൊണ്ടു വിശുദ്ധ പത്രോസിന്റെ പിൻഗാമിയായിത്തീർന്ന വിവരം പരമാഹ്ലാദത്തോടുകൂടിത്തന്നെ ശ്രവിക്കാൻ എനിക്കു കഴിഞ്ഞു. ഒരുപക്ഷെ, ആ തിരുമേനിയുടെ ചാർച്ചക്കാരെക്കാൾ തീക്ഷ്ണതരമായി അദ്ദേഹത്തിന്റെ പാപ്പാപദാരോഹണത്തെ അഭിലഷിച്ച ഒരു വിനീതവ്യക്തി എന്ന യോഗ്യതയായിരിക്കണം ഈ അവതാരികാനിർമ്മാണത്തിനു് എനിക്കുള്ള അവകാശം. കൊള്ളാം; ഞാൻ ആ അവകാശത്തില് അഭിമാനം കൊള്ളുന്നു.

ഒരു ജീവചരിത്രംപോലെ മനുഷ്യനു ഗുണപ്രദമായ ഗ്രന്ഥമുണ്ടോ എന്നു ഞാൻ ചിലപ്പോൾ വിചാരിക്കാറുണ്ടു്. നമ്മെപ്പോലെയുള്ള ഒരു മനുഷ്യൻ നമ്മുടെ സംവരണങ്ങളില് വളർന്ന ഒരു മനുഷ്യൻ മാനുഷമായ താഴ്ച്ചകളും വീഴ്ച്ചകളും കഴിഞ്ഞു് ഉയർച്ചയെ പ്രാപിച്ച കഥയെക്കാൾ സഹാനുഭൂതിയോടുകൂടി നമുക്കു വായിച്ചു രസിക്കാൻ കഴിയുന്ന ആഖ്യായിക ഏതാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ആദർശങ്ങൾ നമുക്കൊക്കെ അറിയാവുന്നവയാണു്; ആദർശത്തെ ലക്ഷ്യമാക്കി നാമൊക്കെ പ്രവർത്തിക്കാറുമുണ്ടു്. ലക്ഷ്യപ്രാപ്തിയില് മാത്രം പലപ്പോഴും പരാജിതരാകുന്നു. എന്നാല് എത്രയെത്ര മഹാത്മാക്കളാണു നമുക്കു പ്രോത്സാഹനം നല്കി പുരോഗമനം ചെയ്തിട്ടുള്ളതു്! അവരെ കാണുക, അവരോടു സംസർഗ്ഗം ചെയ്യുക, അവരോടു സംസാരിക്കുക, അവരുടെ ആത്മകഥാകഥനങ്ങൾ ശ്രവിക്കുക, അവരില് ലീനമായിരിക്കുന്ന ദിവ്യചൈതന്യം കണ്ടാനന്ദിക്കുക, അവരുടെ അന്തരാത്മാവില് നിന്നു വിസരിക്കുന്ന പ്രഭാധോരണിയാല് നമ്മുടെ ആത്മാവിനെ ശോഭനമാക്കുക—ഇവയെല്ലാം അഭികാമ്യമല്ലേ? ഗുണഭൂയിഷ്ഠമല്ലേ? നിർവൃതിദായകം തന്നെയല്ലേ?

വസ്തുത ഇപ്രകാരമെങ്കില് ലോകോത്തരമായ ജീവിതപരിശുദ്ധികൊണ്ടും, അത്യസൂയാവഹമായ പാണ്ഡിത്യസമ്പത്തികൊണ്ടും, അനന്യലഭ്യമായ സ്ഥാനമഹത്ത്വംകൊണ്ടും വിശ്വൈകവന്ദ്യനെന്നു സാർത്ഥകം പ്രകീർത്തിക്കാവുന്ന ഒരു മഹാത്മാവിന്റെ ജീവചരിത്രം നമുക്കെത്രയോ അമൂല്യമായിരിക്കും! ഇതിന്റെ പല ഭാഗങ്ങളും അഭിമാനത്തിന്റെയും വിസ്മയത്തിന്റെയും കോരിത്തരിപ്പുകളോടുകൂടി മാത്രമേ എനിക്കു വായിക്കുവാൻ സാധിച്ചുള്ളു. 12-ാംപീയൂസ് തിരുമനസ്സിലെ ജീവിതത്തെപ്പററി ഏതാണ്ടു സമഗ്രസുന്ദരമായ ഒരു ചരിത്രം ലളിതസരളമായ ഒരു രീതിയില് രചിച്ചു കൈരളിക്കും കേരളീയർക്കും സമർപ്പിക്കാൻ സാധിച്ച റവ. ഫാ. ജോസഫ് തേക്കനാടി അവർകളുടെ സേവനം അഭിനന്ദനത്തെയും കൃതജ്ഞതയെയും അർഹിക്കുന്ന ഒന്നത്രേ. വിവർത്തകന്റെ ചില വിമർശനങ്ങളും ഭാഷാപ്ര

യോഗങ്ങളും ഭിന്നാഭിപ്രായങ്ങൾക്കു വക നല്കിയേക്കാം. ഗുണൈകദൃക്കായ എനിക്ക് അവ ഉന്നയിക്കേണ്ട ആവശ്യമില്ല. കഥാപുരുഷന്റെ പരമപാവനമായിരുന്ന ബാല്യയൗവനങ്ങളിലെ സംഭവപരമ്പരകൾ പ്രവർത്തനവിധാനങ്ങൾ, ഇവയൊക്കെ കുറേക്കൂടി വിശദീകരിച്ചിരുന്നെങ്കില് ഈ ജീവചരിത്രം ആസ്വാദ്യതരമാകുമായിരുന്നില്ലേ എന്ന് എനിക്കു തോന്നുന്നു. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന മഹാപദം അലങ്കരിക്കുന്ന ഒരു വിശാലമഹാവ്യക്തിയുടെ ഔദ്യോഗികമായ പ്രവർത്തനങ്ങളുടെ പ്രാഭവത്തില് ഈ മററുകാര്യങ്ങൾ നിസ്സാരങ്ങളായിത്തോന്നിയതുകൊണ്ടാവാം ഗ്രന്ഥകാരൻ അക്കാര്യത്തില് മിതവാദിയായിക്കഴിയുന്നതു്.

കഥാപുരുഷനായ തിരുമേനിക്കും, ഗ്രന്ഥകാരനായ ശിഷ്യനും സകല ഭാവുകങ്ങളും ആശംസിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ കേരളീയരുടെ മുമ്പില് ഞാൻ സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

'ഭാരതീവിഹാരം,'
ചങ്ങനാശേരി
1946 ജൂൺ 27.

പി. വി. ഉലഹന്നൻമാപ്പിള
എം. എ.
(ഒപ്പ്)

## ഒരു സന്ദേശം.

Very Rev. Fr. Zacharias, O. C. D.,
Director, Sacred Heart League,
Apostolic Seminary,
Alwaye, S. India.

Dear Rev. Father,

It was with the greatest pleasure that I authorised the Sacred Heart League to translate my Biography of Pope Pius XII into Malayalam, and it is with considerable satisfaction that I have learned that the Rev. Joseph Thekanady, of whose scholarship in Malayalam literature I have heard before, is taking up the translation.

Whatever our nationality, or race or tongue, loyalty and respect to that great Statesman who is the Head of the Church on earth, binds us in a mutual bond as fellow-catholics, and I wish your publication of my small tribute to His Holiness every success.

Believe me, with respectful regards,

Yours sincerely,

Dublin,<br>20th March '46.

(Sd.)<br>KEES VAN HOËK.

(പരിഭാഷ)

വെരി. റവ. ഫാ. സഖറിയാസ് ഒ. സി. ഡി.,
ഡയറക്ടർ, എസ്. എച്ച്. ലീഗ്,
ആലുവാ, ദക്ഷിണേന്ത്യാ.

പ്രിയ ബ. അച്ചാ,

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ജീവിതചരിത്രത്തെ അധികരിച്ച് ഞാൻ രചിച്ച ഗ്രന്ഥത്തെ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യുവാൻ എസ്. എച്ച്. ലീഗിനു് ഞാൻ അനുമതി നല്കിയതു് അത്യുൽക്കടമായ സന്തോഷത്തോടേയാണ്. ഈ കൃത്യം റവ. ജോസഫ് തേക്കനാടി—മലയാളഭാഷയിൽ അദ്ദേഹത്തിനു സംസിദ്ധമായിരിക്കുന്ന പ്രാവീണ്യത്തെപ്പററി നേരത്തേ ഞാൻ അറിഞ്ഞിട്ടുണ്ടു് — ഭരമേററിരിക്കുന്നതായി കാണുന്നതിൽ ഞാൻ അതീവ ചരിതാർത്ഥനായിരിക്കുന്നു.

നാം വ്യത്യസ്ത രാഷ്ട്രങ്ങളിൽ വിവിധവർഗ്ഗങ്ങളിൽപ്പെട്ട വിഭിന്നഭാഷകളോടുകൂടി ജീവിക്കുന്നവരായിരിക്കാം. എന്നാൽ, കത്തോലിക്കാസഭയുടെ ദൃശ്യപാലകനായി പരിലസിക്കുന്ന മഹാനായ ആ രാഷ്ട്രീയമീമാംസകൻെറ നേർക്കുള്ള വിശ്വസ്തതയും ബഹുമാനവും കത്തോലിക്കാ പൗരന്മാർ എന്ന നിലയിൽ നാമേവരേയും പരസ്പരം ദൃഢമായി ബന്ധിക്കുന്നുണ്ടു്. പരിശുദ്ധ പിതാവിൻെറ ബഹുമാനാർത്ഥം ഞാൻ എഴുതിയ ഈ ചെറുഗ്രന്ഥത്തിൻെറ മലയാളപ്രസിദ്ധീകരണത്തിൽ അങ്ങേയ്ക്കു് സർവ്വവിധ വിജയങ്ങളും സബഹുമാനം ഞാൻ ആശംസിച്ചുകൊള്ളുന്നു.

എന്നു്,

അങ്ങേ വിശ്വസ്തൻ
കീസ് വാൻ ഹോക്ക്
(ഒപ്പ്)

# ആമുഖം.

ഭൂതകാലസംഭവങ്ങളേയും അവയുടെ കർത്താക്കളായ വ്യക്തികളേയും വ്യക്തമായി ചിത്രണം ചെയ്യുകയാണു ചരിത്രകാരന്റെ കൃത്യം. എന്നാൽ, വിമർശനവിദഗ്ദ്ധനായ ഒരു ലേഖകന്റെ കലാനിപുണമായ തൂലിക സമകാലികങ്ങളായ സംഭവവികാസങ്ങളുടെ യാഥാർത്ഥ്യം തേടിപ്പിടിക്കുകയും അവയുടെ നായകന്മാരായ മഹാന്മാരുടെ പ്രവർത്തനങ്ങളെ യഥാർഹം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ജീവിതത്തെ പുരസ്കരിച്ചുള്ള ഈ പ്രബന്ധത്തിൽ തൽകർത്താവായ കീസ് വാൻ ഹോക്ക് അനന്യസാധാരണമായ രചനാചാതുരിയാണു പ്രകടിപ്പിച്ചിരിക്കുന്നതു്. റോമൻ തെരുവീഥികളിൽക്കൂടി മന്ദഗമനം ചെയ്യുന്ന ഒരു ബാലകൻ എന്ന സ്ഥിതിമുതൽ കത്തോലിക്കാസഭാഭരണകൂടത്തിലെ അത്യുന്നതസ്ഥാനി എന്ന മഹനീയ പദവിവരെയുള്ള പന്ത്രണ്ടാം പീയൂസിന്റെ വിവിധജീവിതനിലകളെ അദ്ദേഹം പരിപൂർണ്ണമായും സൂക്ഷ്മമായും സജീവമായും ആലേഖനം ചെയ്തിരിക്കുന്നു. എവുജേനിയോ പച്ചെല്ലിയെപ്പററിയുള്ള ഈ പ്രതിപാദനം അദ്ദേഹത്തിന്റെ വ്യക്തിപരങ്ങളായ ഗുണവിശേഷങ്ങളെ—അദ്ദേഹത്തിന്റെ അന്യാദൃശമായ വ്യക്തിവിലാസം, പ്രശാന്തഗംഭീരമായ മുഖഭാവം ആചാരവിശേഷങ്ങളിലുള്ള ആഭിജാത്യകോമളത്വം, അദ്ദേഹത്തിൽ പ്രോജ്ജ്വലിക്കുന്ന ആദ്ധ്യാത്മികചൈതന്യത്തെ സവിശേഷം പ്രദ്യോതിപ്പിക്കുന്ന സുമന്ദഹാസം ഇവയെ—പരാമർശിച്ചുള്ള സരസസുന്ദരങ്ങളായ ഹൃദ്യവർണ്ണനകളുടെ സുലഭതയാൽ ഏററം ആസ്വാദനീയമായിത്തീർന്നിരിക്കുന്നു എന്നു പ്രസ്താവിക്കുവാൻ നമുക്കു് അത്യധികമായ ചാരിതാർത്ഥ്യമുണ്ടു്.

ഹൃദയാന്തരാളത്തെ വികാരപ്രകമ്പിതമാക്കുന്ന ആധുനികപ്രസിദ്ധീകരണങ്ങളുടെ അന്തസ്സാരവിഹീനമായ ഉപരിപ്ലവത്വം ഈ കൃതിയിൽ ഒരിടത്തും കാണുകയില്ല. യഥാൎത്ഥമായ മഹത്വത്തെ—സ്വഭാവമേന്മയിലും ആദൎശവിശിഷ്ടതയിലുമുള്ള ശ്രേഷ്ഠതയെ—യഥാർഹം ഗ്രഹിക്കുന്നതിനും അതേവിധം പ്രകടിപ്പിക്കുന്നതിനും പ്രാഗത്ഭ്യമുള്ള ഒരു പ്രസിദ്ധ പണ്ഡിതന്റെ വാസനാവൈഭവത്തിൽ നിന്നും നിർഗ്ഗമിക്കുന്ന മനോഹരമായ ഒരു തൂലികാചിത്രം മാത്രമാണിതു്.

ഒരു സാധാരണ നിരീക്ഷകന്റെ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു പന്ത്രണ്ടാം പീയൂസിന്റെ ജീവിതരംഗങ്ങളെ അവലോകനം ചെയ്യുന്നതിൽമാത്രം ഗ്രന്ഥകാരൻ തൃപ്തികണ്ടെത്തുന്നില്ല. ദുരന്തദുരിതപൂരിതമായ ലോകത്തിന്റെ സമുദ്ധാരണത്തിനുവേണ്ടി പോപ്പുരാജൻ നിസ്തന്ദ്രം നടത്തിക്കൊണ്ടിരിക്കുന്ന നിസ്സ്വാൎത്ഥസേവനങ്ങളെ നമ്മുടെ മുമ്പിൽ പ്രദൎശിപ്പിക്കുന്നതിനു് അദ്ദേഹം ചെയ്ത യത്നം വളരെ വിജയപ്രദമായിട്ടുണ്ടു്. "നീതിയുടെ പരിണതഫലമായ സമാധാന"ത്തെ വിശദമാക്കി സംസ്ഥാപിക്കുന്നതിനുവേണ്ടി മാർപ്പാപ്പാ തിരുമേനി നിവൎത്തിച്ചുകൊണ്ടിരിക്കുന്ന അവിശ്രമപരിശ്രമങ്ങളെ, അവിടുത്തെ തിരുവെഴുത്തുകളും ചാക്രികലേഖനങ്ങളും സുലഭമായി ഉദ്ധരിച്ചുകൊണ്ടു സുവിശദമാക്കുവാൻ പതിമൂന്നാം അദ്ധ്യായം മുഴുവനും ഗ്രന്ഥകാരൻ വിനിയോഗിച്ചിരിക്കുന്നു. ശാന്തിയ്ക്കും സമാധാനത്തിനും വേണ്ടിയാണു പന്ത്രണ്ടാം പീയൂസ് നിലകൊള്ളുന്നതു്. എന്നാൽ, സുരക്ഷിതമായ സമാധാനമുണ്ടായിരിക്കണമെങ്കിൽ നിഷ്കൃഷ്ടമായ നീതിയുണ്ടായിരിക്കണം; നീതി ഉണ്ടായിരിക്കണമെങ്കിൽ മനുഷ്യരുടെ ഹൃദയങ്ങളിലും വ്യവഹാരങ്ങളിലും ക്രിസ്തുവിന്റെ ദിവ്യസിദ്ധാന്തങ്ങൾ തന്നെ ഭരണം നടത്തണം. ഇതാണു് അവിടുന്നു് ഉദ്ധതമായ ലോകത്തെ അനുസ്മരിപ്പിക്കുന്ന സാത്വികപ്രബോധനം.

പരിഭ്രാന്തമായ മനുഷ്യവംശത്തെ ശാശ്വതമായ ഐ

ശാശ്വത്തിലേയ്ക്കും അഭംഗമായ അഭിവൃദ്ധിയിലേക്കും ആനയിക്കുവാൻ ബദ്ധപ്പെടുന്ന ക്രൈസ്തവനേതാവിന്റെ മുദ്രലശബ്ദമാണിതു്. ഭരണകർത്താക്കളെന്നുള്ള പേരുംപേറി, മൃഗീയമായ കരബലത്തിലും സുബഹുലമായ ആയുധസന്നാഹത്തിലുംമാത്രം അധിഷ്ഠിതമായ അധികാരം കൈയ്യടക്കി, ലോകത്തെ ക്രൂരതരങ്ങളായ നാരകീയസമരങ്ങളിലേക്കും അപരിഹാര്യങ്ങളായ വിനാശങ്ങളിലേക്കും പായിക്കുന്ന നേതൃമ്മന്യന്മാരുടെ സ്വാർത്ഥജടിലമായ കുടിലതയ്ക്കും ഗർഹണീയമായ കപടതയ്ക്കും എതിരായി ധാർമ്മികമായ ആയുധംമാത്രം കരങ്ങളിലേന്തിക്കൊണ്ടു് ഒരൊററ വ്യക്തിമാത്രമേ ശിരസ്സുയർത്തി നില്ക്കുന്നുള്ളു. ആ ധീരാത്മാവാണു പന്ത്രണ്ടാം പീയൂസ്. നരകുലം ആകമാനം ആദരിക്കേണ്ട സാർവ്വത്രികമായ സാഹോദര്യം, അവികലമായ നീതി, അഭികാമ്യമായ സംസ്കാരം എന്നിവയുടെ അവിതർക്കിതമായ പ്രാതിനിധ്യമാണു് അവിടുന്നു സംവഹിക്കുന്നതു്. അതെ, സാഹോദര്യത്തിന്റെയും നീതിയുടേയും സംസ്കാരത്തിന്റെയും മൂല്യത മതിയാംവണ്ണം നിർണ്ണയിക്കുവാൻ കെല്പുള്ള ക്രിസ്തുനാഥന്റെ പ്രതിനിധിയാണു പോപ്പുരാജൻ. സാമ്രാജ്യദുർമ്മോഹങ്ങൾക്കും രാഷ്ട്രീയാവിശ്വാസങ്ങൾക്കും കക്ഷിമാത്സര്യങ്ങൾക്കും അതീതനായി വിരാജിക്കുന്ന ഏകലോകനേതാവു് അദ്ദേഹം മാത്രമാണു്. ഇതരനേതാക്കന്മാരെ അപേക്ഷിച്ചു് അവിടുത്തേയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. അവിടുന്നു ലോകത്തെ യഥാർഹം അറിയുന്നു. ഈ പ്രസ്താവന അക്ഷരംപ്രതി വാസ്തവമാണു്. എന്തുകൊണ്ടെന്നാൽ, എല്ലാ രാഷ്ട്രങ്ങളുടേയും ജനതകളുടേയും പരിചയം അവിടുന്നു നേരിട്ടു സമ്പാദിച്ചിട്ടുണ്ടു്; അവരോടെല്ലാം അവരുടെ മാതൃഭാഷകളിൽത്തന്നെ സംസാരിക്കുവാൻ അവിടുത്തേക്കു കഴിയും. അവരുടെ വികാരങ്ങളും പ്രത്യാശകളും ഉൽകണ്ഠകളും, അവരുടെ സാധ്യതകളും പരിമിതികളും അവിടുത്തേയ്ക്കു നന്നായിട്ടറിയാം. അവിടുന്നു് ഒരു തികഞ്ഞ യൂറോപ്യനാണു്; വാസ്തവം തന്നെ. എന്നാൽ, ഇതരരാഷ്ട്രങ്ങൾക്കു സ്വീകരിക്കുവാൻ തൃപ്തിയില്ലാത്തതും സംവഹിക്കുവാൻ പ്രാപ്തിയില്ലാത്തതുമായ ഭര

ണസമ്പ്രദായങ്ങളെ അവരുടെ തലയിൽ കെട്ടിവയ്ക്കുകയെ
ന്ന ദുഷിച്ച നയത്തെ അവിടുന്നു് എന്നും പ്രതിഷേധിച്ചു
കൊണ്ടിരിക്കുന്നു. ജനതകളുടേയും രാഷ്ട്രങ്ങളുടേയും ഉപരി
തലം മാത്രമല്ല അവിടുന്നു ദർശിക്കുന്നതു്; അവയുടെ അ
ടിസ്ഥാനതത്വങ്ങളേയും അവിടുന്നു സൂക്ഷ്മനിരീക്ഷണം
ചെയ്യുന്നു. എല്ലാ ജനങ്ങളോടും അവിടുത്തേയ്ക്കു സഹതാ
പവും അനുഭാവവുമുണ്ടു്. ഇങ്ങനെയുള്ള സാർവ്വഭൗമനായ
ഒരു പിതാവിനു മാത്രമേ, ലോകശക്തികളുടെ സ്ഥാപിത
താൽപര്യങ്ങളിലും അവരുടെ മത്സരങ്ങളിലും നീതിയുടെ
നിഷ്പക്ഷമായ പ്രേരണാശക്തി ചെലുത്തുന്നതിനു കഴി
യുകയുള്ളൂ.

അതിശോചനീയമാംവണ്ണം അധഃപതിച്ച ലോക
ത്തെ നിതാന്തമായ സ്വാസ്ഥതയിലേക്കും അപകടരഹിതമാ
യ സുമാർഗ്ഗത്തിലേക്കും പ്രത്യാനയിക്കണമെങ്കിൽ, ഒരു സ
മാധാനദൂതൻ— അദ്ദേഹത്തിന്റെ നീതിനിഷ്ഠയിലും വി
ജ്ഞാനപാരമ്യത്തിലും സകലർക്കും ഒന്നുപോലെ വിശ്വ
സിക്കാവുന്ന ഒരു ശാന്തിദായകൻ— അത്യാവശ്യമാണു്.
പ്രക്ഷുബ്ധമായ ഇന്നത്തെ ലോകാന്തരീക്ഷത്തിൽ ഭാസുരമാ
യ പ്രശാന്തത പുനഃസ്ഥാപിക്കുവാൻ ദൈവനിയുക്തനായ ഒ
രു സമാധാനദൂതനാണു പന്ത്രണ്ടാം പീയൂസ്. അനന്യ
മർത്ത്യസാധാരണമായ നീതിനിപുണതയും അനസൂയാർഹ
മായ വിജ്ഞാനസമ്പത്തും ദൈവം അദ്ദേഹത്തിനു പ്രദാ
നം ചെയ്തിട്ടുണ്ടു്. വിനാശത്തിന്റെ ഭയങ്കരതയിൽനി
ന്നു ലോകം സമുദ്ധരിക്കപ്പെടണമെങ്കിൽ അതു പന്ത്രണ്ടാം
പീയൂസിന്റെ പക്കലേക്കു തിരിയണം; അവിടുത്തെ പൈ
തൃകശാസനങ്ങൾ വിശ്വസ്തതാപൂർവ്വം അനുവർത്തിക്കണം.

എന്നാൽ, ആദ്യമായി പിതൃഭക്തിയോടും വിശ്വാ
സത്തോടുംകൂടി അദ്ദേഹത്തിന്റെ പക്കൽ ഓടിയണയേ
ണ്ടതു് കത്തോലിക്കരായ നാം ആണു്. നമ്മുടെയെല്ലാം
ഇടയനായി എത്ര മഹാനായ ഒരു പാലകനെയാണു ദൈ
വം തിരഞ്ഞെടുത്തിരിക്കുന്നതെന്നും, ഈ ദിവ്യോദ്യോഗം
പ്രശസ്തമായി നിർവ്വഹിക്കുന്നതിനു് എന്തെല്ലാം സ്വർഗ്ഗീ
യാനുഗ്രഹങ്ങളും വിശേഷവരങ്ങളുമാണു ദൈവം അദ്ദേ

ഹത്തിനു പ്രദാനം ചെയ്തിരിക്കുന്നതെന്നും നമുക്കു ദൃഢമായി ബോധപ്പെടണം.

നീതിപാലനത്തിനും ക്രൈസ്തവസംസ്കാരസംരക്ഷണത്തിനുംവേണ്ടി സമരം നടത്തുന്നു എന്നഭിമാനിക്കുന്ന രാഷ്ട്രങ്ങൾ, 1915-ലെ ലണ്ടൻസന്ധിയിൽ സ്വീകരിക്കപ്പെട്ട നയം വീണ്ടും സ്വീകരിക്കാതിരിക്കുന്നതിനു ലോകത്തിലെ ക്രൈസ്തവജനതകളെല്ലാം ഐകകണ്ഠ്യേന മുറവിളികൂട്ടണം. അന്നത്തെ വൈദികവിദ്വേഷികളുടെ കുതന്ത്രങ്ങൾ നിമിത്തം ആ സന്ധിസംരംഭങ്ങളിൽ മാർപ്പാപ്പാക്കു സ്ഥാനമില്ലാതെ വന്നു. ഇതാണു് അന്നത്തെ നേതൃവേഷധാരികൾ സ്വീകരിച്ച വിനാശകരമായ ഹീനനയം. അന്നു് അവർ മതവിദ്വേഷത്തെ പരോക്ഷമായി അനുകൂലിച്ചു; ഇന്നു ലോകം മുഴുവനും അതിനു പരിഹാരം ചെയ്യുന്നു. നീതിയും സമാധാനവും ആദ്ധ്യാത്മികസാഫല്യങ്ങളാണെന്നും അവ ആശ്രയിച്ചുനില്ക്കുന്നതു സനാതനതത്വങ്ങളിന്മേലാണെന്നും ഇന്നത്തെ ലോകത്തിനു ബോധപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. ദൈവശാസനങ്ങളെ അധികാരപൂർവ്വം പ്രബോധിപ്പിക്കുന്നതിനു ദൈവത്താൽ നിയുക്തനായ ആ മഹാശക്തിയുടെ—മാർപ്പാപ്പായുടെ—ഇടപെടൽ കൂടാതെ പ്രസ്തുത ആദ്ധ്യാത്മികതത്വങ്ങളെ നമ്മുടെ ഈ ലോകത്തേക്കു കൊണ്ടുവരികയോ ഇവിടെ അഭംഗമായി സംരക്ഷിക്കുകയോ ചെയ്യുക സാദ്ധ്യമല്ല തന്നെ.

✠ മൈക്കിൾ ബ്രൗൺ

ഗാൽവേയുടെ മെത്രാൻ

# പ്രസ്താവന.

ഇപ്പോൾ കത്തോലിക്കാസഭയെ പ്രശസ്തമായി ഭരിച്ചുകൊണ്ടിരിക്കുന്ന പന്ത്രണ്ടാം പീയൂസ് തിരുമനസ്സിലേക്കു സംസിദ്ധമായിട്ടുള്ള വിശ്വോത്തരമായ പ്രാധാന്യവും മാഹാത്മ്യവും എത്രമാത്രമാണെന്നു ലോകം നന്നായി ഗ്രഹിച്ചുകഴിഞ്ഞു. പ്രസിദ്ധ ആംഗലേയ ചിന്തകനായ ക്രിസ്റ്റോഫർ ഡോസൺ പ്രസ്താവിക്കുന്നതുപോലെ "വിസ്മൃതങ്ങളായ തത്ത്വങ്ങളെ നിഷ്ഫലമായി പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്ന വിലയില്ലാത്ത ഒരു സാക്ഷിയായിട്ടല്ലാ, പ്രത്യുത, മനുഷ്യവംശത്തിലെ ഓരോ വ്യക്തിയെയും സാരമായി സ്പർശിക്കുന്ന പ്രക്ഷോഭണങ്ങളുടെ കേന്ദ്രത്തിൽ നിലകൊള്ളുന്ന" ഒരു മഹാശക്തിയായി തിരുമേനിയെ ഏവരും പരിഗണിക്കുന്നു. സത്യത്തിനും നീതിക്കും, സ്നേഹത്തിനും സമാധാനത്തിനും, ഐശ്വര്യത്തിനും സംസ്കാരത്തിനുംവേണ്ടി സമരം ചെയ്തുകൊണ്ടിരിക്കുന്ന ഏകധാർമ്മികസമ്രാട്ടു മാർപ്പാപ്പാ മാത്രമാണെന്നു സമ്മതിക്കാത്തവരായി ആരെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. അഗാധമായ നൈരാശ്യത്തിലും അനുകമ്പാർഹമായ നിർഭാഗ്യത്തിലും കിടന്നുഴലുന്ന ആധുനികലോകം മാർപ്പാപ്പായുടെ ആശ്വാസസന്ദായകങ്ങളായ പ്രവർത്തനങ്ങളിലേക്കാണു് ഉൽക്കടമായ പ്രത്യാശയോടേ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നതു്.

പരിശുദ്ധ പിതാവിനു ലോകരംഗത്തുള്ള മഹനീയസ്ഥാനം പ്രകടതരമായതു കഴിഞ്ഞ ലോകമഹായുദ്ധഘട്ടത്തിലാണു്. മാനവസംസ്കാരത്തിന്റെ സുരക്ഷിതമായ നിലനില്പിനുവേണ്ടി അവിടുന്നു നിർവ്വഹിച്ചിട്ടുള്ള പ്രശസ്തസേവനങ്ങൾ കരാളകാളമേഘങ്ങൾകൊണ്ടു പ്രക്ഷുബ്ധമായ ലോകചരിത്രാന്തരീക്ഷത്തിൽ വെള്ളിരേഖകളായി പ്രത്യക്ഷപ്പെടുന്നു. പോപ്പുരാജന്റെ നേരേ ലോകം പ്ര

ദർശിപ്പിക്കുന്ന വർദ്ധമാനമായ ബഹുമാനത്തിനു് അവ കാരണമായിട്ടുണ്ടു്. തന്നിമിത്തം ആധുനികലോകത്തിൽ ഉജ്ജ്വലശോഭയോടുകൂടിയ ഒരു ആദർശദീപമായി വിരാജിക്കുന്ന പന്ത്രണ്ടാം പീയൂസിനെപ്പററി കൂടുതൽ അറിയുവാൻ ഏവർക്കും ആഗ്രഹം കാണും. ഈ അഭിലാഷസാധ്യത്തിനു് എൻെറ വിനീതശ്രമം അല്പമെങ്കിലും സഹായകമായിത്തീരുന്നപക്ഷം ഞാൻ അതീവ കൃതാർത്ഥനായി കൊള്ളാം.

വിശ്രുതസാഹിത്യകാരനായ കീസ് വാൻ ഹോക്കു് ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിശിഷ്ട ഗ്രന്ഥത്തിൻെറ രണ്ടാം പതിപ്പു് ഇപ്പോൾ തയ്യാറായി വരുന്നുണ്ടു്. അച്ചടി നടന്നുകൊണ്ടിരിക്കുന്ന പ്രസ്തുത പുസ്തകത്തിൻെറ പ്രൂസ്സു് കോപ്പി വിവർത്തനാർത്ഥം അദ്ദേഹം അയച്ചുതരികയുണ്ടായി. അതാണു് ഈ കൃത്യത്തിൽ എനിക്കു പ്രേരകമായിത്തീർന്നതു്.

വെറും സ്വതന്ത്രമായ ഒരു പരിഭാഷയ്ക്കു മാത്രമേ ഞാൻ യത്നിച്ചിട്ടുള്ളു. അതുകൊണ്ടു മലയാളികൾ അറിഞ്ഞിരിക്കാൻ ആഗ്രഹിക്കുന്ന ചില വസ്തുതകളും പ്രസ്താവനകളും ചിലടത്തു ഞാൻ കൂട്ടിച്ചേർക്കുകയും അത്യാവശ്യമില്ലാത്ത ചില സംഗതികൾ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. മൂലഗ്രന്ഥത്തിലെ അർത്ഥഗർഭമായ ഭാഷാരീതിയുടെ പ്രത്യേകതയും എൻെറ സ്വതന്ത്രനയവുംകൂടി ചേർന്നപ്പോൾ പുസ്തകം ഇത്രയും വലുതായി എന്നു മാത്രം. കൂടാതെ, ഏതാനും കൊല്ലങ്ങൾക്കു മുമ്പ് റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകൾ പ്രസിദ്ധപ്പെടുത്തിയ 'പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ' എന്ന ലഘുഗ്രന്ഥം എനിക്കു വളരെ സഹായകമായിത്തീർന്നു എന്ന യാഥാർത്ഥ്യവും തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ. അദ്ദേഹത്തിൻെറ ഗ്രന്ഥതല്ലജത്തിനു് എൻെറമേൽ ഉണ്ടായിട്ടുള്ള സ്വാധീനതാശക്തി ഈ പുസ്തകത്തിൻെറ പല ഭാഗങ്ങളിലും തെളിഞ്ഞുകാണാം. അദ്ദേഹത്തിൻെറ കൃതിയിൽനിന്നും പല ഉദ്ധരണങ്ങളും ഞാൻ സ്വീകരിച്ചിട്ടുണ്ടെന്നു കൃതജ്ഞതാപൂർവ്വം സമ്മതിച്ചുകൊള്ളുന്നു.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ ഉള്ളഴിഞ്ഞു സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള സകല സഹൃദയന്മാരോടും ഞാൻ വളരെ നന്ദിയുള്ളവനാണ്. എന്നാൽ, എസ്. എച്ച്. ലീഗ് ഡയറക്ടർ, വെറി. റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. അവർകളുടെ പേർ എടുത്തുപറയുന്നതു് അദ്ദേഹം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. സെമിനാരി ജീവിതത്തിൽ എനിക്കു് അധികം വിശ്രമം തരാതിരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു; ഇപ്പോഴും അതേനയം തന്നെയാണെന്നു തോന്നുന്നു അദ്ദേഹം തുടരുന്നതു്. അദ്ദേഹത്തിൻെറ പ്രോത്സാഹനമാണ് ഇതിൽ എനിക്കു ഉന്മേഷകരമായിരുന്ന സംഗതി. മാത്രമല്ല, പ്രസിദ്ധീകരണത്തിൻെറ സകല ചുമതലകളും അദ്ദേഹം തന്നെ ഏറെറടുക്കുകയും ചെയ്തിരിക്കുന്നു. പുത്രസഹജമായ സ്നേഹാതിരേകത്തിൻെറ തികവിൽനിന്നും ഉയർന്നുവരുന്ന നിർവ്യാജമായ കൃതജ്ഞതയെ ആ പൂജ്യപാദനു സമർപ്പിച്ചുകൊള്ളട്ടെ

ഈ വിനീതഗ്രന്ഥത്തെ സമുജ്ജ്വലവും പണ്ഡിതോചിതവുമായ ഒരു അവതാരികയാൽ അലങ്കരിക്കുന്നതിനു സസന്തോഷം സമ്മതിച്ച സാഹിത്യവിചക്ഷണൻ, പ്രൊഫസ്സർ പി. വി. ഉലഹന്നാൻ മാപ്പിള എം. എ., അവർകളോടു ഞാൻ അതീവ കൃതജ്ഞനായിരിക്കുന്നു. മലയാളഭാഷയിലുള്ള പാണ്ഡിത്യത്തിൽ അഗ്രഗണ്യനെന്നു മദ്രാസ് സർവ്വകലാശാലയും തിരുവിതാംകൂർ സർവ്വകലാശാലയും മുമ്പേതന്നെ സമ്മതിച്ചുകഴിഞ്ഞിരിക്കുന്ന 'മാപ്പിള സാറി'ൻെറ പേരുംകൂടി ഈ ഗ്രന്ഥത്തിൽ ചേർക്കാനിടയായതു് ഒരുമഹാഭാഗ്യമായി ഈ പൂർവ്വശിഷ്യൻ എന്നും കരുതുന്നതാണ്. പണ്ഡിതനായ ഗുരുവിനെ തൃപ്തിപ്പെടുത്തുവാൻ മാത്രം വൈശിഷ്ട്യം ഈ ഗ്രന്ഥത്തിനില്ലായിരിക്കാം; എന്നാൽ, ഇതിൻെറ പോരായ്മയെ പരിഹരിക്കുന്നതിനു വേണ്ടതിൽ കൂടുതലായ മഹനീയത അദ്ദേഹത്തിൻെറ നാമത്തിനുണ്ടു്. അദ്ദേഹത്തിൻെറ മഹാമനസ്കതയ്ക്കു് കൃതജ്ഞതാഭരിതമായ എൻെറ നമസ്കാരം.

ഈ പുസ്തകത്തിൽ ചേർക്കുന്നതിനായി ബ്ളോക്കുകൾ തന്ന് എന്നെ സഹായിച്ച ബോംബേ, എക്സാമിനർ പ്രസ്സ് മാനേജർ * അവർകളോടും മലബാർ മെയിൽ മാനേജർ, റവ. ഫാ. തോമസ് വെള്ളത്തേടത്ത് അവർകളോടും എനിക്കുള്ള കടപ്പാടിനെ നന്ദിപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിൻെറ മുദ്രണം ഭംഗിയായി നിർവ്വഹിച്ച കോട്ടയം വി. ജി. പ്രസ്സ് അധികൃതന്മാരോടും ഞാൻ കൃതജ്ഞനാണ്.

പ്രൂഫ് നോക്കുന്നതിലുണ്ടായ അനവധാനതകൊണ്ടും മററും ഇതിൽ ഏതാനും അക്ഷരപ്പിശകുകൾ വന്നുപോയിട്ടുണ്ട്. അഭിജ്ഞന്മാരായ വായനക്കാർക്ക് അവ സുവിദിതങ്ങളാകയാൽ ഒരു ശുദ്ധിപത്രംകൊണ്ട് അവരെ മുഷിപ്പിക്കണമെന്നു കരുതുന്നില്ല.

ദിവംഗതനായ വന്ദ്യതാതൻ, വെരി. റവ. ഫാദർ ജോൺ ജോസഫ് ഒ. സി. ഡി. അവർകളുടെ പാവനസ്മരണയ്ക്കായി ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനെങ്കിലും സാധിച്ചതു് ഒരു വലിയ കാര്യമായി ഞാൻ കരുതുന്നു.

ലോകചരിത്രത്തിൽ അനശ്വരയശസ്സോടെ എന്നും പരിലസിക്കാനിരിക്കുന്ന പന്ത്രണ്ടാം പീയൂസിനെപ്പററി ഇങ്ങനെയൊരു ചെറുഗ്രന്ഥംകൊണ്ടു കേരളീയർ തൃപ്തരായിക്കൂടാ. തിരുമേനിയുടെ മതപരവും സാമൂഹ്യവും രാഷ്ട്രീയവുമായ ആദർശങ്ങളേയും പ്രവർത്തനങ്ങളേയും വിവിധ നിരീക്ഷണകോണങ്ങളിൽനിന്നു സൂക്ഷ്മാവലോകനം

---

* പോപ്പുരാജൻെറ ചിത്രം വിവിധവലിപ്പങ്ങളിൽ അച്ചടിച്ചതു് Manager, Examiner Press, Medows St., Bombay. എന്നാവശ്യപ്പെട്ടാൽ മിതമായ വിലക്കു ലഭിക്കുന്നതാണ്.

ചെയ്യുന്ന പല ഉൽകൃഷ്ടഗ്രന്ഥങ്ങളും നമുക്കാവശ്യകമാണു്. അഭിജ്ഞന്മാരുടെ താദൃശയത്നങ്ങൾ ഈ ഗ്രന്ഥത്തിന്റെ പരിമിതികൾക്കു് ഒരു പരിഹാരവും കൈരളിക്കു് അമൂല്യമായ ഒരനുഗ്രഹവുമായിരിക്കും.

അതിരമ്പുഴപള്ളി,
16—7—'46.

രചയിതാവു്

# വിഷയവിവരം.


| | പേജ് |
|---|---|
| സമർപ്പണം | iii |
| അവതാരിക | v |
| സന്ദേശം | viii |
| ആമുഖം | x |
| പ്രസ്താവന | xv |
| അദ്ധ്യായം | |
| 1. മഹനീയമാതൃക | 1 |
| 2. പുതിയ പാപ്പാ | 15 |
| 3. എവുജേനിയോ പച്ചെല്ലി | 31 |
| 4. ഗസ്പ്പാരി | 46 |
| 5. ജർമ്മൻകൈസർ | 58 |
| 6. സമാധാനദൂതൻ | 70 |
| 7. കമ്യൂണിസ്ററു സംഘട്ടനം | 80 |
| 8. സ്റ്റേററുസെക്രട്ടറി | 90 |
| 9. സന്തോഷസന്താപങ്ങൾ | 101 |
| 10. 'പുതിയ ലോക'ത്തിൽ | 123 |
| 11. കിരീടധാരണം | 138 |
| 12. കൃത്യബഹുലത | 145 |
| 13. നീതിയും സമാധാനവും | 152 |
| 14. രണ്ടാമത്തെ ലോകയുദ്ധം | 187 |
| 15. നിത്യനഗരസംരക്ഷകൻ | 206 |
| 16. പിതൃസ്സന്നിധിയിൽ | 221 |
| 17. പാപ്പാധിപത്യം | 226 |

# പോപ്പുരാജൻ
# പന്ത്രണ്ടാം പീയൂസ്

## ഒന്നാമദ്ധ്യായം.

### മഹനീയമാതൃക.

വേനല്ക്കാലത്തു റോമാനഗരത്തിൽ അനുഭവവേദ്യമാകുന്ന അസഹനീയമായ ചൂടിന്റെ ഉഗ്രതയിൽനിന്നു മോചനം ലഭിക്കുന്നതിനുവേണ്ടി പോപ്പുരാജൻ എഴുന്നള്ളിവസിക്കുന്ന മനോഹരഹർമ്മ്യമാണു ഗാണ്ടൊൽഫോ കൊട്ടാരം. സുഖവാസത്തിനു ജഗൽപ്രസിദ്ധമായ ആൽബൻപർവ്വതനിരകളുടെ സാന്ദ്രസുന്ദരമായ ഉപത്യകയിൽ, മദ്ധ്യയുഗങ്ങളിലെ പ്രൗഢഗംഭീരങ്ങളായ പ്രാസാദവിശേഷങ്ങളുടെ പ്രാഭവത്തെ നിതരാം അനുസ്മരിപ്പിച്ചുകൊണ്ടു്, ശില്പകലാവിചക്ഷണന്മാരുടെ വൈദഗ്ദ്ധ്യത്തിനു സാക്ഷിയായി, അതു നിലകൊള്ളുന്നു. പ്രശാന്തമനോഹരങ്ങളായ പരിസരങ്ങൾ, ആരോഗ്യസന്ദായകമായ അന്തരീക്ഷം, മാനസോല്ലാസപ്രദമായ മാരുതപ്രവാഹം, നയനാകർഷകമായ പ്രകൃതിരാമണീയകം, ശുദ്ധജലസമ്പൂർണ്ണങ്ങളായ പ്രസ്രവണങ്ങൾ ഇവയെല്ലാം അതിന്റെ പ്രത്യേക ഭൂഷണവിശേഷങ്ങളാണു്:

ആൽബൻപർവ്വതപംക്തികളുടെ അടിവാരത്തായി കാണപ്പെടുന്ന ചെറുതടാകം ആ പ്രദേശത്തിനു് ഒരു തിലകമായി തിളങ്ങുന്നു. നിരഭ്രശുഭ്രമായ നീലാംബരവും ഹ

രിതവർണ്ണപ്രഭങ്ങളായ വന്യവൃക്ഷനിരകളും ഉന്നതങ്ങളായ ഗിരിശൃംഗങ്ങളും എല്ലാം അതിൽ നന്നായി പ്രതിബിംബിക്കുന്നുണ്ട്. ഭൂമുഖത്തെയും ആകാശവീഥിയെയും കോർത്തിണക്കുകയാണ് അതിന്റെ ജന്മോദ്ദേശ്യമെന്നു തോന്നിപ്പോകുന്നു. ഘോരമാരുതന്റെ ഗർജ്ജനങ്ങൾക്കൊത്തു ഭീകരാരവങ്ങൾ മുഴക്കിക്കൊണ്ടു സദാ തകർത്തടിച്ചു മറിഞ്ഞുകൊണ്ടിരിക്കുന്ന മഹാർണ്ണവങ്ങളോടു് അതിനു യാതൊരു സാധർമ്മ്യവുമില്ല. പരിമിതമായ വിസ്തൃതിയേ അതിനുള്ളു; തന്റെ സീമകളെ അതിലംഘിച്ചു സമീപസ്ഥങ്ങളായ പ്രദേശങ്ങളെ കീഴടക്കണമെന്നുള്ള അത്യാഗ്രഹം അതിനു് അശേഷമില്ല. പരിപൂർണ്ണമായ സംതൃപ്തിയും നിരന്തരമായ ശാന്തതയുമാണ് അതിൽ എപ്പോഴും കളിയാടിക്കൊണ്ടിരിക്കുന്നതു്. വാനപ്രസ്ഥത്തിന്റെ നിശ്ശബ്ദമായ ആദ്ധ്യാത്മികപ്രസന്നതയിൽ നിർലീനരായി ലൗകികപ്രലോഭനങ്ങൾക്കും വ്യർത്ഥമോഹങ്ങൾക്കും അതീതരായി, സർവ്വോൽകൃഷ്ടമായ ദൈവഭജനവും ശ്രേയസ്കരമായ ലോകസേവനവും ഒന്നിച്ചുനടത്തുന്ന മാമുനീന്ദ്രന്മാരുടെ ആർഭാടരഹിതമായ ജീവിതചര്യയെയല്ലേ ആ ജലാശയം നമ്മെ അനുസ്മരിപ്പിക്കുന്നതു്? സമാധാനസമ്രാട്ടായ പോപ്പുരാജനുതന്റെ വിശ്രമാവസരങ്ങൾ ചെലവഴിക്കുവാൻ ഇതിനെക്കാൾ അനുയോജ്യമായ ഒരു രമണീയരംഗം വേറെ ഇല്ലതന്നെ.

ആഗസ്റ്റ്മാസത്തിലെ ഒരു സുപ്രഭാതം. ആദിത്യൻ ഉദിച്ചുയർന്നിരിക്കുന്നു. ആകപ്പാടെ എല്ലാം നവചൈതന്യയുക്തമായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. ഗാണ്ടോൾഫോ ഗ്രാമം—അതിനെ ഒരു ഗ്രാമമെന്നു വിളിക്കുന്നതിൽ തെറ്റില്ല—അന്നു ശബ്ദായമാനമായി കാണപ്പെട്ടിരിക്കുന്നു. അവിടെക്കൂടി കടന്നുപോകുന്ന പാതയിൽ സദാ വാഹനങ്ങളുടെ ബഹളം തന്നെ. വണ്ടികൾ ഓടിവരുന്നു; നില്ക്കുന്നു; ആളിറക്കുന്നു; തിരിച്ചുപോകുന്നു. സമയം മദ്ധ്യാഹ്നത്തോടടുത്തതോടെ ഗാണ്ടോൾഫോ കൊട്ടാരത്തിന്റെ അങ്കണത്തിലും പരിസരങ്ങളിലും വിവിധജാതിക്കാരായ ജനങ്ങൾ തിങ്ങിക്കൂടി. ഭാഷയിലും വർണ്ണത്തിലും കാണ

പ്പെടുന്ന വൈവിധ്യം രസകരമായിരിക്കുന്നു. വെള്ളക്കാരുടെ സംഖ്യ ഒട്ടും കുറവല്ല; കറുത്ത നിറക്കാർ വളരെയധികം; മഞ്ഞനിറമണിഞ്ഞവരും ധാരാളമുണ്ട്. വസ്ത്രധാരണത്തിലുള്ള വൈചിത്ര്യമാണു കൗതുകാവഹം. സംഭാഷണത്തെപ്പററി പറയുകയേ വേണ്ടാ. കത്തോലിക്കാസഭയുടെ സാർവ്വത്രികത്വത്തിനു് ഇതിൽക്കൂടുതൽ തെളിവുകൾ ആരും ആവശ്യപ്പെടുകയില്ല; തീർച്ചയാണു്.

ഈ തിക്കിനും തിരക്കിനും ഉള്ള കാരണം മറെറാന്നുമല്ല. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഗാണ്ടൊൾഫോയിൽ എഴുന്നള്ളി താമസിക്കുന്ന സന്ദർഭമാണിതു്. ആഴ്ചയിൽ രണ്ടു പ്രാവശ്യം അദ്ദേഹം സന്ദർശകന്മാരെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധ പിതാവിനെ ഒരു നോക്കു കാണുന്നതിനായി ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും സമാഗതരായിരിക്കുന്ന ജനങ്ങളാണിവരെല്ലാം. തീർത്ഥസങ്കേതങ്ങൾ സന്ദർശിക്കുന്നതിനു് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന സഞ്ചാരികൾ മാർപ്പാപ്പാ തിരുമേനിയെക്കൂടെ കണ്ടില്ലെങ്കിൽ സംതൃപ്തരാകുന്നില്ല. ഏതായാലും ഒരു സംഗതി തീർച്ചതന്നെ—ലോകം മുഴുവൻെറയും ശ്രദ്ധയുടെ കേന്ദ്രമായി പരിണമിച്ചിരിക്കുന്ന ഒരു മഹാപുരുഷനാണു പതിനൊന്നാം പീയൂസ്.

സന്ദർശനശാലയിൽ ഞങ്ങൾ നേരത്തേ സ്ഥലം പിടിച്ചു; അല്ലെങ്കിൽ കാലുകുത്താൻപോലും ഇട കിട്ടുകയില്ലായിരുന്നു. ആളുകളുടെ എണ്ണം വർദ്ധിച്ചതോടേ ഞങ്ങളുടെ നില്പും, പരിതാപകരമായിത്തീർന്നു. ഇടതിർന്നിട്ടും ജനങ്ങളുടെ തള്ളിക്കയററം അവസാനിച്ചില്ല. ഹാളിൻെറ പ്രധാനഭാഗത്തു് ഇട്ടിരുന്ന ഒരു സുവർണ്ണസിംഹാസനം ഞങ്ങൾക്കു കാണാമായിരുന്നു. അതിലാണു മാർപ്പാപ്പാ എഴുന്നള്ളിയിരിക്കുന്നതു്. വിലപിടിച്ച കസവുപട്ടുകൾകൊണ്ടും വിശേഷരത്നങ്ങൾകൊണ്ടും അലംകൃതമായ സിംഹാസനത്തിൻെറ മുൻവശത്തു് ഒരു ഉച്ചഭാഷിണി സ്ഥാപിക്കപ്പെട്ടിരുന്നു. മുകളിൽ കറങ്ങിക്കൊണ്ടിരുന്ന വൈദ്യുതവിശറികൾ തള്ളിവിടുന്ന തണുത്ത കാററുമാത്രമാണു് ഈ

തിക്കിത്തിരക്കിൽ ഞങ്ങൾക്ക് അല്പമായ ആശ്വാസം നല്കിയിരുന്നത്. ജനക്കൂട്ടത്തെ ക്രമമായി നിയന്ത്രിക്കുവാൻ "സ്വിസ്ഗാർഡ്" എന്നറിയപ്പെടുന്ന ശിപായിമാർ വളരെ ബദ്ധപ്പെട്ടുണ്ടായിരുന്നെങ്കിലും ആശാസ്യമായ ഫലമൊന്നുമുണ്ടായില്ല. അവർ ധരിച്ചിരിക്കുന്ന സ്വർണ്ണമയങ്ങളായ കവചങ്ങളും പടത്തൊപ്പികളും മിന്നിത്തിളങ്ങുന്ന ശൂലങ്ങളും വിവിധവർണ്ണവിശേഷങ്ങളോടുകൂടി വിചിത്രമായി നിർമ്മിക്കപ്പെട്ടിരിക്കുന്ന വിരാജമാനങ്ങളായ വേഷഭൂഷണങ്ങളും ഞങ്ങളുടെ ശ്രദ്ധയെ ഹഠാദാകർഷിച്ചു.

മാർപ്പാപ്പാ തിരുമേനി എഴുന്നള്ളുന്നതിനുള്ള സമയം സമീപിച്ചതോടെ ശിപായിമാരും ഉന്നതസ്ഥാനികളായ അരമനവാസികളും നിരനിരയായി ഹാളിലേക്കു കയറിത്തുടങ്ങി. അവരിൽ ഓരോരുത്തനേയും ഞങ്ങൾ സൂക്ഷിച്ചുനോക്കി. അവരുടെ നടയും ചൊടിയും വടിവും എല്ലാം ഞങ്ങൾക്കു നവീനങ്ങളായിരുന്നു. എന്നാൽ, പോപ്പുരാജൻ ഇനിയും എഴുന്നള്ളിയിട്ടില്ല. ഞങ്ങളുടെ പ്രതീക്ഷ എപ്പോൾ സഫലമാകും? ഈ വിളംബത്തിൽ ചിലരെല്ലാം അക്ഷമരായി കാണപ്പെട്ടു. അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?

പെട്ടെന്നു സന്ദർശനശാലയുടെ പ്രവേശനദ്വാരത്തിങ്കൽ ഒരു ജയഘോഷം—ഹർഷാരവം—ഹസ്തതാഡനം. ഞങ്ങളും കൈകൊട്ടി; ആർത്തുവിളിച്ചു. അനുസ്യൂതമായ 'ജെയ് ജയ്' ഘോഷങ്ങൾകൊണ്ട് അവിടമെല്ലാം മുഖരിതമായി. മാർപ്പാപ്പാ സന്ദർശനശാലയിൽ പ്രവേശിച്ചിരിക്കുന്നു! തിരുമേനി ഞങ്ങളെ സമീപിക്കുംതോറും ആർപ്പുവിളികളും ഹസ്തതാഡനങ്ങളും വർദ്ധമാനമായിവന്നു. അങ്ങനെ ഞങ്ങൾ പരിശുദ്ധ പിതാവിനെ കണ്ടു; ഞങ്ങൾക്ക് ഏതാണ്ടു ജന്മസാഫല്യം കൈവന്നതുപോലെയായി.

പതിനൊന്നാം പീയൂസ്! വേറൊന്നും പറയുവാനില്ല. അതു മതി. മരണകവാടത്തിലേക്ക് എത്തിനോക്കിക്കൊണ്ടിരിക്കുന്ന ഒരു വന്ദ്യവയോവൃദ്ധൻ തന്നെയാണദ്ദേഹം. വയസ്സ് എൺപത്തൊന്നുണ്ട്. ഒരു കൊല്ലം മുമ്പ്

മരണവുമായി ഒന്നു മല്ലുപിടിച്ചതാണു്. അതിന്റെ ചിഹ്നങ്ങൾ ഇന്നും കാണാം. ബലഹീനങ്ങളായ നാഡികൾ, സജീവമല്ലാത്ത ഹൃദയം, ഓജസ്സില്ലാത്ത രക്തപ്രവാഹം—ഇവയാണു തിരുമനസ്സിലേക്കുള്ള അസ്വാസ്ഥ്യങ്ങൾ. അതേ, അവിടുന്നു തികഞ്ഞ ഒരു വയോവൃദ്ധൻതന്നെ. തിരുമേനിയെ സദാ പരിചരിച്ചുകൊണ്ടിരിക്കുന്ന ഭിഷഗ്വരനു് ഇതിൽ മെച്ചമായി യാതൊന്നും പറയുവാനില്ല. ഒരു വയോവൃദ്ധൻ—ദുർഭരമായ പാപ്പാസ്ഥാനത്തിന്റെ ഉത്തരവാദിത്വമേറിയ ചുമതലകളെ സുദീർഘമായ പതിനാറു സംവത്സരത്തേക്കു് സുസമത്വമായി വഹിച്ചുകൊണ്ടുപോന്ന ഒരു ധീരസേനാനി—ഏററം ദുർവ്വഹങ്ങളായ കൃത്യങ്ങളെ യാതൊരു വിലോപവും കൂടാതെ സ്തുത്യർഹമായി പൂർത്തിയാക്കിയ വിശ്വാസസാരഥി—ഇതാണു പതിനൊന്നാം പീയൂസിന്റെ ജീവിതത്തിന്റെ രത്നച്ചുരുക്കം. കോടിക്കണക്കിനുള്ള കത്തോലിക്കാപ്രജകളുടെ മനസ്സാക്ഷിയെയാണു് അവിടുന്നു നയിച്ചുകൊണ്ടിരിക്കുന്നതു്. അതേ! ലൗകായതികന്മാരുടെ ഭീകരപ്രവർത്തനങ്ങളാൽ പ്രക്ഷുബ്ധമായിരിക്കുന്ന ഒരന്തരീക്ഷത്തിൽ; വിലപനീയമായ അധികാരദുഷ്പ്രഭുത്വവും അഭിശപ്തമായ ഏകച്ഛത്രാധിപത്യവും നിർദ്ദയം നടമാടുന്ന ഒരുകാലസന്ധിയിൽ; അസ്വസ്ഥമായ ചക്രവാളത്തിൽ ഇരുളടഞ്ഞ സമരമേഘപടലങ്ങൾ തിങ്ങിഞെരുങ്ങുന്ന ഒരു ദുർദ്ദശാപരിപാകത്തിൽ; വിപ്ലവകാഹളങ്ങളുടേയും യുദ്ധഭീഷണികളുടേയും പ്രതിധ്വനികൾ നാനാദിഗന്തങ്ങളിലും മാറെറാലിക്കൊള്ളുന്ന ഒരു ദുർഘടഘട്ടത്തിൽ. പ്രചണ്ഡതയുടേയും ഹാലിളക്കങ്ങളുടേയും മദ്ധ്യ പതിനൊന്നാം പീയൂസ് മാത്രമേ നിശ്ചലനും അദശ്ധീരനുമായി കാണപ്പെടുന്നുള്ളു. അവിടുത്തെ പൈതൃകഹൃദയത്തിലാണു് ഉൽകണ്ഠാഭരിതരായ സകലജനങ്ങളുടേയും ശുഭപ്രതീക്ഷ നിക്ഷിപ്തമായിരിക്കുന്നതു്.

പോപ്പുരാജൻ സിംഹാസനത്തിൽ ഉപവിഷ്ടനായി. അംഗരക്ഷകന്മാരും ഉദ്യോഗസ്ഥപ്രമുഖന്മാരും അവിടുത്തെ ഇരുവശങ്ങളിലും അണിനിരന്നു. പരിശുദ്ധ പിതാവിന്റെ ഒരു പാദം വേദനിച്ചിരുന്നതുകൊണ്ടു് അതു് ഒരു

കുഷ്യനിൽ വിശ്രമിച്ചു. അവിടുന്നു ശിരസ്സുയർത്തി; സ്നേഹവും വാത്സല്യവും തുളുമ്പുന്ന തിരുമേനിയുടെ വൃദ്ധനയനങ്ങൾ ഞങ്ങൾക്കു ദൃശ്യമായി. ചൂട്ടുകാലമായതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ, മുഖം വാടിയാണിരുന്നതു്. പക്ഷേ, ഒരു സംഗതി ഞങ്ങൾക്കറിയാം: അവിടുന്നു പതിവനുസരിച്ചു പ്രഭാതത്തിൽ ആറുമണിക്കുതന്നെ ഉണർന്നതാണു്; ഒൻപതുമണി കഴിഞ്ഞുള്ള സമയമെല്ലാം സന്ദർശകന്മാരെ സ്വീകരിക്കുകയായിരുന്നു. ഇപ്പോൾ മണി ഒന്നു കഴിഞ്ഞിട്ടുണ്ടു്.

ഞങ്ങളെല്ലാവരും കണ്ണിമയ്ക്കാതെ പരിശുദ്ധ പിതാവിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. ഒട്ടും സംശയമില്ല; അവിടുന്നു് ഒരു വയോവൃദ്ധൻതന്നെ. എന്നാൽ, എന്തൊരു പ്രസന്നത! എന്തൊരു ഊർജ്ജസ്വലത! ഇതാണു വാർദ്ധക്യത്തിലെ യൗവനം എന്നു് ആരും സമ്മതിക്കും. ഞങ്ങളെല്ലാം അനുസൃതം ജയഘോഷം മുഴക്കിക്കൊണ്ടിരുന്നു. അവിടുന്നു് അതൊക്കെ കേട്ടു; മാത്രമല്ല, അവശ്ശോത്തു കസേരയുടെ കൈത്തണ്ടിൽ അവിടുന്നു താളം പിടിച്ചുകൊണ്ടിരിക്കുന്നതായും ഞങ്ങൾക്കു തോന്നി. അംഗരക്ഷകന്മാരെല്ലാം പല പ്രാവശ്യം പരിശ്രമിച്ചു നോക്കി; പക്ഷേ, ആർപ്പുവിളികൾ വർദ്ധിച്ചുവന്നതേയുള്ളൂ. ഒടുവിൽ പരിശുദ്ധ പിതാവു തന്നെ അവയ്ക്കു വിരാമമിടുവാൻ നിശ്ചയിച്ചു. അവിടുന്നു തൃക്കരം ഒന്നുയർത്തി. ഒററ നിമിഷത്തിനുള്ളിൽ എല്ലാം പ്രശാന്തം, നിശ്ശബ്ദം! തിരുമേനിയുടെ അധരപുടങ്ങളിലേക്കു് ഏവരും സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. താഴ്ന്ന സ്വരത്തിൽ അവിടുന്നു് ഇങ്ങിനെ മന്ത്രിച്ചു: "ഓ! നിത്യത്വത്തിലേക്കു് നിങ്ങളെന്നെ കൈകൊട്ടി വിടുമെന്നാണു തോന്നുന്നതു്....!" കവിൾത്തടങ്ങളിൽ ഒരു ളുമന്ദഹാസം. ഞങ്ങൾ ആമോദിതരായി. ഒട്ടുവളരെപ്പേരുടെ നയനങ്ങളിൽനിന്നു് ഏതാനും ബാഷ്പകണങ്ങൾ അടർന്നു താഴെ വീണു. വികാരനിർഭരമായ പിതൃപുത്രഹൃദയങ്ങൾ സ്നേഹഗാനത്തിന്റെ ഏകപല്ലവി തന്നെ ആലപിച്ചു.

ഞാൻ ചുററിലുമുണ്ടായിരുന്ന മുഖങ്ങളിലേക്കു് ഒന്നു

കണ്ണോടിച്ചു. അവരുടെ ആന്തരികവികാരങ്ങൾ അവയിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ടായിരുന്നു. ശൂന്യമായ ജിജ്ഞാസയ്ക്കു് അവയിൽ സ്ഥാനമുണ്ടായിരുന്നില്ല. പുത്രസഹജമായ സ്നേഹാർദ്രതയും നിർവ്യാജമായ ഭക്തിപ്രചുരിമയും മാത്രമാണു് ആ മുഖങ്ങളിൽ അഭിവ്യഞ്ജിതമായതു്. ക്രിസ്തുനാഥന്റെ പ്രതിപുരുഷനേയും വിശുദ്ധ പത്രോസിന്റെ പിൻഗാമിയേയുമാണു തങ്ങൾ കാണുന്നതെന്നുള്ള ചിന്ത ആ ക്രൈസ്തവഹൃദയങ്ങളെ വികാരതരളിതമാക്കിത്തീർത്തു. ആശ്ചര്യചരിതനായ ആ പൂജ്യപുരുഷന്റെ അധരങ്ങളുടെ ചലനത്തെ ഏവരും അക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അവിടുന്നു് ഉച്ചരിച്ച ആദ്യവാക്യം ശ്രോതാക്കൾക്കു് അജ്ഞാതമായ ഒരു ഭാഷയിലായിരുന്നെങ്കിലും അതിന്റെ സാരാർത്ഥം ഏവർക്കും സുഗ്രഹമായിരുന്നെന്നു തന്നെയാണു് എന്റെ ബോദ്ധ്യം; അവരെല്ലാം അത്രയ്ക്കും സംതൃപ്തരായി പ്രത്യക്ഷപ്പെട്ടു. പരിശുദ്ധ പിതാവു വളരെ പതിഞ്ഞ സ്വരത്തിലാണു സംസാരിച്ചതു്. എല്ലാവരും ചെവിയോർത്തുകൊണ്ടിരുന്നു. എന്നാൽ, അവിടുന്നു് അരുൾ ചെയ്യുന്ന വാക്കുകളെയെന്നതിനെക്കാൾ, അവിടുത്തെ രീതിവിശേഷങ്ങളെയാണു ഞാൻ അനുധാവനം ചെയ്തുകൊണ്ടിരുന്നതു്. താഴ്ന്നസ്വരം, ഹൃദ്യമായ ആംഗ്യങ്ങൾ, സ്നേഹാർദ്രമായ കടാക്ഷങ്ങൾ, ചില വാക്കുകൾക്കു കരുതിക്കൊടുക്കുന്ന ശക്തി, ഇവയെല്ലാം എന്റെ ഹൃദയത്തെ ചുഴഞ്ഞുകയറി.

പെട്ടന്നു് എന്റെ ചിന്താഗതി മറെറാരു വശത്തേക്കു തിരിഞ്ഞു. ഏററം വേഗത കൂടിയ വിമാനങ്ങൾക്കുപോലും സാധ്യമാകാത്തവിധം സങ്കല്പസാമ്രാജ്യത്തിന്റെ വിസ്തൃതസീമകളെ ചുരുങ്ങിയ നിമിഷങ്ങൾകൊണ്ടു ഞാൻ പുറംതള്ളി; സുദീർഘങ്ങളായ അനേകം ദശവത്സരങ്ങളെ ഞൊടിയിടകൊണ്ടു് ഞാൻ പിന്നിലാക്കി. എന്റെ മുമ്പിൽ സിംഹാസനസ്ഥനായിരിക്കുന്ന മഹാപുരുഷൻ—അദ്ദേഹം ആരു്? എവിടെനിന്നു്? പൂർവ്വചരിത്രം? ഓ! അവയെല്ലാം എനിക്കു സുപരിചിതങ്ങളാണു്. സുദീർഘവും വിശ്രമരഹിതവുമായ അദ്ദേഹത്തിന്റെ പ്ര

ശസ്ത്ര ലോകസേവനം—ആസ്ട്രിയാക്കാർ ലൊമ്പാർഡി കൈയ്യടക്കി ഭരിച്ചിരുന്ന കാലത്ത്, മിലാൻ നഗരത്തിനു സമീപത്തുള്ള ഒരു വിനീത ഭവനത്തിൽ കുലീനരായ മാതാപിതാക്കന്മാരിൽനിന്നുള്ള ജനനം—വിജയശ്രീലാളിതമായ അദ്ധ്യയനഘട്ടം കഴിഞ്ഞ് അംബ്രോസിയൻ ഗ്രന്ഥശേഖരത്തിന്റെ അധികാരിയായുള്ള നിയമനം—പിന്നീട് വത്തിക്കാനിലേക്ക്—അനന്തരം ഒന്നാം ലോകമഹായുദ്ധത്തിന്റെ പര്യവസാനത്തോടുകൂടി പോളണ്ടിലേക്കുള്ള പേപ്പൽ ന്യൂൺസിയോ—അവിടന്നു മിലാൻ മെത്രാപ്പോലീത്തായുടെ മഹനീയ സിംഹാസനത്തിലേക്ക്—ഒരു ആറു മാസങ്ങൾക്കുടെ—1922, ഫെബ്രുവരിയിൽ വിശുദ്ധ പത്രോസിന്റെ 260-ാമത്തെ പിൻഗാമിയായി അഖില ലോകവന്ദ്യമായ റോമാസിംഹാസനത്തിൽ; സുശക്തമായ സൈനികസന്നാഹങ്ങളോടുകൂടി സുജ്ഞാതമായ ഭൂവിഭാഗങ്ങളെ കീഴടക്കി ഭരിച്ചിരുന്ന പ്രബലന്മാരായ സീസർ ചക്രവർത്തിമാരുടെ ആസ്ഥാനത്ത് സമരസജ്ജീകരണങ്ങളോ സമ്പൽസമൃദ്ധിയോ കൂടാതെ ധാർമ്മികായുധങ്ങളാൽ മാത്രം ലോകത്തെ ഭരിച്ചുകൊണ്ടു പരിലസിക്കുന്ന വിശ്വരാജൻ!

കർദ്ദിനാൾ റാത്തി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പീയൂസ് എന്ന നാമമാണു സ്വീകരിച്ചത്. 'ക്രിസ്തുവിന്റെ ഭരണത്തിൽ ക്രിസ്തുവിന്റെ സമാധാനം' സംസ്ഥാപിക്കുന്നതിനുവേണ്ടി ജീവിതം മുഴുവനും അവിടുന്നു സമർപ്പിച്ചു. എന്നാൽ, അവിടുത്തെ ഭരണകാലത്തു നടന്ന ഏക സമാധാനസന്ധി ലാറററൻ ഉടമ്പടി മാത്രമാണ്. അദ്ദേഹത്തിന്റെ മററു പ്രവർത്തനങ്ങൾക്കെല്ലാം സമരപരമായ ഒരു ഛായയാണുള്ളത്. വ്യക്തി, കുടുംബം, സമുദായം എന്നിവയിൽ അന്യായമായി കൈകടത്തി, അവയുടെമേൽ വ്യവസ്ഥാപിതവും അനിയന്ത്രിതവുമായ കർത്തൃത്വം ശാശ്വതമായി കൈവശപ്പെടുത്തുവാൻ ബദ്ധശ്രദ്ധരായിരുന്ന അന്നത്തെ രാഷ്ട്രീയനായകന്മാരോട്—രാഷ്ട്രാരാധനത്തെ ജനതാമദ്ധ്യത്തിൽ രൂഢമൂലമാക്കുവാൻ അക്ഷീണയത്നം ചെയ്തിരുന്ന അധികാരദുഷ്പ്രഭുക്ക

ളോട്—അവിടത്തേക്ക് അവിശ്രമവും നിരന്തരവുമായ ധീരസമരം തന്നെ ചെയ്യേണ്ടതായി വന്നു. ഭരണലോകത്തിൽ കുത്തകനയം അവലംബിച്ചിരുന്ന മഹാശക്തികൾ തകിടം മറിയുകയും, ശിഥിലങ്ങളാകുന്ന അധികാരകൂടങ്ങളുടെ സ്ഥാനത്തു നവീനപ്രസ്ഥാനങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ഒരു അനിശ്ചിതഘട്ടത്തിൽ പതിനൊന്നാം പീയൂസ് മാത്രം അചഞ്ചലമായ ആദർശശുദ്ധിയോടും സുനിശ്ചിതമായ കർമ്മപദ്ധതിയോടും കൂടെ അതുല്യതേജോമയമായ ഒരു ലോകമഹാദീപമായി പ്രോജ്ജ്വലിച്ചുകൊണ്ടിരുന്നു. പക്ഷേ, ഒരു രാഷ്ട്രീയമീമാംസകൻ എന്നോ ഭരണതന്ത്രജ്ഞൻ എന്നോ ഉള്ള സ്ഥാനമാനങ്ങളെക്കാൾ അജ്ഞാതനായ ഒരു അദ്ധ്യേതാവ് എന്നുള്ള വിനീതപദവിയാണ് അവിടത്തേയ്ക്ക് അധികം പ്രിയംകരമായിരുന്നതു്. 1914-ൽ മേർട്ടണിൽ വച്ച് റോജർ ബേക്കൻെറ പ്രതിമ അനാച്ഛാദനം ചെയ്തുകൊണ്ട് അദ്ദേഹം നടത്തിയ പണ്ഡിതോചിതവും അതീവഹൃദ്യവുമായ പ്രൗഢഭാഷണത്തിൽനിന്ന് ഈ വസ്തുത മനസ്സിലാക്കാം.

പക്ഷേ, നേരം പോയി. മണി രണ്ടായിരിക്കുന്നു. ഈ വ്യതിയാനമൊക്കെ നിറുത്തണം. പതിനൊന്നാം പീയൂസിൻെറ സന്ദർശനശാലയിലാണു ഞാൻ നില്ക്കുന്നതു്. മാർപ്പാപ്പാ തിരുമേനി എഴുന്നേല്ക്കുന്നു. അവിടുന്നു തിരിച്ചെഴുന്നള്ളാൻ ഭാവിക്കുകയാണ്. തിരുമനസ്സുകൊണ്ടു കരമുയർത്തി പൈതൃകമായ വാത്സല്യാതിരേകത്തോടു കൂടി ഞങ്ങളെല്ലാവരേയും, 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അനുഗ്രഹിക്കുന്നു.' പുത്രന്മാർ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം അനുഗ്രഹിക്കണമെന്നുള്ള അഭിലാഷം കൊണ്ട് ആ തൃക്കരം തീരെ പതുക്കെ മാത്രമേ ചലിക്കുന്നുള്ളു.

വീണ്ടും ഒരു ഹർഷഘോഷം! ജയ് വിളികൾ കൊണ്ട് വായുമണ്ഡലം മുഖരിതമായി. പരിശുദ്ധ പിതാവിനെ ഒരു നോക്കു കൂടി കാണുന്നതിന് എല്ലാവരും ത

ത്രപ്പെട്ടു. മാർപ്പാപ്പായുടെ തിരിച്ചെഴുന്നള്ളത്തുകൾ ഇതി
നു മുമ്പ് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. വിശുദ്ധന്മാ
രുടെ നാമകരണദിനം പോലെയുള്ള അസാധാരണങ്ങ
ളായ വിശേഷാവസരങ്ങളിൽ ജനനിബിഡമായ സെൻറു
പീറ്റേഴ്സ് ബസിലിക്കായിൽ നിന്ന്, പൂജ്യപാദന്മാ
രായ വൈദികമേലദ്ധ്യക്ഷന്മാരുടെ തോളിൽ സ്ഥിതി
ചെയ്യുന്ന 'സേദിയാ ജെസ്റ്റത്തോറിയ' എന്ന സുവർണ്ണമയ
മായ രാജകീയപല്ലക്കിൽ അമൂല്യരത്നഖചിതങ്ങളായ നീ
രാളവസ്ത്രാംബരങ്ങളും ത്രിയേക കിരീടവും അണിഞ്ഞിരു
ന്നുകൊണ്ട്, വെൺചാമരങ്ങളുടേയും ആലവട്ടങ്ങളുടേയും
കളഹലചലനമദ്ധ്യേ, സുസ്മേരവദനനായി തൃക്കരമുയ
ർത്തി ഇരുവശങ്ങളിലും നില്ക്കുന്ന വിശ്വാസികളെ വാ
ത്സല്യപൂർവ്വം അനുഗ്രഹിച്ചുകൊണ്ട് എഴുന്നള്ളുന്ന പതി
നൊന്നാം പീയൂസിനെ ഞാൻ പല തവണയും കണ്ടിട്ടു
ണ്ട്. എന്നാൽ, ഈ ദർശനം അതുപോലെയല്ല. ഇതു്
സ്മരണയിൽനിന്ന് ഒരിക്കലും മറഞ്ഞുപോകുകയില്ല. അ
വിടത്തെ അന്തിമമായ ഈ യാത്രപറച്ചിൽ ഞങ്ങളുടെ ജീ
വിതത്തിൽ എന്നും അനുസ്മരണീയമായിരിക്കും. നരയും
ജരയും കൊണ്ടു മൂടിയ ശിരസ്സും, ക്ഷീണിച്ചതെങ്കിലും ആ
ത്മശക്തിയും വ്യക്തിമാഹാത്മ്യവും പ്രദ്യോതിപ്പിക്കുന്ന
പ്രശാന്തവദനവും അധികാരസംയുക്തവും അനുഗ്രഹസമ്പൂ
ർണ്ണവുമായ പൂജ്യകരങ്ങളും ഞങ്ങളുടെ ഹൃദയഭിത്തികളിൽ
നിർമ്മാർജ്ജ്യമായി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

ലഘുഭക്ഷണം കഴിഞ്ഞ് അവിടുന്നു സ്വല്പം വിശ്ര
മിക്കുക പതിവാണ്. അനന്തരം ഉദ്യാനത്തിലേക്കിറങ്ങു
കയായി. അഞ്ചുമണി മുതൽ അർദ്ധരാത്രിവരെ അരനി
മിഷം പോലും നഷ്ടമാക്കാതെ ജോലി ചെയ്താലും അന്ന
ത്തെ കൃത്യങ്ങൾ തീർന്നെന്നു വരുന്നതല്ല. ഒപ്പിടേണ്ട
തിരുവെഴുത്തുകളും അംഗീകരിക്കേണ്ട ശാസനങ്ങളും വി
വിധ തിരുസ്സംഘങ്ങളുടെ പ്രവർത്തനവിവരങ്ങളും മേശ
പ്പുറത്തു കെട്ടുതികച്ചു വന്നു കിടക്കുന്നുണ്ടായിരിക്കും. വി
ന്നെ ചില റിപ്പോർട്ടുകളും അന്നുതന്നെ നോക്കേണ്ടവയാ
യി കാണും. അടുത്ത ദിവസത്തെ പരിപാടി നിശ്ചയി

ക്കുകയെന്നതാണു മറ്റൊരു പ്രധാന കൃത്യം. അത്താഴം പേരിനു മാത്രമേയുള്ളു. ഇത്രയുമാകുമ്പോൾ മണി പന്ത്രണ്ടടിക്കുന്നതു കേൾക്കാം.

പന്ത്രണ്ടു മണിയായാൽപ്പിന്നെ മുറിയിൽ പ്രകാശം കാണുകയില്ലെങ്കിലും അവിടുന്നു് ഉടനെ ശയ്യയെ അവലംബിക്കുന്നില്ല. തുറന്നു കിടക്കുന്ന വാതായനങ്ങളിൽക്കൂടി അകത്തേക്കു വരുന്ന ഇളംതെന്നലിന്റെ കുളിർമ്മയേറുന്ന താലോലനം ആസ്വദിച്ചു നിന്നുകൊണ്ടു്, പ്രശാന്തനിദ്രയിൽ ലയിച്ചിരിക്കുന്ന പ്രകൃതിയുടെ നിശ്ചലതയെ ആസ്വദിക്കുകയെന്നതു് അവിടുത്തേക്കു വളരെ ഹൃദ്യമാണു്. നിരഭ്രകോമളമായ വ്യോമമണ്ഡലത്തിന്റെ സീമയററ അന്തരാളത്തിൽ വാരിവിതറപ്പെട്ടിരിക്കുന്ന താരാഗണങ്ങളുടെ നേരിയശോഭയും, അവയുടെ മങ്ങിയ പ്രകാശം മതിയാകാഞ്ഞിട്ടു സ്വന്തം ടോർച്ചുകളും തെളിച്ചുകൊണ്ടു് അന്ധകാരാവൃതമായ ആൽബൻ തരുനിരകളുടെ ഇടയിൽ ശത്രുഭയം കൂടാതെ സ്വൈരവിഹാരം നടത്തുന്ന മിന്നാമിനുങ്ങുകളുടെ ബഹുലതയും മലഞ്ചരിവുകളിലുള്ള വൻവൃക്ഷങ്ങളുടെ ശാഖകളിൽ കുടികൊള്ളുന്ന രാത്രിഞ്ചരന്മാരായ പക്ഷിവൃന്ദങ്ങളുടെ ഇടവിട്ടുള്ള കൂജനങ്ങളും ആൽബൻ തടാകത്തിൽ കളിയാടുന്ന ലോലകല്ലോലങ്ങളുടെ തിളതിളക്കവും തിരുമേനിക്കു് ഒരേ നില്പിൽ ആസ്വദിക്കാം. അന്യാദൃശമായ ഈ പ്രകൃതിസ്നേഹത്തിനു കാരണവും ഇല്ലാതില്ല. ഉത്തുംഗങ്ങളായ ഗിരിശൃംഗങ്ങളും ഹിമമകുടീകൃതങ്ങളായ കൊടുമുടികളുംകൊണ്ടു ദർശനീയമായി പരിലസിക്കുന്ന ആൽപ്സ് പർവ്വതനിരകൾക്കു് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഒരു പട്ടണത്തിലായിരുന്നു അവിടുന്നു ഭൂജാതനായതു്. ഉദയഭാനുവിന്റെ ധവളകിരണങ്ങളേററു പ്രശോഭിക്കുന്ന ഗിരിവരമൂർദ്ധാക്കളും അസ്തമയസൂര്യന്റെ സുവർണ്ണകിരണങ്ങൾ തട്ടി അരുണവർണ്ണമണിഞ്ഞു വിരാജിക്കുന്ന അധിത്യകകളും അവിടുത്തേയ്ക്കു് ബാല്യം മുതൽ തന്നെ അത്യധികം ആസ്വാദ്യകരങ്ങളായിരുന്നു. പതിനൊന്നാം പീയൂസിന്റെ ജീവിതവും ആൽപ്സ് നിരകളും തമ്മിൽ അഭേദ്യമായ ബ

സ്ഥമാണുള്ളതു്. ആൽപ്പൈൻ പംക്തികളുടെ ഹിമസംവൃതമായ ഉപത്യകകളിൽ അവിടുന്നു നടത്തിയിട്ടുള്ള ധീരപര്യടനങ്ങളും ആരോഹണങ്ങളും വിദഗ്ദ്ധരായ പർവ്വതപ്രദേശഗവേഷകന്മാരെപ്പോലും വിസ്മയിപ്പിക്കുന്നവയാണു്. അന്ധകാരയവനികയുടെ ഒളിവിൽ തനിക്കഭിമുഖമായി ഉയർന്നു നില്ക്കുന്ന ആൽബൻ പർവ്വതനിരകൾ, ആൽപ്പൈൻ പംക്തികളോടു് അനുബന്ധിതങ്ങളായ എന്തെല്ലാം ബാല്യകാലസ്മരണകളെയാണു് അവിടുത്തെ സ്മരണയിൽ ഉദ്ദീപിപ്പിക്കുന്നതു്!

മാസങ്ങൾ പലതും പെട്ടെന്നു കടന്നുപോയി. മാർപ്പാപ്പായുടെ അനാരോഗ്യത്തെപ്പററി ആശങ്കാജനകമായ പല കിംവദന്തികളും പ്രചരിച്ചു. അവിടുത്തെ അസ്വാസ്ഥ്യങ്ങൾ ലോകത്തിന്റെ മുഴുവനും ഉൽകണ്ഠാവിഷയമായിരുന്നു. പക്ഷേ, അവിടുന്നു് അവയൊന്നും വകവച്ചില്ല. 1939 ഫെബ്രുവരി പതിനൊന്നാം തീയതി ഇററലിയിലെ വൈദികമേലദ്ധ്യക്ഷന്മാർക്കെല്ലാമായി അവിടുന്നു് ഒരു പരസ്യസന്ദേശം അനുവദിച്ചു. അതായിരുന്നു ലാററൻ സന്ധിയുടെ പന്ത്രണ്ടാമത്തെ വാർഷികദിനം. ആ ഘട്ടത്തിൽ ഗുരുതരങ്ങളായ സംഭവവികാസങ്ങളാണു് ഇററലി ദർശിച്ചുകൊണ്ടിരുന്നതു്.

ജർമ്മൻ സർവ്വാധിപതിയായ ഹിററ്ലറിന്റെ റോമാസന്ദർശനാനന്തരം സ്ഥിതിഗതികൾ ഒന്നുകൂടി പരിതാപകരമായിത്തീർന്നിരുന്നു. പരിശുദ്ധ പിതാവു മുക്തകണ്ഠം ശപിച്ചുകൊണ്ടിരുന്ന 'സ്വാസ്തിക'യുടെ—ആ ക്രൂരൻ കുരിശിന്റെ—പ്രവേശം ഇററലിക്കു് ഒരു ദുശ്ശകുനം തന്നെയായിരുന്നു. വർഗ്ഗീയവൈരത്തിന്റെയും യഹൂദമർദ്ദനത്തിന്റെയും ചിഹ്നമായ സ്വാസ്തികയോടും അതിന്റെ ആരാധകരോടും ഉള്ള പ്രതിഷേധസൂചകമായി മാർപ്പാപ്പാ റോമിൽനിന്നു മാറിത്താമസിച്ചു. ആ ദുർദ്ദിനത്തിൽ പ്രതാപവതിയായിരുന്ന ഇററലിയുടെ ദുർദ്ദശയും ആരംഭിച്ചു. വത്തിക്കാനുമായുള്ള സൗഹാർദ്ദബന്ധത്താൽ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനു നിർബന്ധിതനായിരുന്നെങ്കിലും, ഒരു പേയ്ഗൻ സാമ്രാട്ടിനുമാത്രം ചേർന്ന ഔദ്ധത്യത്തോടുകൂടി

പരിശുദ്ധ പിതാവിനെ കാണുവാൻ അയാൾ ആവശ്യപ്പെട്ടകപോലും ചെയ്തിരുന്നില്ലെന്നുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ.

"വെട്ടുകിഴവ"നായ പാപ്പായുടെ ശാസനങ്ങളെ ഭത്സിക്കുകയും അവിടുത്തെ പ്രവർത്തനങ്ങളെ പ്രതിബന്ധിക്കുകയും ചെയ്യുന്നതിനു മുതിർന്ന ആ ദുർഭഗൻെറ പ്രവേശനത്തോടേ ഇററാലിയൻ സാമ്രാജ്യസൗധത്തിൻെറ അടിത്തറ ശിഥിലമായിപ്പോയി. ആ ചണ്ഡാളൻെറ പ്രേരണയാലെന്നവണ്ണം ഇററാലിയൻ നിയമസഭകളിൽ പാസാക്കപ്പെട്ട യഹൂദവിദ്ധ്വംസകമായ ആഭാസനിയമങ്ങളും, ഫഷിസ്റ്റ് കക്ഷിക്കാരിൽ വർദ്ധമാനമായിക്കൊണ്ടിരുന്ന ലൗകായതികത്വവുമാണ് പരിശുദ്ധ പിതാവിനെ അതിയായി വേദനിപ്പിച്ചത്.

എന്നാൽ, ലോകർക്കെല്ലാം അറിയാമായിരുന്നു, ജനതകളെ ഞെക്കിഞെരുക്കി ഭരണം നടത്തുന്ന സ്വേച്ഛാപ്രമത്തന്മാരെ ആദരിക്കുന്ന ഒരു കമ്മഭീരുവല്ല പതിനൊന്നാം പീയൂസ് എന്ന്. അതുകൊണ്ടു് ഇററാലിയൻ മെത്രാന്മാർക്കായി അവിടുന്നു നല്കുവാനിരുന്ന പൈതൃക സന്ദേശം ശ്രവിക്കുന്നതിനു ലോകം മുഴുവനും അത്യാകാംക്ഷയോടേയാണു പാർത്തുകൊണ്ടിരുന്നതു്. വളരെ പ്രാധാന്യം അർഹിക്കുന്ന ഈ പ്രഭാഷണം തയ്യാറാക്കുന്നതിനു തിരുമേനി വളരെ ക്ലേശിച്ചു; രാത്രിയുടെ അന്തിമയാമങ്ങൾ പോലും നിദ്രാരഹിതനായി അവിടുന്നു ചെലവഴിച്ചിരിക്കണം. മാത്രമല്ല, തൻെറ പ്രിയ തനയന്മാരും സഹപ്രവർത്തകന്മാരുമായ പ്രസ്തുത മെത്രാന്മാരുടെ സാമ്പത്തികവൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി ആയിരം ലീറായുടെ ഓരോ ചെക്ക് ഓരോ കവറിനകത്തിട്ടു് അവിടുന്നുതന്നെ അവരുടെ മേൽവിലാസവും അവയുടെ പുറത്തെഴുതി മേശപ്പുറത്തു സൂക്ഷിച്ചു.

പക്ഷെ.....ആ പ്രൗഢഭാഷണം ഉച്ചരിക്കുവാൻ അവിടുത്തേക്കു സാധിച്ചില്ല; അതു ശ്രവിച്ചു കൃതാർത്ഥരാകുവാൻ നമുക്കു കഴിഞ്ഞുമില്ല. ഫെബ്രുവരി ഒമ്പതാം തീയ

തി രാത്രി തിരുമേനിയുടെ അസ്വാസ്ഥ്യം പെട്ടെന്നു വർദ്ധിച്ചു. നാമെല്ലാം ഉൽക്കണ്ഠാവിവശരായി. ചുരുക്കിപ്പറയാം. ജോലിക്കിടയിൽ മരിക്കണമെന്നുള്ളതായിരുന്നു അവിടത്തെ ആഗ്രഹം. അതു സാധിച്ചു. ഈശോ—ഇറ്റലി—സമാധാനം. ഇവയായിരുന്നു മഹാത്മാവായ ആ സമാധാനരാജന്റെ അവസാനത്തെ വാക്കുകൾ.

# രണ്ടാമദ്ധ്യായം.

---

## പുതിയ പാപ്പാ.

പുണ്യശ്ലോകനായ പതിനൊന്നാം പീയൂസിന്റെ പൂജ്യമായ മൃതശരീരത്തിൽ ദത്തവീക്ഷണനായി കൃശഗാത്രനായ ഒരു കർദ്ദിനാൾ വിവർണ്ണനായി നിലകൊള്ളുന്നു. അതുല്യനായ ഒരു വാത്സല്യനിധിയുടെ അവിചാരിതമായ ദേഹവിയോഗത്തിലുള്ള ദുസ്സഹമായ സന്താപത്തിനധീനനായി അദ്ദേഹത്തിന്റെ ഹൃദയം തകർന്നിരിക്കുന്നു. നയനങ്ങളിൽനിന്നു പ്രവഹിക്കുന്ന ധാരമുറിയാത്ത കണ്ണീർക്കണങ്ങൾ അദ്ദേഹത്തിന്റെ ഹൃദയവ്യഥയെ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ എന്തുചെയ്യാം! ‘ഭരണമേധാവികളെ അലട്ടിക്കൊണ്ടിരിക്കുന്ന ആധുനിക ലോകമഹാപ്രശ്നങ്ങൾക്കു സർവ്വോത്തമമായ പ്രതിവിധികൾ നിർദ്ദേശിച്ചുകൊണ്ട്, നരകുലോന്നമനാർത്ഥം ജീവാർപ്പണം ചെയ്തിരുന്ന ആ പ്രശസ്ത രാജ്യതന്ത്രജ്ഞൻ, സൈനികശക്തിയുടേയും അധികാരപ്രാബല്യങ്ങളുടേയും സ്വാധീനബലത്തിൽ മതിമറന്നിരിക്കുന്ന മഹാശക്തികളെപ്പോലും വിറപ്പിക്കത്തക്ക ധർമ്മപ്രാഭവത്തോടെ വിരാജിച്ചിരുന്ന ആ ജ്യോതിർഗ്ഗോളം, വിശ്വനിയന്താവിന്റെ പരിപൂതാശങ്ങളെ ലോകരംഗത്തു സമുചിതമായി പ്രചരിപ്പിച്ചുകൊണ്ടിരുന്ന ആ പുണ്യചരിതൻ, ലോകസമാധാനസ്ഥാപനത്തിനും അവശോദ്ധാരണത്തിനും സമുദായസുവ്യവസ്ഥിതിപരിരക്ഷണത്തിനും വേണ്ടി അക്ഷീണയത്നം ചെയ്തുപോന്ന ആ ത്യാഗിവര്യൻ ഇത്രവേഗം ലോകരംഗത്തുനിന്നും അപ്രത്യക്ഷനാകുമെന്ന് അവിടുത്തെ സ്റ്റേറ്റുസെക്രട്ടറിയായ കർദ്ദിനാൾ പച്ചെല്ലി സ്വപ്നേപി വിചാരിച്ചിരുന്നില്ല. എന്നാൽ....ആ ലോകമഹാദീപം അണഞ്ഞുപോയി. ലോകം മുഴുവനും ഈ പിതൃനഷ്ടത്തിൽ നിർവ്യാജം ദുഃഖിച്ചു. ക്രൈസ്തവഹൃദയങ്ങളിൽ നിന്നു മാ

ത്രമല്ല, അഖിലലോകത്തിന്റേയും ഹൃദയാന്തരാളത്തിൽ നിന്നു സന്താപസമ്പൂർണ്ണമായ നെടുനിശ്വാസങ്ങൾ ഇട വിടാതെ ഉയർന്നുകൊണ്ടിരുന്നു.

ദിവംഗതനായ തിരുമേനിയുടെ നിശ്ചയമനുസരിച്ച്, അടുത്ത മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പുവരെ സഭാഭരണം നടത്തേണ്ടതു കർദ്ദിനാൾ എവ്യുജെനിയോ പച്ചേല്ലിയായിരുന്നു. ഒരു മാർപ്പാപ്പായുടെ ദേഹവിയോഗാനന്തരം അദ്ദേഹത്തിനു ഒരു അനുഗാമിയുണ്ടാകുന്നതുവരെ സഭാഭരണം നടത്തുന്ന കർദ്ദിനാൾ 'കമർലേങ്കോ' എന്ന പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിനു ചുരുങ്ങിയ ദിവസങ്ങളിൽ വളരെയധികം കൃത്യങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. മരണസന്ദേശങ്ങൾ അയക്കുക, അനുശോചനകർത്തുകൾക്കു മറുപടി കൊടുക്കുക, സംസ്കാര കർമ്മങ്ങൾക്കു മാർഗ്ഗനിർദ്ദേശം നല്കുക, അവയിൽ സംബന്ധിക്കുവാൻ സമാഗതരാകുന്ന വൈദികമേലദ്ധ്യക്ഷന്മാർക്കും വിവിധ രാജ്യപ്രതിനിധികൾക്കും സുഖമായി താമസിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങൾ നടത്തുക, പുതിയ പാപ്പായുടെ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ചെയ്യുക എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. ഇവയെല്ലാം കർദ്ദിനാൾ പച്ചേല്ലി എത്ര സമർത്ഥമായി നിർവ്വഹിച്ചു എന്നു അവയിലെ പ്രശംസനീയമായ ക്രമവൽകരണം തന്നെ സാക്ഷ്യം വഹിക്കുന്നു.

പതിനൊന്നാം പീയൂസിന്റെ സംസ്കാരദിവസത്തിൽ ലോകം പ്രദർശിപ്പിച്ച അനുശോചനം ആ തിരുമേനിയുടെ വിശ്വവ്യാപകമായ മഹത്ത്വത്തിനു പ്രകടചിഹ്നമാണ്. അപരിഹാര്യമായ ഒരു നഷ്ടം—ഒരു പിതൃനഷ്ടം, ഒരു നേതൃനഷ്ടം, ഒരു മിത്രനഷ്ടം—ഏവർക്കും അനുഭവവേദ്യമായി. വായുമണ്ഡലത്തിൽ പാറിപ്പറന്നിരുന്ന വിവിധരാജ്യപതാകകൾ, സന്താപമനുഭവിക്കുന്ന ലോകരോടുള്ള അനുഭാവം പ്രദർശിപ്പിക്കുന്നതിനായി ഭൂമുഖത്തോട്ട് അടുത്തുവന്നു കിടന്നു. അനുശോചനപ്രകടനത്തിൽ അദ്വിതീയസ്ഥാനം അർഹിക്കുന്നതു് ബ്രിട്ടീഷ് സാമ്രാജ്യമാണ്. ഒരു മാർപ്പാപ്പയുടെ വിയോഗത്തിൽ ബ്രിട്ടീഷ് രാഷ്ട്രം ഇ

തിനു മുമ്പ് ഇത്രയും ദുഃഖം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു തോന്നുന്നില്ല. സമാധാനസംസ്ഥാപനത്തിനും ലോകക്ഷേമത്തിനും വേണ്ടി സ്വജീവിതം അർപ്പിച്ച ഈ മഹാത്മാവിന്റെ സ്മരണയെ ബഹുമാനിക്കാൻ അനുവദിക്കപ്പെടുകയെന്നതു് ഒരു വലിയ ബഹുമതിയായി പരിഷ്കൃതരാജ്യങ്ങളെല്ലാം പരിഗണിച്ചു.

സംസ്കാരകർമ്മങ്ങളും അനുശോചനപ്രകടനങ്ങളും കഴിഞ്ഞു. ലോകത്തിന്റെ ശ്രദ്ധ മറെറാരു വിഷയത്തിലേക്കു തിരിഞ്ഞു. മാർപ്പാപ്പമാർ മരണയവനികക്കുള്ളിൽ മറയുന്നു; എന്നാൽ, പാപ്പാസ്ഥാനവും പാപ്പാധിപത്യവും അഭംഗമായി നിലകൊള്ളുന്നു. അതുകൊണ്ടു് അടുത്ത പാപ്പാ ആരാണു്? വി. പത്രോസിന്റെ സിംഹാസനത്തെ അലങ്കരിക്കാനുള്ള മഹാരഥൻ ആരായിരിക്കും? കത്തോലിക്കാ രാജ്യങ്ങൾ മാത്രമല്ല, ക്രൈസ്തവവിഭാഗങ്ങൾ മാത്രമല്ല, ലോകത്തിലെ സകല രാഷ്ട്രങ്ങളും ജനതകളും ഈ മഹാപ്രശ്നത്തിനുള്ള സമാധാനം എന്തായിരിക്കും എന്നുള്ള ചിന്തയിൽ അക്ഷമരായോടെ കഴിഞ്ഞുകൂടി. വത്തിക്കാൻ രാഷ്ട്രത്തിനു ഏകദേശം 108 ഏക്കർ വിസ്താരമേയുള്ളുവെങ്കിലും പാപ്പാസ്ഥാനത്തിന്റെ മഹത്വവും പ്രാധാന്യവും എത്ര വലുതാണെന്നുള്ളതിനു് ഇതിൽക്കൂടുതൽ തെളിവു വേണമെന്നില്ല, "(പതിനാറാം ശതാബ്ദത്തിലെ) മതവിപ്ലവങ്ങൾക്കുശേഷം ഒരു പാപ്പായുടെ തിരഞ്ഞെടുപ്പിനെ ലോകം മുഴുവനും ഇത്രയും ഉൽകണ്ഠയോടെ ഒരിക്കലും പാർത്തിരുന്നിട്ടില്ല", എന്നാണു മി. ഡഫ് കൂപ്പർ ലണ്ടൻ ഇവനിംഗ് സ്റ്റാൻഡാർഡിൽ അന്നു് എഴുതിയതു്. "ക്രൈസ്തവലോകത്തിലെ ഏററവും വലിയ ജനവിഭാഗത്തിന്റെ പരമാധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിൽ ദൈവം പ്രത്യേക മാർഗ്ഗനിർദ്ദേശം നല്കുന്നതിനുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ" യോർക്കിലെ ആംഗ്ലിക്കൻ മെത്രാൻ തന്റെ കീഴിലുള്ള ക്രൈസ്തവരെ ഉദ്ബോധിപ്പിക്കുകയുണ്ടായി. വേറെ പല അകത്തോലിക്കാ മെത്രാന്മാരും ഇപ്രകാരംതന്നെ ചെയ്തിട്ടുണ്ടു്. ഇതിൽനിന്നും മി. കൂപ്പറിന്റെ പ്രസ്താവനയുടെ യാഥാർത്ഥ്യം വിശദമാകുന്നു.

പുതിയ പാപ്പായെ തിരഞ്ഞെടുക്കുന്നതിനുള്ള സമ്മേളനം ആരംഭിച്ചതു് 1939 മാർച്ചുമാസം ഒന്നാംതീയതിയാണു്. കത്തോലിക്കാസഭയിലെ ഉന്നതസ്ഥാനികളായ കർദ്ദിനാളന്മാർ മാത്രമേ ഈ സംഘത്തിൽ സംബന്ധിക്കുകയുള്ളു. എന്നാൽ, ഈ കഴിഞ്ഞ സമ്മേളനത്തിനു അന്യാദൃശമായ ഒരു പ്രത്യേകതയുണ്ടു്: സഭയിലെ സകല കർദ്ദിനാളന്മാർക്കും അതിൽ സംബന്ധിക്കുന്നതിനു സാധിച്ചു എന്നുള്ളതാണതു്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭരണം നടത്തിക്കൊണ്ടിരുന്ന കർദ്ദിനാളന്മാരെല്ലാവരും നേരത്തേതന്നെ നിത്യനഗരത്തിൽ എത്തിച്ചേർന്നു. ടൂറിൻ, മിലാൻ, നേപ്പിൾസ്, വെനീസ്, മൂണിച്ച്, കൊളോൺ, വിയെന്നാ, പ്രേഗ്, വാർസോ, ബുഡാപ്പെസ്റ്റ്, വെസ്റ്റ്മിനിസ്റ്റർ, പാരീസ്, ടൊളേഡോ, ലിസ്ബൺ, അൻറിയോക്ക്, മലിനെസ്, അർമാഗ്, ബോസ്റ്റൺ, ഫിലാഡെൽഫിയാ, ചിക്കാഗോ, റയോ ഡിജെനേറോ, ബോനോസ് അയേഴ്സ്, ക്യൂബെക്ക്,—മുതലായ നഗരങ്ങളിൽ നിന്നാണു് തിരുമേനിമാർ ആഗതരായതു്. ഇതിനു മുമ്പു കർദ്ദിനാൾസംഘങ്ങൾ പലതവണ സമ്മേളിച്ചിട്ടുണ്ടു്; സാർവ്വത്രിക സൂനഹദോസുകൾ പലതു നടന്നിട്ടുമുണ്ടു്. എന്നാൽ, എല്ലാ കർദ്ദിനാളന്മാർക്കും ഒന്നിച്ചുകൂടുന്നതിനു് ഇത്തവണ മാത്രമേ സാധിച്ചിട്ടുള്ളു. പന്ത്രണ്ടാം പീയൂസിന്റെ തിരഞ്ഞെടുപ്പിലുള്ള ഒരു അസാധാരണത്വമാണിതു്—അതെ, ലോകം മുഴുവനും കൂടെയാണു് അദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നതു്.

മാർപ്പാപ്പായെ തിരഞ്ഞെടുക്കുന്നതിനു കൂടുന്ന കർദ്ദിനാളന്മാരുടെ സമ്മേളനത്തിന്റെ സാങ്കേതികനാമം 'കൊങ്ക്ലേവ്' എന്നാണു്. അടച്ചുപൂട്ടി സുരക്ഷിതമായ സ്ഥലം എന്നു മാത്രമേ അതിനു് അർത്ഥമുള്ളു. കൊങ്ക്ലേവിന്റെ സ്വഭാവത്തെയും അതിലെ ചടങ്ങുകളെയും പററി ഇത്തരുണത്തിൽ അല്പം പ്രസ്താവിക്കുന്നതു് അസ്ഥാനത്താകുകയില്ലല്ലോ.

സമ്മേളനത്തിൽ സംബന്ധിക്കുന്ന കർദ്ദിനാളന്മാരെല്ലാവരും പരിവാരസമേതം, വത്തിക്കാൻ അരമനയുടെ


ഒരു ഭാഗത്തുള്ള സിസ്റ്റൈൻ കപ്പേളയോടനുബന്ധിച്ചു സ്ഥി
തിചെയ്യുന്ന മുറികളിൽ പ്രവേശിക്കുന്നു. ബാഹ്യലോക
വുമായി യാതൊരു ബന്ധവും കൂടാതെ അവർക്കെല്ലാവർ
ക്കും സുഖസൗകര്യാദികളോടുകൂടി കുറെ ദിവസങ്ങൾ താ
മസിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങളെല്ലാം മുമ്പേ ത
ന്നെ അവിടെ ചെയ്തിരിക്കും. എന്നു മാത്രമല്ല, തിരഞ്ഞെ
ടുപ്പുഫലം പ്രസിദ്ധപ്പെടുത്തുന്നതുവരെ അവർക്കു പുറത്തു
ള്ളവരുമായി ആലോചിക്കുന്നതിനോ പുറത്തുള്ളവർക്കു്
അവരെ കണ്ടു സംസാരിക്കുന്നതിനോ അനുവാദമുണ്ടായി
രിക്കുന്നതുമല്ല. വളരെ കർക്കശമെന്നു പ്രത്യക്ഷപ്പെടാവു
ന്ന ഈ നിഷ്കൃഷ്ടക്കു മതിയായ കാരണമുണ്ടു്. ചരിത്രപ
ക്ഷങ്ങൾ ഒന്നു മറിച്ചുനോക്കിയാൽ മതി അതറിയുവാൻ.

മുൻകാലങ്ങളിൽ സ്വാർത്ഥമതികളായ ചില രാഷ്ട്ര
പതികൾ പേപ്പൽ തിരഞ്ഞെടുപ്പുകളിൽ അക്രമപരമായി
ഇടപെടുകമൂലം വളരെ കുഴപ്പങ്ങൾക്കും ഭിന്നതകൾക്കും ഇ
ടയായിട്ടുണ്ടു്. ചില മാർപ്പാപ്പമാരുടെ പ്രവർത്തനങ്ങളെ
യും നയത്തെയും അധിക്ഷേപിക്കുവാൻ മുതിരുന്ന കത്തോ
ലിക്കാസഭാവൈരികൾ ഈ വാസ്തവം ശരിയായി അറി
ഞ്ഞിട്ടില്ലെന്നു തോന്നുന്നു; അറിഞ്ഞിട്ടുണ്ടെങ്കിൽ അവർ അ
തെപ്പററി ചിന്തിക്കുന്നില്ലെന്നുള്ളതു തീർച്ച തന്നെ. സ്വന്തം
വംശത്തിലും ബന്ധത്തിലും പെട്ടവർ മാർപ്പാപ്പായായി തി
രഞ്ഞെടുക്കപ്പെടണമെന്നുള്ള വ്യാമോഹത്തോടുകൂടി പല
രാജാക്കന്മാരും പ്രഭുക്കന്മാരും ചക്രവർത്തിമാരും തിരുസ്സ
ഭാ ഭരണകൂടത്തിൽ ധിക്കാരപൂർവ്വം കൈകടത്തലുകൾ ന
ടത്തുകയും പല അക്രമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടു
ണ്ടു്. അങ്ങിനെ സ്ഥാനാരോഹണം ചെയ്തവർ തിരുസ്സഭ
യുടെ നന്മയെക്കാൾ തങ്ങളുടെ ബന്ധുക്കളായ രാജാക്കന്മാരു
ടെ ഹിതാനുവർത്തനത്തെ കാര്യമായി കരുതിയതിൽ വി
സ്മയിക്കാനൊന്നുമില്ല. ബാഹ്യശക്തികളുടെ പ്രേരണയ്ക്ക
ധീനരായ കർദ്ദിനാളന്മാരുടെ ഭീരുത്വത്തെയും കർമ്മവി
ലോപത്തെയും നാം ആദരിക്കുന്നില്ലെങ്കിലും അവരുടെ
പാരതന്ത്ര്യം സഭയ്ക്കും സമുദായത്തിനും വളരെ അപകർഷം
വരുത്തിയിട്ടുണ്ടെന്നുള്ളതു സമ്മതിക്കുകതന്നെ വേണം.

ഇത്തരത്തിലുള്ള അഴിമതികൾ ഭാവിയിൽ അസാധ്യമാക്കിത്തീർക്കുന്നതിനാണു കോൺക്ലേവുപദ്ധതി രൂപവൽകൃതമായതു്. ഇതിനെതിരായി പ്രവർത്തിക്കുവാൻ—അവർ ആരുതന്നെ ആയിരുന്നാലും—പരസ്യമായ ശിക്ഷകൾക്കു പാത്രമാകുന്നതാണു്. ഈ പദ്ധതിയുടെ ആസൂത്രണം എത്രമാത്രം അനുഗ്രഹപ്രദമായിട്ടുണ്ടെന്നുള്ളതിനു് ആധുനികകാലങ്ങളിലെ മാർപ്പാപ്പാമാരുടെ ചരിത്രം നല്ല തെളിവു തന്നു.

ബാഹ്യശക്തികളുടെ പ്രേരണകൾപോലെതന്നെ ആന്തരികമായ പ്രചരണവേലകളും നിഷിദ്ധമാണു്. ആരെയാണു തിരഞ്ഞെടുക്കേണ്ടതെന്നുള്ളതിനെപ്പററി പരസ്പരം യാതൊരു വിധത്തിലുള്ള ആലോചനകളും നടത്തിക്കൂടാ; മാത്രമല്ല, അവിടെ നടക്കുന്ന വിവരങ്ങൾ പുറത്തുള്ളവരെ ഒരിക്കലും അറിയിക്കാനും പാടില്ല. ദൈവനിവേശിതമായ മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ചു പാപ്പാസ്ഥാനത്തിനു യോഗ്യനെന്നു് ഉത്തമബോധ്യമുള്ള കർദ്ദിനാളിന്റെ പേർ രഹസ്യമായി എഴുതിയിട്ടുകൊള്ളണം. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന കർദ്ദിനാളും കഠിനശിക്ഷയ്ക്കു വിധേയനായിരിക്കും.

മാർച്ച് ഒന്നാംതീയതിയാണല്ലോ ചരിത്രപ്രസിദ്ധമായ കഴിഞ്ഞ കോൺക്ലേവ് ആരംഭിച്ചതു്. അന്നുകാലത്തു സിസ്റ്റൈൻ കപ്പേളയിൽ കർദ്ദിനാളന്മാരെല്ലാവരും സമ്മേളിക്കുകയും നിയമമനുസരിച്ചു കർദ്ദിനാൾ സംഘത്തിലെ ഡീൻസ്ഥാനി സമർപ്പിച്ച ദിവ്യബലിയുടെ സമയത്തു് എല്ലാവരും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. വത്തിക്കാനിലെ സ്വിസ്ഗാർഡ്സും നോബിൾ ഗാർഡ്സും ഈ ദിവ്യപൂജയിൽ സംബന്ധിക്കുക പതിവാണു്. അനന്തരം മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം, മഹനീയത, ഉത്തരവാദിത്വം ഇവയെപ്പററി കർദ്ദിനാൾ ഡീൻ അവസരോചിതമായ ഒരു ഉദ്ബോധനം നല്കുകയും തിരഞ്ഞെടുപ്പുനിയമങ്ങൾ അവരെ വായിച്ചുകേൾപ്പിക്കുകയും ചെയ്യുന്നു. ഉടനെ കർദ്ദിനാളന്മാരും മററുദ്യോഗസ്ഥന്മാരും സത്യപ്രതിജ്ഞ നടത്തണം.




വത്തിക്കാൻ

തുടർന്നുണ്ടാകുന്ന പരിശുദ്ധാരൂപിയുടെ ഗീതത്തോടുകൂടി കൊങ്ക്ലേവ് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നെന്നു പറയാം. ഈ വാർത്ത തുടർച്ചയായുള്ള മണിനാദം കൊണ്ടു വിളംബരം ചെയ്യപ്പെടും. ഇതു കഴിഞ്ഞാൽപ്പിന്നെ കർദ്ദിനാളന്മാർക്കു മാത്രമേ അവിടെ താമസിക്കാവൂ. ഉടനെ പ്രിൻസ് മാർഷൽ, കമർലെങ്കോ, മററു മൂന്നു സഹായകർദ്ദിനാളന്മാർ ഇവർ എല്ലാ വാതിലുകളും അടച്ചുപൂട്ടി ഭദ്രമായി മുദ്ര വയ്ക്കുന്നതാണ്. ഇനി മാർപ്പാപ്പാ തിരഞ്ഞെടുക്കപ്പെട്ടതായുള്ള പ്രഖ്യാപനമുണ്ടാകുന്നതുവരെ പ്രിൻസ് മാർഷൽ ആയിരിക്കും വത്തിക്കാനിലെ ഏകാധിപതി.

രണ്ടാം തീയതി പ്രഭാതത്തിൽ വോട്ടിംഗ് നടത്തുന്നതിനായി കർദ്ദിനാളന്മാരെല്ലാവരും മുറപോലെ സിസ്റ്റൈൻ കപ്പേളയിൽ സമ്മേളിച്ചു. നീലനിറത്തിലുള്ള പട്ടുവസ്ത്രങ്ങൾ അവരുടെ മഹനീയസ്ഥാനത്തെ സൂചിപ്പിക്കുന്നു. അറുപത്തിരണ്ടുപേരുടേയും സിംഹാസനങ്ങൾ ഒരേ രീതിയിലാണു നിർമ്മിതമായിരിക്കുന്നതു്. എല്ലാവരുടേയും മുകളിൽ അലംകൃതമായ ഓരോ മേൽക്കെട്ടിയും ഉണ്ടായിരിക്കും. ക്രിസ്തീയസഭയുടെ പരമാധ്യക്ഷനെ തിരഞ്ഞെടുക്കാൻ കൂടുന്ന ഈ കപ്പേളയുടെ ഉപരിഭാഗത്തു് ചിത്രീകൃതമായിരിക്കുന്ന സൃഷ്ടിരംഗത്തിനു പ്രത്യേക വിവക്ഷ വല്ലതുമുണ്ടോ എന്നു നിശ്ചയമില്ല. കപ്പേളയിലെ ബലിപീഠത്തിന്റെ മധ്യത്തിൽ ഒരു സ്വർണ്ണക്കാസ വച്ചിരിക്കുന്നു. അതിലാണു മാർപ്പാപ്പാ ആകാനുള്ള കർദ്ദിനാളിന്റെ പേർ എഴുതി ഇടേണ്ടതു്. ഇതിനായി ബാലററു കടലാസുകൾ പ്രത്യേകം തയ്യാറാക്കിയിരിക്കും. അതിനു മൂന്നു മടക്കുകളുണ്ടു്. അവയിൽ നടുവിലത്തേതിലാണു പുതിയ പാപ്പായുടെ പേരെഴുതേണ്ടതു്. "ഞാൻ മാർപ്പാപ്പാ ആയി അത്യുന്നതകർദ്ദിനാൾ— യെ തിരഞ്ഞെടുക്കുന്നു" എന്നു് അച്ചടിച്ചിട്ടുണ്ടു്. വരയിട്ടിരിക്കുന്ന സ്ഥാനത്തു് ആ കർദ്ദിനാളിന്റെ പേർ വ്യക്തമായി രേഖപ്പെടുത്തണം. ഒരു മടക്കു വോട്ടു ചെയ്യുന്ന ആളിന്റെ പേരെഴുതാനും മററെ മടക്കു കയ്യൊപ്പിടാനും ഉള്ളതാണു്. ഇവ

യിൽ എന്തെങ്കിലും പിശകു പറവുന്നപക്ഷം ആ വോട്ടു് അസാധുവായിരിക്കും. പേരെഴുതിക്കഴിഞ്ഞാലുടൻ ഓരോരുത്തനും സ്ഥാനമുറയനുസരിച്ച് എഴുന്നേററു മുമ്പോട്ടു വന്നു ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തിനിന്നു് അല്പനേരം പ്രാർത്ഥിച്ചതിനുശേഷം ബാലററു കടലാസു കാസായിൽ നിക്ഷേപിക്കുന്നു. ആ സമയത്തു് ഇപ്രകാരമാണു പറയേണ്ടതു്: "എൻെറ വിധിയാളനും കർത്താവുമായ ഈശോ മ്ശിഹാ സാക്ഷിയായി, ദൈവതിരുമുമ്പിലുള്ള എൻെറ കടമയനുസരിച്ചു തിരഞ്ഞെടുക്കപ്പെടേണ്ടവനെന്നു് എനിക്കു ബോധ്യമുള്ള ആളിനെ ഞാൻ തിരഞ്ഞെടുക്കുന്നു."

വോട്ടിംഗു കഴിഞ്ഞാൽ അടുത്തതായി നടക്കുന്നതു് ഓരോരുത്തനും വീണിരിക്കുന്ന കുറികൾ എണ്ണി നിർണ്ണയിക്കുകയാണു്. അതിനു് ഓരോ ലിസ്റ്റു് ഓരോ കർദ്ദിനാളിൻെറയും മേശപ്പുറത്തുണ്ടായിരിക്കും. വോട്ടുകൾ എടുത്തു പരിശോധിക്കുവാൻ മൂന്നുപേർ വേണം. ഒന്നാമൻ ബാലററു കടലാസിലെ പേർ നോക്കിയിട്ടു് രണ്ടാമൻെറ പക്കൽ കൊടുക്കുന്നു. രണ്ടാമനും പേർ നോക്കിയതിനുശേഷം മൂന്നാമനെ ഏല്പിക്കും. മൂന്നാമൻ കടലാസുവാങ്ങി പേർ നോക്കിയിട്ടു് ഉച്ചത്തിൽ വായിക്കുന്നു. അപ്പോൾ കർദ്ദിനാളന്മാർ ആ വിവരം ലിസ്റ്റിൽ രേഖപ്പെടുത്തിക്കൊള്ളണം.

ആകെ സന്നിഹിതന്മാരായിരിക്കുന്ന കർദ്ദിനാളന്മാരുടെ വോട്ടുകളിൽ മൂന്നിൽ രണ്ടു ഭാഗം ലഭിക്കുന്ന കർദ്ദിനാളാണു മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നതു്. തിരഞ്ഞെടുപ്പുഫലം ആ കർദ്ദിനാൾ സ്വീകരിക്കുന്നപക്ഷം വോട്ടിംഗും കഴിഞ്ഞു. അദ്ദേഹം നിഷേധിക്കുകയാണെങ്കിൽ വീണ്ടും സമ്മതിദാനം നടത്തേണ്ടതായി വരും.

അന്നു 11 മണിക്കു വത്തിക്കാൻ റേഡിയോ ഇപ്രകാരം പ്രക്ഷേപണം ചെയ്തിരുന്നു: 9-30 മുതൽ 11 വരെയാണു് ആദ്യത്തെ സമ്മതിദാനം. തിരഞ്ഞെടുപ്പു നടന്നില്ലെങ്കിൽ ഒരു വോട്ടിംഗു കൂടിയുണ്ടായിരിക്കും. രണ്ടാമ

ത്തെ വോട്ടിംഗിനുശേഷമേ പുക വരികയുള്ളൂ." കറുത്ത പുകയാണു ചിമ്മിണിയിൽക്കൂടി വരുന്നതെങ്കിൽ തിരഞ്ഞെടുപ്പു സഫലമായില്ലെന്നു് ഊഹിച്ചുകൊള്ളണം; തിരഞ്ഞെടുപ്പു ഫലപ്രദമായെങ്കിൽ വെളുത്ത പുക കാണും.

അന്നു് 12-17—നു് കാണപ്പെട്ട ധൂമം ആശാവഹമായിരുന്നില്ല. 5-20—നു് വെളുത്ത പുകയുടെ ഒരു നേരിയ പടലം ആകാശത്തിലേക്കുയർന്നു. ലോകം ആനന്ദിച്ചു. പ്രത്യാശാസൂര്യന്റെ പ്രഥമകിരണങ്ങൾ സർവ്വത്ര പ്രസരിച്ചു.

ഇതു ചരിത്രം സൃഷ്ടിച്ച ഒരു കോൺക്ലേവ് ആണു്, ഇത്ര ചുരുങ്ങിയ സമയംകൊണ്ടു് ഒരു തിരഞ്ഞെടുപ്പു നടന്നതിനു ചരിത്രത്തിൽ അധികം ദൃഷ്ടാന്തങ്ങൾ കാണുകയില്ല. എന്നാൽ, ഒരു സ്റ്റേററു സെക്രട്ടറി പാപ്പാസ്ഥാനത്തു് അവരോധിക്കപ്പെടുകയെന്നതു് അശ്രുതപൂർവ്വമാണു്. ഈ സമയത്തു സിസ്റ്റൈൻ കപ്പേളയിൽ നടന്ന രംഗം ദർശിക്കുന്നതിനു സാധിച്ചിരുന്നെങ്കിൽ! എന്നു നാം അഭിവാഞ്ഛിച്ചേക്കാം. അതു് ഒട്ടും സുസാധ്യമല്ല. അതുകൊണ്ടു് നമ്മുടെ ഊഹാപോഹങ്ങൾ സർവ്വസ്വാതന്ത്ര്യങ്ങളാണു്. അറുപത്തിരണ്ടു വോട്ടുകളുള്ളതിൽ നാല്പതിലും കർദ്ദിനാൾ പച്ചെല്ലിയുടെ പേരുതന്നെ കാണപ്പെടുന്നു. നാല്പത്തൊന്നാമത്തേതും അതു തന്നെ. നാല്പത്തിരണ്ടു്—നാല്പത്തിമൂന്നു്—നാലു്—അഞ്ചു്; എല്ലാററിലും കർദ്ദിനാൾ പച്ചെല്ലി തന്നെ. ആവശ്യത്തിനു് ഇത്രയും ധാരാളം മതി. ശേഷമുള്ള ബാലററുകളോ? അതിലും പച്ചെല്ലിയുടെ പേരു തന്നെ. കർദ്ദിനാൾ പച്ചെല്ലിയുടെ വദനം പ്രിവർണ്ണമാകുന്നു; കണ്ണുകൾ ചുമക്കുന്നു; ബാഷ്പകണങ്ങൾ അടർന്നുവീഴുന്നു; എല്ലാവരുടേയും നയനങ്ങൾ പച്ചെല്ലിയിൽ നിപതിക്കുന്നു. ഏതാനും നിമിഷങ്ങൾ മുമ്പു് വോട്ടുകളുടെ എണ്ണം പെരുകിവരുന്നതു കണ്ടപ്പോൾ "കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നു് അകററിത്തരണമേ!" എന്നു് അദ്ദേഹം പ്രാർത്ഥിച്ചിരിക്കാം. എന്നാൽ സ്വർഗ്ഗം അതിനു് അനുകൂലമായ പ്രത്യുത്തരമല്ല നല്കിയതു്. അദ്ദേഹത്തിന്റെ പേരിൽ

വീണ കുറികളുടെ എണ്ണം ഖണ്ഡിതമായി അറിയുവാൻ നിവൃത്തിയില്ല; അറുപത്തിരണ്ടിൽ അറുപത്തൊന്നും പച്ചെല്ലിയ്ക്കായിരുന്നെന്നാണ് ഒരു സംസാരം. ഏതായാലും മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു മഹാഭൂരിപക്ഷം അദ്ദേഹത്തിനു ലഭിച്ചു. ഉടൻ തന്നെ മററു കർദ്ദിനാളന്മാരുടെ സിംഹാസനങ്ങളുടെ മുകളിലുള്ള മേൽക്കെട്ടി മാററപ്പെട്ടു. കർദ്ദിനാൾ പച്ചെല്ലി വികാരതരളിതനായി, നിശ്ശബ്ദനായി, നിലകൊള്ളുന്നു. ഈ രംഗത്തെ കർദ്ദിനാൾ വെർദിയെ വർണ്ണിക്കുന്ന ഭാഗം ഇവിടെ ഉദ്ധരിക്കാം. അതിൽനിന്നു കൊങ്ക്ലേവിൻെറ ശേഷമുള്ള നടപടികളും നമുക്കു ഗ്രഹിക്കാൻ സാധിക്കും.

"അവസാനത്തെ വോട്ടെടുത്തു കഴിഞ്ഞപ്പോൾ പൂർണ്ണവാനായ കർദ്ദിനാളിൻെറ കണ്ണുകൾ അനന്ദാതായി ഭയവിഹ്വലനായതുപോലെ അദ്ദേഹം പ്രാർത്ഥനയിൽ ലയിച്ചു. പച്ചെല്ലി നിശ്ചലനായി ഈ സ്ഥിതിയിൽ കുറെ സമയം ചെലവഴിച്ചു. കർദ്ദിനാളന്മാർ തങ്ങളുടെ സിംഹാസനങ്ങളിൽ നിന്നിറങ്ങുകയും തിരഞ്ഞെടുക്കപ്പെട്ട കർദ്ദിനാളിനെ സമീപിക്കുകയും ചെയ്തു. മൂന്നു വകുപ്പിലേയും കർദ്ദിനാളന്മാരുടെ തലവന്മാർ മുമ്പോട്ടു വന്നു. കർദ്ദിനാൽ ബിഷപ്പന്മാരുടെ തലവനായ കർദ്ദിനാൾ പിഞ്ഞത്തെല്ലി പച്ചെല്ലിയോടു ചോദിച്ചു: 'കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തേക്ക് അങ്ങയുടെമേൽ കാനോനികമായി നടത്തിയിരിക്കുന്ന തിരഞ്ഞെടുപ്പിനെ അങ്ങു സ്വീകരിക്കുന്നുവോ?' കർദ്ദിനാൾ പച്ചെല്ലി മറുപടി പറഞ്ഞു: 'നിങ്ങളുടെ സമ്മതിദാനം തീർച്ചയായും ദൈവതിരുമനസ്സിൻെറ പ്രത്യക്ഷ ചിഹ്നമാണല്ലോ. ഞാൻ സ്വീകരിക്കുന്നു. എൻെറ ബലഹീനതയെ നിങ്ങളുടെ പ്രാർത്ഥനകൾക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.' കർദ്ദിനാൾ പിഞ്ഞത്തെല്ലി തുടർന്നു ചോദിച്ചു: 'അവിടുന്ന് എങ്ങനെ വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു?' മാർപ്പാപ്പാ കല്പിച്ചരുൾച്ചെയ്തു: 'ഞാൻ പന്ത്രണ്ടാം പീയൂസ് എന്ന പേരു സ്വീകരിക്കുന്നു.' കർദ്ദിനാൾ പച്ചെല്ലി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായായി. പുതിയ പാപ്പാ സ്ഥാനവസ്ത്രങ്ങ

ളണിഞ്ഞു 'സേദിയ ജെസ്റ്റത്തോറിയ' എന്ന സിംഹാസന ത്തിൽ ഉപവിഷ്ടനായി. കർദ്ദിനാളന്മാർ മാർപ്പാപ്പായുടെ തൃക്കരം ചുംബിക്കുകയും അവിടുന്ന് അവരെ ആശ്ലേഷിക്കുകയും ചെയ്തു. കർദ്ദിനാൾ പിഞ്ഞത്തെല്ലി പുതിയ മാർപ്പാപ്പായെ 'മുക്കുവൻെറ മോതിരം' ധരിപ്പിച്ചു. അതിനുശേഷം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തൻെറ പ്രഥമാശീർവ്വാദം 'നഗരത്തിനും ലോകത്തിനും' നല്കുന്നതിനായി സെൻറു പീറേറഴ്സിൻെറ മട്ടുപ്പാവിലേയ്ക്കു് എഴുന്നള്ളി.

കൊൺക്ലേവിൽ നടക്കുന്ന സംഗതികളെപ്പററി ഇതുപോലെയുള്ള ചില സാമാന്യവിവരങ്ങൾ ലഭിക്കുവാനേ നമുക്കു സാധിക്കുന്നുള്ളു. വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ ആർക്കും അനുവാദമില്ലെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കഴിഞ്ഞ തിരഞ്ഞെടുപ്പിനെപ്പററി ഇത്രയുമെങ്കിലും അറിയുന്നതിനു നമുക്കു കഴിയുന്നു. ഇനിയുള്ളതിനെപ്പററി യാതൊന്നും അറിയുവാൻ സാധ്യമാകുകയില്ല. ഈ ലക്ഷ്യത്തോടെ പന്ത്രണ്ടാം പീയൂസ് തിരുമേനി അടുത്ത കാലത്തു് ഏതാനും നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. മൂന്നിൽ രണ്ടുഭാഗം വോട്ടു കൂടാതെ ഒരു വോട്ടു കൂടിയെങ്കിലും കിട്ടിയാൽ മാത്രമേ തിരഞ്ഞെടുപ്പു നടന്നതായി ഗണിക്കുകയുള്ളു; കൊൺക്ലേവിലെ ആന്തരികപ്രവർത്തനങ്ങൾ അല്പംപോലും പരസ്യമാക്കാൻ പാടില്ല. ഇത്രയുമാണു് അനുബന്ധിതനിയമങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ.

സിസ്റ്റൈൻ കപ്പേളയുടെ പുകക്കുഴലിൽക്കൂടി ധൂമം പ്രത്യക്ഷപ്പെട്ട ഓരോ തവണയും അരമനയുടെ വിസ്തൃതമായ അങ്കണത്തിൽ ഉണ്ടായ ബഹളവും തിരക്കും ഒന്നും പറയാനില്ല. ഉൽകണ്ഠയും പ്രത്യാശയും നിറഞ്ഞ ഭാവവിശേഷങ്ങൾ അവരുടെ മുഖത്തു പ്രസ്ഫുരിച്ചുകൊണ്ടിരുന്നു. അന്നു പ്രഭാതം മുതൽ ഒരു സംഗതി മാത്രമായിരുന്നു അവരുടെ ചിന്താവിഷയം. അടുത്ത പാപ്പാ ആരായിരിക്കും? പതിനൊന്നാം പീയൂസിൻെറ തിരഞ്ഞെടുപ്പുവേളയിൽ, ജിജ്ഞാസാഭരിതരായ ജനസഞ്ചയത്തിൻെറ ഇ

ടയിൽ, സിറഞ്ഞാർ മുസ്സോലിനിയെപ്പോലും കാണ്മാനുണ്ടായിരുന്നു എന്നറിയുമ്പോൾ ഈ വിഷയത്തിൽ ജനതതി ആകമാനം പ്രകടിപ്പിച്ചിരുന്ന ഔത്സുക്യം എമ്മാത്രമാത്രമായിരുന്നെന്നു് ഊഹിക്കാം.

മണി 5-30 അടിച്ചു. അസ്തമയസൂര്യന്റെ അരുണവർണ്ണമണിഞ്ഞ സുവർണ്ണരശ്മികളുടെ തങ്കപ്രഭ സിസ്റ്റൈൻ കപ്പേളയുടെ ഉപരിതലത്തെ പ്രകാശമാനമാക്കി. ആനന്ദപ്രദമായ ഒരു ഇളംതെന്നൽ അന്തരീക്ഷത്തെ സജീവചൈതന്യസംയുക്തമാക്കി. കനകകട്ടകൾപോലെ രുധിരശോഭ ധരിച്ച മനോജ്ഞമായിത്തീർന്നിട്ടുള്ള മുകിലമേഘമാലകൾ അംബരവീഥിയിൽ വന്നു നിരന്നു. അതാ, വെള്ളനിറത്തിലുള്ള ഒരു നേരിയ ധൂമപടലം ശാന്തമായ അന്തരീക്ഷത്തിൽ ഉയർന്നു ലയിക്കുന്നു. ജനങ്ങൾ നിർന്നിമേഷരായി ഉറിച്ചുനോക്കി. അതെ, അതു ധവളധൂമം തന്നെ. മാർപ്പാപ്പാ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു! സെൻറു പീറെറഴ്സിൻെറ ഇരുപതേക്കറോളം വിസ്താരമുള്ള ചത്വരത്തിൽ എത്തിക്കൂടിയിരുന്ന ജനങ്ങളുടെ മദ്ധ്യത്തിൽ നിന്നു് ഏകസ്വരത്തിൽ ഉയർന്ന ജയഘോഷത്തിൻെറ സുദീർഘമായ പ്രതിധ്വനി വിയന്മണ്ഡലത്തിൻെറ അന്തരാളങ്ങളിൽ മാറെറാലിക്കൊണ്ടു: "പോപ്പുരാജൻ വിജയിക്കട്ടെ!"

ജിജ്ഞാസാഭരിതമായ ഏതാനും നിമിഷങ്ങൾ. സെൻറു പീറെറഴ്സിൻെറ മട്ടുപ്പാവിൽ കർദ്ദിനാൾ ഡീൻ ആയ കാച്ചിയാ ദൊമിനിയോനി പ്രത്യക്ഷനായി. ജനങ്ങളുടെ ബഹളം നിന്നു; സർവ്വത്ര നിശ്ശബ്ദത വ്യാപിച്ചു. "ഒരു മഹാ സന്തോഷവാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു. നമുക്കു പാപ്പായെ ലഭിച്ചിരിക്കുന്നു....(ഹർഷാരവം) വിശുദ്ധ റോമാതിരുസ്സഭയുടെ അത്യുന്നത കർദ്ദിനാൾ എവ്വജേനിയൂസ് പച്ചെല്ലി... (എവ്വജേനിയൂസ് നീണാൾ വിജയിക്കട്ടെ... ഹർഷഘോഷം)... മാർപ്പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു... അവിടുന്നു പന്ത്രണ്ടാം പീയൂസ് എന്ന നാമം... സ്വീകരിച്ചിരിക്കുന്നു!" പോ

പ്പരാജൻ വിജയിക്കട്ടെ! നീണാൾ വാഴട്ടെ!! അനുസ്യൂതമായ വിജയാഹ്ലാദഘോഷാരവം—അഭിനവ മാർപ്പാപ്പാ വിശ്വത്തെ അനുഗ്രഹിക്കുന്നതിനായി ഉടനെ എഴുന്നെള്ളുമെന്നുള്ള വിളംബരം ജനങ്ങളെ പുളകോൽഗമരാക്കി.

തിരിഞ്ഞെടുപ്പു പ്രഖ്യാപനം ഒരു നിമിഷംകൊണ്ടു റോമാപട്ടണം മുഴുവനും വ്യാപിച്ചു. നിത്യനഗരത്തിലെ 365 ദൈവാലയങ്ങളിലെ മണിഗോപുരങ്ങളിൽനിന്നു പുറപ്പെട്ട സന്തോഷസൂചകമായ ഘണ്ടാരവത്തിൻെറ ജയജയക്വണിതങ്ങൾ വായുമണ്ഡലത്തെ പ്രകമ്പിതമാക്കി. ജനങ്ങൾ വത്തിക്കാനിലേക്കു പാഞ്ഞടുത്തു. അവരെ നിയന്ത്രിക്കുന്നതിനു പട്ടാളക്കാർ നടത്തിയ ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളു. വിനാവിളംബം കൃതജ്ഞതാസൂചകമായ "തെദേവും" എന്ന സ്തോത്രഗീതത്തിൻെറ പല്ലവികൾ ആകാശത്തിലേക്കു് ഉയർന്നു തുടങ്ങി.

ബാൽക്കണിയുടെ വാതിൽ വീണ്ടും തുറക്കപ്പെട്ടു. അംഗരക്ഷകന്മാരും കർദ്ദിനാളന്മാരും അനുക്രമം വന്നു നിരന്നു നിന്നു. അവരുടെ മദ്ധ്യത്തിൽ ധവളവർണ്ണത്തിലുള്ള ശുക്ലാംബരങ്ങളാൽ വിഭൂഷിതനായി, സ്ഥാനചിഹ്നങ്ങൾ അണിഞ്ഞുകൊണ്ടു് ആ ലോകപിതാവു പ്രത്യക്ഷപ്പെട്ടു. അവിടുത്തെ ദർശിക്കുന്നതിനു് അക്ഷമരായി കഴിഞ്ഞുകൂടിയ ജനലക്ഷങ്ങൾക്കു ജന്മസാഫല്യം കൈവന്നു. അവരുടെ നയനങ്ങളുടെ ഭാഗ്യാതിരേകം! സുപരിചിതനായ സ്നേഹതാതൻ അവരെ അനുഗ്രഹിക്കുന്നതിനു കരങ്ങൾ ഉയർത്തി. പ്രശാന്തഗംഭീരമായ ഒരു നിശ്ചലനിശ്ശബ്ദത. അവിടുത്തെ അധരപുടങ്ങൾ ചലിച്ചു. 'നഗരത്തിനും വിശ്വത്തിനും' ആയിട്ടുള്ള അനുഗ്രഹവചസ്സുകളുടെ വികാരനിർഭരമായ മൃദുലശബ്ദം അവിടെയും ലോകത്തിൻെറ നാനാദിഗന്തങ്ങളിലും സുവ്യക്തമായി കേൾക്കപ്പെട്ടു. അവിടെ നിന്നുകൊണ്ടു ശ്രവിച്ചവരുടെയും റേഡിയോയിൽ ശ്രദ്ധിച്ചവരുടേയും 'മുട്ടുകൾ വളഞ്ഞു; ശിരസ്സുകൾ കുനിഞ്ഞു; ഹൃദയം കുളിർന്നു; എല്ലാവരിലും ആനന്ദം നിറഞ്ഞു.'

ലോകം സന്തുഷ്ടമായി. മഹാനായ പതിനൊന്നാം

പീയൂസിന്റെ തിരോധാനം കൊണ്ടുള്ള നഷ്ടം അദ്ദേഹത്തിന്റെ അനന്തരഗാമിയായ പന്ത്രണ്ടാം പീയൂസ് പരിഹരിക്കുമെന്നു സകലർക്കും ബോധപ്പെട്ടു. സമാധാനസ്ഥാപനത്തിനുവേണ്ടി നിരന്തരം ആഹ്വാനം ചെയ്യുകയും അതിനുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത മഹാത്മാവിന്റെ പാദങ്ങളെത്തന്നെ പച്ചേല്ലിയും അനുധാവനം ചെയ്യും. ക്രൈസ്തവ സമാധാനസംസ്ഥാപിതമായിരിക്കും അവിടുത്തെ ജീവിതാദർശം. എന്നാൽ കരബലമോ, ആയുധസന്നാഹങ്ങളോ അല്ല അതിനു നിദാനം. ശാശ്വതമായ “സമാധാനം നീതിയുടെ പരിണതഫലം” മാത്രമാണ്. “ക്രിസ്തുവിന്റെ ഭരണത്തിലുള്ള ക്രിസ്തുവിന്റെ സമാധാന”ത്തോടു് അതു സഗാഢം ബന്ധിതമായിരിക്കുന്നു. ലോകസമാധാനത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം അവിടുന്നു പ്രക്ഷേപണം ചെയ്ത പ്രഥമസന്ദേശത്തിൽ വ്യക്തമായി കാണാം. സമരസന്നാഹങ്ങളുടെ ഭീകരമായ കൂരവപടലികൾ ഇരമ്പിക്കൊണ്ടിരുന്ന ഒരു ദുർഘടസന്ധിയിൽ അവിടുന്നു പ്രക്ഷുബ്ധമായ ലോകത്തെ അഭിസംബോധനം ചെയ്യുന്നതു നോക്കുക.

“നമ്മുടെ ഹൃദയം വികാരതരളിതമായിരിക്കുകയും മനുഷ്യശക്തിക്കു സുഗ്രഹമല്ലാത്ത ദൈവപരിപാലനം നമുക്കു നല്കിയിരിക്കുന്ന ഗൗരവമേറിയ ഉത്തരവാദിത്വത്തിൽ നാം ഭയവിഹ്വലനായിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ നമ്മുടെ പൈതൃകഹൃദയത്തിൽ നിന്നുത്ഭവിക്കുന്ന ചിന്തയും വാക്കുകളും എല്ലാവരേയും അറിയിക്കുന്നതിനു നാം ആഗ്രഹിക്കുന്നു.

“ആദ്യമായി പൈതൃകവാത്സല്യത്തോടുകൂടി തിരുസ്സംഘാംഗങ്ങളായ കർദ്ദിനാളന്മാരെ നാം ആശ്ലേഷിക്കുന്നു. അവരുടെ സുകൃതങ്ങളും സ്നേഹവും യോഗ്യതകളും ചിരപരിചയംമൂലം നാമറിഞ്ഞിട്ടുണ്ടു്. പ്രത്യേകവിധത്തിലുള്ള സ്നേഹത്തോടുകൂടെ നമ്മുടെ അഭിവന്ദ്യസഹോദരന്മാരായ മെത്രാന്മാർക്കു നാം അഭിവന്ദനങ്ങൾ നല്കുന്നു. അതേസമയംതന്നെ വൈദികന്മാരേയും സന്യാസികളേയും,

ക്രിസ്തുവിന്റെ രാജ്യം വിസ്തൃതമാക്കുന്നതിനായി പ്രയത്നിക്കുന്നവരേയും, കത്തോലിക്കാപ്രവർത്തനത്തിന്റെ തണലിൽ മെത്രാന്മാർക്കു വിധേയരായി പവിത്രാധിപത്യത്തിന്റെ പ്രേഷിതജോലിയിൽ സഹകരിക്കുന്നവരേയും നാം ആശീർവ്വദിക്കുന്നു. അവസാനമായി, ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വസിക്കുന്ന നമ്മുടെ എല്ലാ മക്കളേയും വിശിഷ്യ, ദാരിദ്രവും വേദനയും മൂലം ക്ലേശിക്കുന്നവരേയും നാം അനുഗ്രഹിക്കുന്നു. സകലരുടെമേലും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെ.

"ഈയവസരത്തിൽ തിരുസ്സഭയ്ക്കു വെളിയിലുള്ളവരെപ്പററിയും നാം ചിന്തിക്കുന്നു. പാപ്പാ തങ്ങൾക്കുവേണ്ടിയും സർവ്വവല്ലഭനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു എന്നറിയുന്നതു് അവരേയും സന്തുഷ്ടരാക്കുമല്ലോ. ഈ നമ്മുടെ സന്ദേശത്തോടൊരുമിച്ചു സമാധാനത്തിന്റെ ആശംസയും അതിനായുള്ള അഭ്യർത്ഥനയും നടത്തുന്നതിനും നാം ആഗ്രഹിക്കുന്നു. പവിത്രസ്മരണാർഹനായ നമ്മുടെ മുൻഗാമി വലിയ തീക്ഷ്ണതയോടുകൂടി ഉപദേശിക്കുകയും ശക്തിയേറിയ പ്രാർത്ഥനകൊണ്ടപേക്ഷിക്കുകയും പൂർണ്ണമനസ്സോടേ തന്റെ ജീവനെ ബലിയർപ്പിക്കുന്നതിനിടയാക്കുകയും ചെയ്തു. ആ സമാധാനത്തെപ്പററിയാണു നാം പ്രസ്താവിക്കുന്നതു്—ദൈവത്തിന്റെ മഹിമയേറിയ ദാനവും, നന്മനസ്സുള്ള സകലരുടേയും ആഗ്രഹവും സ്നേഹത്തിന്റേയും നീതിയുടേയും ഫലവുമായ സമാധാനം. ദൈവത്തിൽ ശാന്തിയനുഭവിക്കുന്ന ആളുകളുടെ സമാധാനത്തിനായും, ക്രിസ്തുവിന്റെ പവിത്രമായ സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ സമാധാനത്തിനായും, അവസാനമായി ദൈവാനുഗ്രഹത്തോടൊരുമിച്ചു മനുഷ്യവർഗ്ഗത്തിന്റെ ഉപരിനന്മയ്ക്കായി പരസ്പരം സഹകരിച്ചും വർത്തിക്കുന്നതിനു രാഷ്ട്രങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ട സമാധാനത്തിനായും നാം സകലരേയും ക്ഷണിച്ചുകൊള്ളുന്നു.

"പ്രതിബന്ധങ്ങളും ക്ലേശങ്ങളും നിറഞ്ഞ ഇക്കാലത്തു

സകലരും അത്യാശയോടുകൂടി പാർത്തിരിക്കുന്ന ആ സമാധാനത്തെ പ്രാപിക്കുന്നതിനു പ്രതിബന്ധങ്ങൾ ഉത്ഭവിക്കുന്നതായി കാണുകമൂലം രാഷ്ട്രങ്ങളെ ഭരിക്കുകയും അഭിവൃദ്ധിയിലേക്കും ഐശ്വര്യത്തിലേക്കും ജനങ്ങളെ നയിക്കുന്നതിനു ചുമതലപ്പെട്ടിരിക്കുകയും ചെയ്യുന്ന സകലർക്കും വേണ്ടി നാം പ്രത്യേകമായി ദൈവത്തോടു പ്രാർത്ഥിക്കുന്നു.

"അല്ലയോ പ്രിയപ്പെട്ട കർദ്ദിനാളന്മാരേ വന്ദ്യസഹോദരരേ പ്രിയമക്കളേ, ഇതാകുന്നു നമ്മുടെ പൈതൃകഹൃദയത്തിൽ ദൈവം അങ്കുരിപ്പിച്ച ആശംസ."

# മൂന്നാമദ്ധ്യായം.

---

## എവുജേനിയോ പച്ചെല്ലി.

റോമൻ നഗരത്തിൽക്കൂടി വളഞ്ഞുപുളഞ്ഞു മന്ദംമന്ദം പ്രവഹിച്ചുകൊണ്ടിരിക്കുന്ന റ്റെബർ നദിയുടെ ഇരുതീരങ്ങളിലുമുള്ള പട്ടണവിഭാഗത്തിൽ വിയാ ഡെല്ലി ഒർസീനി എന്നറിയപ്പെടുന്ന ഏതാനും തെരുവീഥികൾ സ്ഥിതിചെയ്യുന്നു. അവിടുത്തെ പ്രകൃതി ആകപ്പാടെ പ്രശാന്തമാണു്. അനാഡംബരതയും ആർഭാടരാഹിത്യവുംകൊണ്ടു പ്രശസ്തമായ ഒരു ജീവിതമാണു് അവിടത്തെ ജനങ്ങൾക്കു് പണ്ടു മുതൽതന്നെ ഹിതകരം. നഗരത്തിന്റെ ഇതരഭാഗങ്ങളിലുള്ള ഒച്ചപ്പാടൊന്നും അവിടെ കാണുമെന്നു തോന്നുന്നില്ല. ഈ സ്ഥാനത്തുനിന്നു നോക്കിയാലുള്ള കാഴ്ച അതീവമനോജ്ഞമാണു്. അംബരമദ്ധ്യംവരെ ഗംഭീരഭാവത്തിൽ ഉയർന്നുനില്ക്കുന്ന ബ്രഹ്മാണ്ഡമായ സെൻറു പീറ്റേഴ്സ് ബസിലിക്കായുടെ വിരാജമാനങ്ങളായ ഉന്നതഗോപുരവും സുവർണ്ണസുന്ദരമായ താഴികക്കുടവും നമുക്കു ദൃശ്യമാകുന്നു. പ്രശാന്തമായ ഈ തെരുവീഥികളിൽ ഒന്നിന്റെ അരികിലായി പ്രൗഢമനോഹരമായ ഒരു നാലുനില മാളിക നിലകൊള്ളുന്നുണ്ടു്. പലാസ്സോ പെദിക്കോനി എന്നാണു് അതിന്റെ പേരു്.

രാജപാതയ്ക്കഭിമുഖമായി നില്ക്കുന്ന ഈ മണിമന്ദിരത്തിലേക്കു ഒരു പടിവാതൽ കടന്നുവേണം പ്രവേശിക്കുവാൻ. അപ്പോൾ ആദ്യമായി നാം കാണുന്നതു് അങ്കണത്തിന്റെ ഒരു ഭാഗത്തു ശുദ്ധജലം നിരന്തരം പുറപ്പെടുവിച്ചുകൊണ്ടു നയനാകർഷകമായി സ്ഥിതിചെയ്യുന്ന ഒരു പ്രസ്രവണമാണു്. കഠിനവേനൽക്കാലത്തുപോലും അതിൽനിന്നു ചിന്നിച്ചിതറുന്ന ജാലത്തിനു യാതൊരു കുറവും ഉണ്ടായിരിക്കുകയില്ല. ഈ ഉറവിന്റെ സമീപത്തുനിന്നു

നോക്കിയാൽ ആ രമ്യഹർമ്മ്യത്തെപ്പററി ഏതാണ്ടൊരു ജ്ഞാനം നമുക്കു ലഭിക്കും. പ്രഭുമന്ദിരത്തിൻെറ ഒരു പ്രധാന ഭാഗത്തു പ്രതിഷ്ഠിതമായിരിക്കുന്ന ദൈവജനനിയുടെ സ്വരൂപമാണു നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നതു്. സുരഭിലകുസുമപല്ലവങ്ങളാൽ സമലംകൃതമായ പരിശുദ്ധ കന്യകയുടെ പാവന പാദപീഠത്തിങ്കൽ ഒരു ദീപം സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സദനത്തിൽ രൂഢമൂലമായിരിക്കുന്ന ദൈവമാതൃഭക്തിക്കു് ഇതു് ഒരു പ്രകടചിഹ്നമാണു്.

1876 മാർച്ചുമാസം രണ്ടാംതീയതി—ആ പ്രഭുമന്ദിരത്തിൻെറ ചരിത്രത്തിൽ സ്വർണ്ണലിപികളാൽ ആലേഖിതമാകേണ്ട ഒരു മഹാദിനമാണതു്. അന്നു് അതിൻെറ മൂന്നാംനിലയിൽ ഒരു ശിശു ജാതനായി. ആ പൈതൽ, കാലത്തിൻെറ പൂർണ്ണതയിൽ സംപ്രാപിക്കുവാനിരുന്ന മഹത്വത്തേയും മഹോന്നതസ്ഥാനത്തേയും മുൻകൂട്ടി കാണുന്നതിനു് അതിൻെറ മാതാപിതാക്കന്മാരായ ഡോണാ വിർജീനിയാ ഗ്രസിയോസിയ്ക്കും ഡോൺ ഫിലിപ്പോ പച്ചെല്ലിയ്ക്കും സാധ്യമായില്ല. പച്ചെല്ലി വംശത്തിൻെറ അഭിമാനസ്തംഭമായി, അഖിലലോകത്തിനും ആശാദീപമായി വിരാജിക്കാനിരുന്ന ആ പൊൻകുഞ്ഞിൻെറ ജനനത്തിൽ സ്വർഗ്ഗീയഗണങ്ങളും ആനന്ദഗീതാലാപം ചെയ്തിരിക്കണം: "ഈ കുഞ്ഞു നിങ്ങൾക്കു് ആനന്ദവും ആശ്വാസവും പ്രദാനം ചെയ്യും. ജനതതി അവൻെറ ജനനത്തിൽ സന്തോഷഭരിതരാകും. അവൻ കർത്താവിൻെറ മുമ്പിൽ വലിയവനായിരിക്കും . . . ഏലിയാസിൻെറ ആത്മാവോടും ശക്തിയോടും കൂടി ദൈവത്തിൻെറ മുമ്പിൽ അവൻ നടക്കും. അവൻ ജഗദീശനുവേണ്ടി ജനങ്ങളെ ഒരുക്കും.' വത്സരങ്ങൾ ഒരു അറുപത്തിരണ്ടു കൂടി കഴിയട്ടെ; ആ മാർച്ചു രണ്ടാംതീയതി വരട്ടെ; ഈ ശിശുവിനെ പന്ത്രണ്ടാം പീയൂസ് എന്ന മഹനീയനാമത്തോടുകൂടി. പത്രോസിൻെറ 261-ാമത്തെ പിൻഗാമിയായി പേപ്പൽസിംഹാസനത്തിൽ നമുക്കു കാണാം.

പന്ത്രണ്ടാം പീയൂസിന്റെ മാതാപിതാക്കന്മാർ



ഡോൺ ഫിലീപ്പോ പച്ചെല്ലി



ഡോണാ വിർജീനിയാ ഗ്രസിയോസി

ജനിച്ച ദിവസം തന്നെ അടുത്തുള്ള സാൻ ചെൽസോ പള്ളിയിൽവച്ച് ശിശുവിനു ജ്ഞാനസ്നാനം നല്കപ്പെട്ടു. മാമ്മോദീസായിൽ കുഞ്ഞിനു ലഭിച്ച പേരു് എവുജേനിയോ മരിയാ ഗ്യുസെപ്പേ ഗ്യൊവാനി എന്നാണു്. തങ്ങളുടെ വത്സലസന്താനത്തിനു പരിശുദ്ധ കന്യകയുടെയും വിശുദ്ധ യൗസേപ്പു പിതാവിൻേറയും സ്നേഹത്തിൻേറ പ്രേഷിതനായ വി. യോഹന്നാൻേറയും സ്വർഗ്ഗീയപരിപാലനം ഉണ്ടായിരിക്കണമെന്നുള്ളതായിരുന്നു ഭക്തരായ മാതാപിതാക്കന്മാരുടെ ആഗ്രഹം.

ഭാഗ്യസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ കാലം മുതൽ പച്ചെല്ലി വംശം പാപ്പാ സ്ഥാനത്തോടു് അസാധാരണമാംവിധം അനുബന്ധിതമായിക്കാണപ്പെടുന്നു. അദ്ദേഹത്തിൻേറ കാലത്താണു് പന്ത്രണ്ടാം പീയൂസിൻേറ പിതാമഹനായ മാർക്കാൻേറാണിയോപ്രഭു പൂർവ്വികസ്ഥാനമായ വിറേറർബോയിൽനിന്നു റോമിലേക്കു കുടുംബസമേതം താമസം മാററിയതു്. അദ്ദേഹത്തിൻേറ നിയമപഠനത്തിൽ നേതൃത്വം വഹിച്ചതു പ്രസിദ്ധനായ കർദ്ദിനാൾ കത്തറീനി ആയിരുന്നു. മാർക്കാൻേറാണിയോ പ്രഭുവിൻേറ അനിതരസാധാരണമായ ധീവിലാസവും സമർത്ഥമായ നയചാതുരിയും സുദൃഢമായ മതനിഷ്ഠയും കണ്ടു്, പേപ്പൽ രാജ്യങ്ങളുടെ പ്രധാന മന്ത്രിയായിരുന്ന കർദ്ദിനാൾ അൻേറാണെല്ലി അദ്ദേഹത്തെ ആഭ്യന്തരവകുപ്പിലെ അണ്ടർസെക്രട്ടറിയായി നിയമിച്ചു. 1870 വരെ—ഇററാലിയൻ രാഷ്ട്രത്തിൻേറ അക്രമപരമായ കൈകടത്തൽമൂലം മാർപ്പാപ്പായുടെ രാജ്യങ്ങൾ മുഴുവനും കൊള്ളചെയ്യപ്പെട്ടതുവരെ—അദ്ദേഹം ഈ ഉദ്യോഗം പ്രശസ്തമായി നിർവ്വഹിച്ചുപോന്നു. ഭരണതന്ത്രജ്ഞനായ മാർക്കാൻേറാണിയോ പ്രഭുവിൻേറ സാമർത്ഥ്യത്താൽ ആകൃഷ്ടനായി, അദ്ദേഹത്തെ വശീകരിക്കുവാൻ ഇററാലിയൻരാജാവായ വിക്ടർ എമ്മാനുവേൽ ചില സൂത്രങ്ങളൊക്കെ പ്രയോഗിച്ചുനോക്കി. ഇററാലിയൻ സ്റ്റേററുകൌൺസിലിൽ അംഗമായിരിക്കുന്നതിനു് ഗവൺമെൻറു് അദ്ദേഹത്തെ ക്ഷണിച്ചു. പക്ഷേ, പ്രലോഭനീയങ്ങളായ പ്രസ്തുത സ്ഥാനമാന

ങ്ങളെ പ്രഭുക്കൾ അവർകൾ അഭിമാനപൂർവ്വം തിരസ്കരിക്കുകയാണു ചെയ്തതു്. അക്രമംകൊണ്ടും അനീതികൊണ്ടും ചക്രവർത്തിപദത്തിൽ കയറിപ്പററിയിരിക്കുന്ന ഒരു ഭരണാധിപൻെറ കൌൺസിൽ സാമാജികത്വത്തെക്കാൾ സത്യത്തിനും നീതിയ്ക്കുംവേണ്ടി വത്തിക്കാനിൽ കാരാലയവാസം അനുഭവിച്ചുകൊണ്ടു ധർമ്മസമരം നടത്തുന്ന ഒമ്പതാം പീയൂസിൻെറ ദാസനായിരിക്കുകയാണു് അദ്ദേഹത്തിനു് ആനന്ദകരമായിരുന്നതു്. നൂറാമത്തെ വയസ്സിലുള്ള മരണംവരെ അദ്ദേഹം പീയൂസ് നവമൻെറ വിശ്വസ്തദാസനായി വർത്തിച്ചു.

മാർക്കോണിയോ പച്ചെല്ലി പ്രഭുവിൻെറ ഏഴു സന്താനങ്ങളിൽ ഒരുവനാണു് 'ബാങ്കോ ഡി റോമാ' എന്ന ബാങ്കിൻെറ സ്ഥാപകൻ. മറെറാരു പുത്രനാണു് 'റോമൻ യൂണിയൻ' എന്ന കത്തോലിക്കാ കക്ഷിയുടെ നായകന്മാരിൽ ഒരുവനായിരുന്ന ഡോൺ ഫിലിപ്പോ പച്ചെല്ലി. വത്തിക്കാൻ ഭരണകൂടത്തോടു് ഇദ്ദേഹവും വളരെ ബന്ധപ്പെട്ടു നില്ക്കുന്ന പ്രാധാന്യമേറിയ ഒന്നിലധികം ഉദ്യോഗങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ടു്. വത്തിക്കാൻ കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നല്കുന്നതിനു നിയുക്തമായിരിക്കുന്ന 'കൺസിസ്റ്റോറിയൽ അഡ്വൊക്കേററു്' എന്ന പണ്ഡിതസംഘത്തിലെ ഒരു പ്രമുഖാംഗം എന്നുള്ളതു കൂടാതെ, അതിൻെറ ഡീൻ എന്ന നിലയിലും അദ്ദേഹം വളരെ ഉത്തരവാദിത്വമുള്ള കൃത്യങ്ങൾ സുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ടു്. ഡോൺ ഫിലിപ്പോയുടെ ഭാര്യാപദം അലങ്കരിച്ചതു് വിർജീനിയ ഗ്രസിയോസി എന്ന പ്രഭ്വിയാണു്. ഭക്തയും സുശീലയും ആയിരുന്ന ഈ മഹതി റോമിലെ ഒരു പട്രീഷ്യൻ കുടുംബത്തിലെ അംഗമായിരുന്നു. അനുഗൃഹീതരായ ഈ ദമ്പതിമാർക്കു് ദൈവം പ്രദാനം ചെയ്ത നാലു വത്സലസന്താനങ്ങളിൽ രണ്ടാമനാണു് ഇന്നു ലോകവന്ദ്യനായിത്തീർന്നിരിക്കുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്.

എവുജേനിയോയുടെ ജ്യേഷ്ഠസഹോദരനായ ഫ്രാൻസേസ്കോ പിതാവിനെ അനുകരിച്ചു് അഭിഭാഷകവൃത്തി

തന്നെ സ്വീകരിച്ചു. അദ്ദേഹവും കൺസിസ്റ്റോറിയൽ അഡ്വൊക്കേററുദ്യോഗം ദീർഘനാൾ വഹിച്ചിട്ടുണ്ട്. വളരെക്കാലത്തേക്ക് ശത്രുഭാവത്തോടുകൂടിയ രണ്ടു വിഭാഗങ്ങളായി വേർതിരിഞ്ഞുനിന്ന ഇററാലിയൻ ജനതയെ തൃപ്തികരമായി അഭിരഞ്ജിപ്പിക്കുന്നതിനു 1928-ൽ രൂപവൽകൃതമായ ലാററൻ സന്ധിയിൽ ഡോൺ ഫ്രാൻസേസ്കോ അതിപ്രധാനമായ ഒരു ഭാഗം അഭിനയിച്ചിട്ടുണ്ട്. ഒരു നവ്യ വ്യവസ്ഥിതിതന്നെ സംജാതമാക്കത്തക്കവിധം ചരിത്രപ്രാധാന്യത്തോടുകൂടിയ പ്രസ്തുത ഉടമ്പടിയുടെ വശങ്ങളിൽ അദ്ദേഹത്തിൻെറ കാര്യക്ഷമതയും നയതന്ത്രജ്ഞതയും സുസ്പഷ്ടമായി പ്രകടിതമായിരിക്കുന്നു. ഈ വസ്തുത പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തന്നെ തൻെറ അവസാനത്തെ ക്രിസ്മസ് പ്രഭാഷണത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഫ്രാൻസേസ്കോയുടെ സമർത്ഥസേവനത്തിലുള്ള സംതൃപ്തി രേഖപ്പെടുത്തുവാനായി പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ട് മാർക്വിസ് സ്ഥാനത്തേക്ക് അദ്ദേഹത്തെ ഉയർത്തി. അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാർ പന്ത്രണ്ടാം പീയൂസിൻെറ അംഗരക്ഷകന്മാരായ നോബിൾ ഗാർഡ്സ് എന്ന മാടമ്പിമാരുടെ ഗണത്തിലുണ്ട്.

കത്തോലിക്കാസഭയോട് ഇററാലിയൻ രാഷ്ട്രം സന്ധി ചെയ്ത ദിവസം മാർക്വിസ് ഫ്രാൻസെസ്കോയും കർദ്ദിനാൾ പച്ചേല്ലിയും കൂടി തങ്ങളുടെ മാതാപിതാക്കന്മാരുടെ ശ്മശാനഭൂമി സന്ദർശിക്കുകയും അവിടെ സ്ഥാപിക്കപ്പെട്ടിരുന്ന സ്മാരകങ്ങളിൽ സന്തോഷസൂചകമായി ഹാരമണിയിക്കുകയും ചെയ്തുവെന്നുള്ളതും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഇങ്ങനെ ജീവിതവിശുദ്ധികൊണ്ടും ആഭിജാത്യം കൊണ്ടും സമ്പൽസമൃദ്ധികൊണ്ടും സാമുദായികപ്രാധാന്യം കൊണ്ടും അനുഗൃഹീതമായ ഒരു കുടുംബത്തിലെ അംഗമാണ് എവുജേനിയോ പച്ചേല്ലി— ഇന്നത്തെ 12-ാം പീയൂസ്.

ഇതരബാലസാധാരണമായ ജീവിതരീതി മാത്രമേ പച്ചെല്ലിയിൽ നാം കാണുന്നുള്ളു. ദിവ്യപൂജാർപ്പണമായിരുന്നു ഒരു പ്രധാന വിനോദം. അതിൽ പങ്കെടുക്കാൻ സമൎത്ഥന്മാരായ കുറെ സഖാക്കളും കാണും. ഈ സമയത്തു് എവുജേനിയോയിൽ കാണപ്പെടുന്ന ഗൗരവഭാവം കാണേണ്ടതു തന്നെയാണു്. മതപ്രചാരണത്തിനുവേണ്ടി വിദൂരദേശങ്ങളിൽപ്പോയി വീരത്യാഗങ്ങൾ നടത്തി ക്രിസ്തുനാഥനുവേണ്ടി ജീവാർപ്പണം ചെയ്യുന്ന ധീരപ്രേഷിതന്മാരുടെ മഹനീയ മാതൃകകൾ ബാലകന്റെ ഹൃദയത്തെ വികാരഭരിതമാക്കുമായിരുന്നു. ഒരു ദിവസം ഈ വിവരം കുട്ടി അമ്മയെ അറിയിക്കുകയുണ്ടായി. എന്നാൽ, ഒരു സംഗതി പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടു്; മിഷ്യനറിമാരുടെ പ്രവർത്തനങ്ങളെ മാത്രമേ പച്ചെല്ലി ആഗ്രഹിച്ചുള്ളു. ത്യാഗപൂർണ്ണമായ ജീവിതത്തിനും ക്ലേശകരമായ പ്രവർത്തനങ്ങൾക്കും തയ്യാർ; പക്ഷെ, രക്തസാക്ഷിത്വം മാത്രം പച്ചെല്ലിയ്ക്കു വേണ്ട!! എന്നാൽ, ആ ബാലകനുണ്ടോ അറിഞ്ഞു, ഒരു കാലത്തു കത്തോലിക്കാസഭാ ഭരണകൂടത്തിന്റെ അത്യുച്ചസ്ഥാനത്തിരുന്നുകൊണ്ടു പ്രേഷിതന്മാരെ നിയോഗിക്കുകയും അവരുടെ ക്ലേശങ്ങൾ കാണുകയും അവരുടെ പീഡനങ്ങളിൽ ഭാഗഭാക്കാകുകയും—ഒററ വാക്കിൽ—രക്തം കൂടാതെയുള്ള രക്തസാക്ഷിത്വം അനുഭവിക്കുകയും ചെയ്യുക എന്നതായിരിക്കും തന്റെ ജീവിതോദ്യോഗമെന്നു്!!

ഗൃഹത്തിൽ വച്ചുള്ള ചുരുങ്ങിയ കാലത്തെ അഭ്യസനത്തിനുശേഷം കുട്ടി വിസ്കോന്തി വ്യാകരണശാലയിലേക്കു് അയയ്ക്കപ്പെട്ടു. ഒരു ഗവമ്മെൻറു സ്കൂളായ വിസ്കോന്തി വിദ്യാലയത്തിൽ പച്ചെല്ലിയെ കാണുകയെന്നതു നമുക്കു വിസ്മയജനകമായിരിക്കാം. ഇററാലിയൻ രാഷ്ട്രം കത്തോലിക്കാസഭയോടു പ്രദർശിപ്പിച്ച നിന്ദ്യമായ മനോഭാവത്തെപ്പററി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വത്തിക്കാൻ രാജ്യങ്ങളെ കൈയ്യടക്കിയതോടുകൂടി സഭയുടെ വിദ്യാലയങ്ങളേയും രാഷ്ട്രം കീശയിലാക്കി. ഈശോസഭക്കാർ പ്രശസ്തമായി നടത്തിക്കൊണ്ടുപോന്ന അനേകം

വിദ്യാലയങ്ങളിൽ ഒന്നായ വിസ്കോന്തി സ്കൂളും 1870-ൽ ഇങ്ങനെ സർക്കാർ കരസ്ഥമാക്കി. ഏതാദൃശമായ ഒരു വിദ്യാലയാന്തരീക്ഷത്തിലുള്ള സംശയാസ്പദമായ സാന്മാർഗ്ഗികതയിൽ വിഹരിക്കുന്ന ബാലകൻെറ സ്വഭാവസംസ്കരണത്തിൽ മാതാപിതാക്കന്മാർ അന്യൂനമായ ശ്രദ്ധ സദാ ചെലുത്തിക്കൊണ്ടാണിരുന്നതു്. മതശിക്ഷണത്തിൽ അശ്രദ്ധമായിരിക്കുന്ന രാഷ്ട്രവിദ്യാലയങ്ങളിൽ മനുഷ്യൻെറ അധമാംശത്തിനു മാത്രമേ അഭ്യസനം ലഭിക്കുന്നുള്ളു. അതിൻെറ ദൂഷ്യം പരിഹൃതമാകേണ്ടതു മതനിഷ്ഠയോടു കൂടിയ അന്തരീക്ഷമുള്ള പള്ളിക്കൂടങ്ങളിൽ, അല്ലെങ്കിൽ മതഭക്തരായ മാതാപിതാക്കന്മാരുടെ രക്ഷാകരമായ സ്വാധീനശക്തി സഫലമായി പ്രയോഗിക്കാവുന്ന ഗാർഹിക മണ്ഡലത്തിൽ വച്ചാണു്. പച്ചെല്ലി കുടുംബത്തിൽ നാം കാണുന്ന മതപ്രധാനമായ ശിക്ഷണക്രമം സമ്പൂർണ്ണം അനുകരണീയമത്രെ. പച്ചെല്ലിയുടെ സ്വഭാവരൂപവൽക്കരണത്തിൻെറ അതിപ്രധാനമായ ഒരു ഘട്ടമാണിതു്.

വിസ്കോന്തി വിദ്യാലയത്തിലെ ലോകശാസ്ത്രാഭ്യസനം തൃപ്തികരമായിരുന്നു എന്നുള്ള വാസ്തവം നാം വിസ്മരിക്കുന്നില്ല. പക്ഷേ, അവിടത്തെ നയം അതേപടി ആദരണീയമല്ലെന്നു പറയുകതന്നെ വേണം. മതവും മതതത്ത്വങ്ങളും മതാചാര്യന്മാരും അവിടെ ഭത്സിക്കപ്പെട്ടുന്നുവെങ്കിൽ ചോദിക്കാനാരുമുണ്ടായിരുന്നില്ല. ഏതു വിഷയത്തിൽ നിന്നും മതത്തെയും ദൈവത്തെയും അകററി നിറുത്തുകയെന്ന ഹീനമായ പദ്ധതിയായിരുന്നു അവിടെ സാമാന്യേന സ്വീകരിക്കപ്പെട്ടിരുന്നതു്. ഇതിനു് ഒരുദാഹരണം എവുജെനിയോ പച്ചെല്ലിയുടെ വിദ്യാലയജീവിതത്തിൽ കാണുന്നുണ്ടു്. ഒരു ദിവസം 'ചരിത്രം നിർമ്മിക്കത്തക്കവിധം വ്യക്തിമാഹാത്മ്യത്തോടുകൂടി ശ്രേഷ്ഠജീവിതം നയിച്ചിട്ടുള്ള ഒരു മഹാനെ'പ്പററി ഒരുപന്യാസമെഴുതുവാൻ അദ്ധ്യാപകൻ കുട്ടികളോടു് ആവശ്യപ്പെട്ടു. ഒരു വിദ്യാർത്ഥി വിശുദ്ധ അഗസ്റ്റിനോസിനെയാണു പ്രബന്ധവിഷയമായി സ്വീകരിച്ചതു്. ഇതിൽ അദ്ധ്യാപകൻ അതീവകുപിതനായി കാണപ്പെട്ടു. അഗസ്റ്റിനോസ് അത്രയ്ക്കും ചരിത്രപ്ര

ധാന്യമുള്ള ഒരു മഹാനാണോ? അദ്ധ്യാപകന്റെ മുഖം കോപകലുഷിതമായി. അദ്ധ്യേതാവിന്റെ അവിവേകത്തേയും ബുദ്ധിഹീനതയേയും അദ്ദേഹം പരസ്യമായി അധിക്ഷേപിച്ചു. ഇതിനുള്ള സമാധാനം നല്കുന്നതിനു് എഴുന്നേററ ധീരബാലനായ എവുജേനിയാണു്. തന്റെ അഭിപ്രായമനുസരിച്ചായിരുന്നു ആ സഹപാഠി പ്രസ്തുത വിഷയം തിരഞ്ഞെടുത്തതെന്നു പാച്ചെല്ലി സമ്മതിച്ചു. പക്ഷെ, അതിലുള്ള അസാംഗത്യമെന്തു്? സാഹിത്യലോകത്തിലും പണ്ഡിതമണ്ഡലങ്ങളിലും സംപൂജ്യനായി പരിലസിക്കുന്ന വി. അഗസ്റ്റീനോസ് ചരിത്രം സൃഷ്ടിച്ച് ഒരു മഹാവ്യക്തിയല്ലേ? സുദീർഘമായ ഒരു വാദപ്രതിവാദത്തിനുപോലും നമ്മുടെ വിദ്യാർത്ഥി സന്നദ്ധനായിരുന്നു.

ഇററാലിയൻ സർക്കാർസ്കൂൾ! മതനിഷ്പക്ഷതയുടെ മറവിൽനിന്നുകൊണ്ടു മതവിദ്വേഷവും ലൌകായതികത്വവും ബാലഹൃദയങ്ങളിൽ രൂഢമൂലമാക്കുന്ന രാഷ്ട്രവിദ്യാലയങ്ങളുടെ ഒരു നഗ്നരൂപം! വേറെ എന്തഭിപ്രായം നാം പറയും?

കരിനിഴൽ നിറഞ്ഞ ചരിത്രപക്ഷങ്ങളിൽ കാണപ്പെടുന്ന ഈദൃശ ദുരനുഭവങ്ങൾ കത്തോലിക്കർക്കു പുത്തരിയൊന്നുമല്ല. സമിതീകരണപ്രണയിതാക്കൾ അവശ്യപ്പെടുന്ന വിദ്യാഭ്യാസകുത്തകയെ കത്തോലിക്കരും, സന്താനങ്ങളുടെ നല്ല വളർത്തലിൽ ശ്രദ്ധിക്കുന്ന പൌരജനങ്ങളും, എന്നും പ്രതിഷേധിച്ചുകൊണ്ടിരിക്കുന്നതു വൃഥാ ആണോ? പ്രാഥമിക വിദ്യാഭ്യാസകാലത്തുണ്ടായ ഈ അവഹേളനം പാച്ചെല്ലിയുടെ ഓർമ്മയിൽനിന്നു് ഒരു കാലത്തും മറഞ്ഞുപോയിട്ടില്ല. വിദ്യാഭ്യാസവിഷയത്തിൽ രാഷ്ട്രം അനഭിലഷണീയവും അനീതിപരവുമായ കുത്തകനയം സ്വീകരിക്കുകയെന്നതു് രാജ്യദ്രോഹവും രാജദ്രോഹവും ആയിട്ടേ പരിണമിക്കുകയുള്ളൂ. പാപ്പാസ്ഥാനത്തു പ്രവേശിച്ചതിനു ശേഷം അവിടുന്നു മർദ്ദനമനുഭവിക്കുന്ന ജർമ്മൻ മെത്രാന്മാർക്കയച്ച തിരുവെഴുത്തിൽ വിദ്യാഭ്യാസത്തെപ്പററി കാണുന്ന ഭാഗം എഴുതിയപ്പോൾ തന്റെ ബാല്യത്തിലെ അനുഭവം തിരുമനസ്സുകൊണ്ടു് ഓർമ്മിച്ചിരിക്ക

ണം. യുവഹൃദയങ്ങളുടെ ഉത്തമമായ രൂപവൽകരണത്തിൽ സഭയ്ക്കുള്ള അനിഷേധ്യങ്ങളായ അവകാശങ്ങളെ ചോദ്യം ചെയ്യുന്നതിനു മുതിർന്ന ജർമ്മൻ ഭരണനായകന്മാരുടെ അപലപനീയമായ മർദ്ദനനയത്തെ സുധീരം പ്രതിഷേധിച്ചും സഭയുടെ പരിപാവനങ്ങളായ അവകാശങ്ങൾക്കുവേണ്ടി സദാ വാദിച്ചുംകൊണ്ടിരുന്ന വൈദികമേലദ്ധ്യക്ഷന്മാരെ മുക്തകണ്ഠം അഭിനന്ദിച്ച് അവിടുന്നു പ്രസ്താവിക്കുന്നതു കേട്ടാലും:

"നിങ്ങളുടെ രാജ്യത്തു നിർബന്ധപൂർവ്വമായ രാഷ്ട്രീയ വിദ്യാലയങ്ങൾ നിലവിലിരിക്കുന്നുണ്ട് എങ്കിൽ, ധരിക്കുക—കത്തോലിക്കർക്ക് അവരുടെ സ്വന്തമായ സ്കൂളുകൾ നടത്തുന്നതിനുള്ള അവകാശത്തെ ഒരിക്കലും വിട്ടുകൊടുക്കുവാൻ പാടുള്ളതല്ല. പരിശുദ്ധ സിംഹാസനവും ജർമ്മനിയും തമ്മിലുള്ള ഉടമ്പടിയും സ്പൃഹണീയമായ പാരമ്പര്യനിയമാദികളും വഴി കത്തോലിക്കാ സ്കൂളുകൾ നടത്തുന്നതിനുള്ള അവകാശത്തെ സഭയ്ക്ക് ആവശ്യപ്പെടുക തന്നെ ചെയ്യാവുന്നതാണ്. കത്തോലിക്കാ മതപഠനക്കളരികളോടൊപ്പം, തഴച്ചു വളർന്നിരുന്ന കത്തോലിക്കാ പ്രൈവറ്റ് വിദ്യാലയങ്ങളും—കന്യാസ്ത്രീകളാൽ നടത്തപ്പെട്ടുപോന്നിരുന്ന ബാലികാപാഠശാലകളെ നാം പ്രത്യേകം അനുസ്മരിക്കുന്നു --മതമർദ്ദനപ്രവാഹത്തിൽപ്പെട്ടു നാമാവശേഷമായതു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്."

"പ്രസ്തുത സ്ഥാപനങ്ങളെ കയ്യൂക്കുകൊണ്ട് അമർത്തിയതും മർദ്ദനനയത്താൽ ഞെരുക്കിയതും എല്ലാം സാക്ഷാത്തായ ക്രൈസ്തവ വിദ്യാഭ്യാസം നൽകുന്നതിന് അവയ്ക്കുള്ള സ്തുത്യർഹമായ കഴിവുകളെ വിളിച്ചറിയിക്കുന്ന ഏററം തൃപ്തികരമായ തെളിവുകൾതന്നെ.

"നാഷണലിസത്തിൻെറ ഈ അക്രമപരമായ വർത്തനത്തെയും ദുഷിച്ച തത്വങ്ങളെയും നിങ്ങൾ സർവ്വശക്തിയുമുപയോഗിച്ചും കാര്യക്ഷമമായും കർത്തവ്യബോധത്തോടെയും എതിർത്തിട്ടുണ്ട്. ജർമ്മൻ ജനതയിൽ ഉത്തമ

ന്മാരായിരുന്നവർ നിങ്ങളുടെ ഭാഗത്തു നിലകൊള്ളുകയും ചെയ്തു. നിങ്ങളെ ഹാർദ്ദമായി അഭിനന്ദിക്കയും പരസ്യമായി പ്രഖ്യാപനം ചെയ്യുകയും ചെയ്യേണ്ട ഈ സംഗതികൾ നാം നല്ലവണ്ണം അറിഞ്ഞുകൊണ്ടാണു് ഇരുന്നതു്.''

വിസ്റ്റാതി വിദ്യാലയത്തിലെ നയം മററു പല പാഠശാലകളും അനുകരിച്ചിരിക്കുന്നുമെന്നുള്ളതിൽ സംശയമില്ല. വിനാശകരമായ ഈ ദുഷിച്ച പദ്ധതി വിദൂരമല്ലാത്ത ഭാവിയിൽ രാഷ്ട്രത്തിന്റെ അധഃപതനത്തിനും ജനതയുടെ അവമാനത്തിനും കാരണമായിത്തീരുമെന്നു് അവർ അറിഞ്ഞിരുന്നോ? ജർമ്മനിയുടെ വിനാശത്തിനു ബീജാവാപം ചെയ്തതു് അവിടത്തെ പ്രാഥമിക വിദ്യാലയാധികൃതന്മാരായിരുന്നെന്നു ഫ്രെയിബർഗ്ഗിലെ മെത്രാപ്പോലീത്താ, ഗ്രോബർ തിരുമനസ്സുകൊണ്ടു്, സകാരണം പ്രസ്താവിക്കുന്നു. ഇററലിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ വാക്കുകൾ അന്വർത്ഥങ്ങളാണു്.

“ജർമ്മൻ യുവാക്കളുടെ ധാർമ്മികാധഃപതനത്തിനും ജർമ്മൻ ജനതയുടെ സമ്പൂർണ്ണവിനാശത്തിനും ഉത്തരവാദികൾ ജർമ്മനിയിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരാണെന്നു പറയാതെ തരമില്ല....' തിരുമേനി തുടരുന്നു, “പല കത്തോലിക്കാ വിദ്യാർത്ഥികളെയും, അവർ ദിവ്യബലിയിലോ മതപരമായ പ്രദക്ഷിണങ്ങളിലോ സംബന്ധിക്കുന്നു എന്ന കാരണം വച്ചുകൊണ്ടു്, അദ്ധ്യാപകന്മാർ മർദ്ദിച്ചുവന്നു. പാഠശാലകളിൽ നിന്നു് അവർ ക്രൈസ്തവഗ്രന്ഥങ്ങളെ പുറംതള്ളുകയും, സഭയേയും പൌരോഹിത്യത്തെയും അവഹേളിക്കുന്ന പുസ്തകങ്ങൾ കുട്ടികൾക്കു ധാരാളം നല്കുകയും ചെയ്തു.''

ഇററലിയും ജർമ്മനിയും—രണ്ടു കുരുടന്മാർ—ഒരേ മാർഗ്ഗത്തിൽക്കൂടി ചരിച്ചു രണ്ടുപേരും ഒരേ നാശഗർത്തത്തിൽ നിപതിക്കുകയും ചെയ്തു. ലൗകായതികന്മാരുടെ വിദ്യാഭ്യാസപദ്ധതികൾനിമിത്തം ലോകത്തിനാകമാനം വന്നുചേരാവുന്ന വിപത്തുകളെ പന്ത്രണ്ടാം പീയൂസ് വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. “അദ്ധ്യാപകന്മാർ മാതാപിതാക്കന്മാരുടെ പ്രതിനിധികളും പ്രതിപുരുഷന്മാരു

മാണെ"ന്നുള്ള അവിടത്തെ പ്രസ്താവന അധ്യാപകലോകത്തിനു വലിയ ഒരുദ്‌ബോധനമാണു്.

പച്ചെല്ലിയുടെ വിദ്യാർത്ഥിജീവിതം സർവ്വപ്രകാരേണയും വിജയപ്രദമായ ഒന്നായിരുന്നു. വ്യാകരണസ്കൂളിൽ വിവിധഭാഷാഭ്യസനത്തിനുള്ള പ്രഥമസ്ഥാനം എവുജേനി തന്നെയാണു് എന്നും കരസ്ഥമാക്കിക്കൊണ്ടിരുന്നതു്. മാത്രമല്ല, അവസാനത്തെ പരീക്ഷയിൽ ചരിത്രത്തിനുള്ള സ്വർണ്ണമെഡലിനും പച്ചെല്ലിതന്നെ അർഹനായി. അന്നത്തെ അദ്ധ്യാപകന്മാരിൽ ഒരുവനായ അന്റോണിയോ നെവിയാനി ഇന്നും ജീവിച്ചിരിപ്പുണ്ടു്. അദ്ധ്യയനകാലത്തു് "പ്രശാന്തഗംഭീരമായ ഭാവത്തോടുകൂടിയും, പരിശ്രമശീലവും ധിഷണാവിലാസവും ഒത്തിണങ്ങിയ സ്വഭാവത്തോടുകൂടിയും" ഏവരുടേയും സ്നേഹപാത്രമായി പരിലസിക്കുന്ന എവുജേനിയെ അദ്ദേഹം അന്നത്തേതുപോലെ തന്നെ ഇന്നും അനുസ്മരിക്കുന്നു.

എവുജേനിയുടെ പഠനപാടവവും ബുദ്ധിചാതുരിയും കണ്ടവർ ആ യുവാവു സമർത്ഥനായ ഒരു അഭിഭാഷകനായിത്തീരുമെന്നു ധരിച്ചുപോയി. പക്ഷേ, പച്ചെല്ലിയുടെ അന്തരംഗത്തു രൂഢമൂലമായിരുന്ന ഹൃദയാഭിലാഷം ഒരു പുരോഹിതനായിത്തീരണമെന്നതായിരുന്നു. അതു വെറും ഒരു തോന്നലല്ല, പരിപക്വമായ പരിചിന്തനത്തിന്റേയും സുതീക്ഷ്ണമായ പ്രാർത്ഥനയുടേയും പരിണതഫലമായിരുന്നു ആ നിശ്ചയം. സഹപാഠികൾപോലും അതറിഞ്ഞില്ല.

കപ്രാനിക്കാ സെമിനാരിയിലാണു് അദ്ദേഹം വൈദികവിദ്യാഭ്യാസം സമാരംഭിച്ചതു്. എന്നാൽ, അവിടത്തെ ജീവിതത്തിൽ അനുഭൂതമായ കാർക്കശ്യവും, ശാസ്ത്രപഠനത്തിലുള്ള ക്ലേശപൂർണ്ണതയും പച്ചെല്ലിയുടെ ആരോഗ്യത്തെ ശിഥിലമാക്കുകയാൽ ആ കൊല്ലത്തിന്റെ അവസാനത്തിൽ സെമിനാരിയോടു യാത്രപറയുവാൻ അദ്ദേഹം നിർബന്ധിതനായി. അപ്രതീക്ഷിതമായ ഈ പ്രതിബന്ധം നമ്മുടെ യുവാവിന്റെ ഹൃദയത്തെ വളരെ സ്പർശിച്ചിരിക്ക

ണമെന്നുള്ളതു തീർച്ചയാണ്. തൻെറ പ്രതീക്ഷാസൗധം അടിയോടെ പൊട്ടിത്തകർന്നു നിലംപതിക്കുകയോ? താലോലിച്ചു പരിരക്ഷിച്ചുകൊണ്ടുവന്ന ആശാലതിക ഇളം പ്രായത്തിൽത്തന്നെ വാടിക്കരിഞ്ഞു നശിക്കുകയോ ഡോക്ടർമാർ വിധിച്ച പരിപൂർണ്ണമായ വിശ്രമം അനുപേക്ഷണീയമാണെന്ന്. എന്നാൽ പഠനമോ അതുപേക്ഷിക്കുവാൻ യുവാവിനു സമ്മതമായിരുന്നില്ല. ഇതു് ഒരു മഹാപ്രശ്നമായി. ഡോൺ ഫിലിപ്പോ അധികൃതന്മാരുമായി വേണ്ട ആലോചനകൾ നടത്തിയതുകൊണ്ടു സംഗതി ശുഭകരമായി പര്യവസാനിച്ചു. സ്വന്തഗൃഹത്തിൽത്തന്നെ താമസിക്കുകയും ദിവസവും സെമിനാരിയിൽപ്പോയി അഭ്യസനം നടത്തുകയും ചെയ്യുകൊള്ളുവാൻ അദ്ദേഹത്തിനു് അസാധാരണമായ ഒരനുവാദം സംലബ്ധമായി.

ഇതനുസരിച്ചു് എന്നും ക്ലാസിനു സമയമാകുമ്പോൾ എവുജെനി സെമിനാരിയിൽ ഹാജരാകണം. ഗൃഹത്തിൽ വന്നാൽ സെമിനാരിയിലേതുപോലെതന്നെ കൃത്യബോധത്തോടുകൂടി ജീവിക്കുകയും വേണം. എന്നാൽ, പച്ചെല്ലിയുടെ ഗൃഹജീവിതം സെമിനാരി ജീവിതത്തെക്കാൾ നിഷ്കൃഷ്ടമായിരുന്നെന്നു പറയേണ്ടിയിരിക്കുന്നു. വൈദികശിക്ഷണകാലം സുനിശ്ചിതമായ നിയമപരിധിക്കുള്ളിൽ കഴിക്കേണ്ടതിൻെറ ആവശ്യകതയും അതിൻെറ അഭിലഷണീയതയും അദ്ദേഹത്തിനു നേരത്തേ ബോധപ്പെട്ടിരുന്നു. റോമിലെ വൈദികവിദ്യാർത്ഥികളോടും, അവർ വഴി ലോകത്തിലെ സകല സെമിനാരിക്കാരോടുമായി 1939 ജൂൺ 24-ാംതീയതി 12-ാം പീയൂസ് നടത്തിയ പ്രഭാഷണത്തിൽ അവിടുത്തെ വൈദികശിക്ഷണഫലം തന്നെയാണു പ്രതിഫലിക്കുന്നതു്. വൈദികസ്ഥാനാർത്ഥികൾ അഭ്യസനകാലത്തു നടത്തേണ്ട നിസ്തന്ദ്രമായ ജ്ഞാനസമ്പാദനത്തേയും അതിനു സ്വീകരിക്കേണ്ട അംഗീകൃതരീതികളേയും പററി അവിടുന്നു സരസമായി പ്രതിപാദിക്കുന്നു. അവർ വിശുദ്ധിയുടേയും വിജ്ഞാനത്തിൻേറയും വിളനിലമായി ആദ്ധ്യാത്മിക പാലകന്മാരായിത്തീരണമെന്നുള്ളതാണു് അവിടുത്തെ അഭിലാഷം. പ

ന്ത്രണ്ടാം പീയൂസ് തന്റെ ശിക്ഷണകാലത്ത് അനുവർത്തിച്ച ആദർശം മാത്രമാണിവ. അദ്ദേഹത്തിന്റെ ഗൃഹ-സെമിനാരി ജീവിതം അതിനുത്തമസാക്ഷ്യം നല്കുന്നു. എവിടേയും ഒരുത്തമ വൈദിക വിദ്യാർത്ഥിയായി എവുജേനിയെ നാം കാണുന്നതാണ്.

പച്ചേല്ലിയുടെ നാശോന്മുഖമായ ആരോഗ്യത്തെ പരിഗണിച്ചു ഭിഷഗ്വരന്മാർ ചില പ്രത്യേകതകൾ അനുവദിച്ചിരുന്നു. പ്രതിദിനം പ്രഭാതവേളയിൽ ഔഷധപാനമായി ഒരു കുതിരസവാരി നടത്തണമെന്നുള്ളതായിരുന്നു അവയിൽ ഒന്ന്. ഈ നിർദ്ദേശമനുസരിച്ച് എല്ലാം ദിവസവും കാലത്ത് അശ്വാരൂഢനായി, 'ആനന്ദശാദ്വലം' എന്ന അപരാഭിധാനമുള്ള 'റോമൻ കാമ്പാഗ്നാ'യിൽക്കൂടി അദ്ദേഹം മന്ദം മന്ദം യാത്രചെയ്യുന്നതു നമുക്കു കാണാം. പാതയുടെ ഇരുവശങ്ങളിലും തിങ്ങി ഉയർന്നു നില്ക്കുന്ന പൈൻവൃക്ഷങ്ങളുടെ നീണ്ട നിരകളും സമൃദ്ധമായി വളർന്നുവരുന്ന ഒലീവുതോട്ടങ്ങളുടെ ഹരിതശോഭയും നയനോല്ലാസകരമായ ഒരു കാഴ്ചയാണു അദ്ദേഹത്തിനു നല്കുന്നതു്. കുറേക്കൂടി ചെല്ലുമ്പോൾ, പൗരാണിക സംസ്കാരത്തിന്റെ സ്മാരകചിഹ്നങ്ങളായ ചില നഷ്ടശിഷ്ടങ്ങളുടെ കൂമ്പാരങ്ങൾ പ്രത്യക്ഷപ്പെടുന്നു. കണ്ണുകളെ ദൂരത്തിലേക്കു തിരിച്ചാൽ പല മഹാ നഗരങ്ങളുടേയും വിജയസ്തംഭങ്ങളെന്നവണ്ണം ആകാശത്തിൽ പൊങ്ങിനില്ക്കുന്ന സൗധങ്ങളും മണിമേടകളും സൂര്യപ്രകാശത്തിൽ പ്രദശോഭിക്കുന്നതായി ദൃഷ്ടിയിൽപ്പെടുന്നതാണ്. ഇപ്രകാരം സ്വച്ഛന്ദ സമാകർഷകമായ പ്രഭാതസഞ്ചാരം പച്ചേല്ലിയുടെ ഹൃദയത്തിൽ വളരെ ആനന്ദം ഉളവാക്കിയിരിക്കണം. 'ചക്ഷുപ്രീതികരമായ പ്രകൃതിരാമണീയകം തുളുമ്പുന്ന ഏതാദൃശ മനോഹരരംഗങ്ങളിൽ കൂടിയുള്ള ദീർഘയാത്രാവേളകളിലാണു പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നതിനുള്ള അഭിരുചി അദ്ദേഹത്തിൽ അങ്കുരിച്ചതു്. ഈ സ്വഭാവവിശേഷം പച്ചേല്ലിയുടെ ഭ വിജീവിതത്തിലെ പല ഘട്ടങ്ങളിലും നമുക്കു വ്യക്തമായി ദർശിക്കാൻ സാധിക്കും.

അവധികാലവും വിദ്യാസമ്പാദനത്തിലാണു പചെല്ലി വിനിയോഗിച്ചിരുന്നതു്. "വിശ്രമദിവസങ്ങൾ പോലും നിങ്ങൾ പഠനത്തിൽത്തന്നെ ചെലവഴിക്കുന്നതിൽ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം" എന്നു ഭാവിയിൽ വൈദികവിദ്യാർത്ഥിലോകത്തെ ശക്തിയുക്തം ഉദ്ബോധിപ്പിക്കുവാനിരുന്ന എവുജേനിസ്സു് സ്വന്തം ജീവിതം തന്നെ മാതൃകയായി പ്രകടിപ്പിക്കുവാൻ സാധിക്കും.

എവുജേനിയോ പചെല്ലിയോടു് അടുത്തു പരിചയമുള്ള സകലരും അദ്ദേഹത്തിൽ പ്രത്യേകം പ്രശംസിക്കുന്ന ഒരു സ്വഭാവവിശേഷം അദ്ദേഹത്തിൻെറ കൃത്യനിഷ്ഠയാണു്. തനിക്കുവേണ്ടി ഒരിക്കലെങ്കിലും കാത്തുനില്ക്കുവാൻ ആക്കും ഇടയാക്കിയിട്ടില്ലെന്നു് അദ്ദേഹത്തിനു് അഭിമാനിക്കാം. നിഷ്കൃഷ്ടമായ ഒരു ജീവിതപരിപാടിയുടെ വിശാന്തമായ അനുവർത്തനത്തിൽ അദ്ദേഹത്തെ അതിശയിക്കുന്നവരായി അധികംപേർ കാണുമെന്നു തോന്നുന്നില്ല. ഒരിക്കൽ മാത്രമേ അദ്ദേഹം ഇതിൽ വീഴ്ചക്കാരനായിട്ടുള്ളു. അതു് അദ്ദേഹം തന്നെ പിൽകാലത്തു പലപ്പോഴും വിവരിക്കാറുണ്ടായിരുന്നു.

ഒരവസരത്തിൽ അദ്ദേഹത്തിനു റോമിൽ പെട്ടന്നു ചെന്നെത്തേണ്ട ആവശ്യം നേരിട്ടു. ഒർവിയെറേറാ ആയിരുന്നു അടുത്ത തീവണ്ടി സ്റ്റേഷൻ. അവിടംവരെ കുതിരവണ്ടിയിൽ വേണ്ടിയിരുന്നു പോകുവാൻ. വണ്ടിക്കാരനായ സ്കൂപലബ്രൈറേറാ വരാൻ താമസിച്ചതുകൊണ്ടു് അദ്ദേഹം തന്നെ വണ്ടിയിൽ കയറി അതിവേഗം ഓടിച്ചുപോയി. മാർഗ്ഗമദ്ധ്യേയുള്ള സാൻലൊറേൻസോയിൽ ചെന്നപ്പോൾ കുതിര തനിയേ തിരിഞ്ഞുനിന്നു വണ്ടിക്കാരൻെറ മുഖത്തു നോക്കി. പചെല്ലിക്കു സംഗതി മനസ്സിലായി. അവിടെ വണ്ടി നിറുത്തിയിട്ടു് അടുത്തുള്ള മദ്യഷാപ്പിൽ കയറി കുടി കഴിഞ്ഞതിനുശേഷം കുറെ കുടിസ്സാധനം ആ കുതിരസ്സും കൊടുക്കുകയായിരുന്നു സ്കാലബ്രൈറേറായുടെ പതിവു്. അതനുസരിച്ചാണു്, വണ്ടിക്കാരൻ വേറെയാണെങ്കിലും, കുതിര തിരിഞ്ഞുനിന്നു നോക്കിയതു്. റോമിൽ അതിവേഗം ചെന്നെത്തേണ്ടിയിരുന്നതുകൊണ്ടു കുതിരക്കു

പതിവുള്ളതിന്റെ ഇരട്ടി കുടിക്കാൻ കൊടുക്കുന്നതിനു് അദ്ദേഹം മദ്യവില്പനക്കാരനെ വിളിച്ചു പറഞ്ഞു. കുടി കഴിഞ്ഞു പ്രേരണയൊന്നും കൂടാതെ തന്നെ ഉന്മത്തനായ കുതിര മുമ്പോട്ടു കുതിച്ചുചാടി. ആദ്യത്തെ കയററം ഞൊടിയിടകൊണ്ടു് അവൻ പാഞ്ഞു കയറി. ആ വേഗതയിൽ പോയിരുന്നെങ്കിൽ ആവശ്യമുള്ളതിന്റെ പകുതി സമയം കൊണ്ടു് ലക്ഷ്യത്തിൽ ചെന്നു ചേരുമായിരുന്നു. എന്നാൽ, കുറെ കഴിഞ്ഞപ്പോൾ അശ്വം ക്ഷീണിച്ചു കതക്കാൻ തുടങ്ങി. അവൻ നിശ്ചലനായി നിന്നു; പിന്നെ കിടക്കാനുള്ള മട്ടായി. പച്ചെല്ലിയുടെ ദൗർഭാഗ്യം എന്നല്ലാതെ എന്തുപറയട്ടെ. കിടന്നിട്ടു് എഴുനേല്ക്കാനുള്ള ഭാവമേ അവനില്ല! എന്തു ചെയ്യും! കുറെ ശ്രമിച്ചുനോക്കി. ഫലമുണ്ടായില്ല. തീവണ്ടിയുടെ സമയവും കഴിഞ്ഞു. റോം വരെ നടന്നു പോകുന്നതിനു് അദ്ദേഹം നിർബന്ധിതനായി. അങ്ങിനെ അദ്ദേഹത്തിന്റെ സമയവും തെററി, മററുള്ളവരുടെ പ്രതീക്ഷയും അസ്ഥാനത്തായി. മൃഗങ്ങളെയായാലും ദുശ്ശീലങ്ങൾ പഠിപ്പിക്കുന്നതു് അനർത്ഥകരമാണെന്നു് ഇതിൽനിന്നു് അദ്ദേഹം നല്ലപോലെ മനസ്സിലാക്കി.

S. M. Carmelite Hospice,
KANKANADY P.O. S.K.

# നാലാമദ്ധ്യായം.

---

## ഗുപ്പാരി.

ജന്മസിദ്ധമായ ബുദ്ധിവിലാസവും സമാർജ്ജിതമായ പരിശ്രമശീലവുംകൂടി ഒത്തിണങ്ങിയതുകൊണ്ടു് എവുജേനിയോ പച്ചെല്ലിയുടെ വിദ്യാർത്ഥി ജീവിതം വിജയശ്രീലാളിതമായിത്തീർന്നു. എല്ലാ വിഷയങ്ങളിലും അദ്ദേഹം തന്നെയാണു പ്രഥമസ്ഥാനം കരസ്ഥമാക്കിയതു്. ദൈവശാസ്ത്രം, കാനൻനിയമം, സിവിൽനിയമം ഇവയിൽ ഡോക്ടർ ബിരുദം—ഡി. ഡി., ഡി. സി. എൽ. (കാനൻ), ഡി. സി. എൽ. (സിവിൽ)—അദ്ദേഹത്തിനു സംസിദ്ധമായി. എന്നാൽ, വിജ്ഞാനത്തെക്കാൾ വിശുദ്ധിയ്ക്കാണു് എവുജേനി പ്രഥമസ്ഥാനം നല്കിയതു്. വിശുദ്ധിവിഹീനമായ വിജ്ഞാനം വ്യർത്ഥമാണെന്നു് അദ്ദേഹത്തിനു പണ്ടേ തന്നെ അറിയാമായിരുന്നു.

1899—ലെ മാർച്ചുമാസത്തിലാണു പച്ചെല്ലി പൗരോഹിത്യപദവിയിലേക്കു് ഉയർത്തപ്പെട്ടതു്. ക്രിസ്തുനാഥന്റെ വിജയദിനമായ ഈസ്റ്റർ പ്രഭാതത്തിൽ ഫാദർ പച്ചെല്ലി നവപൂജയർപ്പിച്ചു. 'സാന്താ മരിയ മജ്യോരെ' എന്ന ബസിലിക്കായിലെ ഒരു ചെറിയ ബലിപീഠമാണു' ഇതിനായി അദ്ദേഹം തിരഞ്ഞെടുത്തതു്. ദിവ്യനാഥനെ തന്റെ ബലഹീനങ്ങളായ കരങ്ങളിൽ ആദ്യമായി സംവഹിക്കുവാൻ സാധിച്ച ആ മഹാദിവസത്തെ, തന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സുദിനമായി അദ്ദേഹം പരിഗണിച്ചു. അദ്ദേഹം അത്യാശയോടെ പാർത്തിരുന്ന കാര്യം സാധിതമായി. ജീവിതത്തെയും പ്രവർത്തനത്തെയും സ്നേഹനാഥന്റെ തൃപ്പാദത്തിൽ നവവൈദികൻ സമർപ്പിച്ചു. ഇനി പുറകോട്ടു നോട്ടമില്ല; ദിവ്യയജമാനന്റെ ദ്രാക്ഷാരാമത്തിലേക്കു സസ്നേഹം ഇറങ്ങുക തന്നെ. അവിടുത്തെ ദിവ്യഭരണസ്ഥാപനത്തിനായി അ

വസാനംവരെ സമരം നടത്തണം; അജ്ഞാതമായ ഒരു ചെറിയ ഇടവകയിൽ അജ്ഞാതനായി ജീവിതം നയിക്കണം; ആത്മാക്കളുടെ രക്ഷക്കായി മരണംവരെ ക്ലേശിച്ചു ജോലി ചെയ്യണം. ഇത്ര്യൊക്കെയായിരുന്നു കൊച്ചച്ചൻെറ ഹൃദയത്തിൽ ഉദിച്ചുപൊങ്ങിയ ജീവിതാഭിലാഷങ്ങൾ. ഇവയെല്ലാം വെറും ആഗ്രഹങ്ങൾ മാത്രമായി ശേഷിക്കുമെന്നു അന്നദ്ദേഹം സംശയിച്ചതേയില്ല. പുരോഹിതൻ മാററി മെത്രാനായി. പിന്നെ മെത്രാപ്പോലീത്താ; കർദ്ദിനാൾ....എന്തിനു ഇതൊക്കെ ഇപ്പോഴേ പറയുന്നു! ഇതൊന്നും നമ്മുടെ കൊച്ചച്ചനു ചിന്തനീയമേ ആയിരുന്നില്ല. പിന്നെ ത്രിരേഖകമകുടത്തെപ്പററി പറയാനുണ്ടോ? കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ടു അംഗുലീചലനത്താൽമാത്രം കത്തോലിക്കാസഭയുടെ ഭാഗധേയങ്ങളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന റോമാ മാർപ്പാപ്പായുടെ മഹനീയ പദവി! അതെപ്പററി അന്നു ആരും ഓർത്തതേയില്ല.

നവപൂജാർപ്പണസ്മാരകമായി അദ്ദേഹം ബന്ധുമിത്രാദികൾക്കു നല്കിയ സ്മാരകചിത്രത്തിൻെറ പുറത്തു 'എവുജേനിയൂസ് പച്ചെല്ലി, റോമാനുസ്'—റോമാക്കാരനായ എവുജേനിയൂസ് പച്ചെല്ലി—എന്നച്ചടിച്ചു കാണുന്നു. ഇതു ഒരു പ്രത്യേകതയാണെന്നു സമ്മതിക്കുക തന്നെ വേണം. റോമായോടുള്ള സ്നേഹവും ഭക്തിയും റോമിൽത്തന്നെ ജനിക്കുന്നതിനിടയായതിലുള്ള ചാരിതാർത്ഥ്യവുമായിരിക്കണം ഈ 'റോമാക്കാരൻ' അഭിവ്യഞ്ജിപ്പിക്കുന്നതു്. അതെ, റോമായെന്നുള്ള നാമം തന്നെ അദ്ദേഹത്തിനു പ്രിയംകരമായിരുന്നു. അതിനെപ്പററിയുള്ള സ്മരണ പച്ചെല്ലിയുടെ ഹൃദയാങ്കണത്തിൽ വിവിധങ്ങളായ വികാരപരമ്പരകളെ സംജാതമാക്കുന്നതിനു പര്യാപ്തമായിരുന്നു. അനുഗൃഹീതനായ ഒരു ഗ്രന്ഥകാരൻെറ വാക്കുകളിൽ പറയുന്നതായാൽ, 'പ്രതാപത്തിൻെറ പാരമ്യത്തിൽ, അജയ്യമായ ശക്തിപ്രഭാവത്തിൽ, പ്രാചീനകാലത്തെ ലോകൈകമഹാശക്തിയായി പ്രസിദ്ധ സീസർ ചക്രവർത്തിമാരുടെ തലസ്ഥാന നഗരിയായി ചിരകാലം പരിലസിച്ചിരുന്ന റോമാ—

സംഗീത സാഹിത്യാദി സുകുമാരകലകൾക്കു നിലയനമായി ശില്പവൈദഗ്ദ്ധ്യത്തിൽ അദ്വിതീയമായി, തത്വചിന്തകന്മാരുടേയും കവി കോകിലങ്ങളുടേയും വിളനിലമായി, വാഗ്മികളുടെ കേളീരംഗമായി നിതരാം പ്രശോഭിച്ചിരുന്ന റോമാ വേറൊരു കാലത്തു് അധഃപതനത്തിന്റെ അടിത്തട്ടിലെത്തി ധർമ്മികബോധവും നീതിനിഷ്ഠയും നാമാവശേഷമായി, മൃഗീയമായ അധർമ്മങ്ങളുടേയും ക്രൂരതരമായ മർദ്ദനങ്ങളുടേയും നടനരംഗമായി ഇരുളടഞ്ഞ ഒരു ഭീകരചരിത്രത്തെ സൃഷ്ടിച്ച റോമാ—ആധുനികയുഗത്തിൽ ക്രിസ്റ്റീയസിദ്ധാന്തങ്ങളുടെ സ്വർഗ്ഗീയചൈതന്യത്തിൽ നവജീവൻ പ്രാപിച്ചു് സംസ്കാരത്തിന്റെയും പുരോഗമനത്തിന്റെയും മാർഗ്ഗദീപമായു്, അഭിനിവേശകേന്ദ്രമായി നിലകൊള്ളുന്ന റോമാ—ലോകചരിത്രത്തെ സംക്ഷിപ്തമായി പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു മനോഹരദർപ്പണമല്ലേ? ഇത്രയധികം പാരമ്പര്യവിശേഷങ്ങളോടുകൂടിയ ഒരു ലോകമഹാനഗരത്തിലെ പൗരനാകുകയെന്നതിൽ പച്ചേല്ലി അഭിമാനപുളകിതനായി റോമൻ പൗരൻ! അദ്ദേഹത്തിന്റെ അന്ധാകൃതിയില്ലാത്ത മുഖത്തിൽ വിസ്തൃതമായ ഫാലദേശത്തിനു പരിധി നിർണ്ണയിച്ചു നിലകൊള്ളുന്ന പുരികക്കൊടികൾ ഈ ചിന്തയിൽ ഹർഷം കൊണ്ടു.

വത്സരങ്ങൾ ഒന്നുരണ്ടു പെട്ടന്നു കടന്നുപോയി. അന്നൊരു പ്രഭാതം. ദിവ്യകർമ്മാനുഷ്ഠാനങ്ങൾക്കുശേഷം കൊച്ചച്ചൻ അല്പസമയത്തേക്കു ഫിഡിൽ വായനയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. പൊടുന്നനവെ അത്യുന്നതസ്ഥാനീയനായ ഒരു സന്ദർശകൻ അവിടെ ആഗതനായി. കത്തോലിക്കാ സഭയിലെ അസാധാരണ കാര്യങ്ങൾക്കായുള്ള തിരുസ്സംഘത്തിന്റെ സെക്രട്ടറിയായ കർദ്ദിനാൾ ഗസ്പാരിയല്ലാതെ മററാരുമല്ലായിരുന്നു അദ്ദേഹം. കാര്യപ്രാപ്തിയിലും ഭരണപാടവത്തിലും അതിനിപുണനായ ഗസ്പാരിയെ അറിയാത്തവരായി ആരെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. ദീർഘമായ കായം, വിസ്താരമേറിയ നെററിത്തടം, പരഹൃദയങ്ങളെ തുളച്ചുകയറത്തക്ക ശക്തിയോടുകൂടിയ ഉജ്ജ്വല

നയനങ്ങൾക്കു ഗാംഭീര്യം വർദ്ധിപ്പിക്കുന്ന കറുത്ത പുരികങ്ങൾ, നീണ്ടുവളഞ്ഞ നാസികാഗ്രം, മധുരഭാഷണംകൊണ്ടു ശ്രോതാക്കളുടെ മനംകവരുന്നതിനു സാമർത്ഥ്യമുള്ള അധരപുടങ്ങൾ—അദ്ദേഹത്തെ ഒരിക്കൽ കണ്ടിട്ടുള്ളവർ ഇവയൊന്നും വിസ്മരിക്കുകയില്ല. അദ്ദേഹത്തിൻെറ വ്യക്തിവിലാസം പ്രേക്ഷകരുടെ ഹൃദയത്തിൽ അപ്രമാർജ്ജ്യമായി മുദ്രിതമായിപ്പോകും. റോമിലെ കൊച്ചുകുട്ടികളോടുപോലും ചോദിക്കുക, കർദ്ദിനാൾ ഗസ്സാരി ആരാണെന്നു്; അവരൊക്കെ അദ്ദേഹത്തെ അറിയും. രാഷ്ട്രമണ്ഡലത്തിലും അദ്ദേഹം സുപരിചിതനാണു്. താൻ കണ്ടിട്ടുള്ളതിലേക്കും ഏററം വലിയ രാജ്യതന്ത്രജ്ഞൻ ഗസ്സാരിയാണെന്നത്രേ സിഞ്ഞോർ മുസ്സോലിനി ഒരിക്കൽ പ്രസ്താവിച്ചിരിക്കുന്നതു്. അംബ്രൂസിയിലുള്ള സാധാരണ കൃഷീവലന്മാരിൽനിന്നും ജനിച്ചു് സ്വതസിദ്ധമായ ധിഷണാവിലാസത്താൽമാത്രം ഇത്ര മഹനീയമായ ഒരു സ്ഥാനത്തെത്തിച്ചേർന്ന ഗസ്സാരിയെപ്പററി എഴുതിയാൽ പ്രബന്ധങ്ങൾതന്നെ പലതും നിറയും. ഇത്രയും ശ്രേഷ്ഠനായ ഒരു അതിഥിയെ ആണു് ഇപ്പോൾ ഫാദർ പാച്ചല്ലി സ്വീകരിക്കേണ്ടതു്.

തിരുസ്സഭാഭരണകൂടത്തിലെ മഹോന്നതനായ ഈ ഉദ്യോഗസ്ഥപ്രഭുവിൻെറ ആഗമനോദ്ദേശ്യമെന്തായിരിക്കാം? അദ്ദേഹത്തിൻെറ സംഭാഷണത്തിൽനിന്നും അതു് അത്ര സുഗ്രഹമല്ലായിരുന്നു. ആരോഗ്യസ്ഥിതി, കാലപ്പകർച്ച, വിളവുകൾ, ജനനമരണങ്ങൾ മുതലായ സാധാരണ വിഷയങ്ങളെപ്പററിമാത്രമേ തിരുമേനി സംസാരിച്ചുള്ളു. ഒടുവിലാണു തൻെറ ഉദ്ദേശ്യം അദ്ദേഹം വെളിപ്പെടുത്തിയതു്. യുവവൈദികനായ എവുജേനിയോ പാച്ചല്ലിയെ സെക്രട്ടറിയേററിൽ നിയമിക്കുവാൻ ഗസ്സാരി തീർച്ചയാക്കിയിരിക്കുന്നു, ഈ വിവരം അറിയിക്കുവാനത്രേ അദ്ദേഹം വന്നിരിക്കുന്നതും.

ഫാദർ പാച്ചല്ലി ഒട്ടും പ്രതീക്ഷിക്കാത്ത ഒരുദ്യോഗം. ഇടവക ജോലിക്കായി നിയമിക്കപ്പെട്ടവാൻ അദ്ദേഹം അ

ഭിലഷിച്ചിരിക്കുകയായിരുന്നു. ഇതറിഞ്ഞപ്പോൾ കർദ്ദിനാൾ ഗസ്പാരി പൊട്ടിച്ചിരിച്ചുകളഞ്ഞു. അനന്തരം മന്ദസ്മിതപൂർവ്വം തിരുമേനി പറഞ്ഞു: "അച്ചൻ ഒരു ആട്ടിടയൻ ആകുവാനാഗ്രഹിക്കുന്നു, അല്ലേ? എന്നാൽ, ആട്ടിൻ പററത്തെ കൊന്നൊടുക്കുന്ന ചെന്നായ്ക്കളെ ഓടിച്ചുപിടിക്കുന്ന ഒരു നായാട്ടുപട്ടിയായിത്തീരാനാണു ഞാൻ അങ്ങേക്ഷണിക്കുന്നതു്." ഫാദർ പച്ചെല്ലിയുടെ ഒഴിവുകഴിവുകളെപ്പററി കേൾക്കാനുള്ള ഭാവംപോലും അദ്ദേഹം പ്രദർശിപ്പിച്ചില്ല. ഒടുവിൽ തിരുമേനി തന്നെ വിജയിച്ചു. പച്ചെല്ലി പേപ്പൽ സെക്രട്ടറിയേററിലെ ഒരുദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു.

വത്തിക്കാനിലേക്കുള്ള അദ്ദേഹത്തിൻെറ ഈ പ്രവേശം എവിടെച്ചെന്നവസാനിക്കുമെന്നു മഹാപണ്ഡിതനായ ഗസ്പാരിപോലും അറിഞ്ഞിരുന്നില്ല.

ഇതു നടന്നതു് 1901-ലാണു്. അന്നു തിരുസ്സഭയുടെ ഭരണസാരഥ്യം വഹിച്ചിരുന്നതു മഹാനായ പതിമൂന്നാം ലെയോ ആയിരുന്നു. അവിടുത്തെ സ്റേററു സെക്രട്ടറിയായി ജോലി നോക്കിയിരുന്നതു കർദ്ദിനാൾ റെമ്പോളയാണു്. അദ്ദേഹത്തിൻെറ നിയന്ത്രണത്തിനു വിധേയമായി അനേകം ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. ഭിന്നലക്ഷ്യങ്ങളോടുകൂടി മുമ്പോട്ടു പോകുന്ന ലോകമഹാശക്തികളോടു സദാ ഇടപെടേണ്ടിവരുന്ന വത്തിക്കാനു് ഇവ അപരിത്യാജ്യങ്ങളാണല്ലോ. വത്തിക്കാൻെറ പ്രവർത്തനരംഗം വിശാലവ്യാപകമായിരിക്കുന്നതിനാൽ, ലോകത്തിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ യഥാവസരം അറിയുകയും രാഷ്ട്രനായകന്മാരുടെ നയതന്ത്രങ്ങളെ വിശകലനം ചെയ്തു ഗാഢമായി പഠിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. നിരന്തരം പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഈ ഉപവിഭാഗങ്ങളുടെ നേതൃത്വം വഹിക്കുവാൻതന്നെ സുശിക്ഷിതന്മാരായ നാല്പതിൽപ്പരം വൈദികവരേണ്യന്മാരാണു് നിയുക്തരായിരിക്കുന്നതു്. ഇത്രയും ഡിപ്പാർട്ടുമെൻറുകൾക്കു സൗകര്യപ്രദമായി പ്രവർത്തനം നടത്തുന്ന

തിനു ബൃഹത്തായ വത്തിക്കാൻ കൊട്ടാരത്തോടനുബന്ധിച്ചുള്ള ഗംഭീരമായ കെട്ടിടങ്ങൾ മതിയാകുന്നില്ലത്രേ. വത്തിക്കാന്റെ മുകളിലത്തെ നില മുഴുവനും സ്റ്റേററു സെക്രട്ടറിയുടെ ആഫീസായി ഉപയോഗപ്പെടുത്തി വരുന്നു.

ഇതാണു ഫാദർ പച്ചെല്ലിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന പ്രവർത്തനരംഗം. പ്രയാസമേറിയതും ഭാരം കൂടിയതുമായ ചുമതലകൾ അദ്ദേഹത്തെ പ്രതീക്ഷിച്ചുനില്ക്കുന്നു. അവയെ ഒക്കെ വഹിക്കുന്നതിനു തക്ക കെല്പുള്ള ഒരു മഹാശയനെ ലഭിച്ചതിൽ സെക്രട്ടറിയേററു് എന്നും കൃതാർത്ഥമായിരിക്കും. എന്തുകൊണ്ടെന്നാൽ, പ്രതീക്ഷാതീതമായ വിജയമാണു് അവിടെ അദ്ദേഹത്തിനു ലഭിക്കുവാൻ പോകുന്നതു്. 1911-ൽ കർദ്ദിനാൾ ഗസ്പാരിയുടെ അണ്ടർസെക്രട്ടറിയായിത്തീർന്ന പച്ചെല്ലിയെ 1914 ആകുമ്പോൾ ഗസ്പാരിയുടെ സ്ഥാനത്തു നാം കാണുന്നു. അനന്യലഭ്യമായ ഏതാദൃശബഹുമതികളെക്കാൾ മൂല്യതരമായി കണക്കാക്കേണ്ടതു വത്തിക്കാനിലെ ജീവിതത്തിന്റെ ആരംഭം മുതൽ അദ്ദേഹത്തിനു ലഭിച്ച പരിശീലനമാണു്. സമർത്ഥന്മാരും ഭരണതന്ത്രവിചക്ഷണന്മാരുമായ മഹാരഥന്മാരോടുകൂടി ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സാധിച്ചതു് അതുല്യമായ ഒരു മഹാഭാഗ്യമായി പച്ചെല്ലി എന്നും പരിഗണിക്കും.

ഇത്തരുണത്തിൽ, ഫാദർ എവുജേനിയോ പ്രശസ്തമായി നിർവ്വഹിച്ച മറെറാരുദ്യോഗത്തെ സംബന്ധിച്ചു മൗനം അവലംബിക്കുന്നതു സമുചിതമായിരിക്കുകയില്ല. അപ്പൊളിനാരിസ് സർവ്വകലാശാലയിൽ ഏകദേശം ആറു കൊല്ലം അദ്ദേഹം അദ്ധ്യാപനം നടത്തിയിട്ടുണ്ടു്. പ്രസ്തുത കലാലയത്തിൽ ഉദ്യോഗം വഹിച്ചിട്ടുള്ള സമർത്ഥന്മാരായ പണ്ഡിതന്മാരുടെ പട്ടികയിൽ പച്ചെല്ലി ഒന്നാംസ്ഥാനത്തു നില്ക്കുന്നു.

അവിടെ ലഭിച്ച വിജയത്തിനു മകുടമെന്നവണ്ണം 1909-ൽ അദ്ദേഹം 'അക്കാഡെമി ഓഫ് ദി നോബിൾ എക്ലെസിയാസ്റ്റിക്സ്' എന്ന പണ്ഡിതസമിതിയിലെ ഒ

രു പ്രൊഫസറായി നിയമിക്കപ്പെട്ടു. കുറഞ്ഞൊരു കാലത്തെ അദ്ധ്യാപനംകൊണ്ടു പച്ചെല്ലി സമാർജ്ജിച്ച മഹാവിജയം ഏവരുടേയും വിസ്മയവിഷയമായിത്തീർന്നു. അസാധാരണമായ വാഗ്വിലാസത്താൽ അനുഗ്രഹീതനായ ഒരു പ്രസംഗകൻ കൂടിയാണു് അദ്ദേഹം എന്നു ലോകത്തിനു ബോധപ്പെട്ടു. അന്നുമുതൽ പ്രസിദ്ധ വാഗ്മികളുടെ ആദരപുരുഷനായി അദ്ദേഹം പരിലസിക്കാൻ തുടങ്ങി.

ഫാദർ പച്ചെല്ലിയെ ഭാവി തലമുറകൾക്കു് അനുസ്മരണീയനാക്കിത്തീർക്കത്തക്കവണ്ണം അദ്ദേഹം മറെറാരു മഹാസേവനം നിർവ്വഹിച്ചിട്ടുണ്ടു്. പല മഹാന്മാരേയും പരാങ്മുഖരാക്കിയ കാനൻനിയമസംഹിതയെ ശാസ്ത്രരീത്യാ പരിഷ്ക്കരിച്ചു് ആധുനികരീതിയിൽ ക്രോഡീകരിക്കുകയെന്ന ക്ലേശപൂർണ്ണമായ മഹാകൃത്യത്തിൽ അദ്ദേഹം ഗസ്പാരിയുടെ വലംകയ്യായി വർത്തിച്ചു. കാനൻനിയമപരിഷ്ക്കരണ പരിഷത്തിന്റെ ആദ്ധ്യക്ഷം സ്വീകരിച്ചപ്പോൾത്തന്നെ അതു് എത്ര വൈഷമ്യമേറിയ ഒരുദ്യോഗമാണെന്നു കർദ്ദിനാൾ ഗസ്പാരിക്കു് അറിയാമായിരുന്നു. ഒരു പക്ഷേ, അതിന്റെ വിജയകരമായ പൂർത്തീകരണത്തിനു തന്റെ ശേഷിച്ച ജീവിതകാലം മുഴുവനും ആവശ്യകമായി വന്നേക്കാമെന്നും ഗസ്പാരി ഗ്രഹിച്ചിരുന്നു. അത്രയ്ക്കും പരിക്ലിഷ്ടമായ ഒരു പ്രവർത്തനസരണി തരണം ചെയ്യുന്നതിൽ അദ്ദേഹത്തെ സഹായിക്കുവാനാണു പച്ചെല്ലി നിയുക്തനായതു്.

പൌരാണികങ്ങളായ റോമൻ നിയമശേഖരങ്ങളിൽനിന്നു സ്വീകരിക്കപ്പെട്ടിട്ടുള്ളവയും, ക്രൈസ്തവസഭയുടെ പത്തൊമ്പതിൽപ്പരം ശതവത്സരങ്ങളിലെ പാരമ്പര്യങ്ങളിലും അനേകം തിരുവെഴുത്തുകളിലും പേപ്പൽ ശാസനങ്ങളിലും തിരുസ്സംഘങ്ങളുടെ നിശ്ചയങ്ങളിലും സൂനഹദോസുകളുടെ നടപടികളിലും അങ്ങിങ്ങായി വ്യാപിച്ചു കിടക്കുന്നവയുമായ നിയമശകലങ്ങളെ നിർദ്ദിഷ്ടക്രമമനുസരിച്ചു് ഒന്നിച്ചുചേർത്തു നിബന്ധിക്കുകയെന്നതു് എത്ര ശ്രമകരമാണെന്നു പറയേണ്ടതില്ലല്ലോ. ഇത്രയും വ്യാപകവും ഭാരമേറിയതുമായ ഒരു ജോലിയാണു ഗസ്പാരി ഏ

ററെടുത്തു്. ഇതിൽ അദ്ദേഹം പ്രകടിപ്പിച്ച ക്ഷമയും നിരീക്ഷണവൈദഗ്ദ്ധ്യവും പരീക്ഷണപാടവവും നിയമനൈപുണ്യവും അഭിജ്ഞന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായിട്ടുണ്ടു്.

പരിഷ്കരിച്ച കാനൻ നിയമഗ്രന്ഥത്തിൽ തിരുമേനി എഴുതിച്ചേർത്തിരിക്കുന്ന ആമുഖം ഒരാവൎത്തി വായിച്ചാൽ മാത്രംമതി അദ്ദേഹം നടത്തിയിരിക്കുന്ന സുദീർഘമായ ഗവേഷണശ്രമങ്ങളെപ്പററി അറിയുവാൻ. ഈ നിയമാവലിയുടെ ഉത്ഭവം, വളർച്ച, അതിനു സഹായിച്ചിട്ടുള്ള ഘടകങ്ങൾ, ഇതിനു മുമ്പായിട്ടുള്ള ക്രോഡീകരണങ്ങൾ, അവയുടെ കർത്താക്കൾ,—എന്നുവേണ്ടാ ആരംഭംമുതൽ ഇക്കാലംവരെയുമുള്ള നിയമചരിത്രം സുവ്യക്തമായി അദ്ദേഹം അതിൽ പ്രതിപാദിച്ചിട്ടുണ്ടു്. വിമൎശനവിശാരദന്മാരുടെ ശ്രദ്ധയെ അതിലേക്കു ക്ഷണിക്കുവാനേ ഇവിടെ സ്ഥലമനുവദിക്കുന്നുള്ളു.

ലഭ്യങ്ങളായ പൗരാണികരേഖകളെയെല്ലാം അദ്ദേഹം സസൂക്ഷ്മം പരിശോധിച്ചു ഗണം തിരിച്ചു. അനന്തരം അവയെ ക്രമമനുസരിച്ചു മുദ്രണം ചെയ്തു ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള 1200-ൽപ്പരം മെത്രാന്മാൎക്കു് അയച്ചുകൊടുത്തു. ഏററം സമൎത്ഥന്മാരെന്നു ബോധ്യമുള്ള മൂന്നു വക്കീലന്മാരെ തിരഞ്ഞെടുത്തു്, അവരിൽ നിന്നും സത്യപ്രതിജ്ഞ സ്വീകരിച്ചതിനുശേഷം, അവരെ കാണിച്ചു് അഭിപ്രായം ആരാഞ്ഞറിയുന്നതിനും നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയെടുക്കുന്നതിനും ഓരോ മെത്രാനേയും അദ്ദേഹം ചുമതലപ്പെടുത്തിയിരുന്നു. അങ്ങനെ, ഏകദേശം അയ്യായിരം പേരാണു കാനൻനിയമക്രോഡീകരണത്തിൽ ഗസ്സാരിയെ സഹായിച്ചുകൊണ്ടിരുന്നതു്.

ഫാദർ പച്ചേല്ലിയുടെ സഹകരണം ആവശ്യപ്പെട്ട മഹാകൃത്യം എത്രമാത്രം ലോകവ്യാപകമായ പ്രാധാന്യത്തോടും കൂടിയതായിരുന്നു എന്നു കാണിക്കുന്നതിനുവേണ്ടി ഇത്രയും പ്രസ്താവിച്ചുവെന്നേയുള്ളു. ഇതിൽ അദ്ദേഹത്തിനു സിദ്ധിച്ച പരിചയവും പരിശീലനവും ഭാവി ജീവിത

ത്തിൽ വളരെ പ്രയോജനകരമായിത്തീർന്നെന്നു പറയേണ്ടതില്ലല്ലൊ.

വിശ്രമവിരളമായ അനുദിനജീവിതപരിപാടിയോടുകൂടി ജോലി ചെയ്തുവന്ന കർദ്ദിനാൾ ഗസ്പാരി ആഴ്ചയിലൊരു ദിവസം അവധിയെടുക്കുക പതിവായിരുന്നു. യാതൊരു കാരണവശാലും ഇതിൽ അദ്ദേഹം മുടക്കം വരുത്തിയിട്ടുമില്ല. ഈ ഒരു ദിവസം അദ്ദേഹം എന്തുചെയ്യുകയായിരുന്നെന്നോ? പറയാം: അന്നു് അദ്ദേഹം അശ്വാരൂഢനായി പട്ടണത്തിനു പുറത്തുള്ള തന്റെ വക ഒരു തോട്ടത്തിലേക്കു പോകുകയും, അവിടെ തന്റെ സഹോദരൻ നടത്തിക്കുന്ന ജോലികൾ സശ്രദ്ധം പരിശോധിക്കുകയും ചെയ്യുക തിരുമേനിക്കു വളരെ പ്രിയംകരമായിരുന്നു. കൃഷീവലന്മാരായ മാതാപിതാക്കന്മാരിൽനിന്നും ജനിച്ചു കാർഷികമണ്ഡലത്തിൽ വളർന്നുവന്ന ഗസ്പാരിയുടെ ഹൃദയത്തിൽ കർഷകവൃത്തിയിലുള്ള അഭിരുചി രൂഢമൂലമായിരുന്നതു സ്വാഭാവികംതന്നെ. ജോലിക്കാരുടെ പണികൾ അദ്ദേഹം സസൂക്ഷ്മം പരിശോധിക്കുന്നു. ചിലർ തുമ്പാ പിടിക്കുന്നതു് ഒക്കുന്നില്ല. മററു ചിലർ കള പറിക്കുന്നതു പന്തിയാകുന്നില്ല. അതൊക്കെ എങ്ങിനെ വേണമെന്നു് അദ്ദേഹം തന്നെ കാണിച്ചുകൊടുക്കും. ആവശ്യമുണ്ടെങ്കിൽ ഉഴുന്നതിനും വളമിടുന്നതിനുമുള്ള പുതിയ രീതികൾ നിർദ്ദേശിക്കുന്നതിനും തിരുമേനിക്കു സാധിക്കും.

ആരോഗ്യത്തിൽ വലിയ നിലയൊന്നുമില്ലാത്ത പച്ചെല്ലിയോടു് ഏതാണ്ടു് ഇതോടൊക്കുന്ന വിശ്രമരീതിയാണു് അദ്ദേഹം ഉപദേശിക്കുന്നതു്. കൃഷിയിൽ വാസനയില്ലെങ്കിൽ വേണ്ടാ. "നാം സ്വർഗ്ഗത്തെപ്പററി വളരെയധികം സംസാരിക്കുന്നുണ്ടു്. എന്നാൽ കാലിനടിയിലുള്ള ഒരു ചാൺ മണ്ണും നമുക്കു കുറെ ഗുണം ചെയ്യാതിരിക്കുകയില്ല."

ഗുരുവിൽനിന്നു സിദ്ധിച്ച ഈ നിർദ്ദേശം അനുഷ്ഠിക്കുന്നതിൽ പച്ചെല്ലി ഇന്നും ഉത്സുകനാണു്. ദിവസവും കുറേ ദൂരം—ഏതാനും മൈൽ—നടക്കുകയെന്നതു് അദ്ദേഹ

ത്തിന്റെ ജീവിതപരിപാടിയിൽ സ്ഥാനം പിടിച്ചിട്ട വളരെ വത്സരങ്ങളായിരിക്കുന്നു. മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിനു തലേദിവസവും ഈ വിധം അവിടുന്നു പ്രവർത്തിച്ചതായിട്ടാണു ദൃക്സാക്ഷികൾ രേഖപ്പെടുത്തുന്നതു്. ദിവസവും ഉച്ചകഴിഞ്ഞു് ഉദ്യാനത്തിലേക്കിറങ്ങിയാൽ വളരെ നേരം നടക്കാതെ മടങ്ങുകയില്ല. മിക്കപ്പോഴും ഒരു പുസ്തകവും കരങ്ങളിൽ കാണും. വായനയും നടപ്പുംകൂടി ഒരേ സമയത്തായാൽ ലാഭകരമാണല്ലോ. പുസ്തകമില്ലാത്തപ്പോൾ കൊന്തയെടുക്കുന്നതു് അതിലും നന്നു്.

നടപ്പിൽ വാസനയില്ലാത്തവർക്കു ഗസ്പാരിയുടെ നിർദ്ദേശം എന്തുമാത്രം രുചിക്കുമോ! എന്നാൽ, ഒരു സംഗതി യഥാർത്ഥമാണു്. ഗ്ലാഡ്സ്റ്റൺ മുതലായ ചില പ്രസിദ്ധമഹാന്മാർ നല്ല നടപ്പുകാരായിരുന്നു. വാർദ്ധക്യത്തിൽപ്പോലും ഗ്ലാഡ്സ്റ്റൺ മണിക്കൂറിൽ അഞ്ചുമൈൽ വീതം ദിവസവും നടക്കുകയും വളരെ ഉയരമുള്ള മലകൾ നിഷ്പ്രയാസം കയറിയിറങ്ങുകയും ചെയ്തിട്ടുണ്ടു്. നടപ്പിന്റെ ദൈർഘ്യത്തിലും വേഗ യിലുമല്ലെങ്കിലും വ്യായാമത്തിലുള്ള നിഷ്ഠയിൽ പച്ചെല്ലി ഗ്ലാഡ്സ്റ്റണെപ്പോലും പരാജിതനാക്കിയേക്കും.

സുകുമാരകലകളിൽവച്ചു സംഗീതത്തോടാണു പച്ചെല്ലിക്കു കൂടുതൽ ആകർഷണം. അദ്ദേഹം വാസനാസമ്പന്നനായ ഒരു ഫിഡിൽ വായനക്കാരൻ കൂടിയാണു്. ഏതു തരത്തിലുള്ളതും ഏതു രീതിയിലുള്ളതും ആയിക്കൊള്ളട്ടെ— സംഗീതമായാൽ മതി; അദ്ദേഹം ആസ്വദിക്കും. സ്വരമാധുര്യം കലർന്ന സംഭാഷണചാതുര്യം പച്ചെല്ലിയുടെ സംഗീതവാസനയ്ക്കു് ഒരു തെളിവാണു് എന്നു ചിലർ പറയുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽപ്പോലും സംഗീതത്തിന്റെ രുചി അനുഭവപ്പെടുന്നുണ്ടു്. ഫാദർ എവുജെനിസ്സു സംഗീതത്തോടുള്ള പ്രതിപത്തി പ്രസിദ്ധമായിരുന്നതിനാൽ, സംഗീതസദസ്സുകളും പാട്ടുകച്ചേരികളും നടത്തിയിരുന്ന പ്രഭുക്കന്മാർ അദ്ദേഹത്തെ നേരത്തെ ക്ഷണിച്ചുകൊണ്ടിരുന്നു. സഹൃദയനായ പച്ചെല്ലിയുടെ സാന്നി

ദ്ധ്യം അവർക്കെല്ലാം അതീവസന്തോഷപ്രദമായിരുന്നെന്നു പറയേണ്ടതില്ലല്ലോ.

വത്തിക്കാനിൽ പ്രവേശിച്ചപ്പോൾമുതൽ തന്നെ പച്ചെല്ലി ബ്രിട്ടീഷ് ജനതയ്ക്കു സുപരിചിതനാണ്. വിക്ടോറിയാ മഹാരാജ്ഞിയുടെ ദേഹവിയോഗത്തിലുള്ള പതിമ്മൂന്നാം ലെയോയുടെ അനുശോചനസന്ദേശവുമായി എഡ്വേർഡ് സപ്തമനെ സന്ദർശിക്കുന്നതിനു നിയുക്തനായത് എവുജേനിയോ പച്ചെല്ലിയായിരുന്നു. ഒരു ഏഴുകൊല്ലങ്ങൾ കൂടി കഴിയുമ്പോൾ ലണ്ടൻ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനു് എഴുന്നള്ളുന്ന കർദ്ദിനാൾ വാനുത്തെല്ലിയുടെ പരിവാരത്തിൽ മോൺസിഞ്ഞോർ എവുജേനിയോ പച്ചെല്ലിയേയും നമുക്കു കാണാം. തദവസരത്തിൽ നോർഫോക്കപ്രഭു അവർകളുടെ സെൻറു ജെയിംസു സ്വയർ കൊട്ടാരത്തിലാണ് അദ്ദേഹം താമസിച്ചതു്. 1911-ൽ ജോർജ്ജു പഞ്ചമൻ ചക്രവർത്തി മകുടം അണിഞ്ഞ മഹാദിനത്തിൽ ബൽമോണ്ടു മെത്രാപ്പോലീത്തായോടുകൂടി അദ്ദേഹത്തെ മൂന്നാംപ്രാവശ്യം ലണ്ടനിൽ നാം കാണുന്നു. ഇംഗ്ലീഷ് ജനതയോടു് ഇത്രയധികം പരിചയം സമ്പാദിക്കുവാൻ സാധിച്ചിട്ടുള്ള പാപ്പാമാർ വളരെ വളരെ വിരളമാണ്.

ബ്രിട്ടനോടുള്ള ഈ മമതാബന്ധം പച്ചെല്ലിയുടെ ഭാവിജീവിതത്തിൽ സവിശേഷം പ്രത്യക്ഷപ്പെട്ടുണ്ടു്. „നിങ്ങളുടെ നേർക്കു് ഒരു പിതാവിൻെറ സ്നേഹമാണു നമുക്കുള്ളതു്. അതിൽ ആനന്ദിക്കുന്നതിനു നിങ്ങൾക്കു മതിയായ കാരണവുമുണ്ടു്'' എന്നു കാർഡിനൽ ന്യൂമൻെറ പുനരൈക്യ ശതാബ്ദഘോഷത്തിൽ പന്ത്രണ്ടാംപീയൂസ് നല്കിയ സന്ദേശത്തിനു വ്യാപകമായ ഒരത്ഥം കല്പിക്കുന്നതിൽ തെററില്ല.

എന്നാൽ, പച്ചെല്ലിയുടെ ഹൃദയം ആത്മപാലനം മുഖേനയുള്ള ലോകസേവനത്തിനുവേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരുന്നു. വത്തിക്കാനിലെ അഭികാമ്യങ്ങളായ ഉദ്യോഗങ്ങളും അഭിമാനങ്ങളായ സ്ഥാനങ്ങളും രാഷ്ട്രങ്ങളു

മായുള്ള പരിചയവും അദ്ദേഹത്തെ തൃപ്തനാക്കിയില്ല. ആത്മാക്കളുടെ നന്മയ്ക്കുവേണ്ടി ദിവ്യനാഥന്റെ ത്യാഗവേദിയിൽ ജീവാർപ്പണം ചെയ്യുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതാദർശം. എന്തു ചെയ്യാം! പരിതസ്ഥിതികൾ അതിനനുവദിച്ചില്ല. അതുകൊണ്ടു സമയം ലഭിക്കുമ്പോഴെല്ലാം ഇടവകവൈദികന്മാരെ സഹായിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ബാല്യം മുതൽ തന്നെ അദ്ദേഹത്തിനു പ്രിയംകരമായിരുന്ന ആ ചെറിയ പള്ളിയിൽ പോയി വിശ്വാസികൾക്കു പാപമോചനം നല്കുന്നതിലും കുട്ടികളെ മതതത്വങ്ങൾ അഭ്യസിപ്പിക്കുന്നതിലും പച്ചെല്ലി ഉത്സുകനായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ സരളസുന്ദരങ്ങളായ ഉപദേശങ്ങൾ കേൾക്കുന്നതിനു ബാലകർ തിങ്ങിക്കൂടി.

ഒരു വൈദികൻ എന്ന നിലയിൽ അദ്ദേഹം ബാലഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠനായിരിക്കുന്നു. ഈ പ്രത്യേകത അദ്ദേഹത്തിന്റെ ഭാവി ജീവിതത്തിലും നാം ദർശിക്കുന്നതാണു്. ജാതിവ്യത്യാസമോ വർണ്ണവ്യത്യാസമോ ഗണിക്കാതെ എല്ലാ ബാലകർക്കും അദ്ദേഹത്തെ എന്നും സമീപിക്കാം. ആസന്നഭാവിയിൽത്തന്നെ പൗരന്മാരായിത്തീരാനുള്ള കുട്ടികളുടെ പരിരക്ഷണത്തിലും സുശിക്ഷണത്തിലും അദ്ദേഹം എന്നും ശ്രദ്ധാലുവായിരിക്കും. അവശരും അനാഥരുമായ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അടുത്തകാലത്തു് അവിടുന്നു ലോകത്തോടു നടത്തിയ അഭ്യർത്ഥന ഇതിനു് ഉത്തമോദാഹരണമാണു്. അതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

# അഞ്ചാമദ്ധ്യായം.

---

## ജമ്മൻ കൈസർ.

നാരകീയമായ ക്രൂരതയിൽ നരകുലത്തെ ദാരുണമായി എരിപൊരികൊള്ളിച്ച ആ ഭീകരസമരം—വിപ്ലവത്തിന്റെയും വിദ്വേഷത്തിന്റെയും വിഷബീജങ്ങൾ വാരിവിതറിക്കൊണ്ടു ഭൂമുഖത്തെ മൃഗീയമായ കൂട്ടക്കൊലയുടെ ദയനീയരംഗമാക്കിത്തീൎത്ത ആ ലോകമഹായുദ്ധം—മനുഷ്യോചിതമല്ലാത്ത പ്രതീകാരബുദ്ധിയെ ഉജ്ജ്വലിപ്പിച്ചുകൊണ്ടിരുന്ന ആ പ്രളയാഗ്നി—അതിൽ ആദ്യം ജീവാൎപ്പണം ചെയ്തു പുണ്യശ്ലോകനായ പത്താം പീയൂസ് പാപ്പായാണു്. നൃശംസമായ സൈന്യസന്നാഹങ്ങളുടെ പ്രബലതയാൽ ഉന്മത്തരായിത്തീൎന്നിരുന്ന വിരുദ്ധകക്ഷികളുടെ വിനാശകരമായ ആയോധനപരീക്ഷണം കൊണ്ടു ലോകരംഗത്തു വന്നു ഭവിപ്പാനിരുന്ന അപരിഹരണീയങ്ങളായ വൻവിപത്തുകളെ മുൻകൂട്ടി ദൎശിച്ചപ്പോൾ ആ പൂജ്യതാതന്റെ പൈതൃകഹൃദയം ശിഥിലമായിപ്പോയി; വിപദ്ഗൎത്തത്തിന്റെ അത്യഗാധത്തിൽ നിരുദ്ധാശ്വാസം വീണു നിപതിച്ചിരിക്കുന്ന ഉദ്ധതമായ ലോകത്തിന്റെ ദുൎദ്ദശാപരിപാകത്തെ കണ്ണീർ നിറഞ്ഞൊഴുകുന്ന നയനങ്ങളോടെ ഉററുനോക്കി വിമ്മിക്കരഞ്ഞുകൊണ്ടു് ആൎദ്രചിത്തനായ ആ ലോകമിത്രം സ്വൎഗ്ഗപ്രാപ്തനായി.

അദ്ദേഹത്തിന്റെ അനന്തരഗാമിയായി പത്രോസിന്റെ സിംഹാസനത്തിൽ ആരോഹണം ചെയ്തതു് ഭാഗ്യസ്മരണാൎഹനായ പതിനഞ്ചാം ബനദിക്തോസ് മാൎപ്പാപ്പായാണു്. അദ്ദേഹത്തിന്റെ മുമ്പിലത്തെ പേർ കൎദ്ദിനാൾ ഡെല്ലാ ചിയെസാ എന്നാണെന്നു വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. പുതിയ മാൎപ്പാപ്പാ തന്റെ സ്റ്റേററു സെക്രട്ടറിയായി കൎദ്ദിനാൾ ഗസ്പ്പരിയെ ഉയൎത്തുകയും, അദ്ദേഹ

ത്തിന്റെ ഒഴിവിൽ അസാധാരണ കാൎയ്യങ്ങൾക്കായുള്ള തിരുസ്സംഘത്തിന്റെ അധിപനായി മോൺസിഞ്ഞോർ പച്ചെല്ലിയെ നിയമിക്കുകയും ചെയ്തു.

സമരസാഹചൎയ്യങ്ങളുടെ ഘോരതയിൽപ്പെട്ട് ഉഗ്രമായ യാതനകളനുഭവിക്കുന്ന ദുരിതപീഡിതൎക്കു മാൎപ്പാപ്പാമാർ എക്കാലവും ചെയ്തുകൊണ്ടിരുന്നിട്ടുള്ള മഹനീയസേവനങ്ങളെ അഭിനന്ദിക്കാത്തവരായി ക്രിസ്തുമതവിദ്വേഷികളിൽപ്പോലും ആരെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. ക്രൈസ്തവചൈതന്യത്തിന്റെ സജീവപ്രകടനമായ ഈ ജീവകാരുണ്യപ്രവൎത്തനങ്ങൾക്കു ക്രിസ്തുമതത്തോളംതന്നെ പഴക്കമുണ്ട്. ഭയങ്കരങ്ങളായ ഭൂകമ്പങ്ങളും, പ്രതിവിധികളറിയാത്ത പകൎച്ചവ്യാധികളും, അപരിഹാൎയ്യങ്ങളായ ക്ഷാമബാധകളും, ചരിത്രപക്ഷങ്ങളെ രക്തകല്മഷിതമാക്കിത്തീൎത്തിട്ടുള്ള ഭയങ്കരയുദ്ധങ്ങളും നിമിത്തം ദുൎഭഗമായ ലോകം അശരണമായി വിലപിച്ചുകൊണ്ടിരുന്ന ശോചനീയഘട്ടങ്ങളിലെല്ലാം മാൎപ്പാപ്പാമാരുടെ മൃദുലമായ പൈതൃകരസ്പൎശമാണ് ആശ്വാസകരമായിരുന്നിട്ടുള്ളത്.

ഇതിനു തെളിവുകൾ അധികം ആവശ്യമില്ല; എങ്കിലും ഒരെണ്ണം മാത്രം എടുത്തു കാണിച്ചുകൊള്ളട്ടെ. വത്തിക്കാൻ രഹസ്യാലയത്തിൽ ലത്തീൻ ഭാഷയിലെഴുതപ്പെട്ട അറുപതു വലിയ രേഖാസഞ്ചയങ്ങൾ സൂക്ഷിക്കപ്പെടുന്നു. 'ഫ്രഞ്ചുജനതയ്ക്കുവേണ്ടി പരിശുദ്ധസിംഹാസനം നിൎവ്വഹിച്ചിട്ടുള്ള ത്യാഗപൂൎണ്ണങ്ങളായ സേവനങ്ങൾ' എന്നാണ് അവയുടെ പേർ. 'സമത്വം, സ്വാതന്ത്ര്യം, സഹോദൎയ്യം' എന്ന മഹനീയാദൎശങ്ങളുടെ ഒളിവിൽ നിന്നുകൊണ്ടു ദൈവത്തെയും മതത്തെയും രാജ്യത്തുനിന്നു പാടേ ബഹിഷ്കരിക്കുന്നതിനുവേണ്ടി വൈദികരേയും പ്രഭുക്കന്മാരേയും പൗരസഞ്ചയത്തെയും നിഷ്കരുണം സംഹരിച്ചുകൊണ്ടിരുന്ന നിഷ്കണ്ടകന്മാരായ വിപ്ലവനേതാക്കന്മാരുടെ വേതാളഖഡ്ഗത്തിൽനിന്നും രക്ഷപെട്ടു നാടുവിട്ടോടിയ നിസ്സഹായൎക്കു മാൎപ്പാപ്പാമാർ ചെയ്തുകൊടുത്ത സഹായങ്ങളെപ്പററിയാണ് അവയിൽ പ്രതിപാദിക്കപ്പെടുന്നത്.

ചരിത്രപ്രകീർത്തിതമായ ഈ ശ്രേഷ്ഠപാരമ്പര്യം ലോകമഹായുദ്ധഘട്ടത്തിലും അവികലമായി പുലർത്തപ്പെടണമെന്നതായിരുന്നു പതിനഞ്ചാം ബെനദിക്തോസിന്റെ അഭിലാഷം. യുദ്ധം ആരംഭിച്ച വത്സരത്തിൽത്തന്നെ ദുർഭഗരുടെ സമുദ്ധാരണത്തിനുവേണ്ടി പരിശുദ്ധപിതാവ് ഇടപെട്ടു തുടങ്ങി. സമരപ്രവർത്തനങ്ങൾക്ക് അപ്രാപ്യരും അംഗഭംഗം നിമിത്തം ബലഹീനരുമായിത്തീർന്നിരുന്ന യുദ്ധത്തടവുകാരെ വിമോചിപ്പിക്കുന്നതിനുവേണ്ടി ജർമ്മൻ-ഫ്രഞ്ചു ഗവണ്മെന്റുകൾക്ക് അവിടുന്ന് അയച്ച നിവേദനങ്ങളുടെ ഫലമായി 30,000 ബന്ധിതന്മാർ സ്വിസ് അതൃത്തിയിൽവച്ചു സ്വതന്ത്രരായിത്തീർന്നു. യുദ്ധയത്നങ്ങളിൽ ഒരു വിധത്തിലും സഹകരിക്കുന്നതിനു നിവൃത്തിയില്ലാത്ത കുഞ്ഞുങ്ങളേയും വൃദ്ധരേയും ആയിരക്കണക്കിനു കയറ്റുമതി ചെയ്തുകൊണ്ടിരുന്ന ജർമ്മൻകാരുടെ നിർദ്ദയപ്രവർത്തനത്തെ പ്രതിരോധിക്കുന്നതിനായിരുന്നു അവിടുത്തെ അടുത്ത ശ്രമം. അതും ഫലപ്രദമായിരുന്നു. മാർപ്പാപ്പായുടെ അഭ്യർത്ഥനയനുസരിച്ച് 3,000 ബെൽജിയംകാരേയും 20,000 ഫ്രഞ്ചുകാരേയും ജർമ്മൻകാർ വിട്ടുകൊടുത്തു. ഇരുകക്ഷികളുടേയും കൂട്ടത്തിൽ യുദ്ധം ചെയ്തു മുറിവേററ 10,000 ഭടന്മാർ പരിചരണത്തിനായി 1915 ഡിസംബറിൽ സ്വിററ്സർലണ്ടിൽ കൊണ്ടുവരപ്പെട്ടതും പതിനഞ്ചാം ബെനദിക്തോസിന്റെ പരിശ്രമം നിമിത്തമാണ്. ശിക്ഷാർഹന്മാരായ പല യുദ്ധക്കുററവാളികളുടേയും അപരാധങ്ങൾ ക്ഷമിക്കപ്പെടുന്നതിനും അവിടുത്തെ പ്രവർത്തനം കാരണമായി. സമരത്തിൽപ്പെട്ടു നഷ്ടജീവരായവരെയും ബന്ധിതരായവരേയും അശക്തരായവരേയും പററിയുള്ള വിവരങ്ങൾ അവരുടെ ബന്ധുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി അവയെ സസൂക്ഷ്മം ശേഖരിച്ചുകൊണ്ടിരിക്കുവാൻ യുദ്ധമേഖലകളിലുള്ള സകല മെത്രാന്മാരേയും തിരുമേനി ചുമതലപ്പെടുത്തിയിരുന്നു.

പ്രശംസനീയമായ ഈ ജീവകാരുണ്യപ്രവർത്തനങ്ങളുടെയെല്ലാം സൂത്രധാരത്വം സ്തുത്യർഹമായി വഹിച്ചിരു

ന്നതു മോൺസിഞ്ഞോർ പച്ചെല്ലിയാണു്. ഈ വകുപ്പിൻെറ സുകരമായ പ്രവൎത്തനത്തിനുവേണ്ടി വ്യത്യസ്തമായ ഒരു ഡിപ്പാർട്ടുമെൻറുതന്നെ അദ്ദേഹം രൂപവൽകരിക്കുകയും സമൎത്ഥന്മാരായ ഏതാനും സഹപ്രവൎത്തകന്മാരെ തിരഞ്ഞെടുക്കുകയും ചെയ്തു. രാപകൽ വിശ്രമമില്ലാതെ അദ്ധ്വാനിച്ചിട്ടും ജോലികൾ തീർത്തുകൊണ്ടിരിക്കുവാൻ അൎക്കു സാധിച്ചില്ലെന്നാണു പറയപ്പെടുന്നതു്.

1914-ലെ പ്രഥമലോകമഹായുദ്ധത്തിൽ സംലബ്ധമായ അനുഭവജ്ഞാനം ഒരു കാൽ ശതാബ്ദം കഴിഞ്ഞു പ്രയോജകീഭവിക്കുമെന്നു പച്ചെല്ലി വിചാരിച്ചു കാണുകയില്ല. അണുകബോംബിൻെറ ആവിർഭാവത്തോടെ അവസാനിച്ചതായി വിചാരിക്കപ്പെടുന്ന ദ്വിതീയ ലോകയുദ്ധം നീണ്ടുനിന്ന സുദീർഘമായ കാലയളവിൽ തിരുമേനി യുദ്ധത്തടവുകാർക്കും അംഗവിഹീനർക്കും അശക്തർക്കുംവേണ്ടി ചെയ്തിട്ടുള്ള മഹനീയ സേവനങ്ങൾ പത്രപംക്തികളിൽ വായിച്ചതു് ഒരുനാളും നമ്മുടെ സ്മരണയിൽനിന്നു മാഞ്ഞുപോകുന്നതല്ല. അന്നു ലഭിച്ച പരിചയം ഇന്നു് ഉപരൂപകാരപ്രദമായി; അന്നു് അവിടുന്നു സൃഷ്ടിച്ച വകുപ്പുകൾ പ്രവൃദ്ധമായ കാൎയ്യക്ഷമതയോടെ കൃത്യനിൎവ്വഹണത്തിൽ ഉത്സുകമായിരുന്നതു് ഇത്തവണയാണു്.

തടവുകാരെ വച്ചുമാറിയതുകൊണ്ടുമാത്രം പതിനഞ്ചാം ബെനദിക്താസിൻെറ പ്രവൎത്തനങ്ങൾ അവസാനിച്ചില്ല. ഇരുളടഞ്ഞ സമരകാർമേഘപടലങ്ങളുടെയിടയിൽക്കൂടി സമാധാനസൂൎയ്യൻെറ പ്രഥമകിരണങ്ങൾ പ്രത്യക്ഷപ്പെടുന്ന ഭാഗ്യനിമിഷത്തെ ലോകം അക്ഷമയോടെ സൂക്ഷിച്ചുകൊണ്ടിരുന്നു. കാനൽജലം പോലെ കാണപ്പെട്ടുന്ന വിജയത്തിൽമാത്രം ദൃഷ്ടിയുറപ്പിച്ചുകൊണ്ടു കുതിച്ചുകയറുന്ന ശത്രുകക്ഷികളെ അഭിമാനകരമായി അനുരഞ്ജിപ്പിച്ചു്, ശാശ്വതമായ സമാധാനം സ്ഥാപിക്കുവാൻ തിരുമേനി അനുകൂലമായ ഒരു സന്ദർഭം തീവ്രമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. സന്ധി സംരംഭങ്ങളുടെ സുഗമതയെ ത്വരിതപ്പെടുത്തുവാൻ മോൺ: പച്ചെല്ലിയുടെ സേവനമാണു് അവിടുന്നാവശ്യപ്പെട്ടതു്. അദ്ദേഹ

ത്തിൻെറ പ്രവർത്തനത്തിൻെറ സഫലതയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1911 ഏപ്രിൽ മാസത്തിൽ പരിശുദ്ധ പിതാവു പച്ചേല്ലിയെ സാർദെസിലേ സ്ഥാനീകമെത്രാപ്പോലീത്തായും മ്യൂണിച്ചിലേ പേപ്പൽപ്രതിനിധിയുമായി നിയമിച്ചു.

പതിനഞ്ചാം ബെനദിക്താസ് തിരുമനസ്സുകൊണ്ടു നടത്തിയ അതിപ്രധാനങ്ങളായ നിയമനങ്ങളിൽ ഒന്നാണിതു്. ഏററം വൈഷമ്യപൂർണ്ണമായ ഒരു കാലഘട്ടം; ഏററം ക്ലേശകരമായ ഒരുദ്യോഗം; അതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് ഏററം സമർത്ഥനായ ഒരു നയതന്ത്രജ്ഞനും.

അന്നത്തെ ജർമ്മൻ ഭരണകൂടം പ്രൊട്ടസ്റ്റൻറു മനഃസ്ഥിതിയോടു കൂടിയതായിരുന്നതിനാൽ ഒരു പേപ്പൽ നൂൺസിയോയെ സ്വീകരിക്കുന്നതിനു ബെർളിൻ സന്നദ്ധമായിരുന്നില്ല. ജർമ്മൻസാമ്രാജ്യത്തിൽപ്പെട്ടതാണെങ്കിലും കത്തോലിക്കാ രാജ്യമെന്ന പേരിൽ അറിയപ്പെട്ടിരുന്ന ബവേറിയായുടെ തലസ്ഥാനമായ മ്യൂണിച്ചിലേ പേപ്പൽ പ്രതിനിധി വഴിയായിട്ടായിരുന്നു ഇതര ജർമ്മൻ രാജ്യവിഭാഗങ്ങളിലെയും സഭാഭരണം നടത്തപ്പെട്ടിരുന്നതു്. വത്തിക്കാനും ജർമ്മനിയും തമ്മിൽ രാഷ്ട്രകാര്യങ്ങളെ സംബന്ധിച്ചു് അഭിപ്രായവിനിമയം ചെയ്യേണ്ടി വരുമ്പോൾ മദ്ധ്യവർത്തിയായി നില്ക്കേണ്ടതും മ്യൂണിച്ചിലേ നൂൺസിയോ ആയിരുന്നു.

ഇത്രയും ഗൗരവമേറിയ ഈ ഉദ്യോഗത്തിൻെറ പ്രാധാന്യത്തെ പ്രകടിപ്പിക്കാനെന്നു തോന്നുമാറു, പരിശുദ്ധ പിതാവു തന്നെയാണു മോൺ: പച്ചേല്ലിയുടെ സ്ഥാനാഭിഷേകകർമ്മം നടത്തിയതു്. സിസ്റ്റൈൻ കപ്പേളയുടെ പ്രധാന ബലിപീഠത്തിനു മുമ്പിൽ, മൈക്കൾ ആഞ്ചലോയുടെ മനോഹരചിത്രീകരണമായ 'പൊതുവിധി'യുടെ അടിയിൽ സിംഹാസനസ്ഥനായിക്കൊണ്ടു്, തൻെറ സഹപ്രവർത്തകനും പ്രതിനിധിയുമായ മോൺ: പച്ചേല്ലിയുടെ ശിരസ്സിൽ കരങ്ങൾ വച്ചുകൊണ്ടു "പരിശുദ്ധാത്മാവിനെ സ്വീകരിക്കുക...." എന്നു് ഉദീരണം ചെയ്തപ്പോൾ പരിശു

ദ്ധ പിതാവിന്റെ ഹൃത്തടത്തിൽ എന്തെല്ലാം വികാരപരമ്പരകൾ ഉദിച്ചുയർന്നിരിക്കണം!!

അക്കൊല്ലത്തെ വേനൽക്കാലം നിഷ്പക്ഷന്മാരായ സമരനിരീക്ഷകന്മാരിൽ ചില ശുഭപ്രതീക്ഷകൾ അങ്കുരിപ്പിച്ചു. അതിനുള്ള കാരണം മറെറാന്നുമല്ല. ഇരുകക്ഷികളുടേയും ജയാപജയങ്ങൾ ഏതാണ്ടു തുല്യനിലയിൽ എത്തിയിരുന്നെന്നാണു വിദഗ്ദ്ധാഭിപ്രായം.

എന്നാൽ, ജമ്മൻകൈസർ നയിച്ചിരുന്ന സെൻട്രൽ ശക്തികൾ യുദ്ധപരാക്രമങ്ങൾകൊണ്ടു വളരെ രാജ്യങ്ങൾ പിടിച്ചടക്കിയിരുന്നില്ലേ എന്നു വല്ലവരും ചോദിച്ചേക്കാം. വാസ്തവം തന്നെ. ബെൽജിയം, ഉത്തരഫ്രാൻസ്, റഷ്യയുടെ ഒരു വമ്പിച്ച വിഭാഗം, റൂമേനിയാ, സേർബിയാ, മതലായ രാജ്യങ്ങൾ കൈസറിന്റെ കരബലത്തിൽ അമൎന്നുകഴിഞ്ഞിരുന്നു. കൈസറിനെ ഒരു ലോകമഹാവിജേതാവായി ലോകം എണ്ണാൻ തുടങ്ങുന്ന ദിവസം സമാഗതമായിരിക്കുന്നു എന്നുപോലും ചിലർ വിചാരിച്ചുപോയി. ഇതൊക്കെ ശരിയാണെങ്കിലും സുവിസ്തൃതങ്ങളായ സമരരംഗങ്ങളിലുള്ള സുദീർഘമായ യുദ്ധങ്ങളും രക്തച്ചൊരിച്ചിലുകളും കൊണ്ടു്—അവ വിജയപ്രദമായിരുന്നുകൊള്ളട്ടെ —സെൻട്രൽ ശക്തികൾ വളരെ ക്ഷീണിച്ചുകഴിഞ്ഞിരുന്നു എന്നുള്ള യാഥാർത്ഥ്യം സമരകാര്യനിരീക്ഷകന്മാർ മാത്രമേ ദർശിച്ചുള്ളു. സഖ്യകക്ഷികളുടെ സ്ഥിതി ഇതിൽനിന്നു വളരെ വിഭിന്നമായിരുന്നു. ജമ്മൻകാരുടെ അന്തർവാഹിനികൾ കപ്പൽഗതാഗതത്തിനു വിനാശകരങ്ങളായ വളരെ വിഘാതമുണ്ടാക്കിക്കൊണ്ടിരുന്നെങ്കിലും അവരുടെ ആയുധസാമഗ്രികളും ഭക്ഷണപദാർത്ഥങ്ങളും സമുദ്രമാർഗ്ഗേണ സുലഭമായി വന്നുചേരുവാൻ ആരംഭിച്ചിട്ടുണ്ടായിരുന്നുതാനും. അതുകൊണ്ടു രണ്ടു കക്ഷികളും ഇപ്പോൾ ഏതാണ്ടു സമനിലയിലാണു കഴിഞ്ഞിരുന്നതു് എന്നു പറയാം.

വിജയത്തിന്റെ ബാഹുല്യംകൊണ്ടു സന്തുഷ്ടചിത്തരായിരിക്കുന്ന സെൻട്രൽപാർട്ടിയും വിഭവങ്ങളുടെ സമൃ

ദ്ധികൊണ്ടു ശോഭനമായ ഭാവിയെ പ്രതീക്ഷിക്കുന്ന സഖ്യ കക്ഷികളും ഇത്തരുണത്തിൽ അഭിമാനന്യമായ വ്യവസ്ഥക ളോടുകൂടിയ ഒരു സമാധാനാലോചനയ്ക്കു വഴിപ്പെട്ടുമെ ന്നായിരുന്നു പതിനഞ്ചാം ബെനദിക്തോസ് മാർപ്പാപ്പായു ടെ ബോദ്ധ്യം.

എവുജേനിയോ പച്ചെല്ലിയുടെ ദൗത്യം എപ്രകാരം സ്വീകൃതമാകുമെന്നുള്ളതിനെപ്പററി അഭിജ്ഞകേന്ദ്രങ്ങളിൽ വളരെ ഉൽകണ്ഠയുണ്ടായിരുന്നു. വിജയലാഭത്താൽ ഉന്മ ത്തനായിത്തീർന്നിരിക്കുന്ന കൈസർ സമാധാനസന്ദേശ കനായ പച്ചെല്ലിയെ എങ്ങിനെ ആദരിക്കും? സെൻട്രൽ കക്ഷിക്കാർ അദ്ദേഹം നല്കുന്ന നിർദ്ദേശങ്ങളെ എങ്ങനെ വീക്ഷിക്കും?

സംശയവും ഉൽകണ്ഠയും പെട്ടെന്നു തീർന്നു. ആ ദിവസങ്ങളിലെ പ്രമുഖദിനപ്പത്രങ്ങൾ പേപ്പൽ ന്യൂൺ സിയോയ്ക്കു ലഭിച്ച വമ്പിച്ച സ്വീകരണത്തെപ്പററി സു ദീർഘമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബ വേറിയായിലെ പ്രിൻസ് റീജൻറിൻെറ കൊട്ടാരമായിരു ന്നു രാജകീയമായ ആ സ്വീകരണത്തിൻെറ പ്രധാന രംഗം.

പ്രതീക്ഷാതീതമായ ഈ വിജയത്തെ പിന്നിലാക്കുന്ന ഒരു മഹാസംഭവമാണ്, ഏതാനും ദിവസങ്ങൾ കഴി ഞ്ഞു പച്ചെല്ലിക്കു ബർളിനിൽ ലഭിച്ച കെങ്കേമമായ സ്വീ കരണം. ജർമ്മൻ കൈസറിൻെറ ചാൻസലറായ ബെത്ത് മാൻ ഹോൾവെഗ് (Bethmann-Hollweg) അദ്ദേഹ ത്തെ സ്വീകരിക്കുന്നതിനു തയ്യാറായി നിന്നിരുന്നു. അന്നു തന്നെ, കൈസറിനെ സന്ദർശിക്കുന്നതിനുള്ള ദിവസവും നിശ്ചയിക്കപ്പെട്ടു.

ഇതു നടന്നതു് 1917, ജൂലൈ 29-ാംതീയതിയാണ്. അപ്പോഴത്തെ രാജധാനിയായ ക്രൂസനാക്കിൽ സ്ഥിതിചെ യ്യുന്ന പ്രൗഢമനോഹരമായ ബാഡെൻ സ്പാ കൊട്ടാരമാണു സന്ദർശനത്തിനു നിശ്ചയിക്കപ്പെട്ട സ്ഥലം. ആഡംബര ത്തിൻേറയും ആർഭാടത്തിൻേറയും ലക്ഷണങ്ങൾ സമുദ്ധ

മായിരുന്നെങ്കിലും സമരത്തിന്റെയും വിജയത്തിന്റെയും ചിഹ്നങ്ങൾ സുലഭമായിരുന്നു. ഒരു സൈന്യനായകനു ചേർന്ന യുദ്ധകവചങ്ങൾ ധരിച്ചുകൊണ്ടാണു കൈസർ പ്രത്യക്ഷപ്പെട്ടതു്. പേപ്പൽ പ്രതിനിധിയോടുള്ള ബഹുമാനാദരങ്ങളുടെ അടയാളമായി സന്ദർശനസമയം മുഴുവനും കൈസർ എഴുന്നേററുനില്ക്കുകയായിരുന്നു എന്നു് എടുത്തു പറഞ്ഞുകൊള്ളട്ടെ.

ജമ്മൻകൈസറിന്റെ പേർക്കു പരിശുദ്ധ പിതാവു സ്വന്തം തൃക്കൈവിളയാടിയ ഒരു തിരുവെഴുത്തു പച്ചെല്ലി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. സമാധാനം സംസ്ഥാപിതമാകുന്നതിനുവേണ്ടി വിശാലഹൃദയത്തോടെ യഥാശക്തി പരിശ്രമിക്കുന്നതിനു ജമ്മൻ ഭരണമേധാവിയെ സയുക്തികം ഉദ്ബോധിപ്പിക്കുന്ന ഒരു പൈതൃക നിമന്ത്രണമായിരുന്നു അതു്.

കൈസർ അതു സാദരം വാങ്ങി; ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി. സമാധാനസംസ്ഥാപനത്തിനുവേണ്ടി നേരത്തെ തന്നെ, നിഷ്ഫലമായിട്ടാണെങ്കിലും, കഴിവതു പ്രയത്നിച്ച ഒരു മഹാമനസ്കനാണു താൻ എന്നുള്ള മിഥ്യാഭിമാനബോധമാണു കൈസറിന്റെ ഓരോ വാക്കിലും മുഴച്ചുനിന്നതു്.

അതിനു മുമ്പിലത്തെ ഡിസംബർ മാസത്തിൽ അദ്ദേഹംതന്നെ ഒരു സന്ധിനിർദ്ദേശം പുറപ്പെടുവിച്ചതാണല്ലോ. എന്നാൽ, അതിനെ ആരും ശ്രദ്ധിച്ചില്ല. അതിന്റെ കാരണം പച്ചെല്ലി വ്യക്തമാക്കിക്കൊടുത്തു: ആ നിർദ്ദേശങ്ങൾക്കു വേണ്ടിടത്തോളം വ്യാപ്തിയും സുനിശ്ചിതത്വവും സൗമനസ്യവും ഇല്ലാതിരുന്നതുകൊണ്ടാണു് അവ പരാജയമടഞ്ഞതു്. ഏതായാലും അല്പസമയത്തെ സംഭാഷണംകൊണ്ടു പ്രതിനിധിയ്ക്കു് ഒരു സംഗതി വിശദമായിക്കഴിഞ്ഞു. നവീനമായ സന്ധിനിർദ്ദേശങ്ങളെ കൈസർ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയില്ല തന്നെ; എന്തുകൊണ്ടെന്നാൽ, ശത്രുക്കളെ വിനാവിളംബം നിരുപാധികമായി ജയിച്ചടക്കാനുള്ള സൈനികശക്തി തനിക്കുണ്ടെന്നു് അ

ദ്ദേഹം സുദൃഢം വിശ്വസിച്ചിരുന്നു. സുനിശ്ചിതമായ വിജയത്തിൽ ദത്തവീക്ഷണനായ കൈസർ സമാധാനത്തെപ്പററിയുണ്ടോ ചിന്തിക്കാൻ പോകുന്നു!

മാത്രമല്ല, ഇക്കാര്യത്തിൽ മാർപ്പാപ്പാ അവലംബിക്കേണ്ട നയത്തെപ്പററി ഖണ്ഡിതമായിട്ടെന്നവണ്ണം പ്രതിപാദിക്കാനുള്ള ഔദ്ധത്യവും കൈസർ പ്രകടിപ്പിക്കുകയുണ്ടായി. കത്തോലിക്കാലോകം മുഴുവനുമുള്ള രൂപതാദ്ധ്യക്ഷന്മാരെല്ലാവരുംകൂടി, ധാർമ്മികശക്തിപ്രധാനമായ ഒരു സമരമുന്നണി രൂപവൽകരിച്ച് അതിൻെറ നേതൃത്വം വഹിക്കണമെന്നുള്ളതായിരുന്നു കൈസറിൻെറ ഒരു പ്ലാൻ. കൂടാതെ, ഇററലിയും ആസ്ട്രിയായും സമാധാനത്തിൽ കഴിയത്തക്കവിധം മാർപ്പാപ്പാ തൻെറ ഐഹികാധികാരം ഉപയോഗിക്കുകയും വേണം.

ഈ പദ്ധതിയുടെ പ്രായോഗികതയിലുള്ള ഒരു വലിയ പ്രതിബന്ധത്തെപ്പററി കൈസർ സംശയിച്ചതേയില്ല. ഇററാലിയൻ ജനതയിൽ ഒരു വലിയ വിഭാഗം ആസ്ട്രിയായുമായുള്ള യുദ്ധത്തെ പിന്താങ്ങുന്നവരായിരുന്നു; 'പോപ്പൊളോ ഡി ഇത്താലിയാ' എന്ന പ്രമുഖപത്രത്തിൻെറ അധിപരായിരുന്ന ബെനീറേറാ മുസ്സോലീനിയായിരുന്നു അതിൻെറ പ്രധാന നേതാക്കന്മാരിൽ ഒരാൾ. "ഈ ചപലന്മാരെ എന്തിനു കണക്കാക്കുന്നു?" അവരുടെ താല്പര്യങ്ങളെ വെറും ത്യാജ്യകോടിയിൽ പരിഗണിച്ചാൽ മാത്രം മതിയെന്നായിരുന്നു കൈസറിൻെറ അഭിമതം. സ്വാർത്ഥപരങ്ങളായ നയതന്ത്രങ്ങളായിരുന്നു അദ്ദേഹത്തിനു സ്വീകാര്യം. അവയെ പുരസ്കരിച്ചായിരുന്നു അദ്ദേഹത്തിൻെറ സംഭാഷണം മുഴുവനും.

അനന്തരം വത്തിക്കാൻെറ സുരക്ഷിതത്വത്തെ അഭംഗമായി പാലിക്കുന്നതിനുതകുന്ന പദ്ധതികൾ ഓരോന്നായി കൈസർ ആവിഷ്കരിക്കാൻ തുടങ്ങി. വത്തിക്കാനിലെ ബ്രഹ്മാണ്ഡസൗധങ്ങളെയെല്ലാം അനുപരോധ്യങ്ങളായ ഓരോ ദുർഗ്ഗമദുർഗ്ഗമായി ഉപയോഗിക്കുവാനുള്ള സാധ്യതകളെ വളരെ തന്മയത്വത്തോടേ അദ്ദേഹം ചിത്രണം

ചെയ്തു കാണിച്ചു. ജർമ്മൻ സ്വേച്ഛാധിപതിയുടെ പ്രതിഭാവിലാസം അതിസമ്പന്നമായിരുന്നെന്നു മോൺ. പച്ചെല്ലിപോലും സമ്മതിച്ചിരിക്കണം.

പേപ്പൽ പ്രതിനിധിയുടെ ആഗമനോദ്ദേശ്യം പ്രഭാഷണകോലാഹലത്തിനിടയിൽ കൈസർ വിസ്മരിച്ചുപോയതുപോലെ തോന്നുന്നു. ലോകത്തേയും വിശിഷ്യ, യൂറോപ്യൻ രാജ്യങ്ങളേയും ചുട്ടുദഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരസമരത്തിനു പര്യവസാനം വരുത്തുന്നതിനു കൈസറിനെ പ്രേരിപ്പിക്കുവാൻ നുൺസിയോ നിയുക്തനായിരിക്കുന്നു. എന്നാൽ, ആ വിഷയത്തെയൊക്കെ മാററിയിട്ടു വത്തിക്കാൻെറ സുരക്ഷിതാവസ്ഥയെപ്പററിയാണ ജർമ്മൻ ഭരണമേധാവി ചിന്തിക്കുന്നതു്. ജർമ്മൻ ജനതയുടെ ഭാഗധേയങ്ങളെ നിർണ്ണയിക്കാൻ ചുമതലപ്പെട്ട ഒരു ഭരണധുരന്ധരൻെറ സന്നിധിയെന്നതിനെക്കാൾ, അഭിനയചതുരനായ ഒരു നടൻെറ സ്വാതന്ത്ര്യവിലാസരംഗമെന്ന പേരിനാണു് ആ സന്ദർശനശാലയ്ക്കു് കൂടുതൽ അർഹത.

കൈസറിൻെറ സുദീർഘമായ മനോരാജ്യപര്യടനങ്ങളുടെ അവസാനത്തിൽ, നുൺസിയോ അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾക്കെല്ലാം സമുചിതമായ രീതിയിൽ യുക്തിപൂർവ്വകമായ മറുപടി കൊടുത്തു. പേപ്പൽ പ്രതിനിധിയുടെ ശക്തിമത്തായ ശുപാർശയനുസരിച്ചു്, ബെൽജിയത്തിലെ സിവിലിയൻജനതയെ നിർബന്ധപൂർവ്വം സ്ഥലം മാററുന്ന സൈനികനയത്തെ നിയന്ത്രിക്കുവാൻ സമരനായകന്മാർക്കു് ഉടനെ ആജ്ഞ നല്കുന്നതാണെന്നു കൈസർ ഉറപ്പു നല്കി.

മാർപ്പാപ്പായുടെ പ്രതിപുരുഷനായി, സംസ്ഥാനാതിഥിയായി ആഗതനായിരിക്കുന്ന മോൺ. പച്ചെല്ലിയുടെ ബഹുമാനാർത്ഥം കൈസർ അന്നുതന്നെ വിഭവസമൃദ്ധമായ ഒരു വിരുന്നുസൽകാരം നടത്തുകയും, നുൺസിയോയെ തൻെറ വലതുവശത്തിരുത്തി ഉപചരിക്കുകയും ചെയ്തു.

കത്തോലിക്കാസഭയേയും അവളുടെ പ്രവർത്തനങ്ങളേയും അധിക്ഷേപിക്കുവാൻ സന്നദ്ധരായ കമ്യൂണിസ്ററു

കാർ പേപ്പൽ നൂൺസിയോയുടെ നയത്തെ അവഹേളി ക്കാതിരുന്നിട്ടില്ല. അതിൽ താങ്കൾക്കുപററുന്ന യുക്തിഭംഗം അവർ കാണുന്നില്ലെന്നു തോന്നുന്നു. റഷ്യയിലെ പ്രമുഖ കമ്യൂണിസ്റ്റ് പത്രമായ പ്രവദാ—ഈ പദത്തിൻെറ അ ൎത്ഥം സത്യം എന്നാണു്!—പച്ചെല്ലിയുടെ നിഷ്പക്ഷത യെ ചോദ്യം ചെയ്യുന്നതിനു മുതിർന്നതു വളരെ സാഹസി കമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല. "ഇപ്പോ ഴത്തെ പാപ്പാ ബെർളിനിലെ നൂൺസിയോ ആയിരുന്ന പ്പോൾ ഹിററ്ലറുമായി സഖ്യത്തിലായിരിക്കുകയും ജർമ്മ നിയ്ക്കു് അനുകൂലമായ മനഃസ്ഥിതി പ്രകടിപ്പിക്കുകയും ചെ യ്തിട്ടുണ്ടു്" എന്നാണു പ്രവദായുടെ വിചിത്രമായ ആരോ പണം. ഇതിനു വത്തിക്കാൻ പത്രമായ ഒബ്സർവാ ത്തോരെ റോമാനോ നല്കിയ മറുപടി ഇപ്രകാരമാണു്: "പ്രവദാ വ്യാജം പറയുന്നു. വത്തിക്കാൻെറ നയം എന്നും ഒന്നുതന്നെയായിരുന്നു. ഇററലിയൻ പർഗ്ഗസിദ്ധാന്തങ്ങ ളെ അപലപിച്ചുകൊണ്ടു പതിനൊന്നാം പീയൂസ് പ്രസ്താ വിച്ചിരിക്കുന്നതു്, അതു് അഭിശപ്തമായ ജർമ്മൻ സിദ്ധാന്ത ങ്ങളുടെ ഒരു വികൃതമായ അനുകരണം മാത്രമാണു് എ ന്നത്രെ.

"മാത്രമല്ല, ഇപ്പോഴത്തെ മാർപ്പാപ്പാ ബെർളിനിൽ നൂൺസിയോ ആയിരുന്നതു് 1929 വരെയാണു്. ഹിററ്ലർ അധികാരസ്ഥാനത്തു പ്രവേശിച്ചതു 1933-ലും." ഇതിൽനിന്നു പ്രവദായുടെ ആരോപണം തീർത്തും അടി സ്ഥാനരഹിതമാണെന്നു തെളിയുന്നുണ്ടല്ലോ.

ഏതാനും വത്സരങ്ങൾ കഴിഞ്ഞു തൻെറ വിപ്രവാ സകാലത്തെ ഏകാന്തതയിൽ ഹതഭാഗ്യനായ കൈസർ ഈ സന്ദർശനഘട്ടത്തെ സന്തോഷപൂർവ്വം അനുസ്മരിക്കുന്നതായി കാണുന്നു. അദ്ദേഹത്തിൻെറ "വിചിന്തനങ്ങളും അനുസ്മ രണങ്ങളും" എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പേപ്പൽ നൂൺസി യോ പച്ചെല്ലി തിരുമേനിയെപ്പററി രേഖപ്പെടുത്തിയി രിക്കുന്നതു് പ്രകാരമാണു്: "അഭിജാത്യസൂചകവും അനു ഭാവസമന്വിതവും ആയ ഒരു പ്രകൃതിയാണു് അദ്ദേഹത്തി

ന്നുള്ളതു്. അദ്ദേഹത്തിൻെറ ധിഷണാവിലാസം അസാധാരണവും ആചാരരീതികൾ ആക്ഷേപരഹിതങ്ങളും ആണു്. ഒററവാക്കിൽ പറഞ്ഞാൽ കത്തോലിക്കാസഭയിലെ ഒരുന്നതസ്ഥാനിയുടെ പൂർവ്വരൂപമാണു് അദ്ദേഹം എന്നു് എനിക്കു തോന്നി.''

കൈസർ ഒരു പ്രവാചകനല്ലെങ്കിലും, അദ്ദേഹത്തിൻെറ പ്രസ്താവന ഇന്നു പരിപൂർണ്ണമാംവിധം അന്വത്ഥമായി നിലകൊള്ളുന്നു.

# ആറാമദ്ധ്യായം.

## സമാധാനദൂതൻ.

ജർമ്മൻ മേഖലയിൽപ്പെട്ട ബവേറിയായുടെ നയതന്ത്ര കേന്ദ്രമായ മൂണിച്ചിലാണു പേപ്പൽനൂൺസിയോയുടെ അധിവാസരംഗമായ രാജകീയമന്ദിരം സ്ഥിതിചെയ്തിരുന്നതു്. പ്രശസ്തനായ ഒരു രാജകീയാതിഥിയുടെ സ്ഥിതിക്കു് അനുയോജ്യമായ സകല സജ്ജീകരണങ്ങളും അതിൽ സുലഭമായിരുന്നു. വിനാശകരമായ ഒന്നാമത്തെ ലോകമഹായുദ്ധം പര്യവസാനിക്കുന്നതിനുള്ള വത്തിക്കാന്റെ പ്രവർത്തനങ്ങളുടെ ഒരു പ്രധാന കേന്ദ്രം ഈ മന്ദിരമായിരുന്നെന്നുതന്നെ പറയണം. വത്തിക്കാനിലെ അതിനിഗൂഢങ്ങളായ ഉള്ളറകളിൽ നടക്കുന്ന അതിപ്രധാനങ്ങളായ വിചിന്തനങ്ങൾക്കുശേഷം രൂപവൽകൃതമാകുന്ന സന്ധിനിർദ്ദേശങ്ങൾ ഈ മണ്ഡപത്തിൽനിന്നു വേണമായിരുന്നു നിർഗ്ഗമിക്കുവാൻ.

1917 ജൂൺമാസം 13-ാംതീയതി, പേപ്പൽ സ്റ്റേറ്റു സെക്രട്ടറി, കർദ്ദിനാൾ ഗസ്പാരി തിരുമനസ്സുകൊണ്ടു്, ജർമ്മനി ഉന്നയിക്കാനിരിക്കുന്ന സന്ധിവ്യവസ്ഥകൾ ഏവയാണെന്നു് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടു് ഒരുകത്തു ജർമ്മൻ രാഷ്ട്രനായകന്മാർക്കു് അയച്ചുകൊടുത്തതിനോടേ സമാധാനാലോചനകൾ ഔപചാരികമായി സമാരംഭിച്ചു. അതിനുശേഷം രണ്ടാഴ്ചകൾ കഴിഞ്ഞു പച്ചേല്ലിയെ ബെർളിൻനഗരത്തിൽ നാം കാണുന്നു. ജർമ്മൻചാൻസലർ, വോൺ ബെത്തു്മാൻ ഹാൾവെഗ്ഗിനെ നേരിട്ടു കണ്ടു സന്ധിവ്യവസ്ഥകളെപ്പററി ചർച്ച ചെയ്യുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം. നിരപരാധിയായ ബെൽജിയത്തിന്റെ നിക്ഷ്പക്ഷതാനയത്തെ ആദരിക്കാതെ അതിനെ ആക്രമിക്കുന്നതിനിടയായതു ശോചനീയ

മായ ഒരു ധൎമ്മവിലോപമായിപ്പോയി എന്നു ചാൻസലർ തുറന്നു സമ്മതിച്ചു. മാത്രമല്ല, സമാധാനസ്ഥാപനത്തിനു വേണ്ടി ബെൽജിയത്തെ പൂൎവ്വസ്ഥിതിയിൽ പ്രതിഷ്ഠിക്കാമെന്നും, ജൎമ്മനിയുടെ ആയുധസന്നാഹങ്ങളെ വെട്ടിക്കുറയ്ക്കാമെന്നും അദ്ദേഹം ഉറപ്പുപറഞ്ഞു.

പക്ഷെ, അതുകഴിഞ്ഞു രണ്ടാഴ്ചക്കുള്ളിൽ ബെത്ത്മാൻ അധികാരപദത്തിൽനിന്നു് അധഃപതിച്ചുപോയി. തന്നിമിത്തം സന്ധിശ്രമത്തിലുള്ള ശുഭപ്രതീക്ഷ അസ്ഥാനത്തായോ എന്നു പലരും സംശയിക്കാതിരുന്നില്ല.

എന്നാൽ, ജൂൺ 19-ാംതീയതി സമ്മേളിച്ച ജൎമ്മൻ റീഗ്സ്റ്റാഗ് സന്ധിക്കു തയ്യാറാണെന്നു പ്രഖ്യാപിതമായതോടെ മ്ലാനമായ അന്തരീക്ഷം വീണ്ടും ചൈതന്യപൂൎണ്ണമായി. ഇതര രാജ്യങ്ങളെ ജൎമ്മൻ സാമ്രാജ്യത്തിൽ ലയിപ്പിക്കണമെന്നു് അവർ വാദിച്ചതേയില്ല. അതേ മാസത്തിൽത്തന്നെ ബ്രിട്ടീഷ് പ്രധാനമന്ത്രി, മി. ലോയിഡ് ജോൎജ്ജ്, തന്റെ ഗ്ലാസ്ഗോ പ്രസംഗത്തിൽ സന്ധിയാലോചനകൾക്കുള്ള സാധ്യതയേയും അതിൽ ബ്രിട്ടീഷ് ജനതയ്ക്കുള്ള സൗമനസ്യത്തേയും വ്യക്തമാക്കിയിരുന്നു. സമാധാന സംസ്ഥാപനത്തിനുള്ള ഒരു പ്രാരംഭ നടപടിയായി ബെൽജിയത്തെ അതിന്റെ പൂൎവ്വസ്വാതന്ത്ര്യത്തിൽ പുനഃസ്ഥാപിക്കണമെന്നു മാത്രമേ പ്രധാനമന്ത്രി ആവശ്യപ്പെട്ടുള്ളൂ. സമരത്തിലേർപ്പെട്ടിരിക്കുന്ന വിരുദ്ധകക്ഷികളുടെ മനഃസ്ഥിതി ഇതിനുമുമ്പ് ഇത്രയും യോജിച്ചുവന്നിട്ടില്ലെന്നുള്ളതു തീർച്ചയാണ്.

ഈ സുവൎണ്ണാവസരം നഷ്ടമാകാതെ സന്ധിശ്രമങ്ങൾ സുനിശ്ചിതമായ പരിപാടിയനുസരിച്ചു തുടൎന്നുകൊണ്ടുപോകുവാൻ പതിനഞ്ചാം ബെനദിക്ടോസ് തിരുമനസ്സുകൊണ്ടു ദൃഢചിത്തനായി. താൻ തയ്യാറാക്കി വരുന്ന സന്ധിവ്യവസ്ഥകൾക്കനുഗുണമായി ജൎമ്മൻ ഭരണകൂടത്തിന്റെ മൎമ്മസ്ഥാനങ്ങളെ വശഗമാക്കുന്നതിനു് അദ്ദേഹം മോൺ. പച്ചെല്ലിയെ നിയോഗിച്ചു.

ലോകസമാധാനത്തിന്റെ അടിസ്ഥാനതത്വങ്ങളായി അഞ്ചുവ്യവസ്ഥകളാണു പതിനഞ്ചാം ബെനദിക്തോസ് മാർപ്പാപ്പാ പ്രഖ്യാപിച്ചതു്: ബെൽജിയത്തെ സ്വാതന്ത്ര്യത്തിൽ പുനഃസ്ഥാപിക്കുക; ജർമ്മനിയുടെ കോളണികളെ തിരിച്ചുകൊടുക്കുക; സമരോപകരണങ്ങളെ കുറയ്ക്കുക; സമുദ്രഗതാഗതം സ്വാതന്ത്ര്യമാക്കുക; തർക്കങ്ങൾക്കു വിധി കല്പിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ ഒരു സർവ്വരാജ്യ മദ്ധ്യസ്ഥകോടതി സ്ഥാപിക്കുക.

ഈ അഞ്ചു വ്യവസ്ഥകളുടെ പ്രാമാണികതയും പ്രാധാന്യവും ഗ്രഹിക്കുന്നതിനു പ്രസിഡൻറു വിൽസൺ ഏകദേശം ഒരു വത്സരത്തിനുശേഷം പുറപ്പെടുവിക്കാനിരുന്ന സന്ധിവ്യവസ്ഥകളെ സശ്രദ്ധം പരിശോധിച്ചാൽമാത്രം മതിയാകും. അദ്ദേഹം മാർപ്പാപ്പായുടെ നിർദ്ദേശങ്ങളെ പകർത്തുകയും വിപുലീകരിക്കുകയുമല്ലാതെ എന്തു ചെയ്തിട്ടുണ്ടു്?

പരിഗണനാർഹങ്ങളായ ഈ നിർദ്ദേശങ്ങൾ സന്ധിയാലോചനകൾക്കു സ്വീകാര്യമായ ഒരു പശ്ചാത്തലമായിരിക്കുമെന്നു ഭരണസമിതിക്കു ബോധ്യമുള്ളതിനാൽ അവ വിയന്നായിൽ താമസിക്കുന്ന കൈസറിന്റെ സന്നിധിയിൽ ഉടനെ ഹാജരാക്കുന്നതാണെന്നു പച്ചെല്ലിക്കു ബെർളിനിൽനിന്നും അറിവു കിട്ടി.

സമരകാര്യങ്ങളിൽ നവീനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി അഗസ്റ്റ് 7-ാംതീയതി സഖ്യകക്ഷിനേതാക്കന്മാരുടെ ഒരു യോഗം ലണ്ടനിൽവച്ചു സമ്മേളിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു ഇതു്. ഈ അവസരം പാഴാക്കാൻ പാടില്ലെന്നു കർദ്ദിനാൾ ഗസ്പാരി നിശ്ചയിച്ചു. നഷ്ടപ്പെടുത്തുവാനോ കാത്തിരിക്കുവാനോ ഒരു നിമിഷംപോലും ഇല്ലെന്നും ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തനം നടത്തേണ്ട സമയം സമാഗതമായിരിക്കുന്നെന്നും ഭരണമേധാവികളെ ബോധപ്പെടുത്തിക്കൊള്ളണം എന്ന ശാസനമാണു പച്ചെല്ലിക്കു വത്തിക്കാ

നിൽനിന്നും ലഭിച്ചതു്. മാർപ്പാപ്പായുടെ സന്ധിനിർദ്ദേശങ്ങളെപ്പററി അനുകൂലമായ ഒരു തീരുമാനം ബെർളിനിലേ നയതന്ത്രകേന്ദ്രങ്ങളിൽ ഒരാഴ്ചയ്ക്കകം ഉണ്ടാകുമെന്നു് അറിവായിരിക്കുന്നതുകൊണ്ടു പരസ്യപ്പെടുത്തുന്നതിൽ ത്തന്നെ താമസിച്ചുകൊള്ളണമെന്നു് ഒരു കമ്പിസന്ദേശവും ഗസ്പാരിയിൽനിന്നും അദ്ദേഹത്തിനു കിട്ടി.

എന്നാൽ, പ്രതീക്ഷയനുസരിച്ചുള്ള പരിപാടികളൊന്നും നടന്നുകണ്ടില്ല. ശുഭാപ്തിവിശ്വാസം ഉൽകണ്ഠാകുലതയായി പരിണമിച്ചു. ഏതാനും ദിവസങ്ങൾ കാത്തിരുന്നിട്ടും മറുപടിയൊന്നും വന്നുചേർന്നില്ല. ഒടുവിൽ പതിനഞ്ചാം ബെനഡിക്ടാസ് തന്നെ ധൈര്യപൂർവ്വം മുന്നിട്ടിറങ്ങി. 1917 ആഗസ്റ്റ് 14-ാംതീയതി ലോകത്തിലുള്ള സകല രാഷ്ട്രമേധാവികൾക്കും ജനനായകന്മാർക്കും മാർപ്പാപ്പായുടെ സന്ധിനിർദ്ദേശങ്ങൾ ലഭ്യമായി.

ആത്മഹത്യാപരമായ സമൂലവിനാശത്തിൽനിന്നു ലോകത്തെ സമുദ്ധരിക്കുന്നതിനുള്ള ഒരു രക്ഷാകരസന്ദേശമായിരുന്നു അതു്. ധാർമ്മികതത്ത്വങ്ങൾക്കു പ്രാധാന്യം നല്കിക്കൊണ്ടു നീതിപാലിക്കാൻ ശ്രമിച്ചാൽ മാത്രമേ ശാശ്വതമായ സമാധാനം ലഭ്യമാകുകയുള്ളൂ എന്നു് അതു സുവ്യക്തമാക്കി. സാമുദായികനീതിയേയും രാഷ്ട്രീയസുസ്ഥിതിയേയും പരിരക്ഷിക്കുന്നതിനുള്ള പ്രായോഗികങ്ങളായ മാർഗ്ഗനിർദ്ദേശങ്ങളാണു് അതിൽ അടങ്ങിയിരുന്നതു്.

മാർപ്പാപ്പായുടെ നിർദ്ദേശങ്ങൾ സുവ്യക്തവും പ്രൗഢഗംഭീരവും ആയിരുന്നു. പിന്നീടു രൂപവൽകൃതമായ വെഴ്സെയിൽസ് സന്ധിയെക്കാൾ പ്രയോഗക്ഷമങ്ങളായിരുന്നു അതിലെ ചില ഖണ്ഡികകൾ. പരാജയമടഞ്ഞ സർവ്വരാജ്യസഖ്യത്തിനുപകരം അധികാരസംയുക്തമായ ഒരു സർവ്വരാഷ്ട്രസമിതി—തർക്കങ്ങൾ കേൾക്കുവാനും വിധി നടത്തുവാനും ശിക്ഷ നിർണ്ണയിക്കുവാനും അനുശാസനങ്ങൾ അനുസരിപ്പിക്കുവാനും ഉള്ള ധാർമ്മികപ്രാബല്യത്തോടുകൂടിയ ഒരു വിശ്വകോടതി—സ്ഥാപിക്കേണ്ടിയതാണെന്നു് അവിടുന്നു വാദിച്ചതു്. കരബലത്താൽ ഉന്മത്തരായി നീതിയു

ടെ നിയമങ്ങളെ ലംഘിക്കുന്നവരെ ചൊല്പടിയ്ക്കു നിറുത്തുവാനുള്ള അധികാരം അതിനു് ആവശ്യമാണു്. ആവശ്യപ്പെട്ടാൽ, ആയുധശക്തിയുപയോഗിക്കുന്നതിനുള്ള സാധ്യതയും അതിനുണ്ടായിരിക്കണം. ഒരു കാൽശതാബ്ദം കഴിഞ്ഞു സർവ്വരാജ്യസഖ്യത്തെ അതിന്റെ വിലപനീയമായ നിർജ്ജീവതയിൽനിന്നും ഉദ്ധരിക്കുവാൻ മി. വിൻസർ ചർച്ചിലും ഡേവിഡ്പ്രഭുവും കൂടി പരിശ്രമിച്ചപ്പോൾ, പതിനഞ്ചാം ബെനദിക്താസിന്റെ നിർദ്ദേശങ്ങളെയാണു് അവർ അവലംബിച്ചതു്.

യുദ്ധത്തിലുണ്ടായിട്ടുള്ള വമ്പിച്ച നഷ്ടങ്ങളെ ഇരുകക്ഷികളും വിശാലഹൃദയത്തോടെ വിസ്മരിക്കുകയും ക്ഷമിക്കുകയും ചെയ്യണമെന്നതായിരുന്നു പരിശുദ്ധ പിതാവിന്റെ മറ്റൊരു നിർദ്ദേശം. സമരോപകരണങ്ങൾ വർദ്ധിപ്പിക്കുന്നതിനു ദുർവ്യയം ചെയ്യുന്ന ഭീമമായ സംഖ്യകൾ ഐശ്വര്യപ്രദമായ യുദ്ധാനന്തരപുനസ്സംവിധാനപദ്ധതികളുടെ വിജയകരമായ പ്രവർത്തനത്തിനുവേണ്ടി ചെലവാക്കുന്നതായാൽ കുറഞ്ഞൊരു കാലംകൊണ്ടു് യുദ്ധത്തിലുണ്ടായ നഷ്ടങ്ങൾ പരിഹൃതമാകുമെന്നു തിരുമേനി സയുക്തികം തെളിയിച്ചു.

“പരാജിതന്മാർക്കു പ്രപീഡനങ്ങൾ” എന്ന അക്രൈസ്തവനയത്തെ അവലംബിച്ചാൽ ഉണ്ടാകാവുന്ന വിദൂരഭാവിവ്യാപകങ്ങളായ ദുരന്തദുരിതങ്ങളെ പതിനഞ്ചാം ബെനദിക്താസ് നേരത്തേ വ്യക്തമാക്കിയതാണു്. എന്നാൽ, ആരു ശ്രദ്ധിക്കാനാണു്! അവിടുന്നു നല്കിയ പൈതൃകനിർദ്ദേശത്തെ അവജ്ഞാപൂർവ്വം തിരസ്കരിക്കുകയും പരാജിതരുടെ ജീവരക്തംപോലും പിഴിഞ്ഞെടുക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തതിന്റെ പരിണതഫലമോ വിപ്ലവകരമായ സാമ്പത്തികാധഃപ്പതനവും അപരിഹാര്യമായ തൊഴിൽരാഹിത്യവും സർവ്വരാജ്യവിപണികളിൽ അഭൂതപൂർവ്വമായ മന്ദതയും. ജർമ്മൻ കൈസറിനെ സഖ്യകക്ഷികൾ തോല്പിച്ചു; വിജയികളെന്നു പെരുമ്പറ മുഴക്കിയ സഖ്യകക്ഷികളെ തങ്ങൾതന്നെ ഉണ്ടാക്കിയ വേഴ്സെയിൽസ് ഉടമ്പടി

രേതാല്പിച്ചു. നീതിയേയും സ്നേഹത്തേയും മാററിനിറുത്തിയിട്ട രൂപവൽകരിച്ച ആ സന്ധി മറെറാരു ലോകമഹായുദ്ധത്തിനുകൂടി വഴിതെളിക്കുകമാത്രം ചെയ്തു. ഇതാണു കുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന വേഴ്സെയിൽസിനു ലോകചരിത്രത്തിലുള്ള സ്ഥാനം.

പതിനഞ്ചാം ബെനഡിക്ടൊസിൻെറ സന്ധിനിർദ്ദേശങ്ങൾ ഗുണപ്രദങ്ങളായിരുന്നെന്നുള്ളതിൽ രണ്ടുപക്ഷമില്ല. രാഷ്ട്രനേതാക്കന്മാർ അവയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തിരുന്നെങ്കിൽ ലോകം അനുഭവിച്ച ദുരന്തങ്ങൾ കൂടാതെ കഴിയാമായിരുന്നു. എന്നാൽ, അവയിൽ ചില ന്യൂനതകൾ കണ്ടുപിടിക്കാൻ സാധിക്കുകയില്ലെന്നില്ല. ഈ പദ്ധതി അംഗീകൃതമാകുന്നപക്ഷം, അൽസേസ്-ലോറേയിൻ പ്രദേശങ്ങൾ തങ്ങൾക്കു ലഭ്യമാകുകയില്ലെന്നു ഫ്രഞ്ചുകാർ ഭയപ്പെട്ടു. അവയെ വീണ്ടെടുക്കുന്നതിനുള്ള ശ്രമം 1871 മുതൽ അവർ ആരംഭിച്ചതാണ്; അവരെ സഹായിക്കുവാൻ ഇത്തരുണത്തിൽ സുശിക്ഷിതരായ അമേരിക്കൻ ഭടന്മാർ ആയിരക്കണക്കിനു കരയ്ക്കിറങ്ങിക്കൊണ്ടിരിക്കുകയായിരുന്നതാനും.

ബൽജിയൻ ജനത—നിരപരാധികളും നിസ്സഹായരുമായ ആ ദുർഭഗർ—അകാരണമായി അനുഭവിക്കുന്നതിനിടയായ കഷ്ടനഷ്ടങ്ങൾക്കു ജർമ്മനി മതിയായ പരിഹാരം ചെയ്തുകൊണ്ടു് ആ രാഷ്ട്രത്തെ അതിൻെറ പൂർവ്വസ്വാതന്ത്ര്യസ്ഥിതിയിൽ പുനഃസ്ഥാപിക്കുന്നതാണെന്നുള്ളതിലേക്കു വിശ്വാസനീയവും അസന്ദിഗ്ദ്ധവുമായ ഒരുറപ്പു ലഭിക്കുകയെന്നതു് ഏതൊരു സന്ധിസംരംഭവും സമാരംഭിക്കുന്നതിനു മുമ്പു നടക്കേണ്ട അനുപേക്ഷണീയമായ ഒരു കൃത്യമാണെന്നു ബ്രിട്ടനും ശഠിച്ചു.

സമാധാനസംസ്ഥാപനത്തിനുവേണ്ടിയുള്ള പര്യാലോചനകൾ ആരംഭിച്ചിരിക്കുന്നു എന്നുള്ള വാർത്ത ആശ്വാസരഹിതമായ ലോകത്തിനു് പ്രത്യാശാപ്രദമായ ഒരു ഇളംതെന്നലായിരുന്നു. അനേകലക്ഷം ഹൃദയങ്ങളെ ആ കുളിർകാററു് ആനന്ദപുളകം കൊള്ളിച്ചു. എന്നാൽ, സ്വ

ത്മതികളായ ചില മക്കടമുഷ്ടികൾ സന്ധിസംരംഭവങ്ങളുടെ സുകരമായ പ്രവർത്തനത്തിൽ വിലംഘടിച്ചു നിന്നതുനിമിത്തം അവ വിഫലീഭവിച്ചെന്നു പറഞ്ഞാൽ മതിയല്ലോ. ഇററലിയെയാണു് ആദ്യമായി പഴിക്കേണ്ടതു്. അതുവരെ ജർമ്മൻകാരെ സഹായിച്ചുകൊണ്ടിരുന്ന ഇററലി, ലണ്ടൻ സന്ധിയിൽവച്ചു കാലുമാറി. പാപ്പാസ്ഥാനത്തോടുള്ള ദുഷ്ടമമായ വിദ്വേഷം നിമിത്തം വത്തിക്കാനു ലോകസമാധാനസ്ഥാപനത്തിൽ യാതൊരു സ്ഥാനവും നല്കരുതെന്നു രഹസ്യമായ ഒരു വ്യവസ്ഥ ഇററലിയുടെ നിർബന്ധമനുസരിച്ചു ലണ്ടൻ സന്ധിയിൽ ഉൾപ്പെടുത്തിയിരുന്നു!!

ജർമ്മൻ പക്ഷത്തുനിന്നുള്ള സഹകരണം തീരെ നിരാശാജനമായിരുന്നു. ബെത്തു്മാൻെറ പിൻഗാമിയായി ചാൻസലർ പദത്തിൽ പ്രവേശിച്ച ഡോക്ടർ മിക്കേലിസ് കുപ്രസിദ്ധനായ ഒരു കത്തോലിക്കാമതവിദ്വേഷിയായിരുന്നു. മാർപ്പാപ്പായുടെ സന്ധിശ്രമങ്ങൾ വിഫലമായി കാണുവാൻ അയാൾ ആഗ്രഹിച്ചതിൽ വിസ്മയത്തിനവകാശമില്ല. സമാധാനസ്ഥാപനത്തിൻെറ ആവശ്യകതയേയും അതിനുള്ള പ്രായോഗികമാർഗ്ഗങ്ങളേയും അനുസ്മരിപ്പിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ മുമ്പിൽ മോൺ: പച്ചെല്ലി നടത്തിയ സൂതീക്ഷ്ണമായ യുക്തിവാദങ്ങൾ വെറും വനരോദനങ്ങളായിട്ടാണു പരിണമിച്ചതു്. അനിഷ്ടണ്ടകൻെറ ശ്രവണപുടങ്ങളിൽ തൻെറ വാക്കുകൾ തീരെ നിഷ്ഫലങ്ങളാകുന്നതുകണ്ടു്, പച്ചെല്ലി ഇങ്ങനെ ഉപസംഹരിച്ചു: "അതീവപ്രാധാന്യമർഹിക്കുന്ന ബെൽജിയൻപ്രശ്നത്തെപ്പററി സുവ്യക്തവും അസന്ദിഗ്ദ്ധവുമായ ഒരുറപ്പു് അങ്ങു നല്കുന്നപക്ഷം ഏവർക്കും അഭിമാനകരമായ ഒരു സന്ധി വിനാവിളംബം രൂപവൽകൃതമാകുമെന്നു നിശ്ചയം തന്നെ; അങ്ങിനെ അങ്ങേ നാമം അനശ്വരയശസ്സോടെ എന്നും പാലിക്കുകയും ചെയ്യും."

ഇതിനു ചാൻസലർ നല്കിയ പ്രത്യുത്തരം ഒട്ടും ആശാവഹമായിരുന്നില്ല. കർദ്ദിനാൾ ഗസ്പാരി അതുവാ

യിച്ചുനോക്കിയിട്ട രോഷപൂർവ്വം വലിച്ചെറിഞ്ഞുകൊണ്ട പറഞ്ഞു: "വെറും നിരത്ഥകം!" എന്തുകൊണ്ടെന്നാൽ, ബെൽജിയത്തിൻെറ പേരുപോലും അതിലുണ്ടായിരുന്നില്ല.

മോൺ: പക്ഷെല്ലി ഭഗ്നാശനാകാതെ വീണ്ടും ചാൻസലറിനെ സന്ദർശിച്ചു സമാധാനസ്ഥാപനത്തെപ്പററി സുദീർഘമായി പ്രതിപാദിച്ചു. ഇത്തവണത്തെ മറുപടിയിൽ അല്പം ആശാകിരണങ്ങൾ പ്രസ്ഫുരിക്കുന്നുണ്ടായിരുന്നു. ബെൽജിയത്തിൻെറ പുനസ്ഥാപനത്തെപ്പററി ചാൻസലറിൻെറ കത്തിൽ പ്രസ്താവിച്ചിരുന്നെന്നുള്ളതു വാസ്തവമാണു്. പക്ഷേ, "എന്നാൽ", "എങ്കിലും", "എന്നിരുന്നാലും', മുതലായ നയതന്ത്രവാചികളുടെ സുലഭത നിമിത്തം അതും ചവററുകൊട്ടയ്ക്കുമാത്രമേ യോഗ്യമായിരുന്നുള്ളു.

ശോകപര്യവസായിയായ ആ നാടകരംഗത്തെപ്പററി ഇന്നു പരിതപിച്ചതുകൊണ്ടെന്തുപ്രയോജനം? ജനതകളുടെ ഭാഗധേയങ്ങളെ നിർണ്ണയിക്കുന്നതിനു ചുമതലപ്പെട്ട ലോകഭരണകർത്താക്കൾ സ്വാത്ഥപ്രതിപത്തിയും വ്യത്ഥവ്യാമോഹങ്ങളും അഭിപ്രായഭിന്നതകളും മതവിദ്വേഷവും നിമിത്തം പരസ്പരം വിശ്വസിക്കാതെ ഒരു 'ഒളിച്ചുകളി' നടത്തിക്കൊണ്ടിരുന്ന ആ സമയത്തു് യൂറോപ്പിൻെറ ഇതരഭാഗങ്ങളിൽ നടമാടിക്കൊണ്ടിരുന്ന ഭയങ്കര രംഗങ്ങളെ അവർ വിസ്മരിച്ചുകളഞ്ഞതുപോലെ തോന്നിപ്പോകുന്നു!

ഫ്ളാണ്ടേഴ്സിലെ ചെളിപ്രദേശങ്ങളിലും റഷ്യൻസമതടങ്ങളിലും, ബാൾക്കൻസിലെ പർവ്വതനിരകളുടെ ഇടയിലും, ഇററലിയിലെ നദീതീരങ്ങളിലുള്ള ശാദ്വലങ്ങളിലും മരണമുറിവുകളേററു ജീവരക്തം ചിന്തിക്കൊണ്ട നിലംപതിച്ച അനേകലക്ഷം യുവഭടന്മാരുടെ ശോചനീയസ്ഥിതി ദശിക്കുവാൻ അവർക്കു കണ്ണുകളില്ലായിരുന്നു. വത്സലസുതന്മാരുടെ തീരാനഷ്ടത്തിൽ ആശ്വാസരഹിതരായി പരിദേവനം ചെയ്യുന്ന സാധ്വമാതാക്കളുടെ ദയനീയരോദനവും, പിതാക്കൾ നഷ്ടപ്പെട്ടുപോയ പാവപ്പെട്ട കുഞ്ഞുങ്ങളുടെ നിറുത്താതെയുള്ള നിലവിളികളും,

അകാലവൈധവ്യം അനുഭവിക്കാൻ നിർബന്ധിതകളായ തരുണികളുടെ ചുടുകണ്ണീർ പൊഴിച്ചുകൊണ്ടുള്ള നെടുനിശ്വാസങ്ങളും കേൾക്കുന്നതിനു് അവരുടെ ചെവികൾ അടഞ്ഞുപോയി! ജനപരിത്യക്തങ്ങളായ ഭവനങ്ങളുടേയും വിജനങ്ങളായിത്തീൎന്നിരിക്കുന്ന നഗരങ്ങളുടേയും വിലപനീയാവസ്ഥ, ആഗ്നേയബോംബുകളുടേയും പീരങ്കിയുണ്ടകളുടേയും പ്രവർത്തനഫലമായി കാണപ്പെടുന്ന നഷ്ടശിഷ്ടങ്ങളുടെ ക്രമ്പാരം വെന്തുവെണ്ണീറായിക്കൊണ്ടിരിക്കുന്ന പട്ടണങ്ങൾ—ഇവയെപ്പററി ചിന്തിക്കുന്നതിനു് അവർക്കു ഹൃദയമില്ലാതെ പോയി!

വെടിയുടേയും പടയുടേയും ഇടയിൽ പച്ചെല്ലിയുടെ ശാന്തവദനംമാത്രം ആശ്വാസപ്രദമായി നിലകൊള്ളുന്നു. അഭിരഞ്ജനത്തിനുവേണ്ടി യഥാശക്തി പരിശ്രമിച്ചു എന്നു് അദ്ദേഹത്തിനു സകാരണം അഭിമാനിക്കാം. അതിനു കീർത്തിമുദ്രകൾ കൊടുത്തിട്ടുമില്ല; നോബൽസമ്മാനങ്ങൾ ലഭിച്ചിട്ടുമില്ല. എങ്കിലും, സമാധാനപുലരിയുടെ ഉദയത്തിനു മുമ്പു പ്രത്യക്ഷപ്പെടുന്ന ഉഷഃകാലനക്ഷത്രമായി അദ്ദേഹത്തിൻെറ മഹനീയനാമത്തെ ചരിത്രപക്ഷങ്ങൾ എക്കാലവും കൊണ്ടാടുകതന്നെ ചെയ്യും.

ജമ്മൻ ചാൻസലറിൻെറ അവസാനകത്തു കിട്ടിയ ദിവസംപോലെ ദുഃഖഭൂയിഷ്ഠമായ ഒരു ദിനം പച്ചെല്ലിയ്ക്കുണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. ലോകത്തിനു നേരിട്ടുകൊണ്ടിരിക്കുന്നതും നേരിടാനിരിക്കുന്നതുമായ ഭയങ്കരവിപത്തുകളെപ്പററി ചിന്തിച്ചപ്പോൾ ആശക്കും ആശ്വാസത്തിനോ വഴികാണാതെ അദ്ദേഹത്തിൻെറ ഹൃദയം വെന്തുനീറി. അന്നുരാത്രി ന്യൺസിയേയായുടെ മുറിയിൽ ദീപംപോലും പ്രകാശിച്ചില്ല. പച്ചെല്ലിയുടെ പ്രവർത്തനങ്ങളോടു് അനുഭാവമുണ്ടായിരുന്ന തദ്ദേശീയനായ ഒരു സ്നേഹിതൻെറ സന്ദർശനം മാത്രമാണു് അദ്ദേഹത്തിൻെറ ഹൃദയഭാരത്തെ അല്പം ലഘൂകരിച്ചതു്. അന്ധകാരം സർവ്വത്ര പ്രസരിച്ചതിനുശേഷവും വളരെ നേരത്തേക്കു് ഇരുട്ടത്തുതന്നെ ഇരുന്നുകൊണ്ടു പല സംഗതികളെപ്പററിയും

അവർ സംസാരിച്ചു. സമരത്തേയും വിച്ഛിന്നമായ സന്ധിസംരംഭങ്ങളേയുംപററി പറയുമ്പോൾ ഇടയ്ക്കിടെ നിർഗ്ഗമിച്ചുകൊണ്ടിരുന്ന നെടുനിശ്ശ്വാസങ്ങൾ അദ്ദേഹത്തിന്റെ അന്തരംഗസ്ഥിതിയെ പ്രകടമാക്കി. സംഭാഷണത്തിന്റെ അവസാനത്തിൽ ഒരു ദീർഘശ്വാസത്തോടുകൂടി ഗദ്ഗദസ്വരത്തിൽ പഡ്രേചല്ലി ഇങ്ങനെ പറഞ്ഞു: "കഷ്ടം! . . . എല്ലാം നഷ്ടപ്പെട്ടു!" കണ്ണീർതുടച്ചുകൊണ്ട് അദ്ദേഹം വീണ്ടും പറഞ്ഞു: "അതെ . . . ദുർഭഗയായ നിങ്ങളുടെ രാജ്യവും! . . . ."

യുദ്ധംനിമിത്തം പരിതാപകരമായ പീഡകൾക്കു വിധേയരായിരിക്കുന്ന പാവങ്ങളെ സഹായിക്കുന്നതിനു സംഘടിതയത്നങ്ങൾ നടത്തുകയെന്നതായിരുന്നു പഡ്രേചല്ലിയുടെ പിന്നത്തെ പരിപാടി. ഗതാഗതം പ്രതിബന്ധിതമായതുകൊണ്ടു മദ്ധ്യയൂറോപ്പിൽ ഉണ്ടായ ക്ഷാമം ഭയങ്കരതമമെന്നു പറഞ്ഞാൽ ഒന്നുമാകുകയില്ല. പഞ്ഞംകിടന്നു ചാകാറായ കുഞ്ഞുങ്ങൾ മുതൽ ബന്ധനസ്ഥരായ ഭടന്മാർവരെയുള്ള സകലരുടേയും നോട്ടം പഡ്രേചല്ലിയുടെ പക്കലേക്കായിരുന്നു.

# ഏഴാമദ്ധ്യായം.

---

## കമ്യൂണിസ്ററു സംഘട്ടനം.

"കഷ്ടം!....എല്ലാം നഷ്ടപ്പെട്ടു!!....അതെ, .... ദുർഭഗമായ നിങ്ങളുടെ രാജ്യവും!!" മോൺ. പച്ചെല്ലി ഹൃദയവേദനയോടുകൂടെ ഉദീരണം ചെയ്ത ഈ വാക്കുകളുടെ അന്വത്ഥീകരണം കാണുവാൻ ലോകത്തിനു അധികം കാത്തിരിക്കേണ്ടിവന്നില്ല.

ഹതഭാഗ്യയായ ജർമ്മനി! സമ്പൽസമൃദ്ധിയാലും ഐശ്വര്യപ്രഭാവങ്ങളാലും ഉന്മത്തയായി, ലോകത്തെ ഒന്നടങ്കം കിടുകിടാ വിറപ്പിച്ചു കീഴടക്കിക്കളയാമെന്നുള്ള വന്മോഹത്തോടേ അഹങ്കാരപൂർവ്വം യുദ്ധത്തിനു ചാടിപ്പുറപ്പെട്ടനവയൗവനചൈതന്യയുക്തയായ ജർമ്മനി, ഒടുവിൽ സർവ്വാംഗവ്രണിതയായി ഉടുതുണിപോലുമില്ലാതെ കണ്ണുനീർവാർത്തുകൊണ്ടാണു പടക്കളത്തിൽനിന്നും പിന്തിരിഞ്ഞതു്. ഇത്രയും ലജ്ജാകരമായ ഒരു പരാജയം വന്നുഭവിക്കുമെന്നു സ്വപ്നത്തിൽപ്പോലും അവൾ സംശയിച്ചിരുന്നില്ല. അതല്ലേ 1917-ൽ മാർപ്പാപ്പായുടെ മാദ്ധ്യസ്ഥത്തിൽ അഭിമാനകരമായ ഒരു സന്ധി രൂപവൽകൃതമാകുന്നതിനു തുടങ്ങിയപ്പോൾ അവൾ അവജ്ഞാകലുഷിതമായ ഒരു കറുത്തമുഖം വത്തിക്കാന്റെ നേരേ തിരിച്ചതു്? അതിന്റെ ഫലമോ? ഒരു പതിനഞ്ചു മാസങ്ങൾകൂടി കഴിഞ്ഞപ്പോൾ സർവ്വലോകപരിത്യക്തയായി, വെളുത്തു വിളറിയ ദീനമുഖത്തോടുകൂടി ശത്രുക്കളുടെ പടിവാതിൽക്കൽ അശ്രുകണങ്ങൾ പൊഴിഞ്ഞുവീഴുന്നതു പാർത്തുകൊണ്ടു്, അവരുടെ കരുണയ്ക്കായി കേണപേക്ഷിച്ചുകൊണ്ടു്, കാത്തുനില്ക്കുവാൻ അവൾ നിർബന്ധിതയായി. വിലപനീയമായ ഈ ദുർദ്ദശാപരിപാകത്തിൽ ഒരു സേനാനായകൻപോലും അവളോടു വിശ്വസ്തത കാണിച്ചില്ല.

അവരെല്ലാവരും ഉത്തരബവേറിയായിലുള്ള ബാംബെർഗ്ഗിലേയ്ക്കു പലായനം ചെയ്തുകഴിഞ്ഞിരുന്നു.

ജർമ്മനിയിൽ ശേഷിച്ചതു് അസ്വസ്ഥതയും വിപ്ലവവും മാത്രമാണു്. അന്നുവരെയും നായകന്മാരുടെ ശിക്ഷണത്തിൽനിന്നു അണുമാത്രം വ്യതിചലിക്കാതെ കഴിഞ്ഞുകൂടിയ ജനങ്ങൾ അധികാരവിധ്വംസകവും സമുദായത്തിന്റെ അടിത്തറയിളക്കുന്നതിനു പററിയതുമായ ഭീകരപ്രവർത്തനങ്ങൾക്കു വിധേയരായി. ബവേറിയായുടെ തലസ്ഥാനമായ മൂണിച്ചു് ആയിരുന്നു വിപ്ലവത്തിന്റെ സ്വതന്ത്രരംഗം. രാജകീയസദനത്തിന്റെ മുകളിൽ ചെങ്കൊടി പാറിപ്പറന്നു. ജർമ്മനിയുടെ പരാജയത്തോടേ, അവിടവിടെയുണ്ടായിരുന്ന തടങ്കൽപാളയങ്ങളിൽനിന്നും പുറംചാടിയ റഷ്യൻപടയാളികൾ നീതിയേയും നിയമത്തേയും അധികാരത്തേയും അവഗണിച്ചുകൊണ്ടു നടത്തിയ സൈനികഭരണം നിമിത്തം മൂണിച്ചു് ഒരു ഭൗമികനരകമായി രൂപാന്തരപ്പെട്ടു.

ഈ ഭീകരസന്ധിയിൽ മോൺ. പച്ചെല്ലി മാത്രമാണു മൂണിച്ചു വിടാതിരുന്നതു്. പഞ്ഞംകൊണ്ടു വലഞ്ഞു ജീവച്ഛവങ്ങളായിത്തീർന്നിരുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ സങ്കേതങ്ങളിലേയ്ക്കു ഭക്ഷണസാധനങ്ങൾ ഭാണ്ഡത്തിൽ വഹിച്ചുകൊണ്ടുപോകുന്ന മോൺസിഞ്ഞോറിനെ നാം അവിടെ കണ്ടുമുട്ടുന്നു. ഒടുവിൽ, നൂൺസിയേയായുടെ ഭവനം പരിശോധിച്ചപ്പോൾ ഉണങ്ങിയ ഏതാനും അപ്പക്കഷണങ്ങളും അല്പം കൊക്കോയും മാത്രമാണു ലഭിച്ചതെന്നറിയുമ്പോൾ അദ്ദേഹം തന്നെത്തന്നെ എത്രമാത്രം നിർദ്ധനനാക്കി എന്നു ഗ്രഹിക്കാം.

രാപകൽ വിശ്രമം കൂടാതെ അദ്ദേഹം നിർവ്വഹിച്ചുവന്ന ഏതാദൃശങ്ങളായ ജീവകാരുണ്യപ്രവർത്തനങ്ങളെ കമ്യൂണിസ്ററുകാരുടെ നിർദ്ദയമായ താക്കീതു മാത്രമേ അല്പം കുറച്ചുള്ളൂ. ഒരു ദിവസം ആയുധപാണികളായ ഏഴു ക്രൂരഭടന്മാർ നൂൺസിയേയായുടെ മന്ദിരത്തെ നിന്ദ്യമായി ആക്രമിക്കുകയുണ്ടായി. 'വിപദി ധൈര്യം മഹതാം' എന്നു

നാം കേട്ടിട്ടേയുള്ളൂ. ആ സമയത്തു മോൺ. പച്ചെല്ലിയുടെ മുഖത്തു കളിയാടിയ അചഞ്ചലമായ പ്രശാന്തതയാണു കാണേണ്ടിയിരുന്നതു്. നാല്പത്തിമൂന്നുവയസ്സു പ്രായംവരുന്ന ക്ഷീണഗാത്രനായ ഒരു കത്തോലിക്കാ മെത്രാപ്പോലീത്താ ഏകനായി നിന്നുകൊണ്ടു് അക്രമപ്രസക്തരായി ഇരച്ചുകയറുന്ന നിരങ്കുശന്മാരായ ഏഴു വിപ്ലവഭടന്മാരോടു ന്യായവാദം ചെയ്യുന്നു! തസ്കരന്മാരെപ്പോലും മിത്രങ്ങളാക്കിത്തീർക്കത്തക്കവണ്ണം വശ്യവചസ്സും നയകുശലനുമായ ഡോൺ ബോസ്കോപോലും ഈ രംഗം കണ്ടാൽ അത്ഭുതപ്പെട്ടേക്കും. ആ ധന്യന്റെ ഉജ്ജ്വലനേത്രങ്ങളിൽ പ്രതിഫലിച്ച അചഞ്ചലചിത്തതയോ, ആഭിജാത്യം കലർന്ന അധരപുടങ്ങളിൽ കളിയാട്ിയ നിർഭയത്വമോ അഭൗമമായ അധികാരവിശേഷത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ആ മുഖദർപ്പണത്തിൽ പ്രതിബിംബിച്ച അജയ്യമായ ധീരോദാത്തതയോ ഏതാണു് അവരെ മൂകീഭൂതരാക്കിയതെന്നു പറയുക വിഷമം തന്നെ. അവർ പ്രശാന്തഗംഭീരനായ ആ വൈദികമേലധ്യക്ഷനെ തുറിച്ചു നോക്കിനിന്നുപോയി. പ്രജ്ഞയുണ്ടായപ്പോൾ അവരിലൊരുവൻ അദ്ദേഹത്തിന്റെ "പണവും നിക്ഷേപങ്ങളും" ആവശ്യപ്പെട്ടു. പച്ചെല്ലി അതു നിരസിച്ചു. നിർബന്ധം ഫലശൂന്യമാണെന്നു കണ്ടപ്പോൾ അവർ ന്യൂൺസിയോയുടെ മോട്ടോർകാർ ബലാൽകാരേണ ഓടിച്ചു കൊണ്ടുപോയി.

ഈ വിവരം അനേകം പ്രാവശ്യം അധികാരസ്ഥാനങ്ങളിൽ അറിയിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. നഗരാധിപന്മാർ മാറിമാറി വന്നു; പച്ചെല്ലിയുടെ കാർ ആരും തിരികെ കൊടുത്തില്ല. ഒരു വിദേശരാജ്യപ്രതിനിധിയെന്ന നിലയിൽ തന്റെ വസ്തുവകകളെ കയ്യേററം ചെയ്യുകയെന്നതു സർവ്വരാജ്യനിയമങ്ങൾക്കു തീർത്തു വിരുദ്ധമാണെന്നു തുടരെത്തുടരെ അധികൃതസ്ഥാനങ്ങളിൽ അദ്ദേഹം അറിയിച്ചുകൊണ്ടിരുന്നു. അവസ്സു് ഒടുവിൽ കിട്ടിയ മറുപടിയിൽ നീതിയുടേയോ സൗമനസ്യത്തിന്റേയോ കണികപോലുമുണ്ടായിരുന്നില്ല. "അങ്ങനെയാണെങ്കിൽ, വന്നു കൂടടച്ചു വെടിവച്ചുകളയും!" എന്നായിരുന്നു ഹീന

മായ ആ മറുപടി. ഭീഷണിയ്ക്കു പച്ചെല്ലി വശംവദനാകുകയോ? ഫോൺ താഴെ വയ്ക്കാതെ ഉടൻ അദ്ദേഹം പറഞ്ഞു: "കൊള്ളാം.... സ്വാഗതം!!"

അന്നു നടന്ന ഒരു കൂട്ടക്കൊലയിൽ പതിമൂന്നു ജനപ്രമാണികൾ നിർദ്ദയം വധിക്കപ്പെട്ടു. ഇററാലിയൻ ജനപ്രതിനിധിയുടെ മന്ദിരം സൂക്ഷിക്കുന്നതിനു നിയുക്തന്മാരായിരുന്ന ഇററാലിയൻ പട്ടാളക്കാരിൽനിന്നും, പേപ്പൽ പ്രതിനിധിയുടെ സദനം അന്നു യന്ത്രത്തോക്കുകൾകൊണ്ടു' ആക്രമിക്കപ്പെട്ടുന്നതാണെന്ന് എന്നു പച്ചെല്ലിയ്ക്കു' അറിവു ലഭിച്ചു. അതറിഞ്ഞിട്ടും അദ്ദേഹത്തിൻെറ ധീരതയ്ക്കു യാതൊരു കോട്ടവും തട്ടിയില്ല. അദ്ദേഹത്തിൻെറ വദനം പൂവ്വപോൽ പ്രശാന്തമായിരുന്നു. അന്നു വെടിയും പടയും ഒന്നും നടന്നില്ല. മാത്രമല്ല, അന്നുതന്നെ അദ്ദേഹത്തിൻെറ കാർ തിരിച്ചുകിട്ടുകയും ചെയ്തു.

അനേകം സംവത്സരങ്ങൾക്കു മുമ്പു ബാലകനായ എവുജേനിയോ പച്ചെല്ലി രക്തസാക്ഷിത്വം കൂടാതെയുള്ള പ്രേഷിതവൃത്തിക്കായി ആഗ്രഹിച്ചതു നാം കണ്ടുകഴിഞ്ഞതാണു്. എന്നാൽ, ഒരു സ്ഥാനികമെത്രാപ്പോലീത്തായുടെ പദവിയിൽ പേപ്പൽപ്രതിനിധിയായിരിക്കുന്ന ഈയവസരത്തിൽ രക്തം കൂടാതെയുള്ള രക്തസാക്ഷിത്വം അനുദിനം അനുഭവിക്കുന്ന ഒരു ധീരമിഷനറിയായി അദ്ദേഹം നമുക്കു പ്രത്യക്ഷപ്പെടുന്നു. സ്വകൃത്യനിവ്വഹണത്തിൽ ഭയമോ സംശയമോ അദ്ദേഹത്തിനില്ല തന്നെ. ഭീചകിതരായിരിക്കുന്ന വിശ്വാസികൾക്കു ക്രിസ്തുവിലുള്ള അനന്യമായ ധീരതയുടെ സജീവമായ മാതൃകയാണു മോൺ. പച്ചെല്ലി.

ജെനറൽ വോൺ എപ്പ് വിപ്ലവകാരികളിൽനിന്നു മ്യൂണിച്ചിനെ സ്വതന്ത്രമാക്കിയതിനുശേഷം, രാഷ്ട്രമണ്ഡലത്തിലെ ഒരു പ്രധാന പുരുഷനായി ന്യൂൺസിയോയെ നാം കാണുന്നു. അവിടത്തെ താമസത്തിനിടയിൽ, സാധാരണ പരിപാടിയ്ക്കു പുറമേ ഒരു പ്രാവശ്യം മാത്രമേ മോൺ. പച്ചെല്ലി സ്ഥലം വിട്ടിട്ടുള്ളു. അതിനു മതിയായ കാരണവുമുണ്ടു്.

യുദ്ധക്കടം വകയിൽ അണ്ടുതോറും ഭീമമായ സംഖ്യ അടച്ചുതീർക്കേണ്ടിയിരുന്ന തവണകൾക്കു മുടക്കം വന്നപ്പോൾ ജർമ്മനിയെ ഒരു നല്ലപാഠം പഠിപ്പിക്കുന്നതിനായി അവളുടെ വ്യവസായമണ്ഡലവും ജീവകേന്ദ്രവുമായ റൂർപ്രദേശത്തേക്കു ഫ്രാൻസ് സൈന്യത്തെ മാർച്ചുചെയ്യിച്ചു. ദുർബലയായ ജർമ്മനിയുടെ അഭിമാനബോധത്തെ അഗാധമായി ക്ഷതപ്പെടുത്തിയ ഒരു സാഹസയത്നമാണിതു്. നീതിവിരുദ്ധമായ ഈ കൈയേറ്റത്തിനു പ്രതീകാരം ചോദിക്കുവാൻ അവൾക്കുവേണ്ട ശക്തിയുണ്ടായിരുന്നില്ല. അല്ലെങ്കിൽ അന്നായിരുന്നു ദ്വിതീയ ലോകമഹായുദ്ധം തുടങ്ങേണ്ടിയിരുന്നതു്.

കലാപജനകമായ ഈ പ്രക്ഷോഭണത്തെപ്പററി നേരിട്ടന്വേഷിക്കുവാൻ നൂൺസിയോ റൂറിലേക്കു പറന്നുപോയി. അദ്ദേഹം നടത്തിയ അന്വേഷണം എത്ര കൂലങ്കഷമായിരുന്നെന്നു് ഒടുവിൽ വത്തിക്കാനിൽ സമർപ്പിതമായ റിപ്പോർട്ടു വിശദമാക്കുന്നുണ്ടു്. വിദഗ്ദ്ധമായ ഈ റിപ്പോർട്ടിനെ അസ്പദമാക്കിയാണു് അനന്തരകരണീയം വ്യക്തമാക്കിക്കൊണ്ടുള്ള തിരുവെഴുത്തു പരിശുദ്ധ പിതാവു തന്റെ സ്റ്റേററുസെക്രട്ടറിക്കു് അയച്ചുകൊടുത്തതു്. റൂർ പ്രദേശത്തെ അക്രമപരമായി കൈയ്യടക്കുന്നതിൽ ഫ്രാൻസ് പ്രകടിപ്പിച്ചിരിക്കുന്ന ദൃഷിച്ച പ്രതികാരേച്ഛക്കെതിരായി കത്തോലിക്കാലോകത്തിന്റെ ധാർമ്മികശക്തിയെ കേന്ദ്രീകരിക്കണമെന്നു പരിശുദ്ധ പിതാവു് അതിൽ സൂചിപ്പിക്കുന്നു. ജർമ്മനി കൊടുത്തുതീർക്കാൻ വിധിക്കപ്പെട്ടിരിക്കുന്നതും അവൾക്കു കൊടുത്തുവീട്ടുവാൻ സാധിക്കുന്നതുമായ യുദ്ധക്കടത്തെപ്പററി പണ്ഡിതോചിതമായ ഒരു ചർച്ച നടത്തുന്നതിനു നിഷ്പക്ഷബുദ്ധികളടങ്ങിയ ഒരു വിദഗ്ദ്ധകമ്മററിയെ നിയമിക്കുന്നതു് ആശാസ്യമായിരിക്കുമെന്നു്, അന്നത്തെ അമേരിക്കൻ പ്രസിഡന്റു കൂളിഡ്ജ് അവർകളുടെ സ്റ്റേററുസെക്രട്ടറിയായ മി. ചാൽസ് ഇവാൻസ് ഹഫ്സ്സ ⁕ ചെയ്തിരിക്കുന്ന ശുപാർശയോടു പ

⁕ ഇദ്ദേഹം പിന്നീടു് ഐക്യനാടുകളിലേ ചീഫ്ജസ്റ്റീസ് ആയി നിയമിക്കപ്പെട്ടു.

രിശുദ്ധ പിതാവു പരിപൂർണ്ണമായി അനുകൂലിക്കയും ചെയ്യുന്നു.

ഫ്രാൻസിൻെറ ഔദ്ധത്യപ്രകടനം കാലാന്തരത്തിൽ അവൾക്കുതന്നെ വിനാശകാരണമായി ഭവിച്ചു. പരാജയ പരാഭവവും ജർമ്മനി സഹിച്ചു. നിന്ദനവും അവഹേളനവും അവളുടെ പ്രതികാരേച്ഛയെ ഉജ്ജ്വലിപ്പിച്ചു.

ഫ്രാൻസ് റൂറിൽ കടന്നു് ആക്രമിച്ച ഘട്ടത്തിൽ ഏതാണ്ടു് ഏഴംഗങ്ങൾ മാത്രമുള്ള ഒരു ചെറിയ സംഘം മ്യൂണിച്ചിലുണ്ടായിരുന്നു. നാസികൾ എന്നറിയപ്പെടുന്ന പ്രസ്ഥാനത്തെയോ അതിൻെറ നായകനായ അഡോൾഫ് ഹിററ്ലറിനെയോ അന്നു് ആരും കാര്യമായി കരുതിയില്ല. വെഴ്സെയിത്സ് സന്ധികഴിഞ്ഞിട്ടു വത്സരങ്ങൾ പലതായെങ്കിലും ഫ്രാൻസ് പ്രകടിപ്പിച്ച നിന്ദ്യമായ മനോഭാവം ഹിററ്ലറിൻെറയും സഹപ്രവർത്തകന്മാരുടെയും ഹൃദയത്തെ അവഗാഢം സ്പർശിച്ചു. അന്നു് അവരുടെ ഹൃദയത്തിൽ എരിഞ്ഞു പുകയാൻ തുടങ്ങിയ പ്രതികാരവഹ്നിയുടെ വിനാശഫലം മാത്രമാണു രണ്ടാമത്തെ ലോകമഹായുദ്ധം.

"ദുഷ്കർമ്മങ്ങൾക്കു് ഇടയാക്കിയ നേതാക്കന്മാരെയല്ലാതെ ഒരു ജനതയെയോ ഒരു വിഭാഗത്തെയോ വ്യക്തിചിന്ന കൂടാതെ ശിക്ഷിക്കുവാൻ ഒരുമ്പെടുന്നതു് മാനുഷികമായ ഒരു നീതിന്യായപരിപാലനക്രമത്തിനു യോജിച്ചതല്ല." അങ്ങനെ ചെയ്യുന്നതുകൊണ്ടു് "താൽകാലികമായി അവർ പരാജയപ്പെട്ടേക്കാമെങ്കിലും, നിരാശാവശഗരാകാതെ കാര്യസാധ്യത്തിനായി നൂതനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു് അവർ പരിശ്രമിക്കും. അതിൽ നിന്നുണ്ടാകുന്ന അനിഷ്ടഫലങ്ങളും അധികമായിരിക്കും. ഇവയുടെയെല്ലാം പൂർണ്ണഉത്തരവാദിത്വം അതിനിടയാക്കുന്ന നേതാക്കന്മാർ തന്നെ വഹിക്കേണ്ടിയിരിക്കുന്നു." എന്നു പന്ത്രണ്ടാം പീയൂസ് പാപ്പാ 'പ്രജാധിപത്യവും സമാധാനവും' എന്ന ക്രിസ്മസ് സന്ദേശത്തിൽ നല്കിയിരിക്കുന്ന പ്രസ്താവന ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. മാത്രമല്ല, "ബലവാ

ന്മാരും ബലഹീനരും തമ്മിൽ വിട്ടുവീഴ്ചകൾ ചെയ്തു യോജിച്ചുള്ള ഒരു ക്രമം നടപ്പിൽ വരുത്തുവാൻ നാം ശ്രമിക്കണം. അപ്രകാരം ചെയ്യാത്തപക്ഷം ബലപ്രയോഗം ഭയന്നു തൽകാലം കീഴടങ്ങുന്ന ബലഹീനർ രോഷാകുലരും പ്രതികാരേച്ഛുക്കളും ആയി പുറത്തുവരുന്ന ഒരു രംഗം ഉണ്ടാകാതെ തരമില്ല. അതു് അപകടകരവുമാകുന്നു.'' എന്ന അവിടുത്തെ വാക്കുകളും എത്ര യഥാർത്ഥമായിത്തീർന്നിരിക്കുന്നു! നാം തന്നെയല്ലേ അതിനു സാക്ഷികൾ?

1925-ൽ ബവേറിയായും വത്തിക്കാനും തമ്മിൽ രൂപവൽകൃതമായ കൊൺകൊർദാത്തു ചരിത്രപ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. പച്ചെല്ലിയുടെ മൂണിച്ചിലെ പ്രവർത്തനങ്ങൾക്കു് അതു മകുടം ചാർത്തുന്നു.

അതിനുശേഷം ബെർളിനിലെ പേപ്പൽ ന്യൂൺസിയോ ആയിട്ടാണു് അദ്ദേഹത്തെ നാം കാണുന്നതു്. ഈ നിയമനത്തെ അത്യുൽകടമായ ആഹ്ളാദത്തോടെ ലോകം പ്രഘോഷിച്ചു. അദ്ദേഹത്തിൻെറ ഭുവനപ്രശസ്തിയുടെ അംഗീകരണമെന്നവണ്ണം, ലണ്ടനും വാഷിംഗ്ടനും ഒഴികെ, ലോകത്തിലുള്ള സകല രാഷ്ട്രകേന്ദ്രങ്ങളും പേപ്പൽ പ്രതിനിധിയ്ക്കു് "ഡീൻ ഓഫ് ദി ഡിപ്ലോമാററിക്ക് കോർപ്സ്'' എന്ന ബഹുമതി നല്കുകയുണ്ടായി.

അന്നത്തെ ജർമ്മൻ പ്രസിഡൻറു് ഫ്രീററ്സ് എബേർട്ടു്, യൗവനത്തിൽ ഒരു നല്ല കത്തോലിക്കനായിരുന്നു. പക്ഷേ, തികഞ്ഞ ഒരു സോഷ്യലിസ്റ്റു് നേതാവായിട്ടാണു് അദ്ദേഹം പ്രസിഡൻറു പദത്തിൽ പ്രത്യക്ഷപ്പെട്ട ആദർശങ്ങളിലും അഭിപ്രായങ്ങളിലുമുള്ള വൈപരീത്യം പച്ചെല്ലിയും എബേർട്ടും തമ്മിലുള്ള സ്നേഹബന്ധത്തിനു് ഒരു പ്രതിബന്ധമായിരുന്നില്ല. പ്രസിഡൻറിൻെറ മരണത്തിനുശേഷവും, അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളോടു് ഈ സ്നേഹബന്ധം പച്ചെല്ലി പുർത്തിപ്പോന്നു.

അചഞ്ചലനായ ഒരു പ്രോട്ടസ്റ്റൻറു മതാവലംബിയെന്നു പ്രസിദ്ധനായ ഫീൽഡ് മാർഷൽ ഹിണ്ടൻബർഗ്ഗ് അന്നു് എബേർട്ടിൻെറ പിൻഗാമിയായി രംഗപ്രവേശ

ചെയ്തതു്. മോൺ. പച്ചെല്ലിയുടെ നേർക്കു് അദ്ദേഹത്തിനുണ്ടായിരുന്ന പക്ഷം ഒന്നു വേറെ തന്നെയാണു്. യുദ്ധാനന്തരം ആദ്യമായി ബെർളിനിലേക്കു നിയുക്തനായ ബ്രിട്ടീഷു് പ്രതിനിധി, വൈക്കൌണ്ടു് ഡി ആബെർനോൺ തൻെറ 'അനുസ്മരണങ്ങളിൽ', 'ബെർളിനിൽ ഉള്ളതിലേക്കും ഏററം അഭിജ്ഞനായ പണ്ഡിതൻ' എന്നാണു പച്ചെല്ലിയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു്.

പ്രസിദ്ധ നയതന്ത്രജ്ഞനായ ഡോക്ടർ സ്ട്രെസെമാൻെറ വിദേശകാര്യാലയത്തിലും വേപ്പൽ ന്യൂൺസിയോയെ പലപ്പോഴും കാണാമായിരുന്നു. അദ്ദേഹത്തിൻെറ സാന്നിധ്യം സാധാരണമായിട്ടുണ്ടായിരുന്ന മറെറാരു പ്രസിദ്ധ രംഗം ബെർളിനിലെ സ്പോർട്ടു് പാലസ്സ്ററ് എന്ന മഹാസമ്മേളനശാലയാണു്.

മോൺ. പച്ചെല്ലിയുടെ വിജയത്തിൻെറ മറെറാരു സ്മാരകമായി പ്രഷ്യയും വത്തിക്കാനും കൂടിയുണ്ടാക്കിയ കൊൺകൊർദാത്തു നിലകൊള്ളുന്നു. ഇതിൻെറ വിജയകരമായ പര്യവസാനത്തിനു നാലുസംവത്സരങ്ങളാണു വേണ്ടിവന്നതു്. അഭംഗമായ ക്ഷമയുടേയും സുസ്ഥിരമായ പരിശ്രമത്തിൻേറയും നയപൂർവ്വകമായ ഔചിത്യദീക്ഷയുടേയും സുധീരമായ പ്രവർത്തനവൈദഗ്ദ്ധ്യത്തിൻേറയും ബാഹ്യപ്രേരണകൾക്കു വശംവദമാകാത്ത ശാന്തമായ വിചിന്തനത്തിൻേറയും ഒരു മഹനീയഫലമാണിതു്. കത്തോലിക്കാലോകത്തിൻെറ കേന്ദ്രമായ വത്തിക്കാനുമായി ഒരു കൊൺകൊർദാത്തുണ്ടാക്കുകയെന്നു കേട്ടപ്പോൾ ചില പ്രഷ്യൻ പ്രോട്ടസ്റ്റൻറു പ്രമുഖനേതാക്കന്മാർ നെററി ചുളിച്ചു. പ്രോട്ടസ്റ്റൻറു പ്രഷ്യ—കത്തോലിക്കാ വത്തിക്കാൻ—ഇവ തമ്മിൽ ഒരു കൊൺകൊർദാത്തു്—ഇതിൻെറ പരിണാമം എന്തായിരിക്കും? ഇതായിരുന്നു അവരുടെ ഉൽകണ്ഠാവിഷയം. പച്ചെല്ലി 'കൊൺകൊർദാത്തു' കാര്യമേ വിട്ടു; എന്നിട്ടു് 'ഉത്തരവാദിത്വമുള്ള ഒരു ഒത്തുതീർപ്പിനു' മാത്രമേ അദ്ദേഹം ആവശ്യപ്പെട്ടുള്ളു. 'കൊൺകൊർദാത്തിനുപകരം "ഒത്തുതീർപ്പു്" എന്ന പദം പ്രയോഗിച്ചാൽ

എന്തു കുഴപ്പം? പച്ചെല്ലി തന്നെ വിജയിയായി എന്നു പറഞ്ഞാൽ മതിയല്ലോ.

1929-ൽ, പത്തുകൊല്ലത്തെ പ്രശസ്തമായ പ്രവർത്തനത്തിനുശേഷം മോൺ. പച്ചെല്ലി സ്ഥലംവിട്ടന്ന സന്ദർഭത്തിൽ ജർമ്മൻജനത നല്കിയ ഗംഭീരമായ യാത്രയയപ്പിന്റെ ഹൃദ്യതയിൽനിന്നും അവർക്ക് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹബഹുമാനാദരങ്ങൾ വ്യക്തമാകുന്നുണ്ടു്. അദ്ദേഹത്തിന്റെ വേർപാടു ഹിണ്ടൻബർഗ്ഗിന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. അവസാനയാത്ര പറയുന്ന സന്ദർഭത്തിൽ ബാഷ്പകണങ്ങൾ തൂകിക്കൊണ്ടു് അദ്ദേഹം പ്രസ്താവിച്ചതിപ്രകാരമാണു്: "ഞങ്ങളുടെ രാജ്യത്തെ സമാധാനപ്രദമാക്കുന്നതിൽ അങ്ങു സമർത്ഥമായി നിർവ്വഹിച്ചിട്ടുള്ള ഭാഗം ജർമ്മനി ഒരിക്കലും വിസ്മരിക്കുകയില്ല." മോൺ. പച്ചെല്ലിയുടെ സുദീർഘമായ പ്രവർത്തനത്തെ "നഷ്ടശിഷ്ടങ്ങളുടെ ഇടയിൽ വിത്തുവിതയ്ക്കുന്ന ഒരു കൃഷീവലന്റെ കൃത്യത്തോടാണു്" ജർമ്മൻ പ്രോട്ടസ്റ്റന്റു പ്രസ്സ് സർവീസ് ഉപമിച്ചിരിക്കുന്നതു്.

ജർമ്മൻ പൗരസഞ്ചയം മോൺ. പച്ചെല്ലിക്കു നല്കിയ ഗംഭീരമായ യാത്രയയപ്പിനെപ്പററി ദീർഘമായി പ്രതിപാദിക്കുന്നതിനു സ്ഥലം അനുവദിക്കുന്നില്ല. മേൽക്കൂരയില്ലാത്ത ഒരു കാറിൽ ജർമ്മൻ കാത്തലിക്ക് ആക്ഷൻ പ്രസിഡന്റ്, ഡോ: ക്ലാസ്നെർ * അവർകളാൽ അനുഗതനായി അദ്ദേഹം അൻഹാൽട്ടർ തീവണ്ടിസ്റ്റേഷനിൽ എത്തി. ബർളിൻ നഗരത്തിലെ ഏററം ജനനിബിഡമായ ഹോച്ചിംഗ്, ഹെയിലിംഗ്' എന്നീ തെരുവുകളിൽക്കൂടി അദ്ദേഹം കടന്നുപോയപ്പോൾ വിദ്യാർത്ഥിസമാജങ്ങൾ മുതൽ തൊഴിലാളിസംഘങ്ങൾ വരെയുള്ള സകല സംഘടനകളിലെയും അംഗങ്ങൾ ജ്വലിക്കുന്ന പന്തങ്ങൾ കരങ്ങളിലേന്തി അണിയണിയായി നിരന്നുനിന്നു പേപ്പൽപ്രതിനിധിയോടു യാത്ര പറഞ്ഞു.

---

* 1934, ജൂലൈമാസത്തിലെ കൂട്ടക്കൊലയിൽ ഇദ്ദേഹവും വധിക്കപ്പെട്ടു.

കുസുമാസ്തൃതങ്ങളായ പരവതാനികൾ നിരത്തിയിരുന്ന റെയിൽവേ പ്ലാററ്ഫോറത്തിൽ കാബിനററിലെയും ഡിപ്ലോമാററിക്ക് കോംസ്സിലെയും അംഗങ്ങൾ അദ്ദേഹത്തെ പ്രതീക്ഷിച്ചു നില്പുണ്ടായിരുന്നു. പേപ്പൽ പ്രതിനിധി-മോൺ. പച്ചേല്ലി-ഹഷ്പൂപ്പും അവരെ അഭിവാദ്യം ചെയ്തിട്ടു തീവണ്ടിയിൽ കയറി. വിസിൽനാദം മുഴങ്ങി. വണ്ടിനീങ്ങി. ജനതാമദ്ധ്യത്തിൽനിന്നു ജയ് വിളികൾ അംബരമദ്ധ്യത്തിലേക്ക് അനുസൃതമായി ഉയർന്നു. ഏതാനും നിമിഷങ്ങൾ കൂടി.... അന്നു ലഭിച്ച കത്തുകൾക്കുള്ള മറുപടികൾ ടൈപ്പുചെയ്യുവാൻ അദ്ദേഹം തുടങ്ങിക്കഴിഞ്ഞു.

# എട്ടാമദ്ധ്യായം.

---

## സ്റ്റേററു സെക്രട്ടറി.

മോൺസിഞ്ഞോർ എവുജേനിയോ പച്ചെല്ലിയുടെ റോമിലേയ്ക്കുള്ള പുനരാഗമനം കർദ്ദിനാൾ സംഘത്തിലെ ഉദ്യോഗസ്ഥമണ്ഡലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പല പരിവർത്തനങ്ങൾക്കും കാരണമാകുമെന്നുള്ള കിംവദന്തി അടിസ്ഥാനരഹിതമല്ലായിരുന്നെന്നു് അനന്തരസംഭവഗതികൾ വ്യക്തമാക്കുന്നു.

സ്റ്റേററു സെക്രട്ടറിയെന്ന നിലയിൽ ദീർഘകാലം പ്രശസ്തസേവനം നടത്തിയ കർദ്ദിനാൾ ഗസ്പാരിയ്ക്കു വയസ്സു് എൺപതിൽപ്പരമായി. ഉദ്യോഗജീവിതം തുടർന്നു കൊണ്ടുപോകുന്നതിനുള്ള ശരീരാരോഗ്യം വേണ്ടിടത്തോളമുണ്ടായിരുന്നെങ്കിലും പ്രശാന്തമായ ഒരു വിശ്രമജീവിതം അനുഭവിക്കുന്നതിനുവേണ്ടി ജോലി ഉപേക്ഷിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. അതു് അനുവദിച്ചുകൊടുക്കുക നീതിയുക്തമായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇററാലിയൻഭരണകൂടം വത്തിക്കാനുമായി നടത്തിയ കൊൺകൊർദാത്തിനും കാനൻ നിയമക്രോഡീകരണത്തിനും വേണ്ടി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള വിജയപൂർണ്ണങ്ങളായ മഹാസേവനങ്ങൾ അഭിമാനകരമായ ഒരു വിശ്രമജീവിതത്തിനു് അദ്ദേഹത്തെ സർവ്വഥാ അർഹനാക്കിത്തീർത്തു. കാപ്പിറേറാളിനു് അഭിമുഖമായി നിലകൊള്ളുന്ന ഒരു മനോഹരസദനം അദ്ദേഹത്തിനു വിശ്രമജീവിതത്തിനായി വിട്ടുകൊടുക്കുവാൻ പരിശുദ്ധ പിതാവു കല്പന നല്കി. കർദ്ദിനാൾ ഗസ്പാരിയുടെ മാഹാത്മ്യത്തെ പരസ്യമായി ബഹുമാനിക്കുവാൻ, അദ്ദേഹത്തിൻെറ അരമനയുടെ മുമ്പിൽ ഒരു ഇററാലിയൻ ഭടനെ സദാ കാവൽനിറുത്തിക്കൊള്ളുന്നതിനു ഇററാലിയൻ ഗവർമ്മെൻറും സമ്മതിച്ചു.

കർദ്ദിനാൾ ഗസ്പാരിയുടെ ഒഴിവിൽ ആരെയാണു തൽസ്ഥാനത്തു നിയമിക്കേണ്ടതെന്നതിനെപ്പററി പതിനൊന്നാം പീയൂസ് മാർപ്പാപ്പായ്ക്കു യാതൊരു സന്ദേഹവും ഉണ്ടായിരുന്നില്ല. അവിടുന്നു മോൺ: പച്ചെല്ലിയുടെ പ്രവൎത്തനവൈദഗ്ദ്ധ്യത്തെ സകൗതുകം നിരീക്ഷിക്കാൻ തുടങ്ങിയിട്ടു വത്സരങ്ങൾ കുറെയായിരുന്നു. കർദ്ദിനാൾ റാത്തി (പതിനൊന്നാം പീയൂസ്) വത്തിക്കാൻ ഗ്രന്ഥാലയത്തിന്റെ അധിപനായിരിക്കുകയും ഫാദർ എവുജേനിയോ പച്ചെല്ലി കാനൻ നിയമപരിഷ്ക്കരണത്തിൽ ഗസ്പാരിയെ സഹായിക്കുവാൻ നിയുക്തനാകുകയും ചെയ്ത ഘട്ടം മുതലാണു് ഈ രണ്ടു മഹാരഥന്മാർ തമ്മിലുള്ള മമതാബന്ധം ആരംഭിച്ചതു്.

മോൺ. റാത്തിയുടെ മ്യൂണിച്ചു സന്ദർശനത്തോടെ അതു ദൃഢതരമായി. പോളണ്ടിലെ അപ്പസ്തോലിക വിസിറററായി നിയമിക്കപ്പെട്ട മോൺ. റാത്തി പോളണ്ടു സന്ദർശനവും ബ്രെസ്റ്റ്-ലിറേറാസ്ക്ക് സന്ധിയും കഴിഞ്ഞു മ്യൂണിച്ചിൽവന്നു് ഏതാനും ദിവസങ്ങൾ പച്ചെല്ലിയുടെ അതിഥിയായി താമസിച്ചു. ഇത്തവണ ഗ്രന്ഥങ്ങളും നിയമങ്ങളും അല്ല, രാഷ്ട്രീയപ്രശ്നങ്ങളായിരുന്നു അവരുടെ സംഭാഷണവിഷയം. അനതിവിദൂരമായ ഭാവിയിൽ കത്തോലിക്കാസഭാഭരണത്തിൽ സഹപ്രവൎത്തകന്മാരായിരിക്കേണ്ടവരാണു തങ്ങൾ എന്നു് അവരിരുവരും അന്നു വിചാരിച്ചുകാണുകയില്ല. ഏതാനും കൊല്ലങ്ങൾകൂടി കഴിഞ്ഞപ്പോൾ കർദ്ദിനാൾ റാത്തി പതിനൊന്നാം പീയൂസായിത്തീർന്നു; മോൺ. പച്ചെല്ലി അദ്ദേഹത്തിന്റെ സ്റ്റേററു സെക്രട്ടറിയും. പിന്നേയും ഏതാനും കൊല്ലങ്ങൾകൂടി— സ്റ്റേററു സെക്രട്ടറി പേപ്പൽ സിംഹാസനത്തിൽ!

മുൻപ്രസ്താവിച്ച മ്യൂണിച്ചു സന്ദർശനം കഴിഞ്ഞു കർദ്ദിനാൾ റാത്തി വാർസോയിലെ പേപ്പൽ നൂൺസിയോ ആയി നിയമിക്കപ്പെട്ടു. അന്നു് അദ്ദേഹത്തിനു തരണം ചെയ്യേണ്ടതായിവന്ന ക്ലേശമാർഗ്ഗങ്ങൾക്കു് മ്യൂണിച്ചിൽ നാം കണ്ടുകഴിഞ്ഞ ഭീകരരംഗങ്ങളോടു വളരെ സാധർമ്മ്യമുണ്ടു്.

നിരീശ്വരന്മാരായ ബോൾഷെവിക്ക പട്ടാളക്കാർ പോളിഷ്കേന്ദ്രമായ വാർസ്സോയും പ്രാന്തപ്രദേശങ്ങളെ ഉപരോധിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയാന്തരീക്ഷം പ്രക്ഷുബ്ധമായി; അരാജകത്വത്തിന്റെയും വിപ്ലവത്തിന്റെയും ആരംഭം എവിടെയും ദൃശ്യമായി. നയതന്ത്രവിദഗ്ദ്ധന്മാരുടെ ഒരു കാര്യാലോചനായോഗം അടിയന്തിരമായി സമ്മേളിച്ചു. അമേരിക്കൻ റിലീഫ് കമ്മീഷണർ ആയിരുന്ന ഹെർബെർട്ട് ഹൂവർ ആയിരുന്നു അതിലെ ഒരു പ്രമുഖാംഗം. വിദേശരാജപ്രതിനിധികളും വൈദികമേലദ്ധ്യക്ഷന്മാരും ഉടൻ സ്ഥലം വിട്ടുകൊള്ളണമെന്ന് അവർ ഒരു പ്രമേയം പാസ്സാക്കി. റാത്തി മാത്രം വിസമ്മതിച്ചു. അദ്ദേഹം സ്വസ്ഥാനത്തുതന്നെ അചഞ്ചലനായി നിന്നു. റാത്തി പ്രകടിപ്പിച്ച ആപദിധൈര്യവും പ്രശാന്തതയും ഭയവിഹ്വലരായ പൗരസഞ്ചയത്തെ ധീരചിത്തരും വിഷമതകൾ ഏററുനില്ക്കുന്നതിനു ശക്തരും ആക്കിത്തീർത്തു. ജനറൽ വേയ്ഗണ്ടിന്റെ സാമർത്ഥ്യം നിമിത്തം ആപത്തകന്നു കഴിഞ്ഞപ്പോൾ പോളിഷ് പാർലമെന്റു പേപ്പൽ പ്രതിനിധിയെ അനുമോദിച്ചുകൊണ്ടു പാസ്സാക്കിയ പ്രമേയത്തിൽ ഈ യാഥാർത്ഥ്യം അവർ തുറന്നു സമ്മതിച്ചിട്ടുണ്ട്.

ഇത്രയും അപകടപൂർണ്ണമായ ഒരു ഭീകരഘട്ടം വിജയപൂർവ്വം തരണംചെയ്ത കർദ്ദിനാൾ റാത്തി പാപ്പാസ്ഥാനത്ത് ആരോഹണം ചെയ്തതിനുശേഷം അതേ തരത്തിലുള്ള ക്ലേശസരണിയെത്തന്നെ സുധീരം പിന്നിലാക്കിയ അഖിലലോക രാജ്യതന്ത്ര പ്രശസ്തനായ മോൺ. പച്ചെല്ലിയെ തന്റെ സ്റ്റേററുസെക്രട്ടറിയായി നിയമിക്കാൻ നിശ്ചയിച്ചതിൽ വിസ്മയത്തിനവകാശമില്ല തന്നെ.

മോൺ. പച്ചെല്ലിയുടെ സഹോദരനായ ഫ്രഞ്ചെസ്കോ പച്ചെല്ലിയോടു പതിനൊന്നാം പീയൂസിനുണ്ടായിരുന്ന വാത്സല്യാതിരേകത്തെപ്പററിക്കൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. സ്വപിതാവിനെപ്പോലെ അദ്ദേഹവും വത്തിക്കാനിലെ ഒരു നിയമപണ്ഡിതനായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കത്തോലിക്കാസഭയും ഇററാലിയൻ ഗവൺമെന്റും തമ്മിലുള്ള സൗഹാർദ്ദം പുനഃസ്ഥാപിക്ക

# സ്റ്റേററുസെക്രട്ടറി



അത്യുന്നത കർദ്ദിനാൾ എവുജേനിയോ
പച്ചെല്ലി

ന്നതിൽ പതിനൊന്നാം പീയൂസിൻെറയും മുസ്സൊലീനിയു ടേയും മദ്ധ്യവർത്തിയായി നിന്നതു ഡോൺ ഫ്രഞ്ചെസ്കോ ആണു്. ഈ കാര്യം സാധിക്കുന്നതിനുവേണ്ടി ഏതാനും കൊല്ലങ്ങൾക്കുള്ളിൽ ഒരു നൂറിലധികം സന്ദർശനങ്ങൾ അദ്ദേഹം മുസ്സൊലീനിയുമായി നടത്തിയിട്ടുണ്ടു്. സന്ദർശനവേളകളിലെ സംഭാഷണവിഷയങ്ങളെല്ലാം മാർപ്പാപ്പാതന്നെ സസൂക്ഷ്മം അദ്ദേഹത്തിനു നിർദ്ദേശിച്ചുകൊടുത്തവയായിരുന്നു. ഓരോ കൂടിക്കാഴ്ചയും കഴിയുമ്പോൾ അനന്തരനടപടികളെപ്പററി പരിശുദ്ധ പിതാവിനോടു ഡോൺ ഫ്രഞ്ചെസ്കോ അഭിപ്രായം ചോദിക്കുകയായി. ലാററൻ സന്ധിയിലുള്ള ഓരോ വ്യള്ളിയെപ്പററിപ്പോലും ഫ്രാഞ്ചെസ്കോ പരിശുദ്ധ പിതാവുമായി കൂടിയാലോചിച്ചിട്ടുണ്ടു്. പതിനൊന്നാം പീയൂസിൻെറ രാജ്യതന്ത്രജ്ഞതയും കർദ്ദിനാൾ ഗാസ്പാരിയുടെ ബുദ്ധിസൂക്ഷ്മതയും ഡൂസിൻെറ രാഷ്ട്രീയജ്ഞാനവും ഫ്രഞ്ചെസ്കോ പച്ചെല്ലിയുടെ നിയമനിപുണതയും ആണു് അതിൽ പ്രകടിതമായിരിക്കുന്നതു്.

ലാററൻ സന്ധിവഴിയായി രാഷ്ട്രം സഭയുടെ അവകാശങ്ങളെ സമ്മതിച്ചുകൊടുത്തു. ഇററലി വത്തിക്കാനെ ഒരു സ്വതന്ത്രരാഷ്ട്രമായി അംഗീകരിച്ചു. 1870-ൽ വത്തിക്കാൻെറമേൽ ഇററലി നടത്തിയ കൈകടത്തൽ അനീതിപരമായിരുന്നെന്നു മുസ്സോലീനി ഏററുപറഞ്ഞു. അതിനെ എതിർത്തുകൊണ്ടു വത്തിക്കാനിൽ ഒരു തരം കാരാലയവാസം തന്നെ അനുഭവിച്ചിരുന്ന പരിശുദ്ധ പാപ്പാമാരുടെ പ്രതിഷേധസ്വരം നീതിയുടെ വിലാപശബ്ദമായിരുന്നെന്നു ലോകത്തിനു വ്യക്തമായി.

മാർപ്പാപ്പാ ആണു് ഏററമധികമായി വിട്ടുവീഴ്ചകൾ ചെയ്തുകൊടുത്തതു്. ഏകദേശം 108 ഏക്കർ വിസ്തീർണ്ണതയുള്ള ഒരു ചെറുരാജ്യംകൊണ്ടു അവിടുന്നു സംതൃപ്തനായി. അന്യായമായി അപഹരിച്ച ഭൂപ്രദേശങ്ങൾക്കു പകരമായി ഇററലി കൊടുത്തുവീട്ടിയ സംഖ്യ വളരെ ഭീമമാണെന്നു് ഒററനോട്ടത്തിൽ തോന്നിയേക്കാമെങ്കിലും, 1870-ൽ മാർപ്പാപ്പാക്കു നഷ്ടപ്പെട്ടതിൻെറ ഒരു ഭാഗം മാത്രമേ അതാകുന്നുള്ളു എന്നു പറയാതെ തരമില്ല.

ലാററൻ കൊട്ടാരത്തിൽവച്ചു പതിനൊന്നാം പീയൂസും മുസ്സോലിനിയും ചരിത്രപ്രധാനമായ ഈ ഉടമ്പടിയിൽ ഒപ്പിട്ടുകൊണ്ടിരുന്നപ്പോൾ അവരുടെ പിമ്പിലായി ഫ്രഞ്ചെസ്കോയും ഉണ്ടായിരുന്നു.

മോൺ. പച്ചെല്ലി സ്റ്റേററുസെക്രട്ടറി സ്ഥാനത്തു് അവരോധിതനാകുന്നതിനുമുമ്പു് അദ്ദേഹത്തിൻെറ ബാഹ്യപ്രകൃതിയെപ്പററി അല്പം പ്രസ്താവിക്കുന്നതു് അസംഗതമായിരിക്കുകയില്ല. തലമുടിയുടെ നരയൊഴിച്ചാൽ അന്നും ഇന്നും അദ്ദേഹം ഒന്നുതന്നെ. പ്രശാന്തഗംഭീരമായ ആകാരസൗഷ്ഠവം—ഔദ്യോഗികമായ വസ്ത്രവിശേഷങ്ങളാൽ വിഭൂഷിതനായിക്കഴിഞ്ഞാൽ ഏതാണ്ടു രാജകീയമായ ഒരു പ്രാഭവമാണു് അതിനെ സംവരണംചെയ്യുന്നതു്. പട്ടുകൊണ്ടുള്ള അരക്കെട്ടിനു മുകളിൽ കട്ടിയുള്ള സ്വർണ്ണമാലയിൽ തൂങ്ങിക്കിടക്കുന്ന പൊൻകുരിശും, പട്ടം മൂടുന്ന പട്ടുതൊപ്പിയും അദ്ദേഹത്തിനു് അകൃത്രിമമായ ഒരു അലങ്കാരവിശേഷമായി പരിശോഭിക്കുന്നു. ഔദ്യോഗികമായ വേഷഭൂഷണങ്ങളണിഞ്ഞു കഴിഞ്ഞാൽപ്പിന്നെ അത്യധികമായ ഭയഭക്തിയോടെയല്ലാതെ ആരും അദ്ദേഹത്തെ നോക്കുകയില്ല. എന്നാൽ, ആ പ്രശാന്തവദനത്തിൽ നിതരാം കളിയാടുന്ന സ്നേഹാർദ്രത ആരേയും ഹഠാദാകർഷിക്കുവാൻ പോരുന്നതാണു്. വിശാലമായ നെററിത്തടവും സ്വർണ്ണക്കണ്ണടകളുടെ പിമ്പിൽ കറുത്തു കുഴിഞ്ഞ കണ്ണുകളുടെ കിരീടമായി വളഞ്ഞുകുത്തി നില്ക്കുന്ന പുരികക്കൊടികളും പച്ചെല്ലിയുടെ വ്യക്തിവിലാസത്തിൻെറ മാററു വർദ്ധിപ്പിക്കുന്നു. അദ്ദേഹം ഏവർക്കും അഭിഗമ്യനാണു്. ആരോടും ഹൃദയം തുറന്നു സംസാരിക്കുന്നതിനു് അദ്ദേഹത്തിനു യാതൊരു മടിയുമില്ല. എന്നാൽ, തൻെറ സ്ഥാനമാഹാത്മ്യത്തെപ്പററിയുള്ള പരിപൂർണ്ണമായ അവബോധം അവിടുത്തെ ഓരോ ചലനത്തിലും വ്യക്തമായി ദർശിക്കാം. സംഭാഷണത്തിൻെറ ഹൃദ്യതയും ആചാരങ്ങളുടെ ആഭിജാത്യവും നിമിത്തം സന്ദർശനം എത്ര ദീർഘിച്ചാലും ആർക്കും വിരസത തോന്നുകയില്ല.

ചില പ്രധാന സന്ദർഭങ്ങളിൽ ദിവ്യകർമ്മങ്ങൾക്കായി വിശുദ്ധ പത്രോസിൻെറ ബസിലിക്കായിലേക്ക് ആഘോഷസമന്വിതം എഴുന്നള്ളുന്ന സമയത്തു തിരുമേനിയുടെ വദനത്തിൽ പ്രതിഫലിക്കുന്ന ഗാംഭീര്യമല്ലാ ദിവ്യബലിയുടെ നേരത്തു പ്രത്യക്ഷമാകുന്നതു്. ദൈവത്തിൻേറയും മനുഷ്യരുടേയും മധ്യവർത്തിയായിരിക്കുന്നതിനു താൻ തികച്ചും അയോഗ്യനാണെന്നുള്ള ബോധവും അവിടെ ആവർത്തിക്കപ്പെടുന്ന ദിവ്യരഹസ്യങ്ങളുടെ നേരെയുള്ള അസാധാരണമായ ഭയഭക്തി ബഹുമാനങ്ങളും അദ്ദേഹത്തിൻെറ മുഖത്തു തെളിഞ്ഞുകാണാം. പ്രാർത്ഥനാസമയത്തും ഇതുപോലെ തന്നെ. എവിടെ ഇരുന്നുകൊണ്ടും ഏതുസമയത്തും ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാൻ അവിടുത്തേയ്ക്കു സാധിക്കും.

പച്ചെല്ലിയുടെ പെരുമാററത്തിലുള്ള ഹൃദയാവർജ്ജകത്വത്തെ ഉദാഹരിക്കുന്ന ഒന്നുരണ്ടു ദൃഷ്ടാന്തങ്ങൾകൂടി ഉദ്ധരിക്കാം. ഒരുദിവസം സോപ്പുപയോഗിക്കാതെ ഒരു വൈദ്യുതോപകരണംകൊണ്ടു് അദ്ദേഹം മുഖം വടിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൻെറ തലമുടി വെട്ടാനായി ക്ഷുരകൻ കയറിച്ചെന്നു. സോപ്പുപയോഗിക്കാതെ മുഖമുണ്ഡനം സാധ്യമോ എന്നു് ആ സാധു സംശയിച്ചു നിന്നുപോയി. പാവം! തിരുമേനിയുടെ മുഖത്തു തപ്പിനോക്കിയതിൽപ്പിന്നെ മാത്രമേ ആ സാധുവിനു വിശ്വാസമുണ്ടായുള്ളൂ.

നുൺസിയോ ജോലിയിൽനിന്നു വിരമിച്ചു്, യാത്ര പറയുന്നതിനു മാർക്വിസ് ഡി' ഒർമെസ്സൻെറ മന്ദിരത്തിൽ ചെന്നപ്പോൾ അദ്ദേഹത്തിൻെറ അഞ്ചുവയസ്സുള്ള കുട്ടി നുൺസിയോയെ അഭിവാദ്യം ചെയ്തതു് ഇങ്ങനെയാണു്. "Au Revoir, Mon Vieux" അദ്ദേഹം അതു കേട്ടില്ലന്നാണു് എല്ലാവരും ഓർത്തതു്. മോൺ. പച്ചെല്ലി മാർപ്പാപ്പായായിക്കഴിഞ്ഞു് ഡി' ഒർമെസ്സൺ തിരുമേനിയുടെ തൃപ്പാദം ചുംബിക്കുന്നതിനു ചെന്നപ്പോൾ അവിടുന്നു് ഇപ്രകാരം ചോദിച്ചു: "....നിങ്ങളുടെ കുഞ്ഞുമകൻ സന്ദർശകന്മാരെ ഇപ്പോഴും mon vieux എന്നുതന്നെയാണോ വിളിക്കുന്നതു്? ഉം? കേൾക്കട്ടെ!"

മോൺ. പച്ചെല്ലി കർദ്ദിനാൾ ആയിത്തീരാൻ പോകുന്നു എന്നു് ഒരു കിംവദന്തി എങ്ങിനെയോ ജനതാമദ്ധ്യത്തിൽ പടർന്നുപിടിച്ചു. എന്നാൽ, അദ്ദേഹത്തിനു് അതിലുണ്ടായിരുന്ന വിരസത എത്രമാത്രമാണെന്നു് അധികം പേർ അറിഞ്ഞിരുന്നില്ല. അജ്ഞാതമായ ഒരു രൂപതയുടെ ഭരണത്തിനുവേണ്ടി അദ്ദേഹത്തിന്റെ ഹൃദയം മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു.

മൂണിച്ചിലെ മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ വോൺ ഫൗൾഹാബെറിന്റെ ഉപദേശമനുസരിച്ചു സ്വിറ്റ്സർലണ്ടിലുള്ള 'സ്റ്റെല്ലാ മാരിസ്' ആശ്രമത്തിലായിരുന്നു. 1917-നു ശേഷം, അദ്ദേഹം അവധിക്കാലം കഴിച്ചുകൂട്ടിയിരുന്നതു്. അവിടെയുള്ള സമുന്നതങ്ങളായ റോർസ്ഛാച്ചെർബെർഗ്ഗ് പർവ്വതനിരകളുടെ സാന്ദ്രസുന്ദരങ്ങളായ താഴ്വരകളിലും ജലപൂർണ്ണങ്ങളായ തടാകങ്ങളുടെ തീരങ്ങളിലും കൂടിയുള്ള സവാരി അദ്ദേഹത്തിനു ഹൃദ്യമായിരുന്നു. സഞ്ചാരവേളകളിൽ തദ്ദേശീയരായ കുട്ടികൾ തിരുമേനിയുടെ ചുറ്റും അടുത്തുകൂടുക സാധാരണമായിരുന്നു. "അച്ചാ....സ്തുതി!" എന്നുള്ള അവരുടെ അഭിവാദനം പല ശൈശവസ്മരണകളേയും തിരുമേനിയുടെ മനസ്സിൽ ഉൽബുദ്ധമാക്കി. ഔഷ്ഠതാവുമുള്ള കൗമാരത്തിനും അവർ തിരുമേനിയുടെ പക്കൽ അണഞ്ഞുകൊണ്ടിരുന്നു. ആത്മാക്കൾക്കുവേണ്ടി ജീവിതശേഷം അർപ്പിക്കുവാൻ അഭിലഷിച്ചുകൊണ്ടിരുന്ന പച്ചെല്ലിയ്ക്കു് ഇതിൽപ്പരം കൃതാർത്ഥത ഉണ്ടാകാനില്ല. ഒരു ദിവസം പർവ്വതനിരകളുടെ ഇടയിലുള്ള ഇടുങ്ങിയ വഴിയിൽക്കൂടി മന്ദം മന്ദം നടന്നുകൊണ്ടിരുന്നപ്പോൾ, പെട്ടെന്നു് ഒരു പ്യൂൺ വന്നു് ഒരു കമ്പിസന്ദേശം അദ്ദേഹത്തിനു നല്കി. മോൺ. പച്ചെല്ലി അതു തുറന്നു വായിച്ചു. "ഹൃദയംഗമമായ അനുമോദനം!!" അനുമോദനമോ? അതെന്തിനു്? അദ്ദേഹത്തിനു് ഒന്നും മനസ്സിലായില്ല. കൂട്ടത്തിലുണ്ടായിരുന്ന സഖാവിനെ സന്ദേശം കാണിച്ചുകൊണ്ടു് അദ്ദേഹം ചോദിച്ചു: "ഇതിന്റെ അർത്ഥം എന്താണെന്നറിയാമോ?"

"ഒരു പക്ഷെ, കർദ്ദിനാൾ സ്ഥാനം.... അതെപ്പററി പ്രബലമായ ചില കിംവദന്തികളും പത്രവാൎത്തകളും പരന്നിട്ടുണ്ടല്ലൊ."

"അതു ശരിയോ? എനിക്കു മനസ്സിലാകുന്നില്ല....ഒരു രൂപതയുടെ ഭരണത്തിനു് എന്നെ നിയമിക്കണമെന്നു് എത്രയും നിർബന്ധപൂൎവ്വം ഞാൻ പരിശുദ്ധ പിതാവിൻെറ പക്കൽ അപേക്ഷിച്ചിട്ടും...."

മോൺ. പച്ചെല്ലി അന്നുതന്നെ റോമിലേക്കു തിരിച്ചു.... സംഗതികളുടെ യാഥാൎത്ഥ്യമറിയുവാൻ....തിരുമനസ്സു മാറുന്നതിനു പരിശുദ്ധ പിതാവിനെ നിർബന്ധിക്കാൻ....

പതിനൊന്നാം പീയൂസ് മാർപ്പാപ്പായോടു് അതൊക്കെയുണ്ടോ ഫലിക്കാൻ പോകുന്നു! എഴുതിയതു് എഴുതിയതു തന്നെ. 1929 ഡിസംബർ 19-ാം തീയതി മോൺ. പച്ചെല്ലി കർദ്ദിനാൾ ആയി ഉയർത്തപ്പെട്ടു. 1930 ഫെബ്രുവരി 10-ാം തീയതി അദ്ദേഹം പരിശുദ്ധ പിതാവിൻെറ സ്റ്റേററുസെക്രട്ടറിയുമായി നിയമിക്കപ്പെട്ടു.

വത്തിക്കാൻ അരമനയായിരിക്കും അദ്ദേഹത്തിൻെറ ഭാവി ജീവിതരംഗം. ഒരു ചെറിയ ഇടവകയുടെ പരിചരണം ആഗ്രഹിച്ചിട്ടു കിട്ടിയില്ല; ഒരു ചെറിയ രൂപത കിട്ടണമെന്നു കാംക്ഷിച്ചിട്ടു ഫലിച്ചില്ല; വിശ്വം മുഴുവനുമാണു് അദ്ദേഹത്തിൻെറ ഭരണത്തിൽ വരുവാൻ പോകുന്നതു്. "ആകാശത്തിലും ഭൂമിയിലും" "കെട്ടുവാനും അഴിക്കുവാനു"മുള്ള അധികാരം അദ്ദേഹത്തിനു സംദത്തമാകും. അതിനുള്ള ഒരുക്കം മാത്രമാണു് ഇപ്പോൾ നടക്കുന്നതു്.

സ്റ്റേററുസെക്രട്ടറി! അതെന്താണെന്നു പറയാം. മാർപ്പാപ്പായുടെ പ്രധാനമന്ത്രിയുടെയും വിദേശകാൎയ്യമന്ത്രിയുടേയും ഉദ്യോഗം വഹിക്കുന്ന ആളാണു സ്റ്റേററുസെക്രട്ടറി. അദ്ദേഹത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്നായിരിക്കും അടുത്ത ചോദ്യം. വത്തിക്കാൻ രേഖാസഞ്ചയത്തിൽ ഉള്ള അഞ്ചാം സിക്സ്റ്റസ് മാർപ്പാപ്പായുടെ തി

രുവെഴുത്തിൽ സ്റ്റേററുസെക്രട്ടറ്റിക്കുവേണ്ട വിശേഷണങ്ങളെപ്പററി ഇങ്ങനെ കാണുന്നു: "അദ്ദേഹം സകലതും അറിഞ്ഞിരിക്കണം; സകലതും വായിച്ചിരിക്കണം; സകലതും ഗ്രഹിച്ചിരിക്കണം; എന്നാൽ, യാതൊന്നും സംസാരിക്കരുതു്."

കർദ്ദിനാൾ എവുജേനിയോ പച്ചെല്ലിയെസ്സംബന്ധിച്ചിടത്തോളം ഈ വിവരണം അന്വർത്ഥമായിട്ടുണ്ടെന്നു ലോകം സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. തിരുമനസ്സിലെ ജ്ഞാനസമ്പത്തിനെപ്പററി ആരും സംശയിക്കുകയില്ല. ജ്ഞാനസമ്പാദനത്തിനുള്ള പ്രധാനമാർഗ്ഗമായ വിവിധഭാഷാപ്രവീണതയിൽ അവിടുന്നു് അദ്വിതീയനാണു്. എട്ടു വിഭിന്നഭാഷകളിൽ വൈഷമ്യം കൂടാതെ ഏതാശയവും സുവിശദമായി പ്രകടിപ്പിക്കുവാൻ അവിടുത്തേയ്ക്കു് നിഷ്പ്രയാസം സാധിക്കുമെന്നു്, റോമിൽ സമ്മേളിച്ച സർവ്വരാജ്യപ്രസ്സ്കോൺഫ്രൻസിൽ തിരുമേനി ചെയ്ത സുദീർഘമായ പ്രഭാഷണം തെളിയിക്കുന്നു. 'ഇററാലിയൻ' ഭാഷയിൽ ആരംഭിച്ച പ്രസംഗം 'ഫ്രഞ്ച്'ഭാഷയിൽക്കൂടി ഇംഗ്ലീഷിൽകടന്നു് 'ജർമ്മനി'ലെത്തി 'പോർട്ടുഗീസ്' വഴി 'സ്പാനിഷിൽ' ചാടി ഒടുവിൽ ലത്തീനിൽ അവസാനിച്ചു. ഇതിൽ കുറിപ്പുകളൊന്നും ഉപയോഗിക്കപ്പെട്ടിരുന്നില്ല. പദങ്ങൾക്കുവേണ്ടിയുള്ള തിരക്കമോ വ്യാകരണത്തിലുള്ള സന്ദേഹമോ ഒന്നും ഇല്ലായിരുന്നു. എല്ലാ ഭാഷയിലും ഒരേവേഗത തന്നെ. N. C. W. C. വാർത്താവിതരണസംഘം ഇതെപ്പററി നൽകുന്ന റിപ്പോർട്ടിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം?

"അദ്ദേഹത്തിൻെറ സ്വരം മൃദുലമായിരുന്നെങ്കിലും ആത്മാർത്ഥതയെ പ്രകാശിപ്പിക്കുന്നതും ചില സമയങ്ങളിൽ ഊർജ്ജസ്വലവും, ഒരു ഭാഷയിൽ നിന്നു മറെറാരു ഭാഷയിലേക്കുള്ള മാററം വളരെ സ്വാഭാവികവുമായിരുന്നു. യാതൊരു ശ്രമമോ സംശയമോ മന്ദതയോ പദദാരിദ്ര്യമോ ഒന്നും ദൃശ്യമായിരുന്നില്ല. ഓരോഭാഷയിലും സരസമായ ആംഗ്യങ്ങൾ സ്വാഭാവികമായും അർത്ഥസൂചകമായും പ്ര

ത്യക്ഷപ്പെട്ടുകൊണ്ടുതന്നെയിരുന്നു. ഇംഗ്ലീഷിലെ ഓരോ വാക്യവും മനോഹരവും ഓരോ വാക്കും സന്ദർഭോചിതവും അർത്ഥഗർഭവും ഉത്തമവും ആയിരുന്നെന്നു തീർത്തു പറയുവാൻ എനിക്കു സാധിക്കും.''

എല്ലാവരും മാതൃഭാഷയിൽ തിരുമേനിയുടെ ആശയങ്ങൾ ഗ്രഹിച്ചു. പന്താക്കുസ്താദിനത്തിലെ വി. പത്രോസിൻെറ പ്രസംഗത്തെ അനുസ്മരിപ്പിക്കുന്നതിനു അതു പര്യാപ്തമായിരുന്നു. തന്നിമിത്തം ''പവിത്രാത്മകവാഗ്വിലാസം'' (Pentacostal Eloquence) എന്നു ആ പ്രസംഗത്തെ പതിനൊന്നാംപീയൂസ് പ്രശംസിച്ചിരിക്കുന്നു.

പ്രസംഗം നേരത്തേ ശരിയായി തയ്യാറാക്കാതെ അദ്ദേഹം ഒരിടത്തും പോകുക പതിവില്ല. അതിനു ഒരു മാസമെങ്കിലും വേണം. വിഷയം അവഗാഢം പഠിക്കുന്നതിലും വാദങ്ങളെ യുക്തിയനുസരിച്ചു നിബന്ധിക്കുന്നതിലും പ്രസംഗം മുഴുവനും എഴുതി മനപ്പാഠമാക്കുന്നതിലും അതിനെ സുമധുരമായ സ്വരത്തിൽ സമുചിതമായ ആംഗ്യവിശേഷങ്ങളോടുകൂടി പ്രക്ഷേപിക്കുന്നതിലും പ്രകടിതമാകുന്ന സൂക്ഷ്മയാണു് അദ്ദേഹത്തിൻെറ വിജയത്തിനുള്ള കാരണമെന്നു പറയപ്പെടുന്നു. പ്രസംഗകൻെറ വ്യക്തിവിലാസം ശ്രോതാക്കളെ അഭ്യാകർഷിക്കുന്നു; അദ്ദേഹത്തിൻെറ സ്വരവിശേഷവും പ്രഭാഷണചാതുരിയും അവരെ ആനന്ദിപ്പിക്കുന്നു; അവിടുത്തെ ആശയങ്ങൾ അവരുടെ ഹൃദയത്തെ സ്പർശിക്കുന്നു; ഒടുവിൽ, തിരുമേനിയുടെ അഭിപ്രായങ്ങളോടു പൂർണ്ണമായി യോജിച്ചുകൊണ്ടു് അവർ തിരിച്ചുപോകുന്നു.

ബെർളിനിലെ സ്പോർട്ടുപ്ലാസ്റ്റിൽ ജർമ്മൻഭാഷയിൽ ചെയ്ത പ്രസംഗത്തിലുണ്ടായിരുന്ന ഉജ്ജ്വലതയും ഊർജ്ജസ്വലതയും, ലിസ്യൂവിലെ ബസലിക്കാ ഉൽഘാടനം ചെയ്തുകൊണ്ടുള്ള പ്രസംഗത്തിലും റിയോ ഡി ജെനറോയിലെ പാർലമെൻറിൽ ചെയ്ത പ്രസംഗത്തിലും ഒരുപോലെ പ്രകടിതമായിരുന്നു.

ഒരു വിദേശഭാഷയിൽ വൈദഗ്ധ്യം സമ്പാദിക്കുന്ന അദ്ധ്യേതാവിന്റെ സംസ്കാരവും വിജ്ഞാനവും ഇരട്ടിക്കുന്നു എന്നാണു് അഭിജ്ഞമതം. ഈ മാനദണ്ഡംവച്ചു് അളക്കുമ്പോൾ എവ്വുജെനിയോ പച്ചെല്ലി ലോകത്തിലെ പണ്ഡിതന്മാരിൽ അഗ്രഗണ്യനാണെന്നു സമ്മതിക്കണം.

# ഒമ്പതാമദ്ധ്യായം

## സന്തോഷസന്താപങ്ങൾ

ഉത്തരവാദിത്വമുള്ള പല ജോലികളും കർട്ടിനാൾ പച്ചെല്ലിയിൽ നിക്ഷിപ്തമായി. ഒന്നാമത്തേതു സ്റ്റേററുസെക്രട്ടറിയുടെ ഉദ്യോഗംതന്നെ. ഒരു മാസം തികയുന്നതിനുമുമ്പ് അദ്ദേഹം വിശുദ്ധ പത്രോസിന്റെ ബസിലിക്കായിലെ ഡീൻ ആയി നിയമിക്കപ്പെട്ടു. കൂടാതെ, കർട്ടിനാൾ പച്ചെല്ലിയുടെ പ്രാപ്തിയിലുള്ള വിശ്വാസത്തെ പ്രകടതരമാക്കുവാനായി പരിശുദ്ധപിതാവു് അദ്ദേഹത്തെ കമർലെങ്കോസ്ഥാനത്തേക്കും ഉയർത്തി.

സ്റ്റേററുസെക്രട്ടറിയുടെ ചുമതലകൾ വളരെ ക്ലേശാവഹങ്ങളാണു്. കർട്ടിനാൾ ഗസ്പാരി അതുല്യനായ ഒരു കർത്തവ്യനിപുണനായിരുന്നെങ്കിലും വളരെ കാര്യങ്ങൾ ഇനിയും ശേഷിച്ചിട്ടുണ്ടായിരുന്നു. ഇററലിയും വത്തിക്കാനും തമ്മിലുള്ള കൊൺകൊർദാത്തിലെ വ്യവസ്ഥകളുടെ വിവക്ഷ ക്ലിപ്തപ്പെടുത്തുകയെന്നതായിരുന്നു ഒന്നാമതായി വേണ്ടതു്. സ്വന്തം ആദർശത്തേയും ലക്ഷ്യത്തേയും പററി സുവ്യക്തമായ രൂപമില്ലാത്ത ഫസിസ്റ്റു് ഗവണ്മെൻറുമായി സംഗതികൾ പറഞ്ഞുതീർക്കുകയെന്നതു് അത്ര എളുപ്പമല്ലല്ലോ. വ്യവസ്ഥകൾ നിർണ്ണയിച്ചുകഴിഞ്ഞിട്ടും, വത്തിക്കാന്റെ പ്രവർത്തനങ്ങളെ പരോക്ഷമായി വിഘ്നപ്പെടുത്തുന്നതിനു മുസ്സോലീനിയുടെ ഗവണ്മെൻറു യത്നിച്ചിരുന്നു എന്നു ചില അനന്തരസംഭവങ്ങളിൽ നിന്നു മനസ്സിലാക്കാം.

പരിശുദ്ധപിതാവിന്റെ കത്തോലിക്കാപ്രവർത്തനം രാഷ്ട്രദ്രോഹപരമായ ഒരു നവീനപ്രസ്ഥാനമാണെന്നു മുസ്സോലീനി എങ്ങിനെയോ ധരിച്ചുവശായി. പ്രസ്തുത പ്രസ്ഥാനത്തെ പിരിച്ചുവിടണമെന്നായി അദ്ദേഹത്തിന്റെ

വാദം. ഈ ശാഠ്യത്തിനുള്ള വ്യക്തവും സുശക്തവുമായ മറുപടിയാണ് കത്തോലിക്കാ പ്രവർത്തനത്തെ പുരസ്കരിച്ചുള്ള ചാക്രികലേഖനം. അല്മായ പ്രേഷിതത്വം എന്ന അപരനാമമുള്ള കത്തോലിക്കാപ്രവൎത്തനത്തിന്റെ വ്യാപ്തി എന്തുമാത്രമുണ്ടെന്നും അതിന്റെ ഉദ്ദിഷ്ടലക്ഷ്യം എന്താണെന്നും അതിൽ സുവിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മുസ്സോലീനിയുടേയും കൂട്ടരുടേയും വാദത്തിന്റെ നിരൎത്ഥകതയെ പ്രദർശിപ്പിക്കുന്ന ഈ ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണത്തെ വിളംബപ്പെടുത്തുന്നതിന്, അവർ തുനിഞ്ഞേക്കാം എന്നു കർദ്ദിനാൾ പച്ചെല്ലി സംശയിച്ചു. അതുകൊണ്ട്, പ്രസ്തുത വിശ്വലേഖനത്തിന്റെ ഒരു പ്രതിയുമായി സെക്രട്ടറിയേററിലെ ഒരു പ്രമുഖാംഗമായ മോൺ ഫ്രാൻസിസ് സ്പെൽമാനെ (ഇപ്പോൾ നൂയോർക്കിലെ കർദ്ദിനാൾ മെത്രാപ്പോലീത്ത) പാരീസിലേക്കു പറപ്പിച്ചു. ഫ്രാൻസിലുള്ള പത്രപ്രതിനിധികൾക്കും വാൎത്താവിതരണസംഘങ്ങൾക്കും കൊടുത്തുകഴിഞ്ഞിട്ടേ ഇററലിയിൽ അതു പ്രസിദ്ധീകൃതമായുള്ളു.

ഒട്ടും പ്രതീക്ഷിതമല്ലാതിരുന്ന ഈ തന്ത്രം ഇററാലിയൻ ഗവണ്മെൻറിനെ പരാഭൂതമാക്കി. പിൽക്കാലത്ത് വെത്തിക്കാൻ ശാസ്ത്രീയസംഘടന'യുടെ പ്രസിഡണ്ടായ മാർകൊനിസ് മാർക്കോണി അതുല്യമായ ശക്തിയോടുകൂടി വത്തിക്കാൻ റേഡിയോപ്രക്ഷേപിണി സ്ഥാപിച്ചതോടെ താദൃശമായ മുൻകരുതലുകൾ ആവശ്യമില്ലാതായിത്തീൎന്നു.

തിരുസ്സഭയുടെ സ്വാതന്ത്ര്യപ്രവൎത്തനത്തെ സുകരമാക്കുന്നതിനുവേണ്ടി സ്റ്റേററുസെക്രട്ടറിയുടെ നയപാടവത്താൽ ആസ്ട്രിയാ മുതലായ രാഷ്ട്രങ്ങളുമായി ആലോചിച്ചുണ്ടാക്കിയ കൊൺകൊർദാത്തുകൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. യൂഗോസ്ലാവിയായുമായി ആലോചിച്ച കൊൺകൊർദാത്തു പ്രത്യക്ഷത്തിൽ വിഫലമായിപ്പോയെങ്കിലും, ആ രാജ്യത്തിലും ഇതരസ്ലാവുരാജ്യങ്ങളിലും കത്തോലിക്കാസഭക്കു ലഭിച്ച സ്വാതന്ത്ര്യവും ശ്രേയസ്സും പരിഗണിക്കുമ്പോൾ അതിനേയും പരോക്ഷമായ ഒരു വിജയമായിത്തന്നെ കരുതണം.

ഇവയിലെല്ലാം മികച്ചുനില്ക്കുന്ന വിജയം ഫ്രാൻസിന്റെ അനുരഞ്ജനമാണ്. കത്തോലിക്കാസഭയുടെ സീമന്തപുത്രിയെന്ന മഹനീയ നാമത്തിനു സർവ്വഥാ അർഹയായ ഫ്രാൻസ്, മാതൃഹത്യയെന്ന മഹാപാതകത്താൽ കളങ്കചരിതയായിത്തീർന്നിട്ടു ശതവത്സരങ്ങൾ പലതു കഴിഞ്ഞിരുന്നു. സഭാമാതാവിന്റെ സ്നേഹമസൃണങ്ങളായ പരിചരണങ്ങളെ വിദ്വേഷപൂർവ്വം തിരസ്കരിച്ചിട്ട്, അവളുടെ മാതൃവക്ഷസ്സിൽനിന്നും മുഖം തിരിച്ചുകളഞ്ഞ ആ ദുർദ്ദിനത്തിൽ തന്റെ അധഃപതനത്തിന്റെയും അടിമത്തത്തിന്റെയും അടിസ്ഥാനമിടുകയായിരുന്നെന്നു ഫ്രാൻസ് അറിഞ്ഞില്ല. 16-ാം നൂററാണ്ടിലെ മതവിപ്ലവം വിനാശത്തിനു ബീജാവാപം ചെയ്തു; അതിന്റെ പരിണതഫലമായ ഫ്രഞ്ചുവിപ്ലവം അവളുടെ ശവക്കുഴി തോണ്ടി. വിശുദ്ധന്മാരുടെ വിളനിലവും രക്തസാക്ഷികളുടെ ജന്മദേശവുമായിരുന്ന ആ പുണ്യഭൂമിയിൽ കത്തോലിക്കാസഭക്കുണ്ടായ മഹനീയനേട്ടങ്ങൾ ഇനിയും സാധ്യമല്ലാതെ വരുമോ എന്നു ചിലർ വിചാരിച്ചു. എന്നാൽ, ഫ്രാൻസ് സ്വർഗ്ഗപരിത്യക്തയായില്ല. മർദ്ദനത്തിന്റെ ശൃംഖലകളിൽ, പാരതന്ത്ര്യത്തിന്റെ പീഡനങ്ങളിൽ പശ്ചാത്താപസൂചകങ്ങളായ ചുട്ടുനെടുവീർപ്പുകൾ അവളുടെ സന്തപ്തഹൃദയത്തിൽനിന്നും ഉയർന്നു; രക്ഷാകരങ്ങളായ കണ്ണീർകണങ്ങൾ അവളുടെ നയനങ്ങളിൽനിന്നും അടർന്നുവീണു. ദൈവം അവളെ അനുഗ്രഹിച്ചു. ഫ്രാൻസിന്റെ ഔദ്യോഗികമണ്ഡലം കത്തോലിക്കാസഭാമാതാവിന്റെ അന്തികത്തിലണഞ്ഞു. അങ്ങിനെ പുനഃസ്ഥാപിതമായ മാതൃഭക്തി അഖിലലോകത്തിനും പ്രകടമാക്കുന്നതിനെന്നു തോന്നിക്കത്തക്കവിധം പേപ്പൽപ്രതിനിധിയുടെ ഫ്രാൻസ് സന്ദർശനവേളകളിൽ രാഷ്ട്രം അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്ന് എടുത്തുപറഞ്ഞുകൊള്ളട്ടെ.

നരകുലപരിത്രാണത്തിന്റെ പത്തൊമ്പതാം ശതവത്സരപൂർത്തിയാഘോഷം സമംഗളം അവസാനിച്ചതു ലൂർദ്ദിൽ വച്ചാണല്ലോ. ആ ഘട്ടത്തിൽ അവിടെ നടന്ന അഭൂതപൂർവ്വങ്ങളായ ചടങ്ങുകളിൽ ഔദ്യോഗികമായി ഭാ

ഗഭാക്കാകുന്നതിനു വേപ്പൽപ്രതിനിധിയായി എഴുന്നള്ളി യ കർദ്ദിനാൾ പച്ചേല്ലിയ്ക്കു ഫ്രഞ്ചുജനത നല്കിയ ഹാർദ്ദ മായ സ്വീകരണം ഫ്രഞ്ചുരാജ്യത്തിൻെറ നാളാഗമത്തിൽ സ്വർണ്ണലിപികളിൽ ആലേഖിതമാകേണ്ട ഒരു മഹാസംഭ വമാണു്.

വത്തിക്കാനിൽനിന്നു സ്പെഷ്യൽട്രെയിൻമാർഗ്ഗം ലൂർ ദ്ദിലെത്തിയ പ്രതിനിധിയെ രാഷ്ട്രീയനേതാക്കന്മാരും വൈദികമേലദ്ധ്യക്ഷന്മാരും ജനലക്ഷങ്ങളുംകൂടി ഹർഷപൂ ർവ്വം എതിരേററു. സ്വർഗ്ഗീയ കന്യകയുടെ സാന്നിദ്ധ്യ ത്താൽ പവിത്രീകൃതമായ ലൂർദ്ദിലെ ബലിപീഠത്തിൽ എ ഴുപത്തിരണ്ടു മണിക്കൂർ സമയത്തേക്കു നിരന്തരം സമപ്പി ക്കപ്പെട്ട ദിവ്യബലികളുടെ അവസാനത്തിൽ നടന്ന ദി വ്യകാരുണ്യപ്രദക്ഷിണത്തിൽ പ്രധാന കാർമ്മികൻ കർദ്ദി നാൾ പച്ചേല്ലിയായിരുന്നു. അതു കഴിഞ്ഞുള്ള മഹാസ മ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് അവിടുന്നു ചെ യ്ത പണ്ഡിതോചിതമായ പ്രൗഢപ്രഭാഷണം വിജ്ഞാന ത്തിൻെറയും മതതീക്ഷ്ണതയുടേയും മാപ്പാപ്പായോടുള്ള ഭക്തിയുടേയും സജീവപ്രകടനമായിരുന്നു. സ്വതന്ത്രചി ന്തകന്മാരെന്നു പെരുമ്പറ മുഴക്കുന്ന റാഷനലിസ്ററുകാരു ടെ യുക്തിയില്ലാത്ത തത്ത്വവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടു് അവിടുന്നു പറഞ്ഞ വാക്കുകൾ അവർക്കു് ഒരു കണ്ണുകോടാ ലി തന്നെയാണു്.

"അവർ സാമുദായികപരിവർത്തനത്തിൻെറ തണ ലിൽ തങ്ങളുടെ നിഷേധത്തെ ഒളിക്കുന്നതിനു ശ്രമിച്ചാ ലും, ജാതിയുടേയും രക്തത്തിൻേറയും മിഥ്യാഭിമാനത്താൽ ഉന്മത്തരായി ജീവിതത്തെ സംബന്ധിച്ച് അബദ്ധധാര ണകൾക്കു വശംവദരായിരുന്നാലും, അവരുടെ തത്ത്വശാ സ്ത്രം ക്രിസ്തീയവിശ്വാസത്തിനു കടകവിരുദ്ധമായ തത്ത്വ ങ്ങളിന്മേലാണു് അധിഷ്ഠിതമായിരിക്കുന്നതു്. ആകയാൽ, എത്ര മങ്ങിയ താരിപ്പിലായാലും അവരുമായി ക്രയവിക്ര യത്തിലേപ്പെടുന്നതിനു തിരുസ്സഭയ്ക്കു നിവൃത്തിയില്ല."

ആധുനികയുഗങ്ങളിൽ ഫ്രഞ്ചുജനതയുടെ അഭിമാന

സ്തംഭമായി വിരാജിക്കുന്ന വി. കൊച്ചുത്രേസ്യായുടെ ബഹുമാനാർത്ഥം പണികഴിപ്പിക്കപ്പെട്ട വിശാലമോഹനമായ ബസിലിക്കാ ഉൽഘാടനം ചെയ്യുവാൻ പേപ്പൽപ്രതിനിധിയായി നിയുക്തനായതും കർദ്ദിനാൾ പച്ചെല്ലി തന്നെയാണു്. ഫ്രഞ്ചുജനതയ്ക്കു് അദ്ദേഹം നേരത്തെ തന്നെ സുപരിചിതനായിരുന്നു എന്ന വസ്തുത ഈ നിയമത്തിനു പ്രേരകമായിരിക്കാം. ആരോഗ്യമനുവദിച്ചിരുന്നെങ്കിൽ ഈ സർവ്വലോകവന്ദ്യയുടെ വിജയസൗധത്തിങ്കലേക്കു പതിനൊന്നാം പീയൂസു തന്നെ എഴുന്നള്ളുമായിരുന്നു. അതു സാധിക്കാതെ വന്നതുകൊണ്ടു് "നമ്മുടെ അതിവത്സലസഹപ്രവർത്തകനായ" സ്റ്റേറ്റുസെക്രട്ടറി തന്നെ പ്രേഷിതനായി.

പേപ്പൽപ്രതിനിധിയെ രാജകീയമായ ആഡംബരങ്ങളോടെ സ്വീകരിക്കുന്നതിനു ഫ്രഞ്ചുഗവമ്മെൻറു പൂർവ്വാധികം ഉത്സാഹിച്ചു. പേപ്പൽപ്രതിനിധി കയറിയ സ്പെഷ്യൽട്രെയിൽ പ്രതീക്ഷിച്ചു നിന്നവരുടെ ഗണത്തിൽ ഫ്രഞ്ചുപ്രധാന മന്ത്രിയേയും പോപ്പുലർ ഫ്രണ്ടു് ക്യാബിനററിലെ അംഗങ്ങളേയും കാണാമായിരുന്നു. സൈന്യഗണങ്ങൾ രാജകീയമായ അഭിവാദനത്തിനു അണിനിരന്നു. അവർ പാപ്പാ മംഗളം ആലപിച്ചുകൊണ്ടിരിക്കവേ, ആനന്ദഭരിതരായ ബഹുസഹസ്രം പൗരസഞ്ചയത്തിൻെറ ആർപ്പുവിളികളുടെ ഇടയിൽ അവർക്കു് അതിപരിചിതനായ ആ വന്ദ്യതിരുമേനിയുടെ പുഞ്ചിരി തൂകുന്ന പ്രശാന്ത വദനം റെയിൽവേ പ്ലാററുഫോറത്തിൽ പ്രത്യക്ഷപ്പെട്ടു.

1935-ലും 1937-ലുമായി നടന്ന ഈ വമ്പിച്ച സ്വീകരണങ്ങളിൽ ഏതാണു പ്രഥമഗണനീയമെന്നു വിധിക്കുക വിഷമമാണു്. രണ്ടിലും ഫ്രഞ്ചുജനതയ്ക്കും കത്തോലിക്കാസഭയ്ക്കും അഭിമാനം കൊള്ളാം. ബസിലിക്കായുടെ ഉൽഘാടനത്തോടനുബന്ധിച്ചു നടന്ന ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സിലും പച്ചെല്ലി തന്നെയായിരുന്നു അദ്ധ്യക്ഷൻ.

ലൂർദ്ദിലെ അദ്ധ്യക്ഷപ്രസംഗം മതാത്മകമായിരുന്നു. എന്നാൽ രാഷ്ട്രാരാധനവും മതമർദ്ദനവും വർദ്ധിച്ചുവന്ന

ആ ഘട്ടത്തിൽ ചില രാജ്യനേതാക്കന്മാരുടെ സങ്കുചിതനയങ്ങളെ നിരങ്കുശം അവലംബിക്കാതിരിക്കുവാൻ അവിടുത്തേക്കു സാധിച്ചില്ല. ജർമ്മനിയിൽ നടമാടുന്ന മതപീഡനങ്ങളേയും അധികാരനിന്ദനങ്ങളേയും അദ്ദേഹം നിശ്ശിതമായി വിമർശിച്ചു. ഏതാദൃശങ്ങളായ കുനയങ്ങളുടെ പരിണതഫലമായി ലോകത്തിനാകമാനം വന്നുഭവിക്കാൻ പോകുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ ദുരദൃഷ്ടങ്ങളെ ക്രമാൽക്രമം പ്രഖ്യാപിക്കുന്ന ഉജ്ജ്വലനായ ഒരു ശ്രേഷ്ഠതവീരന്റെ ധീരസ്വരമാണ് അന്നു ഫ്രാൻസ് ശ്രവിച്ചതു്.

ഇപ്രകാരമുള്ള വിജയാഹ്ളാദപ്രകടനങ്ങളുടെ ഇടയിൽ സ്റ്റേററുസെക്രട്ടറിയുടെ ഹൃദയത്തെ അതിയായി വേദനിപ്പിക്കുന്ന ചില രംഗങ്ങൾ ഏതാനും രാജ്യങ്ങളിൽ നടന്നുകൊണ്ടിരുന്നു. കമ്യൂണിസ്ററുനേതാക്കന്മാരുടെ ഭരണത്തിൽ മെക്സിക്കോയിൽ നടമാടിക്കൊണ്ടിരുന്ന ഭീകരമർദ്ദനങ്ങളെപ്പററിയുള്ള ദയനീയവിവരങ്ങൾ അനുദിനം വത്തിക്കാനിൽ ലഭിച്ചുകൊണ്ടാണിരുന്നതു്. ബോൾഷെവിക്കു റഷ്യയുടെ സ്ഥിതി പറയുകയേ വേണ്ട. പള്ളികൾക്കു കൊള്ളിവയ്ക്കാത്തതും പുരോഹിതന്മാരെ വേട്ടയാടാത്തതും വിശ്വാസികളെ വധിക്കാത്തതുമായ ഒററ ദിവസംപോലും കാണിക്കുവാൻ റഷ്യക്കു സാധിക്കുമായിരുന്നില്ല.

അബിസീനിയൻ യുദ്ധംനിമിത്തം ഒരു കത്തോലിക്കാ രാഷ്ട്രമെന്നറിയപ്പെട്ടിരുന്ന ഇററലിക്കു നേരിട്ട അപകഷമായിരുന്നു മറെറാരു വിഷമപ്രശ്നം. ഇററാലിയൻ നയത്തോടു വത്തിക്കാനുള്ള മനോഭാവത്തെപ്പററി പല ദുഷ്പ്രചരണങ്ങളും നടന്നുവന്നു. ഇററലിയുടെ രാഷ്ട്രീയനയത്തെ വിമർശിക്കുന്ന തിരുവെഴുത്തുകളൊന്നും പരിശുദ്ധപിതാവു പുറപ്പെടുവിച്ചില്ല എന്നതു വാസ്തവമാണു്. അതിൽ നിന്നു വത്തിക്കാൻ അബിസീനിയൻസമരത്തെ അനുകൂലിച്ചെന്നു വരുന്നുണ്ടോ? അനീതി നിറഞ്ഞ ഈ യുഗത്തിൽ ലൗകികാതികമായ വൻവ്യാമോഹങ്ങളാൽ ഉന്മത്തരായ ചില രാഷ്ട്രീയനേതാക്കന്മാരുടെ

നേരില്ലാത്ത നടപടികളെ വിമർശിക്കുക വത്തിക്കാന്റെ കർത്തവ്യത്തിൽപ്പെടുന്നില്ലെന്നു അവർ അറിഞ്ഞിട്ടില്ലേ? അങ്ങിനെയായിരുന്നെങ്കിൽ ഈ ശതാബ്ദത്തിന്റെ ആരംഭത്തിൽ ദക്ഷിണാഫ്രിക്കയിലുള്ള ബൂവർപ്രദേശത്തിൽ ബ്രിട്ടൺ കൈകടത്തിയപ്പോൾ വത്തിക്കാൻ പ്രതിഷേധിക്കാഞ്ഞതിനേയും ബ്രിട്ടൺ കുററപ്പെടുത്തണം.

യുദ്ധം ആരംഭിച്ചു എന്നു കേട്ട നിമിഷത്തിൽ പതിനൊന്നാംപീയൂസ് ഉദീരണംചെയ്ത വേദവാക്യം—"സമരപ്രിയന്മാരായ ജനതകളെ തകർക്കേണമേ!" എന്ന വാക്യം—ഈ ആരോപണങ്ങളുടെ പൊള്ളത്തരം നന്നായി പ്രത്യക്ഷമാക്കുന്നുണ്ട്.

ചില വൈദികാധ്യക്ഷന്മാരുടെ പ്രസ്താവനകളേയും പ്രവൎത്തനങ്ങളേയും അധിക്ഷേപിച്ച രാഷ്ട്രപതികൾക്കു സ്റ്റേറവുസെക്രട്ടറി തക്ക സമാധാനം നല്കി. കത്തോലിക്കാ സഭയുടെ വക്താക്കളെന്നുള്ള നിലയിലല്ല, പ്രത്യുത സ്വതന്ത്രരായ ഇററാലിയൻ പൌരന്മാരുടെ നിലയിൽ അവരെ പരിഗണിച്ചാൽ മതിയെന്നും അവരുടെ പ്രവൎത്തനത്തിൽ വത്തിക്കാനെ ഉൾപ്പെടുത്തുന്നതു വാസ്തവവിരുദ്ധമായിരിക്കുമെന്നും ആ തിരുമേനി വ്യക്തമാക്കി മാത്രമല്ല, എന്നാൽ മാററത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയാദർശങ്ങളെ വിമർശിച്ചുകൊണ്ടിരിക്കുകയെന്നുള്ളതല്ല കത്തോലിക്കാസഭയുടെ ഉദ്ദേശ്യം. എന്നാൽ, സഭയുടെ അടിസ്ഥാനതത്വങ്ങളെ ചോദ്യം ചെയ്യുന്നതിനു ഞെളിയുന്നവരുടെ സാഹസത്തെ വത്തിക്കാൻ എക്കാലവും പ്രതിഷേധിച്ചുകൊണ്ടു തന്നെയിരിക്കും.

"അഗാധമായ ഉൽക്കണ്ഠയോടെ" എന്നാരംഭിക്കുന്ന ചാക്രികലേഖനത്തിന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്. ജഗൽപ്രസിദ്ധമായ ഈ തിരുവെഴുത്തിന്റെ വിരചിതാവ് "വത്തിക്കാനിലെ വൃദ്ധൻ"തന്നെയാണെങ്കിലും കർദ്ദിനാൾ പച്ചെല്ലിയുടെ ആദർശങ്ങളും അഭിപ്രായങ്ങളും—അല്ല, അദ്ദേഹത്തിന്റെ തൂലികയുടെ സ്വതന്ത്രവിഹാരവും—അതിൽ അങ്ങിങ്ങായി കാണ്മാനുണ്ട്. 'അത്യഗാ

ധമായ ഉൽക്കണ്ഠയോടെ" പുറപ്പെട്ട ഈ ചാക്രികലേഖനത്തിനു കാരണമായ സാഹചര്യങ്ങളെപ്പററി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

ക്ർദിനാൾ പച്ചെല്ലിക്കു ജർമ്മൻജനതയോടു കുറെ താൽപര്യമുണ്ടായിരുന്നു എന്നതു് നാം നിഷേധിക്കുന്നില്ല. അതിനുള്ള കാരണം പറയാം. ജർമ്മൻകാർക്കു്—ഒരു കാലത്തു്—ജന്മസിദ്ധമായിരുന്ന ഊർജ്ജസ്വലത, വിശ്വാസ്യത, ലളിതജീവിതാസക്തി മുതലായ മഹനീയ ഗുണവിശേഷങ്ങൾ നേരത്തെ അദ്ദേഹത്തെ ആകർഷിച്ചിരുന്നു. പക്ഷെ, ഹിററ്ലർ ഈ വിശിഷ്ടപാരമ്പര്യങ്ങൾക്കെല്ലാം ഒരു പര്യവസാനമുണ്ടാക്കി; ചതിയന്മാരെന്നുള്ള പേർ അദ്ദേഹം അവർക്കു സമ്പാദിച്ചുകൊടുത്തു. ഹിററ്ലർ പച്ചെല്ലിയുമായി നടത്തിയ ആദ്യത്തെ ഇടപാടിൽ ഈ വഞ്ചന പ്രകടിതമായില്ല. ജർമ്മൻ ചാൻസലർ, വോൺപപ്പെൻ, വത്തിക്കാനുമായി ഒരു പുതിയ കൊൺകൊർദാത്തുണ്ടാക്കുന്നതിനെപ്പററി ആലോചിക്കാൻചെന്നു. ജർമ്മനിയിലെ കത്തോലിക്കാവൈദികന്മാരുടെ രാഷ്ട്രീയപ്രവർത്തനങ്ങളെ നിയന്ത്രിക്കാമെന്നു സ്റ്റേററുസെക്രട്ടറി സമ്മതിച്ചു. അതിനുപകരമായി, അടുത്തുതന്നെ പിരിച്ചുവിടപ്പെട്ട കത്തോലിക്കാ സെൻട്രൽപാർട്ടിയിലെ അംഗങ്ങളോടു നാസികൾ യാതൊരു വിദ്വേഷവും പ്രദർശിപ്പിക്കുകയില്ലെന്നും, കത്തോലിക്കാസഭയ്ക്കു സ്വകീയമായുള്ള അവകാശങ്ങൾ സർവ്വസ്വാതന്ത്ര്യമായി അനുഭവിക്കുന്നതിൽ ഒരിക്കലും പ്രതിബന്ധമുണ്ടാക്കുകയില്ലെന്നും, ഹിററ്ലറിനുവേണ്ടി വോൺപപ്പെൻ വാഗ്ദാനം ചെയ്തു. ഏതാനും മാസത്തേക്കു സന്ധിവ്യവസ്ഥകൾക്കു യാതൊരു കുഴപ്പവും ഉണ്ടായില്ല. അതുകഴിഞ്ഞപ്പോൾ ഭാവമൊക്കെ മാറി--അക്രമങ്ങളും കൈയ്യേററങ്ങളും അനുദിനസംഭവങ്ങളായിത്തീർന്നു.

നാസികളുടെ നാശകരങ്ങളായ ഭീകരപ്രവർത്തനങ്ങളാൽ ഘോരയാതന അനുഭവിച്ചുകൊണ്ടിരുന്ന ജർമ്മനിയിലെ കത്തോലിക്കാസഭയുടെ ശോചനീയങ്ങളായ വിഷമതകളെ വിവരിച്ചുകൊണ്ടു് ജർമ്മൻവൈദികമേലദ്ധ്യക്ഷ

മ്പർ 1941—ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായ്ക്ക് അയച്ച സംയുക്തലേഖനം ഈ വാസ്തവത്തെ വിളിച്ചറിയിക്കുന്നുണ്ട്. പ്രസ്തുത സംയുക്തലേഖനവും, അതിനു മറുപടിയായി പരിശുദ്ധ പിതാവ് നൽകിയ തിരുവെഴുത്തും ഒരു പ്രാവശ്യം മാത്രം വായിച്ചാൽ മതി ഹിററ്ലറിൻെറ ആത്മാർത്ഥത വെറും ശൂന്യമായിരുന്നെന്നു ബോധപ്പെടാൻ. പ്രാചീന റോമാക്കാർ, ഉടുതുണി മാറുന്നതുപോലെ ഭാര്യമാരെ മാറിമാറിയെടുത്തിരുന്നു എന്നു ചില ചരിത്രകത്താക്കൾ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ, ഹിററ്ലറിൻെറ സന്ധിയാലോചനകളും ഉടമ്പടി നിർമ്മാണങ്ങളും അവയുടെ ലംഘനങ്ങളും അതിനെക്കാൾ കൂടിയ വേഗതയിലാണു നടത്തിക്കൊണ്ടിരുന്നതു്.

നാസിഭരണത്തിൽ കത്തോലിക്കാസഭയുടെ പ്രവത്തനങ്ങൾ സർവ്വസ്വാതന്ത്ര്യങ്ങളുമായിരിക്കുമെന്ന് എഴുതി ഒപ്പിട്ട ഹിററ്ലർ പിന്നീട്ട പ്രവത്തിച്ചവയെ വിവരിക്കുവാൻ സ്ഥലമനുവദിക്കുന്നില്ല. ജമ്മൻ മെത്രാന്മാരുടെ സംയുക്തലേഖനത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുക മാത്രം ചെയ്യാം.

ജമ്മനിയിലെ കത്തോലിക്കാസഭയുടെ പ്രവത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുന്ന പരിശുദ്ധപിതാവിനോട്ട് ഇവയൊന്നും എടുത്തുപറയേണ്ടതായിട്ടില്ലെങ്കിലും, യുദ്ധസാഹചര്യങ്ങളുടെ പേരിൽ നാസികൾ നടത്തുന്ന മതമർദ്ദനങ്ങളെ ചുരുക്കമായി തിരുമനസ്സുണത്തിക്കുന്നതിനു് അനുവദിക്കണമെന്ന് അഭ്യത്ഥിക്കുന്നു. "യുദ്ധം ഒരു പുതിയ ഘട്ടത്തിലേക്ക്— ഒരു പക്ഷേ, അതിൻെറ നിണ്ണായകഘട്ടത്തിലേക്കു് പ്രവേശിച്ചിരിക്കുകയാണല്ലോ. അതിൻെറ രൂക്ഷത വർദ്ധിച്ചിരിക്കുന്നു; അതു പൂർവ്വോപരി കേന്ദ്രീകൃതമായിരിക്കുന്നു. അതിൻെറ ആയുധങ്ങൾ വിശ്വാസത്തിൻേറയും സന്മാർഗ്ഗത്തിൻേറയും മൂലതത്വങ്ങളുടെ നേർക്കു തിരിഞ്ഞിരിക്കുന്നു;....മാത്രമല്ല, സത്യത്തിൻെറ പ്രബോധകയും ആദ്ധ്യാത്മികജീവിതത്തിൻെറ സ്രോതസ്സും എന്ന നിലകളിൽ ക

ത്തോലിക്കാസഭസ്ഥലുള്ള അനിഷേധ്യങ്ങളായ അവകാശങ്ങളെ ശിഥിലമാക്കാനും അതു തത്രപ്പെട്ടുന്നു. മുമ്പ് ഒരവസരത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നവയെ ഇവിടെ ആവർത്തിക്കുന്നില്ല. അതിനുശേഷവും, ഞങ്ങളുടെ പ്രവർത്തനങ്ങളെ—വിശിഷ്യ, ആത്മീയപരിചരണങ്ങളെ—പ്രതിബന്ധിക്കുന്നതിനുവേണ്ടി രൂപവൽകൃതങ്ങളായിട്ടുള്ള നിയമങ്ങൾ നിരവധിയാണ്.

"ഉദ്യോഗംകൊണ്ടും വ്യാവസായിക പ്രാമുഖ്യംകൊണ്ടും ഉന്നതസ്ഥാനത്തു നിൽക്കുന്ന കത്തോലിക്കരായ ചില അല്മേനികളുടെ മതപരമായ കൃത്യനിർവ്വഹണത്തിൽ വരുത്തിവെക്കുന്ന പ്രതിബന്ധങ്ങളും അസൗകര്യങ്ങളും ചില്ലറയൊന്നുമല്ല. മതാനുഷ്ഠാനങ്ങളിൽ ചേരാതിരിക്കുന്നതിനും, അല്ല, മതത്യാഗത്തിനുപോലും, അവർ തുടരെ നിർബന്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇങ്ങനെ പലവിധത്തിലും, ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യക്കം, പ്രത്യേകിച്ച് ക്രൈസ്തവർക്കും തീരെ അസഹനീയങ്ങളും, മനസ്സാക്ഷി സ്വാതന്ത്ര്യത്തെ മുഴുവനായി അവഗണിക്കുന്നതുമായ പദ്ധതികളാണ് രൂപവൽകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്.

"ഞങ്ങളുടെ അഭിപ്രായം അറിയുകപോലും ചെയ്യാതെ, സഭയിലെ പല തിരുനാൾദിനങ്ങളും ജോലിദിവസങ്ങളായി അവർ നിശ്ചയിച്ചിരിക്കുന്നു. അനുപേക്ഷണീയങ്ങളായ ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുന്നതിന് ആ ദിവസങ്ങളിൽ ക്രൈസ്തവർക്കു സ്വാതന്ത്ര്യമില്ല! ധ്യാനം നടത്തുന്നതും അതിൽ സംബന്ധിക്കുന്നതും കുററകരമാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു.

"ക്രിസ്തീയ വിവാഹത്തിൻെറ അഭേദ്യതയേയും പരിശുദ്ധിയേയും പ്രഖ്യാപിച്ചുകൊണ്ടു മതപരങ്ങളായ പ്രസംഗങ്ങൾ നടത്തിയ വൈദികന്മാർ തടങ്കൽപാളയങ്ങളിൽ അടക്കപ്പെട്ടിരിക്കുകയാണ്. വേറെ ചില വൈദികന്മാർ സ്വാതന്ത്ര്യപതയിൽനിന്നും ബഹിഷ്കൃതരായിരിക്കുന്നു. നവീനങ്ങളായ പട്ടണങ്ങളിലും നഗരങ്ങളിലും

ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിലുള്ള തടസ്സങ്ങളും പ്രതിബന്ധങ്ങളും ദുസ്സഹങ്ങൾ തന്നെ.

"യുവാക്കന്മാർക്കു ക്രിസ്തീയവിദ്യാഭ്യാസം നല്കുന്നതിനെ മുടക്കുന്നതിനുവേണ്ടി പ്രയോഗിക്കപ്പെടുന്ന തന്ത്രങ്ങൾ വിവിധങ്ങളാണ്. കത്തോലിക്കാ വിദ്യാലയങ്ങളിൽ ഒരു നല്ല ഭാഗവും പൂട്ടിക്കഴിഞ്ഞു....ഉയർന്ന ക്ലാസ്സുകളിൽ മതബോധനം നല്കുന്നതിനെ നേരത്തേ നിരോധിച്ചിരുന്നു; ആ നിയമം ഇപ്പോൾ പ്രാഥമിക വിദ്യാലയങ്ങളിലേക്കും വ്യാപിച്ചുവരുന്നു. സ്കൂളുകളിൽ പ്രാർത്ഥന പാടില്ലെന്നാണു നിയമം; തത്വത്തിലെങ്കിലും അതിനു വളരെ പ്രാബല്യമുണ്ട്. തികച്ചും അക്രൈസ്തവവും കത്തോലിക്കാമതവിരുദ്ധവും ആയ പ്രബോധനങ്ങൾകൊണ്ടു നിറഞ്ഞ പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്കു നല്കപ്പെട്ടിരിക്കുന്നതുനിമിത്തം നമ്മുടെ യുവാക്കളുടെ വിശ്വാസം വളരെ അപകടത്തിലാണു സ്ഥിതി ചെയ്യുന്നത്.

"കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ മുഴുവനും നിരോധിക്കപ്പെട്ടിരിക്കുന്നു.... ഔദ്യോഗികമായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള ക്രിസ്തുമതസാഹിത്യപ്രചാരണം ഒട്ടും സാധ്യമല്ല.... കത്തോലിക്കാ ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചു എന്ന കാരണം വച്ചുകൊണ്ട് ഒരു പ്രസിദ്ധീകരണശാലയെ മുഴുവനും ഗവണ്മെൻറു കണ്ടുകെട്ടുകയുണ്ടായി.

.."ജർമ്മനിയിലുള്ള ഒട്ടുവളരെ സന്യാസ ഭവനങ്ങളും നാസികൾ അടച്ചുകളഞ്ഞു; ചില മന്ദിരങ്ങളിൽനിന്നും സന്യാസികൾ ബഹിഷ്കൃതരാകുമ്പോൾ ഒരുങ്ങുന്നതിനു വേണ്ട സമയം അവർക്കു ലഭിക്കുന്നില്ല. ഇത്രയും വിഷമതകൾ ഉണ്ടായിട്ടും അവരുടെ ധീരതയ്ക്കും വിശ്വസ്തതയ്ക്കും യാതൊരു കോട്ടവും വരുന്നില്ലെന്നുള്ളതു് വളരെ ആശ്വാസകരമാണ്.... പരസ്യാരാധനാലയങ്ങൾ പൂട്ടിയിട്ടിരിക്കുന്നതിനും ഉദാഹരണങ്ങൾ പലതും എടുത്തു കാണിക്കാനുണ്ട്."

എല്ലാം പ്രകാരത്തിലും സ്വതന്ത്രമായ ഒരു ജർമ്മൻ മത

സംഘടനയെ രൂപവൽകരിക്കുകയാണു നാസികളുടെ ഉദ്ദേശ്യമെന്നു തിരുമേനിമാർ തുടർന്നു പ്രസ്താവിക്കുന്നു.

ഈ സംയുക്തലേഖനത്തിനു പന്ത്രണ്ടാംപീയൂസ് നല്കിയ മറുപടിയിൽ, ജർമ്മൻഭരണകൂടം ദീർഘനാളായി അവലംബിച്ചുവന്ന നയത്തെ —ഉടമ്പടികൾക്കും ഖരാറുകൾക്കും എതിരായി കത്തോലിക്കാസഭയെ ഒളിവിലും വെളിവിലും മർദ്ദിക്കുന്ന നയത്തെ—അവിടുന്നു ലോകത്തിനു പ്രദർശിപ്പിക്കുന്നു. ഹൃദയസ്പൃക്കായ ഈ തിരുവെഴുത്തിൻെറ ചില ഭാഗങ്ങൾകൂടി ഇവിടെ ഉദ്ധരിക്കാം.

ജർമ്മൻ മെത്രാന്മാരുടെ പിതൃഭക്തിയേയും മതതീക്ഷ്ണതയേയും പ്രശംസിച്ചതിനുശേഷം, അവർ പ്രസ്താവിക്കുന്ന മതമർദ്ദനസംരംഭങ്ങളെപ്പററി അവിടുന്നു പറയുന്നതിപ്രകാരമാണ്. 'മർദ്ദനങ്ങൾ എന്നും ഉണ്ടായിരിക്കുമെന്നു നമ്മുടെ കർത്താവു് തൻെറ ശിഷ്യന്മാരോടു് അരുൾചെയ്തിട്ടുണ്ടായിരുന്നു. മർദ്ദനങ്ങളില്ലാതിരുന്ന ഒരു ഘട്ടംപോലും സഭാചരിത്രത്തിൽ കാണുവാൻ സാധ്യമല്ല. ദിവ്യനാഥൻ തൻെറ അനുഗാമികൾക്കു നല്കുന്ന ജന്മാവകാശമാണതു്. സുദീർഘങ്ങളായ ഈ ശതാബ്ദങ്ങൾ മുഴുവനും ഒരു സ്ഥലത്തല്ലെങ്കിൽ മറെറാരു സ്ഥലത്തു് അസംഖ്യം ജനങ്ങൾ ദൈവത്തിനുവേണ്ടി മർദ്ദനങ്ങളും മരണവും കൈവരിച്ചുകൊണ്ടാണിരുന്നതെന്നു് എല്ലാവർക്കുമറിയാമല്ലോ.

"മരണകരങ്ങളായ മർദ്ദനങ്ങൾകൊണ്ടു രക്തസാക്ഷികളുടെ എണ്ണം പെട്ടെന്നു വർദ്ധിപ്പിക്കുന്നതിനല്ല അവർ ശ്രമിക്കുന്നതു്; ക്രൈസ്തവരെ സാവധാനമായി പീഡിപ്പിക്കുന്നതിനുള്ള തന്ത്രമാണു ജർമ്മനി സ്വീകരിക്കുന്നതു്. സാവധാനമായതുകൊണ്ടു ക്രൂരതയിൽ കുറവുണ്ടെന്നു വരുന്നില്ല; എന്തുകൊണ്ടെന്നാൽ, ആത്മാക്കളുടെ രക്ഷകനും രാജാവുമായ ക്രിസ്തു പീഢ സഹിച്ചുകൊണ്ടു സമുദ്ധരിച്ച ആത്മാക്കളെ അങ്ങേപ്പക്കൽനിന്നും അപഹരിച്ചുകൊണ്ടുപോകുവാൻ സുസംഘടിതരായ മഹാശക്തികൾ നിരന്തരം പ

രിശ്രമിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. മതത്തിനെതിരായി വളരെ ചാതുര്യത്തോടെ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്ന പ്രസ്തുത പദ്ധതികൾ ഭയങ്കരതരങ്ങളാണ്. ജർമ്മനിയുടെ വീരസന്താനങ്ങൾക്കു വിശ്വാസപോഷണം സിദ്ധിക്കാതിരിക്കുന്നതിനുവേണ്ടി അവർ പ്രയോഗിക്കുന്ന തന്ത്രങ്ങളും കാപട്യങ്ങളും അതീവ ഗർഹണീയങ്ങളായിരിക്കുന്നു.

"ജർമ്മനിയിലെ കത്തോലിക്കാസഭ ഗുരുതരങ്ങളായ വിഷമതകളെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നതിൽ രണ്ടുപക്ഷമില്ല. നിങ്ങൾ ന്യായ്യമായി ആവലാതിപ്പെടുന്ന അക്രമപരങ്ങളായ പ്രവർത്തനങ്ങൾ തന്നെ ഇതിനു സാക്ഷ്യം നല്കുന്നു. ക്രിസ്തീയപാതിരന്മാർ, വിശിഷ്യ ഉന്നതസ്ഥാനികളായ ഉദ്യോഗസ്ഥന്മാർ, ക്രിസ്തുവിന്റെ മതം പരിത്യജിക്കുന്നതിനു ബലംതന്നെ പ്രയോഗിക്കുന്നു; ആത്മപാലനം അതീവക്ലേശകരമായിത്തീർന്നിരിക്കുന്നു; ക്രിസ്തുമതവിരുദ്ധങ്ങളായ പ്രബോധനങ്ങൾകൊണ്ടു ബാലഹൃദയങ്ങളെ നിറസ്സുവാൻ ശ്രമിക്കുന്നു; യുവാക്കൾ വൈദികരെ സമീപിക്കരുതെന്നാണ് അവരുടെനിഷ്കർഷ; കത്തോലിക്കാപത്രങ്ങളും പ്രസിദ്ധീകരണങ്ങളും ഏതാണ്ടു മുഴുവനും നിരോധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു; സന്യാസഭവനങ്ങൾ ഒന്നൊന്നായി കൊള്ളചെയ്യപ്പെട്ടു വരുന്നു; അവയുടെ സ്വത്തുക്കൾ കണ്ടുകെട്ടപ്പെടുന്നു കത്തോലിക്കാസഭയുടെ സംഘടനാബലത്തിനു് ഇവ നിമിത്തമുളവാകുന്ന സഹായത്തെ ഇല്ലാതാക്കുന്നതിനു മാത്രമല്ല, ക്രൈസ്തവമതത്തിന്റെ അടിസ്ഥാനത്തെപ്പോലും തകർക്കുന്നതിനാണ്—നിങ്ങൾ സൂചിപ്പിക്കുന്ന—അഭിശപ്തങ്ങളായ പദ്ധതികൾ രൂപവൽകൃതങ്ങളായിരിക്കുന്നതു്."

ലോകത്തെ വഞ്ചിക്കുന്നതിനുവേണ്ടി മാത്രമേല്ല ഹിററ്ലർ സന്ധികൾക്കും ഒത്തുതീർപ്പുകൾക്കും സമ്മതിച്ചുകൊണ്ടിരുന്നിട്ടുള്ളതു്? ഈയവസരത്തിൽ കർദ്ദിനാൾ ഇന്നിററ്സർ തിരുമനസ്സിലെ വാക്കുകൾകൂടി ഉദ്ധരിക്കാതിരിക്കുവാൻ മനസ്സുവരുന്നില്ല. "ആസ്ട്രിയായിലെ കത്തോ

ലിക്കാസഭയ്ക്കു് എല്ലാവിധത്തിലുമുള്ള ആനുകൂല്യങ്ങൾ അയാൾ വാഗ്ദാനം ചെയ്തു; സ്വന്തം വിദ്യാലയങ്ങൾ നടത്തുന്നതിനു മാത്രമല്ല, ആവശ്യമുള്ള മററു സകല സ്ഥാപനങ്ങളും ഇഷ്ടാനുസരണം നടത്തിക്കൊള്ളുന്നതിനു് അയാൾ എന്നെ അനുവദിച്ചു.'' തിരുമേനി തുടരുന്നു: "എന്നാൽ.... ഹിററ്ലറിന്റെ വാഗ്ദാനങ്ങൾ മുഴുവനും നിരർത്ഥകങ്ങളായിരുന്നു—വ്യാജങ്ങളായിരുന്നു. ആദ്യത്തെ ആറു മാസത്തേക്കു മതമർദ്ദനം സാവധാനത്തിൽമാത്രം നടത്തപ്പെട്ടു. ഒരു കത്തോലിക്കാ അധ്യാപകൻ അനാരോഗ്യം നിമിത്തം അവധിയെടുത്തപ്പോൾ പകരം നിയമിതനായതു് ഒരു നാസിയാണു്. പിന്നീടു ഹിററ്ലർ നിശ്ചിതമായ പരിപാടികളോടുകൂടി രംഗപ്രവേശം ചെയ്തു. വിദ്യാലയങ്ങളെയെല്ലാം അയാൾ രാഷ്ട്രത്തിനധീനമാക്കി; കത്തോലിക്കരുടെ വകയായിട്ടുണ്ടായിരുന്ന പള്ളിക്കൂടങ്ങളെയെല്ലാം നിറുത്തലാക്കുകയും ചെയ്തു.'' ഇതാണു ഹിററ്ലറിന്റെ സന്ധികൾക്കുള്ള വില. നെപ്പോളിയന്റെ നിഘണ്ടുവിൽ അസാദ്ധ്യം എന്ന പദം ഇല്ലായിരുന്നു; ഹിററ്ലറിന്റെ ശബ്ദകോശത്തിൽ ആത്മാർത്ഥതയുടെ ആദ്യത്തെ അക്ഷരംപോലും കാണുകയില്ല; നിശ്ചയം.

നാസിനേതാക്കന്മാരുടെ നേരില്ലാത്ത നയം കണ്ടു തുടങ്ങിയപ്പോൾ മുതൽതന്നെ വത്തിക്കാൻ സ്റ്റേററുസെക്രട്ടറി അവരിനെ പരസ്യമായും സുധീരമായും പ്രതിഷേധിച്ചുകൊണ്ടാണിരുന്നതു്. കോളോണിലെ മെത്രാപ്പോലീത്താ, കർദ്ദിനാൾ സ്കൂൾട്ടു് (Dr. Schuite) തിരുമേനിയുടെ പൗരോഹിത്യരജതജൂബിലിഘട്ടത്തിൽ സ്റ്റേററു സെക്രട്ടറി അദ്ദേഹത്തിനയച്ചുകൊടുത്ത അനുമോദനസന്ദേശത്തിൽ, ജൂബിലിയേറിയൻ നാസി നേതാക്കന്മാരുടെ മർദ്ദന നടപടികൾക്കെതിരായി നടത്തിക്കൊണ്ടിരുന്ന ധീരപ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിരുന്നു. അതു നാസികളെ പ്രക്ഷുബ്ധരാക്കി. ഭീകരതരമായ ഒരു പീഡനപരിപാടികൊണ്ടാണു് അവർ പ്രതികാരത്തിനൊരുങ്ങിയതു്. അവർ കരുതിക്കൂട്ടി രൂപവൽക്കരിച്ച കുററാരോപണങ്ങൾ വച്ചുകൊണ്ടു് അനവധി സന്യാസികളേയും അബലകളാ

യ കന്യകളേയും ബന്ധിതരാക്കി. സന്മാർഗ്ഗവ്യതിചലനമായിരുന്നുപോൽ അവരിൽ ഭൂരിഭാഗവും പ്രവർത്തിച്ച അപരാധം!! സ്വയം സംരക്ഷണത്തിനും പ്രതിഷേധം രേഖപ്പെടുത്തുന്നതിനുമുള്ള സ്വാതന്ത്ര്യംപോലും അവർക്കു നിഷേധിക്കപ്പെട്ടു!

സർവ്വരാജ്യബന്ധങ്ങൾ ത്രാസിൽ തൂങ്ങുന്നു എന്നു ഗ്രഹിക്കുവാൻ നയകോവിദനായ കർദ്ദിനാൾ പച്ചെല്ലിയ്ക്കു വൈഷമ്യമുണ്ടായിരുന്നില്ല. ആസന്നഭാവിയിൽ അഭിനയിക്കപ്പെടാൻ പോകുന്ന ഭയാനകരംഗങ്ങളെ ഉൽകടമായ ഭീതിയോടും വ്യഗ്രതയോടുംകൂടി അദ്ദേഹം ഉൽപ്രേക്ഷിച്ചതുപോലെ തോന്നുന്നു. തന്നിമിത്തമാണു് പതിനൊന്നാം പീയൂസ് കർദ്ദിനാൾ ഫൗൽഹാബറിനോടു് ഇപ്രകാരം പ്രസ്താവിച്ചതു്: "നമ്മെസ്സംബന്ധിച്ചിടത്തോളം കർദ്ദിനാൾ പച്ചെല്ലിക്കുള്ള പ്രാധാന്യം എന്മാത്രമാണെന്നു് ആർക്കും ഗ്രഹിക്കുവാൻ സാധിക്കുകയില്ല."

"അത്യഗാധമായ ഉൽകണ്ഠയോടെ" പുറപ്പെട്ട ചാക്രികലേഖനം ഒരു പ്രാവശ്യമെങ്കിലും വായിച്ചാൽ മതി പരിശുദ്ധ പിതാവിന്റെ ഹൃദയവേദനയുടെ കാഠിന്യം ഗ്രഹിക്കുവാൻ. "ജർമ്മൻ ജനതയുടെ സമാധാനപരമായ അഭിവൃദ്ധിയ്ക്കും ഐശ്വര്യത്തിനുംവേണ്ടി സാരമായ സേവനം ചെയ്യണമെന്നുള്ള ആത്മാർത്ഥമായ സദുദ്ദേശ്യത്തോടുകൂടെ"യായിരുന്നു കർദ്ദിനാൾ പച്ചെല്ലി ആലോചിച്ച കൊൺകൊർദാത്തിനു പരിശുദ്ധ പിതാവു് അംഗീകരണം ധല്കിയതെന്നുള്ള പ്രഖ്യാപനത്തോടെയാണു തിരുവെഴുത്തു് ആരംഭിക്കുന്നതു്. അനന്തരം, നാസിനേതാക്കന്മാരുടെ ഗർഹണീയമായ വിശ്വാസവഞ്ചനയെ അസന്ദിഗ്ദ്ധമായ ഭാഷയിൽ അപലപിച്ചുകൊണ്ടു് തിരുമേനി തുടരുന്നു:

"ഉൽകൃഷ്ടമായ ഉദ്ദേശ്യത്തോടുകൂടി ജർമ്മൻമണ്ണിൽ നാം നട്ടുപിടിപ്പിച്ച സമാധാനവൃക്ഷം നിങ്ങളുടെ ജനത്തിന്റെ നന്മയ്ക്കായി നാം പ്രത്യാശിച്ചവിധം ഫലപ്രദമായില്ലെങ്കിൽ അതിനുള്ള ഉത്തരവാദിത്വം, കാണുന്നതി

ന കണ്ണും കേൾക്കുന്നതിന്നു ചെവിയും ഉള്ളവരായി ലോകത്തിലുള്ള യാതൊരുത്തനും, കത്തോലിക്കാ സഭയിലോ അവളുടെ പരമാധ്യക്ഷനിലോ ആരോപിക്കുകയില്ല തന്നെ. ഭൂതകാലത്തിലെ ദുരനുഭവങ്ങൾ ഉത്തരവാദിത്വം എവിടെ സ്ഥിതിചെയ്യുന്നു എന്നു വ്യക്തമാക്കിയിട്ടുണ്ടു്; ലോകത്തിൻെറ സമൂലനാശത്തിന്നുമാത്രം ഉപകരിക്കുന്ന ഒരുഘോരസമരം നടത്തണമെന്നുള്ള ലാക്കോടേ വത്തിച്ച കുതന്ത്രങ്ങളെ അവ പ്രകടീകരിക്കുന്നു. യഥാത്ഥ സമാധാനത്തിൻെറ വിത്തുകൾ വിതയ്ക്കുന്നതിന്നുവേണ്ടി നാം ഒരുക്കിയ ചാലുകളിൽ, സംശയത്തിൻേറയും ഭിന്നതയുടേയും, വിദ്വേഷത്തിൻേറയും ഏഷണിയുടേയും, ക്രിസ്തുവിന്നും അവിടുത്തെ സഭയ്ക്കും എതിരായി വിവിധങ്ങളായ നിരവധി നിമിത്തങ്ങളാൽ പരിപുഷ്ടവും ലഭ്യങ്ങളായ സകല ഉപാധികളും പ്രയോഗിച്ചുകൊണ്ടുള്ളതും, പ്രത്യക്ഷവും പരോക്ഷവും മൗലികതത്ത്വങ്ങളെ ഗാഢമായി സ്പൃശിക്കുന്നതുമായ വിരുദ്ധതകളുടേയും, കളകൾ മററുള്ളവർ വാരിവിതറി. സമാധാനപ്രദമായ ആകാശവില്ലിന്നു പകരം ജമ്മനിയുടെ ചക്രവാളത്തിൽ വിനാശകരമായ മതവിപ്ലവത്തിൻെറ നാന്ദിയായി പ്രക്ഷോഭകരങ്ങളായ കാർമേഘപടലങ്ങൾ ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നതിനുള്ള ഉത്തരവാദിത്വം അവയിലും അവയിൽ മാത്രവും, ഒളിവിലും വെളിലും പ്രവത്തിക്കുന്ന അവയുടെ പ്രണേതാക്കളിലും ആണു് സ്ഥിതി ചെയ്യുന്നതു്."

അനന്തരം, ജമ്മനിയിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാരോടായി മാപ്പാപ്പാ ഇങ്ങനെ തുടരുന്നു: "അഭിവന്ദ്യന്മാരായ സഹോദരന്മാരേ, താദൃശങ്ങളായ ഹീനവാസനകളെ അനുവദിക്കുകയും, അതിലും കഷ്ടതരമായി, അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ നിന്നു് ഉൽഭൂതമാകാവുന്ന അനിർവാച്യങ്ങളായ ദുരന്തങ്ങളെ, നിങ്ങളുടെ രാഷ്ട്രത്തിൻെറ ഭാഗധേയങ്ങളെ നയിക്കുന്ന ഭരണകത്താക്കളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ ഇതുവരേയും നമുക്കു മടി തോന്നിയിട്ടില്ല.

"ഔദ്യോഗികമായ അംഗീകരണം നല്കപ്പെടുന്ന

പക്ഷം പരസ്പരവിശ്വാസത്തെ നശിപ്പിക്കുകയും, ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ ഉടമ്പടികളേയും സമൂലം നിരർത്ഥകമാക്കിത്തീർക്കുകയും ചെയ്യുന്ന സിദ്ധാന്തങ്ങൾക്കും പ്രയോഗങ്ങൾക്കും എതിരായി, ഗൗരവാവഹങ്ങളായ ഉടമ്പടികളുടെ പരിശുദ്ധിയേയും സ്വാതന്ത്ര്യപൂർവ്വം സ്വീകരിച്ച ബാധ്യതകളുടെ അലംഘനീയതയേയും പരിരക്ഷിക്കുന്നതിനു നമുക്കു സാധ്യമായിരുന്ന സകല കഴിവുകളേയും നാം പ്രയോഗിച്ചിട്ടുണ്ട്. നമ്മുടെ ഈ പ്രയത്നങ്ങൾ എല്ലാം ലോകദൃഷ്ടിയിൽ പ്രദർശിപ്പിക്കുന്നതിനുള്ള സമയം സമാഗതമാകുമ്പോൾ സമാധാനകാംക്ഷികളേയും സമാധാനഭഞ്ജകന്മാരേയും എവിടെ നോക്കിയാൽ കാണാൻ സാധിക്കുമെന്നു സുബുദ്ധിയുള്ള സകല മനുഷ്യർക്കും അറിയാറാകും. കൊൺകൊർദാത്തിനു ശേഷമുള്ള ക്ലേശസമ്പൂർണ്ണവും സംഭവബഹുലവുമായ സംവത്സരങ്ങളിലെ നമ്മുടെ ഓരോ വാക്കും ഓരോ പ്രവൃത്തിയും പ്രസ്തുത ഉടമ്പടിയിലെ വ്യവസ്ഥകളോടുള്ള നിഷ്കൃഷ്ടമായ വിശ്വസ്തതയാൽ നിയന്ത്രിതമായിരുന്നെന്നു്, സത്യത്തെപ്പററി സ്ഥൂലജ്ഞാനമെങ്കിലുമുള്ള, നീതിയുടെ കണികയെങ്കിലും ഹൃദയത്തിൽ അവശേഷിച്ചിട്ടുള്ള, ഏതു മനുഷ്യനും അന്നു സമ്മതിക്കേണ്ടതായിട്ടു വരും; മാത്രമല്ല, വിസ്മയവിവശതയോടും അഗാധമായ അസംതൃപ്തിയോടും കൂടി, വ്യവസ്ഥകൾക്കു നല്കുന്ന സ്വേച്ഛാനുസൃതമായ ദുർവ്യാഖ്യാനവും വ്യവസ്ഥകളിൽനിന്നുള്ള ഒഴിഞ്ഞുമാററവും വ്യവസ്ഥകളുടെ വിവക്ഷകളിൽനിന്നുള്ള ഒഴിഞ്ഞുമാററവും, അവസാനമായി ഏതാണ്ടു പ്രത്യക്ഷമായ ഖരാർ ലംഘനവുമായിരുന്നു മറേറ കക്ഷിയുടെ എഴുതപ്പെടാത്ത നിയമമെന്നും അവർ ഏററു പറയും.''

പരിശുദ്ധ പിതാവിൻെറ തൂലികയിൽനിന്നും ഇതില്പം നിശ്ശിതമായ ഒരുപ്രഹരം ഇനിയും പ്രതീക്ഷിക്കുകയോ!

അനന്തരം ക്രിസ്തുമതത്തിൻേറയും, വിശിഷ്യ, കത്തോലിക്കാമതത്തിൻേറയും മൗലികതത്വങ്ങളെ പ്രബോധിപ്പിച്ചുകൊണ്ടു ലൗകായതികതത്വത്തിൻെറ മൗഢ്യത്തെ

അവിടുന്നു പ്രഖ്യാപിക്കുന്നതിപ്രകാരമാണു്. "വർഗ്ഗത്തെയോ, ജനതയെയോ, രാഷ്ട്രത്തെയോ ഭരണഘടനയെയോ, എക്സിക്യൂട്ടീവിനെയോ മനുഷ്യസമുദായത്തിലെ ഇതര മൌലികഘടകങ്ങളെയോ — പ്രകൃതിനിയമത്തിലാണെങ്കിൽ അവയ്ക്കു് അഭിമാന്യമായ ഒരു പ്രധാനസ്ഥാനമുണ്ടു് — അവയുടെ ഭൌതികമായ മൂല്യത്തിനതീതമായ ഒരു സ്ഥാനത്തു പ്രതിഷ്ഠിച്ചു്, അവയെ സകലത്തിന്റേയും — മതപരമായ പ്രശ്നങ്ങളുടെപോലും — പരമമാനദണ്ഡമായി കരുതുകയും സമാരാധനത്തിനായി ദിവ്യപദത്തിൽ സ്ഥാപിക്കുകയും ചെയ്യുന്നവർ, സൃഷ്ടവസ്തുക്കളിലുള്ള ദൈവസ്ഥാപിതവും ദൈവനിയുക്തവുമായ ക്രമവൽകരണത്തെ കൃത്രിമവും വികടവും ആക്കിത്തീർക്കുകയാണു ചെയ്യുന്നതു്."

ചാക്രികലേഖനത്തിന്റെ മറെറാരു ഭാഗത്തു്, "ഇദാനീന്തനന്മാരായ ചില പ്രവാചകമ്മന്യന്മാർ രക്തശുദ്ധിയിലും വർഗ്ഗമാഹാത്മ്യത്തിലും വാർത്തെടുക്കുവാൻ തത്രപ്പെടുന്ന ആവിഷ്കൃതതത്വങ്ങളെ" പരിശുദ്ധ പിതാവു് മുക്തകണ്ഠം ശപിക്കുന്നു.

"ജർമ്മൻജനതയ്ക്കു് അനുകൂലമായിട്ടുള്ളതു് ഏതോ അതാണു നീതിപരം" എന്നുള്ള ധിക്കാരപരമായ മൂഢവാദത്തെ പരാമർശിച്ചുകൊണ്ടു് തിരുമേനി പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്. "വിവിധ രാഷ്ട്രങ്ങളിലെ ജനതകളുടെയിടയിൽ നിരന്തരസമരസ്വഭാവം ആവിർഭവിപ്പിക്കയെന്നതാണു്: ധാർമ്മികനിയമങ്ങൾക്കു തികച്ചും വിരുദ്ധമായ ഈ തത്വത്തിന്റെ പരിണതഫലം. രാഷ്ട്രജീവിതത്തിൽത്തന്നെ സൌകര്യത്തെയും അവകാശത്തെയും അതു കുഴച്ചുമറിക്കുന്നു. യാതൊന്നിനെ നിഷേധിക്കാനോ അമർത്താനോ പ്രതിബന്ധിക്കാനോ ഭാവിക്കുന്ന സമുദായത്തിന്റെ ആക്രമണത്തിൽനിന്നു പരിരക്ഷിക്കപ്പെടേണ്ട ദൈവദത്തങ്ങളായ ചില അവകാശങ്ങൾ വ്യക്തി എന്ന നിലയിൽ മനുഷ്യനുണ്ടു് എന്ന മൌലികതത്വത്തെ അംഗീകരിക്കുവാൻ അതു വിസമ്മതിക്കുന്നു. ഈ വ്യവസ്ഥിതിയെ തിരസ്കരിക്കുന്നവർ സമുദായസൌധത്തിന്റെ അടിത്തൂണുകളെ വിറപ്പിക്കുന്നു; അതിന്റെ സ്വൈരത

യെയും സുരക്ഷിതത്വത്തെയും, അതിൻെറ ആസ്തിക്യത്തെപ്പോലും അവർ അപകടത്തിലാക്കുന്നു."

1937-ലെ ഉയിർപ്പുതിരുനാളിൽ ജർമ്മനിയിലെ സകല കത്തോലിക്കാ ദൈവാലയങ്ങളിലെയും പ്രസംഗപീഠങ്ങളിൽനിന്നും ഈ വിശ്വലേഖനം പരസ്യമായി പ്രഖ്യാപിക്കപ്പെട്ടു. സ്വേച്ഛാപ്രഭുത്വത്താൽ അന്ധചിത്തരായിത്തീർന്നിരുന്ന ഭരണമേധാവികൾ ഇതുകേട്ടു പല്ലുകടിച്ചിരിക്കാം; എന്നാൽ, അതു പിൻവലിക്കുവാനോ അതിൻെറ പ്രസിദ്ധീകരണത്തിൽ ഖേദം പ്രകടിപ്പിക്കുവാനോ ആവശ്യപ്പെടാൻ ഒരുവൻപോലും തുനിഞ്ഞില്ല. വ്യക്തികളുടെ മൗലികാവകാശങ്ങൾക്കും സത്യത്തിൻെറയും നീതിയുടേയും പാലനത്തിനുംവേണ്ടി ധീരധീരം വാദിച്ചുകൊണ്ടിരിക്കുന്ന ഒരു ധാർമ്മികശാസനമായി അതു് എന്നും നിലനില്ക്കും.

കർദ്ദിനാൾ പച്ചെല്ലിയുടെ സഹകരണത്തോടുകൂടി അതിപ്രധാനങ്ങളായ വേറെയും ചില ചാക്രികലേഖനങ്ങൾ പതിനൊന്നാം പീയൂസിൻെറ തൃക്കരങ്ങളിൽനിന്നും നിർഗ്ഗമിച്ചിട്ടുണ്ടു്. "ക്രൈസ്തവ വിവാഹ"ത്തെ പുരസ്കരിച്ചുള്ള വിശ്വലേഖനം കുടുംബജീവിതത്തിൻെറ മാർഗ്ഗദീപമായി പ്രശോഭിക്കുന്നു. "റേരും നൊവാരും" എന്ന ജഗൽപ്രസിദ്ധമായ ചാക്രികലേഖനത്തിൻെറ "നാല്പതാം വാർഷികത്തിൽ' പ്രസിദ്ധീകൃതമായ "ക്വാദ്രാജെസ്സിമോ ആനോ" പതിമൂന്നാം ലെയോയുടെ സാമുദായികാദർശങ്ങളെ വിശദമായി വ്യാഖ്യാനിക്കുകയും സ്വകാര്യസ്വത്തുടമസ്ഥത, തൊഴിലാളി മുതലാളിബന്ധം ജീവനക്കൂലി, സാമ്പത്തികോദ്ധാരണം, കമ്യൂണിസം, സോഷ്യലിസം, ധാർമ്മികനവീകരണം മുതലായ മഹാപ്രശ്നങ്ങളെപ്പററി പ്രാമാണികമായി പ്രതിപാദിക്കുകയും ചെയ്യുന്നു. അല്മായ പ്രേഷിതത്വം—"കത്തോലിക്കാ പ്രവർത്തനം"—എത്ര നിയമാനുസൃതമാണെന്നും, അതിൻെറ പ്രവർത്തനത്തെ ഛേദ്യം ചെയ്യുക കത്തോലിക്കാ സഭയുടെ അവകാശങ്ങളിലുള്ള ഒരു കൈകടത്തലായിരിക്കുമെന്നും വ്യ

കതമാക്കിക്കൊണ്ടുള്ള തിരുവെഴുത്തിനെപ്പററി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആദ്യത്തേ ലോകമഹായുദ്ധത്തിൻെറ പരിണതഫലമായി ലോകത്തിലാകമാനം അനുഭവപ്പെട്ട "ദാരുണമായ സാമ്പത്തികാധഃപതനത്തേയും തൊഴിൽരാഹിത്യത്തേയും യുദ്ധസാമഗ്രികളുടെ ഉൽകണ്ഠാജനകമായ വർദ്ധനവിനേയും പരാമർശിച്ചുള്ള വിശ്വലേഖനം 1931 ഒക്ടോബർ രണ്ടാംതീയതി പുറപ്പെട്ടു. സ്നേഹത്തിനും സേവനത്തിനുമുള്ള ഒരു പൈതൃകാഹ്വാനമായിരുന്നു അതു്. പക്ഷെ, ഉദ്ധതരായ രാഷ്ട്രങ്ങളുണ്ടോ അതു ശ്രവിക്കാൻ പോകുന്നു! ലോകത്തിനു വന്നു നേരിട്ടുകൊണ്ടിരിക്കുന്ന വിപത്തുകൾ കണ്ടു്, "ക്രിസ്തുവിൻെറ സ്നേഹത്താൽ നിർബന്ധിതനായി" 1932 മേയ് മൂന്നാംതീയതി ഹൃദയസ്പർശകമായ മറെറാരു ലേഖനം മാർപ്പാപ്പാ പ്രസിദ്ധപ്പെടുത്തി. ഏതാനും വ്യക്തികൾമാത്രം ലോകത്തിൻെറ ധനം നീതിരഹിതമായി കൈയ്യടക്കി വച്ചുകൊണ്ടിരിക്കുന്നതാണു് ഇന്നത്തെ സാമ്പത്തികദുരിതങ്ങൾക്കുള്ള കാരണമായി അവിടുന്നു കാണുന്നതു്. ദൈവത്തോടു മല്ലിടുന്നതിനുള്ള മനുഷ്യൻെറ സാഹസികത—കമ്യൂണിസത്തോടു കൂട്ടുപിടിക്കുന്ന അതിരുകടന്ന ദേശീയപ്രബുദ്ധത—ഇവയെ ഇന്നത്തെ സന്മാർഗ്ഗഭ്രംശത്തിനുള്ള ഹേതുവായി പ്രസ്തുത വിശ്വലേഖനം പ്രദർശിപ്പിക്കുന്നു.

ഇവയിൽ നിന്നെല്ലാം ഒരു സംഗതി നമുക്കു മനസ്സിലാക്കാം. ലോകജ്ഞാനത്താലെന്നതിനെക്കാൾ കൂടുതലായി ദൈവജ്ഞാനത്താലാണു കത്തോലിക്കാസഭ ഭരിക്കപ്പെടുന്നതു്. ഭൗതികപ്രതാപം വത്തിക്കാൻെറ പ്രവർത്തനോദ്ദേശത്തിൽപ്പെടുന്നില്ല. സർവ്വരാജ്യങ്ങളിലും സഭയുടെ പ്രവർത്തനത്തിലുള്ള സുരക്ഷിതമായ സ്വാതന്ത്ര്യം മാത്രമാണു വത്തിക്കാൻെറ വിദേശനയലക്ഷ്യം. അവിടങ്ങളിലെ ഭരണഘടന ജനാധിപത്യമോ, ഏകച്ഛത്രാധിപത്യമോ, എന്തെങ്കിലുമായിരുന്നുകൊള്ളട്ടെ. അവയുടെ പ്രവർത്തനഫലങ്ങൾ നീതിയുക്തങ്ങളും ഗുണപ്രദങ്ങളും ആയിരിക്കണമെന്നേ വത്തിക്കാനു നിഷ്ഠയുള്ളൂ.

"ദൈവനിയമങ്ങൾക്കും ആത്മരക്ഷയ്ക്കും ബാധകമാ

കാത്തിടത്തോളം കാലം സഭ രാഷ്ട്രങ്ങളുടെ വ്യത്യസ്താഭിലാഷങ്ങളെ മാതൃസഹജമായ സ്നേഹത്തോടുകൂടി അനുധാവനം ചെയ്യുകയും അവയുടെ അഭിവൃദ്ധിയിലും പുരോഗതിയിലും ഉത്സാഹഭരിതയായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു [1].

"മനുഷ്യവംശത്തിന്റെ എല്ലാ വിഭാഗങ്ങളിൽനിന്നും ഉയരുന്ന ഈ ആർദ്രസ്വരം ശ്രദ്ധിക്കാതിരിക്കുന്നെങ്കിൽ, സഭ സ്വയം വഞ്ചിതയാകുകയും അവളുടെ മാതൃസ്ഥാനത്തിനു് അവൾ അയോഗ്യയായിത്തീരുകയും ചെയ്യും. ഓരോരോ രാഷ്ട്രം അവയുടെ ദേശീയവും സാമ്പ്രദേശീയവുമായ പ്രശ്നങ്ങളെ നേരിടുവാൻ യഥേഷ്ടം പ്രവർത്തിക്കുന്നതിൽ, അവ ദൈവപ്രമാണങ്ങളെ ലംഘിക്കാത്തിടത്തോളം കാലം, സഭ ഇടപെടുകയില്ല. എന്നാൽ, ക്രിസ്തുവിന്റെ അധികാരം സംവഹിക്കുന്ന സംഘടന എന്ന നിലയിൽ, സത്യത്തിന്റെ അടിസ്ഥാനവും സംരക്ഷകയും ആയി, പ്രകൃതിക്കടുത്തതും സ്വഭാവാതീതവുമായ ജീവിതത്തെപ്പററി ബോധനങ്ങൾ നല്കുവാൻ സഭയ്ക്കുള്ള അവകാശം ഒരിക്കലും അവൾക്കു് ഉപേക്ഷിക്കത്തക്കതല്ല. മാററംവരാൻ പാടില്ലാത്ത നിത്യസത്യനിയമങ്ങളും ജീവിതക്രമവും ദുർവ്യാഖ്യാനിക്കപ്പെടാതേയും ദുരുപയോഗപ്പെടാതേയും, ശൂന്യമാക്കപ്പെടാതേയും അവളുടെ മക്കൾക്കായി പ്രയോജനപ്പെടുത്തുവാനുള്ള അനുപേക്ഷണീയമായ കടമ അവൾക്കുണ്ടു്"[2].

തന്റെ ആത്മാവിനെ സ്വന്തമായി കരുതുവാൻ ഓരോ വ്യക്തിക്കും അവകാശമുണ്ടായിരിക്കണം; തന്റെ മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ച ദൈവത്തിനു സേവനം ചെയ്യുവാൻ ഓരോരുത്തനും പരിപൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഈ അവകാശങ്ങളെ ചോദ്യം

---

1 ബുഡാപ്പെസ്റ്റിലെ അദ്ധ്യക്ഷപ്രസംഗം—കർദ്ദിനാൾ പച്ചേല്ലി

2 1942 ക്രിസ്മസ് സന്ദേശം—പന്ത്രണ്ടാം പീയൂസ്

ചെയ്യുന്ന നിയമങ്ങളുടെയും നടപടികളുടെയും കർത്താക്കൾ ആരു തന്നെയായിരുന്നാലും അവർക്കെതിരായി കത്തോലിക്കാസഭ തന്റെ ആദ്ധ്യാത്മികഖഡ്ഗവും അനുശാസനവും പ്രയോഗിക്കാതിരിക്കുകയില്ല. അവ ക്രിസ്തുമതത്തോടുള്ള അവളുടെ കടമ നിറവേറ്റുക മാത്രമാണ്. അതിൽ ആരും കണ്ണുരുട്ടുകയോ നെറ്റിചുളിക്കുകയോ ചെയ്യേണ്ട. മർദ്ദനങ്ങൾ അവർ ഏറ്റുനില്ക്കും. എന്നാലും അനീതിയെ അവൾ അംഗീകരിക്കുകയില്ല. അതുകൊണ്ടു അവളെ ഭീഷണിപ്പെടുത്താമെന്നു വ്യാമോഹിച്ചാൽ അവൾ തല കുനിച്ചുകൊടുക്കുമെന്നു കരുതുകയും വേണ്ട.

"........സ്വകാര്യപരമോ പൊതുവായതോ ആയ എല്ലാകാര്യങ്ങളിലും രാഷ്ട്രങ്ങൾ കൈകടത്തുനപക്ഷം അതിന്റെ ഫലം ഭയങ്കരവും അനഭിലഷണീയവുമായിരിക്കും. വ്യക്തികളുടെ ആദർശങ്ങളിലും അഭിപ്രായങ്ങളിലും അധികാരം പ്രയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങൾ അനുഭവത്തിൽ നാം ധാരാളം കണ്ടു കഴിഞ്ഞു." * ഇതു് ഇദാനീന്തനന്മാരായ സ്വേച്ഛാപ്രഭുക്കൾക്കു് സാരസമ്പൂർണ്ണമായ ഒരു മുന്നറിപ്പാണു്.

* 1942, ക്രിസ്തുമസ് സന്ദേശം—പന്ത്രണ്ടാം പീയൂസ്.

# പത്താമദ്ധ്യായം

## പുതിയ ലോകത്തിൽ.

കർദ്ദിനാൾ പച്ചെല്ലിയെപ്പോലെ ലോകപര്യടനം നടത്തുകയും രാജ്യപരിചയം സമ്പാദിക്കുകയും ചെയ്തിട്ടുള്ള തിരുമേനിമാർ കർദ്ദിനാൾ സംഘത്തിലുണ്ടോ എന്നു തോന്നുന്നില്ല. അദ്ദേഹത്തിനു സമം പൊതുജനദൃഷ്ടിയിൽ പ്പെട്ടിരുന്നവർ പാപ്പാസ്ഥാനത്ത് ആരോഹണം ചെയ്ത സന്ദർഭങ്ങളും വളരെ ദുർലഭം തന്നെ.

"........മനുഷ്യവംശത്തിലെ ഓരോ വ്യക്തിയുടേയും ധീരതയും ത്യാഗവും വ്യാകുലതയും വൈഷമ്യങ്ങളും നാം അറിയുന്നു........സർവ്വവ്യാപകവും അചഞ്ചലവുമായ ഒരു വാത്സല്യത്താൽ നാം അവരോരോരുത്തരോടും ബന്ധിക്കപ്പെട്ടിരിക്കയും ചെയ്യുന്നു," * എന്നു പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ട് ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതു തികച്ചും യഥാർത്ഥമാണ്.

1934-ൽ തെക്കേ അമേരിക്കയിലുള്ള അർജൻറീനായുടെ തലസ്ഥാനമായ ബോനേസ് അയേഴ്സിൽവച്ചു നടത്തപ്പെട്ട സർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ പേപ്പൽപ്രതിനിധിയായി വരുന്നതു കർദ്ദിനാൾ പച്ചെല്ലിയാണ് എന്നു പരസ്യമായ നിമിഷം മുതൽ അമേരിക്കൻജനതയിൽ അത്ഭുതപൂർവ്വമായ ആനന്ദസംതൃപ്തി കളിയാടി. കർദ്ദിനാൾ പച്ചെല്ലി—സ്റ്റേറ്റുസെക്രട്ടറി—പേപ്പൽപ്രതിനിധിയായി വരുന്നു! സ്റ്റേറ്റുസെക്രട്ടറി വത്തിക്കാനു പുറത്തുപോകുക സാധാരണമല്ല. അർജൻറീനായുടെ സൗഭാഗ്യവിശേഷമെന്നല്ലാതെ എന്തു പറയട്ടെ! അവളുടെ ചരിത്രത്തിൽ അറിയപ്പെട്ടിട്ടില്ലാത്തവിധം അത്ര

---

* 1942, ക്രിസ്മസ് പ്രഭാഷണം.

ക്കും കൌതുകമമായ ഒരു സ്വീകരണം തിരുമേനിക്കു നല്കുന്നതിന്നു് ആ രാജ്യവാസികൾ തയ്യാറായി. സഭയും രാഷ്ട്രവും ഏകയോഗക്ഷേമമായി പ്രയത്നിച്ചു. പ്രസിഡണ്ടും ഗവർമ്മെൻറു വകുപ്പദ്ധ്യക്ഷന്മാരും ഒന്നുചേർന്നു് അദ്ദേഹത്തിനു സ്വാഗതമരുളി. ഈദൃശമായ ഒരു സംഭവം മുമ്പു നടന്നിട്ടില്ല.

കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനു വന്ന പതിനഞ്ചുലക്ഷത്തിൽപ്പരം ജനങ്ങൾക്കഭിമുഖമായി 'പലേർണോ പാർക്കി'ലെ അദ്ധ്യക്ഷപീഠത്തിൽ നിന്നുകൊണ്ടു കറ കളഞ്ഞ സ്പാനിഷ് ഭാഷയിൽ തടവുക്കൂടാതെ 'മനുഷ്യരുടെ ഇടയിലെ സമാധാനം' എന്ന വിഷയത്തെ ആസ്പദമാക്കി ആ റോമൻ കർദ്ദിനാൾ സുദീർഘമായി പ്രസംഗിക്കുന്നതു കേട്ടപ്പോൾ അർജൻറൈൻ നിവാസികൾ അത്ഭുതവിവശരായിപ്പോയി.

അവിടെ ദീർഘമായി താമസിക്കുവാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടു തിരുമേനിക്കു് ഉടൻതന്നെ സ്ഥലം വിടേണ്ടതായിവന്നു. അർജൻറീനായോടു യാത്ര പറയുന്ന സമയത്തു കപ്പലുകളിലെ കുഴൽവിളികളും വ്യവസായശാലകളിലെ വിസ്സിൽനാദങ്ങളും അന്തരീക്ഷത്തിൽ തുടരെച്ചയായി മുഴങ്ങിക്കൊണ്ടിരുന്നു. ബ്രസ്സീലിലെ പാർലമെൻറു സമ്മേളനത്തിലും നീതിപാലകസംഘത്തിലും സംബന്ധിക്കുന്നതിനായി റിയോ ഡി ജെനേറായിൽ ആഗതനായ ഘട്ടത്തിൽ അവിടുത്തേക്കു ലഭിച്ച സ്വീകരണവും ഒട്ടും ചെറുതല്ലായിരുന്നു.

രണ്ടുകൊല്ലം കഴിഞ്ഞു് അദ്ദേഹത്തെ അമേരിക്കൻ ഐക്യനാടുകളിൽ നാം കാണുന്നു. രഹസ്യമായ പര്യടനത്തിനാണ പരിപാടി തയ്യാറാക്കിയതു്. പക്ഷേ, രഹസ്യം പരസ്യമായിപ്പോയി. ന്യൂയോർക്ക് തുറമുഖത്തു കപ്പൽ നങ്കൂരമിട്ടപ്പോൾ തിരുമേനിക്കു സ്വാഗതമരുളുവാൻ ഒരു വമ്പിച്ച ജനാവലി കരയ്ക്കു വന്നുനിരന്നിരുന്നു. ഫോട്ടോഗ്രാഫർമാരുടെയും ഫിലിം നിർമ്മാണകന്മാരുടെയും ബഹളത്തെപ്പററി ഒന്നും പറയാതിരിക്കയാണു നല്ലതു്. എവിടെ

നോക്കിയാലും പ്രമുഖപത്രങ്ങളുടെ പ്രതിനിധികൾ തന്നെ. കർദ്ദിനാൾ പച്ചെല്ലിയുടെ ഫോട്ടോ നന്നായി കിട്ടുന്നതിന്നു് ഓരോരുത്തരും തത്രപ്പെട്ടുകൊണ്ടിരുന്നു. ഒരു ഫോട്ടോക്കാരൻ ഒരു ചെറിയ ലൈഫ്ബോട്ടു പിടിച്ചു കപ്പലിനെ സമീപിച്ചുകൊണ്ടു ബഹളപ്പാടിനിടയിൽ ഇങ്ങനെ വിളിച്ചുപറഞ്ഞു: "ഹെ! മിസ്റ്റർ പോപ്പ് ഇങ്ങോട്ടു നോക്കു!!" തിരുമേനി പുഞ്ചിരിതൂകിക്കൊണ്ടു് അയാളുടെ നേരെ സൂക്ഷിച്ചുനോക്കി.

കർദ്ദിനാൾ പച്ചെല്ലിയെപ്പോലെ പ്രശസ്തനായ ഒരതിഥിയെ ഐക്യരാഷ്ട്രം സ്വീകരിച്ചിട്ടില്ല; ഐക്യരാഷ്ട്രത്തെപ്പോലെ നാഗരികതാസമ്പന്നവും സംസ്കാരസമ്പൂർണ്ണവും സമ്പൽസമൃദ്ധവുമായ ഒരു രാജ്യം പച്ചെല്ലി സന്ദർശിച്ചിട്ടുമില്ല. കപ്പലിൽനിന്നും കരയ്ക്കിറങ്ങിയപ്പോൾ പത്രപ്രതിനിധികൾ അവിടത്തെ ചുറ്റും ഓടിക്കൂടി. സമയദൗർലഭ്യം നിമിത്തം നേരത്തെ തയ്യാറാക്കിയിരുന്ന ഒരു പ്രസ്താവനയുടെ പ്രതി അവർക്കു നല്കിക്കൊണ്ടു തിരുമേനി മുമ്പോട്ടുനീങ്ങി. നീതിയുക്തവും നിയമവിധേയവും ക്രമവൽകൃതവുമായ സ്വാതന്ത്ര്യത്തോടു പ്രശസ്തമായ ശിക്ഷണബോധത്തെ സംയോജിപ്പിക്കുന്നതിനു സമർത്ഥന്മാരായ മഹാത്മാക്കൾ അധിവസിക്കുന്ന ഒരു രാജ്യത്തു് വരാനിടയായതിലുള്ള നിർവ്യാജമായ ചാരിതാർത്ഥ്യം അതിൽ തെളിഞ്ഞു കാണാമായിരുന്നു. എന്നാൽ, പ്രതിനിധികൾ അതുകൊണ്ടു തൃപ്തരായില്ല. "മഹത്തുക്കളെ, ഇതാണു നിങ്ങളുടെ രാജ്യത്തു കയറുവാനുള്ള എന്റെ പ്രവേശനടിക്കറ്റു്." വേറെ പ്രത്യുത്തരമൊന്നും അവർക്കു ലഭിച്ചില്ല.

തിരുമേനി തുറമുഖത്തുനിന്നും ബ്രൂക്ലിൻപിയറിൽ ചെല്ലുന്നതുവരെ, കൈകോർത്തു പിടിച്ചുകൊണ്ടു് അണിയണിയായി നിരന്നുനിന്ന പോലീസുകാർ, ഇരച്ചുകയറിക്കൊണ്ടിരുന്ന ജനക്കൂട്ടത്തെ നിയന്ത്രിച്ചുകൊണ്ടിരുന്നു. മുട്ടുകുത്തിനിന്ന വിശ്വാസികളെ കരങ്ങളുയർത്തി അനുഗ്രഹിച്ചുകൊണ്ടു വന്ദ്യതിരുമേനി മന്ദം മന്ദം മുമ്പോട്ടു നടന്നു.

അമേരിക്കയിലെ കാത്തലിക്ക് കർദ്ദിനാൾ പരിശുദ്ധപിതാവിനെ ഹാർദ്ദമായി സ്വാഗതം ചെയ്തു. പതിനേഴുമൈൽ നീളമുള്ള ട്രിബൊറോ ബ്രിഡ്ജ് പാലമാണ് അവയിൽ ഒന്നാമത്തേതു്. മൂന്നു സ്ഥലത്തു കാർ നിറുത്തിയിട്ടു് അദ്ദേഹം പാലത്തിന്റെ ഘടനാരീതി കൗതുകപൂർവ്വം പരിശോധിക്കുകയുണ്ടായി. അമേരിക്കയുടെ അലങ്കാരവിശേഷങ്ങളായി പരിലസിക്കുന്ന അംബരചുംബികളായ അത്യുന്നതസൗധങ്ങളെ താഴെനിന്നു നോക്കിക്കാണുന്നതുകൊണ്ടുമാത്രം അവിടുന്നു തൃപ്തനായില്ല. സാമ്രാജ്യമന്ദിരത്തിന്റെ നൂററിരണ്ടാമത്തെ നിലയിലും അദ്ദേഹം കയറി; ഒരു എക്സ്-ഗവർണ്ണരായ അൽസ്മിത്താണു തിരുമേനിയെ സ്വീകരിച്ചതു്. ദർശനീയമായ സിററിഹാളിൽ അവിടുത്തേക്കു സ്വാഗതമരുളുന്നതിനായി മേയർ, ലാഗാർഡിയ തയ്യാറായി നില്പുണ്ടായിരുന്നു.

ഒസ്റ്റററു സെക്രട്ടറിയുടെ സഞ്ചാരത്തിനിടയിൽ പത്രപ്രതിനിധികളും കൂട്ടംകൂടി അവിടുത്തെ പുറകെ പാഞ്ഞുകൊണ്ടിരുന്നു. തിരുമേനിയുടെ വിചാരങ്ങളൊഴികെ മററുള്ളവയെല്ലാം അവർ കണ്ടുപിടിച്ചുകൊണ്ടിരുന്നെന്നു പറയാം. 'നൈററ്സ് ഓഫ് കൊളമ്പസി'ന്റെ നവീനസ്ഥാനത്തെപ്പററിയുള്ള പര്യാലോചനകൾക്കായി അദ്ദേഹം പലപട്ടണങ്ങളും സന്ദർശിച്ചുവരുന്നു എന്ന വിവരം പരസ്യമായതോടെ, തിരുമേനിയെ ക്ഷണിക്കുന്നതിനു പല സ്ഥാപനങ്ങളും മുമ്പോട്ടുവന്നു. അദ്ദേഹത്തെ നിർബന്ധപൂർവ്വം ക്ഷണിച്ചുകൊണ്ടുള്ള ക്ഷണക്കത്തുകളും കമ്പിസന്ദേശങ്ങളും തിരുമേനിക്കു തുടരെ ലഭിച്ചുകൊണ്ടിരുന്നു.

ഫിലാഡെൽഫിയായും വാഷിംങ്ടണും ആദ്യം സന്ദർശിക്കുകയെന്നതായിരുന്നു പരിപാടി. അതു സാധിച്ചു. വാഷിംങ്ടൺ സർവ്വകലാശാലക്കാർ ഏററം ഉന്നതമായ ബിരുദം നല്കിക്കൊണ്ടു് അദ്ദേഹത്തെ ബഹുമാനിച്ചു. തദവസരത്തിൽ തിരുമേനി ചെയ്ത സമുജ്ജ്വലവും സരസസുന്ദരവുമായ ഇംഗ്ലീഷ് പ്രസംഗം ആംഗ്ലേയഭാഷാഭിജ്ഞന്മാരെപ്പോലും ആശ്ചര്യപരതന്ത്രരാക്കി. അദ്ദേഹത്തിന്റെ പദബഹുലതയും വാചകഘടനയും ശബ്ദസ്ഫുടതയും അ

വരുടെ പ്രതീക്ഷകൾക്കതീതങ്ങളായിരുന്നു. ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ആ യൂണിവേഴ്സിററിയിലെ റോമൻ നിയമപ്രഫസറായി താൻ ക്ഷണിക്കപ്പെട്ടിരുന്നെന്നും, പരിശുദ്ധ പിതാവു മാത്രമാണു് അതിനുസമ്മതിക്കാതിരുന്നതെന്നും ഉള്ള രഹസ്യം അവിടുന്നു വെളിപ്പെടുത്തി. “മതവും ശാസ്ത്രവും” ആയിരുന്നു പ്രസംഗവിഷയം. വിശ്വാസവും വിവേകവും—പ്രകൃത്യതീതവും പ്രകൃത്യനുസൃതവും—തമ്മിലുള്ള അഭേദ്യബന്ധത്തെ ഏവർക്കും സുഗ്രഹമാംവിധം അദ്ദേഹം സംസ്ഥാപിച്ചു.

വാഷിംങ്ടണിലുള്ള പത്രലേഖകന്മാരുടെ സമ്മേളനത്തിൽ വികാരനിർഭരമായ ഒരു പ്രസംഗം ചെയ്യുന്നതായിട്ടാണു് അദ്ദേഹത്തെ അടുത്തു നാം കാണുന്നതു്. നാനൂറിൽപ്പരം ലേഖകന്മാർ അന്നു സന്നിഹിതരായിരുന്നു. ലോകസമാധാനസംരക്ഷയ്ക്കായി തങ്ങളുടെ തൂലികാശക്തിയെ പ്രയോഗിക്കുവാൻ നാഷണൽപ്രസ് ക്ലബിലെ ഓരോ അംഗത്തെയും അവിടുന്നു ശക്തിയായി ഉദ്ബോധിപ്പിച്ചു.

അവിടെനിന്നും മൗണ്ടു് വെർണോനിലേക്കാണു തിരുമേനി എഴുന്നള്ളിയതു്. വിവിധതരത്തിലുള്ള അനേകം വാഹനങ്ങളിൽ വളരെ പ്രമാണികൾ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ഐക്യരാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസ്ഥാപകനും ആദ്യത്തെ പ്രസിഡണ്ടുമായ ജനറൽ വാഷിംങ്ടന്റെ ശ്മശാനഭൂവിൽ ചെന്നപ്പോൾ, അദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഹാരമപ്പിച്ചതിനുശേഷം, ആ ധീരകേസരിയുടെ ആത്മശാന്തിയ്ക്കായി ഏതാനും നിമിഷം തിരുമേനി നിശ്ശബ്ദമായി പ്രാർത്ഥിച്ചു.

കർദ്ദിനാൾ പച്ചെല്ലിയുടെ സാന്നിദ്ധ്യം അമേരിക്കാഖണ്ഡത്തെ ആകമാനം ഉത്സുകമാക്കിയിരിക്കുന്നതുകണ്ടു പ്രധാന കേന്ദ്രങ്ങൾ കഴിയുന്നിടത്തോളം സന്ദർശിക്കുകതന്നെയെന്നു തിരുമേനി നിശ്ചയിച്ചു. അമേരിക്കൻ കത്തോലിക്കർ ഏതാണ്ടു രണ്ടര കോടിയോളം വരും. കത്തോലിക്കരുടെ ജനസംഖ്യയിൽ പ്രഥമസ്ഥാനം അർഹിക്കുന്ന രാജ്യങ്ങളിൽ ഒന്നും, സമ്പൽസമൃദ്ധരായ കത്തോലിക്കാവിശ്വാസികളുടെ അധിവാസഭൂമിയുമായ ഐക്യനാട്ടുക

ളിലെ ജനതതിയോടുള്ള ഒരു കർത്തവ്യത്തിന്റെ നിർവ്വഹണമായിട്ടു മാത്രമാണ് അവിടുന്ന് ഈ പരിപാടിയെ പരിഗണിച്ചതു്.

പിന്നത്തെ യാത്രയെല്ലാം വിമാനത്തിലായിരുന്നു. വിമാനത്തിൽവച്ചും എഴുത്തുകൾ ടൈപ്പു ചെയ്യുന്നതിലും പ്രസംഗങ്ങൾ തയ്യാറാക്കുന്നതിലും ആണു കർദ്ദിനാൾ തിരുമേനി സമയമെല്ലാം വിനിയോഗിച്ചുകൊണ്ടിരുന്നതു്. ക്ലീവ്‌ലണ്ട്, നോട്ടർഡാം യൂണിവേഴ്സിറ്റി, ചിക്കാഗോ, സെന്റു പോൾസ് ഇവയെല്ലാം പെട്ടെന്ന് അദ്ദേഹം സന്ദർശിച്ചു. സാൻഫ്രാൻസിസ്കോയിലെ സ്വീകരണം രാജയോഗ്യമായിരുന്നു. ഓക്ക്‌ലണ്ടുപാലത്തിന്റെ ആശീർവ്വാദവും ഉൽഘാടനവും കഴിഞ്ഞിട്ടു തിരുമേനി നേരെ ലോസ് ആഞ്ചെലെസിലേക്കു യാത്രയായി. പിന്നീടു ചിഞ്ചിനാത്തി; തിരിച്ചു ന്യൂയോർക്കിലേക്കു്. ഈ സഞ്ചാരത്തിനിടയിൽ ബൗൾഡർ അണയും നയാഗ്രാ വെള്ളച്ചാട്ടവും വിമാനത്തിലിരുന്നുകൊണ്ടു് അവിടുന്നു ദർശിക്കുകയുണ്ടായി

'കൃത്യബഹുലമായ ഒരു ത്വരിതയാത്രയെന്നു മാത്രമേ ഇതിനെപ്പററി പറയുവാനുള്ളു. രാത്രിസഞ്ചാരം, പൊതുസ്വീകരണങ്ങൾ, സന്ദർശനങ്ങൾ, പ്രസംഗങ്ങൾ, ഉൽഘാടനങ്ങൾ, വിരുന്നുസൽക്കാരങ്ങൾ, ശിലാസ്ഥാപനങ്ങൾ. ബിരുദലബ്ധികൾ, കൂടിയാലോചനകൾ ഇവയെപ്പററി എടുത്തുപറയാൻ സ്ഥലമനുവദിക്കുന്നില്ല. നാലു കർദ്ദിനാളന്മാരേയും എൺപതു മെത്രാപ്പോലീത്താമാരേയും മെത്രാന്മാരേയും ഇതിനിടയിൽ അവിടുന്നു സന്ദർശിച്ചിട്ടുണ്ടു്.

ഈ പര്യടനത്തിലാണു പ്രസിഡണ്ടു റോസ്‌വെൽറ്റുമായുള്ള സ്നേഹബന്ധം ദൃഢതരമായതു്. മാനനീയമായ ആദർശങ്ങളാൽ പ്രബുദ്ധന്മാരായ രണ്ടു രാജ്യതന്ത്രജ്ഞന്മാരായിരുന്നു അവർ. ഉന്നതങ്ങളായ ആദർശങ്ങൾക്കുവേണ്ടി അവസാനംവരെ അവർ ഒന്നിച്ചുനില്ക്കുകയും ചെയ്തു. കർദ്ദിനാൾ പച്ചല്ലി പാപ്പയായി തിരഞ്ഞെടുക്ക

പ്പെട്ടതാണു്. "അത്യധികമായ ആനന്ദത്തോടെയാണു റോസ്‌വെൽറ്റു ശ്രവിച്ചതു്.' പുതിയ പാപ്പായെ അനുമോദിക്കുമ്പോൾ "ഐക്യരാജ്യങ്ങളിലേയ്ക്കു് അവിടുന്നു് അടുത്തുനടത്തിയ യാത്രയിൽ ഉണ്ടായ നമ്മുടെ അഭിമുഖസന്ദർശനത്തെ സന്തോഷത്തോടുകൂടി" അദ്ദേഹം അനുസ്മരിക്കുന്നതു സ്വാഭാവികം തന്നെ. റോസ്‌വെൽററിന്റെ വസതിയായ ഹൈഡ്‌പാർക്ക മന്ദിരത്തിൽവച്ചുള്ള ലഘുഭക്ഷണത്തിനുശേഷം പച്ചെല്ലി നടത്തിയ ഹ്രസ്വമായ പ്രസ്താവന ആ സൽക്കാരത്തിന്റെ ഹൃദ്യതയെ പ്രകാശിപ്പിക്കുന്നു. "ഇന്നു് ഒരു യഥാർത്ഥ അമേരിക്കൻ കുടുംബവുമൊന്നിച്ചു് ആനന്ദപ്രദമായ ഒരു ലഘുഭക്ഷണം ഞാൻ കഴിച്ചിരിക്കുന്നു" എന്നു മാത്രമാണു തിരുമേനി പറഞ്ഞതു്.

ഈ വാക്യം അതേപടി പകർത്തിയ പത്രറിപ്പോർട്ടർ, കർദ്ദിനാൾ പച്ചെല്ലി സെന്റു പാട്രിക്ക ദൈവാലയത്തിലെ പ്രധാന ബലിപീഠത്തിൻ മുമ്പിൽ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതു വിവരിച്ചിരിക്കുന്നതു് ഇതിലും ഹ്രസ്വമായിട്ടാണു്. ലേഖകൻ പറയുന്നു: "അതുപോലെ ആരും പ്രാർത്ഥിക്കുന്നതു കണ്ടിട്ടില്ല" എന്നു്.

"നീതിയുക്തവും നിയമവിധേയവും ക്രമവൽകൃതവുമായ സ്വാതന്ത്ര്യത്തോടും, പ്രശസ്തമായ ശിക്ഷണബോധത്തെ സംയോജിപ്പിക്കുന്നതിനു സമർത്ഥന്മാരായ മഹാത്മാക്കൾ അധിവസിക്കുന്ന ഒരു രാജ്യ"മായ ഐക്യനാടുകളിൽ തിരുമേനി നടത്തിയ പര്യടനം അവിടുത്തെ സ്മരണയിൽനിന്നു് ഒരിക്കലും മാഞ്ഞുപോയിട്ടില്ല. എല്ലാ വിഭാഗങ്ങളിലുംപെട്ട ജനങ്ങളെ ശ്രേയസ്കരമായി ഭരിച്ചുകൊണ്ടുപോകുന്ന അവിടത്തെ ഭരണഘടനയിൽ തിരുമേനിക്കു് ഇന്നും വളരെ സംതൃപ്തിയുണ്ടു്. 'പ്രജാധിപത്യവും സമാധാനവും' എന്ന വിഷയത്തെ പുരസ്കരിച്ചു് അവിടുന്നു നല്കിയ ക്രിസ്മസ് സന്ദേശത്തിൽ ഐക്യരാഷ്ട്രഭരണഘടനയുടെ ഒരു നേരിയ ഛായ കാണുന്നില്ലേയെന്നു ചിലർ സംശയിച്ചേക്കാം. കൂടാതെ, അതേ പ്രഭാഷണത്തിൽത്തന്നെ രണ്ടാമത്തെ ലോകയുദ്ധം നിമിത്തമുണ്ടായ

ദുരിതങ്ങളെ നിവാരണം ചെയ്യുന്നതിൽ ഒന്നാമതായി, ഗതാഗത്യവൈഷമ്യങ്ങളുടെ ആധിക്യത്തിനെതിരായി പ്രയത്നിച്ച്, വളരെയധികം കാര്യങ്ങൾ നിർവ്വഹിച്ച അമേരിക്കൻ ഐക്യനാടുകളുടെ നേട്ടങ്ങളെ പ്രത്യേകം ഉദ്ധരിക്കുകയും അമേരിക്കൻ പ്രസിഡണ്ടിൻെറ സ്വന്തം സ്ഥാനാപതി നമ്മുടെ ആസ്ഥാന നഗരിയിൽ നിന്നും ചെയ്തിട്ടുള്ള സേവനങ്ങളെ അനുസ്മരിക്കുകയും" ചെയ്യുമ്പോൾ പരിശുദ്ധ പിതാവിൻെറ ഹൃദയം അമേരിക്കൻ ജനതയുടെ സംസ്കാരസമ്പന്നതയിലും സേവനസന്നദ്ധതയിലും ആമോദിക്കുന്നുണ്ടായിരിക്കണം.

നാലാഴ്ചത്തെ യാത്ര—മുപ്പതിനായിരത്തിൽപ്പരം മൈൽ ദീർഘിച്ച ആ യാത്ര—കഴിഞ്ഞു സ്റ്റേറു സെക്രട്ടറി വത്തിക്കാനിൽ തിരിച്ചെത്തി. യാത്രാക്ഷീണമോ സഞ്ചാരക്ലേശമോ അദ്ദേഹത്തിൽ കണ്ടില്ല. മാത്രമല്ല, ഇനിയും യാത്രചെയ്യണമെങ്കിൽ അവിടുന്ന് അതിനും തയ്യാറായിരുന്നു. സഞ്ചാരത്തിലുള്ള അഭിരുചി തിരുമേനിയുടെ വാക്കുകളിൽനിന്നു തന്നെ വ്യക്തമാകുന്നുണ്ട്. കർദ്ദിനാൾ പച്ചെല്ലി പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട ദിവസം സായാഹ്നത്തിൽ, അവിടുന്ന്, രോഗബാധിതനായി കിടന്നിരുന്ന കർദ്ദിനാൾ മർച്ചെത്തിയുടെ മുറിയിലേക്ക് എഴുന്നള്ളി. ദീർഘകാലമായി ആത്മമിത്രങ്ങളായിരുന്ന ഇവർ രണ്ടുപേരും വളരെനേരം സംഭാഷണം ചെയ്തു. ഒടുവിൽ പുതിയ പാപ്പാ, അസ്തമയസൂര്യൻെറ അന്ത്യകിരണങ്ങളിൽ വിരാജിക്കുന്ന ആൽബൻ നിരകളിലേക്ക് അശ്രദ്ധമായി നോക്കിക്കൊണ്ടു പറഞ്ഞു: "അതെ,....ഇനിമേൽ എനിക്കു യാത്ര ചെയ്യുവാൻ സാധിക്കുകയില്ല!!"

കർദ്ദിനാൾ പച്ചെല്ലി സ്റ്റേറു സെക്രട്ടറിയായിരുന്നപ്പോൾ നടത്തിയ അവസാനത്തെ യാത്രയെപ്പററിക്കൂടി അല്പം പ്രസ്താവിച്ചുകൊണ്ടു് ഈ അധ്യായം ഉപസംഹരിക്കാം. അതു നവലോകമെന്നറിയപ്പെടുന്ന അമേരിക്കയിലേക്കല്ല, ദിവ്യകാരുണ്യനാഥൻെറ ബഹുമാനാർത്ഥം ഒരു നവലോകമായി രൂപാന്തരപ്പെട്ടിരുന്ന ബുഡാപ്പെസ്റ്റിലേക്കായിരുന്നു.

ഹംഗറിയുടെ തലസ്ഥാനമായ ബുഡാപ്പെസ്റ്റ് നഗരത്തിൽവച്ചു നടത്തപ്പെട്ട സർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിനെപ്പററിയുള്ള പത്രലേഖനങ്ങൾ നമ്മുടെ സ്മരണയിൽനിന്നു മറഞ്ഞിട്ടില്ല. ഇരുപതു കർദ്ദിനാളന്മാർ, എഴുപത്തൊന്നു മെത്രാപ്പോലീത്താമാർ, 227 മെത്രാന്മാർ, ആയിരക്കണക്കിനു വൈദികർ, അഞ്ചുലക്ഷത്തിൽപ്പരം ക്രൈസ്തവർ–ഇത്രയും ആളുകളാണു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ബുഡാപ്പെസ്റ്റിൽ സമ്മേളിച്ചതു്. തീർത്ഥയാത്രക്കാർക്കുവേണ്ടി ഇരുനൂറു തീവണ്ടികൾ നിരന്തരം ഓടിക്കൊണ്ടിരുന്നു. ഡാന്യൂബുനദിയിൽക്കൂടി അനേകം കപ്പലുകളുടെ അകമ്പടിയോടെ നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണമാണു് ഈ കോൺഗ്രസ്സിൻെറ ഒരു പ്രത്യേകത.

ഇതിൽ മാർപ്പാപ്പായുടെ പ്രതിനിധിയായി പ്രേഷിതനായതു കർദ്ദിനാൾ പച്ചെല്ലി തിരുമനസ്സുകൊണ്ടാണു്. വത്തിക്കാൻ സ്റ്റേഷനിൽനിന്നും അദ്ദേഹത്തിനു നല്കിയ കേമമായ യാത്രയയപ്പ്—മാർഗ്ഗമദ്ധ്യേയുള്ള ആചാരപ്രകടനങ്ങൾ—രാജ്യഭരണധുരന്ധരന്മാരുടേയും വൈദികമേലദ്ധ്യക്ഷന്മാരുടേയും അഭിവാദനങ്ങൾ—വിവിധസ്റ്റേഷനുകളിലെ സന്തോഷപ്രകടനങ്ങൾ—രാജപ്രതിനിധികളുടെ മംഗളോപഹാരങ്ങൾ—ലക്ഷോപലക്ഷം ക്രൈസ്തവരുടെ ഹർഷാരവങ്ങൾ—അതിദർശനീയമാംവണ്ണം കമനീയമായി ചകർന്നിരുന്ന ബുഡാപ്പെസ്റ്റുനഗരത്തിലെ രാജകീയമായ സ്വീകരണം—ഭക്തിപൂർണ്ണങ്ങളായ കോൺഗ്രസ് പരിപാടികൾ—ഇവയെപ്പററി സൂചിപ്പിക്കുവാൻപോലും ഒരുങ്ങുന്നില്ല.

വിശാലമനോഹരമായ 'ഹീറോ സ്വയറി'ലെ അദ്ധ്യക്ഷപീഠത്തിൽ നിന്നുകൊണ്ടു കർദ്ദിനാൾ പച്ചെല്ലി ചെയ്ത കോൺഗ്രസ് ഉൽഘാടനപ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ. രാഷ്ട്രത്തിനും സഭക്കും, നീതിക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി ബുഡാപ്പെസ്റ്റുനഗരം നടത്തിയിട്ടുള്ള ധീരസേവനങ്ങളേയും, ക്രിസ്തുനാഥൻെറ ബഹുമാനത്തിനായി സഹിച്ചിട്ടുള്ള മഹനീയത്യാഗങ്ങളേയും

യും അനുസ്മരിപ്പിച്ചതിനു ശേഷം, ആധുനികസംസ്കാരത്തിനു ക്രിസ്തുനാഥനോടുള്ള കടപ്പാടിനെ പുരസ്കരിച്ചുകൊണ്ടു തിരുമേനി തുടരുന്നു:

"സ്നേഹത്തിൽ നാം സത്യത്തെ അനുഗമിക്കുന്നു. സ്നേഹത്തിൽ ദൈവൈക്യത്തെപ്പററിയുള്ള വിശ്വാസം നമ്മിൽ വർദ്ധിക്കുന്നു. ഇപ്പോൾ സമാഗതമായിരിക്കുന്ന ക്രിസ്തുനാഥൻെറ അനുഗ്രഹസമൃദ്ധമായ സൌഭാഗ്യദിവസങ്ങളെപ്പററിയുള്ള ജ്ഞാനവും ഈ സ്നേഹത്താൽത്തന്നെ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിൽ നാം സത്യത്തെ അനുഗമിക്കുന്നു. ചിലർക്ക് അവിടുന്ന് ഇടർച്ചക്കു കാരണമായിരിക്കുന്നു. വേറേ ചിലർക്കാ അവിടുന്ന് അപഹാസപാത്രമാകുന്നു. ചിലർ അവിടുത്തെ അറിയുന്നില്ല; മററു ചിലർ അവിടുത്തെ നിന്ദിക്കുന്നു; അബദ്ധജഡിലവും മുൻവിധിയോടുകൂടിയതുമായ ഇദാനീന്തനശാസ്ത്രങ്ങൾ, ആധുനികപരിഷ്കാരങ്ങളും ബുദ്ധിപ്രാഭവവും കൈകയറി പരാജയപ്പെടുത്തപ്പെട്ട ഒരാളായി അവിടുത്തെ പരിഗണിക്കുകയും ചെയ്യുന്നു. എന്നാൽ, ഇത്തരത്തിൽ അജ്ഞാതനും, നിരോധിതനും, അവഹേളിതനും, മർദ്ദിതനും, പരിത്യക്തനുമായ ക്രിസ്തുവിൻെറ നിത്യസത്യപ്രദായകങ്ങളായ തത്വങ്ങളോടാണ് പ്രാക്തനകാലങ്ങളെ അപേക്ഷിച്ചു ശ്രേഷ്ഠമായ ഇന്നത്തെ സംസ്കാരം മുഴുവനായി കടപ്പെട്ടിരിക്കുന്നതു'. നമ്മുടെ വിശ്വാസത്തിനും, നമ്മുടെ പ്രത്യാശക്കും, നമ്മുടെ സ്നേഹത്തിനും അവിടുത്തോടു നാം കടപ്പെട്ടിരിക്കുന്നു. അവിടുത്തെ ദൈവത്വത്തെ നിഷേധിക്കുന്നതിനും അവിടുത്തെ സ്വർഗ്ഗീയസിംഹാസനത്തെ ഇളക്കുന്നതിനും നിരീശ്വരപരമായ ശ്രമങ്ങൾ എത്ര വർദ്ധിക്കുമോ അത്രമേൽ പരിഹാരത്തിന്റെയോടും ഉന്മേഷത്തോടും പാവനമായ ആത്മാഭിമാനത്തോടുംകൂടി ഈ ത്രിലോകരാജനു നാം സ്തോത്രഗീതങ്ങൾ പാടണം.

"ഈ പ്രതികൂലശക്തികൾ വിശ്വാസികളുടെ പ്രവാസജീവിതത്തെ ക്ലേശകരമാക്കുമെങ്കിലും അവ അവരുടെ വിശ്വാസത്തിൻെറ ശോഭയെ മന്ദീഭവിപ്പിക്കുന്നതിനു് ഒരിക്കലും പര്യാപ്തമാകയില്ല. പ്രത്യുത, അവരുടെ

വിശ്വാസചൈതന്യത്തെ അവ ഉദ്ദീപിപ്പിക്കുകയേയുള്ളു. പരിത്രാണത്തിന്റെ പരമരഹസ്യവും അനുഗ്രഹത്തിനും പാപപ്പൊറുതിക്കും ആരാധനത്തിനും പവിത്രീകരണത്തിനുമായുള്ള നിരന്തര പ്രാർത്ഥനയും ആയ പരമ ദിവ്യകാരുണ്യത്തിൻ സവിധത്തിൽ തങ്ങളുടെ വണക്കങ്ങളെ സമർപ്പിക്കുന്നതിനു ഡാന്യൂബ് നദിയുടെ ഈ തീരത്തു ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി കണ്ണെത്താത്തവണ്ണം തിങ്ങിക്കൂടിയിട്ടുള്ള ജനങ്ങളുടെ ബാഹുല്യം തന്നെ ഇതിനു പ്രകടമായ തെളിവല്ലയോ?"

കോൺഗ്രസ്സിന്റെ ഉപസംഹാരത്തിൽ, ആധുനിക ലോകത്തിന്റെ ദയനീയസ്ഥിതിയും രാഷ്ട്രങ്ങളുടെ നീതിവിലോപവും വിമർശനവിഷയങ്ങളാകുന്നു. ഫ്രഞ്ചുഭാഷയിൽ ഏതാണ്ടു് ഒരു മണിക്കൂർ ദീർഘിച്ച പ്രസ്തുത പ്രസംഗത്തിലെ അവസാനഭാഗം ഇങ്ങനെയാണു്:

"മാനവസമുദായത്തിലെ ഇന്നത്തെ ക്ലേശങ്ങളുടേയും ദുരിതങ്ങളുടേയും മൂലകാരണങ്ങളെപ്പററി പഠനം നടത്തിയിട്ടുള്ള ഏവനും മനുഷ്യന്റെ ആത്മീയമായ ഭക്ഷണത്തിന്റെ കുറവും ആദ്ധ്യാത്മിക വിരസതയുമാണു് അവ എന്ന അനുമാനത്തിൽ എത്തിച്ചേരുകയോ, കുറഞ്ഞപക്ഷം അപ്രകാരം ബലമായി സംശയിക്കയെങ്കിലുമോ ചെയ്തിട്ടുണ്ടാകണം. ദുസ്സഹമായ ഒരുധാർമ്മികവ്രണം സമുദായഗാത്രം മുഴുവനിലും പടർന്നുപിടിച്ചു് അതിനെ വിഷപങ്കിലമാക്കിത്തീർത്തുകൊണ്ടിരിക്കുന്നുവെന്നും, മനുഷ്യന്റെ നിത്യദാഹത്തെ ശമിപ്പിക്കത്തക്ക സത്യത്തിന്റെയും സ്നേഹത്തിന്റെയും സജീവജലം അവനു പ്രദാനം ചെയ്യാതെ അവനെ സ്വസ്ഥനാക്കുന്നതിനു മനുഷ്യബുദ്ധിക്കോ ശാസ്ത്രത്തിനോ സാദ്ധ്യമല്ലെന്നും അവർ സമ്മതിക്കാതെയും തരമില്ല. ദൈവപ്രമാണങ്ങളും മനുഷ്യനിയമങ്ങളും ഒരുപോലെ നിഷ്കർഷിക്കുന്ന സുസ്ഥിരമായ ധാർമ്മികാസ്ഥിവാരത്തിന്മേൽ അടിയുറച്ച ഒരു ജീവിതം വ്യക്തികൾ തുടരുന്നില്ലെങ്കിൽ മർത്ത്യഗണത്തിന്റെ ത്വരിതമായ അധഃപതനം അപ്രതിഹതവും സമുദായത്തിന്റെ ആഭ്യന്തരജീവിതം ഉപര്യുപരി പ്രക്ഷുബ്ധവുമായിരിക്കുമെന്നതു തീർച്ചയാണു്.

"മാനവചരിത്രത്തിൽ ഇന്നത്തേപ്പോലെ ആദ്ധ്യാത്മികകാര്യങ്ങളിൽ നിഷ്പക്ഷവും യുദ്ധസജ്ജീകരണത്തിൽ ഉദ്യുക്തവുമായ ഒരു കാലം ഉണ്ടായിട്ടില്ല. ഭീമമായ —ഒരു വിധത്തിൽ പറഞ്ഞാൽ പൈശാചികമായ —ഈ വൈരുദ്ധ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനോ ഗണ്യമായവിധം കുറവുചെയ്യുന്നതിനോ മനുഷ്യശക്തിയ്ക്കു ദുഷ്കരമാണ്. തദർത്ഥമുള്ള പരിശ്രമങ്ങൾ സർവ്വദാ പ്രശംസാർഹങ്ങൾതന്നെ; എന്നാൽ, എത്രമാത്രം ഫലപ്രദങ്ങളായിരിക്കുമെന്നു നിർണ്ണയിക്കുക എളുപ്പമല്ല. ഇദാനീന്തനകാലക്കുഴപ്പങ്ങൾ ഭൗതികശക്തികൾ കൊണ്ടുമാത്രം നിവാരണം ചെയ്യപ്പെടുന്നതിനു സാദ്ധ്യമല്ല എന്നു വിശദമാകുന്നതോടേ പക്ഷപ്രതിപക്ഷാംഗങ്ങൾ ഉപര്യുപരി മർക്കടമുഷ്ടിത്വം അവലംബിക്കുന്നു. വ്യക്തിയും വ്യക്തിയും, താല്പര്യവും താല്പര്യവും, ജനതയും ജനതയും, രാഷ്ട്രവും രാഷ്ട്രവും തമ്മിലുള്ള അകൽച്ച വിസ്തൃതവും അഭിരഞ്ജനാസാദ്ധ്യവുമായിത്തീരുന്നു.

"ലൗകികമായ പ്രശ്നങ്ങളിൽ കക്ഷി പിടിക്കുക എന്നതു സഭയുടെ കാര്യമല്ല. ഏതെങ്കിലും പ്രശ്നത്തിന്റെ താൽക്കാലികമായ സമാധാനത്തിന്നു മാത്രം ഉപയോഗപ്രദമായ മാർഗ്ഗങ്ങളിൽ ഭാഗം ചേരുക എന്നതും അവൾക്കനുയോജ്യമല്ല. നീതിയെ ആധാരമാക്കിയുള്ള അപ്പസ്തോലിക സേവനത്തിൽ സഭയുടെ കർത്തവ്യം സാർവ്വത്രികമായ സ്നേഹത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ആകയാൽ, ഈദൃശകാര്യങ്ങളിൽ പക്ഷം പിടിക്കുന്നതിനോ ഒരു കക്ഷിയിൽ ചേർന്നു നില്ക്കുന്നതിനോ അവൾക്കു ശക്യമല്ല.

"ഓരോ രാജ്യവും അതിന്റെ വിശ്വാസത്തേയും സൌഭാഗ്യത്തേയും സുരക്ഷിതമാക്കുന്നതിൽ സൃഷ്ടിയും പരിത്രാണവും നിർദ്ദേശിക്കുന്ന പദ്ധതികളിൽ സ്വതസിദ്ധമായ ശക്തികളേയും, അഭിവാഞ്ഛകളേയും, ആവശ്യങ്ങളേയും, രക്ഷാവ്യവസ്ഥകളേയും പ്രയോഗിക്കുന്നതിനു സ്വാതന്ത്ര്യമാണ്. ദൈവ നിയമങ്ങൾക്കും ആത്മരക്ഷക്കും ബാധകമാകാത്തിടത്തോളം സഭ രാഷ്ട്രങ്ങളുടെ വ്യത്യസ്തം

ഭിലാഷങ്ങളെ മാതൃസഹജമായ സ്നേഹത്തോടുകൂടി അനുധാവനം ചെയ്യുകയും അവയുടെ അഭിവൃദ്ധിയിലും പുരോഗതിയിലും ഉത്സാഹഭരിതയായി കഴിഞ്ഞുകൂട്ടുകയും ചെയ്യുന്നു ദാരുണമായ പീഡനങ്ങളും അവാച്യമായ ക്ലേശങ്ങളും ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗമനത്തിന്റെയും അഭിവൃദ്ധിയുടെയും മുന്നോടികളാണ് എന്നു സഭാചരിത്രം സാക്ഷ്യം വഹിക്കുന്നു. ആകയാൽ, ഇന്നത്തെ വിഷമതരമായ പരിതസ്ഥിതികൾകൊണ്ട് സഭയ്ക്കോ സഭാംഗങ്ങൾക്കോ ഭാവിയെപ്പററി ഉൽക്കണ്ഠയോ ഭൂതകാലത്തെപ്പററി ക്ലേശമോ ഇല്ലതന്നെ.

“ഒരു രാഷ്ട്രത്തിന്റെ ഭൗതികമായ അഭിലാഷങ്ങൾ അതിന്റെ സ്വർഗ്ഗീയ ലാലസകൾക്കു വിരുദ്ധമാകാത്തിടത്തോളംകാലം അവയെ രമ്യപ്പെടുത്തി കൂട്ടിയിണക്കിക്കൊണ്ടു പോകുന്നതിനു സർവ്വശ്രമങ്ങളും ചെയ്യേണ്ടതാണ്. ഒരു ജാതിയുടെയോ രാഷ്ട്രത്തിന്റെയോ ഐക്യസിദ്ധിക്കും പുരോഗമനോന്മുഖമായ അതിന്റെ പ്രവർത്തന വിജയത്തിനും ഇതിനെക്കാൾ കാര്യക്ഷമമായ വേറെ മാർഗ്ഗമില്ല. സ്നേഹത്തിന്റെ അച്ചാരമായ വിശുദ്ധ കുർബാനയുടെ നിഴലിലാണ് ഈ സാർവ്വദേശീയ കോൺഗ്രസ് നാം കൊണ്ടാടിയതു്. ലോകത്തിന്റെ എല്ലാഭാഗത്തുമുള്ള ദിവ്യകാരുണ്യരാജന്റെ അനുയായികൾതമ്മിൽ എത്ര ശക്തമായ ഒരു അതിസ്വാഭാവിക സാഹോദര്യബന്ധമാണു നിലനിന്നു പോരുന്നതു് എന്നു് അതു ഒരിക്കൽക്കൂടി പ്രകടമാക്കിയിരിക്കുന്നു. ആഭ്യന്തരസമരങ്ങൾമൂലം രക്തം പുരണ്ടിരിക്കുകയോ കലഹങ്ങൾക്കും വിദ്വേഷങ്ങൾക്കും കച്ചകെട്ടിയിരിക്കുകയോ ചെയ്യുന്ന ഇന്നത്തെ ലോകത്തിലേക്കു് ഈ സ്നേഹശൃംഖലയാകുന്ന സുവിശേഷവുമായി നമുക്കിറങ്ങാം. വാക്കുകൾ മാത്രമല്ല, അതിലുപരിയായി നമ്മുടെ സന്മാതൃക ലോകത്തിനു ദീപമായിരിക്കട്ടെ.

**“ഓ! ലോകരാജാവായ ഈശോമിശിഹായെ, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വന്നു് ഈ ബലിപീഠത്തിനു ചുററുംകൂടി അങ്ങേ ദിവ്യകാരുണ്യവിരുന്നിൽ സാഹോദര്യൈക്യത്തിൽ പങ്കുകൊണ്ടവരായ ഈ അനേകായിരം**

പ്രതിനിധികളുടെമേൽ അങ്ങേ അനുഗ്രഹവും സ്നേഹവും നിറഞ്ഞ നയനങ്ങൾ തിരിക്കേണമെ. തമ്മിൽതമ്മിൽ അകററുന്ന ലൌകിക വ്യത്യസ്തതകളെ അപേക്ഷിച്ച്, അങ്ങേ സ്നേഹശൃംഖല എത്ര ശക്തിയായിട്ടാണ് തങ്ങളെ പരസ്പരം ബന്ധിച്ചിരിക്കുന്നതു് എന്നു രാഷ്ട്രങ്ങൾ ഗ്രഹിക്കുന്നതിനു അവിടുന്നു് ഇടവരുത്തണമേ. സാക്ഷാത്തായ ഐശ്വര്യത്തിനു നിദാനമായ നീതിബോധത്തെ രാഷ്ട്രങ്ങളിലും അവയുടെ നേതാക്കന്മാരിലും അവിടുന്നു് ഉദിപ്പിക്കേണമേ. അങ്ങേക്കുമാത്രം ലഭിക്കേണ്ടതായ ബഹുമാനത്തെ ഭൌതികമായ ആദർശങ്ങൾക്കു് അടിയറവു വയ്ക്കുന്നവരെ അവരുടെ മൌഢ്യത്തെ ഗ്രഹിപ്പിക്കേണമെ. ഭൌതികാദർശങ്ങൾ എത്ര കുലീനവും മഹനീയവുമായിരുന്നാലും അങ്ങേക്കുമാത്രം വരേണ്ടതായ ബഹുമാനത്തെ യാതൊരുത്തനുമായി പകുത്തുകൊടുക്കുന്നതിനു് അങ്ങു് അനുവദിക്കയില്ല എന്നവർ ഗ്രഹിക്കട്ടെ. ദൈവത്തെയും അവിടുത്തെയും വെറുക്കുന്ന നാരകീയ ശക്തികൾക്കെതിരായി യഥാർത്ഥമായ ഹൃദയവിനയത്തോടുകൂടി ത്യാഗസന്നദ്ധരായി ജീവിക്കുന്ന പുണ്യാത്മാക്കളെ അങ്ങേപ്പക്കൽ ചേർക്കേണമേ. മനുഷ്യവർഗ്ഗത്തിന്റെ ഐശ്വര്യവർദ്ധനവിനു സഭയും രാഷ്ട്രവും ഫലപ്രദമായി പ്രവർത്തിക്കത്തക്കവണ്ണം അവ തമ്മിൽ സഹകരണബോധം ഉളവാക്കണമേ. വിശ്വസ്തതയോടും ബഹുമാനത്തോടുംകൂടി ജീവിക്കുകയും അങ്ങേ വാക്കുകളിൽ അടിയുറച്ചുനില്ക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങൾക്കു സമാധാനത്തെ അങ്ങു നൽകണമേ.''

കർദ്ദിനാൾ പച്ചെല്ലിസ്സു ദിവ്യകാരുണ്യത്തോടുള്ള ഭക്തി പ്രസിദ്ധമാണു്. ബുഡാപ്പെസ്ററു കോൺഗ്രസ്സിന്റെ ഉൽഘാടനദിനത്തിൽ പന്ത്രണ്ടുമണി കഴിഞ്ഞിട്ടേ ദിവ്യബലി സമർപ്പിക്കുന്നതിനു തിരുമേനിയ്ക്കു സാധിച്ചുള്ളു. ദിവ്യപൂജാർപ്പണത്തിനുവേണ്ടി അതുവരെ ഉപവാസം അനുഷ്ഠിക്കുന്നതു് ഒട്ടും കൂട്ടലായി അവിടുന്നു പരിഗണിച്ചില്ല. ആഘോഷങ്ങളുടെയും ആർഭാടങ്ങളുടെയും മദ്ധ്യേ മഹനീയമായ തന്റെ ആചാര്യപദത്തെപ്പററി

അദ്ദേഹത്തിനു പൂർണ്ണബോധമുണ്ടായിരുന്നു. ഒരുപക്ഷേ, ദിവ്യകാരുണ്യത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന അതിവഭക്തി കണ്ടുകൊണ്ടല്ലയോ പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു്, താൻ നിത്യം ഉപയോഗിച്ചിരുന്ന സ്വർണ്ണക്കാസാ കർദ്ദിനാൾ പച്ചെല്ലിയ്ക്കു സ്മാരകമായി നല്കിയതു്?

# പതിനൊന്നാമദ്ധ്യായം

## കിരീടധാരണം.

ലോകമഹാസമുദ്രത്തിൽ സദാ തല്ലിയലയ്ക്കുന്ന കല്ലോലമാലകളുടെ ഇടയിൽക്കൂടി ലക്ഷോപലക്ഷം യാത്രക്കാരെ വഹിച്ചുകൊണ്ടു് ഉദ്ദിഷ്ടലക്ഷ്യത്തിലേക്ക പ്രശാന്തമായി പാഞ്ഞുകൊണ്ടിരിക്കുന്ന ഒരു മഹായാനപാത്രമാണു കത്തോലിക്കാസഭ. ക്രിസ്തുനാഥൻെറ അപ്പസ്തോലിക ശിക്ഷണശാലയിൽ പരിശീലനം ലഭിച്ച വി. പത്രോസായിരുന്നു അതിൻെറ പ്രഥമനായകൻ. അന്നുമുതൽ ഇന്നുവരേയും അദ്ദേഹത്തിൻെറ പിൻഗാമികൾ സഭാനൗകത്തിൻെറ കേന്ദ്രസ്ഥാനത്തിരുന്നുകൊണ്ടു് അവികലമായി ഭരണം നിർവ്വഹിച്ചുപോരുന്നു. രാജവംശങ്ങളും ഭരണകൂടങ്ങളും കാലചക്രത്തിൻെറ തിരിവിൽപ്പെട്ടു തകരുന്നുണ്ടെങ്കിലും മുക്കുവൻെറ സിംഹാസനം മാത്രം സുനിശ്ചിതമായ ഭാവിയോടുകൂടി പ്രതാപപൂർവ്വം പരിലസിക്കുന്നു. വി. പത്രോസിൻെറ 261-ാമത്തെ അനന്തരഗാമിയായിട്ടാണു് പന്ത്രണ്ടാം പീയൂസ് പരമാധ്യക്ഷസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്.

പന്ത്രണ്ടാം പീയൂസിൻെറ കിരീടധാരണവും സ്ഥാനാരോഹണവും നടന്നതു് 1939 മാർച്ചുമാസം 12-ാംതീയതിയാണല്ലോ. അവയുടെ വിശദവിവരങ്ങൾ പത്രപംക്തികളിൽ പാരായണം ചെയ്തതു് ഇതുവരേയും നാം മറന്നിട്ടില്ല. ക്രൈസ്തവലോകത്തിനു്—വിശിഷ്യ, റോമാനഗരത്തിനു്—അവിസ്മരണീയമായ ഒരു മഹാസംഭവമായിരുന്നു അതു്. പത്രങ്ങളുടെ വരവു പാർത്തും റേഡിയോയിലെ സ്വരം ചെവിയോർത്തും ജനങ്ങൾ അത്ര ശ്രദ്ധയോടുകൂടി ചെലവഴിച്ച ഒരു ദിവസം ഇനിയുണ്ടാകുമെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, സകലരുടേയും

നോട്ടത്തിൽ സാർവ്വലൌകികപ്രാധാന്യമുള്ള ഒരു മഹാസംഭവമായിരുന്നു ആ കിരീടധാരണം.

ലോകത്തിലെ പ്രധാനപ്പെട്ട മുപ്പത്തെട്ടു രാഷ്ട്രങ്ങളുടെ പ്രശസ്തപ്രതിനിധികൾ അന്നു വത്തിക്കാനിൽ സമാഗതരായിരുന്നു. ഇംഗ്ലണ്ടിൽനിന്നു നോർഫോക്കു പ്രഭുവും ഓസ്ബോൺപ്രഭുവും മി. ഐവൺകേക്കു പാട്രിക്കും; അമേരിക്കൻ ഐക്യനാടുകൾക്കുവേണ്ടി മി. ജോസഫ് കെന്നടി; അയർലണ്ടിൽനിന്നു പ്രധാനമന്ത്രിയായ മി. ഡിവലേറാ; ഇററലിയിൽനിന്നു രാജകുടുംബത്തിൻെറ പ്രതിനിധികളായി കിരീടാവകാശിയായ രാജകുമാരനും പത്നിയും; ഫസിസ്ററു ഗവണ്മെൻറിനുവേണ്ടി കൗണ്ട് ചിയാനോയും; ബൽജിയത്തിൽനിന്നു രാജാവിൻെറ സഹോദരനായ കാർലോസ് കുമാരനും അമ്മ റാണിയും; ഫ്രാൻസിൽനിന്ന് ഒന്നിലധികം മന്ത്രിമാർ. സ്ഥലദൌർലഭ്യം നിമിത്തം മററു പ്രതിനിധികളുടെ പേരുകൾ ഉപേക്ഷിക്കുവാനേ നിവൃത്തിയുള്ളു. അന്നു ലോകത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും വത്തിക്കാനിലെത്തിയിരുന്ന ജനങ്ങളുടെ സംഖ്യയെപ്പററി സൂചിപ്പിക്കുന്നേയില്ല. ജനപ്രവാഹത്തിൻെറ അത്ഭുതപൂർവ്വമായ ബാഹുല്യം നിമിത്തം റോമാ നഗരത്തിലെ ഗതാഗതങ്ങൾപോലും പ്രതിബന്ധിതമായിപ്പോയി. ഇവരെയെല്ലാം ക്രമമായി നിയന്ത്രിക്കുന്നതിനു് അനേകം പട്ടാളക്കാർ അവിശ്രമം പരിശ്രമിച്ചുവെങ്കിലും പരിപൂർണ്ണമായി ഫലപ്രദമായോ എന്നു സംശയമാണു്.

അന്നു 9 മണിക്കു വിഖ്യാതമായ 'സേദിയാ ജെസ്തത്തോറിയാ' എന്ന രാജകീയപല്ലക്കിൽ എഴുന്നള്ളിയിരുന്നുകൊണ്ടു പന്ത്രണ്ടാം പീയൂസ് വി. പത്രോസിൻെറ ദൈവാലയത്തിൽ പ്രവേശിച്ചതിനോടേ കിരീടധാരണകർമ്മങ്ങൾ സമാരബ്ധമായി. കർദ്ദിനാളന്മാരും പാത്രിയർക്കീസന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരും രാജകുടുംബാംഗങ്ങളും പ്രഭുക്കന്മാരും ആയിരുന്നു അവിടത്തെ പരിവാരവൃന്ദത്തിലെ പ്രധാനാംഗങ്ങൾ.

കിരീടധാരണപരിപാടിയിലെ ചടങ്ങുകൾ അത്യ

സന്നദ്ധങ്ങളും ഭക്തിദ്യോതകങ്ങളുമാണ്. മാർപ്പാപ്പാ പ്രധാന ബലിപീഠത്തിൻെറ മുമ്പിലുള്ള സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, തിരുക്കർമ്മനിയന്താക്കന്മാരിലൊരുവൻ പരിശുദ്ധ പിതാവിൻെറ സന്നിധിയിൽ ഒരു വെള്ളിപ്പാത്രം ഉയർത്തിപ്പിടിച്ച് അതിൽ പെട്ടെന്നു കത്തിക്കാളുന്ന പഞ്ഞിയിട്ടു തീ കൊളുത്തിക്കൊണ്ട് ഇപ്രകാരം പറയുന്നു: "പരിശുദ്ധ പിതാവേ, ലൗകികപ്രതാപങ്ങൾ ഇങ്ങനെ കടന്നുപോകുന്നു!" ലോകമഹാശക്തികളുടെ ബഹുമാനവും രാഷ്ട്രനായകന്മാരുടെ ആദരവും രാജേശ്വരന്മാരുടെ പാദചുംബനവും—ഒററ വാക്കിൽ, ആകാശത്തിനടിയിൽ സർവ്വാധികാരവും—സ്വീകരിക്കുന്ന പരിശുദ്ധ പിതാവ് നശ്വരങ്ങളായ ഭൗതികവ്യാമോഹങ്ങളുടെ ക്ഷണഭംഗുരമായ സമാകർഷകത്വത്താൽ ഒരിക്കലും വഞ്ചിതനായിപ്പോകരുതെന്നുള്ള ഒരുദ്ബോധനമാണത്. സത്യത്തിൻേറയും ധർമ്മത്തിൻേറയും ഉപദേഷ്ടാവായി, നീതിയുടെ പരിപാലകനായി അധികാരത്തിൻെറ പരിപൂർണ്ണതയിലേക്കും മഹത്ത്വത്തിൻെറ ഉന്നതിയിലേക്കും ആരോഹണം ചെയ്യുന്ന വിശ്വസ്തൻ, ലൗകിക മുൻഗണനകൾ വച്ചുകൊണ്ടല്ല, ശാശ്വതങ്ങളായ മാനദണ്ഡങ്ങൾ വച്ചുകൊണ്ടുവേണം ഭരണം നടത്തുവാൻ.

അനന്തരം കർദ്ദിനാൾ ഡീൻ എന്ന ഉന്നതസ്ഥാനി പരിശുദ്ധ പിതാവിനെ പാലിയം ധരിപ്പിക്കുന്നു. കത്തോലിക്കാസഭ മുഴുവൻേറയും മേലുള്ള ആധിപത്യത്തെ സൂചിപ്പിക്കുന്ന ഒരു തിരുവസ്ത്രമാണിത്. ഉടനെ തിരുമേനി എഴുന്നേററു ബലിപീഠം ധൂമിച്ചതിനുശേഷം വീണ്ടും സിംഹാസനസ്ഥനാകുന്നു. ഈ സമയത്തു സഭയിലെ ഭരണകർത്താക്കന്മാരായ കർദ്ദിനാളന്മാരും പാത്രിയർക്കീസന്മാരും മെത്രാന്മാരും പരിശുദ്ധ പിതാവിൻെറ സന്നിധിയിൽ മുട്ടുകുത്തി പൂജനീയമായ അവിടുത്തെ തൃപ്പാദങ്ങൾ മുത്തുകയും തിരുവാഴി ചുംബിക്കുകയും ചെയ്യുന്നതാണ്. ഇത്രയും കഴിഞ്ഞാൽപ്പിന്നെ ആഘോഷപൂർവ്വകമായ പൂജാസമർപ്പണമായി.

കിരീടധാരണം എന്ന കർമ്മം മുമ്പേക്കാലം മുതൽ സെ

ൻറു പീറേറഴ്സിൻെറ ബാൽക്കണിയിൽ വച്ചാണു നട ത്തപ്പെട്ടുപോന്നതു്. എന്നാൽ, ഒമ്പതാം പീയൂസ് പാപ്പാ യുടെ കാലത്തിനുശേഷം ആ പതിവു നിന്നുപോയി. പു ണ്യചരിതനായ ആ തിരുമേനിയുടെ കാലത്തു് ഇററാലി യൻഐക്യരാഷ്ട്രപ്രണയികളായ നിഷ്കണ്ടകന്മാർ വത്തി ക്കാൻ രാജ്യങ്ങളും നഗരങ്ങളും ആക്രമിക്കുകയും ന്യായര ഹിതമായി കൈവശപ്പെടുത്തുകയും ചെയ്തിട്ടു പരിശുദ്ധ പിതാവിനെ വത്തിക്കിനലെ ഒരു തടവുകാരനാക്കി. അ വിടുത്തെ പിൻഗാമികളും ഒരു തരത്തിൽ തടങ്കൽപ്പുള്ളി കളായിട്ടാണു ജീവിച്ചതു്. ഏതാദൃശങ്ങളായ കാരണങ്ങ ളാൽ, ഇററാലിയൻ ഭരണകൂടത്തിൻെറ ആക്ഷേപാർഹ മായ ആദർശത്തോടുള്ള പ്രതിഷേധസൂചകമായി പരസ്യ മായ മകുടീകരണച്ചടങ്ങുകൾ നിറുത്തിക്കളഞ്ഞു. ബസി ലിക്കായുടെ ബാൽക്കണിയിൽ എഴുന്നള്ളി ലോകത്തെ അ നുഗ്രഹിക്കുകയെന്ന പതിവുപോലും മുടങ്ങിക്കിടക്കുകയാ യിരുന്നു. പുണ്യശ്ലോകനായ പതിനൊന്നാം പീയൂസാണു് അനേകവത്സരങ്ങൾക്കുശേഷം മട്ടുപ്പാവിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. പ്രസിദ്ധ ചരിത്രസംഭവമായ ലാററ റൻ സന്ധിയുടെ രൂപവൽകരണത്തോടുകൂടി സഭയും രാ ഷ്ട്രവും അഭിമാനകരമായ ഒരു അനുരഞ്ജനത്തിൽ എത്തി ച്ചേർന്നു. തന്നിമിത്തം, പന്ത്രണ്ടാം പീയൂസിൻെറ കിരീ ടധാരണം പൗരാണിക പാരമ്പര്യമനുസരിച്ച ബസിലി ക്കായുടെ മട്ടുപ്പാവിൽവച്ചു തന്നെ പരസ്യമായി നടക്കുന്ന തിനിടയായി.

കിരീടധാരണപരിപാടിയിലെ മുറയനുസരിച്ച തി രുസ്സംഘത്തലവൻ ജപങ്ങൾ ആരംഭിക്കുന്നു. അതിൻെറ അവസാനത്തിൽ ഡീൻവകുപ്പിലെ രണ്ടാമത്തെ കർദ്ദി നാൾ, മാർപ്പാപ്പാ അതുവരെ ധരിച്ചിരുന്ന ശിരോഭൂഷണം എടുത്തു മാററുകയും ഒന്നാമത്തെ കർദ്ദിനാൾ പേപ്പൽസ്ഥാ നചിഹ്നമായ ത്രിയേകമകുടവുമായി തിരുമേനിയെ സമീ പിക്കുകയും ചെയ്യുന്നു. അത്തു മാർപ്പാപ്പായുടെ ശിരസ്സിൽ വയ്ക്കുമ്പോൾ കർദ്ദിനാൾ പറയുന്നതിപ്രകാരമാണു്: "മൂന്നു കിരീടങ്ങൾകൊണ്ടു് അലംകൃതമായ മകുടം സ്വീകരിക്കുക

യും, അവിടുന്നു പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും പിതാവും, ഭൂമിയുടെ ഭരണകർത്താവും, സകല ബഹുമാനത്തിനും പ്രതാപത്തിനും അർഹനായിരിക്കുന്ന നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെ ഭൂമിയിലെ പ്രതിപുരുഷനും ആണെന്നറിയുകയും ചെയ്യുക.'' അനന്തരം അവിടുന്നു 'നഗരത്തേയും വിശ്വത്തേയും' അനുഗ്രഹിക്കുന്നു. ഇതോടെ കിരീടധാരണമഹാമഹം പരിസമാപ്തമായി. പുതിയ പാപ്പായുടെ നേർക്കുള്ള ഭക്തിസ്നേഹബഹുമാനസൂചകമായി ആചാരവെടികളും ആശംസാഘോഷങ്ങളും ഹർഷാരവങ്ങളും ദീർഘനേരം നീണ്ടുനില്ക്കും.

പന്ത്രണ്ടാം പീയൂസിൽ ശാന്തിപ്രദനായ ഒരു യോഗിവര്യനേയും സ്വർഗ്ഗീയസമാധാനത്തിന്റെ (Pax Coeli സ്വർഗ്ഗത്തിന്റെ സമാധാനം) ഒരു സന്ദേശവാഹകനേയും ആണ് ഉൽക്കണ്ഠാകുലമായ ലോകം ദർശിച്ചതു്. ഈ യാഥാർത്ഥ്യം അവിടുത്തേക്കു തുടർച്ചയായി ലഭിച്ചുകൊണ്ടിരുന്ന നിരവധി അനുമോദനസന്ദേശങ്ങളും പത്രപംക്തികളിലെ ദീർഘലേഖനങ്ങളും പ്രകടമാക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്നുകൊണ്ടിരുന്ന സന്ദേശങ്ങളിൽ ഏതാനും ചിലതുമാത്രം ഇവിടെ ഉദ്ധരിക്കാം.

ബ്രിട്ടീഷ് ചക്രവർത്തി തിരുമനസ്സുകൊണ്ടു് ഇപ്രകാരമെഴുതി. "11-ാംപിയൂസ് പാപ്പായുടെ അനന്തരഗാമിയായി അങ്ങു തിരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത അത്യാഹ്ളാദത്തോടുകൂടെയാണു ഞാൻ ശ്രവിച്ചതു്. ഈ നിയമനം മൂലം അങ്ങു ഭരമേല്ക്കുന്ന ഗുരുതരമായ ഉത്തരവാദിത്വപ്പെട്ട ജോലികളെ നിർവ്വഹിക്കുന്നതിനുവേണ്ട ആരോഗ്യവും സുസ്ഥിതിയും അങ്ങേയ്ക്കുണ്ടാകുവാൻ ഹൃദയംഗമങ്ങളായ എന്റെ ആശംസകളെ അർപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.''

പ്രസിഡണ്ടു റോസ്‌വെൽറ്റിന്റെ സന്ദേശം ഇപ്രകാരമാണു്: "അങ്ങുന്നു മാർപ്പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത അത്യാനന്ദത്തോടുകൂടിയാണു ഞാൻ ശ്ര

വിച്ചതു്. അവിടുന്നു് ഐക്യരാജ്യങ്ങളിലേക്കു് അടുത്ത കാലത്തു നടത്തിയ യാത്രയിലുണ്ടായ നമ്മുടെ അഭിമുഖ സന്ദർശനത്തെ സന്തോഷത്തോടുകൂടി അനുസ്മരിച്ചു് ഈ അവസരത്തിൽ എൻെറ പ്രത്യേകമായ അഭിവന്ദനങ്ങളുടേയും ആശംസകളുടേയും ഈ സന്ദേശത്തെ ഞാൻ അങ്ങേക്കയച്ചുകൊള്ളുന്നു.”

“ഈ ശുഭാവസരത്തിൽ തിരുമനസ്സിലെ അനുസ്യൂതമായ ഐശ്വര്യത്തിനുവേണ്ടിയുള്ള ആശംസകളും ഹാർദ്ദമായ അനുമോദനങ്ങളും നല്കുന്നതിനു് എനിക്കും രാജ്ഞിക്കും അതിയായ സന്തോഷമുണ്ടു്.”—വിക്ടർ എമ്മാനുവേൽ—ഇററലി.

അയർലണ്ടു പ്രസിഡണ്ടായ മി. ഹൈഡിൻെറ സന്ദേശത്തെ ഇപ്രകാരം വിവർത്തനം ചെയ്യാം: “അങ്ങേനേർക്കുള്ള എൻെറ ഹൃദയപൂർവ്വകമായ ബഹുമാനത്തേയും, അവിടുന്നു ദീർഘകാലം ഭരണം നടത്തി, ഉൽക്കണ്ഠാഭരിതമായിരിക്കുന്ന ലോകത്തിൽ സമാധാനവും സൗഭാഗ്യവും കൈവരുത്തുമെന്നുള്ള ആത്മാർത്ഥമായ എൻെറ പ്രത്യാശയേയും ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു.”

ഒരുത്തമ ക്രൈസ്തവനു ചേർന്ന ഭാഷയാണു പ്രധാനമന്ത്രി, മി. ഡെ വലേറായുടെ കത്തിൽ പ്രതിഫലിക്കുന്നതു്: “അവിടുന്നു വി. പത്രോസിൻെറ സിംഹാസനത്തെ ആരോഹണം ചെയ്തതിൽ ഐറിഷു് ഗവണ്മെൻറിനും ജനതയ്ക്കും ഉള്ള നിസ്സീമമായ ആദരവും അഭിവന്ദനങ്ങളും സ്വീകരിപ്പാറാകണമെന്നു ഞാൻ അങ്ങയോടപേക്ഷിക്കുന്നു. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും മിശിഹായുടെ സമാധാനത്തെ സംസ്ഥാപിക്കുന്നതിനുള്ള അവിടുത്തെ ഫലദായകമായ പ്രവർത്തനങ്ങൾ ദീർഘകാലം തുടരുന്നതിനു വേണ്ട ദൈവാനുഗ്രഹങ്ങൾക്കായി ഞങ്ങൾ തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുന്നു.”

ഫ്രാൻസിൽനിന്നു പ്രസിഡണ്ടു ലേബ്രൺ ഇങ്ങനെ എഴുതി: “ഏററം സജീവവും ബഹുമാനപൂർവ്വകവുമായ എൻെറ അഭിവന്ദനങ്ങളെ അങ്ങു സ്വീകരിപ്പാറാകണം. പ

തിനൊന്നാം പീയൂസിൻെറ നിര്യാണം ഫ്രഞ്ചുജനതയിൽ സാർവ്വത്രികമായ ദുഃഖത്തെ ഉളവാക്കി. എന്നാൽ, സംപൂജ്യനായ 11-ാം പീയൂസിനെ തുടൎന്നു വി. പത്രോസിൻെറ സിംഹാസനത്തിൽ ആരൂഢനാകുന്ന അങ്ങേ നേൎക്കു ഫ്രാൻസു മുഴുവനിലും ഇപ്പോൾ പ്രകടിതമാകുന്ന മംഗളാശംസകൾ ഞാൻ അങ്ങേ അറിയിച്ചുകൊള്ളട്ടെ.''

സ്പെയിനിൽ നടമാടിക്കൊണ്ടിരുന്ന ആഭ്യന്തരകലഹത്തിൽ കത്തോലിക്കാസഭയുടെ താല്പൎയ്യങ്ങളെ നിൎവിഘ്നം പരിരക്ഷിക്കുന്നതിനു വിജയപൂൎവ്വം സമരം ചെയ്തുകൊണ്ടിരുന്ന ജനറൽ ഫ്രാങ്കോയുടെ കത്തു' ഇങ്ങനെയാണു്. ''സഭാശത്രുക്കളോടുള്ള യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്ന കത്തോലിക്കാസ്പെയിനിലെ സൎവ്വജനങ്ങളുടെ പേൎക്കും എൻെറ സ്വന്തനിലയിലും, സുദീൎഘവും പ്രശസ്തവുമായ ഒരു സഭാഭരണം അങ്ങു നിൎവ്വഹിക്കുന്നതിനു ഞങ്ങളുടെ ഹൃദയപൂൎവ്വകമായ അഭിവന്ദനങ്ങളേയും തീക്ഷ്ണമായ ആശംസകളേയും അങ്ങേയ്ക്കൎപ്പിച്ചുകൊള്ളുന്നു.''

''അനിതരസാധാരണമായ ഗുണപൗഷ്കല്യം തിരുസ്സഭാതലവനാകുന്നതിനു നേരത്തേതന്നെ അവിടുത്തെ സജ്ജമാക്കി; ഇപ്പോൾ അനന്തമായ ദൈവപരിപാലനം തൽസ്ഥാനത്തേയ്ക്കു് അങ്ങേ നിൎദ്ദേശിക്കുകയുംചെയ്തു. ഏററവും തീക്ഷ്ണമായ അഭിവന്ദനങ്ങളെ'' ചെക്കോസ്ലോവാക്കിയായിലെ പ്രസിഡണ്ടായ ഹാച്ചാ സമൎപ്പിക്കുന്നു.

''ഏക്കാലത്തും തിരുസ്സഭയോടു വിശ്വസ്തമായി നില നിന്നിട്ടുള്ള പോളണ്ടിൻെറ ഹൃദയംഗമമായ ബഹുമാനാദരങ്ങളെ അങ്ങേ തിരുസ്സിംഹാസനത്തിൽ സമൎപ്പിക്കുന്നതിനു് ഈ അവസരത്തെ അത്യുത്സാഹപൂൎവ്വം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. പോളിഷ് ജനത മുഴുവൻെറയും പേൎക്കു്, സുദീൎഘവും പ്രതാപപൂൎണ്ണവുമായ ഒരു അപ്പസ്തോലികവാഴ്ച്ച'' ആശംസിച്ചുകൊണ്ടു പോളിഷ് പ്രസിഡണ്ടു മി. മൊസ്ചാക്കി സമാപിക്കുന്നു.

# പന്ത്രണ്ടാമദ്ധ്യായം

## കൃത്യബഹുലത.

വത്തിക്കാന്റെ വിസ്തൃതി നൂററിയെട്ടു് ഏക്കറോളം വരും. എന്നാൽ മുപ്പത്തഞ്ചുകോടിയിൽപ്പരം പ്രജകൾ—വിശ്വവ്യാപകമായ ഒരു സാമ്രാജ്യം—-ആണു് മാർപ്പാപ്പായ്ക്കുള്ളതു്. വിശ്വസമ്രാട്ടു് എന്ന പേരു പോപ്പുരാജനു മാത്രമേ യോജിക്കുകയുള്ളൂ. പക്ഷേ, ആദ്യത്തെ പാപ്പായെപ്പററി ചിന്തിക്കുകയാണെങ്കിൽ കഥയൊക്കെ മാറും. ക്രൂരകുലപതിയായ കലിഗുലാ ടൈബർ നദീതീരത്തുള്ള വത്തിക്കാൻ കുന്നുംപുറത്തു് ഒരു വിനോദശാല പണികഴിപ്പിച്ചു. വിശന്നു വലയുന്ന ക്രൂരമൃഗങ്ങളുടെ മുമ്പിലേക്കു വലിച്ചെറിയപ്പെടുന്ന നിരാലംബരായ ക്രൈസ്തവരുടെ ദയനീയമായ മരണചേഷ്ടകൾ കണ്ടു രസിക്കുന്നതിനു ജനങ്ങൾ അവിടെ തിങ്ങിക്കൂടിക്കൊണ്ടിരുന്നു. അവിടെവച്ചാണു അപ്പസ്തോലപ്രമുഖനായ വിശുദ്ധ പത്രോസ് തലകീഴായി ക്രൂശിതനായതു്. ഒരു മൂന്നു ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ ഒന്നാമത്തെ ക്രൈസ്തവചക്രവർത്തിയായ കോൺസ്റ്റന്റൈൻ വി. പത്രോസിന്റെ ബഹുമാനത്തിനായി ഒരു വലിയ ദൈവാലയം അവിടെ സ്ഥാപിച്ചു. ഇന്നു ഭുവനമോഹനമായി പരിലസിക്കുന്ന സെൻറു പീറേറഴ്സ്. ബസിലിക്കായുടെ മുന്നോടിയായിരുന്നു അതു്.

വത്തിക്കാന്റെ പ്രൗഢഗാംഭീര്യവും ബ്രഹ്മാന്ധതയും കണ്ടുനിന്നുപോകുന്ന സന്ദർശകന്മാരുടെ ചിന്ത അതിന്റെ പൗരാണികചരിത്രത്തിലേക്കോ, അഥവാ അതിന്റെ ഇദാനീന്തനപ്രവർത്തനങ്ങളിലേക്കോ, പോകുമെന്നു തോന്നുന്നില്ല. വിശ്വവ്യാപകമായ പ്രാധാന്യത്തോടുകൂടിയ അനേകം ഡിപ്പാർട്ടുമെൻറുകൾ അതിൽ നിരന്തരപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അതിലൊന്നായ സ്റ്റേ

റവു സെക്രട്ടറിയേററിൽ, വത്തിക്കാനോടു ബന്ധപ്പെട്ട നാല്പതിൽപ്പരം രാജ്യങ്ങളുമായിട്ടുള്ള നയബന്ധം പുലർത്തിക്കൊണ്ടു വരവേയാണു കർദ്ദിനാൾ പച്ചെല്ലി പാപ്പാസ്ഥാനത്തേയ്ക്കു് ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടതു്.

പഠനകാലത്തു തിരുമേനിയ്ക്കുണ്ടായിരുന്ന ശരീരാസ്വാസ്ഥ്യത്തെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിൽപ്പിന്നെ അവിടുത്തെ ആരോഗ്യം വളരെ തൃപ്തികരമാണു്. ഇപ്പോൾ ഏതു ക്ലേശത്തിലും യാതൊരു മടുപ്പുമില്ല. തിരുമേനിയെ എന്നും പരിചരിച്ചുകൊണ്ടിരിക്കുന്ന ഭിഷഗ്വരൻ നല്കുന്ന സാക്ഷ്യം നോക്കുക: "എല്ലാ പ്രഭാതവേളകളിലും മാർപ്പാപ്പാ വ്യായാമമെടുക്കുന്നുണ്ടു്. സായാഹ്നങ്ങളിൽ ഒരു മണിക്കൂർ നേരം ഉദ്യാനത്തിൽ നടന്നുകൊണ്ടിരിക്കും. സ്നാനം എന്നുമുണ്ടു്. അതിനു തണുത്ത വെള്ളം മതി." പരിശുദ്ധ പിതാവിന്റെ ഭക്ഷണക്രമം വളരെ ലഘുവാണു്. പുകവലി തീരെയില്ല. അതിനു പകരമായി പത്രപാരായണം ധാരാളമായി താൻ നടത്തുന്നു എന്നു് അവിടുന്നു ഫലിതമായി പറയാറുണ്ടു്. അവിടുന്നു വശമാക്കിയിട്ടുള്ള ഭാഷകളിലെ പ്രധാന പത്രങ്ങളെല്ലാം ദിനംപ്രതി തിരുമേനി വായിച്ചുവരുന്നു. ക്രമവൽകൃതമായ പരിപാടിയോടുകൂടിയ ദീർഘമായ ജീവിതചര്യയാണു് അവിശ്രമമായ കൃത്യനിർവ്വഹണത്തിൽപ്പോലും തന്നെ ക്ഷീണിപ്പിക്കാതിരിക്കുന്നതെന്നു് അവിടുന്നു പ്രസ്താവിക്കുന്നു.

ഒരു മാർപ്പാപ്പായുടെ ജീവിതത്തിൽ ആരോഗ്യവും പ്രവർത്തനശേഷിയുംപോലെ പ്രധാനപ്പെട്ട മറെറാന്നുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, മറേറതു ഭരണകർത്താക്കളേയുംകാൾ കൂടുതലായ കൃത്യബഹുലതയാണു് അവിടുത്തേക്കുള്ളതു്. രാഷ്ട്രനായകന്മാർക്കു രാജ്യരക്ഷമാത്രം കരുതിയാൽ മതി; പരിശുദ്ധ പിതാവിനു വത്തിക്കാൻരാജ്യത്തിന്റെ ശ്രേയസ്സിലും വിശ്വമാകെയുള്ള വിശ്വാസികളുടെ ആത്മരക്ഷയിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഭരണകാര്യത്തിൽ മാർപ്പാപ്പായുടേതിനോളം ഏകമേധാവിത്വം പുലർത്താവുന്ന ഭരണക്രമം വേറെയില്ല. അവിടുത്തെ വാക്കാ

ണു് ഏതു സംഗതിയിലും അവസാനതീരുമാനം. "റോമാ സംസാരിച്ചു; കാൎയ്യം തീൎന്നു" എന്ന വാക്യം വിശ്രുതമാണല്ലോ.

തിരുസ്സഭാഭരണം സ്വഭാവത്തിൽ ഏകമേധാവിത്വമാണെങ്കിലും പ്രയോഗത്തിൽ അങ്ങനെയല്ല; പ്രധാന സംഗതികളിൽ വിദഗ്ദ്ധോപദേശം എന്നും സ്വീകരിച്ചുകൊണ്ടിരിക്കും. ഇതിനുവേണ്ടിത്തന്നെയാണു സമൎത്ഥന്മാരടങ്ങിയ തിരുസ്സംഘങ്ങൾ രൂപവൽകൃതങ്ങളായിരിക്കുന്നതു്. രാജ്യഭരണത്തിൽ വിവിധഡിപ്പാർട്ടുമെൻറുകൾപോലെ തിരുസ്സഭാ ഭരണത്തിൽ തിരുസ്സംഘങ്ങൾ വൎത്തിക്കുന്നു. ഇവയിൽ മൂന്നിൻെറ അദ്ധ്യക്ഷൻ പ. പിതാവു തന്നെയാണു്; മററുള്ളവയുടെ കർദ്ദിനാളന്മാരും. പ്രവൎത്തനത്തിൽ ഇവയെല്ലാം ഒരുവിധം സ്വതന്ത്രങ്ങളാണെങ്കിലും എല്ലാ സംഗതികളിലും പരിശുദ്ധ പിതാവു നിർദ്ദേശം നല്കിക്കൊണ്ടിരിക്കും. ആഴ്ചയിലെ ഓരോ ദിവസവും വിവിധവകുപ്പദ്ധ്യക്ഷന്മാർ നിശ്ചിതസമയത്തു മാർപ്പാപ്പായെ സന്ദർശിച്ചു പ്രവൎത്തനറിപ്പോർട്ടും പദ്ധതികളും സമൎപ്പിക്കുകയും ശാസനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

മാർപ്പാപ്പായുടെ ഓരോ ദിവസവും കൃത്യബഹുലമാണു്. സന്ദർശനത്തിനാണു കൂടുതൽ സമയവും. ലോകത്തിൻെറ നാനാ ഭാഗങ്ങളിലായിട്ടുള്ള 1200-ൽപ്പരം മെത്രാപ്പോലീത്താമാരും മെത്രാന്മാരും അഞ്ചുകൊല്ലത്തിലൊരിക്കൽ തിരുസ്സഭാദ്ധ്യക്ഷനെ സമീപിച്ചു ഭരണറിപ്പോർട്ടു നേരിട്ടു സമൎപ്പിക്കണമെന്നാണു നിയമം. ഇതനുസരിച്ചു നോക്കുമ്പോൾ ഓരോ ദിവസവും ഓരോ മെത്രാനെങ്കിലും സന്ദർശനസമയം പ്രതീക്ഷിച്ചു നില്പുണ്ടായിരിക്കുമെന്നു കാണാവുന്നതാണു്. ഒരു മെത്രാനെ സ്വീകരിക്കുന്നതിനു മുമ്പു് അദ്ദേഹത്തിൻെറ രൂപതയുടെ ചരിത്രം, ഭരണം സഭയുടെ സ്ഥിതി എന്നിവയെപ്പററി പഠിക്കുന്നതിനു കുറെ സമയം വേണം.

മെത്രാന്മാരെക്കൂടാതെ ലോകത്തിലെ വിവിധനിലകളിലുള്ള പല മഹാന്മാരും തിരുമനസ്സിലെ സമയം പാർ

ത്തിരുപ്പണ്ടെന്നു് ഓർക്കേണ്ടതാണു്. അവർക്കു പ്രത്യേക സമയം നല്കപ്പെട്ടും. തീർത്ഥയാത്രക്കാരെ കൂട്ടമായി കാണുവാനല്ലാതെ സമയമനുവദിക്കുന്നില്ല. എന്നാൽ, പന്ത്രണ്ടാം പീയൂസ് പതിവിൽ കൂടുതൽ സമയം ഇതിനായി വിനിയോഗിക്കുന്നുണ്ടു്. നാനാ ദിഗന്തങ്ങളിൽനിന്നും വന്നണയുന്ന കുഞ്ഞുമക്കളെ സിംഹാസനത്തിലിരുന്നു കാണുന്നതുകൊണ്ടുമാത്രം പരിശുദ്ധ പിതാവു തൃപ്തിയടയുന്നില്ല; സന്ദർശകന്മാരുടെ ഇടയിലുകൂടി നടക്കുന്നതിലും അവരോടു സംസാരിക്കുന്നതിലും അവിടുന്നു പ്രത്യേക താല്പര്യം പ്രദർശിപ്പിക്കുന്നു.

മാർപ്പാപ്പാ തന്നെ പ്രധാന കാർമ്മികനാകേണ്ട തിരുകർമ്മങ്ങൾ വളരെയുണ്ടു്. എല്ലാ ദിവസവും കാലത്തു 9 മുതൽ 10 വരെയുള്ള സമയം സ്റ്റേറവു സെക്രട്ടറിയുടെ സന്ദർശനത്തിനു മാത്രമുള്ളതാണു്.

സായാഹ്നത്തിൽ അവിടുത്തേക്കു സ്വതന്ത്രമായി കുറെ സമയം ലഭിക്കും. വത്തിക്കാൻ തോട്ടത്തിലോ അൽബൻ പ്രദേശങ്ങളിലോ ഉള്ള നടപ്പുമാത്രമാണു തിരുമേനിക്കുള്ള വ്യായാമവും വിനോദവും. ആ സമയത്തും ഒരു പത്രമോ പുസ്തകമോ കരങ്ങളിൽ കണ്ടേക്കാം.

ദൈവഭക്തിയും ഭരണപ്രാപ്തിയും ഒത്തിണങ്ങിയ ഒരു മഹാപുരുഷനാണു പന്ത്രണ്ടാം പീയൂസ്. ഇന്നത്തെ ലോകത്തിനു താദൃശനായ ഒരു നേതാവാണാവശ്യം. അവിടുത്തെ മുൻഗാമികളെ അപേക്ഷിച്ചുനോക്കുമ്പോൾ ഇത്രയും കുറഞ്ഞ പ്രായത്തിൽ പാപ്പാസ്ഥാനത്തു അധികംപേർ പ്രവേശിച്ചിട്ടില്ലെന്നു കാണാം. തന്നിമിത്തം, സുദീർഘമായ ഒരു ഭരണകാലവും വിജയപ്രദമായ പല മഹനീയനേട്ടങ്ങളും ലോകം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവിടുന്നു മാർപ്പാപ്പായായപ്പോൾത്തന്നെ ഈ പ്രതീക്ഷ സർവ്വത്ര പ്രകടിതമായതാണു്.

പന്ത്രണ്ടാം പീയൂസ് സിംഹാസനാരോഹണം ചെയ്തപ്പോൾ ലോകം ആകമാനം വിഭ്രമം പൂണ്ടിരുന്നു; യുദ്ധഭീഷണികളും കിംവദന്തികളും എവിടേയും. സാമുദായി

കവും രാഷ്ട്രീയവും സാമ്പത്തികവുമായ പരിവത്തനങ്ങൾ ജനങ്ങളെ പരിഭ്രാന്തരാക്കി. അവിടുത്തെ സ്ഥാനലബ്ധിയെത്തന്നേയും പലരും പല വിധത്തിലാണു വീക്ഷിച്ചുകൊണ്ടിരുന്നതു്. പ്രജായത്തരാജ്യങ്ങൾ തിരുമേനിയെ സഹഷം അനുമോദിച്ചു. ഏകഛത്രാധിപതികളുടെ മനം കലങ്ങി. ഏകമേധാവിത്വത്തോടു കർദ്ദിനാൾ പച്ചെല്ലിക്കു വിരോധമൊന്നുമില്ലെങ്കിലും, അധികാരഭ്രഷ്ടു പ്രഭുക്കളുടെ കുത്സിതപ്രവത്തനങ്ങളോടു്—തങ്ങളെത്തന്നെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചു്, പൗരന്മാരുടെ ആത്മാവിനേയും മനസ്സാക്ഷിയേയും അവകാശപ്പെടുത്തുന്നതിനു ശ്രമിക്കുന്ന പ്രജാപീഡകന്മാരുടെ ഹീന നയത്തോടു്—അവിടുത്തേക്കുള്ള വിദ്വേഷത്തെപ്പററി ഏവർക്കുമറിയാമായിരുന്നു.

കമ്യൂണിസമാണു് അവിടുത്തെ രംഗപ്രവേശത്തെ കൂടുതൽ ഉൽകണ്ഠയോടെ അഭിവീക്ഷിച്ചതു്. അതിന്റെ സിദ്ധാന്തങ്ങളോടു തിരുമേനിക്കുള്ള വിപ്രതിപത്തിയും അവക്കെതിരായി അവിടുന്നു നടത്തിയിട്ടുള്ള പ്രസംഗങ്ങളും പ്രവർത്തനങ്ങളും രക്തവർണ്ണക്കാരെ അമർഷാകുലരാക്കിയിരുന്നു.

പരിശുദ്ധ പിതാവിന്റെ സിദ്ധാന്തങ്ങളുടെ യുക്തിയുക്തതയെ ആരും ചോദ്യം ചെയ്യുമെന്നു തോന്നുന്നില്ല. കുടുംബങ്ങളുടെ ആസ്തിക്യത്തെ അപകടത്തിലാക്കുന്ന കമ്യൂണിസം സമുദായത്തിന്റെ സുസ്ഥിതിയെ നശിപ്പിക്കുന്ന പ്രകൃതിവിരുദ്ധമായ ഒരു മഹാതിന്മയാണു്.

കമ്യൂണിസത്തിന്റെ സഹോദരനാണു നാസിസം. സത്യത്തിനും നീതിക്കും കടകവിരുദ്ധമായ ഇവ രണ്ടിന്റേയും പ്രവത്തനരീതി ഭിന്നമാണെങ്കിലും ലക്ഷ്യം ഒന്നുതന്നെ—വിപ്ലവവും വിനാശവും. ആദ്യം പരസ്പരവിരുദ്ധങ്ങളായ രണ്ടുപ്രസ്ഥാനങ്ങളാണെന്നു പേരു മുഴക്കിക്കൊണ്ടു് അവ രംഗപ്രവേശം ചെയ്തു. നിരപരാധിയായ പോളണ്ടിനെ പങ്കുവയ്ക്കുവാൻ കാലമായപ്പോൾ രണ്ടും യോജിച്ചു; സ്വാതന്ത്ര്യം സാധിച്ചു കഴിഞ്ഞപ്പോൾ വീണ്ടും ഭിന്നിച്ചു. ഇവയു

ടെ പ്രവർത്തനത്തിനു വിരുദ്ധമായി നിലയുറപ്പിച്ച രണ്ടു ധീരന്മാർ ഫ്രാങ്കോയും സലാസറും ആണ്. സലാസറിന്റെ നേതൃത്വത്തിൽ പോർട്ടുഗൽരാജ്യത്തിൽ പ്രാവർത്തികമായിവരുന്ന കോർപ്പറേററു സ്റ്റേററുപദ്ധതി പരിശുദ്ധ പിതാവിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു തന്റെ സ്റ്റേററുസെക്രട്ടറിയായി കർദ്ദിനാൾ മെലിയോണെ തിരുമേനിയെ തിരഞ്ഞെടുത്തപ്പോൾ ഏകമേധാവിത്വം പുലർത്തിവന്ന രാഷ്ട്രങ്ങൾ അകപ്പാടേ വിരണ്ടു. ആ തിരുമേനിയുടെ ആദർശങ്ങൾ അവർക്കു് അറിയാമായിരുന്നു.

മനസ്സാക്ഷി സ്വാതന്ത്ര്യത്തെ വിഫലതപ്പെടുത്തുന്നതും വർഗ്ഗമത്സരത്തെ ഉത്തേജിപ്പിക്കുന്നതുമായ ഭരണസിദ്ധാന്തങ്ങളോടു പതിനൊന്നാം പീയൂസ് പാപ്പാ അനുവർത്തിച്ചിരുന്ന നയം നമുക്കറിവുള്ളതാണല്ലോ. പ്രസ്തുത നയം തന്നെയാണു പന്ത്രണ്ടാം പീയൂസും തുടർന്നുകൊണ്ടുപോരുന്നതു്. കിരീടധാരണത്തിനുശേഷം അവിടുന്നു് ആദ്യമായി ലോകത്തിനു നല്കിയ സന്ദേശത്തിൽ—"സാഹോദര്യത്തിലും പരസ്പരസഹായത്തിലും സൗഹാർദ്ദസഹകരണത്തിലും ഹൃദയംഗമമായ അനുഭാവത്തിലും അധിഷ്ഠിതമായ" സമാധാനത്തെപ്പററിയുള്ള സന്ദേശത്തിൽ—ഈ സംഗതി അവിടുന്നു വ്യക്തമാക്കിയിട്ടുണ്ടു്. "ഗൗരവാവഹമായ ഒരു ചുമതല"യായി അവിടുന്നു് ഇതിനെ പരിഗണിക്കുന്നു. മുമ്പൊരിക്കൽ, ചെക്കോ-സ്ലോവാക്കിയായും ജർമ്മനിയും തമ്മിൽ ഉൽകണ്ഠാജനകമായ ഒരു വടംവലി നടന്നുകൊണ്ടിരുന്ന ഘട്ടത്തിൽ, ബുഡാപ്പെസ്റ്റിൽ വച്ചു പതിനൊന്നാം പീയൂസ് പാപ്പായുടെ വാക്കുകളെ ഇപ്രകാരം അവിടുന്നു് ഉദ്ധരിക്കുകയുണ്ടായി:

"ഈ സമയത്തു ജീവിക്കുന്നതിനു നമ്മെ അനുവദിച്ചതിൽ ദൈവത്തോടു നാം അതീവ കൃതജ്ഞനാണു്. ലോകത്തിനനുഭവപ്പെട്ടിട്ടില്ലാത്ത വിധം അത്യന്തം ഗുരുതരമായ ഒരു അപൽഘട്ടമാണു് ഇപ്പോൾ നാം തരണം ചെയ്യു

കൊണ്ടിരിക്കുന്നതു്. ഭയജനകമായ ഈ നാടകത്തിൽ തന്റെ ഭാഗം അഭിനയിക്കുന്നതിൽ ഓരോരുത്തനും അഭിമാനമുള്ളവനായിരിക്കണം. നന്മയും തിന്മയും ഭയങ്കരമായ ഒരു സംഘട്ടനത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതിപ്രധാനമായ ഈ സമയത്തു് അലക്ഷ്യമായി നോക്കിക്കൊണ്ടിരിക്കുവാൻ ഒരുത്തനും അവകാശമില്ല.''

പതിനൊന്നാം പീസ്സിന്റെ വാക്കുകൾ പന്ത്രണ്ടാം പീസ്സിൽ വളരെ അന്വർത്ഥമായിരിക്കുന്നില്ലേ?

# പതിമൂന്നാമദ്ധ്യായം

---

## നീതിയും സമാധാനവും.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ സ്ഥാനാരോഹണം ചെയ്തപ്പോൾ തിരഞ്ഞെടുത്ത സ്ഥാനമുദ്രയിൽ ഒരു മാടപ്പിറാവ് ഒരു ഒലിവുകൊമ്പു കൊക്കിൽ പിടിച്ചുകൊണ്ടിരിക്കുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ ചിത്രത്തിൽ ഒരു വാക്യവും രേഖപ്പെടുത്തിയിട്ടുണ്ട്: "നീതിയുടെ പരിണതഫലം സമാധാനം." ഇതാണു തിരുമേനി ജീവിതാദർശമായി സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം.

പരിശുദ്ധ പിതാവു മകുടമണിഞ്ഞ ദിനങ്ങൾ ലോകത്തിനു് ആനന്ദസന്ദായകങ്ങളായിരുന്നെങ്കിലും, ഭീതിയും ഉൽകണ്ഠയും നിറഞ്ഞ കറുത്ത മേഘപടലങ്ങൾ നിമിത്തം അന്തരീക്ഷം മുഴുവനും പ്രക്ഷുബ്ധമായിരുന്നു. രാഷ്ട്രനേതാക്കന്മാരുടെ അതിമോഹവും അഹമ്മതിയും ഭയങ്കരമായ ഒരു ലോകയുദ്ധത്തിൻെറ അത്യാസന്നതയെ പ്രസ്പഷ്ടമാക്കി.

ഉൽകണ്ഠാകലുഷിതമായ ഈ സ്തംഭനാവസ്ഥ തുടരുകയാണെങ്കിൽ ഉണ്ടാകാൻപോകുന്ന ഭയങ്കരവിപത്തുകളെ അവിടുന്നു മുൻകൂട്ടികണ്ടു. സമരത്തെ ഒഴിച്ചുവിടുവാൻ തിരുമേനി നടത്തിയ മഹായത്നങ്ങൾ ലോകം ഒരിക്കലും വിസ്മരിക്കുകയില്ല. "തൻെറ മററു കർത്തവ്യങ്ങൾ അവഗണിച്ചുകൊണ്ടു" കൂടെയാണു് ഇതിനുവേണ്ടി അവിടുന്നു ശ്രമിച്ചതു്. വിദേശരാജ്യപ്രതിനിധികളും രാജ്യതന്ത്രജ്ഞന്മാരും സ്റ്റേററുസെക്രട്ടറിയെ അനുദിനമെന്നല്ല, ദിവസം പല പ്രാവശ്യവും സന്ദർശിച്ചു ദീർഘസംഭാഷണങ്ങൾ നടത്തി. ഇവയെപ്പററിയുള്ള സൂക്ഷ്മവിവരങ്ങൾ നമുക്കു ലഭ്യമല്ല. തൻെറ പരിശ്രമങ്ങളും നിർദ്ദേശങ്ങളും തീരെ വിഫലമാകുന്നതുകണ്ടു്, അപ്പോഴത്തെ ആശങ്കാ

ജനകമായ അസ്വാസ്ഥതയുടെ യാഥാത്ഥ്യവും ലോകം അനുഷ്ഠിക്കേണ്ട കത്തവ്യവും ജനങ്ങളെ മനസ്സിലാക്കുന്നതിനായി പരിശുദ്ധ പിതാവു ഹൃദയസ്പർശകമായ ഒരു പ്രസംഗം പ്രക്ഷേപണം ചെയ്തു. ശ്രോതാക്കളുടെ അന്തരംഗം തുളഞ്ഞുകയറുന്ന ഒരു പൈതൃകാഹ്വാനമായിരുന്നു അതു്. ലോകം അതു ശ്രവിച്ചിരുന്നെങ്കിൽ!! ചരിത്രപ്രാധാന്യം അർഹിക്കുന്ന പ്രസ്തുത പ്രസംഗത്തിലെ ഏതാനും ഖണ്ഡികകൾ ബ്രിട്ടീഷ് ധവളപത്രത്തിൽനിന്നും ഉദ്ധരിച്ചുകൊള്ളട്ടെ:

"നരകുലത്തിനു് ആകമാനം ഗുരുതരമായ ഒരു വിപൽഘട്ടം—നമ്മുടെ ഹൃദയത്തിനു് അവഗണിക്കുവാൻ നിവൃത്തിയില്ലാത്തതും, മനുഷ്യനെ നീതിയുടേയും സമാധാനത്തിന്റെയും സുമാർഗ്ഗത്തിൽക്കൂടി നയിക്കുന്നതിനു ദൈവം നല്കിയിരിക്കുന്ന നമ്മുടെ ആദ്ധ്യാത്മികാധികാരത്തിനു് ഒഴിഞ്ഞുമാറി നില്ക്കുവാൻ പാടില്ലാത്തതുമായ പ്രധാനപ്പെട്ട പരിചിന്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു ആപൽസന്ധി— ഇതാ വീണ്ടും നേരിട്ടിരിക്കുന്നു.

"ഇത്രയും വലിയ ഒരുത്തരവാദിത്വത്തിന്റെ മഹാഭാരം വഹിക്കുന്ന നിങ്ങളേവരോടും കൂടി ഇത്തരുണത്തിൽ നമ്മേയും നിങ്ങൾ വീക്ഷിച്ചാലും; ജീവിതത്തിന്റെ മഹനീയ മാതൃക ആരിൽനിന്നു ലോകം സ്വീകരിച്ചുവോ, ലോകത്തിലെ ഭീകരങ്ങളായ പ്രക്ഷോഭണങ്ങൾ ശമിപ്പിക്കുന്നതിനു പ്രാപ്തിയുള്ള ദിവ്യവചസ്സുകൾ ആരുടെ പക്കലുണ്ടോ, ആ ക്രിസ്തുനാഥന്റെ സ്വരം നമ്മുടെ വാക്കുകളിൽക്കൂടി നിങ്ങൾ ശ്രവിച്ചാലും.

"ജനനേതാക്കന്മാരേ, രാഷ്ട്രനേതാക്കന്മാരേ, സൈന്യനേതാക്കന്മാരേ, ലേഖകന്മാരേ, പ്രസംഗകന്മാരേ, സമസ്തജ്ഞങ്ങളുടെ ചിന്തയിലും പ്രവത്തനത്തിലും സ്വാധീനതാശക്തി ചെലുത്തി അവരുടെ ഭാഗധേയങ്ങൾ നിണ്ണയിക്കുന്നതിനു ചുമതലപ്പെട്ടിരിക്കുന്ന ജനപ്രമാണികളേ, ഇതാ നാം നിങ്ങളുടെ കൂടെയുണ്ടു് എന്നറിഞ്ഞാലും.

"മത്സരങ്ങൾക്കും വികാരാധീനതയ്ക്കും അതീതനായി

സത്യത്തിൻെറ വചനങ്ങൾമാത്രം ആയുധമായി ധരിച്ചു കൊണ്ടു നാം നിങ്ങളോടു സംസാരിക്കുന്നു. ആവർത്തി ച്ചാവർത്തിച്ചുള്ള നമ്മുടെ അഭ്യർത്ഥനകൾക്കു വിരുദ്ധമായി ഒരു ലോകമഹായുദ്ധത്തെപ്പററിയുള്ള ഭയം രൂക്ഷതരമായി ത്തീർന്നിരിക്കുന്ന ഈ അവസരത്തിൽ, ദാരുണമായ ഒരു കൊടിയയുദ്ധം അത്യാസന്നമാണെന്നു പ്രദ്യോതിപ്പിക്കുന്ന വിധം മനുഷ്യരുടെ ഹൃദയങ്ങൾ അഭിപ്രായവ്യത്യാസങ്ങ ളാൽ കൊടുംപിരി കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, അ ധികാരം നടത്തുന്നവരുടേയും അവർക്കു വിധേയരായിരി ക്കുന്നവരുടേയും ആത്മാർത്ഥമായ പരിചിന്തനത്തിനായി പൈതൃകവാത്സല്യം തുളുമ്പുന്ന വികാരങ്ങളോടുകൂടി അ ഭിനവവും ഹൃദയംഗമവുമായ ഒരു അഭ്യർത്ഥന ഇതാ നാം പുറപ്പെടുവിക്കുന്നു.

"അധികാരികൾ കുററാരോപണങ്ങളും ഭീഷണിക ളും, പരസ്പരം അപ്രിശ്വാസത്തിനുള്ള കാരണങ്ങളും ദൂരതഃ പരിവർജ്ജിച്ചുകൊണ്ടു് ഇപ്പോഴത്തെ അവരുടെ അഭിപ്രാ യവ്യത്യാസങ്ങളെ അഭികാമ്യമായ മാർഗ്ഗത്തിൽക്കൂടി, അ തായതു്, പരസ്പരസമ്മതത്തോടെയുള്ള ഒത്തുതീർപ്പുകൾ വ ഴിയായി, ഇല്ലാതാക്കുന്നതിനു യത്നിക്കട്ടെ; ഇളകാത്ത ശാ ന്തത പാലിച്ചുകൊണ്ടും വ്യവസ്ഥാപിതമല്ലാത്ത പ്രക്ഷോഭ ണങ്ങളിൽ ഏർപ്പെടാതെയിരുന്നുകൊണ്ടും തങ്ങളുടെ ഭരണ കർത്താക്കളുടെ സമാധാനപരിശ്രമങ്ങളെ പ്രോത്സാഹി പ്പിക്കുന്നതിനു ഭരണീയരും ശ്രമിക്കട്ടെ.

"നീതി പുരോഗമനം ചെയ്യുന്നതു് ആയുധങ്ങളുടെ ശക്തികൊണ്ടല്ല, പ്രത്യുത, സുബുദ്ധിയുടെ പ്രേരണകൊ ണ്ടാണു്. നീതിനിഷ്ഠയിൽ അധിഷ്ഠിതമല്ലാത്ത സാമ്രാ ജ്യങ്ങൾ ദൈവത്താൽ അനുഗ്രഹീതങ്ങളല്ലതന്നെ. ധാർമ്മി കനിയമങ്ങളിൽ നിന്നു വ്യതിചലിക്കുന്ന രാജ്യതന്ത്രം അവ യുടെ പ്രയോക്താക്കളെത്തന്നെ അപകടത്തിൽ നിപതി പ്പിക്കുന്നു.

"ആപത്തു് അത്യാസന്നമാണു്; എന്നാലും അല്പം സ മയംകൂടി ഇനിയും ശേഷിച്ചിട്ടുണ്ടു്. സമാധാനംകൊണ്ടു

യാതൊന്നും നഷ്ടമാകുന്നില്ല; യുദ്ധം എല്ലാററിനേയും നിശ്ശേഷമാക്കിയേക്കാം.

"മനുഷ്യർ പരസ്പരധാരണയിലേക്കു പിന്തിരിയട്ടെ; പരിചിന്തനങ്ങൾ പുനരാരംഭിക്കട്ടെ. നന്മനസ്സോടും ഉഭയകക്ഷികളുടേയും അവകാശങ്ങളോടുള്ള ന്യായ്യമായ ആദരവോടുംകൂടി ആത്മാർത്ഥമായ കൂടിയാലോചനകൾ നടത്തുന്നവർക്കു് അഭിമാനകരമായ ഒത്തുതീർപ്പിനുള്ള സാധ്യതകൾ ഇനിയും ഉണ്ടെന്നു കാണാവുന്നതാണു്.

"വികാരവിഹ്വലതയുടെ മുറവിളികളെ അവഗണിച്ചുകൊണ്ടു്—അവ സമൂഹപരമോ വ്യക്തിപരമോ ആയിരുന്നുകൊള്ളട്ടെ—സുബുദ്ധിയെ നിയമാനുസൃതമായ പ്രവർത്തനത്തിനു വിട്ടുകൊണ്ടു്, തങ്ങളുടെ സഹോദരരുടെ രക്തച്ചൊരിച്ചിലിനെ തടയുകയും ജന്മദേശത്തെ വിനാശത്തിൽനിന്നു വിമോചിക്കുകയും ചെയ്യുന്നവർക്കു മഹത്വത്തെപ്പററിയുള്ള—അതേ, യഥാർത്ഥ മഹത്വത്തെപ്പററിയുള്ള—അഭിമാനബോധം അനുഭവവേദ്യമാകുന്നതാണു്.

"ക്രൈസ്തവമഹാകുടുംബത്തിലെ ഈ വത്സലപിതാവിൻെറ ശബ്ദം, അവരുടെ ഇടയിൽ അദൃശ്യമായിട്ടാണെങ്കിലും യേശുക്രിസ്തുവിൻെറ പ്രാതിനിധ്യവും സ്വരവും അധികാരവും വാസ്തവികമായി സംവഹിക്കുന്ന ഈ ദാസന്മാരുടെ ദാസൻെറ ശബ്ദം, മനുഷ്യഹൃദയങ്ങളിലും മനസ്സിലും ഹൃദ്യവും അനുഭാവപൂർണ്ണവുമായ സ്വീകരണം കണ്ടെത്തുന്നതിനു സർവ്വേശ്വരൻ കൃപ ചെയ്യട്ടെ!

"അനീതിയാൽ ശക്തിഹീനരാകാതിരിക്കുന്നതിനുവേണ്ടി സുശക്തന്മാർ നമ്മുടെ സ്വരം കേൾക്കട്ടെ; തങ്ങളുടെ പ്രാബല്യം വിനാശകാരണമായിത്തീരാതെ, ജനങ്ങളുടെരക്ഷയ്ക്കും, പൊതുജീവിതക്രമത്തിലും പ്രവർത്തനത്തിലും ഉള്ള പ്രശാന്തതയ്ക്കും, നിദാനമായിത്തീരണമെന്നാഗ്രഹിക്കുന്നുവെങ്കിൽ പ്രബലന്മാർ നമ്മുടെ സ്വരം ശ്രവിക്കട്ടെ.

"അനന്യശരണകളായ അനേകം മാതാക്കളുടേ

യും, തങ്ങളുടെ കുടുംബങ്ങളെ അനാഥമായി പരിത്യജിക്കുവാൻ നിർബന്ധിതരായേക്കാവുന്ന പിതാക്കന്മാരുടേയും, കൂലിപ്പണി ചെയ്യുന്ന കാര്യജ്ഞാനം കുറഞ്ഞ വിനീതമാനസരുടേയും, ഭയങ്കരമായ ഭീഷണികൾക്കു ദയനീയമായി വിധേയരായിരിക്കുന്ന ന്യായപരാധികളുടേയും, പരിശുദ്ധവും മഹനീയവുമായ ആദർശവിശേഷങ്ങളാൽ ഉദ്ബുദ്ധരായ യുവാക്കന്മാരുടേയും ഹൃദയങ്ങൾ ഇതാ നമ്മുടെ ഹൃദയത്തോടൊന്നിച്ചു തുടിച്ചുകൊണ്ടിരിക്കുന്നു.

"നരകുലം മുഴുവനും, കൊല്ലുകയും നശിപ്പിക്കുകയും ചെയ്യുന്ന ഇരുമ്പായുധങ്ങൾക്കുവേണ്ടിയല്ല, നീതിയ്ക്കും ഭോജനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നമ്മോടുകൂടി തെരഞ്ഞുകൊണ്ടിരിക്കുന്നു. ഗൗരവാവഹമായ തന്റെ ഏകശാസനത്തെ—സഹോദരസ്നേഹനിയമത്തെ—തന്റെ സഭയുടെ സാരാംശവും, വ്യക്തികൾക്കും ജനതകൾക്കും രക്ഷയെ വാഗ്ദാനം ചെയ്യുന്നതുമായ ആ മഹനീയപ്രമാണത്തെ—സ്ഥാപിച്ച ക്രിസ്തുതന്നെ നമ്മോടൊന്നിച്ച് സമാധാനസ്ഥാപനത്തിനായി സകലരേയും ഇതാ ആഹ്വാനം ചെയ്യുന്നു.

പ്രാചീനമായ കിരാതത്വത്തിലേക്കു കുതിച്ചുപായുന്ന അന്ധമായ ലോകത്തിനു് ക്രൈസ്തവസംസ്കാരത്തിന്റെ അനിഷേധ്യപാലകനായ പരിശുദ്ധ പിതാവു നല്കിയ മർമ്മസ്പർശകമായ ഒരു സന്ദേശമായിരുന്നു ഇതു്. ഹൃദയസ്പൃക്കായ അവിടുത്തെ പൈതൃകശാസനത്തിന്റെ ശബ്ദതരംഗങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിപ്പെട്ടു. സമാധാനവും പ്രശാന്തതയും ആഗ്രഹിച്ചിരുന്ന വിശാലഹൃദയങ്ങളെ അവ കോൾമയിർകൊള്ളിച്ചു.

അന്നു സായാഹ്നത്തിൽ ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായ ഹാലിഫാക്സ് പ്രഭു അവർകൾ പ്രക്ഷേപണം ചെയ്ത പ്രസംഗത്തിൽ മാർപ്പാപ്പായുടെ സമാധാനാഭ്യർത്ഥനകളിലുള്ള ഉദ്ബോധനങ്ങളെ രണ്ടു പ്രാവശ്യം അനുസ്മരിക്കുകയുണ്ടായി. പരിശുദ്ധ പിതാവിന്റെ സ്തുത്യർഹമർ

യ സമാധാനസ്ഥാപനശ്രമങ്ങളിൽ ഫ്രഞ്ചുജനതയ്ക്കുള്ള ഹൃദയംഗമമായ അനുഭാവത്തെ പ്രകടിപ്പിക്കുന്നതിനും, ഫ്രഞ്ചുകാരുടെപേർക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനുംവേണ്ടി പ്രധാനമന്ത്രി ഡലാഡിയെ അന്നുതന്നെ ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തി. വത്തിക്കാനിലേ ഫ്രഞ്ചുപ്രതിനിധി എം. ചാൾസ്റോ, പോളിഷ് പ്രതിനിധി ഡോക്ടർ പാപ്പീ, ബ്രിട്ടീഷ് മന്ത്രി ഓസ്ബോൺ, എന്നിവർ പന്ത്രണ്ടാം പീയൂസിനേയും സ്റ്റേറ്റുസെക്രട്ടറിയേയും സന്ദർശിച്ചു ദീർഘസംഭാഷണങ്ങൾ നടത്തുകയുണ്ടായി.

പക്ഷേ, സമരസജ്ജീകരണങ്ങളുടെ സുശക്തതയിലും സൈന്യസന്നാഹങ്ങളുടെ പ്രബലതയിലും ഉന്മത്തരായിത്തീർന്നിരുന്ന ചില രാഷ്ട്രങ്ങൾ തിരുമേനിയുടെ പൈതൃകനിമന്ത്രണങ്ങളെ അവജ്ഞാപൂർവ്വം തിരസ്കരിച്ചുകളഞ്ഞു: അവരുടെ രക്ഷയ്ക്കുവേണ്ടി അവിടുന്നു സഹിച്ച ക്ലേശങ്ങളെ അവർ കൃതഘ്നതാപൂർവ്വം ഭത്സിച്ചു. കഷ്ടം! തങ്ങൾ ചെയ്യുന്നതെന്തെന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ! എന്തുചെയ്യാം! അതറിയണമെങ്കിൽ കുറെക്കൂടി കഴിയണം. ആദ്യത്തെ ലോകയുദ്ധത്തിലെന്നതുപോലെ, സകലതും നശിച്ചു ശത്രുക്കളുടെ പാദങ്ങളെ കണ്ണുനീരുകൊണ്ടു കഴുകുന്നതിനു നിർബന്ധിതരാകുന്ന ആ ദുർദ്ദിനത്തിലെങ്കിലും തിരുമേനിയുടെ പൈതൃകാഹ്വാനത്തെപ്പറ്റി അവർ ചിന്തിക്കുകയില്ലേ? എന്നാൽ, ആ സമയത്ത് എന്തുപ്രയോജനം!!

പന്ത്രണ്ടാം പീയൂസിന്റെ തുറന്ന പ്രസ്താവനകൾ അനേകലക്ഷം ജനങ്ങളുടെ ഹൃദയങ്ങളെ തുളച്ചുകയറി; സംഗതികളുടെ ഗുരുതരമായ യാഥാർത്ഥ്യം അവരറിഞ്ഞു. അതു് ഒരു വിജയമല്ലേ? അതിൽ അവിടുത്തേയ്ക്കു തീർച്ചയായും അഭിമാനം കൊള്ളാം. ഒരു കത്തോലിക്കാ രാജ്യമെന്നു പ്രശംസിക്കപ്പെട്ടിരുന്ന ഇററലിയെ വിഴുങ്ങുവാൻ വാതുറന്നിരിക്കുന്ന ക്രൂരസമരത്തിന്റെ സാമീപ്യത്തെപ്പററി ആ രാജ്യക്കാർ ശരിയായി അറിഞ്ഞിരുന്നില്ല. മാപ്പാപ്പാ

യുടെ പൈതൃകശബ്ദം ശ്രവിക്കുന്നതിനു റേഡിയോ യന്ത്രങ്ങളുടെ ചുററും അവർ തിങ്ങിക്കൂടി. ശാന്തമായ പരിചിന്തനവും വിട്ടുവീഴ്ചകൾ ചെയ്യുന്നതിനുള്ള സന്നദ്ധതയും കൊണ്ടു മാത്രമേ ഈ വിപൽഘട്ടത്തിൽനിന്നു മോചനം ലഭിക്കുകയുള്ളൂ എന്നു് അവർക്കു ദൃഢബോധം വന്നു. പക്ഷേ—അതു ക്ഷണികമായിപ്പോയി!

ഒരു നിമിഷംകൊണ്ടു യൂറോപ്പു ഭയങ്കരമായ ഒരു യുദ്ധക്കളമായിത്തീർന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ലോകശക്തികളുടെ സംഘട്ടനങ്ങളിലും തർക്കങ്ങളിലും നേരിട്ടു് ഇടപെടുകയെന്നതു് എപ്പോഴും പാപ്പാസ്ഥാനത്തിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്നില്ല. ഒരു കാലത്തു യൂറോപ്പിലെ രാഷ്ട്രങ്ങളെല്ലാം തന്നെ മാർപ്പാപ്പായുടെ അധികാരത്തിനു കീഴ്പെട്ടിരുന്നു. പലപ്പോഴും മഹാസമരങ്ങളെത്തന്നെ തടയുന്നതിനു പത്രോസിന്റെ പിൻഗാമികൾക്കു സാധിച്ചിട്ടുണ്ടു്. അലക്സാണ്ടർ ആറാമൻ തിരുസ്സഭാഭരണം നടത്തിയിരുന്ന കാലത്തു സ്പെയിനും പോർട്ടുഗലും തമ്മിൽ രാജ്യാതിർത്തിക്കാര്യത്തിൽ ഒരു കലഹമുണ്ടായി. ഒരു സമരത്തിനുള്ള സകല ലക്ഷണങ്ങളും കണ്ടുതുടങ്ങി. മാർപ്പാപ്പാ ഒരു ഭൂപടമെടുത്തു രണ്ടുകൂട്ടരുടേയും അതിർത്തികൾ നിർണ്ണയിച്ചുകൊടുത്തു. സ്പെയിനും പോർട്ടുഗലും തമ്മിലുണ്ടായ തർക്കം അതോടെ അവസാനിച്ചു. ഇന്നാവട്ടെ, യൂറോപ്പിലെ സ്ഥിതി അതല്ല. ലൗകികഭരണത്തിൽ മാർപ്പാപ്പായ്ക്കു യൂറോപ്പിലെ രാഷ്ട്രങ്ങളുടെ മേൽ യാതൊരു മേൽക്കോയ്മയുമില്ല; ലൗകികഭരണത്തിൽ മാർപ്പാപ്പാമാർ കൈകടത്തുന്നതു രാജ്യക്ഷേമത്തിനു വിഘാതമാണെന്നു് ഇററലിക്കാർപോലും വിചാരിച്ചിരുന്നു. പേപ്പൽസംസ്ഥാനങ്ങളെ കൊള്ളചെയ്യുന്നതിനുവേണ്ടി രൂപവൽകരിച്ച ഈ സിദ്ധാന്തത്തിന്റെ വിനാശഫലങ്ങൾ ഇന്നു യൂറോപ്യൻരാജ്യങ്ങൾ, വിശിഷ്യ ഇററലിയും, നന്നായി അനുഭവിക്കുന്നുണ്ടു്. രാഷ്ട്രങ്ങളുടെ ലൗകായതികത്വം നിമിത്തം പോപ്പുരാജന്റെ പ്രേരണാശക്തി അവയിൽ സഫലമായി ചെലുത്താൻ സാധി

ക്കുന്നില്ല. എന്തിനും കത്തോലിക്കാസഭയേയും പാപ്പാസ്ഥാനത്തേയും കുററപ്പെടുത്തുവാൻ ശ്രമിക്കുന്നവർ ഈ വാസ്തവം അറിഞ്ഞിട്ടില്ലായിരിക്കാം.

മാർപ്പാപ്പാ ഒരു സ്വതന്ത്രരാജൻ കൂടിയാണ്. പക്ഷെ, ആത്മാക്കളുടെ നിത്യരക്ഷയാണ് അവിടുത്തെ പ്രവൃത്തനങ്ങളുടെ പ്രഥമലക്ഷ്യം. അതിനെ അപകടത്തിലാക്കുന്ന യാതൊരു നയതന്ത്രത്തേയും അവിടുന്ന് അംഗീകരിക്കുകയില്ല. മഹനീയങ്ങളായ തത്വങ്ങളെ അവഗണിക്കുന്നവർക്കെതിരായി അവിടുന്ന് എന്നും പ്രതിഷേധസ്വരമുയർത്തുകതന്നെ ചെയ്യും. ഹതഭാഗ്യയായ പോളണ്ടിൻെറ ദുർദ്ദശയിൽ, "അഖിലലോകത്തിൻേറയും ഉദാരമായ സഹതാപത്തിനു സർവ്വഥാ അർഹയായ അവൾ പുനരുത്ഥാനനിമിഷത്തെ ക്ഷമാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനു" അവിടുന്ന് ഉദ്ബോധിപ്പിച്ചതു് ഇക്കാരണത്താലാണ്.

ലിത്വാനിയായുടെ പ്രതിനിധിയെ ഔദ്യോഗികമായി വത്തിക്കാനിൽ സ്വീകരിച്ചപ്പോഴും ഏതാദൃശമായ ഒരു പ്രസ്താവന അവിടുന്നു നല്കുകയുണ്ടായി. ക്രൈസ്തവ നാഗരികതയിൽ അധിഷ്ഠാപിതമായിരുന്ന യൂറോപ്യൻ സംസ്കാരത്തിൻെറ സമൂലനാശത്തിനുവേണ്ടി ശത്രുക്കൾ ചെയ്യുന്ന നിഗ്രഢശ്രമങ്ങളുടെ വിലപനീയങ്ങളായ ദുഷ്ഫലങ്ങളെപ്പററി മുന്നറിയിപ്പു നല്കിക്കൊണ്ടു തിരുമേനി പ്രസ്താവിച്ചതിപ്രകാരമാണ്:

"ഏതികച്ചും ക്രൈസ്തവമായ സംസ്കാരത്തിൽ ദൃഢസ്ഥാപിതമായിരിക്കുന്ന യൂറോപ്പിൻെറ വിവിധരംഗങ്ങളിൽ ദൈവത്തിൻെറ ശത്രുക്കൾ പരത്തുന്ന പ്രബോധനങ്ങളുടേയും നടത്തുന്ന പ്രവത്തനങ്ങളുടേയും കരിനിഴൽ അനുദിനം വർദ്ധിച്ചുവരുകയും, അവരുടെ യത്നങ്ങൾ സുസംഘടിതവും ഭീകരവുമായി പരിണമിക്കുകയും ചെയ്തിരിക്കുന്ന ഈ ഘട്ടത്തിൽ, ആത്മാക്കളുടെ രക്ഷയിൽ വന്നുകൂടുന്ന വിപത്തുകൾ അവണ്ണനീയങ്ങളാണ്. ഇതരചരിത്രഘട്ടങ്ങളെ അപേക്ഷിച്ച്, ഈദൃശസാഹചര്യങ്ങളിൽ, യൂറോ

ഷ്ടിന്റെ ഭാവിനന്മയ്ക്കും വലുതും ചെറുതുമായ സകല ജനതകളുടേയും രക്ഷയ്ക്കുംവേണ്ടി നമ്മുടെ ക്രൈസ്തവപാരമ്പര്യത്തെ അഭംഗമായി പരിരക്ഷിക്കുകയെന്നതു് അനുപേക്ഷണീയമായ ഒരു പ്രധാന കർത്തവ്യമായിത്തീർന്നിരിക്കുന്നു.''

പന്ത്രണ്ടാം പീയൂസിന്റെ സംഭവബഹുലമായ ഭരണത്തിലെ ആദ്യമാസങ്ങളിൽ തിരുമനസ്സുകൊണ്ടു നടത്തിയ അഭ്യർത്ഥനകളുടേയും അനുശാസനങ്ങളുടേയും സംക്ഷേപം അവിടുത്തെ പ്രഥമ ചാക്രികലേഖനമായ ''സ്സുമ്മി പൊന്തിഫിക്കാത്തൂസ്''കാണാവുന്നതാണു്. 1939-ലെ ക്രിസ്തുരാജമഹത്തിന്റെ തലേദിവസമാണു് അതു പ്രസിദ്ധീകൃതമായതു്.

പരിശുദ്ധ പിതാവിന്റെ പ്രവർത്തനപരിപാടിയുടെ വിശദവിവരങ്ങളാണു് അതിലെ ഉള്ളടക്കം. യാതൊന്നും അവിടുന്നു മറച്ചുവയ്ക്കുന്നില്ല; അവിടുത്തെ നിലയുക്തിയുക്തവുമാണു്. ക്രിസ്തുമതവിരോധികൾ അവലംബിച്ചിട്ടുള്ള ലൗകായതികതത്വത്തെ അപലപിച്ചുകൊണ്ടു പതിനൊന്നാം പീയൂസ് തിരുമേനി പുറപ്പെടുവിച്ചിട്ടുള്ള അഭിശംസനങ്ങളെ ആവർത്തിച്ചതിനുശേഷം, രാഷ്ട്രത്തെ ദൈവത്തിന്റെ സിംഹാസനത്തിൽ അവരോധിക്കുന്നതിനു യത്നിക്കുന്ന ചില ആധുനിക രാഷ്ട്രാരാധകന്മാരുടെ കുനയത്തെ അസന്ദിഗ്ദ്ധമായ ഭാഷയിൽ അവിടുന്നു ശപിക്കുന്നു. സിവിൽനിയമങ്ങളെ ദൈവത്തിൽനിന്നും വേർപെടുത്തി, അവയെ വ്യക്തികളുടേയും സമുദായങ്ങളുടേയും പരമാന്ത്യമായി പ്രതിഷ്ഠിക്കുന്നതിനു് അവർ കാണിക്കുന്ന സാഹസം ചില്ലറയൊന്നുമല്ല.

അകംപൊള്ളയായ അബദ്ധതത്ത്വങ്ങളിൽ നിലയുറപ്പിക്കുന്ന പ്രവർത്തനങ്ങൾ ക്ഷണികമായ ഏതാനും വിജയങ്ങൾകൊണ്ടു് ഉപരിപ്ലവബുദ്ധികളായ സാധാരണന്മാരെ കുറെ സമയത്തേയ്ക്കു വിഭ്രമിപ്പിച്ചേക്കാമെങ്കിലും, അവയുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്നുള്ള മുന്നറിയിപ്പു് എത്ര അന്വർത്ഥമായിരിക്കുന്നു! ഭയങ്കരമായ ഒരു ലോകമഹായുദ്ധത്തിന്റെ വക്ത്രത്തിലേക്കു ഭൂഗോളത്തെ നി

ഷ്കരുണം എറിഞ്ഞുകൊടുത്ത ഹിററ്ലർ പ്രഭൃതികൾ, പരാജയത്തിൻേറയും പ്രപീഡനത്തിൻേറയും ശൃംഖലകൾ കഴുത്തിൽ വന്നുവീഴുന്നതു കണ്ടപ്പോൾ പന്ത്രണ്ടാം പീയൂസിൻെറ പ്രവചനത്തെപ്പററി അനുസ്മരിച്ചിരിക്കുമോ?

കുടുംബനായകന്മാരും നിരപരാധികളായ പിഞ്ചുകുഞ്ഞുങ്ങളും അനുഭവിക്കാനിരിക്കുന്ന അവർണ്ണനീയങ്ങളും നിർണ്ണയാതീതങ്ങളുമായ ദുരന്തദുരിതങ്ങളെപ്പററി വിചാരിക്കുമ്പോൾ അവിടുത്തെ മൃദുലഹൃദയം ശിഥിലമാകുന്നു. യാതൊരു കരുണയും കൂടാതെ ത്യാഗങ്ങളും പീഡകളും ജനങ്ങളുടെമേൽ വലിച്ചുവയ്ക്കുന്നതിനു തുനിയുന്ന രാഷ്ട്രനായകന്മാരോട് അവിടുന്നു പറയുന്നു:

"വ്യക്തികളോടും കുടുംബങ്ങളോടും രാഷ്ട്രം ആവശ്യപ്പെടുന്ന ത്യാഗങ്ങളുടെ ഭാരം വർദ്ധിക്കുന്നതോടൊപ്പം അവരുടെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യാവകാശങ്ങളും ഭദ്രതരമായി പരിപാലിക്കപ്പെടണം....വിഭവങ്ങളും രക്തവും രാഷ്ട്രത്തിനു് ആവശ്യപ്പെടാൻ കഴിഞ്ഞേക്കാം. എന്നാൽ, ദൈവം സമുദ്ധരിച്ചിരിക്കുന്ന ആത്മാക്കളേയോ? ഒരിക്കലുമില്ല.... '

നിഷ്പക്ഷമായ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു ലോകരംഗങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന ദാരുണപീഡനങ്ങളെപ്പററി ചിന്തിക്കുമ്പോൾ അവിടുത്തെ ഹൃദയം വെന്തുനീറുന്നു. നാരകീയമായ ഈ സമരത്തിൻെറ കാരണമായി അവിടുന്നു കാണുന്നതു്, ധാർമ്മികതത്വങ്ങളിൽ നിന്നുള്ള ആധുനികലോകത്തിൻെറ ശോചനീയമായ മാർഗ്ഗഭ്രംശമാണു്.

"സ്വാതന്ത്ര്യത്തിനും ജീവിതത്തിനും, സംസ്കാരത്തെ ലക്ഷ്യമാക്കിയുള്ള പുരോഗമനപരമായ വികാസത്തിനും, ഓരോ ജനതയ്ക്കും ഉള്ള ജന്മസിദ്ധമായ അവകാശത്തെ ആദരിക്കുന്നതിനു നിർബന്ധിക്കുന്നവയാണു പ്രസ്തുത തത്വങ്ങൾ. മനുഷ്യൻെറ മൗലികമായ അവകാശങ്ങൾക്കനുസൃതമായി രൂപവൽകരിക്കപ്പെട്ടിട്ടുള്ളവയും ലോകസമ്മ

തി ലഭിച്ചിട്ടുള്ളവയുമായ സന്ധിവ്യവസ്ഥകളെ വിശ്വസ്തമായി പാലിക്കണമെന്നു് ഈ തത്വങ്ങൾ അനുശാസിക്കുന്നു. രാഷ്ട്രങ്ങളുടെ ഇടയിലുള്ള സമാധാനപരമായ പൊതുജീവിതത്തിനു് അനുപേക്ഷണീയമായി നിലകൊള്ളുന്ന പ്രഥമവും പ്രധാനവുമായ ഘടകം, അവ തമ്മിലുള്ള നിയമപർമായ ബന്ധത്തിന്റെ സാരാംശം, പരസ്പരധാരണയിലും, വാഗ്ദാനങ്ങളിലുള്ള ബോധ്യത്തിലും, അവയുടെ പൂർത്തീകരണത്തിലുള്ള വിശ്വാസത്തിലും, ആണു സ്ഥിതിചെയ്യുന്നതെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ, സന്ധിവ്യവസ്ഥകൾ ശാശ്വതമാണെന്നു തത്വത്തിൽമാത്രം സമ്മതിക്കുകയും, അവ അനിഷ്ടകരമായിത്തോന്നുന്ന നിമിഷംമുതൽ സ്വേച്ഛാനുസൃതം അവയെ അവഗണിക്കുന്നതിനുള്ള അനധികൃതമായ അധികാരം പ്രയോഗിക്കുകയും ചെയ്യുകയെന്നതിന്റെ അർത്ഥം, രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പരവിശ്വാസത്തെ ശിഥിലമാക്കുക മാത്രമാണു്. ഇതിന്റെ ഫലമോ? പ്രകൃതിനിയമങ്ങൾ താറുമാറാകുന്നു; ജനതകളുടേയും രാഷ്ട്രങ്ങളുടേയും ഇടയ്ക്കുള്ള ദുസ്തരങ്ങളായ അഗാധഗർത്തങ്ങളുടെ വിസ്തൃതി വർദ്ധമാനമായി ഭവിക്കുന്നു. വിലപനീയമായ അന്ധതമിസ്രത്തിൽ ഇന്നു ലോകം നിമഗ്നമായിരിക്കുന്നതിനുള്ള കാരണങ്ങൾ ഇവയാണു്....."

സമരജാതങ്ങളായ കഠിനയാതനകൾ സർവ്വത്ര അനുഭവപ്പെട്ടുവരാൻ തുടങ്ങിയപ്പോൾ, ഈ നൈർഭാഗ്യത്തിനു് എന്നു് ഒരവസാനമുണ്ടാകുമെന്നു വിചാരിച്ചു പലരും ആകുലചിത്തരായി. സമരമേഘങ്ങൾ നീങ്ങിയിട്ടു് ആകാശം എന്നു തെളിഞ്ഞുകാണും? സമാധാനസൂര്യൻ എന്നു് ഉദയം ചെയ്യും? നൈരാശ്യത്തിന്റെ അടിത്തട്ടിൽ ആശ്വാസരഹിതമായി കഴിഞ്ഞുകൂടുന്ന ലോകത്തിനു ശാശ്വതമായ നിർവൃതി നല്കുന്ന സമാധാനം എന്നു സംജാതമാകും? സമാധാനം അനുഭവിക്കുന്നതിനുവേണ്ടി ഇപ്രകാരം അനിശ്ചിതമായ പ്രതീക്ഷയിൽ കഴിഞ്ഞുകൂടുന്ന ജനങ്ങളുടെ വ്യാകുലതയെ വളരെ മുമ്പുതന്നെ മാർപ്പാപ്പാ പ്രകടമാക്കിയിരുന്നതാണു്. യുദ്ധാരംഭത്തിനു ശേഷമുള്ള ആറാമ

ത്തെ ക്രിസ്തുമസ് സന്ദേശത്തിൽ അവിടുന്നു പ്രസ്താവിക്കുന്നതു ശ്രദ്ധിച്ചാലും:

“അന്തഃകരണപ്രചോദിതമായി ഏതെങ്കിലും ഒരു തലമുറയെപ്പററി നാം കേട്ടിട്ടുണ്ടെങ്കിൽ അതു് ഇതുതന്നെയാകുന്നു. മററു യാതൊരു കാലഘട്ടവും ജനതയും അനുഭവിച്ചിട്ടില്ലാത്തതുപോലെ കടൽപോലുള്ള കണ്ണുനീരിൻെറയും രക്തത്തിൻെറയും ഒരു ജലപ്രളയത്തിലാണു് ഈ തലമുറ അകപ്പെട്ടിരിക്കുന്നതു്. യുദ്ധത്തിൻെറ ഭയങ്കരമായ യാതനകൾ മറെറാരു തലമുറയും ഇതുപോലെ അനുഭവിച്ചുകാണുകയില്ല. നരകത്തിൻെറ ഒരു ചിത്രംപോലെ ഈ അനുഭവങ്ങൾ മനുഷ്യഹൃദയത്തിൽ പതിഞ്ഞിട്ടുമുണ്ടു്. മനുഷ്യവംശത്തിനുചേന്ന മൃദുലവികാരങ്ങൾക്കു സ്ഥാനമുള്ള ഏതു ഹൃദയവും അഭിലഷിക്കുന്നതു് ഈ നരകവാതിലുകൾ നിത്യമായി പൂട്ടപ്പെടുന്നതിനു മാത്രമായിരിക്കണം.”

ചിന്തകന്മാരുടെ ശ്രദ്ധ സമാധാനാലോചനകളിലേക്കു തിരിയുന്നതിനെ സ്വാഗതം ചെയ്തുകൊണ്ടു് പ്രസ്തുത സന്ദേശത്തിൻെറ ആരംഭത്തിൽ അവിടുന്നു് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

“മനുഷ്യൻെറ അവർണ്ണനീയമായ മനോവേദനയിലും, മർദ്ദിതരായ ജനങ്ങളുടെ അസഹനീയമായ വ്യസനാനുഭവങ്ങളിലും നിന്നുതന്നെ ലോകത്തിൽ ആശാകിരണങ്ങൾ ഉദിക്കുന്നു. ഈ മഹായുദ്ധത്തിനു ശേഷമെങ്കിലും, ലോകം സാർവ്വത്രികമായ ഒരു പുതിയ പരിഷ്കാരത്തിൽ അധിഷ്ഠിതമാകുമെന്നുള്ള പ്രത്യാശ ബുദ്ധിമാന്മാരുടെയിടയിൽ പ്രബലപ്പെട്ടുവരുന്നു. അതുകൊണ്ടാണു്, സൈന്യങ്ങൾ മരണകരമായ മഹായുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾത്തന്നെ, മേലിൽ യുദ്ധമുണ്ടാകാവുന്ന സാഹചര്യങ്ങൾ ജനിക്കാതിരിക്കുന്നതിനുവേണ്ടി, മനുഷ്യൻെറ മൗലികാവകാശങ്ങളെ അവിതർക്കിതമാംവണ്ണം നിർണ്ണയിക്കുവാൻ, രാജ്യതന്ത്രജ്ഞന്മാരും സമർത്ഥന്മാരായ ജനപ്രതിനിധികളും ബദ്ധപ്പെടുന്നതു്. കൂടുതൽ സ്ഥിരവും ക്ഷേമകരവുമായ ഒരു ഭാവിയെ സൃഷ്ടിക്കുന്നതിൽ ഏവരും ഉൽസുക

രായിരിക്കുന്നു. വ്യക്തികൾ തമ്മിൽ മാത്രമല്ല, രാഷ്ട്രങ്ങൾ തമ്മിലും സമാധാനവും യോജിപ്പും ഉണ്ടാക്കുവാനാണ് എല്ലാവരും ശ്രമിക്കുന്നതു്.'

എന്നാൽ ഏതെങ്കിലും തരത്തിലുള്ള ഒരു സമാധാനം കൊണ്ടു ലോകം ശാന്തിയനുഭവിക്കുന്നതല്ലായെന്ന് അവിടുന്നു "സുമ്മി പൊന്തിഫിക്കാത്തൂസിൽ" ഖണ്ഡിതമായി പ്രസ്താവിക്കുന്നു. ലോകചിന്തകന്മാരുടെ പ്രവർത്തനത്തിൽ അവിടുത്തേക്ക് വലിയ ആശങ്കയുണ്ടെന്ന് ആ ലേഖനം പ്രകടമാക്കുന്നുണ്ട്. പണ്ടത്തെ അബദ്ധം തന്നെ അവർ ആവർത്തിക്കുമോ എന്നാണു തിരുമനസ്സിലേക്കുള്ള സംശയം. ആ പഴയ പല്ലവിതന്നെ വീണ്ടും അവർ ആലപിക്കുമോ? 'പരാജിതർക്കു ദുരിതം' എന്നു വെഴ്സെയിൽസന്ധി വച്ച് അവർ വിധിയെഴുതി. ആ വിധിത്തീർപ്പു രണ്ടാം ലോകയുദ്ധത്തിനു വഴിതെളിച്ചു. ഇതല്ലേ യാഥാർത്ഥ്യം എന്ന് ഒരു ആത്മപരിശോധന കഴിക്കുവാൻ 'സുമ്മി പൊന്തിഫിക്കാത്തൂസ്' അവരോട് ആവശ്യപ്പെടുന്നു.

"നാം എന്താണു കാണുന്നതു്? രാഷ്ട്രങ്ങളുടെ ഭാഗധേയങ്ങളെ നിർണ്ണയിക്കുന്നതിനു കഴിവുള്ളവർ പറയുന്നു, ഇപ്പോഴത്തെ രക്തച്ചൊരിച്ചിലും ഭിന്നതകളും അവസാനിച്ചാലുടനെ, നീതിയിലും സാമ്പത്തികസുസ്ഥിതിയിലും അധിഷ്ഠിതമായ ഒരു നവ്യവ്യവസ്ഥിതി തങ്ങൾ സംജാതമാക്കുമെന്ന്. എന്നാൽ, അതു് ഇപ്പോഴത്തേതിൽനിന്നു വ്യത്യസ്തവും ഉൽകൃഷ്ടതരവുമായ ഒരു ലോകമായിരിക്കുമോ? ഈ യുദ്ധത്തിന്റെ അവസാനത്തിൽ പുതിയ തീരുമാനങ്ങളും നവീനസന്ധികളും അഭിനവരാഷ്ട്രബന്ധങ്ങളും ഉണ്ടാകും. എന്നാൽ, അവ നീതിയുടേയും സൗമനസ്യത്തിന്റേയും അരൂപിയിൽ, പുനരുദ്ധാരണത്തിന്റേയും സമാധാനത്തിന്റേയും അരൂപിയിൽ, രൂപവൽകൃതങ്ങളായിരിക്കുമോ? അതോ, നമ്മുടെ പഴയതും പുതിയതുമായ അബദ്ധങ്ങളെ അവർ ആവർത്തിക്കുകയായിരിക്കുമോ ചെയ്യുന്നതു്? സമരാഗ്നി ശമിച്ചുകഴിഞ്ഞാലുടൻതന്നെ യഥാർത്ഥമായ ഒരു ഒത്തുതീർപ്പു സംജാതമായിക്കൊള്ളുമെന്നു

പ്രതീക്ഷ നിരർത്ഥകമായ ഒരു സ്വപ്നം മാത്രമാണെന്നു് അവ ഭവം സാക്ഷിക്കുന്നു.''

പ്രസ്തുത തിരുവെഴുത്തിന്റെ മററൊരു ഭാഗത്തു് ഏതാണ്ടു് ഇതേ ആശയം തന്നെ അവിടുന്നു് ആവർത്തിക്കുന്നതിൽനിന്നും, സമാധാനസ്ഥാപനത്തെപ്പററി തിരുമേനിക്കുള്ള ഉൽകണ്ഠ അനല്പമാണെന്നു കാണാം. അവിടുന്നു ചോദിക്കുന്നു:

''യുദ്ധം സമാപിച്ചുകഴിഞ്ഞാൽപ്പിന്നത്തെ ലോകവ്യവസ്ഥിതി എന്തായിരിക്കും? വിജയികളുടെ അഭീഷ്ടത്തിനു നീതിബോധത്തെ വിധേയമാക്കിയ അന്നത്തെ അബദ്ധം തന്നെയാണോ ഇനിയും ആവർത്തിക്കുവാൻ പോകുന്നതു്? ഇല്ല; സുരക്ഷിതത്വം ഖഡ്ഗത്തിൽനിന്നു വരുകയില്ല. (പരാജിതരുടെ) തോളിൽ നിർബന്ധിത സന്ധിവ്യവസ്ഥകളെ വച്ചുകൊടുക്കുവാൻ വാളിനു കഴിഞ്ഞേക്കാം; ശാശ്വതസമാധാനത്തെ സംജാതമാക്കുവാൻ അതിനു സാധിക്കുകയില്ലതന്നെ....''

ശാന്തിപ്രദവും ഐശ്വര്യസന്ദായകവുമായ ഒരു സമാധാനം സ്വയമേ ആവിർഭവിക്കുമെന്നു് ആരും കരുതേണ്ടാ. ആ വിചാരം അർത്ഥശൂന്യമായിരിക്കുമെന്നു് പരിശുദ്ധ പിതാവു് ഒരു മുന്നറിയിപ്പു നല്കുന്നു. ''യുദ്ധത്തിന്റെ ദുരിതങ്ങളിൽനിന്നും അവയുടെ പരിണതഫലങ്ങളിൽനിന്നും മോചനം താനേ വന്നുകൊള്ളുമെന്ന പ്രതീക്ഷ തികച്ചും അസ്ഥാനത്തായിരിക്കും. അതാണു് അനുഭവസാക്ഷ്യം. വിജയദിനം വിജേതാക്കൾക്കു ബാഹ്യമായ ആഹ്ലാദത്തിന്റെ ദിനമായിരിക്കും; എന്നാൽ അതു് ശക്തിമത്തായ പ്രലോഭനങ്ങളുടേയും ദിനമായിരിക്കും....വിജയിയുടെ ഹൃദയം പെട്ടെന്നു വജ്രസമാനമായിത്തീരുന്നു; മിതത്വവും വിവേചനവും ബലഹീനതയായി അവൻ പരിഗണിക്കുവാൻ തുടങ്ങുന്നു. യുദ്ധത്തിൽ തങ്ങൾ അനുഭവിക്കുന്നതിനിടയായ ത്യാഗങ്ങളുടേയും യാതനകളുടേയും സ്മരണകളാൽ വിജൃംഭിതങ്ങളായ വികാരപരമ്പരകൾ, ഉത്തരവാദിത്വബോധമുള്ള നായകന്മാരുടെ വീക്ഷണഗ

തിയെല്ലാം സങ്കുചിതമാക്കുകയും, മനുഷ്യത്വത്തിന്റെയും നീതിയുടേയും മുറവിളികളുടെ നേരെ ബധിരരായി വർത്തിക്കുന്നതിനു് അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. 'പരാജിതർക്കു പ്രപീഡനങ്ങൾ' എന്ന രാക്ഷസീയമായ ആക്രന്ദനങ്ങളിൽ പ്രസ്തുത രോദനങ്ങൾ ലയിച്ചുപോകുന്നു. ഇത്തരത്തിലുള്ള നിശ്ചയങ്ങളും വിധിത്തീർപ്പുകളും നീതിയുടെ മറവിൽ നിന്നുകൊണ്ടു് അനീതിയാകുന്നതിനു വളരെ എളുപ്പമുണ്ടു്; ഇതാണു് ഇന്നത്തെ ഒരപകടം.''

ഈയപകടം ലോകത്തെ അഭിഗ്രസിക്കാതിരിക്കണമെങ്കിൽ, ശാശ്വതമായ സമാധാനം സംസ്ഥാപിതമാകണമെങ്കിൽ, സത്യം ഭരണം നടത്തണം; നീതി പ്രവർത്തിക്കണം; സ്നേഹം പ്രകടിപ്പിക്കപ്പെടണം. പോപ്പുരാജന്റെ വാക്കുകളിൽ പറഞ്ഞാൽ, "ഭൂമുഖത്തെ നവീകരിക്കേണ്ട ശക്തിവിശേഷങ്ങൾ പുറത്തുനിന്നല്ല, മനുഷ്യന്റെ ഉള്ളിൽനിന്നാണു വരേണ്ടതു്.'' അതേ, മതാത്മകമായ പരിവർത്തനവും ആദ്ധ്യാത്മികമായ പുനശ്ശിക്ഷണവും ആണു് ഇന്നത്തെ വലിയ ആവശ്യങ്ങൾ കേട്ടാലും:

"വ്യക്തികളുടെ ജീവിതത്തിലും സമുദായത്തിന്റെ പ്രവർത്തനത്തിലും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തിലും ധാർമ്മികമായ ഒരു നിയമസംഹിതയെ സാർവ്വത്രികമായ മാനദണ്ഡമായി സ്വീകരിക്കുന്നതിനു ലോകം പ്രദർശിപ്പിക്കുന്ന വൈമനസ്യമാണു് ഇന്നത്തെ ദുരിതങ്ങളുടെയെല്ലാം മൗലികകാരണം,— അതായതു്, ദൈവസ്ഥാപിതമായ പ്രകൃതിനിയമങ്ങളോടുള്ള അലക്ഷ്യഭാവവും അനാദരവും. ദൈവത്തിനു സ്ഥാനംനിഷേധിക്കപ്പെട്ടപ്പോൾ ധാർമ്മികനിയമങ്ങളുടെ മൂലസ്ഥാനം ശിഥിലീകൃതമാകുന്നു. സമുദായത്തിന്റെ ഭൗതീകരണം (Secularization), അനേകശതാബ്ദങ്ങളായി ക്രിസ്തീയസംസ്കാരം വിരാജിച്ചുകൊണ്ടിരുന്ന പ്രദേശങ്ങളിൽ, ദുഷിച്ചതും ദുഷിപ്പിക്കുന്നതുമായ പേയ്ഗൻചിഹ്നങ്ങളുടെ പുനരാവിർഭാവത്തിനു കാരണമാക്കിയിട്ടുണ്ടു്.''

ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വൈദിക

ത്തും വിശ്വാസികളും ഭാവിവിഷമതകളെ വിജയപൂർവ്വം തരണം ചെയ്യുന്നതിനു സന്നദ്ധരായി ഏകയോഗക്ഷേമമായി, നില്ക്കുന്നതിന് ഉദ്ബോധിപ്പിച്ചുകൊണ്ടാണു പരിശുദ്ധ പിതാവു തന്റെ ലേഖനം സമാപിക്കുന്നതു്.

ശാശ്വതമായ സമാധാനം ലോകത്തിൽ സ്ഥാപിതമാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരെല്ലാം പോപ്പുരാജന്റെ നിർദ്ദേശങ്ങളെ വിലമതിക്കുകതന്നെ ചെയ്യും. ഇപ്രകാരമുള്ള സമാധാനം പെട്ടെന്നു സ്ഥാപിക്കുവാനോ ഒന്നോ രണ്ടോ ദിവസംകൊണ്ടു പ്രാവർത്തികമാക്കുവാനോ സാധിക്കുമെന്ന് അവിടുന്നു പറയുന്നില്ല. ലോകത്തിലെ രണ്ടോ മൂന്നോ മഹാശക്തികൾമാത്രം കൂടിയതുകൊണ്ടോ, ഏതാനും മഹാസമ്മേളനങ്ങൾ നടത്തിയതുകൊണ്ടോ അതു സാധിതമായി എന്നും കരുതേണ്ടാ. 1946 ഫെബ്രുവരി 25-ാംതീയതി പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു നടത്തിയ പരസ്യപ്രഭാഷണത്തിൽ അവിടുന്നു പ്രസ്താവിച്ചതു് ഇപ്രകാരമാണ്:

“ബലപ്രയോഗത്തോടുള്ള പ്രതിപത്തിയിൽനിന്നു ജനതകളെ നിയമവിധേയത്വത്തിലേക്കു പ്രതിനയിക്കുന്നതിനും, സർവ്വോപരി സമാധാനം പുലർത്തുന്നതിനും ആയിരുന്നു എന്നും നാം ശ്രമിച്ചുകൊണ്ടിരുന്നതു്. ഐക്യം അതൃപ്തി ജനിപ്പിക്കാത്തതെങ്കിലും ആയ ഒരു ജീവിതക്രമത്തെ സുരക്ഷിതമാക്കുന്ന നീതിയുക്തവും ശാശ്വതവുമായ സമാധാനത്തെ സ്ഥാപിക്കുകയെന്നതായിരുന്നു നമ്മുടെ ഏകലക്ഷ്യം. ഈ സമാധാനം ഒരു ദിവസംകൊണ്ടു സംജാതമാകാവുന്ന ഒന്നല്ല. അതിനു സമയം, അതെ, ദീർഘസമയം തന്നെ, ആവശ്യമാണ്.”

ലോകശക്തികൾ നീതിയിൽ നിലയുറപ്പിച്ചുകൊണ്ടു പരസ്പരവിശ്വാസത്തോടും സൗമനസ്യത്തോടുംകൂടെ കെട്ടിപ്പടുക്കേണ്ട ലോകസമാധാനത്തിനുള്ള അടിസ്ഥാനതത്വങ്ങളാണു സുമ്മി പൊന്തിഫിക്കാത്തൂസിൽ കാണപ്പെടുന്നതു്. അതിനുശേഷം പുറപ്പെട്ടിട്ടുള്ള തിരുവെഴുത്തുകളിലും ലോകസന്ദേശങ്ങളിലും സമാധാനസംരംഭങ്ങ

ളുടെ കാര്യം അവിടുന്ന് എടുത്തുപറയുന്നുണ്ട്. യുദ്ധം ആരംഭിച്ചതിനു ശേഷമുള്ള ആറാമത്തെ ക്രിസ്മസ്ദിനത്തിൽ അവിടുന്നു 'പ്രജാധിപത്യവും സമാധാനവും' എന്ന വിഷയത്തെ പുരസ്കരിച്ചു പുറപ്പെടുവിച്ച സന്ദേശം സുമ്മി പൊന്തിഫിക്കാത്തുസിന്റെ ഒരു തുടർച്ചയാണോ എന്നു തോന്നിപ്പോകും.

നാം അഭിലഷിക്കുന്ന സമാധാനം അചഞ്ചലവും സുസ്ഥിരവുമായിരിക്കണമെങ്കിൽ, "സാർവ്വലൗകികപ്രശ്നങ്ങൾക്ക് ഒരു പരിഹാരമായിട്ടോ ചില ദേശീയലക്ഷ്യങ്ങളുടെ പ്രാപ്തിക്കായിട്ടോ ബലംപ്രയോഗിച്ച്, യുദ്ധംചെയ്ത്, ഒരു തീരുമാനം ഉണ്ടാക്കാം എന്ന ധാരണ എന്നെന്നേക്കുമായി സകല ശക്തികളിലും നിന്നും നീക്കപ്പെടുന്നതിനു കഴിവുള്ള സകല മാർഗ്ഗങ്ങളും നാം സ്വീകരിക്കണം" എന്നാണു പ്രസ്തുത സന്ദേശത്തിൽ അവിടുന്നു പ്രസ്താവിക്കുന്നത്. തിരുമേനി തുടരുന്നു: "അതിനു ഓരോ വ്യക്തിക്കും ഉപേക്ഷിക്കാൻ പാടില്ലാത്ത ചുമതലയുണ്ട്. അതിന്റെ നിഗ്രഹണം താമസിപ്പിക്കാവുന്നതോ നീക്കിവയ്ക്കാവുന്നതോ സംശയസ്ഥാനത്തു ചെയ്യേണ്ടതോ ഒഴിവുകഴിവുകൾക്കു വിധേയമോ അല്ല. അക്രമമാർഗ്ഗങ്ങൾവഴി ലക്ഷ്യപ്രാപ്തിക്കായി മുൻകാലങ്ങളിൽ രാജ്യങ്ങൾ ശ്രമിച്ചിട്ടുള്ളതിനു അനേകം ഉദാഹരണങ്ങൾ ഉണ്ട്. അവയെല്ലാം പരാജയത്തിലേ കലാശിച്ചിട്ടുള്ളു; ഇനിയും അവ പരാജയത്തിൽത്തന്നെ അവസാനിക്കുകയും ചെയ്യും. കഴിഞ്ഞ തലമുറകളിൽ പലരും—ഒരു പക്ഷേ, തക്ക ഗൗരവവും ദൃഢനിശ്ചയവും കൂടാതെ—ആരംഭിച്ച ആ സമാധാനസ്ഥാപനസംരക്ഷണജോലികൾ, തങ്ങളുടെ മനസ്സാക്ഷിയ്ക്കൊത്ത പരിശുദ്ധമായ ഒരു ചുമതലയാകുന്നു എന്ന നിശ്ചയത്തോടുകൂടി, തുടരുവാനുള്ള സുബുദ്ധി മനുഷ്യനുണ്ടാകുന്നതുവരെ, ഈ അനുഭവം ആവർത്തിക്കപ്പെടുകയും ചെയ്യും."

ഒന്നാമത്തെ ലോകമഹായുദ്ധം സമാപിക്കുന്നതിനുവേണ്ടി പതിനഞ്ചാം ബെനഡിക്ടോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ച സമാധാനനിർദ്ദേശങ്ങ

ളിൽ ഒന്നു്, അക്രമികളെ വിസ്തരിക്കുവാനും ശിക്ഷിക്കുവാനും സർവ്വരാജ്യനിയമങ്ങൾ നിർമ്മിക്കാനും അവ നടപ്പിലാക്കുവാനും ഉള്ള അധികാരത്തോടുകൂടിയ ഒരു വിശ്വസമിതി സ്ഥാപിക്കണമെന്നതായിരുന്നല്ലോ. എന്നാൽ മാർപ്പാപ്പാ തിരുമേനിയുടെ നിർദ്ദേശങ്ങൾ അന്നത്തെ രാഷ്ട്രനായകന്മാർ പൂർണ്ണമായി സ്വീകരിച്ചില്ല. ചിലരുടെ സ്വാർത്ഥതയെ പുലർത്തുന്നതിനുമാത്രം പററിയ ഒരു സർവ്വരാജ്യസഖ്യമാണു് അവർ രൂപവൽകരിച്ചതു്. അതിന്റെ ബലഹീനതയും ശക്തിശൂന്യതയും പ്രകടമാകുവാൻ അധികകാലം വേണ്ടിവന്നില്ലെന്നു നമുക്കറിയാമല്ലോ.

പതിനഞ്ചാം ബെനദിക്തോസ് മാർപ്പാപ്പായുടെ ആ നിർദ്ദേശത്തെത്തന്നെയാണു്, അല്പം ചില പരിഷ്ക്കാരങ്ങളോടുകൂടി, പന്ത്രണ്ടാം പീയൂസ ഇന്നും അവതരിപ്പിക്കുന്നതു്—അതായതു് നീതി നടത്തുന്നതിനും സർവ്വരാജ്യനിയമങ്ങളെ പാലിക്കുന്നതിനും ഉള്ള അധികാരം സംവഹിക്കുന്ന ഒരു സർവ്വരാജ്യസംഘടന. അതിന്റെ അനുപേക്ഷണീയമായ ആവശ്യകത പലരും സൂചിപ്പിച്ചിട്ടുള്ളതാണു്. പ്രസ്തുത അഭിപ്രായത്തെ പന്ത്രണ്ടാം പീയൂസ് പിന്താങ്ങുന്നതു് എത്ര ശക്തിയായിട്ടാണെന്നു നോക്കുക:

"എല്ലാ സാർവ്വലൗകികസംഘടനകളുടേയും പ്രവർത്തനപരിപാടിയിൽ പ്രാമാണ്യം കൊടുത്തിരിക്കുന്ന ഒരു അഭിപ്രായമുണ്ടു്. രാഷ്ട്രങ്ങൾ തനിച്ചോ, സംഘടിതമായോ, അക്രമപ്രസക്തമായി സമാധാനഭഞ്ജനത്തിനു കാരണമായേക്കാവുന്ന സാഹചര്യങ്ങളിൽനിന്നു കൂടിയും അവയെ തടയുവാനുള്ള ശക്തിയും നിയമസാധുത്വവും എല്ലാ രാഷ്ട്രങ്ങളുംകൂടി പരസ്പരസമ്മതത്താലും അധികാരദാനത്താലും സ്ഥാപിക്കേണ്ടതു ഭാവിലോകവ്യവസ്ഥിതിക്കു് ആവശ്യമാണു് എന്നതത്രേ ആ അഭിപ്രായം. രാഷ്ട്രങ്ങൾ തമ്മിലുള്ള അഭിപ്രായഭിന്നതകൾക്കു യുദ്ധംവഴി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതു വെറും അപരിഷ്കൃതമാണെന്നു വളരെ നാളുകളായി പ്രകീർത്തിച്ചുകൊണ്ടിരിക്കുന്ന ഒരാളിനെക്കാൾ കൂടുതലായി, ഈ അഭിപ്രായം സസന്തോഷം സ്വാഗതം ചെയ്തു സ്വീകരിക്കുവാൻ ആരുണ്ടു്?

ഇന്നു യുദ്ധത്തിൽ ഉപയോഗിച്ചുവരുന്ന ഭീകരങ്ങളായ നശീകരണോപകരണങ്ങളെ അവഹേളിക്കുവാനും ശപിക്കുവാനും ക്രിസ്തീയമോ മററു് ഏതെങ്കിലും മതബോധത്തിനടുത്തതോ ആയ വിശ്വാസമുള്ള ജനങ്ങളെ പ്രേരിപ്പിച്ചുവന്ന ഒരാളിനെക്കാൾ കൂടുതലായി, മുൻകാലങ്ങളിൽ അനുഭവപ്പെട്ടിട്ടില്ലാത്ത തീക്ഷ്ണതയോടുകൂടിയ ഇന്നത്തെ സമാധാനസ്ഥാപനശ്രമങ്ങൾ ഫലപ്രദമായിത്തീരട്ടെ എന്നു് ആഗ്രഹിക്കുവാൻ ആർക്കു കഴിയും?

"യുദ്ധോപകരണങ്ങൾ ഭയങ്കരങ്ങളും പൈശാചികങ്ങളും ആകുന്നു. ശാസ്ത്രീയമായ നേട്ടങ്ങൾ മനുഷ്യവംശത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കും ആയി നയിക്കപ്പെടേണ്ടതിനുപകരം, മനുഷ്യൻ പല നൂററാണ്ടുകളായി സംഭരിച്ചിട്ടുള്ള സമ്പത്തുകളെ സംഹരിക്കുവാനാണു് അവ പ്രയോഗിച്ചുവരുന്നതു്. ഈ ഒരു വസ്തുതമാത്രം മതി ആക്രമണപ്രസക്തമായ ഒരു യുദ്ധത്തിന്റെ അസന്മാർഗ്ഗികതയേയും അയോഗ്യതയേയും പ്രഖ്യാപനം ചെയ്യുവാൻ.

"ധാർമ്മികമാനദണ്ഡങ്ങളാൽ യുദ്ധം വർജ്ജ്യമാണെന്നുള്ള ബോധത്തോടുകൂടി, ശക്തമായ ഒരു സംഘടനയുടെ ശിക്ഷാശക്തിക്കു് ഓരോ രാഷ്ട്രവും വിധേയമാണെന്നുള്ള ഭീതിയുംകൂടി അവയ്ക്കു് ഉണ്ടാകുന്നപക്ഷം, യുദ്ധംതന്നെ നിഷിദ്ധമാണെന്നും, അതിനെ പ്രതിരോധിക്കുവാനും ഹനിക്കുവാനും ജാഗരൂകമായി നില്ക്കുന്ന ഒരു മഹാശക്തിയുടെ വീക്ഷണത്തിലാണു് അതു വർത്തിക്കുന്നതെന്നും ജനങ്ങൾ അറിഞ്ഞു്, യുദ്ധംതന്നെ ലോകരംഗത്തുനിന്നു മറയുവാൻ എളുപ്പമുണ്ടു്. വളരെ നാളുകളായി ലോകത്തെ ഗ്രസിച്ചിരുന്ന ആ അന്ധകാരത്തിൽനിന്നു് മനുഷ്യവംശം വിമുക്തമാകുവാനും, നവവും ഉൽകൃഷ്ടവും ആയ ഒരു പുതിയ യുഗത്തിലേക്കു് അതു് ഉല്ലാസപൂർവ്വം പ്രവേശിക്കുവാനും ഇടയാകും.

"ഈ സമാധാനസംഘടന പ്രായോഗികമായി പ്രവർത്തിക്കുന്നതിനു ചില വ്യവസ്ഥകൾ അത്യന്താപേക്ഷിതമാ

ണ്. ആ സംഘടനയുടെ ശക്തിക്കായി എല്ലാ രാഷ്ട്രങ്ങളും പ്രത്യേകാധികാരങ്ങളും് പരസ്പരസമ്മതവാഗ്ദാനവും നല്കണം. ധനവിതരണരീതിയിൽപ്പോലും അതുശാസനങ്ങൾക്ക് എല്ലാ അംഗങ്ങളും വിധേയരായിരിക്കണം. വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും അക്രമപ്രസക്തരായി പുറപ്പെടുന്നവരെ തടയണം. ഇതിനെല്ലാം ഉപരിയായി, യാതൊരു കാരണവശാലും ആ സംഘടന, ഒരു രാഷ്ട്രത്തിൻെറമേലും,—അവർ ജേതാക്കളായിക്കൊള്ളട്ടെ, യുദ്ധങ്ങളിൽ നിഷ്പക്ഷത പാലിച്ചവരായിരിക്കട്ടെ,—ഏതായാലും അധർമ്മപൂർണ്ണമോ, അനീതികരമോ ആയ ഒരു വ്യവസ്ഥയും ഏല്പെടുത്തരുത്. ഒരു രാഷ്ട്രത്തിൻെറയും നീതിയുക്തമായ അധികാരങ്ങൾ നിഷേധിക്കാൻ പാടില്ല. യുദ്ധംകൊണ്ടു വന്നിട്ടുള്ള വല്ല താൽക്കാലിക നഷ്ടപരിഹാരങ്ങളും ചെയ്യിക്കാമെന്നല്ലാതെ യാതൊരു രാഷ്ട്രത്തിൻെറമേലും ശാശ്വതമായ ഒരു ഭാരമോ പരാധീനതയോ കെട്ടിവയ്ക്കുകയുമരുത്.

"ചില രാജ്യങ്ങളിലെ ഭരണാധികാരികൾ യുദ്ധങ്ങൾക്കു കാരണമായിത്തീർന്നതുകൊണ്ട് ആ ജനപദം പൊതുരക്ഷാകരമായ വ്യവസ്ഥകൾക്കു കീഴടങ്ങി, നഷ്ടപ്പെട്ടതോ സംശയാസ്പദമോ ആയ പരസ്പരവിശ്വാസം പുനഃസ്ഥാപിതമാകുന്നതുവരെ ജീവിച്ചേ മതിയാവൂ. അവരുടെ സ്വാതന്ത്ര്യമായ പ്രവർത്തനങ്ങളിൽനിന്നും മററുള്ളവർക്കുണ്ടായ അനുഭവങ്ങൾ അത്ര ഭയങ്കരമായിരുന്നില്ലേ? എന്നാൽ ഇതുപോലുള്ള നിയന്ത്രണങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കും യുദ്ധാനന്തരപുനഃസംവിധാനത്തിൽ മററു ജനതകളോടൊപ്പമുള്ള സഹകരണത്തിനും അഭിവൃദ്ധിക്കും അവകാശമുണ്ടെന്നു സംശയരഹിതമായ ഉറപ്പ് അവർക്കു നല്കുകയും ആ ഉറപ്പ് പ്രായോഗികമായി ഫലിക്കത്തക്ക വ്യവസ്ഥകൾ ഉണ്ടാക്കുകയും വേണം. എല്ലാ വംശങ്ങളുടേയും മഹത്തായ ആ ഐക്യത്തിൽ അവർക്കും യഥാർഹമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം. ആ ആശ ഏതെങ്കിലും ഒരു ജനപദത്തിൽനിന്നു നശിപ്പിക്കുന്നതു് ദീർഘദൃഷ്ടിയോ സുബുദ്ധിയോ ഉള്ളവർക്കു ചേർന്നതല്ല. അങ്ങനെ ചെ

യ്യുന്നപക്ഷം ആ ജനപദത്തിനു യുദ്ധംമൂലം നേരിട്ട നാനാവിധങ്ങളായ അത്യാഹിതങ്ങളിൽനിന്ന് അവർ മോചിക്കപ്പെടുന്നില്ല. താൽക്കാലികമായി അവർ പരാജയപ്പെട്ടെങ്കിലും, നിരാശാവശഗരാകാതെ കാര്യസാദ്ധ്യത്തിനായി നൂതനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു് അവർ ശ്രമിക്കും. അതിൽനിന്നുണ്ടാകുന്ന അനിഷ്ടഫലങ്ങളും അധികമായിരിക്കും. ഇവയുടെ എല്ലാം പൂർണ്ണഉത്തരവാദിത്വം അതിനിടയാക്കുന്ന നേതാക്കന്മാർ തന്നെ വഹിക്കേണ്ടിയിരിക്കുന്നു.''

ഇവിടെ ഒരു ചോദ്യത്തിനു് അവകാശമുണ്ടു്: സർവ്വ ലോകരാഷ്ട്രങ്ങൾക്കും ഉപരിയായി സ്ഥാപിതമാകുന്ന ആ സമിതിയുടെ പ്രവർത്തനങ്ങളെ ആരു നിയന്ത്രിക്കും? അതിലെ അംഗങ്ങൾ സ്വേച്ഛാനുസൃതം വർത്തിക്കുകയാണെങ്കിൽ ആരു് അവരെ തടഞ്ഞുനിറുത്തും?

'മനുഷ്യസമുദായത്തിന്റെ സുസ്ഥിതിയ്ക്കു് അത്യന്താപേക്ഷിതങ്ങളായ നിർദ്ദേശങ്ങൾ' നല്കുന്നതിനുവേണ്ടി 1942-ലെ ക്രിസ്മസ്ദിനത്തിൽ പന്ത്രണ്ടാംപീയൂസ് പ്രസിദ്ധപ്പെടുത്തിയ വിശേഷസന്ദേശത്തിൽ ഈ പ്രധാന പ്രശ്നങ്ങൾക്കു മതിയായ സമാധാനം അവിടുന്നു തരുന്നുണ്ടു്. ആ തിരുവെഴുത്തു മുഴുവനും ഉദ്ധരിക്കാൻ ആഗ്രഹമുണ്ടെങ്കിലും സ്ഥലം അനുവദിക്കുന്നില്ല. ആധുനികകാലങ്ങളിലെ നീതിന്യായപാലനത്തിന്റെ ശോചനീയമായ അധഃപതനത്തെപ്പററി പലരും ഖേദിക്കുന്നുണ്ടു്. നീതിബോധവും സത്യചിന്തയുമുള്ളവർ അപ്രകാരം ചെയ്യും. ഏററം വിലപനീയമായ ഈ ദുരവസ്ഥ സ്വരാജ്യസംഘടനയിൽ കടന്നുകൂടിയാൽ സകല സമാധാനസംരംഭങ്ങളും ശിഥിലമാകുകയേ ഉള്ളൂ. സമാധാന നക്ഷത്രത്തിന്റെ കിരണങ്ങൾ തട്ടി ഭൂമുഖം ശാന്തിയനുഭവിക്കണമെന്നു് ആഗ്രഹിക്കുന്നവരോടു് അവിടുന്നു ചില സംഗതികൾ ആവശ്യപ്പെടുന്നു:

''ബെത്‌ലഹേമിലെ ആ നക്ഷത്രം ലോകത്തെ പ്രകാശിപ്പിക്കണമെന്നു് അഭിലഷിക്കുന്നവർ, സാമൂഹ്യജീവിതത്തിൽ നീതിന്യായക്രമങ്ങൾ പുനഃസ്ഥാപിക്കുവാനായി പ

രിശ്രമിക്കണം. ഇന്നത്തെ പല നീതിന്യായക്രമങ്ങളേയും പരിശോധിക്കുന്നപക്ഷം, അവ ഓരോ സ്ഥലങ്ങളിൽ പ്രാബല്യമുള്ള വ്യക്തികളുടേയോ, സംഘടനകളുടേയോ, സമുദായങ്ങളുടേയോ, താല്പര്യങ്ങളെ സംരക്ഷിക്കത്തക്ക വിധത്തിൽ രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളതായി കാണാം. മനുഷ്യൻെറ ന്യായാന്യായബോധംപോലും അതിനു ചേർന്ന വിധം മാറിയിരിക്കുന്നു എന്നു തോന്നും. കോടതികളിലെ നടപടികളും നിയമനിർമ്മാണവും അതിനനുകൂലമായിത്തീരുന്നു. ഇതിനുള്ള പ്രതിവിധി ഒന്നുമാത്രമേയുള്ളൂ: സകല അധികാരങ്ങളുടേയും നീതിന്യായങ്ങളുടേയും അടിസ്ഥാനം ദൈവത്തിൻെറ പരമാധികാരമാണെന്ന ബോധം മനുഷ്യരിൽ ജനിപ്പിക്കുകതന്നെ അത്. മനുഷ്യൻെറ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു രൂപം പ്രാപിക്കുന്നതല്ല നീതിന്യായങ്ങൾ. യാതൊരു മാനുഷികശക്തിക്കും കൈയേററം ചെയ്യുവാൻ പാടില്ലാത്ത അനിഷേധ്യമായ ചില അവകാശങ്ങൾ എല്ലാ വ്യക്തികൾക്കും ഉണ്ടെന്നും അവയെ സംരക്ഷിക്കുന്നതിൽ ദൈവികശക്തി പ്രവർത്തിക്കുന്നു എന്നും അധികാരസ്ഥാനങ്ങളിലുള്ളവർ മനസ്സിലാക്കണം. ന്യായാന്യായ ബോധത്തിൻെറ ഈ വാസ്തവികതയിൽ നിന്നാണ മനുഷ്യൻ നീതിന്യായകോടതികളാൽ സുരക്ഷിതനായിരിക്കണം എന്ന അഭിപ്രായംതന്നെ ജനിക്കുന്നതു്. വ്യക്തികൾ തമ്മിലും, വ്യക്തികളും സമൂഹങ്ങളും തമ്മിലും, വ്യക്തികളും അധികാരസ്ഥാനങ്ങളും തമ്മിലും, ഉള്ള പരസ്പരബന്ധങ്ങളെ ആവശ്യമുള്ളപ്പോൾ കോടതികളും അധികാരസ്ഥാനങ്ങളും വഴി സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൻെറ യുക്തിയും മറെറാന്നുമല്ല. എന്നാൽ, ഇവയുടെ ശരിയായ നിർവ്വഹണത്തിനു മൂന്നു സംഗതികൾ ഉണ്ടായിരുന്നേ മതിയാവൂ:

"i. വിശദമായി നിർണ്ണയിക്കപ്പെട്ടതും വിവരിക്കപ്പെട്ടതുമായ ഒരു നീതിന്യായക്രമവും അതു പ്രയോഗിക്കുവാനുള്ള അധികാരിയും സങ്കേതസ്ഥാനവും ഉണ്ടായിരിക്കണം.

"ii. കാര്യമാത്രപ്രസക്തമായ ഒരു ചിന്താഗതിക്കോ, പൊതുജനാഭിപ്രായമെന്നു് ചിലപ്പോൾ വ്യാമോഹിപ്പി

ക്കുന്ന ചില അഭിപ്രായഗതിക്കോ എളുപ്പത്തിൽ മാററി മറിക്കുവാൻ പാടില്ലാത്തവിധം ശക്തവും വ്യക്തവും നിശ്ചിതവുമായ നീതിന്യായമാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം.

"iii. വ്യക്തികളുടെ സ്വാതന്ത്ര്യത്തേയും, സമ്പത്തിനേയും, ബഹുമാനത്തേയും പുരോഗമനത്തേയും ആരോഗ്യത്തേയും ഹനിക്കുകയോ തടയുകയോ ചെയ്യുന്ന നടപടികളെ പ്രതിരോധിക്കുവാനും, പരിഷ്കരിക്കുവാനും, പിൻവലിക്കുവാനും രാഷ്ട്രങ്ങൾക്കും അധികാരവിനിമയം ചെയ്യുന്നവർക്കും ചുമതലയുണ്ടെന്നു് അവർ അംഗീകരിക്കണം.

"ബെത്ലഹേമിലെ ആ നക്ഷത്രം ലോകത്തെ പ്രകാശിപ്പിക്കണമെന്നു് അഭിലഷിക്കുന്നവർ ശരിയായ അനുസരണയിലും, ശ്രേഷ്ഠമായ പരസ്നേഹത്തിലും, ഉത്തരവാദിത്വമുള്ള ക്രിസ്തീയചൈതന്യത്തിലും അടിയുറച്ച ഒരു രാഷ്ട്രത്തിന്റെ സ്വഭാവവും ഗുണങ്ങളും എല്ലാവരേയും വ്യക്തമായി കാണിച്ചുകൊടുക്കുന്നതിനും മനസ്സിലാക്കുന്നതിനും സന്നദ്ധരാകണം. വ്യക്തികളെ അവരുടെ ജന്മോദ്ദേശ്യം പ്രാപിക്കുന്നതിനു സഹായിച്ചുകൊണ്ടു ജനസമൂഹങ്ങളെ യഥായോഗ്യം ശുശ്രൂഷിക്കുവാനുള്ള സന്നദ്ധത ഓരോ രാഷ്ട്രത്തിനും ഉണ്ടാക്കിക്കൊടുക്കുവാൻ അവർ ശ്രമിക്കണം. രാഷ്ട്രങ്ങൾ ധാർമ്മികപഥത്തിൽനിന്നും വ്യതിചലിക്കാതെയും, സ്രഷ്ടാവിങ്കലുള്ള അവയുടെ പരമാശ്രിതത്വം നിഷേധിക്കാതെയും, വ്യക്തികളേയും സമൂഹങ്ങളേയും അവയുമായി ബന്ധിക്കുന്ന ദൈവിക സ്വഭാവത്തെ ധിക്കരിക്കാതെയും, അവയെ യഥായോഗ്യം നയിക്കുവാൻ അവർ ഉത്സാഹിക്കണം. അധികാരവിനിമയത്തിന്റെ എല്ലാ മൗലികധർമ്മവും മഹത്വവും, ആരുടെമേൽ അധികാരം പ്രയോഗിക്കപ്പെടുന്നുവോ, അവർക്കു സുഖവും സന്തോഷവും വർദ്ധിപ്പിക്കത്തക്കവിധം അവരുടെ ആവശ്യങ്ങളിൽ അവരെ ശുശ്രൂഷിക്കുന്നതിൽ അടങ്ങിയിരിക്കുന്നു എന്ന സത്യം എല്ലാവരും അറിയുന്നതിനും അംഗീകരിക്കുന്നതിനും അവർ അശ്രാന്തം പരിശ്രമിക്കുകയും ചെയ്യണം.'

മഹനീയമായ സമാധാനസ്ഥാപനശ്രമത്തിൽ ഓരോ പൗരനും നിവ്വഹിക്കേണ്ട ചില കർത്തവ്യങ്ങളുണ്ടു്. 'അ

തിപ്രധാനമായ ഈ സമയത്തു് അലക്ഷ്യമായി നോക്കി ക്കൊണ്ടു നില്ക്കുവാൻ ഒരുത്തനും അവകാശമില്ല.' പന്ത്ര ണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു തുടർന്നു ചോദിക്കുന്ന തു ശ്രദ്ധിക്കുക:

"പ്രതിദിനം വർദ്ധിച്ചുവരുന്ന ഈ ധാർമ്മികാധഃപ്പ തനത്തിനു് അവസാനം എവിടെ? മരണകരമായ ഈ അധോഗതിയെ നിസ്സഹായരായി നോക്കിനില്ക്കുന്നതിനു മാത്രമേ പൊതുജനങ്ങൾ ആഗ്രഹിക്കുന്നുള്ളോ? നാശകര മെന്നു തെളിയിക്കപ്പെട്ട ഇന്നത്തെ സാമൂഹ്യക്രമത്തെ പ്ര തിരോധിക്കുവാനായി സുബുദ്ധിയുള്ള ജനങ്ങൾ എല്ലാവ രുംകൂടി സംഘടിക്കേണ്ടതല്ലേ ആവശ്യം? വ്യക്തികളുടെ മാഹാത്മ്യം ഗ്രഹിച്ചു്, ദൈവശാസനങ്ങൾക്കു യോജിച്ച വിധം അവരുടെ ജീവിതക്രമം നിയന്ത്രിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ള കുറെ ആളുകൾ, കഴിയുന്നത്ര പരിശ്ര മിച്ചു് ഈ ബോധം സാർവ്വലൗകികമാക്കിത്തീർത്തു്, ലോ കത്തിലെ വിവിധജനപദങ്ങളെ ഈ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചു്. ദയനീയമായ ഇന്നത്തെ കലാപരംഗ ത്തിനു മുകളിൽ പ്രതിഷ്ഠിക്കുന്നതുവരെ വിശ്രമംകൂടാതെ അവർ പ്രയത്നിക്കുകയുമല്ലേ വേണ്ടതു്'?

"ധാർമ്മികജീവിതത്തിൽ നിലനില്ക്കുന്നവർ, 'വി ശ്വസമാധാനം സ്ഥാപിതമാകുന്നതുവരെ ഞങ്ങൾ വിശ്ര മിക്കുകയില്ല' എന്നു് ഒരു വാഗ്ദാനം ചെയ്യണം. യുദ്ധക്ക ളങ്ങളിൽ മൃതരായി സംസ്കരിക്കപ്പെട്ടിരിക്കുന്ന ബഹുലക്ഷ ങ്ങളോടുള്ള അലംഘനീയമായ ഒരു കടമയാണു് അതു്. നൂതനവും ഉൽകൃഷ്ടവുമായ ഒരു സാമൂഹ്യവ്യവസ്ഥിതി സ്ഥാപിക്കുവാനുള്ള ഒരു ചുമതല നിർവ്വഹിച്ചുകൊണ്ടാണു് അവർ ജീവൻ വെടിഞ്ഞിട്ടുള്ളതു്. ലോകത്തിൻെറ അ ഭിവൃദ്ധിക്കായി ജീവത്യാഗം ചെയ്ത ആ ധീരാത്മാക്കളുടെ ബന്ധുവൃന്ദത്തിനു്, അവരിൽക്കൂടി എന്നേക്കുമായി നഷ്ട പ്പെട്ട, ആശ്വാസവും സന്തോഷവും, പ്രകാശവും, ഈ കട മ നിർവ്വഹിക്കുവാൻ നമ്മെ കൂടുതൽ പ്രേരിപ്പിക്കുന്നു. യു ദ്ധത്തിൻെറ പേരിൽ നാടും വിട്ടുവീട്ടു വിദേശവാസം വരിച്ചു കഷ്ടപ്പെട്ടുകയും നമ്മുടെ അവകാശം വിദേശി

കൾക്കായി നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ ഭവനങ്ങളും അന്യരുടേതായിത്തീർന്നിരിക്കുന്നു'' (വിലാപം v. 2) എന്നു ദീർഘദർശിയോടുകൂടി വിലപിക്കുകയും ചെയ്യുന്ന സംഖ്യാതീതമായ പരദേശിവൃന്ദത്തോടുള്ള നമ്മുടെ കടമയാണ് ആ വാഗ്ദാനം. സ്വന്തമായ യാതൊരു കുററവും കൂടാതെ, ഒരു പ്രത്യേക രാഷ്ട്രത്തിലോ വംശത്തിലോ ഉൾപ്പെട്ടതുകൊണ്ടുമാത്രം കഷ്ടപ്പാടുകൾ അനുഭവിക്കുകയും, പലവിധത്തിലും അധഃപതിക്കുകയും, മരിക്കുകകൂടിയും ചെയ്തിട്ടുള്ള അനേകായിരം വ്യക്തികളോടു നമുക്കുള്ള ഒരു കടമയാണ് ആ വാഗ്ദാനം. ആതുരാലയങ്ങളിലും വിദ്യാലയങ്ങളിലും ശാന്തമായ സ്വഭവനങ്ങളിലും ജീവിക്കുന്നതിനിടയിൽ ശപിക്കപ്പെട്ടതെന്നു നാം വിളിച്ചറിയിച്ചിട്ടുള്ള ആ കാശയുദ്ധത്തിൻെറ അവിവിക്തത വഴിയായി മൃത്യുവശഗരായ, നിരവധി കുഞ്ഞുങ്ങളോടും സ്ത്രീകളോടും രോഗികളോടും മനുഷ്യകുലത്തിനുള്ള ഒരു കടമയാണു നമ്മുടെ ആ വാഗ്ദാനം. ലോകത്തിൽ ഈ ദുഷ്ടതയും ഭയങ്കരതയും കൂടുതൽ പ്രചരിക്കാതെ തടയണമേ എന്നു സ്വാതന്ത്ര്യത്തിൻെറ നാഥനായ ദൈവത്തോടു ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കത്തക്കവിധം മുഖ്യമായി വർദ്ധിച്ച ഈ നാശത്തിൻെറ വിപുലത വരുത്തിക്കൂട്ടിയ വർണ്ണനാതീതങ്ങളായ ദുരിതങ്ങളോടും കഷ്ടപ്പാടുകളോടും, കണ്ണുനീരിനോടും മനോവേദനയോടും മനുഷ്യവംശത്തിനുള്ള ഒരു കടമയാണ് ആ വാഗ്ദാനം.''

നീതിയുടെ "അവകാശങ്ങളെപ്പററിയുള്ള സനാതനതത്വങ്ങളിൽ വിശദമായ ജ്ഞാനമുള്ളവരും ഋജുവും ശാന്തവുമായി വിധിക്കാൻ കഴിവുള്ളവരും, എല്ലാവർക്കും—ഏററം ബലഹീനരും ഏററം അശരണരുമായ സമസൃഷ്ടങ്ങൾക്കുപോലും—ദൈവം നല്കിയിരിക്കുന്ന അവകാശങ്ങളുടെ സംരക്ഷണത്തിനായി തങ്ങളുടെ അധികാരത്തിൻെറ സകല സാധ്യതകളും പ്രയോഗിക്കുന്നതിനു കൃതപ്രതിജ്ഞരുമായ പ്രവർത്തകന്മാരെയാണു നമുക്ക് ആവശ്യ''മെന്നു മറെറാരു പ്രഭാഷണത്തിൽ അവിടുന്നു പ്രസ്താവിക്കുന്നു. "താദൃശന്മാരായ ചിന്തകന്മാർ ലോകത്തിൻെറ ഭാ

വിഭാഗദ്വേഷങ്ങളെ നിയന്ത്രിക്കുന്നതിനു ദൈവം ഇടയാക്കട്ടെ!" ഇവയാണു സമാധാനസ്ഥാപനത്തിനായി ക്രൈസ്തവസഭാദ്ധ്യക്ഷൻ നല്കുന്ന പ്രായോഗികനിർദ്ദേശങ്ങൾ. ഇവയെ പ്രാവർത്തികമാക്കുക; ശാന്തി നിശ്ചയമാണു്. എന്നാൽ, യുദ്ധത്തിനു മുമ്പും യുദ്ധഘട്ടത്തിലും കത്തോലിക്കാസഭ നടത്തിയിട്ടുള്ള മഹനീയ സേവനങ്ങളെപ്പററി പഠിക്കുകയോ അറിയുകയോ ചെയ്യാതെ, അല്ലെങ്കിൽ അവയെ മനഃപൂർവ്വം അവഗണിച്ചുകൊണ്ടു് ചില മഹാന്മാർ സഭയെ അപലപിക്കുന്നതിനു ബദ്ധപ്പെടുന്നു. അവരുടെ ദൃഷ്ടിയിൽ ക്രിസ്തുവിൻെറ സഭ ലോകസമാധാനത്തിനും സംസ്കാരത്തിനും വേണ്ടി ഒന്നും ചെയ്തിട്ടില്ല, ചെയ്യുന്നില്ല, ചെയ്കയുമില്ല. അതുമാത്രമോ? ഹൈന്ദവപരിഷ്കാരം, ഹൈന്ദവസംസ്കാരം, ഇവയ്ക്കു മാത്രമേ ഇന്നത്തെ ദയനീയസ്ഥിതിയിൽ നിന്നും ലോകത്തെ രക്ഷിക്കാൻ കഴിവുള്ളവയത്രേ! കൂടാതെ, ഇക്കഴിഞ്ഞ യുദ്ധകാലത്തെ ഭയങ്കരതകളെപ്പററി ആലോചിക്കുമ്പോൾ ക്രിസ്ത്യൻനാഗരികത ഭൂമുഖത്തുണ്ടോ എന്നു് ഒരു സംശയവും!!

ചരിത്രപഠിതാക്കൾക്കറിയാം ഒരു പ്രത്യാഖ്യാനം അർഹിക്കുന്ന പ്രസ്താവനയല്ല ഇതെന്നു്. ഭാരതത്തിൻെറ പൗരാണികചരിത്രം ഒരു പ്രാവശ്യമെങ്കിലും മറിച്ചുനോക്കിയാൽ ഈ വാദത്തിൻെറ നിരർത്ഥകത്വം സുഗ്രഹമാകും. "ധർമ്മവിദ്വേഷികളെ ശത്രുമിത്രഭേദം ഗണിക്കാതെതന്നെ നിഗ്രഹിക്കേണ്ടിവന്നാൽ നിഗ്രഹിച്ചു ധർമ്മസംസ്ഥാപനം ചെയ്യുവാൻ" ഉപദേശിക്കുന്ന ഒരു തത്ത്വസംഹിതയ്ക്കു സർവ്വസാഹോദര്യമോ ശാശ്വതസമാധാനമോ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണോ നാം വിശ്വസിക്കേണ്ടതു്? ഹൈന്ദവധർമ്മം ഇന്നോ ഇന്നലെയോ ഉണ്ടായ പുതിയ കണ്ടുപിടുത്തമൊന്നുമല്ല. അതിനു ഭാരതചരിത്രത്തെക്കാൾ പഴക്കം കാണേണ്ടതാം. എന്നിട്ടു് എത്ര യുദ്ധത്തെ അതു തടഞ്ഞുനിറുത്തിയിട്ടുണ്ടു്? കുരുക്ഷേത്രം മുതൽ ബോംബേ നാവികത്തൊഴിലാളി പണിമുടക്കുവരെ എത്രയെത്ര സമരങ്ങളും സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ടു്? അവയിൽ

എത്രയെണ്ണത്തെ ഹൈന്ദവസംസ്കാരം തടഞ്ഞുനിറുത്തിയിട്ടുണ്ട്? വിദേശികളും 'വിദേശമതങ്ങളും' ഭാരതത്തിൽ വരുന്നതിനു മുമ്പ് എത്ര യുദ്ധങ്ങളെ ഹൈന്ദവസംസ്കാരം ഇല്ലാതാക്കിയിട്ടുണ്ട്? ഉദാഹരണത്തിന് ഒന്നെങ്കിലും എടുത്തുകാണിച്ചിട്ടാകട്ടെ, മഹനീയ നേട്ടങ്ങളോടുകൂടി ക്രൈസ്തവസഭാമാതാവിന്റെ മുഖത്തു തുറടിക്കുവാൻ.

അടുത്തതായി, ക്രൈസ്തവമതവും ലോകസംസ്കാരവും —ഇവയെപ്പററി ഒന്നും പറയേണ്ടതായിട്ടില്ല. മദ്ധ്യാഹ്ന സൂര്യപ്രഭപോലെ അവസ്ഥവ്യക്തമാണ്. അതുകൊണ്ട് ഒരു ഹൈന്ദവലേഖകന്റെ സാക്ഷ്യം ഉദ്ധരിക്കുകമാത്രം ചെയ്യാം. "ഞാൻ ഒരു ക്രൈസ്തവനല്ല, ക്രിസ്തുമതപണ്ഡിതനുമല്ല. എന്നാൽ, ഭൂഗോളത്തെ ഇന്ന് അധിവസിക്കുന്ന മനുഷ്യജാതിയിൽ വിവേകമേറിയ മൂന്നിലൊരു ഭാഗത്തിന് ആരാധ്യനായിരിക്കുന്ന ഒരു അവതാരപുരുഷനാണു ക്രിസ്തു. ഈ ലോകത്തിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന സംസ്കാരത്തിനു കാരണഭൂതന്മാരായ മഹാപുരുഷന്മാരുടെ കൂട്ടത്തിൽ അദ്ധ്യക്ഷപീഠത്തിനു സർവ്വഥാ അവകാശിയാണു ക്രിസ്തു. അക്രൈസ്തവരിൽ ചിലർ ഒരുപക്ഷേ, ഇതു സമ്മതിക്കയില്ലായിരിക്കാം. എന്നാൽ, അക്രൈസ്തവമതങ്ങൾക്കു പ്രചുരപ്രചാരമുള്ള ഭൂഭാഗങ്ങളെക്കാൾ ക്രൈസ്തവമതപ്രചാരമുള്ള ഭൂഭാഗങ്ങൾ നവീന നാഗരികതയിൽ മുമ്പിട്ടുനില്ക്കുന്നു എന്ന വസ്തുത അവരും സമ്മതിക്കുക തന്നെ ചെയ്യും...."

വിശ്വവ്യാപകമായ ഈ നാഗരികതയ്ക്കു ലോകസമാധാനത്തെ അവികലമായി പരിരക്ഷിക്കുന്നതിനു കഴിയാഞ്ഞതു് അതിന്റെ പരാജയമാണെന്നുള്ള ആരോപണവും അർത്ഥശൂന്യമാണ്. ഒരു കാലത്തു ക്രൈസ്തവസഭയുടെ വിജയരംഗങ്ങളായി പരിലസിച്ചിരുന്ന വിഭാഗങ്ങളായിരിക്കാം രണ്ടാം ലോകയുദ്ധത്തിന്റെ രംഗങ്ങളായിത്തീർന്നതു്. പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നതുപോലെ, "അബദ്ധാഭിപ്രായങ്ങൾ വളരുന്നതിനും സാമൂഹ്യജീവിതത്തിൽനിന്ന് ധാർമ്മികചിന്തയെ ആട്ടിപ്പായിക്കുന്നതിനും, ക്രിസ്ത്യാനികളെന്നു സ്വയം ബോ

ധന ചെയ്യുന്ന ചിലർകൂടി ഉൾപ്പെട്ട ഒരു വലിയ ജനവിഭാഗം പൊതുവായി ഉത്തരവാദിത്വം വഹിക്കേണ്ടിയിരിക്കുന്നു എന്ന വാസ്തവം മറക്കാവതല്ല.'' 'നമ്മിലാർക്കും അപരാധാരോപണത്തിൽ നിന്നു പരിപൂർണ്ണമായി ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല....പ്രതിരോധത്തിന്റെ ഒരു കേന്ദ്രം കത്തോലിക്കാസഭയായിരുന്നു; പലപ്പോഴും അവൾ മാത്രമാണു് എതിർത്തു നിന്നതു്. സുസംഘടിതമായി പ്രതിരോധിച്ചുകൊണ്ടിരുന്നതു് അവൾ മാത്രമാണുതാനും....എന്നാൽ, നാമെല്ലാം ഒരു സജീവസഭയായി വർത്തിച്ചിരുന്നുവെങ്കിൽ, ക്രിസ്ത്യാനികളെന്നു പറയുന്നവരെല്ലാം കർമ്മധീരന്മാരായ ഉത്തമക്രൈസ്തവപൌരന്മാരായി ജീവിച്ചിരുന്നുവെങ്കിൽ, ഈ കഴിഞ്ഞ ദുരന്തങ്ങൾ ഉണ്ടാകാതെ കഴിക്കാമായിരുന്നു' എന്നുള്ള ഒരു ജർമ്മൻ കത്തോലിക്കാ ലേഖകന്റെ അഭിപ്രായത്തോടു നാമും യോജിക്കുന്നു. ക്രിസ്തുമതതത്വങ്ങൾക്കെതിരായി പ്രവർത്തിക്കുകയാണു ശ്രേയസ്കരമെന്നു ചിലർ ധരിച്ചുപോയി. അവർ നശിച്ചു. അവരുടെ പരാജയത്തിനും ക്രൈസ്തവസഭ സമാധാനം പറയണമോ? അവരുടെ അധഃപതനം ക്രൈസ്തവമതത്തിന്റെ വിജയത്തെയല്ലേ സൂചിപ്പിക്കുന്നതു്? യഥാർത്ഥമായ സത്യത്തിലും നീതിയിലും സ്നേഹത്തിലും നിന്നു വ്യതിചലിച്ചാൽ ഉണ്ടാകാവുന്ന വിപത്തുകളെയല്ലേ അവരുടെ പരാഭവം പ്രകടിപ്പിക്കുന്നതു്? അവരുടെ പരാജയം അക്രൈസ്തവത്വത്തിന്റെ പ്രത്യക്ഷമായ പരാജയവും ക്രൈസ്തവത്വത്തിന്റെ പരോക്ഷമായ വിജയവുമാകുന്നു.

ലോകസമാധാനസ്ഥാപനത്തിനും പരിരക്ഷണത്തിനുംവേണ്ടി പോപ്പുരാജന്മാർ ഇക്കാലംവരെയും ചെയ്തിട്ടുള്ള മഹനീയസേവനങ്ങളെ ചോദ്യം ചെയ്യുവാൻ തക്കത്രാണിയുള്ളവർ ഇന്നുണ്ടെന്നു തോന്നുന്നില്ല. ആരെങ്കിലും അതിനു തുനിഞ്ഞാൽ ചരിത്രപക്ഷങ്ങൾ അവരെ അവലപിക്കും; അവഹേളിക്കും. വായനക്കാർ അനുവദിക്കുന്ന പക്ഷം ഒരു നീണ്ട പട്ടികതന്നെ ഇവിടെ ഹാജരാക്കാം.

"മദ്ധ്യശതകങ്ങളിൽ വളരെ പ്രാബല്യത്തിലിരുന്ന ഒരു മാർപ്പാപ്പായായിരുന്നു മൂന്നാം ഇന്നസെൻറ് (1198—1216). അവിടുന്നു മാദ്ധ്യസ്ഥത വഹിച്ചു പല തർക്കങ്ങൾക്കും അറുതി വരുത്തീട്ടുണ്ട്. നാലാം ഇന്നസെൻറ് മാർപ്പാപ്പാ (1243—1254) അസ്ത്രീയായും ഹംഗറിയും തമ്മിലുണ്ടായിരുന്ന അതിർത്തിതർക്കങ്ങൾക്കു തീരുമാനം വരുത്തി. എട്ടാം ബൊനിഫെസ്സ് മാർപ്പാപ്പാ (1294—1303) ഇംഗ്ലണ്ടിലെ രാജാവായിരുന്ന രണ്ടാം എഡ്വേർഡും സ്കോട്ട്ലണ്ടിലെ റോബർട്ട്ബ്രൂസും തമ്മിലുണ്ടാകുമായിരുന്ന യുദ്ധത്തെ ഒഴിച്ചുവെക്കുന്നതിനു ഫലപ്രദമായി പല അവസരങ്ങളിലും ശ്രമിച്ചു. ഫിലിപ്പ്-ലെ-ബെൽ എന്ന ഫ്രാൻസിലെ രാജാവിൻെറമേൽ അവിടുന്ന് അധികാരംചെലുത്തി ഇംഗ്ലണ്ടുമായിചെയ്ത സന്ധിയെ പാലിക്കാൻ അദ്ദേഹത്തെ സമ്മതിപ്പിച്ചു. രണ്ടാം പൗലോസ് മാർപ്പാപ്പാ (1464—71) വിയന്നായിലെയും നേപ്പിൾസിലെയും ഫ്ളോറൻസിലെയും രാഷ്ട്രങ്ങൾ തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ പറഞ്ഞുതീർത്ത് അവ തമ്മിൽ സമാധാനം സ്ഥാപിച്ചു. ഒൻപതാം ലെയോ മാർപ്പാപ്പാ (1049—54) നോർമൻ ജാതിക്കാരാൽ ആക്രമിക്കപ്പെട്ടകയും നാശങ്ങൾ ഉണ്ടാക്കപ്പെട്ടകയും ചെയ്ത ദക്ഷിണ ഇററലിയിൽ സമാധാനവും ക്രമവും പുനഃസ്ഥാപിച്ചു. രണ്ടാം പാസ്കൽ മാർപ്പാപ്പാ (1099—1118) അരഗണിലെ രാജാവിനേയും അദ്ദേഹത്തിൻെറ ശത്രുക്കളേയും തമ്മിൽ രഞ്ജിപ്പിച്ചു. ഏഴാം ഗ്രിഗോറിയോസ് മാർപ്പാപ്പാ (1073—85) ഫ്രാൻസിലെ രാജാവായിരുന്ന ഒന്നാം ഫിലിപ്പിൻെറമേൽ സ്വാധീനതാശക്തി ചെലുത്തി ഇംഗ്ലണ്ടിലെ രാജാവായിരുന്ന വില്യമിനോടു യുദ്ധം ചെയ്യാനുള്ള ശ്രമത്തിൽനിന്ന് അദ്ദേഹത്തെ വിരമിപ്പിച്ചു. രണ്ടാം ഇന്നസെൻറു മാർപ്പാപ്പാ (1130—43) ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും തമ്മിലുള്ള തർക്കങ്ങൾ പറഞ്ഞുതീർത്തു. 11-ാം ബനദിക്തോസ് മാർപ്പാപ്പാ (1103—1104) ഫ്ളോറൻസിൽ യുദ്ധം നിറുത്തി വയ്പ്പിച്ചു. അഞ്ചാം മാർട്ടിൻ മാർപ്പാപ്പായുടെ ഭരണകാലം (1417—31) രാഷ്ട്രങ്ങൾ തമ്മിലുള്ള മാദ്ധ്യസ്ഥപ്രവർത്തനങ്ങൾക്കു പ്രസിദ്ധ

മാണ്. രണ്ടാം പീയൂസ് മാർപ്പാപ്പാ (1458—61) ഇററലിയിൽ സമാധാനം പുനഃസ്ഥാപിച്ചു. പന്ത്രണ്ടാം ബനദിക്തോസ് മാർപ്പാപ്പാ (1334—42) ഫ്രാൻസിലെ 6-ാം ഫിലിപ്പുരാജാവും ഇംഗ്ലണ്ടിലെ 3-ാം എഡേർഡ് രാജാവും തമ്മിൽ ആരംഭിച്ചതും 100 വഷത്തോളം നീണ്ടു നിന്നതുമായ യുദ്ധം ഒഴിച്ചുവെയ്ക്കാൻ ആവുംവിധം ശ്രമിച്ചു. ആറാം ക്ലമൻറ മാർപ്പാപ്പാ (1342—52) പ്രസ്തുത യുദ്ധത്തിൻെറ മുന്നോട്ടുള്ള ഗതിയെ തടഞ്ഞുനിറുത്തി. ആറാം ഇന്നസെൻറ് മാർപ്പാപ്പാ (1352—62) ഒരു ഉടമ്പടി ചെയ്യിപ്പിച്ച് ആ യുദ്ധത്തിനു തൽക്കാലശമനം വരുത്തി.'' ആധുനികകാലങ്ങളിലെ റോമ്മാ മാർപ്പാപ്പാമാർ ചെയ്തിട്ടുള്ള സമാധാനസംരക്ഷണയത്നങ്ങൾ നമുക്ക് അറിയാവുന്നവയാകയാൽ അവയെപ്പററി ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

ലോകസമാധാന പരിരക്ഷണത്തിനുവേണ്ടി ഇത്രയധികം യത്നിച്ചിട്ടുള്ള പോപ്പുരാജന്മാർക്ക് ഇന്ന് ഒന്നും സാദ്ധ്യമല്ലെന്ന് ആരു പറയും? അന്നു സാധിച്ചുവെങ്കിൽ അവക്ക് ഇന്നും സാധിക്കും എന്നാൽ, നീതിയുക്തമായ അവരുടെ ശാസനങ്ങൾ ഇന്നത്തെ ലോകത്തിനു രുചിച്ചെന്നു വരികയില്ല. രോഗശാന്തി വേണമെങ്കിൽ വൈദ്യൻ നിശ്ചയിക്കുന്ന ഔഷധങ്ങൾ സേവിക്കണം. അതിനു സമ്മതമില്ലെങ്കിൽ വൈദ്യനേയോ ഔഷധത്തേയോ ഔഷധശാസ്ത്രത്തേയോ കുററം പറയുന്നതിൽ അത്ഥമില്ല.

നീതിയും സമാധാനവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പററി ക്രിസ്തീയസഭയ്ക്ക് അന്നും ഇന്നും എന്നും ഉള്ള പ്രബോധനം ഒന്നുതന്നെയാണ്: ''സീസറിൻേറതു സീസറിനും, ദൈവത്തിൻേറതു ദൈവത്തിനും.'' പിന്നെ അസമാധാനത്തിനു വഴിയില്ല. ദൈവത്തിൻെറ പിതൃത്വത്തിൽ മനുഷ്യരുടെ സഹോദരത്വത്തെ അംഗീകരിക്കുക; നിശ്ചയമായും സമാധാനം സംജാതമാകും. ''മതത്തിൻെറ മൗലികഘടകമായ ഈ സാത്ത്വിക തത്ത്വത്തിൽ സുസ്ഥിരമായി അധിഷ്ഠിതമാകാത്തപക്ഷം, അഭികാമ്യതരമായ ഭാവിലോകവ്യവസ്ഥിതിയ്ക്കും ശാശ്വതമായ സമാധാ

നസ്ഥാപനത്തിനും വേണ്ടിയുള്ള പരിശ്രമങ്ങളെല്ലാം വെറും ഫലശൂന്യങ്ങളായിരിക്കുകയേ ഉള്ളൂ'' എന്നു 1945 ഒക്ടോബർ ഏഴാം തീയതി പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതു് ഇത്തരുണത്തിൽ സ്മർത്തവ്യമാണു്.

ഏതാദൃശങ്ങളായ സുനിശ്ചിതാദർശങ്ങളോടുകൂടിയ പോപ്പുരാജന്റെ പ്രേരണാശക്തി സമാധാനാലോചനകളിൽ അനുഭവപ്പെട്ടാൽ അതു തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾക്കു വിഘാതമായേക്കുമെന്നു ലോകമഹാശക്തികൾ സംശയിച്ചതു വൃഥായല്ല. ഇതിനെ സൂചിപ്പിച്ചുകൊണ്ടു വത്തിക്കാൻ റേഡിയോ ചെയ്തിരിക്കുന്ന പ്രക്ഷേപണം അർത്ഥസമ്പുഷ്ടമാണു്: “സമാധാനാലോചനാസമ്മേളനങ്ങളിലേക്കു വത്തിക്കാൻ ക്ഷണിക്കപ്പെടുകയില്ലെന്നുള്ള നമ്മുടെ പ്രവചനം യഥാർത്ഥമായി പരിണമിച്ചിരിക്കുന്നു. സുബുദ്ധിയുള്ള ഏവർക്കും വ്യക്തമായി കാണാവുന്ന ചില കാരണങ്ങളാൽ ഇതു തികച്ചും സ്വാഗതാർഹമായിരിക്കുന്നു എന്നു പറയുക തന്നെ വേണം. പരിശുദ്ധ പിതാവിന്റെ ഏകാഭിലാഷം നീതിയുടേയും സത്യത്തിന്റെയും സ്നേഹത്തിന്റെയും തത്വങ്ങളിൽ അടിയുറപ്പിച്ചിരിക്കുന്ന ശാശ്വതമായ സമാധാനം ഉണ്ടാകണം എന്നു മാത്രമാണു്.''

സ്ഥിരമായ സ്വസ്ഥതയും ഐശ്വര്യപ്രദമായ ശാന്തിയും ലോകത്തു ജനിക്കണമെങ്കിൽ ധാർമ്മികസമ്രാട്ടായ പോപ്പുരാജന്റെ നിർദ്ദേശങ്ങളെ രാഷ്ട്രങ്ങൾ സ്വീകരിക്കണം; ശാന്തിപ്രദങ്ങളായ അവിടുത്തെ ശാസനങ്ങളെ പ്രാവർത്തികമാക്കണം. എന്നാൽ, “കഴിഞ്ഞ പല വർഷങ്ങളായി മനുഷ്യർ ധനപരമായ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്നു. അക്കാലത്തു മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം ലാഭചിന്ത മാത്രമായിരുന്നു. അപകടകരവും ദുരുപദിഷ്ടവുമായ ആ മനോഭാവം വിട്ടിട്ടു് അതിൽനിന്നും ഒട്ടും ശ്രേഷ്ഠമല്ലാത്ത മറെറാന്നു് ഇന്നു് സ്ഥാനം പിടിക്കുന്നു. ദൈവവിശ്വാസവും മതബോധവും നിസ്സാരമായി ഗണിക്കുന്ന ഒരു രാഷ്ട്രീയപ്രബുദ്ധത

തന്നെ അതു്. സകലതും രാഷ്ട്രത്തിനുവേണ്ടി! വിനാശകരമായ ഒരു അബദ്ധസിദ്ധാന്തം! സാമുദായിക ജീവിതത്തിനു ഹാനികരമായ പ്രത്യാഘാതങ്ങൾ ഇത്രയധികം ജനിപ്പിക്കുവാൻ മറെറാന്നിനും കഴിവില്ല. വ്യക്തികളുടേയും സമുദായത്തിൻേറയും പരമാധാരമായ ദൈവത്തെ നിഷ്പ്രശ്നം, സാവജ്ഞം, വിസ്മരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നതിലധികമായി സാമുദായികജീവിതത്തിൻെറ അവകാശങ്ങളേയും സൗകുമാര്യത്തേയും ഹനിക്കുന്ന മറെറന്തുണ്ടു്?'' സമാധാനസ്ഥാപനം സുകരമാകുന്നതിനു് ഈ ചിന്താരീതിയെ മാററണമെന്നാണു പന്ത്രണ്ടാം പീയൂസ് ഉപദേശിക്കുന്നതു്.

ഇതിനു സമുചിതമായ ഒരു പശ്ചാത്തലം സൃഷ്ടിക്കുന്നതിനെന്നവണ്ണം, ക്രൈസ്തവസഭാദ്ധ്യക്ഷൻെറ ശാസനങ്ങളേയും നിർദ്ദേശങ്ങളേയും ക്രോഡീകരിച്ചുകൊണ്ടു്, 'സർവ്വരാജ്യസമാധാനത്തിനുവേണ്ടിയുള്ള കത്തോലിക്കാസംഘടന'യുടെ ഉപാദ്ധ്യക്ഷനായ മി. തോമസ് എച്ച്. മഹോണി രൂപവൽകരിച്ചിരിക്കുന്ന 'സമാധാന വിശ്വാസപ്രമാണം' വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളട്ടെ. അതിപ്രകാരമാണു്:

''സമസൃഷ്ടങ്ങളോടുകൂടി സമാധാനത്തിൽ ജീവിക്കുവാനായി ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

''മനുഷ്യവംശം ഏകമാണെന്നും സമാധാനം ഏകമാണെന്നും ഞാൻ വിശ്വസിക്കുന്നു.

'' 'വ്യവസ്ഥിതിയിലുള്ള പ്രശാന്തത'യാണു സമാധാനം എന്നു ഞാൻ വിശ്വസിക്കുന്നു.

''മനുഷ്യൻ സമാധാനത്തോടേ ജീവിക്കുന്നതിനും ലൗകികമായ ഐശ്വര്യവും ആനന്ദവും സംപ്രാപിക്കുന്നതിനും ഉപകരിക്കുന്ന ഒരു മാർഗ്ഗമായിട്ടാണു രാഷ്ട്രത്തെ ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

''പൊതുക്ഷേമത്തിനും പൊതുനന്മയ്ക്കും വേണ്ടി പരി

ശ്രമിക്കുകയാണു രാഷ്ട്രത്തിന്റെ കടമയെന്നു ഞാൻ വിശ്വസിക്കുന്നു.

"നിയമം കൂടാതെ രാഷ്ട്രത്തിന്റെ അസ്തിത്വം അസാദ്ധ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു.

"അധികാരം കൂടാതെ വ്യവസ്ഥിതിയുടെ അസ്തിത്വ അസാദ്ധ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു.

"നിയമം കൂടാതെ നീതിയായുള്ള അധികാരം സ്ഥിതി ചെയ്യുവാൻ സാധ്യമല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

"നിയമം നിലനില്ക്കണമെങ്കിൽ അവ നിർമ്മിക്കുന്നതിനും പ്രയോഗിക്കുന്നതിനും നിർബന്ധിതമാക്കുന്നതിനും ഭരണകൂടങ്ങൾ അനുപേക്ഷണീയങ്ങളാണെന്നു ഞാൻ വിശ്വസിക്കുന്നു.

"ഭരണകൂടങ്ങൾ ജനങ്ങളാലും ജനങ്ങൾക്കുവേണ്ടിയും സ്ഥാപിതങ്ങളാണെന്നും, ഭരണീയരുടെ സമ്മതത്തിൽ നിന്നാണു നീതിപരമായ അവയുടെ അധികാരങ്ങൾ ഉത്ഭവിച്ചിരിക്കുന്നതെന്നും ഞാൻ വിശ്വസിക്കുന്നു.

"നന്മ ചെയ്യുക, തിന്മ അകററുക എന്ന ധാർമ്മികതത്വം മനുഷ്യരെ മാത്രമല്ല, സകല രാഷ്ട്രസംഘടനകളേയും ബാധിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

"ലോകമാസകലമുള്ള ജനങ്ങളേയും രാഷ്ട്രങ്ങളേയും ഈ സത്യങ്ങൾ സാർവ്വത്രികമായി ബന്ധിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

"അണുകശക്തി സമരപ്രവർത്തനങ്ങൾക്കു സ്വീകരിച്ചാൽ അതു സമാധാനത്തെ ഉൻമൂലനം ചെയ്യുമെന്നു മാത്രമല്ല, നാഗരികതയേയും മനുഷ്യവംശത്തെത്തന്നേയും അതു നശിപ്പിച്ചേക്കാമെന്നു ഞാൻ വിശ്വസിക്കുന്നു.

"അണുകശക്തി സമാധാനസംരംഭങ്ങൾക്കായി ഉപയോഗിച്ചാൽ അതു്, ജീവിതത്തിനും സ്വാതന്ത്ര്യത്തിനും സൗഭാഗ്യാന്വേഷണത്തിനും മനുഷ്യനുള്ള അവിതർക്കിതങ്ങളായ അവകാശത്തെ സുദൃഢമാക്കുമെന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

"മനുഷ്യരുടെ ഇടയിലുള്ള നീതിയും സ്നേഹവും, ദൈ

വത്തിൻെറ പിതൃത്വത്തേയും മനുഷ്യരുടെ സഹോദരത്വത്തേയുംകുറിച്ചുള്ള ബോധം ശക്തിപ്പെട്ടുത്തുമെന്നും, 'ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനത്തെ അവ അതിവേഗം കൈവരുത്തുമെന്നും ഞാൻ വിശ്വസിക്കുന്നു.''

മാർപ്പാപ്പായുടെ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്ന പക്ഷം അവ വിസ്മയജനകമായ ഫലം ഉല്പാദിപ്പിക്കുമെന്നതിനെപ്പററിക്കൂടി രണ്ടു വാക്കു പറഞ്ഞുകൊണ്ടു്, ഈ അദ്ധ്യായം ഉപസംഹരിക്കാം. കത്തോലിക്കാരാജ്യങ്ങളായ സ്പെയിനിൻേറയും, പോർട്ടുഗലിൻേറയും, അയർലണ്ടിൻേറയും അവസ്ഥ എടുത്തു പറയുന്നില്ല. ലോകക്ഷേമത്തിൽ പോപ്പുരാജൻെറ ശാസനങ്ങൾക്കുള്ള വിലയെ അനുഭവം കൊണ്ടു വിശദീകരിക്കുന്ന ക്യൂബെക്കിലെ തൊഴിലാളി മന്ത്രി, മി. ആൻേറാണി ബാറെ ററിൻെറ വാക്കുകൾ ഉദ്ധരിച്ചുകൊള്ളട്ടെ: ''ക്യൂബെക്കു് സമാധാനത്താൽ അനുഗൃഹീതമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ ഭാഗ്യമോടേ വാഴുന്ന പോപ്പുരാജനും അനശ്വരയശസ്സുകളായ അവിടുത്തെ അഭിവന്ദ്യ മുൻഗാമികളും നല്കിയിട്ടുള്ള ശാസനങ്ങളിൽ, എല്ലാവരോടും നീതി നടത്തുന്നതിനു് ആവശ്യകങ്ങളായ മൂലതത്വങ്ങളും വ്യവസ്ഥകളും നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നതായി ഞങ്ങൾ കാണുന്നു....ഞങ്ങളുടെ സാമുദായികനിയമങ്ങൾ കുടുംബത്തെ സുരക്ഷിതമാക്കുന്നു. തൊഴിലാളികളും മുതലാളികളും രാഷ്ട്രപ്രതിനിധികളും കൂടിച്ചേർന്നു നിർമ്മിച്ചിട്ടുള്ള ഞങ്ങളുടെ തൊഴിൽനിയമങ്ങൾ എല്ലാവരുടേയും കടമകളേയും അവകാശങ്ങളേയും ആദരിക്കുന്നു. യുദ്ധം നിമിത്തം വിനാശപൂർണ്ണങ്ങളായിത്തീർന്നിരിക്കുന്ന രാജ്യങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനും, ഇപ്പോൾ അവസാനിച്ചുകഴിഞ്ഞിരിക്കുന്ന സമരസംരംഭങ്ങളുടെ നശീകരപ്രവർത്തനഫലമായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന നഷ്ടശിഷ്ടങ്ങളുടെ കൂമ്പാരത്തിനു മുകളിൽ ഒരു നവ്യലോകം പടുത്തുകെട്ടുന്നതിനും നാം ആഗ്രഹിക്കുന്നുവെങ്കിൽ, ഭൂമിയിലെ അത്യുന്നതാധികാരിയായ പോപ്പുരാജൻ നല്കുന്ന സാമുദായിക ധർമ്മപ്രമാണങ്ങളെ അനുസരിക്കുകതന്നെ വേണം എന്നുംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ.''

പോപ്പുരാജൻെറ പ്രവർത്തനങ്ങളേയും വത്തിക്കാൻെറ നയത്തേയും ഏററം നീചമായവിധം വ്യാഖ്യാനിക്കുകയും ഏററം ബീഭത്സമായ രൂപത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുന്ന കുബുദ്ധികളുടെ ദുഷ്പ്രചാരണയത്നങ്ങളെ യഥാർഹം ഖണ്ഡിക്കുകയും സഫലമായി എതിർക്കുകയും ചെയ്യുകയെന്നതു പോപ്പുതാതൻെറ വിശ്വസ്തസുതരായ നാമോരോരുത്തൻേറയും അനുപേക്ഷണീയമായ കർത്തവ്യം തന്നെ. വത്തിക്കാൻെറ പ്രവർത്തനങ്ങളെ താറടിച്ചു കാണിക്കുന്നതിനു ശ്രമിച്ച പ്രേഗിലെ കമ്യൂണിസ്റ്റു പ്രചാരകമന്ത്രിക്കു, ഒരു ചെക്കോസ്ലോവാക്യൻ പത്രാധിപരായ ഫാദർ അഡോൾഫ് കാജ്പർ എസ്. ജെ. യും, ഫാദർ സാഗാർബിക്കു് എസ്. ജെ. യും നല്കിയ പ്രത്യുത്തരം നാം ഓരോരുത്തനും ഏററുപറയേണ്ടതാണു്: "സർ, നിങ്ങൾ പ്രഘോഷിക്കുന്ന 'വത്തിക്കാൻ ഗ്രന്ഥാലോചനകൾ' കൃത്രിമങ്ങളും തികച്ചും അടിസ്ഥാനരഹിതങ്ങളുമാണെന്നു ഞങ്ങൾക്കറിയാം. പരിശുദ്ധ പിതാവിലുള്ള ഞങ്ങളുടെ വിശ്വാസത്തെ തെല്ലും ക്ഷതപ്പെടുത്തുന്നതിനു് അവ പ്രയോജകീഭവിക്കുകയില്ലെന്നു ധരിച്ചുകൊള്ളുക. സ്വരാജ്യസ്നേഹത്തെപ്പററിയോ കത്തോലിക്കാ മതത്തെപ്പററിയോ നിങ്ങൾ നല്കുന്ന പ്രബോധനങ്ങളെ ഞങ്ങൾ ഒരിക്കലും സ്വീകരിക്കുന്നതല്ല. രാജ്യതന്ത്രങ്ങളിരു ഇടപെടുന്നതിനു ഞങ്ങൾ വരുന്നില്ല; അധികാരമണ്ഡലം കൈയ്യടക്കുന്നതിനോ സമ്പൽസമൃദ്ധി കരഗതമാക്കുന്നതിനോ ഞങ്ങൾ ശ്രമിക്കുന്നില്ല. യഥാർത്ഥമായ, അഭിമാനകരമായ സ്വാതന്ത്ര്യം — അതെത്ര വിനീതമെങ്കിലുമായിരുന്നുകൊള്ളട്ടെ - അതാണു ഞങ്ങൾ ആവശ്യപ്പെടുന്നതു്. എന്തുകൊണ്ടെന്നാൽ, അതിൻെറ സംരക്ഷണത്തിനുവേണ്ടിയാണു ദീർഘമായ യാതനകൾ ഞങ്ങൾ അനുഭവിച്ചതു്. ആ സ്വാതന്ത്ര്യത്തിനു ഞങ്ങൾ അർഹരുമാണു്."

"ഞങ്ങൾ മാതൃരാജ്യത്തെ സ്നേഹിക്കുന്നു; എന്നാൽ, പരിശുദ്ധ പിതാവിനു് എതിരായുള്ള ആരോപണങ്ങളും ദൂഷണങ്ങളും— അവ ഞങ്ങൾ ഒരിക്കലും വകവച്ചുകൊടുക്കുകയില്ല; നിശ്ചയം."

# പതിന്നാലാമദ്ധ്യായം

## രണ്ടാമത്തെ ലോകയുദ്ധം.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ സ്വീകരിച്ച മുദ്രാവാക്യത്തെപ്പററി – സമാധാനം നീതിജാതമാണ് എന്ന മഹനീയാദർശത്തെപ്പററി — ഉള്ള ചർച്ചയിൽ, പോളണ്ടാക്രമണം മുതൽ സാൻഫ്രാൻസിസ്കോ സമ്മേളനംവരെയുള്ള സുദീർഘമായ കാലഘട്ടമാണു നമ്മുടെ പരിചിന്തനത്തിനുവിഷയമായതു്. രണ്ടാമത്തെ ലോകസമരത്തെ അതേപടി വിവരിക്കുകയെന്നതു് ഈ ചരിത്രത്തിന്റെ പരിധിയിൽപ്പെടുന്നില്ല. എന്നാൽ, പന്ത്രണ്ടാം പീയൂസിന്റെ ആദർശവൈശിഷ്ട്യത്തെ യഥാർഹം ഗ്രഹിക്കുന്നതിനും, അവിടുത്തെ പൈതൃകസ്വരം ശ്രവിക്കാതിരുന്നതിനാൽ ലോകത്തിനു വന്നുഭവിച്ച വിപത്തുകളെ കുറെയെങ്കിലും മനസ്സിലാക്കുന്നതിനും ദ്വിതീയ ലോകയുദ്ധത്തിന്റെ വിവിധരംഗങ്ങളിലേക്കുള്ള ഒരു വിഹഗവീക്ഷണമെങ്കിലും ആവശ്യകമാണു്.

നിരപരാധിയും നിരുപദ്രവിയുമായ പോളണ്ടിന്റെമേൽ രക്തപ്രിയനായ ജർമ്മൻകരടി ചാടിവീണ നിമിഷത്തിൽ രണ്ടാമത്തെ ലോകമഹായുദ്ധം ആരംഭിച്ചു. ശാന്തതയ്ക്കും സമാധാനത്തിനുംവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന സജ്ജനങ്ങൾ അതോടെ സന്താപസിന്ധുവിൽ ആമഗ്നരായി. പോളണ്ടിനെ കൊല ചെയ്തും കൊള്ള ചെയ്തും സകലതും കരസ്ഥമാക്കിയേ അടങ്ങുകയുള്ളൂ എന്നു കൃതപ്രതിജ്ഞരായ ഹിററ്ലറും സഖാക്കളും സമാധാനദൂതന്മാരുടെ പ്രവർത്തനങ്ങളെ അവഗണിച്ചതിൽ വിസ്മയത്തിനവകാശമില്ല. മററു പല രാഷ്ട്രങ്ങളേയും കൗടില്യവും കാപട്യവുംകൊണ്ടു് അപകടത്തിലാക്കിയ ജർമ്മനി പോളണ്ടിലേക്കു് ഇരച്ചുകയറാൻ തുടങ്ങിയപ്പോൾ ആപാവപ്പെട്ട

രാജ്യത്തിനു ശക്തിയില്ലായിരുന്നു; സൈന്യസന്നാഹങ്ങളില്ലായിരുന്നു, എന്നിട്ടും, വളരെ ദിവസത്തേക്ക് ആ കരടിയെ അവൾ തടഞ്ഞുനിറുത്തി. ആത്മാഭിമാനവും നീതിബോധവും മാത്രമായിരുന്നു പോളണ്ടിന്റെ ആയുധങ്ങൾ. ഒടുവിൽ, ഒളിച്ചുകിടന്ന ചതിയനായ ഒരു നരകസത്വം പിന്നിൽനിന്നും അവളുടെ മൃദുലമേനിയിൽ ചാടിവീണു. അവൾ ആശാഹീനയായി; മരണാസന്നയായി. ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അവളുടെ വസ്ത്രാഞ്ചലങ്ങൾപോലും ശത്രുക്കൾ പങ്കുവച്ചു. സ്വന്തം നാശത്തിനും പരാജയത്തിനുമുള്ള ഒരു കച്ചീട്ടായിരുന്നു അതു് എന്ന് ഉന്മത്തനായ ഹിററ്ലർ അന്നു സംശയിച്ചതേയില്ല.

ജർമ്മനിയുടെ മിന്നൽയുദ്ധങ്ങളും തകൃതിയായുള്ള വിജയങ്ങളും കുതിച്ചുകയററവും കണ്ടു ലോകം ഒന്നമ്പരന്നുപോയി. ഹിററ്ലറിന്റെ സൈന്യങ്ങൾ പ്രദർശിപ്പിച്ച ധീരോദാത്തതയും ഒന്നിനു പുറകേ ഒന്നായി അയാൾ പ്രയോഗിച്ചുകൊണ്ടിരുന്ന തന്ത്രങ്ങളും, ജർമ്മനിയുടെ പുതിയ കണ്ടുപിടുത്തങ്ങളും നവീനങ്ങളായ ആയുധങ്ങളും അഭ്രുതപൂർവ്വമായ വിമാനശക്തിയും ലോകം പ്രതീക്ഷിച്ചിരുന്നതല്ലെന്നു സമ്മതിക്കതന്നെ വേണം. ജനങ്ങൾ ആകപ്പാടേ ഇളകിവശായി. അടുത്ത പാച്ചിൽ എങ്ങോട്ടു് എന്നോർത്തപ്പോൾ ഏവരും രോമാഞ്ചംകൊണ്ടു. ചില അനുഭാവപ്രകടനങ്ങൾ കൊണ്ടു ഹിററ്ലറിനെ പ്രീതിപ്പെടുത്തി രക്ഷനേടുവാൻ പലരും ശ്രമിക്കാതിരുന്നില്ല.

അനീതിയുടേയും അക്രമത്തിന്റേയും നഗ്നമായ ഈ വിളയാട്ടത്തിൽ പ്രതിഷേധസ്വരമുയർത്തിയതു പന്ത്രണ്ടാം പീയൂസ് മാത്രമാണു്; ആദർശധീരനായ തിരുമേനി മാത്രമാണു സമാധാനഭഞ്ജകന്മാരുടെ പ്രാബല്യത്തെ വകവയ്ക്കാതെ മർദ്ദിതരായ രാജ്യക്കാരെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നതു്. നിഷ്കളങ്കയായ പോളണ്ടു നീതിവിരുദ്ധമായി നികൃഷ്ടമായ യാതനകൾക്കു വിധേയയായിരിക്കുന്നു എന്നു് അവിടുന്നു് ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

പരാജയത്തിൽ സഹതപിച്ചുകൊണ്ടു് അവിടുന്നു് അവളെ സാന്ത്വനപ്പെടുത്തി. "നമ്മുടെ വത്സലസുതയായ പോളണ്ടിനു് അനന്യലഭ്യമായ മഹത്വത്തിന്റെ വിജയയുഗം അതിവേഗം ഉദയം ചെയ്യുമെന്ന സുപ്രതീക്ഷയാൽ" തുടിക്കുന്ന ഹൃദയത്തോടേ, അനതിവിദൂരമായ പുനരുത്ഥാനദിവസത്തെ ക്ഷമാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനു് അവിടുന്നു് അവളെ ഉപദേശിച്ചു. അവളുടെ പൂർവ്വതനയന്മാർ ഇതിലും വലിയ ക്ലേശങ്ങളും ത്യാഗങ്ങളും അനുഭവിച്ചിട്ടില്ലേ? ഇതിലും വലിയ ആപത്സരണികൾ തരണം ചെയ്തിട്ടില്ലേ? അവരുടെ ധീരമാതൃകകൾ അവളെ ഉദ്ബുദ്ധയാക്കും. ഗണ്ടോൽഫോയിൽവച്ചു്, പോളണ്ടിലെ വൈദികമേലദ്ധ്യക്ഷനായ കർദ്ദിനാൾ ഹ്ളോണ്ടിനേയും പോളിഷഭയാർത്ഥികളായ ഏതാനും വൈദികന്മാരേയും വാത്സല്യപൂർവ്വം അഭിസംബോധനം ചെയ്തുകൊണ്ടു് അവിടുന്നു ചോദിച്ചതിങ്ങനെയാണു്: "നിങ്ങളുടെ കണ്ണീർപ്രവാഹങ്ങളെ ആനന്ദത്തിന്റെ നീരുറവകളായി പകർത്തുന്നതിനു കഴിയുന്ന സംഗീതമാധുരി പൊഴിഞ്ഞ അനുഗൃഹീതനായ ഷോപ്പി (Chopin) ന്റെ അനശ്വരമായ ചൈതന്യവിശേഷത്തിന്റെ ഓരോ ഭാഗം നിങ്ങൾ ഓരോരുത്തനിലും ഇല്ലെന്നോ?" അതേ, അവരുടെ കണ്ണുനീർ! ഒരു കരടിയുടേയും ഒരു കടുവായുടേയും ഇടയിൽ കിടന്നുകൊണ്ടു് അവർ ഒഴുക്കിയ കണ്ണുനീർ!....

ജർമ്മനി നല്കിയ മാതൃക റഷ്യ അനുകരിച്ചു. ഒരു ചെറിയ രാജ്യമായ ഫിൻലണ്ടിനോടു സ്റ്റാലിൻ യുദ്ധത്തിനു തയ്യാറായി. മുപ്പതു ലക്ഷം ജനങ്ങൾ മാത്രമുള്ള ഫിൻലണ്ടിൽ കത്തോലിക്കർ ആയിരംപോലും കാണുമെന്നു തോന്നുന്നില്ല. സമാധാനപ്രിയരും തൊഴിൽക്കാരുമായ ഈ ചെറിയ ജനതയുടെ നേരെയാണു റഷ്യ ആക്രമണത്തിനൊരുങ്ങിയതു്. റഷ്യയുടെ നയത്തെ ആരും ചോദ്യം ചെയ്തില്ല; ശക്തന്മാരിൽ പലരും അതു കണ്ടില്ലെന്നു നടിച്ചു. നീതിരാജനായ ക്രിസ്തുവിന്റെ പ്രതിനിധിയുടെ പ്രതിഷേധശബ്ദംമാത്രം ദിഗംബരങ്ങളിൽ കേൾക്കുമാറായി. തിരുമേനിയുടെ ആദ്യത്തെ ക്രിസ്തുമസ് പ്രഭാഷണ

ത്തിൻെറ വിഷയം ഇതായിരുന്നു. വെറും കൃത്രിമമായ കരണങ്ങളുണ്ടാക്കിക്കൊണ്ടു്, സകല സജ്ജീകരണങ്ങളോടുംകൂടി, ആ പാവപ്പെട്ട രാജ്യത്തെ വെല്ലുവിളിക്കുന്നതിൽ റഷ്യ പ്രദർശിപ്പിച്ച ഭീരുത്വത്തെ പന്ത്രണ്ടാം പീയൂസ് നിസ്സങ്കോചം അപലപിച്ചു.

പോളണ്ടിനെ വിഴുങ്ങിക്കഴിഞ്ഞപ്പോൾ ഫ്രാൻസിൻെറ നേരെയായി ഹിററ്ലറിൻെറ നോട്ടം. അതിനുള്ള മാർഗ്ഗം ഒരു നിഷ്പക്ഷരാജ്യമായ ബൽജിയത്തിൽ ക്കൂടേയും; ഹോളണ്ടിനെ ഗണ്യമാക്കാനുമില്ല. ഫ്രാൻസ് കഴിഞ്ഞാൽ ബ്രിട്ടൺ!! സർവ്വരാജ്യനിയമങ്ങൾക്കു വിരോധമായി, ബൽജിയംകാരുടെ അവകാശത്തെ അവഗണിച്ചു് ഹിററ്ലർ അവരുടെ രാജ്യം ആക്രമിക്കുന്നതറിഞ്ഞുകൊണ്ടു്, പരിശുദ്ധ പിതാവു; ലിയോപ്പോൾഡ് രാജാവിനു് ഇങ്ങനെ കമ്പിയടിച്ചു: "....സ്വന്തം അഭീഷ്ടത്തിനും അവകാശത്തിനും വിരുദ്ധമായി തങ്ങളുടെ രാജ്യസീമകൾ ഇതാ രണ്ടാം പ്രാവശ്യവും സമരക്രൂരതകൾക്കു വിധേയമായിരിക്കുന്നതു കാണുവാൻ ബൽജിയൻജനത നിർബന്ധിതമായിരിക്കുന്നു!"

വിൽഹെൽമീനാ രാജ്ഞിയ്ക്കു് അവിടുന്നു നല്കിയ അനുശോചനസന്ദേശം ഇതിലും വികാരനിർഭരമാണു്. "മഹനീയമായ നിങ്ങളുടെ രാജ്യം അതിൻെറ അഭീഷ്ടത്തിനും അവകാശത്തിനും എതിരായി, ഇതാ ഒരു ഭയങ്കരയുദ്ധരംഗമായി പരിണമിച്ചിരിക്കുന്നു....നീതിയുടേയും സ്വാതന്ത്ര്യത്തിൻെറയും പുനഃസ്ഥാപനം വേഗം സാധിതമാകുവാൻ തിരുച്ചിത്തമാകുന്നതിനു സർവ്വശക്തനോടു നാം ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുന്നു."

ജർമ്മൻ കരടിയുടെ ഈ വിളയാട്ടം ഒട്ടും അപ്രതീക്ഷിതമല്ലായിരുന്നു. നാസികളുടെ നയവും പ്രവർത്തനപരിപാടികളും നിരീക്ഷിച്ചുകൊണ്ടിരുന്നവർ, അവരുടെ ലക്ഷ്യത്തെപ്പററി നേരത്തേ സംശയിച്ചതാണു്. ആസ്ട്രിയായെ കുട്ടകിലാക്കിയ ഹിററ്ലർ യൂറോപ്പിനെ ഒരു മഹായുദ്ധത്തിൽ അകപ്പെടുത്താതിരിക്കുകയില്ലെന്നു 1938

മാർച്ചുമാസത്തിൽത്തന്നെ മഹാചിന്തകനായ പതിനൊന്നാം പീയൂസ് കണ്ടിരുന്നു. അവിടുത്തെ നിഗമനങ്ങളെ ഹിററ്ലർ അന്നു പുച്ഛിക്കുകയാണു ചെയ്തതു്. "മാർപ്പാപ്പാ ഒരു പ്രമാദം പററിയിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വഞ്ചിക്കുകയല്ല. ഞാൻ യുദ്ധത്തിനു് ഒരുങ്ങുന്നു എന്നു് അദ്ദേഹം വിചാരിക്കുന്നുവെങ്കിൽ അദ്ദേഹം സ്വയം വഞ്ചിതനാകുകയാണു ചെയ്യുന്നതു്" എന്നായിരുന്നു അയാളുടെ വാദം. എന്നാൽ, സമയം സത്യത്തിനു സാക്ഷ്യം വഹിച്ചു; പതിനൊന്നാം പീയൂസിൻെറ രാഷ്ട്രവിജ്ഞാനത്തെ പ്രകടമാക്കി. യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ പന്ത്രണ്ടാം പീയൂസ് വിസ്മയിക്കാഞ്ഞതിൻെറ കാരണം മറെറാന്നുമല്ല. ഹിററ്ലറിൻെറ ഗൂഢോദ്ദേശ്യങ്ങൾ അവിടുത്തേക്കു നന്നായിട്ടറിയാമായിരുന്നു. എന്നാൽ, ക്രിസ്തുനാഥൻെറ പ്രതിനിധിയെന്ന നിലയിൽ, സമാധാനത്തിൻെറ സ്വർഗ്ഗീയദൂതൻ എന്ന നിലയിൽ, തൻെറ കൃത്യം സ്തുത്യർഹമായി നിവ്വഹിച്ചു എന്നു തിരുമേനിക്കു ചാരിതാർത്ഥ്യമടയാം. അനീതിയുടേയും അക്രമത്തിൻേറയും ഭീകരാരവങ്ങളുടെ ഇടയിൽ സമാധാനസമ്രാട്ടിൻെറ മുരളശബ്ദം എവിടേയും മാറെറാലിക്കൊണ്ടു. മനസ്സുണ്ടെങ്കിൽ, സമാധാനം സംസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗം അവിടുന്നു നേരത്തേതന്നെ കണ്ണിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. 'സുമ്മിപൊന്തിഫിക്കാത്തൂസി'ൽ പ്രായോഗികങ്ങളായ സമാധാനനിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ടു്. അവയെ പലപ്രാവശ്യം അവിടുന്നു് ആവത്തിച്ചു. പക്ഷേ, അവയെ സ്വീകരിക്കുന്നതിനു ലോകം സന്നദ്ധമായില്ല.

1940-ലെ ക്രിസ്തുമസ് പ്രഭാഷണം മൗലികങ്ങളായ സമാധാനവ്യവസ്ഥകളുടെ സുവ്യക്തമായ ഒരു സമാഹരണം കൂടിയായിരുന്നു. അവിടുന്നു നിർദ്ദേശിച്ച അഞ്ചു വ്യവസ്ഥകൾ നീതിയിൽ അധിഷ്ഠാപിതങ്ങളാണെന്നു് അന്നുതന്നെ പല പ്രമുഖന്മാരും സമ്മതിച്ചതാണു്. അവയെ അംഗീകരിച്ചിരുന്നെങ്കിൽ അഞ്ചുതരത്തിലുള്ള വിജയങ്ങൾ ലോകത്തിനു ലഭിക്കുമായിരുന്നു. സമാധാനം കൈവരണമെങ്കിൽ ജനങ്ങളെ ഭിന്നിപ്പിച്ച വിപ്ലവത്തിനു പ്രേരി

ഷ്ടിക്കുന്ന പ്രസ്ഥാനങ്ങൾ ഇല്ലാതാകണം; ഖരാറുകൾ അക്ഷരംപ്രതി അനുഷ്ഠിക്കപ്പെടണം; ബലപ്രയോഗംകൊണ്ടുള്ള അവകാശസ്ഥാപനം അസാദ്ധ്യമാണെന്നു സമ്മതിക്കപ്പെടണം; ലോകത്തിൻെറ സാമ്പത്തികനിലയെ പൂർണപ്രദമായി ഉടച്ചുവാർക്കണം; വ്യക്തിസ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന സ്വാർത്ഥതൽപരതയെ മാററിനിറുത്തണം. ഇത്രയും സാധിച്ചാൽ മാത്രമേ അഭികാമ്യമായ ശാന്തി ലോകത്തിൽ കാണുകയുള്ളൂ എന്ന് അവിടുന്നു സ്പഷ്ടമാക്കി.

നീതിയുടെ അവകാശങ്ങളെ ആദരിച്ചുകൊണ്ടുള്ള ഈ സന്ധിവ്യവസ്ഥകളിലേയ്ക്കു ലോകരുടെ ശ്രദ്ധയെ 'സമയത്തും അസമയത്തും' അവിടുന്നു ക്ഷണിച്ചുകൊണ്ടിരുന്നു. നീതിപുലർത്താത്ത സമാധാനസംരംഭങ്ങളെല്ലാം അപജയമടയുകയേയുള്ളൂ എന്നു ഭൂതകാലചരിത്രം തെളിവു നല്കുന്നുണ്ട്. "നീതിയെ അർത്ഥമാക്കിയിട്ടുള്ളതും സത്യത്തിനുചേർന്നതുമായ സമാധാനം മാത്രമേ സമാധാനമെന്ന പേരിനെ അർഹിക്കുന്നുള്ളൂ; അപ്പോൾ മാത്രമേ സമാധാനം ആരോഗ്യപ്രദമായ സ്വാതന്ത്ര്യത്തിൻേറയും അസന്ദിഗ്ദ്ധമായ മഹത്വത്തിൻേറയും മാതാവായിരിക്കുകയുള്ളൂ" എന്നാണു പ്രസ്തുത ക്രിസ്തുസ് സംഭാഷണത്തിൽ അവിടുന്നു പറയുന്നതു്.

യുദ്ധത്തിൻെറ വർദ്ധമാനമായിക്കൊണ്ടിരുന്ന ഭീകരതാവും വിനാശകരമായ വ്യാപകതാവും കണ്ടപ്പോൾ പോപ്പുരാജൻെറ ഹൃദയം തകർന്നുപോയി. അവിടുത്തെ തിരുവെഴുത്തുകളും പ്രഭാഷണങ്ങളും ഈ വസ്തുതയെ വ്യക്തമാക്കുന്നുണ്ട്. "ഇന്നത്തെ മഹായുദ്ധവും അതിനോടനുബന്ധിച്ച മററു ദുരിതങ്ങളും എന്താണു കാണിക്കുന്നതു്?" "ഇന്നു ലോകത്തെ ബാധിച്ചിരിക്കുന്ന അത്യാഹിതങ്ങൾ" നിമിത്തം "വഴക്കം വൈരാഗ്യവുംകൊണ്ടു ജീവിതത്തിലെ സകല സുഖങ്ങളും നശിച്ചു കഷ്ടപ്പെട്ടും ഉൽക്കണ്ഠാഭരിതരായും ജീവിക്കുന്ന ബഹുശതം ജീവികൾക്കു് ആശ്വാസവും സ്നേഹവും സമാധാനവും പ്രദാനം ചെയ്യുന്ന"തിനും, "അതിദാരുണമായ വ്യഥയും അത്യഗാധമായ ഉൽക്കണ്ഠയുംകൊണ്ടു വലയുന്ന ആദത്തിൻെറ സന്തതികൾക്കു സ്വാ

തന്ത്ര്യം" നല്കുന്നതിനും മാത്രമായിരുന്നു അവിടുത്തെ ശ്രദ്ധ മുഴുവനും. "വ്യക്തികളുടെ അവകാശങ്ങളെ അവഗണിച്ച്, പൗരസ്വാതന്ത്ര്യത്തെ നിഷേധിച്ച്, സകല അധികാരങ്ങളും അടക്കിഭരിച്ച സ്വേച്ഛാപ്രഭുക്കളുടെ അധികാരവിനിമയത്തിൽ നിന്നും ജനിച്ച ദുരനുഭവങ്ങളാൽ" കഷ്ടപ്പെടുന്ന "മനുഷ്യരുടെ അവർണ്ണ്യമായ മനോവേദനയിലും മർദ്ദിതരായ ജനങ്ങളുടെ അസഹനീയമായ വ്യസനാനുഭവങ്ങളിലും' അവിടുന്ന് എത്രമാത്രം വ്യാകുലപ്പെട്ടിരിക്കണം!

"ദിവ്യശിശുവിന്റെ പ്രതിമകളും ദരിദ്രരും" അടുത്ത തലമുറയിലെ സ്തംഭങ്ങളും' ആയ കുഞ്ഞുങ്ങളുടെ ദയനീയസ്ഥിതിയെപ്പററിയോർക്കുമ്പോൾ അവിടുത്തെ മൃദുലഹൃദയം ആർദ്രതരമായിത്തീരുന്നു. "ഈ ക്രൂരയുദ്ധത്തിൽ നിന്നുളവായിട്ടുള്ള നിരവധി ദുഃഖങ്ങളിൽ നമ്മുടെ പൈതൃകഹൃദയത്തെ ഏററം സങ്കടപ്പെടുത്തുന്നതു നിഷ്കളങ്കരായ പിഞ്ചുകുഞ്ഞുങ്ങളുടെ അവസ്ഥയാണ്. രോഗങ്ങൾ, തണുപ്പ്, വിശപ്പ്, മുതലായവ കൊണ്ടുണ്ടാകുന്ന ക്ലേശങ്ങളെ ജയിക്കുന്നതിനും ജീവിക്കുന്നതിനുവേണ്ട ഭക്ഷണം ലഭിക്കുവാനും മാർഗ്ഗമില്ലാത്ത അനേകലക്ഷം കുട്ടികൾ ഇന്നു പലസ്ഥലങ്ങളിലുമുണ്ട്' എന്നോർക്കുമ്പോൾ അവിടുന്ന് എങ്ങിനെ ആശ്വസിക്കും?

അനുനിമിഷം ഭയങ്കരതരമായി തീർന്നുകൊണ്ടിരുന്ന യുദ്ധക്കളങ്ങളിലേക്കു നോക്കിയാലുള്ള കാഴ്ചയെപ്പററി ഒന്നും പറയാനില്ല പോളിഷഭയാർത്ഥികളായ ഒട്ടുവളരെ വൈദികന്മാർക്കു പരിശുദ്ധ പിതാവു നല്കിയ ഒരു സന്ദേശത്തെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തദവസരത്തിൽ അവിടുന്നുചെയ്ത മർമ്മഭേദകമായ പ്രഭാഷണത്തിലെ ഓരോ വാക്കും അനുവാചകന്മാരുടെ ഹൃദയത്തെ തുളച്ചുകയറുന്നവയാണ്. അവ ഉച്ചരിച്ച സമയത്ത് അവിടുത്തെ വദനത്തിൽ പ്രതിഫലിച്ച വികാരങ്ങളുടെ ആധിക്യം ഗ്രഹിക്കുന്നതിന് അവയിൽക്കൂടി ഒന്നു കണ്ണോടിച്ചാൽ മതിയാകും. അവിടുത്തെ വാത്സല്യം തുളുമ്പുന്ന നയനങ്ങളും മ്ലാനമായ മുഖവും ഇടവിടാതെ പ്രവഹിക്കുന്ന

കണ്ണീർക്കണങ്ങളും അവയിൽ നമുക്കു ദർശിക്കാം. അവിടുന്നു പറയുന്നു:

“വർദ്ധമാനമായ നൈരാശ്യത്തിൽനിന്നു സംജാതമായ മൃഗീയമായ ക്രൂരതയുടെ നഗ്നമായ വിളയാട്ടം; സ്വരാജ്യവും സ്വദേശവും സ്വഭവനവും നഷ്ടപ്പെട്ട അഭയാർത്ഥികളുടേയും അഗതികളുടേയും അനന്യശരണരുടേയും വമ്പിച്ച ഗണങ്ങൾ; ഇവയാണു നമ്മുടെ നയനങ്ങൾക്കു് ഇന്നു ലക്ഷീഭവിച്ചിരിക്കുന്നതു്; യുദ്ധക്കളത്തിൽ മരിച്ചുവീണ വത്സലസന്താനങ്ങളുടേയും പ്രിയതമന്മാരുടേയും ദയനീയസ്ഥിതിയിൽ മാറത്തടിച്ചു വിലപിക്കുന്ന അബലകളായ വൃദ്ധമാതാക്കളുടേയും സാധ്വി ഭാര്യമാരുടേയും മർമ്മഭേദകമായ രോദനം നമ്മുടെ ശ്രവണപുടങ്ങളിൽ സദാ മുഴങ്ങിക്കൊണ്ടിരിക്കുന്നു; നിരാലംബരും നിസ്സഹായരും ആയി ജീവിതശേഷം കഴിച്ചുകൂട്ടുന്നതിനു നിർബന്ധിതരായി തീർന്നിരിക്കുന്ന അനേകശതം വൃദ്ധരുടേയും രോഗികളുടേയും ദയനീയമായ നിലവിളികൾ നാം എപ്പോഴും കേട്ടുകൊണ്ടിരിക്കുന്നു; തങ്ങളുടെ മാതാപിതാക്കൾ നഷ്ടപ്പെട്ടു കഷ്ടപ്പെടുന്ന ബഹുസഹസ്രം ശിശുക്കളുടെ അനുകമ്പാർഹമായ പ്രലാപശബ്ദം നമ്മുടെ പക്കലേക്കു് അനുനിമിഷം ഉയർന്നുകൊണ്ടിരിക്കുന്നു. യുദ്ധക്കളത്തിൽ ക്ഷതമേററു കിടക്കുന്ന അനേകായിരം യോധാക്കളുടേയും മരണയാതനയനുഭവിക്കുന്ന പൌരജനങ്ങളുടേയും ആർത്തവിലാപം നാം സദാ ശ്രവിച്ചുകൊണ്ടിരിക്കുന്നു. കഷ്ടം! അവരിൽ പലരും സമരപ്രിയന്മാരല്ലായിരുന്നു!! അവരുടെയെല്ലാം യാതനകളും പീഡകളും ഭീതികളും ക്ലേശങ്ങളും നമുക്കു നേരിട്ടതായിത്തന്നെ നാം കരുതുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ പുത്രന്മാരുടെ നേരേ മാർപ്പാപ്പായ്ക്കുള്ള സ്നേഹത്തിനു പരിധിയോ പരിമാണമോ ഇല്ലതന്നെ.”

പരിശുദ്ധ പിതാവു് 1945 ജൂൺ 29-ാംതീയതി നടത്തിയ റേഡിയോ പ്രഭാഷണത്തിൽ യുദ്ധക്കളങ്ങളുടെ മറെറാരു ദയനീയചിത്രം കാണാവുന്നതാണു്:

“നീതിയും സ്നേഹവും അപ്രത്യക്ഷമായിരിക്കുന്നു. വിനാശപൂർണ്ണങ്ങളായ അത്യഗാധഗർത്തങ്ങളിലേക്കു ജനതകൾ

എറിയപ്പെട്ടിരിക്കുന്നു; അഥവാ അവർ നിപതിച്ചിരിക്കുന്നു. ബോംബുകളുടെ പൊട്ടലും യന്ത്രത്തോക്കുകളുടെ അഗ്നിഗോളവർഷവും നിമിത്തം മനുഷ്യശരീരങ്ങൾ കഷണം തിരിയുന്നു. ആതുരശാലകളിൽ അഭയംതേടിയ പരിക്ഷതരും രോഗികളും നഷ്ടപ്രായമായ ആരോഗ്യത്തോടേ പുറത്തുവരുന്നു; അംഗവിഹീനരായി ജീവിതശേഷം കഴിക്കുന്നതിനു് അവർ നിർബന്ധിതരാകുന്നു. തടവുകാർ ബന്ധുജനങ്ങളിൽനിന്നും അകന്നു്, പലപ്പോഴും സ്വന്തജനങ്ങളെപ്പററി യാതൊന്നുമറിയാതെ, വിഷമിക്കുന്നു. സ്വഗൃഹങ്ങളിൽനിന്നും വേർതിരിക്കപ്പെട്ടുകയും നാട്ടുകടത്തപ്പെട്ടുകയും സ്ഥലം മാററപ്പെട്ടുകയും ചെയ്യുകയാൽ അനുദിനഭോജനത്തിനുവേണ്ടി ജോലിചെയ്യുന്നതിനുപോലും രക്ഷാമാർഗ്ഗമില്ലാതെ നിരാലംബരായി അലഞ്ഞുതിരിയുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ മാത്രമല്ല ഈ കഷ്ടതകൾ ബാധിക്കുന്നതു്; തങ്ങളെത്തന്നെ രക്ഷിക്കുന്നതിനു കഴിവില്ലാത്തരും സമാധാനപ്രിയന്മാരും നിർദ്ദോഷികളുമായ വൃദ്ധരും സ്ത്രീകളും കുഞ്ഞുങ്ങളും അവശ്യധീനരായിത്തീരുന്നു. ഉഭയകക്ഷികളുടേയും മാർഗ്ഗതടസ്സങ്ങളും അവസ്ഥകളു പ്രതിരോധങ്ങളും നിമിത്തം എല്ലാ സ്ഥലത്തുംതന്നെ ഭക്ഷണദൗർലഭ്യം ആശങ്കാജനകമായിത്തീർന്നിരിക്കുന്നു; ഭയങ്കരമായ ഒരു ക്ഷാമത്തിനുള്ള ലക്ഷണങ്ങളെല്ലാം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. മാത്രമോ? നമ്മുടെ വത്സലപുത്രന്മാരും പുത്രികളും —വൈദികരും സന്യാസികളും വിശ്വാസികളും—ചില സ്ഥലങ്ങളിൽ ക്രിസ്തുവിൻെറ നാമത്തിനുവേണ്ടിയും സഭയുടെ നേരെയുള്ള വിശ്വസ്തതക്കുവേണ്ടിയും, തങ്ങളുടെ ഉദ്യോഗം നിമിത്തവും, അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനങ്ങളും യാതനകളും മർദ്ദനങ്ങളും—ഇവയെ അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ സ്ഥിതിയിലുള്ള അതിയായ ഉൽകണ്ഠ, ഈ ക്രൂരമർദ്ദനങ്ങളെ അവയുടെ ഭീകരമായ ഛായയിൽ, തനിനിറത്തിൽ, വിവരിക്കുന്നതിനു നമ്മെ അനുവദിക്കുന്നില്ല.''

ജനതതിയുടെ പീഡകളെ അനുനിമിഷം വർദ്ധി

പ്പിച്ചുകൊണ്ടിരുന്നതു കണ്ണും കരളും കൂടാതെയുള്ള ബോമ്പു വഷമാണ്. യുദ്ധമേഖലകൾ കൂടാതെ സിവിലിയൻ ജനസഞ്ചയം ഒതുങ്ങിപാർത്തിരുന്ന ഉൾനാട്ടുകൾപോലും ബോമ്പുകളുടെ പൊട്ടൽ നിമിത്തം നശീകൃതങ്ങളായി. 1941-ലെ ഈസ്റ്റർപ്രഭാഷണത്തിലെ ഒരു ഭാഗത്തിൽ, ഏതാദൃശമായ നിഷ്ഠുരനയത്തെ അവിടുന്നു ഖണ്ഡിതമായി വിമർശിക്കുന്നുണ്ട്: "നാം ജനിച്ചിരിക്കുന്ന യുഗത്തിൻെറ ദയനീയാവസ്ഥ നിങ്ങൾക്കുതന്നെ കണ്ടറിയാവുന്നതാണ്. വിദ്വേഷത്താലും വൈരാഗ്യത്താലും അന്ധചിത്തരായി ഭൂമുഖത്തേയും സമുദ്രതലത്തേയും, നമ്മുടെ സ്വർഗ്ഗരാജ്യത്തിൻെറ മഹനീയ പ്രതിച്ഛായയായ ആകാശദേശത്തേയും ഭ്രാതൃഹത്യാപരമായ നീചപ്രവൎത്തനങ്ങൾകൊണ്ട് അവർ കളങ്കപങ്കിലമാക്കുന്നു. പരിഷ്കൃതജനതകളെതമ്മിൽ സുദൃഢമായി ബന്ധിച്ചിരിക്കുന്ന നിയമങ്ങൾ ത്യാജ്യകോടിയിൽ തള്ളപ്പെട്ടിരിക്കുന്നതാണ് ഏററം പരിതാപകരം. അരക്ഷിതങ്ങളായ നഗരങ്ങളും നാട്ടിൻപുറങ്ങളിലുള്ള ചെറിയ പട്ടണങ്ങളും ശാന്തമായ ഗ്രാമങ്ങളും ബോമ്പുവഷത്തിനിരയായിരിക്കുന്നു; അഗ്നിബാധ നിമിത്തം അവ നശീകൃതങ്ങളായിരിക്കുന്നു; നഷ്ടശിഷ്ടങ്ങളുടെ ചാമ്പൽക്കുന്നുകൾ മാത്രമേ അവിടങ്ങളിൽ കാണപ്പെടുന്നുള്ളു. നിരായുധന്മാരായ പൗരന്മാരും നിസ്സഹായരായ വൃദ്ധരും നിർദ്ദോഷികളായ പിഞ്ചുകുഞ്ഞുങ്ങളും സ്വഭവനങ്ങളിൽനിന്നു ബഹിഷ്കൃതരായിരിക്കുന്നു; അവരിൽ പലരും അപമൃത്യുവിരയായിട്ടുമുണ്ട്."

ഈ നീചപ്രവൎത്തനങ്ങളുടെ ഫലമോ? "പേടകങ്ങളിൽ ഹതരായവരുടെ നഷ്ടശിഷ്ടങ്ങളാകുന്ന കൂമ്പാരം ഇന്നും അനുനിമിഷം ഉയർന്നുവരുന്നു. ഒരിക്കൽ ജനനിബിഡവും ഉല്ലാസഭരിതവുമായ പട്ടണങ്ങളായി പരിലസിച്ചിരുന്ന പല ഭൂപ്രദേശങ്ങളും ഇന്ന് ഇടിഞ്ഞുപൊളിഞ്ഞ ചില ഗോപുരങ്ങളാൽമാത്രം ചൂണ്ടിക്കാണിക്കപ്പെടുന്നു. ദിവ്യനാഥൻെറ ജനനവാൎത്തയെ അനുസ്മരിപ്പിച്ചുവന്ന ദൈവാലയങ്ങളിലെ മണികളും മണിമേടകളും അപഹരിക്കപ്പെടുകയോ നിലംപതിക്കുകയോ ചെയ്കയാൽ, ഇന്ന് അ

വ നിശ്ശബ്ദങ്ങളും, അവ കേട്ട് ഓടിയെത്തിച്ചേന്നിരുന്ന ജനക്കൂട്ടം ചിതറപ്പെട്ടതും ആയിരിക്കുന്നു. പിതാവിന്റെ ശോടയും പ്രാഭവവും ആയിരുന്ന പുത്രനെ മനഃപൂർവ്വം അവഗണിച്ച മനുഷ്യന്റെ മൗഢ്യത്തിനും, സാഗൗരവത്തേയും ദൈവത്തേയും ഉപേക്ഷിച്ചു നാശഗർത്തത്തിൽ നിപതിച്ച അവന്റെ ദയനീയമായ പരാജയത്തിനും ലക്ഷ്യമായും, മനുഷ്യവംശചരിത്രത്തിലെ ഒരു വികൃതരേഖയായും ഈ നഷ്ടശിഷ്ടങ്ങൾ നിലകൊള്ളുന്നു. ഗംഭീരങ്ങളായ പല ദൈവാലയങ്ങളിലെന്നപോലെ അപ്രസിദ്ധങ്ങളായ പല ചെറുകപ്പേളകളിലും സന്നിഹിതനായിരുന്ന ആ ദിവ്യാതിഥിയോടുകൂടി എരിഞ്ഞുകൊണ്ടുനിന്ന അനേകം അൾത്താരദീപങ്ങളും ഇന്ന് അണഞ്ഞുപ്പെട്ടിരിക്കുന്നു. എന്തൊരു ദയനീയത! എന്തൊരു ശൂന്യത!! മനുഷ്യവംശത്തിനു് ആശോദ്ദീപകമായി ഇന്ന് എന്താണ് അവശേഷിക്കുന്നതു്? '

പന്ത്രണ്ടാം പീയൂസ് തിരുമേനിയുടെ വാക്കുകൾ ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്നു നിർഗ്ഗമിക്കുന്നവയാണ്. അവയിൽ അതിശയോക്തി ലേശമില്ല. യഥാർത്ഥ്യങ്ങളിൽ മാറുരച്ചു നോക്കിയ വാസ്തവങ്ങളെയാണ് അവ പ്രകാശിപ്പിക്കുന്നതു്. യുദ്ധരംഗങ്ങളിൽ നാം നോക്കിയാലും ഇതു തന്നെ കാണും: "യുദ്ധോപകരണങ്ങൾ ഭയങ്കരങ്ങളും പൈശാചികങ്ങളും ആകുന്നു. ശാസ്ത്രീയനേട്ടങ്ങൾ മനുഷ്യവംശത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കുമായി നയിക്കപ്പെടേണ്ടതിനുപകരം, മനുഷ്യൻ പല നൂറ്റാണ്ടുകളായി സംഭരിച്ചിട്ടുള്ള സമ്പത്തുകളെ സംഹരിക്കുവാനാണ് അവ പ്രയോഗിച്ചുവരുന്നതു്" എന്നു നാമും സമ്മതിക്കുകതന്നെചെയ്യും. എന്തുകൊണ്ടെന്നാൽ, പ്രേക്ഷകരുടെ മ്ലാനമായ നയനങ്ങളുടെ മുമ്പിൽ ലക്ഷക്കണക്കിനു വീടുകളാണ് ഇടിഞ്ഞുകിടക്കുന്നതു്. പൗരാണികങ്ങളും ആധുനികങ്ങളും, അമൂല്യങ്ങളും പരിശുദ്ധങ്ങളും, വിലപിടിപ്പുള്ളവയും ചരിത്രപ്രാധാന്യമർഹിക്കുന്നവയും, ധനവാന്മാരുടേയും ദരിദ്രന്മാരുടേയും വലുതും ചെറുതും ആയ ഒട്ടേറെ കെട്ടിടങ്ങൾ അക്കൂട്ടത്തിൽ നമുക്കു കാണാം. പൊട്ടിത്തെറിക്കുന്ന അഗ്നിഗോളങ്ങൾ ആളിനേയോ അർത്ഥത്തേയോ നോക്കുമാ

യിരുന്നില്ല. ജനതകളുടെ ഇടയിലേക്കു നമുക്കു കണ്ണു തിരിക്കാം. വിനാശവും മ്ലാനതയും ദൈന്യഭാവങ്ങളും സന്താപവും മാത്രമാണ് അവരുടെ മുഖദർപ്പണങ്ങളിൽ പ്രതിബിംബിക്കുന്നതു്. വിജയികൾക്കും പരാജിതർക്കും ശേഷിച്ചിരിക്കുന്ന ദുർഭഗന്മാരുടെ എണ്ണം ഏതാണ്ടു് ഒന്നുതന്നെയാണു്: ഇതത്രേ ഈ യുദ്ധത്തിന്റെ ഒരു പ്രത്യേകത. ആനന്ദവും സംതൃപ്തിയും ലോകത്തുനിന്നും ഓടിയൊളിച്ചെന്നു തോന്നിപ്പോകുന്നു.'

ലോകം ശൂന്യതയിലേക്കു പാഞ്ഞുകൊണ്ടിരുന്ന ഈ വിനാശഘട്ടത്തിൽ, പോപ്പുരാജൻ നിർവ്വഹിച്ചിട്ടുള്ള മഹനീയ സേവനങ്ങളെപ്പററിയുള്ള സ്മരണ ഇരുളടഞ്ഞ കാർമേഘപടലങ്ങളുടെയിടയിൽ കാണപ്പെടുന്ന വെള്ളിരേഖപോലെ കരിനിഴൽ നിറഞ്ഞ ചരിത്രപക്ഷങ്ങളിൽ എന്നും ശോഭിച്ചുകൊണ്ടിരിക്കും. നഗ്നമായ കൃതഘ്നതയും നിന്ദ്യമായ അജ്ഞതയും നാരകീയമായ വിദ്വേഷവും വത്തിക്കാന്റെ പ്രവർത്തനങ്ങളെ താറടിച്ചു പ്രകടിപ്പിക്കുന്നതിനു ശ്രമിച്ചേക്കാം. അന്ധമായ അസൂയയാൽ പ്രേരിതരായി, കത്തോലിക്കാസഭയുടെ സേവനങ്ങളെ നിസ്സാരീകരിക്കുന്നതിനും ലോകത്തെ തെററിദ്ധരിപ്പിക്കുന്നതിനുംവേണ്ടി അവർ ചോദിച്ചേക്കും, "പാപ്പായുടെ ക്രിസ്മസ് പ്രഭാഷണങ്ങളും നവവത്സരസന്ദേശങ്ങളുംകൊണ്ടു നിങ്ങളെ ഇക്കാലത്തു നയിക്കാമെന്നു കരുതുന്ന വത്തിക്കാൻ ഇന്നെവിടെ?' എന്നു്. "വത്തിക്കാനോടു നിങ്ങളെ കൂട്ടിയിണക്കിയിരുന്ന ബന്ധങ്ങളെ അറുത്തു മുറിക്കുക. അതിനു സഹജമായ മാർഗ്ഗങ്ങളിൽക്കൂടി അന്ധകാരത്തിലേക്കും അദ്ധ്യാത്മവിപത്തിലേക്കും അതു നിങ്ങളെ നയിക്കും. ശേഷം ലോകത്തിന്റെ നേരേ പുറംതിരിഞ്ഞു നില്ക്കുന്നതിനും സ്വാതന്ത്ര്യപ്രേമികളായുള്ളവർക്കെതിരായി അണിനിരക്കുന്നതിനും നിങ്ങളെ പ്രേരിപ്പിക്കുന്ന ഒരു പിന്തിരിപ്പൻ നയമാണു് അതു സ്വീകരിച്ചിരിക്കുന്നതു്" എന്നു ക്രിസ്തുമതവിദ്ധ്വംസകന്മാരുടെ പക്ഷത്തു നിന്നുകൊണ്ടു് അവർ ഉദ്ഘോഷിച്ചേക്കും. ചില കമ്മ്യൂണിസ്ററു പത്രങ്ങളുടെ പ്രസ്താവന ഇതിലും സാഹസികമാണു്: "യുദ്ധകാലത്തു തടങ്കൽ പാളയങ്ങളിലെ ഭയങ്കരകൃത്യങ്ങളെപ്പ

ററിയോ, അവിടങ്ങളിലെ ക്രൂരക്കൊലകളുടെ മൃഗീയതയെ ഷ്പററിയോ മാർപ്പാപ്പാ യാതൊരു പ്രതിഷേധസ്വരവും പുറപ്പെടുവിച്ചിട്ടില്ല എന്നാണ് അവരുടെ ആരോപണം!

എന്നാൽ, ഇവയെല്ലാം മറുപടി അർഹിക്കുകപോലും ചെയ്യാത്ത മൂഢജല്പനങ്ങളാണെന്നു നമുക്കൊക്കെയറിയാം. യുദ്ധകാലത്തെ പത്രപംക്തികൾ അവയുടെ പൊള്ളത്തരം വിശദമാക്കും. യുദ്ധംമൂലം ക്ലേശങ്ങളനുഭവിക്കുന്നവരുടെ ദുരിതങ്ങളെ ലഘൂകരിക്കുന്നതിനു പോപ്പുരാജനെപ്പോലെ ആരെങ്കിലും ആത്മാർത്ഥമായി, ത്യാഗസന്നദ്ധതയോടെ യത്നിച്ചിട്ടുണ്ടോ? വത്തിക്കാനിൽ നിന്നുള്ള നിർദ്ദേശങ്ങളനുസരിച്ച മാർപ്പാപ്പായുടെ പ്രതിനിധികൾ യുദ്ധക്കുററവാളികളുടെ കാരാലയങ്ങളും തടവുകാരുടെ പാളയങ്ങളും ഇടയ്ക്കിടെ സന്ദർശിക്കുകയും കഴിവുള്ള സഹായങ്ങളെല്ലാം അവർക്കു നല്കുകയും ചെയ്തുകൊണ്ടിരുന്നു. അവരെപ്പററിയുള്ള വിവരങ്ങൾ ബന്ധുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി വത്തിക്കാൻ നിർവ്വഹിച്ച പ്രശസ്ത സേവനങ്ങൾ വർത്തമാനപ്പത്രങ്ങളിൽ വായിച്ചതു നമ്മുടെ സ്മരണയിൽ ഇന്നും സജീവമായി സ്ഥിതിചെയ്യുന്നു.

ഇവയിൽ മതമോ വർഗ്ഗമോ വർണ്ണമോ ഒന്നും ചിന്താവിഷയമായില്ല. പീഡയനുഭവിക്കുന്നവരെയെല്ലാം പിതൃനിർവ്വിശേഷമായ വാത്സല്യത്തോടെ അവിടുന്നു സാന്ത്വനപ്പെടുത്തി. മാർപ്പാപ്പായുടെ സമ്മാനങ്ങൾ വാങ്ങിക്കാത്ത തടവുകാർ ഇരുപക്ഷത്തും വളരെ വിരളമായിരിക്കും.

യുദ്ധത്തടവുകാരോടും ബന്ധിതരായ നിർദ്ദോഷികളോടും ജർമ്മനിയും റഷ്യയും അനുവർത്തിച്ച ഹീനനയം രക്തപങ്കിലമായ അവയുടെ ചരിത്രപക്ഷങ്ങളുടെ ഗർഹണീയതയെ വർദ്ധിപ്പിക്കുന്നു. ഫ്രഞ്ചുകാരായ എത്ര നിരപരാധികളെ ജർമ്മൻകാർ നിഷ്ക്കരുണം വെടിവച്ചുകളഞ്ഞു!... രാക്ഷസീയമായ താഡനപടികളെ പന്ത്രണ്ടാം പീയൂസ് മുക്തകണ്ഠം അപലപിച്ചുകൊണ്ടാണിരുന്നതു്. ജർമ്മനിക്കധീനമായതിനുശേഷം ഫ്രാൻസും ഹിററ്ലറിൻെറ യഹൂദമർദ്ദനം മുതലായ ചില വിക്രിയകളെ അ

നുകരിക്കുവാൻ കോപ്പുകൂട്ടി. അവയെല്ലാം വത്തിക്കാ ന്റെ നിശ്ശിതമായ വിമർശനത്തിനും ശക്തിയായ പ്രതി ഷേധത്തിനും വിഷയമായി. ഫ്രാൻസിലെ ന്യൺസിയോ ഫ്രഞ്ചുപ്രധാനമന്ത്രി എം. ലവാലിനെ നേരിട്ടു സന്ദർശി ച്ചു പ്രതിഷേധം അറിയിച്ചു. അതുകൊണ്ടു പ്രതീക്ഷിച്ച ഫലമുണ്ടായില്ല. തന്നിമിത്തം, സ്റ്റേററു സെക്രട്ടറിതന്നെ വത്തിക്കാനിലെ ഫ്രഞ്ചുപ്രതിനിധിയെ വിളിച്ചു പ്രതിഷേ ധം രേഖപ്പെടുത്തി. ഫ്രഞ്ചു ഭരണകൂടത്തിന്റെ അദ്ധ്യ ക്ഷപദം സ്വീകരിച്ചപ്പോൾ മാർഷൽ പെറേറയിൻ പ്ര ഖ്യാപിച്ച മൗലിക തത്ത്വങ്ങൾക്ക് ഇതു തീരെ വിരുദ്ധ മാണെന്നത്രേ സ്റ്റേററുസെക്രട്ടറി പ്രസ്താവിച്ചതു്.

റോമാനഗരം സമരരംഗമായി രൂപാന്തരപ്പെട്ടപ്പോൾ പോപ്പുരാജൻ നിർവ്വഹിച്ച സേവനങ്ങളെപ്പററി പറയു വാൻ ഇവിടെ ഒരുങ്ങുന്നില്ല. അതു് അടുത്ത അദ്ധ്യായ ത്തിലായിക്കൊള്ളാം.

സമരത്തിന്റെ രൂക്ഷത വർദ്ധിച്ചതോടുകൂടി നട പ്പിലാക്കപ്പെട്ട റേഷൻപദ്ധതി വത്തിക്കാനിൽ 1940 ഫെ ബ്രുവരി മുതൽ തന്നെ പ്രായോഗികമായി. പ. പിതാവു പോലും അതിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നില്ല. സ്ഥിതി ഗതികൾ ഗുരുതരമായതോടുകൂടി വത്തിക്കാന്റെ ആശ്രി തരായി ഇററലിയിലും വിദേശങ്ങളിലും ഉള്ളവരെല്ലാം വത്തിക്കാൻ പൗരാവകാശങ്ങൾ സ്വീകരിച്ചുകൊള്ളണമെ ന്നു മാർപ്പാപ്പാ നിഷ്കർഷിച്ചു. വത്തിക്കാന്റെ നിഷ്പക്ഷ ത അന്യൂനമായി പാലിക്കപ്പെടുന്നതിനുവേണ്ടി 1941 മേയ് മുതൽ അവിടെ നിന്നയക്കുന്ന സകല സന്ദേശങ്ങ ളും കത്തിടപാടുകളും പരിശോധനയ്ക്കു വിധേയമാകുവാൻ തുടങ്ങി.

യുദ്ധത്തിന്റെ ഭീകരതയും വ്യാപകത്വവും വർദ്ധി ച്ചുവന്ന ഘട്ടത്തിലാണു ചില രാഷ്ട്രങ്ങൾ വത്തിക്കാന്റെ അലോകസാധാരണമായ പ്രാധാന്യം മനസ്സിലാക്കിയതെ ന്നു തോന്നുന്നു. ദയനീയമായ പല പരാജയങ്ങളാലും മ നസ്സുമടുത്തിരുന്ന ഘട്ടത്തിലാണു് ഒരു ചൈനീസ് പ്രതി നിധിയെ വത്തിക്കാനിലേക്കു നിയോഗിക്കുന്നതിനു മാർ

ഷൽ ചീയാങ്ങ്കൈഷക്ക് ഓർത്തു്. അതേ സമയംതന്നെ ജപ്പാൻ ഒരു പ്രതിപുരുഷനെ വത്തിക്കാനിൽ നിയമിക്കുകയും ടോക്കിയോയിലെ ദലഗാദപ്പസ്തോലിക്കായെ വത്തിക്കാന്റെ പ്രതിനിധിയായി സ്വീകരിക്കുകയും ചെയ്തു. കത്തോലിക്കാമതം പരിപുഷ്ടമായി വളർന്നുകൊണ്ടിരുന്ന ഫിലിപ്പൈൻ ദ്വീപുകൾ, താൽക്കാലികമായിട്ടാണെങ്കിലും, ജപ്പാന്റെ പിടിയിലമർന്നുപോയതുകൊണ്ടു്, ഈ നയം എത്ര പ്രയോജനകരമായിത്തീർന്നെന്നു് ഊഹിക്കാമല്ലോ. ഫിൻലണ്ടിലെ കത്തോലിക്കർ തീരെ ചെറിയ ഒരു ന്യൂനപക്ഷമാണെങ്കിലും, 1940 മുതൽ, ആ രാജ്യത്തിന്റെ ഒരു പ്രതിനിധിയെയും വത്തിക്കാനിൽ നമുക്കു കാണാം. വിദേശരാജ്യപ്രതിനിധികളുടെ വർദ്ധനംകൊണ്ടുമാത്രം നോക്കുകയാണെങ്കിൽ, യുദ്ധം വത്തിക്കാനു വളരെ ലാഭകരമായിരുന്നെന്നുവേണം പറയുവാൻ.

ഏതു രാഷ്ട്രത്തിനും സംശയം കൂടാതെ സമീപിക്കാവുന്ന ഒരു ലോകമഹാശക്തി എന്നതാണു വത്തിക്കാനുള്ള പ്രത്യേകത. മത്സരത്തിൽ കഴിയുന്ന വിരുദ്ധകക്ഷികളെ രഞ്ജിപ്പിക്കുന്നതിനുള്ള സാധ്യത പോപ്പുരാജനെപ്പോലെ ആർക്കുമുണ്ടെന്നു തോന്നുന്നില്ല. മുമ്പുണ്ടായിട്ടുള്ള പല യുദ്ധങ്ങളിലുമെന്നപോലെ ദ്വിതീയ ലോകസമരത്തിലും അതനുഭവപ്പെട്ടു. സമാധാനം കാംക്ഷിച്ചിരുന്ന ഒരു ജർമ്മൻ വിഭാഗത്തിന്റെ ആഗ്രഹങ്ങളെ സഖ്യരാഷ്ട്രങ്ങൾക്കു് എത്തിച്ചുകൊടുക്കുവാൻ വത്തിക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഈ സംഗതിയിൽ വെറും ഒരു മദ്ധ്യവർത്തിയുടെ സ്ഥാനം മാത്രമാണു വത്തിക്കാൻ സ്വീകരിച്ചതു്; ഇരുകക്ഷികളുടേയും സന്ധിനിർദ്ദേശങ്ങളുടെ രൂപവൽക്കരണത്തിനു പോപ്പുരാജനു് എന്തെങ്കിലും പങ്കുണ്ടായിരുന്നെന്നു പറയുന്നതു തീരെ അയഥാർത്ഥമാണു്. ലോകത്തിന്റെ വിഷമതകളെ യഥാർഹം ഗ്രഹിച്ചുകൊണ്ടു നീതിയിൽ അധിഷ്ഠിതമായ സമാധാനത്തിനുള്ള വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതും, ഓരോ കക്ഷിയും തങ്ങളുടെ സ്ഥാപിതതാൽപര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തുന്ന നയതന്ത്രാലോചനകളിൽ നിഷ്പക്ഷനായി നില്ക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടല്ലോ.

ക്ലേശബഹുലവും ദുരിതപൂർണ്ണവുമായ ഈ ഘട്ടത്തിലെല്ലാം പന്ത്രണ്ടാം പീയൂസിന്റെ വലംകൈയ്യായി വർത്തിച്ചിരുന്നതു്, അവിടുത്തെ സ്റ്റേറ്റു സെക്രട്ടറിയായ കർദ്ദിനാൾ മെലിയോണേ തിരുമനസ്സുകൊണ്ടാണു്. വിശ്വസ്തനും സമർത്ഥനുമായിരുന്ന ആ ആത്മമിത്രം 1944-ൽ പരലോകപ്രാപ്തനായി. ഈ മഹാനഷ്ടം എന്നു പരിഹൃതമാകുമെന്നു് അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടുതന്നെയാണു സെക്രട്ടറിയേറ്റിന്റെ നിയന്ത്രണം നടത്തിക്കൊണ്ടിരിക്കുന്നതു്.

കർദ്ദിനാൾ സംഘത്തിലെ അംഗങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുകഴിഞ്ഞിരുന്ന ഒരു ഘട്ടത്തിലുണ്ടായ ഈ വേർപാടു പന്ത്രണ്ടാം പീയൂസിന്റെ ഹൃദയത്തെ വളരെ സ്പർശിച്ചിരിക്കണം. കർദ്ദിനാളന്മാരുടെ എണ്ണം എപ്പോഴെങ്കിലും ഇത്രയും കുറഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. വാർദ്ധക്യവും രോഗവുംകൊണ്ടു പ്രഥമഗണനീയന്മാരായ പല തിരുമേനിമാരും മരണമടഞ്ഞിരുന്നു. എന്നാൽ, യുദ്ധം അവസാനിച്ചതിനുശേഷമല്ലാതെ പുതിയ കർദ്ദിനാളന്മാരെ തിരഞ്ഞെടുക്കുകയില്ലെന്നായിരുന്നു മാർപ്പാപ്പായുടെ നിശ്ചയം. അതു സാധിച്ചു. കർദ്ദിനാൾ സമൂഹം ഇപ്പോൾ ഏതാണ്ടു പൂർണ്ണതയോടടുത്തിരിക്കുകയാണു്. ലോകവിഖ്യാതന്മാരായ മഹാന്മാർ കർദ്ദിനാൾസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടിരിക്കുന്നു. ഔദ്യോഗികമായ അവരുടെ സ്ഥാനസ്വീകരണം കഴിഞ്ഞിട്ടു് അധികം ദിവസങ്ങളായിട്ടില്ലല്ലോ.

ഇത്തവണത്തെ നിയമനത്തിൽ വിവിധഭൂഖണ്ഡങ്ങൾക്കു കഴിയുന്നിടത്തോളം പ്രാതിനിധ്യം നല്കണമെന്നു പരിശുദ്ധ പിതാവു നേരത്തേ കരുതിയതാണു്. നീതിയിലും നിയമത്തിലും അടിയുറച്ച പ്രജാധിപത്യത്തെ ആദരിക്കുന്ന തിരുമേനി ലോകത്തിനു് ഉദ്ബോധകമായ ഒരു മാതൃക കാണിച്ചുതന്നിരിക്കുന്നു. ഈ തിരഞ്ഞെടുപ്പു സഭയിൽ ഒരു നവീനാദ്ധ്യായം തുറന്നിരിക്കുന്നു എന്നു് അവിടുന്നുതന്നെ പ്രസ്താവിക്കുന്നുണ്ടു്. "ഇദംപ്രഥമമായി സഭയുടെ ഭരണസമിതിയിലേക്കു് അഞ്ചു ഭൂഖണ്ഡങ്ങളിൽ

നിന്നും മഹത്തുക്കളായ വൈദികാദ്ധ്യക്ഷന്മാരെ നിശ്ചയി ക്കുന്ന ഇത്തവണത്തെ തിരഞ്ഞെടുപ്പു സഭയുടെ വിശ്വവ്യാ പകത്വത്തെ പ്രകടതരമാക്കുന്നതിനു പര്യാപ്തമായ ഒരു സംഭവവിശേഷമാണ്. സഭ ഒരു വർഗ്ഗത്തിന്റെയോ ഒരു ജനതയുടേയോ ഒരു രാഷ്ട്രത്തിന്റെയോ പ്രത്യേകാവകാശമായിട്ടു ള്ളതല്ല; പ്രത്യുത, ക്രിസ്തുനാഥൻെറ ദിവ്യരക്തത്താൽ സ മുദ്ധരിക്കപ്പെട്ട മാനവവംശത്തിലെ എല്ലാ വ്യക്തികൾക്കും എല്ലാ ജനതകൾക്കുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ് അത്.''

പുതിയ കർദ്ദിനാളന്മാരെ നിയമിച്ചുകൊണ്ടു പന്ത്ര ണ്ടാം പീയൂസ് പ്രഭാഷണം ചെയ്ത പ്രസംഗത്തിലും യു ദ്ധത്തിൻെറ നിറമാണു കലർന്നുകാണുന്നത്. യുദ്ധത്തിനു മുമ്പും യുദ്ധത്തിനിടയിലും അതിനുശേഷവും കത്തോലി ക്കാസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദാരുണങ്ങളായ മർ ദ്ദനങ്ങളേയും സഭയുടെ വിജയത്തേയും അവിടുന്നു വ്യക്ത മാക്കുന്നു:

"തിരുസ്സഭ സാർവ്വത്രികമാകയാൽ, അവിഭാജ്യമാക യാൽ, എല്ലാ രാജ്യങ്ങൾക്കും അതീതമായി അതു സ്ഥിതി ചെയ്യുന്നു. സഭ അവിഭാജ്യമായ ഒന്നാണ്; എന്തുകൊണ്ടെ ന്നാൽ അതിൻെറ തലവനായ ക്രിസ്തു വിഭജിക്കപ്പെടാവു വനല്ല. വി. അഗസ്റ്റിനോസിൻെറ വാക്കുകളിൽ പറയുക യാണെങ്കിൽ ക്രിസ്തു അവിടുത്തെ സഭയോടുകൂടി മാത്രമെ ക്രിസ്തുവാകുന്നുള്ളൂ.

"ഇപ്രകാരമുള്ള ബലവത്തരമായ അടിസ്ഥാനത്തി ന്മേൽ സ്ഥാപിതമായിരിക്കുന്ന തിരുസ്സഭ, മനുഷ്യരാശിയു ടെ ചരിത്രത്തിൻെറ കേന്ദ്രമായിരിക്കുന്ന തിരുസ്സഭ, വി വിധങ്ങളും വിപ്ലവകരങ്ങളും ആയ ശക്തികൾ വിഹരി യ്ക്കുന്ന അന്തരീക്ഷത്തിലാണ് സ്ഥിതിചെയ്യുന്നത്. തന്മൂ ലം ചിലപ്പോൾ പ്രസ്തുത ശക്തികളോടു പോരാടേണ്ടി വ ന്നേക്കാമെങ്കിലും അവയുടെ അവിഭാജ്യമായ പൂർണ്ണതയ്ക്കു യാ തൊരു കോട്ടവും ഒരിക്കലും തട്ടുകയില്ല. തൻെറ പരി പൂർണ്ണതയിൽനിന്ന് നവംനവങ്ങളായ ശക്തികളെ പുറ പ്പെടുവിച്ച് വ്യാകുലപ്പെടുകയും വിഭജിക്കപ്പെടുകയും ചെ

ളുന്ന മനുഷ്യജാതിയെ അവൾ സുഖപ്പെടുത്തുകയും ഏകീകൃതമാക്കുകയും ചെയ്യും.

“മേൽപറഞ്ഞവയിൽനിന്നു ദൈവദ്രോഹപരമായ ഒരു ആക്രമണം സഭയുടെമേൽ നടത്തപ്പെട്ടു എന്നും നടത്തപ്പെടുന്നുവെന്നും വ്യക്തമാണല്ലോ. തിരുസ്സഭയെ ഒരു തടവുകാരിയാക്കുന്നതിനോ, അല്ലെങ്കിൽ വെറും ഒരു അടിമയാക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ നടന്നു. മററു ചില ദേശങ്ങളിൽ അവളെ ഒരു രാഷ്ട്രത്തിന്റെ ഇടുങ്ങിയ മനഃസ്ഥിതിയിൽ ഒതുക്കിവയ്ക്കുവാനുള്ള പരിശ്രമം ഉണ്ടായി. വേറെ ചില സ്ഥലങ്ങളിൽ അവളെ ബഹിഷ്കരിക്കുവാനുള്ള യത്നം നടന്നു. എന്നാൽ, എവിടെയെല്ലാം ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ, അവിടെയെല്ലാം വാസ്തവത്തിൽ തിരുസ്സഭയുമായിട്ടുള്ള ഒരു പോരാട്ടമല്ല നടന്നതു്; പ്രത്യുത ആ നടപടികൾ മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിന്മേലും ഐക്യത്തിന്മേലും ഉള്ള ഒരു ആക്രമണമായിരുന്നു. ഇപ്രകാരമുള്ള നടപടികൾ വാസ്തവത്തിൽ സഭയുടെ സന്താനങ്ങളുടെ നന്മയേയും ശക്തിയേയും സാരമായി സ്പർശിച്ചിട്ടുമുണ്ടു്.”

പുതിയ കർദ്ദിനാളന്മാരെ നിയമിക്കുന്നതിൽ പന്ത്രണ്ടാം പീയൂസ് സ്വീകരിച്ച നയത്തേയും, അവിടുത്തെ പ്രഖ്യാപനത്തേയും ക്രിസ്തുമതവിദ്വേഷികളായ ചില ഭരണകൂടങ്ങളും അവരുടെ പത്രങ്ങളും ഏററം നീചമായ ഭാഷയിൽ ഭത്സിക്കുന്നതിനു തുനിഞ്ഞിട്ടുണ്ടു്. അടിസ്ഥാനരഹിതങ്ങളും അയഥാർത്ഥങ്ങളുമായ തങ്ങളുടെ ദുഷ്പ്രവാദങ്ങൾ ലോകസമാധാനത്തെ നശിപ്പിക്കുന്നതിനുമാത്രം പററിയതാണെന്നു് അവർ അറിഞ്ഞിരുന്നെങ്കിൽ! ഈ വാസ്തവം ലോകത്തെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി, ഒരു സുപ്രസിദ്ധ രാഷ്ട്രീയചിന്തകനും അമേരിക്കൻ നിയമസഭാംഗവുമായ മാക്ക് കോർമാക്ക് അവർകൾ പ്രജാപ്രതിനിധികളോടു ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ.

അദ്ദേഹം പറയുന്നു: “സാർവ്വത്രിക സഭയ്ക്കെതിരായി മോസ്കോ നടത്തിക്കൊണ്ടിരിക്കുന്ന ആരോപണങ്ങൾ സ

ത്വത്തിനു വിരുദ്ധവും ലോകസമാധാനരൂപവൽകരണത്തിനു ഹാനികരവുമാകുന്നു. അവ അയഥാർത്ഥങ്ങളും അമർഷജനകങ്ങളുമാണെന്നു മാത്രമല്ല, സ്വേച്ഛാധിപത്യത്തിന്റെ നിറമാണ് അവയിൽ പ്രകടിതമായിരിക്കുന്നതും; റഷ്യൻ സോവിയററു രാഷ്ട്രത്തിന്റെ ആധിപത്യത്തെ ലോകത്തിന്റെമേൽ കെട്ടിവയ്ക്കാനുള്ള ഒരു ഒരുക്കം അതിൽ നാം കാണുന്നു. പാശ്ചാത്യനാഗരികതയിൽ അഭിമാനിക്കുന്ന ജനതകളുടെയിടയിൽ ഭിന്നതയും വിരുദ്ധതയും ഉണ്ടാക്കുന്നതിനുവേണ്ടി കരുതിക്കൂട്ടി നടത്തപ്പെടുന്ന വ്യാജപ്രചാരണങ്ങളും അബദ്ധപ്രബോധനങ്ങളുമാണ് അവ എന്ന ധാരണയത്രേ അനുവാചകന്മാരിൽ സംജാതമാകുന്നതു്. സമാധാനത്തിനും പുരോഗമനത്തിനുംവേണ്ടി പരിശ്രമിക്കുകയെന്നതാണു സ്റ്റാലിന്റെ ഉദ്ദേശ്യമെങ്കിൽ, കത്തോലിക്കാസഭയുടെ നേർക്കുള്ള അകാരണമായ ശകാരവർഷം നിറുത്തിയിട്ട്, കഴിയുമെങ്കിൽ, വിരുദ്ധകക്ഷിളെ അഭിരഞ്ജിപ്പിക്കുവാനാണ് അദ്ദേഹം പരിശ്രമിക്കേണ്ടതു്.'' ഏതു സംഗതിയിലും ക്രൈസ്തവസഭയെ അവഹേളിച്ചും ശകാരിച്ചും തഴമ്പിച്ചുപോയ സ്റ്റാലിന്റെ മുമ്പിൽ ഈ യുക്തിവാദത്തിനും ഉദ്ബോധനത്തിനും ഉള്ള സ്ഥാനം എന്താണെന്നൂഹിക്കാമല്ലോ.

# പതിനഞ്ചാമദ്ധ്യായം.

---

### നിത്യനഗരസംരക്ഷകൻ.

"1940 ജൂൺ 10-ാംതീയതി ഇററലിയുടെ സവ്വാധിപതിയായിരുന്ന ബെററിേററാ മുസ്സോലീനി പലാസ്സോ വെനേസ്സിയായുടെ മട്ടുപ്പാവിൽ നിന്നുകൊണ്ടു്, സീമാതീതമായ ഔദ്ധത്യത്തോടുകൂടി ഗ്രേയിററുബ്രിട്ടനെതിരായി സമരപ്രഖ്യാപനം നടത്തിയപ്പോൾ ഭയങ്കരങ്ങളായ വിമാനാക്രമങ്ങൾക്കു തങ്ങളുടെ രാജ്യം വിധേയമായിത്തീരുമെന്നു ശ്രദ്ധഗതിക്കാരായ ഇററാലിയൻ ജനത അശേഷം വിചാരിച്ചിരുന്നില്ല. ഫ്രാൻസിൻെറ കീഴടക്കത്തെത്തുടർന്നു് ഏതാനും ദിവസങ്ങൾക്കുള്ളിൽ ബ്രിട്ടീഷ് സമരനായകന്മാർ പരാജയം സമ്മതിക്കുമെന്നായിരുന്നു അവർ കരുതിയതു്. തുടർച്ചയായി ജർമ്മനിക്കു വിജയം ലഭിച്ചുകൊണ്ടുമിരുന്നു. പക്ഷേ, 1943-ൻെറ ആരംഭത്തോടെ ഐക്യകക്ഷികളുടെ വ്യോമശക്തി അപ്രതീക്ഷിതമാംവണ്ണം വർദ്ധിക്കുകയും ഇററലിയിലെ പല നഗരങ്ങളും വിമാനാക്രമണരംഗങ്ങളായി പരിണമിക്കുകയും ചെയ്തു.''

ഇററലിയുടെ സമരരംഗപ്രവേശത്തെ അന്നുതന്നെ സകലരും പഴിച്ചതാണു്. ജർമ്മനിയുടെ അന്തിമവിജയത്തോടുകൂടി ഇററലിയുടെ സാമ്രാജ്യതൃഷ്ണയേയും സന്തർപ്പണം ചെയ്യാമെന്നു് മുസ്സോലീനി വ്യാമോഹിച്ചുപോയി. അപ്രതീക്ഷിതങ്ങളായ പല സംഭവവികാസങ്ങളും ജർമ്മനിയെ ആശങ്കാഭരിതയാക്കിയെങ്കിലും, "അന്തിമവിജയം ജർമ്മനിക്കു തന്നെ'' എന്നു ഹിററ്ലർ സദാ ആവർത്തിച്ചുകൊണ്ടിരുന്ന ആ പല്ലവി തന്നെ മുസ്സോലീനിയും ഏററുപാടി. പക്ഷേ, അമേരിക്കൻ സമരവിഭവങ്ങളുടെ സുഖഫലമായ പ്രവാഹത്തോടുകൂടി ബ്രിട്ടീഷ് സിംഹത്തിൻെറ ഭാവം അാകപ്പാടെ മാറി. ആഫ്രിക്കായിൽ നിന്നും ജർമ്മൻ സൈന്യവും ഇററാലിയൻ പട്ടാളവും തുര

ത്തപ്പെട്ടു. മദ്ധ്യതരണിക്കടലിൽ ബ്രിട്ടീഷ് പ്രാബല്യം വർദ്ധിച്ചു. ജർമ്മനി പിമ്പോട്ടു മാറാൻ തുടങ്ങി. സഖ്യകക്ഷികളുടെ വിജയപതാകയിൽ കാണപ്പെട്ടിരുന്ന മൂന്നു വർണ്ണം അപ്രത്യക്ഷമായി.

ഗുരുതരങ്ങളായ ഈ സംഭവവികാസങ്ങൾ കണ്ടപ്പോൾ ഇററലിയിലെ ജനങ്ങൾ പലതും സംശയിച്ചു. ഇററാലിയൻ അന്തരീക്ഷത്തിൽ നിർബാധം വിഹരിച്ചുകൊണ്ടിരുന്ന സഖ്യവിമാനങ്ങളുടെ നിർഭയത്വവും, അവയിൽനിന്നും പൊഴിഞ്ഞുകൊണ്ടിരുന്ന അഗ്നിഗോളങ്ങൾ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും വരുത്തിക്കൂട്ടിയ വമ്പിച്ച വിനാശങ്ങളും അവരെ ഉദ്ബുദ്ധരാക്കി. വിജയത്തിനും രാജ്യപുരോഗതിക്കും വേണ്ടിയാണ് അവർ മുസ്സോലിനിയുടെ യുദ്ധപ്രഖ്യാപനത്തെ സ്വാഗതം ചെയ്തത്. എന്നാൽ, ഇപ്പോൾ അവയൊക്കെ മാറി. ഭരണക്രമം സംശയവിഷയമായിത്തീർന്നു. ചുരുക്കിപ്പറഞ്ഞാൽ മുസ്സോലിനിയുടെ പ്രാബല്യവും പ്രാഭവവും അവസാനിച്ചു. ഇവയെ കൂടുതൽ വിവരിക്കേണ്ടയാവശ്യമില്ല. ഫഷിസ്ററു പാർട്ടിയുടെ പരാജയം, മുസ്സോലിനിയുടെ അധഃപതനം, ബദോലിയോയുടെ രംഗപ്രവേശം, ജനറൽ ഇസ്സൻഹോവറിൻെറ നേതൃത്വത്തിൽ അമേരിക്കൻസേനയുടെ തള്ളിക്കയററം, ഇവയൊക്കെ ചരിത്രപക്ഷങ്ങളിൽ സ്ഥലംപിടിച്ചു വരുന്നതേയുള്ളു.

1943 സെപ്റ്റംബർ 8-ാംതീയതിയാണല്ലോ ഇററലി സഖ്യകക്ഷികൾക്കു കീഴടങ്ങിയതു്. ഈ വിവരം അറിയിച്ചുകൊണ്ടു് ഇററാലിയൻ പ്രധാനമന്ത്രിയായ ബദോലിയോ പ്രക്ഷേപണം ചെയ്ത പ്രസംഗം ജനങ്ങളെ ആനന്ദപുളകം കൊള്ളിച്ചു. ആപണവീഥികളും നഗരപ്രാന്തങ്ങളും ജനങ്ങളുടെ ഹർഷഘോഷങ്ങൾകൊണ്ടു പ്രകമ്പിതമായി. സമരജാതങ്ങളായ യാതനകൾ അവസാനിച്ചല്ലോ എന്ന ചിന്തയാണ് അവരെ പ്രമുദിതരാക്കിയതു്.

എന്നാൽ, അടുത്ത പ്രഭാതത്തിൽ കേട്ടുതുടങ്ങിയ കർണ്ണകഠോരങ്ങളായ പീരങ്കികളുടെ ഗർജ്ജനങ്ങൾ ആളുകളെ ഭയചകിതരാക്കി. റോമിനു സമീപത്തായി വർത്തിച്ചി

രുന്ന ജമ്മൻഭടന്മാരുടെ സാന്നിദ്ധ്യത്തെയാണ് അവ വെളിപ്പെടുത്തിയതു്. അവരെ തടയുന്നതിനു രാജഭക്തന്മാരായ ഭടന്മാർ നടത്തിയ ശ്രമമെല്ലാം വിഫലമായിപ്പോയി. സമർത്ഥനായ ഒരു നായകൻെറ അഭാവം നിമിത്തമാണ് അവരുടെ യത്നം വിഫലമായതെന്നത്രേ ഒരു ദൃക്സാക്ഷിയുടെ അഭിപ്രായം. സെപ്റ്റംബർ പത്താംതീയതി സായാഹ്നത്തിൽ റോമാനഗരം മുഴുവനും ജമ്മൻസൈന്യത്തിൻെറ പിടിയിലമർന്നു. അങ്ങിനെ റോമാ ഒരു സമരരംഗമായി രൂപാന്തരപ്പെട്ടു; യുദ്ധം ക്രിസ്തുമതത്തിൻെറ കേന്ദ്രത്തിൽ എത്തുപെട്ടു.

ഒരു സ്വാതന്ത്ര്യരാജ്യമായ വത്തിക്കാൻെറ നിഷ്പക്ഷതയെ സഖ്യകക്ഷികൾ അവഗണിക്കുകയില്ലെന്ന് എല്ലാവക്കുമറിയാമായിരുന്നു. വത്തിക്കാൻെറ സ്വാതന്ത്ര്യത്തെ നിഷ്കൃഷ്ടമായി ആദരിച്ചുകൊള്ളാമെന്നു പ്രസിഡണ്ടുറോസ്‌വെൽററു വാഗ്ദാനം ചെയ്തിട്ടുമുണ്ടായിരുന്നു. എന്നാൽ നിത്യനഗരമോ? അതു് ഒരു ദുർഘടപ്രശ്നമായി അവശേഷിച്ചു.

ഇററലിക്കാർ റോമ്മായെ ഒരു 'തുറന്നനഗര'മായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു എന്നതു വാസ്തവമാണ്. പക്ഷെ അതുകൊണ്ടെന്തു പ്രയോജനം? റോമ്മായെ സംബന്ധിച്ചിടത്തോളം ഈ തുറന്നിടലിനു വലിയ വിലയില്ലായിരുന്നു. ഇററലിയിലെ പ്രധാന ഗതാഗതങ്ങളെല്ലാം റോമ്മായിൽക്കൂടെയാണു നടന്നുകൊണ്ടിരുന്നതു്. സൈന്യങ്ങളേയും സമരവിഭവങ്ങളേയും കയററിയിറക്കുന്നതിനുപയോഗിക്കപ്പെടുന്ന ഈ മാർഗ്ഗങ്ങളേയും അവയുടെ കേന്ദ്രത്തേയും സഖ്യകക്ഷികൾ അലക്ഷ്യമായി നോക്കിക്കൊണ്ടിരിക്കുമെന്നു കരുതാവുന്നതല്ലല്ലോ.

വാസ്തവം ഇങ്ങനെയൊക്കെയായിരുന്നാലും, സമരകക്ഷികൾ റോമ്മാ നശിപ്പിക്കുകയില്ലെന്നു പരിശുദ്ധ പിതാവിനു് ഉറപ്പു നല്കിയിട്ടുണ്ടായിരുന്നു എന്ന ധാരണ ജനങ്ങളിൽ എങ്ങിനെയോ കടന്നു വശായി. സഖ്യഭടന്മാർ ജമ്മൻകാരെ ഓടിക്കുന്നതിനു രണ്ടുമൂന്നു ദിവസം മുമ്പു പരിശുദ്ധ പിതാവു സെൻറു പീറേറഴ്സിൽ എഴുന്നള്ളി

നിത്യനഗരത്തിൻെറ രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും, ഉത്തേജകമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു. പക്ഷേ റോമ്മായുടെ രക്ഷയെപ്പററിയോ ഭാവിയെപ്പററിയോ അവിടുന്നു യാതൊന്നും സൂചിപ്പിച്ചില്ല. ഇതു് ഏവർക്കും നിരാശയ്ക്കിടയാക്കി.

സഖ്യകക്ഷികൾ എന്തെങ്കിലും ഉറപ്പു നല്കിയിട്ടുണ്ടായിരുന്നോ എന്ന സംഗതി ഇന്നും രഹസ്യമാണു്. വത്തിക്കാനിൽനിന്നു് ഒരു വിശദീകരണമുണ്ടാകുന്നതുവരെ അതു് അങ്ങനെതന്നെയിരിക്കുകയും ചെയ്യും. എന്നാൽ, കലാപരമായും ശാസ്ത്രപരമായും ചരിത്രപരമായും റോമ്മിലുണ്ടായിരുന്ന അമൂല്യനിധികളെ സുരക്ഷിതസങ്കേതങ്ങളിലേക്കു നീക്കുന്നതിനു യാതൊരു ശ്രമവും നടന്നിട്ടില്ലായിരുന്നു എന്നതും പ്രസ്താവിച്ചുകൊള്ളട്ടെ. നിത്യനഗരത്തിൻെറ സുരക്ഷിതത്വത്തെപ്പററി എന്തോ ഒരു നിശ്ചയം മാർപ്പാപ്പാക്കു് ഉണ്ടായിരുന്നു എന്നു സംശയിക്കാൻ വഴിയുണ്ടു്.

ഹതഭാഗ്യരായ റോമൻനിവാസികളുടെ കഷ്ടദശയിൽ അവരുടെ ഏകാവലംബം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ മാത്രമായിരുന്നു. രക്ഷയുടെ പേടകമായിട്ടാണു് അവർ തിരുമേനിയെ പരിഗണിച്ചതു്. ഈ വിശ്വാസം നിമിത്തം യുദ്ധത്തെ ഭയപ്പെട്ടു് ഇററലിയുടെ വിദൂരഭാഗങ്ങളിൽനിന്നുപോലും അനേകായിരം ജനങ്ങൾ റോമിൽ പ്പോയി താമസിക്കുന്നുണ്ടായിരുന്നു. എന്നാൽ, 1943 ജൂലൈ–ആഗസ്ററു മാസങ്ങളിൽ നഗരപ്രാന്തങ്ങളിൽ നടന്ന ഭയങ്കരമായ ബോംബുവർഷം അവരുടെ പ്രതീക്ഷകളെ അസ്ഥാനത്താക്കി. സഖ്യവിമാനങ്ങളുടെ അടുത്ത വിഹാരം റോമ്മായുടെ മുകളിലല്ലായിരിക്കുമോ എന്നു് അവർ ശങ്കിച്ചു. റോമൻനഗരം ജർമ്മൻകാരുടെ അധീനതയിൽപ്പെട്ടു കഴിഞ്ഞപ്പോൾ അവരുടെ ഉൽകണ്ഠ ബഹുശതം വർദ്ധിച്ചു. റോമ്മായിൽവച്ചു സഖ്യസേനയും ജർമ്മൻപടയും തമ്മിൽ ഒരു സംഘട്ടനമുണ്ടാകുകയും അതിൽവച്ചു റോമ്മാ നശിക്കുകയും ചെയ്യുമെന്നായിരുന്നു അവരുടെ ഭയം.

റോമ്മാ പട്ടണത്തിൻെറ പരിസരങ്ങളിൽ വർഷിക്കപ്പെട്ട ബോംബുകളുടെ നശീകരപ്രവർത്തനങ്ങൾ തന്നെ അ

വരുടെ സംശയത്തിൻെറ യുക്തിയുക്തതയെ തെളിയിക്കുന്നു. സഖ്യവിമാനങ്ങളുടെ നിശ്ശിതമായ ആക്രമണം നിമിത്തം സെൻറു ലോറൻസ് ബസ്സിലിക്കായ്ക്കുപററിയ കേടുപാടുകളാണ് ഏതാണ്ട് അപരിഹരണീയമായ നഷ്ടത്തിനിടയാക്കിയതു്. ഈ മഹാ ദൈവാലയത്തെ നശിപ്പിക്കണമെന്നു സഖ്യകക്ഷികൾക്കു യാതൊരുദ്ദേശ്യവുമില്ലായിരുന്നെന്നു് എടുത്തു പറഞ്ഞുകൊള്ളട്ടെ. എന്നാൽ, ഇപ്പോൾ സൈനികപ്രാധാന്യമുള്ള ഒരു സ്ഥാനത്താണ് അതു നില്ക്കുന്നതെന്നുള്ള യാഥാർത്ഥ്യം നാം ഓർത്തിരിക്കണം. ഈ ദൈവാലയത്തിനു പതിനാറു നൂററാണ്ടത്തെ പഴക്കമുണ്ട്. കോൺസ്റ്റൻൈറൻ ചക്രവർത്തിയാണ് ഇതിൻെറ സ്ഥാപകൻ. പൗരാണികകാലംമുതൽ തന്നെ ഈ ദൈവാലയം ക്രൈസ്തവലോകത്തിൻെറ ഭക്തിവിഷയമായിത്തീർന്നിരുന്നു. വി. ലോറൻസിൻെറ പൂജ്യശരീരം സംസ്കരിച്ചിട്ടു മൂന്നുറു വത്സരങ്ങൾ കഴിഞ്ഞപ്പോൾ, വിശുദ്ധ സ്ഥലത്തുനിന്നും പ്രഥമരക്തസാക്ഷിയായ വി. സ്റ്റീഫൻെറ പൂജ്യാവശിഷ്ടങ്ങൾ അവിടെ കൊണ്ടുവന്നു നിക്ഷേപിക്കപ്പെട്ടു. കൂടാതെ, വത്തിക്കാനിൽ ഒരു കാരാലയവാസം അനുഭവിച്ച ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ മൃതശരീരം വിശ്രമം കൊള്ളുന്നതും അവിടെത്തന്നെയാണ്. ഇക്കാരണങ്ങളാൽ ക്രൈസ്തവലോകത്തിൽ സെൻറു് ലോറൻസു ബസിലിക്കായ്ക്കുള്ള പ്രാധാന്യം ഒന്നു വേറെ തന്നെയാകുന്നു. എന്നാൽ, റോമിൽ ജനിച്ചുവളർന്ന പന്ത്രണ്ടാം പീയൂസ് തിരുമേനിക്കു് അതെത്ര പ്രിയതരമായിരിക്കണം! ശ്ലക്ഷ്ണശിലാനിർമ്മിതമായ അതിൻെറ മനോഹരപൂമുഖം, മുൻവശത്തുള്ള വിശാലമായ അങ്കണത്തിൻെറ മദ്ധ്യത്തിൽ ചിന്നിച്ചിതറികൊണ്ടിരിക്കുന്ന നീരുറവയുടെകുളിർ മയേറുന്ന മധുരശബ്ദം—എന്നുവേണ്ടാ, സെൻറു് ലോറൻസു മുഴുവനും ബാല്യം മുതൽതന്നെ അവിടത്തേക്കു് അതീവ പ്രിയംകരമായിരുന്നു. അതിനു പററിയ കേടുപാടുകൾ തിരുമേനിയുടെ ഹൃദയത്തെ അവഗാഢം സ്പർശിച്ചിരിക്കണമെന്നതിൽ യാതൊരു സംശയവുമില്ല.

ഫഷിസ്ററുഭരണം തകർന്നപ്പോൾ റോമാനഗരത്തെ അടക്കിവയ്ക്കുന്നതിനെപ്പററി ഇററലിയും ജർമ്മനിയും

തമ്മിലുണ്ടായ മത്സരത്തിൽ പിയാസ്സാ ഡി സ്പാഗ്നാസ്സ സാരമായ ചില നഷ്ടങ്ങൾ സംഭവിച്ചു. ശില്പകലാവൈദഗ്ദ്ധ്യത്തിൽ ഭുവനപ്രസിദ്ധനായ ബെർണീനിയുടെ പ്രവീണതയ്ക്കു ഉത്തമസാക്ഷിയായി നിലകൊള്ളുന്ന പ്രൊപ്പഗാന്താ തിരുസ്സംഘമന്ദിരം സ്ഥിതിചെയ്യുന്നതു ഇവിടെയാണു. നഗരത്തിനു പുറത്തുള്ള സെൻറു പോൾസ് ബസിലിക്കായുടെ മനോഹരമായ കണ്ണാടിച്ചില്ലുകൾ മുഴവനും ഒരു വിമാനാക്രമണം നിമിത്തം തകർന്നുപോയി. വി. പൗലോസിൻെറ പൂജ്യശരീരം സംസ്കരിക്കപ്പെട്ടിരിക്കുന്ന നയനാഭിരാമമായ ഈ മഹാമണ്ഡപത്തിനു ഇതുപോലെയുള്ള ഒരു കേടു മുമ്പു പറ്റിയിട്ടില്ല. വത്തിക്കാൻ രാജ്യത്തിനകത്തുള്ള ചില പുതിയ മന്ദിരങ്ങൾക്കും ബോംബുവർഷം മൂലം സാരമായ നാശം നേരിട്ടിട്ടുണ്ടു.

ഈ കഴിഞ്ഞ ലോകമഹായുദ്ധംകൊണ്ടു ക്രൈസ്തവലോകത്തിനു നേരിട്ട മറെറാരു മഹാനഷ്ടം വിശുദ്ധിയ്ക്കും വിജ്ഞാനത്തിനും വിഖ്യാതമായ മോൻെറ കസ്സീനോ സന്യാസ ഭവനത്തിൻെറ സമ്പൂർണ്ണവിനാശമാണു. പാശ്ചാത്യരാജ്യങ്ങളിലെ ഏററം പൗരാണികമായ ഈ സന്യാസമന്ദിരത്തിനു യൂറോപ്യൻ സംസ്കാരത്തിൻെറ ചരിത്രത്തിൽ സംലബ്ധമായിരിക്കുന്ന പ്രാധാന്യം ചരിത്രജ്ഞന്മാരെ പറഞ്ഞറിയിക്കേണ്ടയാവശ്യമില്ല. റോമിനും നേപ്പിൾസിനും ഇടയ്ക്കു, അബ്രൂസ്സിപർവ്വതനിരകളിലുള്ള ഒരു ശിഖരത്തിൽ, പച്ചവിരിച്ച മലഞ്ചെരിവുകളാലും ഫലഭരങ്ങളായ മുന്തിരിത്തോട്ടങ്ങളുടെ മദ്ധ്യത്തിൽക്കൂടി തുള്ളിക്കളിക്കുന്ന ലീബ്രിസ് നീരുറവയുടെ വെള്ളിമയാലും അലംകൃതമായി, വിസ്തൃതങ്ങളായ ശാദ്വലങ്ങളെ പ്രശാന്തമായി വീക്ഷിച്ചുകൊണ്ടു നില്ക്കുന്ന ഉന്നതമായ മോൻെറ കസ്സീനോ പാശ്ചാത്യനാഗരികതയിൽ വരുത്തിയിട്ടുള്ള പരിവർത്തനങ്ങൾ അതീവ പ്രാധാന്യമർഹിക്കുന്നവയാണു. അവിടെ ചിരകാലമായി നിലനിന്നിരുന്ന അപ്പോളോയുടെ വിഗ്രഹാലയം വി. ബെനദിക്തോദിസിൻെറ ഉഗ്രപ്രഹരമേററു നിപതിച്ച നിമിഷംമുതൽ, അതു പാശ്ചാത്യലോകത്തിലെ സന്യാസവൃത്തിയുടെ ആസ്ഥാനഭൂവായി പ്രശോഭിക്കാൻ തുടങ്ങി. അതിൻെറ സ്ഥാപനകാലമായ

529-ാമാണ്ടു മുതൽ 1866-വരെ ആദ്ധ്യാത്മികമായും ഭൗതികമായും അതിനുണ്ടായിട്ടുള്ള മഹനീയനേട്ടങ്ങളോടു കിടപിടിക്കത്തക്ക ചരിത്രസംഭവങ്ങൾ ഏറെ കാണുകയില്ല. പല മാർപ്പാപ്പാമാരും ചക്രവർത്തിമാരും അതിനെ ഉള്ളഴിഞ്ഞു സഹായിച്ചു. വിജ്ഞാനത്തിലും വിശുദ്ധിയിലും അതു അദ്വിതീയമായിത്തീർന്നു. മൊണ്ടെ കസ്സീനോയിൽ സൂക്ഷിക്കപ്പെട്ടിരുന്ന അമൂല്യങ്ങളായ പുരാതന കൈയ്യെഴുത്തുപ്രതികൾ ലോകത്തിന്റെ പൊതുസമ്പത്തായിരുന്നു. 1866-ൽ ഉണ്ടായ മർദ്ദനം കഴിഞ്ഞുപോലും ഒരുവിദ്യാശാല എന്ന അതിന്റെ വിഖ്യാതിക്കു് ഒരു കോട്ടവും തട്ടിയിരുന്നില്ല. അവിടെയുള്ള മനോഹരമായ ദൈവാലയത്തിൽ വിശുദ്ധ ബെനദിക്തോദിസിന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്നതുകൊണ്ടു് അതു് ഒരു തീർത്ഥസങ്കേതവുമായിരുന്നു.

മോണ്ടെ കസ്സിനോയുടെ മഹനീയചരിത്രത്തിനു ദ്വിതീയലോകസമരം ഒരു വിരാമമിട്ടു. ജർമ്മൻഭടന്മാർ അവിടെ ഒളിച്ചിരിക്കുന്നു എന്നു സംശയിച്ചുകൊണ്ടു സഖ്യവിമാനങ്ങൾ അവിടെ ബോമ്പു വർഷിച്ചു. പ്രാർത്ഥനയുടേയും തപസ്സിന്റേയും, വിശുദ്ധിയുടേയും വിജ്ഞാനത്തിന്റേയും കേദാരമായിരുന്ന ആ പൂജ്യരംഗം—അനേകം വിശുദ്ധാത്മാക്കളുടെ പാദസ്പർശത്താൽ പരിപാവനമാക്കിച്ചെയ്യപ്പെട്ടിരുന്ന ആ പുണ്യഭൂമി—ഏതാനും നിമിഷങ്ങൾകൊണ്ടു വെണ്ണീറായി. അടിപൊട്ടിത്തകർന്നുവീണ നിരവധി കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും കത്തിയെരിഞ്ഞ വസ്തുക്കളുടെ ചാമ്പൽക്കൂമ്പാരവും മാത്രമാണു ശോകപൂർണ്ണങ്ങളായ നമ്മുടെ നയനങ്ങൾക്കു് അവിടെ വിഷയമാകുന്നതു്. ബോമ്പുകൾ വരുത്തിയ ജീവനാശമോ?........

തെററിദ്ധാരണ നിമിത്തം തങ്ങൾ വരുത്തിക്കൂട്ടിയ ഈ മഹാനഷ്ടത്തെ കഴിയുംവേഗം പരിഹരിക്കുന്നതിനു സഖ്യകക്ഷികൾ മുമ്പിട്ടിറങ്ങിയിരിക്കുന്നതു ശുഭോദർക്കമായിരിക്കുന്നു. അതിന്റെ പുനരുദ്ധാരണജോലികൾക്കു നൂറു ജർമ്മൻതടവുകാർ നിയുക്തരായിക്കഴിഞ്ഞിരിക്കുന്നെന്നും, ഇതിനുവരാവുന്ന വമ്പിച്ച ധനവ്യയം താങ്ങുന്നതിനാ

യി ഒരു സൎവ്വരാജ്യസമിതി ഉടനെ രൂപവൽകൃതമാകുമെന്നും, ഇപ്പോഴത്തെ ബെനദിക്തൻസഭാധിപനായ ഡോൺ ഇൽഡെഫോൺസോ ഒ.എസ്.ബി. പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഒരുകാലത്തു ബെനദിക്തൻ സന്യാസികൾ സ്ഥാപിച്ചവയും പിന്നീട് ആംഗ്ലിക്കൻ പാഷാണ്ഡതയിൽപ്പെട്ടു പോയവയുമായ ഭദ്രാസനദൈവാലയങ്ങളുടേയും, ഓക്സ്ഫോർഡ്, കെയിംബ്രിഡ്ജ് സൎവ്വകലാശാലകളുടേയും ഇതര പൊതുസ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ മൊന്റെ കസ്സിനോയ്ക്കുവേണ്ടി ഒരു വമ്പിച്ച ധനശേഖരം തുടങ്ങിക്കഴിഞ്ഞിരിക്കുന്നതായും ഉള്ള വാർത്തകൾ നമുക്ക് ആശ്വാസജനകങ്ങളാണല്ലോ.

ലോകസമരം ക്രിസ്തുമതത്തിന്റെ കേന്ദ്രത്തെ സമീപിക്കുംതോറും ജനങ്ങളെല്ലാം സന്താപാധീനരായിത്തീർന്നുകൊണ്ടിരുന്നു. നിത്യനഗരത്തിന്റെ ആശങ്കാജനകമായ ഗുരുതരനിലയിൽ അഖിലലോകവും ഉൽകണ്ഠാകുലമായി. നിരന്തരം വീണുകൊണ്ടിരിക്കുന്ന ഷെല്ലുകൾക്കും ബോമ്പുകൾക്കും എതിരായി പ്രതിഷേധസ്വരങ്ങൾ നാലുപാടും ഉയർന്നു. കത്തോലിക്കരും അകത്തോലിക്കരും അക്രൈസ്തവരും റോമ്മായുടെ മോചനത്തിനായി സുതീക്ഷ്ണം പ്രാൎത്ഥിച്ചു—വാദിച്ചു. പരിശുദ്ധ പിതാവിന്റെ ഹൃദയം ഉൽകണ്ഠയും ഭീതിയും കൊണ്ടു പൂൎണ്ണമായി. ഒരു ദുഃഖത്തിന്റെ മനുഷ്യനായി രൂപാന്തരപ്പെട്ട പോപ്പുരാജനു പ്രാൎത്ഥനയും തപശ്ചൎയ്യകളും മാത്രമായി ആലംബം. റോമ്മായുടെ അന്ത്യനിമിഷം ആസന്നമായോ എന്നുപോലും ചിലർ സംശയിച്ചുപോയി. എന്നാൽ എന്തുപറയാനാണ്! ആരോടു പറയാനാണ്!! ആരു കേൾക്കാനാണ്!! "അനേകം സന്ധിലംഘനങ്ങളും വാഗ്ദാനലംഘനങ്ങളും അത്യുദാരമായ സകല പ്രതിജ്ഞകളേയും നിരുത്സാഹപ്പെടുത്തുകയും ദുർബലമാക്കുകയും ചെയ്യത്തക്കവണ്ണം രാഷ്ട്രങ്ങൾ തമ്മിൽ ഉള്ള പരസ്പരവിശ്വാസം ക്ഷയിച്ചുപോയിരിക്കുന്നല്ലോ" എന്നു തിരുമേനി പരിവേദനം ചെയ്തു.

ജൎമ്മൻസൈന്യം റോമാനഗരത്തിൽ പ്രവേശിച്ചപ്പോൾത്തന്നെ വത്തിക്കാന്റെ അതിർത്തികളിൽ ശരിയാ

യ കാവൽ ഏർപ്പെടുത്തപ്പെട്ടു. വത്തിക്കാനിലേക്കു ജർമ്മൻ പടയാളികൾ ഒരടിപോലും വച്ചില്ലെന്നുള്ള സംഗതി പ്രസ്താവയോഗ്യമാണ്. മാത്രമല്ല, അവരുടെ പെരുമാററം വളരെ തൃപ്തികരമായിരുന്നെന്നു ദൃക്സാക്ഷികൾ പറയുന്നു. തണുപ്പേറുന്ന രാത്രികാലങ്ങളിൽ മറവൊന്നും കൂടാത്ത വെളിംപ്രദേശത്തു തന്നെയാണ് അവർ കിടന്നുറങ്ങിയതു്. അതറിഞ്ഞുകൊണ്ടു് അവർക്കുവേണ്ടി കുറെ താല്കാലികഷെഡ്ഡുകൾ പണിതുകൊടുക്കുവാൻ പരിശുദ്ധ പിതാവു കല്പനയായി. ഈഘട്ടം മുതൽ മാർപ്പാപ്പായുടെ ശിപായികളുടെ എണ്ണവും പൂർവ്വാപരി വർദ്ധിപ്പിക്കപ്പെട്ടു.

ജർമ്മൻസൈന്യത്തിൻെറ പെരുമാററം സാമാന്യം തൃപ്തികരമായിരുന്നെങ്കിലും ചില സംഗതികളിൽ അവർ വളരെ അക്രമം കാണിച്ചിട്ടുണ്ടെന്നുള്ള വാസ്തവം തുറന്നു പറയാതെ തരമില്ല. തങ്ങളുടെ ഭാഗത്തു ചേർന്നു യുദ്ധം ചെയ്യുന്നതിനായി സമാധാനകാംക്ഷികളായ യുവാക്കന്മാരെ ബലം പ്രയോഗിച്ചു് അവർ പിടിച്ചുകൊണ്ടു പോയിട്ടുണ്ടു്. മേലധികാരികളുടെ കല്പനകളായിരിക്കാം അതിനു കാരണം. അവരുടെ കരങ്ങളിൽ അകപ്പെടാതിരിക്കുന്നതിനുവേണ്ടി യുവാക്കന്മാർ വത്തിക്കാൻ രാജ്യത്തിൽ അഭയം തേടി. അവരെ ബന്ധനസ്ഥരാക്കുന്നതിനു്, ഇററലിയിൽ ഇടക്കാലത്തുണ്ടായ പാവ ഗവമ്മെൻറു വത്തിക്കാൻെറ നിഷ്പക്ഷതാനയത്തെ അനാദരിച്ചിട്ടുണ്ടെങ്കിലും, ജർമ്മൻ ഭടന്മാർക്കു് അതിൽ പങ്കില്ലെന്നു് അഭിമാനിക്കാവുന്നതാണ്.

ഈ യുദ്ധം മൂലം റോമാനിവാസികൾ അനുഭവിച്ച ദാരുണമായ പീഡകൾ വർണ്ണനാതീതങ്ങൾ തന്നെ. നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന വിമാനാക്രമണങ്ങൾ നിമിത്തം കഷ്ടതയനുഭവിക്കുന്നതിനു നിർബന്ധിതരായവരുടെ സംഖ്യ ഒട്ടും നിസ്സാരമല്ല. പരിശുദ്ധ പിതാവു മാത്രമായിരുന്നു അവരുടെ ഏകാവലംബം. തങ്ങളുടെ ഏക വിമാനസംഹാരി പന്ത്രണ്ടാം പീയൂസ് ആണെന്നത്രേ റോമ്മാക്കാർ പറഞ്ഞുവന്നിരുന്നതു്. അവിടുത്തെ സാന്നിദ്ധ്യം നിമിത്തമാണ് റോമിൽമാത്രം ബോംബുവർഷം ഉണ്ടാകാതിരുന്നതെന്നായിരുന്നു അവരുടെ ബോധ്യം.

ഈ ധാരണ നിമിത്തം ഇററലി യുദ്ധത്തിൽ ചേർന്നപ്പോൾ മുതൽ തന്നെ അനേകംപേർ റോമിൽപോയി താമസമാരംഭിച്ചു. പരിശുദ്ധ പിതാവിൻെറ വേനല്ക്കാലവസതിയായ ഗണ്ടോൾഫോയിൽത്തന്നെ പതിനായിരത്തിൽപ്പരം അഭയാർത്ഥികൾ ഉണ്ടായിരുന്നു എന്നാണു് ഒരു ദൃക്സാക്ഷി രേഖപ്പെടുത്തുന്നതു്. ഇവർക്കെല്ലാം വേണ്ട സകല സാധനങ്ങളും അനുദിനം നല്കിക്കൊണ്ടിരുന്നതു പരിശുദ്ധ പിതാവു തന്നെയാണു്. ജനങ്ങൾ കൊണ്ടുപോയിരുന്ന ഭക്ഷണസാധനങ്ങളും അവ കയററിയിരുന്ന വാഹനങ്ങളും നാസികൾ അപഹരിച്ചെടുക്കുക സാധാരണമായിരുന്നു. പിന്നീടു് പ. പിതാവിൻെറ കാരുണ്യം മൂലം വത്തിക്കാൻ സംസ്ഥാനംവക ലോറികളിലാണു റോമാനഗരത്തിൽ താമസിച്ചിരുന്ന പതിനെട്ടുലക്ഷത്തോളം ആളുകൾക്കാവശ്യമുള്ള പ്രധാനപ്പെട്ട ഭക്ഷണസാധനങ്ങൾ കൊണ്ടുപോയിരുന്നതു്.

"റോമായിൽ വസിച്ചിരുന്ന അഭയാർത്ഥികൾക്കു ദിവസം ഒരുനേരമെങ്കിലും ഭക്ഷണം ലഭിക്കുന്നതിനായി നിരവധി ഭക്ഷണവിതരണമന്ദിരങ്ങൾ തിരുസ്സിംഹാസനത്തിൻെറ മേൽനോട്ടത്തിൽ ഏർപ്പെടുത്തിയിരുന്നു. ഈ ധർമ്മമന്ദിരങ്ങളിൽനിന്നു ലഭിച്ചിരുന്ന ഭക്ഷണത്തെ 'പരിശുദ്ധ പിതാവിൻെറ കണി' (Minestra del Papa) എന്നാണു പൊതുജനങ്ങൾ വിളിച്ചിരുന്നതു്. 'പ. പിതാവിൻെറ കണി' വളരെ നല്ലതാണെന്നു പലരും പറയുന്നതു് ഈ ലേഖകൻ തന്നെ പലപ്പോഴും കേട്ടിട്ടുണ്ടു്."

ജനങ്ങളുടെ ഭക്ഷണകാര്യത്തിൽ ഇത്രയധികം ശ്രദ്ധിച്ച പരിശുദ്ധ പിതാവിൻെറ ഹൃദയം 1943 ജൂലൈ-അഗസ്റ്റ് മാസങ്ങളിൽ ബോംബുവർഷം നിമിത്തം അവർക്കു നേരിട്ട യാതനകളിൽ എത്രമാത്രം സന്താപം അനുഭവിച്ചിരിക്കണം! "അത്യാഹിതങ്ങൾ നേരിട്ട സ്ഥലങ്ങൾ തിരുമനസ്സുകൊണ്ടു സന്ദർശിക്കുകയും മുറിവേററവരെ സമാശ്വസിപ്പിക്കുകയും നിരാധാരരായിത്തീർന്നവർക്കു വത്തിക്കാനിൽനിന്നു ഭക്ഷണസാധനങ്ങൾ കിടക്ക മുതലായവ ആവശ്യമനുസരിച്ചു് അയച്ചുകൊടുക്കുകയും ചെയ്തു" എന്നു പ്രസ്തുത ബഹുമാന്യലേഖകൻ തുടർന്നെഴുതുന്നു.

നാസികളിൽനിന്നും ഫഷീസ്ററു പാർട്ടിയിൽനിന്നും മർദ്ദനമനുഭവിച്ചുകൊണ്ടിരുന്ന യഹൂദജനതയ്ക്കു പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും ചെയ്തുകൊടുത്തുകൊണ്ടിരുന്നിട്ടുള്ള സഹായങ്ങൾ ക്രൈസ്തവേതരുടെ അഭിനന്ദനത്തിനു പാത്രമായിട്ടുള്ള ജീവകാരുണ്യപ്രവർത്തനങ്ങളാണ്. ഈ കഴിഞ്ഞ യുദ്ധത്തിനിടയിൽ പന്ത്രണ്ടാം പീയൂസ് മാത്രമായിരുന്നു യഹൂദന്മാരുടെ സങ്കേതം. ഭക്ഷണം, ഔഷധം ഇവകൊണ്ടുമാത്രമല്ല, പണം കൊടുത്തുപോലും അവിടുന്നു പല യഹൂദന്മാരേയും സ്വതന്ത്രരാക്കിയിട്ടുണ്ട്.

സമരം അനുദിനം രൂക്ഷതരമായി വന്നു. യുദ്ധം നിത്യനഗരത്തിന്റെ പ്രവേശനദ്വാരത്തിങ്കൽ വന്നെത്തി. ഉൽകണ്ഠാപൂർണ്ണങ്ങളായ ഏതാനും ദിനരാത്രങ്ങൾ കടന്നുപോയി. ലോകത്തിന്റെ ശ്രദ്ധ മുഴുവനും ഒരു പ്രശ്നത്തിലേക്കു തിരിഞ്ഞു: നിത്യനഗരം നശിക്കുകയോ? ഇതിനു സമാധാനം നല്കുവാൻ ജർമ്മൻകാർക്കു മാത്രമേ സാധിക്കുമായിരുന്നുള്ളു. അവരുടെ സാന്നിദ്ധ്യമാണു വരാൻപോകുന്ന നാശങ്ങൾക്കു കാരണമായിനിന്നതു്. അവർ സ്ഥലം വിടാതിരുന്നാൽ സഖ്യകക്ഷികൾ റോമിൽ ബോമ്പു വർഷിക്കും; പട്ടണം ഒന്നാകെ നശിക്കും. അവർ പിന്മാറുന്നപക്ഷം റോമ്മാ സുരക്ഷിതമായി നിലകൊള്ളും. റോമായുടെ വിധി ജർമ്മൻകാരുടെ ഹസ്തങ്ങളിൽത്തന്നെ നിക്ഷിപ്തമായി.

റോമ്മായുടെ മോചനത്തിനുവേണ്ടി ലോകം മുഴുവൻ പ്രാർത്ഥിച്ചു; ഭരണാധികാരികൾക്കു വിവേകവും നല്ല ആലോചനയും നല്കപ്പെടുന്നതിനു പ്രത്യേകപ്രാർത്ഥനകൾ നടത്തപ്പെട്ടു. സഖ്യകക്ഷികളുടെമേൽ പ്രേരണാശക്തി ചെലുത്തുന്നതിനു ബ്രിട്ടണിലേയും അമേരിക്കയിലേയും ക്രൈസ്തവ വൈദികാദ്ധ്യക്ഷന്മാർ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ, സ്വാധീനതാശക്തിയുള്ള പല രാഷ്ട്രനായകന്മാരും സമരകക്ഷികളെ സാഹസികകൃത്യങ്ങളിൽനിന്നും പിന്തിരിപ്പിക്കുന്നതിന് അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്നു. ഇവരിൽ ഐറിഷ് ഭരണമേധാവിയായ ദെ വലേറായുടെ നാമം പ്രത്യേകം അനുസ്മരണീയമാണ്.

ലോകസംസ്കാരത്തിന്റെ മാതൃസ്ഥാനം വഹിക്കുന്ന റോമ്മായുടെ സമ്പൂർണ്ണവിനാശം അത്യാസന്നമാണെന്നു കണ്ടുകൊണ്ടു സമരോദ്യുക്തരായ രാഷ്ട്രങ്ങൾക്കെല്ലാം ഉദ്ബോധകമായ ഒരു സന്ദേശം അദ്ദേഹം അയച്ചുകൊടുത്തു. അനീതിയുടേയും അക്രമത്തിന്റെയും യുഗമായ ഈ നൂററാണ്ടിൽ എഴുതപ്പെട്ടിട്ടുള്ള ഏററം പ്രശസ്തങ്ങളായ രാഷ്ട്രീയസന്ദേശങ്ങളിൽ ഒന്നാണതു്. "ക്രൈസ്തവസഭാകേന്ദ്രത്തിന്റെ ഭാവി ആശങ്കാവഹമായിത്തീർന്നിരിക്കുന്ന ഇത്തരുണത്തിൽ, പരിശുദ്ധവും അപ്പസ്തോലികവുമായ കത്തോലിക്കാസഭയുടെ അംഗങ്ങളായ ബഹുഭൂരിപക്ഷം പൗരന്മാർ അധിവസിക്കുന്ന ഒരു രാജ്യത്തിന്റെ ഭരണക്രൂടത്തിലെ അനിഷേധ്യനേതാവെന്ന നിലയിൽ അത്യഗാധമായ ഹൃദയവ്യഥ രേഖപ്പെടുത്തേണ്ടതു് അനുപേക്ഷണീയമായ ഒരു കർത്തവ്യമായി" അദ്ദേഹം പരിഗണിക്കുന്നു.

"സുമാർ രണ്ടായിരം കൊല്ലങ്ങളായി കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ മാർപ്പാപ്പായുടെ ആസ്ഥാനനഗരിയായി വിരാജിക്കുന്ന ഈ മഹാപട്ടണം" എന്തിനായി നിലകൊള്ളുന്നു എന്നും അതിന്റെ പ്രാധാന്യം എത്ര വലുതാണെന്നും ലോകത്തെ ഗ്രഹിപ്പിക്കുന്നതിനു് അദ്ദേഹം ശ്രമിക്കുന്നു. "അതിലെ മഹനീയ സ്ഥാപനങ്ങളും അമൂല്യസ്മാരകങ്ങളും മനുഷ്യജീവിതത്തിന്റെ യഥാർത്ഥ മൂല്യതയെ നിർണ്ണയിക്കുന്ന സനാതനതത്വങ്ങളുടെ ചിഹ്നങ്ങളാ" കയാൽ, അവയെ നശിപ്പിക്കുന്നതിനുള്ള നിസ്സാരയത്നം പോലും ലോകത്തോടും മാനവവംശത്തോടും ചെയ്യുന്ന അക്ഷന്തവ്യമായ ഒരു മഹാപരാധവും വിശ്വനാഗരികതയുടെ മാതൃസ്ഥാനം സംവഹിക്കുന്ന കത്തോലിക്കാസഭയോടു ചെയ്യുന്ന ഏററം നിന്ദ്യമായ ഒരു നന്ദിഹീനതയുമായിരിക്കുമെന്നു് ഏവരേയും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ഭൂമുഖത്തെ അധിവസിക്കുന്ന മനുഷ്യരാശിയുടേയും, വിശിഷ്യ, മുപ്പത്തഞ്ചുകോടിയിൽപ്പരം കത്തോലിക്കരുടേയും ഐകകണ്ഠ്യനയുള്ള പ്രതിഷേധസ്വരത്തിന്റെ പ്രതിധ്വനിയാണു് ആ സന്ദേശത്തിൽ മുഴങ്ങിയതു്.

ദൈവത്തിന്റെ പ്രത്യേകപരിപാലനം! റോമ്മാന

ഗരം നാശത്തിനധീനമായില്ല. വർദ്ധമാനമായിക്കൊണ്ടിരുന്ന സമരക്രൂരതകളും ആശങ്കാജനകങ്ങളായ സംഭവവികാസങ്ങളും പന്ത്രണ്ടാം പീയൂസിനെ തെല്ലും പരിഭ്രാന്തനാക്കിയില്ല. കർമ്മശൂരനായ ഒരു വിശ്വസ്ത യോധാവിനെപ്പോലെ അവിടുന്നു സ്വസ്ഥാനത്തുതന്നെ നിർഭയം നിലകൊണ്ടു. അവിടുത്തെ സാന്നിധ്യമല്ലാതെ മറെറന്താണു നിത്യനഗരത്തെ സംരക്ഷിച്ചതു്? ശാന്തിസന്ദായകങ്ങളെന്നു് അവിടുന്നു തന്നെ പ്രസ്താവിച്ചിട്ടുള്ള സത്യം, നീതി, സ്നേഹം എന്നീ ധാർമ്മികായുധങ്ങൾമാത്രം ധരിച്ചുകൊണ്ടു സുധീരം വർത്തിച്ച പോപ്പുരാജൻെറ അലൗകികസുന്ദരമായ ധാർമ്മികപ്രാഭവത്തിൻെറ മുമ്പിൽ ഭൗതികപ്രതാപം തലകുനിച്ചു. അഞ്ചാംശതകത്തിൽ കൊള്ളിവെപ്പും കൂട്ടക്കൊലയുംകൊണ്ടു യൂറോപ്പിനെ മുഴുവനും ചുട്ടെരിച്ച മ്ലേച്ഛരാജാതിക്കാരനായ അററില്ലായുടെ പിടിയിൽനിന്നു മഹാനായ ലെയോൻ പാപ്പാ ആയുധങ്ങളൊന്നും കൂടാതെ ഏകനായി റോമ്മാനഗരത്തെ സംരക്ഷിച്ച വസ്തുത ഒരു മഹാസംഭവമായി ചരിത്രം ഇന്നും പ്രകീർത്തിക്കുന്നില്ലേ? ആധുനികകാലത്തു രംഗപ്രവേശം ചെയ്ത ക്രൂരതരനായ മറെറാരു അററില്ലായേയും സഖാക്കളേയും പന്ത്രണ്ടാം പീയൂസിൻെറ വ്യക്തിമാഹാത്മ്യവും ധാർമ്മികപ്രാഭവവും പരാജയപ്പെടുത്തിയ വസ്തുത മഹനീയമായ ഒരു ചരിത്രസംഭവമായി, വിദ്വേഷത്തിൻേറയും വിപ്ലവത്തിൻേറയും ഇടയിൽ ക്രിസ്തുമതം കൈവരിച്ച ഒരു മഹാവിജയമായി, ഭാവി തലമുറകൾ പരിഗണിക്കുക തന്നെ ചെയ്യും.

ഇതു സംബന്ധിച്ചു് ഒരു സംഗതികൂടി പ്രസ്താവ്യമാണു്. റോമ്മാനഗരത്തിൽനിന്നു് അധികമകലത്തിലല്ലാതെ ഭയങ്കരസമരം നടന്നുകൊണ്ടിരുന്നപ്പോൾ റോമ്മായിലെ വി. ഇഗ്നേഷ്യസ്ൻെറ ദൈവാലയത്തിൽ അത്ഭുതപ്രവർത്തനങ്ങൾക്കു കേൾവികേട്ട പരിശുദ്ധ കന്യകയുടെ ഒരു ചിത്രം സ്ഥാപിച്ചുകൊണ്ടു റോമ്മാനഗരത്തിൻെറ രക്ഷയ്ക്കുവേണ്ടി പ്രത്യേകപ്രാർത്ഥനകൾ നടത്തിയിരുന്നു. റോമ്മാപട്ടണം വിമുക്തമായിട്ടു രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു പ. കന്യകയോടു കൃതജ്ഞത പ്രകടിപ്പിക്കുന്നതിനായി

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വി. ഇഗ്നേഷ്യസിൻെറ ദൈവാലയത്തിൽ മുന്നറിയിപ്പു നല്കാതെ പോകുകയു ണ്ടായി.'' പണ്ടൊരിക്കൽ, കത്തോലിക്കാമതവിദ്വേഷി കളുമായുള്ള യുദ്ധത്തിൽ വിജയം ലഭിക്കുന്നതിനുവേണ്ടി ഭ ക്തിനിർഭരമായ ഒരു ജപമാലാ പ്രദക്ഷിണം നടത്തിയ ക്രൈസ്തവരുടെ അഭീഷ്ടം സാധിച്ചുകൊടുത്ത ദൈവജന നി റോമ്മായുടെ മോചനത്തിലും സാരമായ ഭാഗം വഹി ച്ചിട്ടുണ്ട് എന്ന സൂചനമായിരിക്കണം അവസ്ഥ ദൃക്‌സാ ക്ഷിയായ ബഹുമാന്യലേഖകൻ നമുക്കു നല്കുന്നതു്.

ജർമ്മൻസൈന്യത്തേയും അല്പം അഭിനന്ദിക്കേണ്ടിയി രിക്കുന്നു. റോമ്മാപട്ടണത്തിൽനിന്നിറങ്ങാതെ അവർ സ ഖ്യകക്ഷികളെ വെല്ലുവിളിച്ചുകൊണ്ടിരിക്കുകയായിരുന്നെ ങ്കിൽ അതു റോമ്മായുടെ നാശത്തിനു മാത്രമേ കാരണമാ കുമായിരുന്നുള്ളു. എന്നാൽ, അവർ സ്വല്പം വിവേകം പ്രദർശിപ്പിച്ചു; റോമ്മാ രക്ഷപെട്ടു.

ജർമ്മൻകാരുടെ പിന്മാററവും റോമ്മായുടെ മോചന വും അഖിലലോകത്തേയും ആനന്ദപുളകം കൊള്ളിച്ചു. റോമ്മാനഗരം വിമുക്തമായതിൻെറ പിറേറദിവസം ഒരു ലക്ഷത്തിൽപ്പരം ജനങ്ങൾ സെൻറു പീറേറഴ്സിൻെറ അങ്കണത്തിൽ തിങ്ങിക്കൂടി, ഹർഷാരവങ്ങളാൽ പരിശുദ്ധ പിതാവിനെ അനുമോദിച്ചുകൊണ്ടിരുന്നു. പൗരസഞ്ച യത്തിൻെറ ആനന്ദസൂചകമായ ആർപ്പുവിളികൾ കേട്ടു കൊണ്ടു പോപ്പുരാജൻ ബസിലിക്കായുടെ മട്ടുപ്പാവിൽ പ്ര ത്യക്ഷപ്പെട്ടു് ഇപ്രകാരം പ്രസ്താവിച്ചു:

"ഇന്നലെ ഭയവിഹ്വലയായിക്കഴിഞ്ഞിരുന്ന റോമ്മാ നവീനമായ പ്രത്യാശയിലും പ്രശസ്തമായ സമാശ്വാസ ത്തിലും ഇന്നു മോചനം ദർശിക്കുന്നു.'

റോമ്മായുടെ മോചനം കഴിഞ്ഞതിൽപ്പിന്നെ "നി ത്യനഗരസംരക്ഷകൻ'' എന്നാണു ജനങ്ങൾ പന്ത്രണ്ടാം പീ യൂസ് തിരുമേനിയെ വിളിക്കുന്നതു്. ചരിത്രപ്രസിദ്ധമാ കാൻ പോകുന്ന ഈ മഹനീയ നാമത്തിനു് അവിടുന്നു തി കച്ചും അർഹൻതന്നെ. തിരുമനസ്സിലെ ഭരണത്തിൻെറ ആ റാം വത്സരസ്മാരകമായി നിർമ്മിച്ചിട്ടുള്ള മെഡലുകളിൽ 'റോമ്മാ സംരക്ഷകൻ' എന്ന പേർ കൊത്തിയിരിക്കുന്നു.

യുദ്ധകാലം മുഴുവനും വത്തിക്കാൻ സംസ്ഥാനത്തെ സമത്ഥമായി സംരക്ഷിച്ചുകൊണ്ടിരുന്ന പേപ്പൽസൈന്യത്തെപ്പററി അല്പം പ്രസ്താവിക്കുന്നതു് അസ്ഥാനത്തായിരിക്കുകയില്ലല്ലോ. സ്വിസ് ഗാർഡ്സ് എന്ന വിഭാഗത്തിനാണു കൂടുതൽ പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നതു്. അവരുടെ യൂണിഫോറത്തിൻെറ നിർമ്മാണരീതിയും വസ്ത്രവൈവിധ്യങ്ങളും മൈക്കൽ ആഞ്ചെലോ തന്നെയായിരുന്നു നിർദ്ദേശിച്ചുകൊടുത്തതു്. ധീരതയും വിശ്വസ്തതയുമാണു് അവരുടെ മുദ്രാവാക്യം. നാനൂററിനാല്പതു വഷങ്ങളായിട്ടു മാർപ്പാപ്പായുടെ അരമനയുടെ പ്രവേശനദ്വാരം അവർ തന്നെ സൂക്ഷിച്ചുവരുന്നു. അവരുടെ ഇപ്പോഴത്തെ നായകൻെറ പേരു കേണൽ ഹെയിൻറിച്ച് ഫൈഫർ എന്നാണു്. ഇതിനു മുമ്പു് അദ്ദേഹത്തിൻെറ കുടുംബത്തിൽ നിന്നും പത്തുപേർ ഈ ഉദ്യോഗം വഹിച്ചിട്ടുണ്ടു്.

പേപ്പൽ കോംപ്സ് എന്ന സൈന്യവിഭാഗത്തിനു മുമ്പു് അലങ്കാരമായി മാത്രമേ ആയുധമുണ്ടായിരുന്നുള്ളു. ഇപ്പോൾ അവർക്കു് ഒന്നാംതരം കൈത്തോക്കുകൾ നല്കപ്പെട്ടിരിക്കുന്നു.

വത്തിക്കാൻ രാജ്യത്തിൻെറയും ഗണ്ടാൽഫോ കൊട്ടാരത്തിൻെറയും സൂക്ഷം പാലറൈറൻ ശിപായിമാർക്കാണു്. എന്നാൽ, പരിശുദ്ധ പിതാവിൻെറ സ്വകാര്യമുറികൾ സംരക്ഷിക്കുന്നതിനുള്ള ചുമതല നോബിൾ ഗാർഡ്സിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ ഗണത്തിൽ പന്ത്രണ്ടാം പീയൂസിൻെറ സഹോദരനായ മാർകിസ് ഫ്രഞ്ചെസ്കോ പച്ചേല്ലിയുടെ രണ്ടു പുത്രന്മാർ സേവനം നടത്തുന്നുണ്ടു്.

സമാധാനസമ്പ്രദായ പോപ്പുരാജൻെറ പട്ടാളം യുദ്ധം ചെയ്യുന്നതിനായിട്ടല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അവിടുത്തേക്കു് അകമ്പടി സേവിക്കുക, ജനങ്ങളെ നിയന്ത്രിക്കുക മുതലായവയാണു് അവരുടെ സാധാരണ കൃത്യങ്ങൾ. പേപ്പൽസൈന്യത്തിലേ ഏതെങ്കിലും വിഭാഗത്തിൽ പ്രവേശനം ലഭിക്കുകയെന്നതു് ഒരു വലിയ ബഹുമതിയായി ഏവരും കരുതിപ്പോരുന്നു.

# പതിനാറാമദ്ധ്യായം.

---

## പിതൃസ്സന്നിധിയിൽ.

ലോകം കലങ്ങിമറിഞ്ഞുകൊണ്ടിരുന്ന ഒരു ശനിദശയിലാണല്ലോ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതു്. സിംഹാസനത്തിൽ ആരോഹണം ചെയ്തതിൽപ്പിന്നെ ഒരു നിമിഷമെങ്കിലും അവിടുത്തേയ്ക്കു വിശ്രമിക്കുന്നതിനു സാധിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അസാധാരണമായ കൃത്യബഹുലതയും നിരന്തരമായ ക്ലേശസഹനവും കഠിനതരങ്ങളായ തപശ്ചര്യകളും അദ്ദേഹത്തിന്റെ ആരോഗ്യത്തെ സാരമായി സ്പർശിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ, ലോകം മുഴുവനുമുള്ള 35 കോടിയിൽപ്പരം കത്തോലിക്കരുടെ സുതീക്ഷ്ണമായ പ്രാർത്ഥന അവിടുത്തേക്കു് അനുനിമിഷം നവചൈതന്യം പ്രദാനിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോഴും വളരെ ലളിതമായ ഒരു ജീവിതചര്യയാണു് അവിടുന്നു് അവലംബിച്ചിരിക്കുന്നതു്; ജോലിക്കു കുറവൊന്നുമില്ലതാനും. പ്രഭാതമാകുന്നതിനു വളരെ മുമ്പു തന്നെ അവിടുന്നു് എഴുന്നേല്ക്കും. തിരുമേനിയുടെ ഉഷഃകാലവ്യായാമത്തെപ്പററിയും അനുദിനസ്നാനത്തെപ്പററിയും നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്വന്തം കപ്പേളയിൽ ആണു ദിവ്യബലി; അതു കഴിയുമ്പോൾ ഏഴുമണിയായിരിക്കും. ഒരു മണക്കൂറിനുശേഷം റോമൻരീതിയിലുള്ള ഒരു കാപ്പികുടിയുണ്ടു്. അതു് ഒരു ലഘുഭക്ഷണം മാത്രം. മണി പത്താകുമ്പോഴേക്കും ഔദ്യോഗികകൃത്യങ്ങൾക്കായി അവിടുന്നു തന്റെ മുറിയിൽ തയ്യാറായിരിക്കുന്നതാണു്.

സിംഹാസനത്തിനടുത്തു തന്നെ ടെലഫോൺ ഘടിപ്പിച്ചിരിക്കുന്നു. നേരത്തേ അനുമതി വാങ്ങാതെ തിരുമേനിയെ ഫോണിൽ വിളിക്കുവാൻ ആർക്കും അനുവാദ

മില്ല. എന്നാൽ, തിരുമേനി പലപ്പോഴും ഫോണിൽ സംസാരിക്കുന്നതായി കാണാം.

പന്ത്രണ്ടാം പീയൂസ് പല നവീന സമ്പ്രദായങ്ങളും സ്വീകരിച്ചിട്ടുണ്ട്. പ്രശസ്തന്മാരായ അതിഥികൾ സന്ദർശനം കഴിഞ്ഞു പ്രത്യാഗമിക്കുമ്പോൾ മുറിയുടെ വാതിൽ വരെ അവിടുന്ന് അവരെ അനുയാത്ര ചെയ്യുക പതിവാണ്. മുമ്പിലത്തെ മാർപ്പാപ്പമാരാരും ഇങ്ങനെ ചെയ്തിട്ടില്ലെന്നു പറയപ്പെടുന്നു.

ഭക്ഷണം ഏകനായി കഴിക്കുന്ന പതിവ് അവിടുന്നു പേക്ഷിച്ചിട്ടില്ല. വീഞ്ഞ് ഒട്ടും ഉപയോഗിക്കുന്നില്ല. ഉദരരോഗമാണത്രേ അതിനു കാരണം. ശുദ്ധജലത്തോടാണു തിരുമേനിക്കു പത്ഥ്യം. ഉച്ചഭക്ഷണം കഴിഞ്ഞാൽ അല്പം വിശ്രമം ഉണ്ട്; ചിലപ്പോൾ ഒന്നു മയങ്ങിയെന്നും വന്നേക്കാം. അതിനുശേഷം ഉദ്യാനത്തിൽക്കൂടി കുറെ സമയം നടക്കും. ഇതിനിടയിലും പുസ്തകപാരായണം മുടങ്ങുകയില്ല ഇതായിരിക്കണം മിക്കപ്പോഴും അവിടുത്തേയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന തലവേദനയ്ക്കുള്ള കാരണം. സായാഹ്നത്തിൽ ഗ്രന്ഥശാലയിൽത്തന്നെയാണു സമയം കഴിക്കുന്നതു്. സംഗീതത്തിൽ അതിയായ വാസനയുള്ളതുകൊണ്ടു് ഒരു ദിവസം പോലും റേഡിയോയന്ത്രം തിരിച്ചുനോക്കാതിരിക്കയില്ല. കർണ്ണാനന്ദകരമായ ഗീതാലാപമൊന്നുമില്ലെങ്കിൽ സ്വന്തം ഫിഡിൽ എടുക്കുകയായി.

റോമിലെ വേനൽക്കാലത്തെപ്പറ്റി ആദ്യത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചൂടിന്റെ കാഠിന്യം നിമിത്തം വേനൽ കഴിക്കാൻ നിവൃത്തിയുള്ളവരെല്ലാം മലംപ്രദേശങ്ങളിലേക്കു പോകുക സാധാരണമാണ്. ഉച്ചകഴിഞ്ഞു സമുദ്രത്തിൽനിന്നു കുറെ കാററു വീശുമെങ്കിലും നിശാവേളയിലെ ഉഷ്ണം ശമിപ്പിക്കുന്നതിനു് അതു പര്യാപ്തമാകുകയില്ല. മാത്രമല്ല, രാത്രി വളരെ കുറച്ചും. സൂര്യൻ അതിരാവിലെ ആകാശത്തിലുയർന്നു കഴിയും. ബാലരവി നിഷ്കരുണനാണ്; പ്രഭാതകിരണങ്ങൾക്കുപോലും മൃദുലതയോ ആസ്വാദ്യതയോ ഇല്ല. വത്തിക്കാന്റെ അടിയിലത്തെ നിലയിൽ ചൂടു കുറവാണെങ്കിലും

പുറത്തുള്ള ഉഷ്ണവായു അവിടത്തെ സ്ഥിതിയും അസുഖകരമാക്കുന്നു. എന്നാൽ, ഗാണ്ടോൾഫോയിലെ നില വ്യത്യസ്തമാണു്. അതു് ഒരു ഭൗമ്യപൈറുദീസാ തന്നെ. പക്ഷേ, സമരം നടന്നുകൊണ്ടിരുന്ന വത്സരങ്ങളിൽ പരിശുദ്ധ പിതാവു് അവിടത്തെ സുഖവാസം മിക്കവാറും വേണ്ടെന്നു വയ്ക്കുകയാണു ചെയ്തതു്. തന്നിമിത്തം ചില ദിവസങ്ങളിൽ തീരെ കുറച്ചു് ഉറക്കം മാത്രമേ തിരുമേനിക്കു സാധ്യമായിരുന്നുള്ളു.

പരിശുദ്ധ പിതാവിന്റെ ഇന്നത്തെ സ്ഥിതിയെപ്പററി അറിയുന്നതിനു നമുക്കു് ആഗ്രഹമുണ്ടാകുക സഹജമാണു്. അതിനു് അടുത്തകാലത്തു തിരുമേനിയെ നേരിട്ടു കണ്ട രണ്ടു സന്ദർശകന്മാരുടെ പ്രസ്താവനകൾ ഉദ്ധരിക്കുക മതിയായിരിക്കും. അവരിൽ ഒരാൾ പ്രസിദ്ധനായ ഒരു രാജ്യതന്ത്രജ്ഞനാണു്. 1945-ന്റെ ആരംഭത്തിൽ അദ്ദേഹം മാർപ്പാപ്പായെ സന്ദർശിച്ചു ദീർഘസംഭാഷണം നടത്തുകയുണ്ടായി. അതിനുശേഷം അദ്ദേഹം നല്കിയ പ്രസ്താവനയിലെ ഒരു ഭാഗം ഇപ്രകാരമാണു്:

"ധീരത പ്രകടിപ്പിക്കുന്ന തനി റോമൻനാസികയാണു പരിശുദ്ധ പിതാവിനുള്ളതു്. അവിടുത്തെ അധരങ്ങളും നയനങ്ങളും രാജകീയമായ ഒരു സുഷമാപൂരം പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്വർണ്ണപ്രഭമായ കണ്ണട മുഖത്തിനു് ഒരു ഭൂഷണംകൂടെയാണു്. അവയുടെ പിമ്പിൽ വിരാജിച്ചുകൊണ്ടിരിക്കുന്ന നേത്രങ്ങൾ ആദ്ധ്യാത്മികമായ ഒരു ചൈതന്യപ്രഭാവിശേഷത്തെ സദാ പ്രസ്ഫുരിപ്പിക്കുന്നുണ്ടു്. സജീവസുന്ദരങ്ങളായ ആ കറുത്ത മിഴികൾ സദാ ചലിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, പരഹൃദയങ്ങളെ തുളച്ചുകയറുന്നതിനു് അവയ്ക്കു് ഒരു പ്രത്യേകശക്തിയുമുണ്ടു്. അധരപുടങ്ങൾ ഹൃദയദാർഢ്യത്തേയും ഒരു നായകനു ചേന്ന വീര്യത്തേയും പ്രദ്യോതിപ്പിക്കുന്നു. അവിടുത്തെ വദനപ്രകൃതി ഒന്നു പ്രത്യേകം തന്നെയെന്നു പറയുവാനേ നിവൃത്തിയുള്ളു. പ്രശാന്തതയും ഗാംഭീര്യവും സമ്മേളിക്കുന്ന രാജയോഗ്യമായ വ്യക്തിമാഹാത്മ്യത്തിന്റെ പിന്നിൽ അജയ്യമായ ഒരു ആദ്ധ്യാത്മിക ചൈതന്യത്തിന്റെ പ്രവർ

ത്തനം ഏവർക്കും അനുഭവവേദ്യമാകുന്നതാണ്. തിരുമേനി ഏതോ കാര്യത്തിൽ വ്യഗ്രത പൂണ്ടിരിക്കുന്നതുപോലെ പ്രത്യക്ഷപ്പെടുന്നു. അതു വാസ്തവവുമാണ്. അഹങ്കാരോന്മത്തതയാൽ അന്ധമായ ബുദ്ധിയോടേ മുമ്പോട്ടു പായുന്ന ലോകത്തിനു വന്നുകൂട്ടുന്ന ദുരനുഭവങ്ങളാണ് അതിനു കാരണം. ലോകത്തോടുള്ള സഹതാപമാണ് ആ മ്ലാനമായ മുഖത്തു പ്രതിഫലിച്ചു കാണുന്നത്. സമാധാനസംസ്ഥാപനത്തിന്റെ വിജയത്തിനുവേണ്ടി ദൈവം നിയോഗിച്ചിരിക്കുന്ന ഒരു മഹാത്മാവാണ് അവിടുന്ന്; മഹനീയമായ ഈ കൃത്യത്തിന്റെ പ്രാധാന്യം തിരുമേനി യഥാർഹം ഗ്രഹിച്ചിട്ടുമുണ്ട്. അവിടുത്തെ മുഖത്തുനിന്ന് ആർക്കും അതു മനസ്സിലാക്കുകയും ചെയ്യാം.''

അടുത്ത വിവരണം ഒരു പ്രൊട്ടസ്റ്റൻറുകാരനാണു നമുക്കു നല്കുന്നത്. പരിശുദ്ധ പിതാവു സാധാരണമായി ഉച്ചസമയത്ത് ഒരു സന്ദർശനമനുവദിച്ചിരുന്നു. പട്ടാളക്കാരാണ് ഈ സമയം കൂടുതൽ ഉപയോഗിച്ചിരുന്നത്. യുദ്ധം അവസാനിച്ചതുകൊണ്ട് ഈ പതിവു നിന്നുപോയിരിക്കാം. പല മതക്കാരും പല രാജ്യക്കാരുമായി ചില പ്പോൾ അവർ ആയിരവും രണ്ടായിരവും കാണും. ''രാജശാല' എന്ന വിശാലമായ ഹോളാണു സന്ദർശനരംഗം. സ്വർണ്ണവർണ്ണപ്രശോഭിതമായ സിംഹാസനത്തിൽ എഴുന്നള്ളിയിരുന്നുകൊണ്ട് അവിടുന്നു സന്ദർശകന്മാരോടു ഹൃദ്യമായി സംഭാഷിക്കുന്നു. താദൃശമായ ഒരു സന്ദർശനത്തിന്റെ അന്ത്യഭാഗത്തെപ്പററി പ്രസ്തുത സൈനികോദ്യോഗസ്ഥൻ പ്രസ്താവിക്കുന്നതു കേൾക്കാം:

''അനന്തരം അവിടുന്ന് എഴുന്നേററു തൃക്കരമുയർത്തി ഞങ്ങളെ ആശീർവ്വദിച്ചു....

''തിരുമേനി കൃശഗാത്രനാണ്; കണ്ണട ധരിച്ചിട്ടുണ്ട്. മന്ദസ്മിതം തൂകുന്ന കോമളവദനം ധിഷണാവിലാസത്തെ പ്രസ്പഷ്ടമാക്കുന്നു. ധവളവർണ്ണത്തിലുള്ള പട്ടാംബരവും പട്ടുംമൂടി തൊപ്പിയും അവിടുന്നു ധരിച്ചിരിക്കുന്നു; അവയുടെ ലാളിത്യവും ചുററുമുള്ള ആർഭാടവും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

"ഏകദേശം ഇരുപതു മിനിട്ടു നേരത്തേക്കു് അവിടുന്നു ഞങ്ങളോടു സംസാരിച്ചു. തിരുമേനിയുടെ സ്വരം അടുത്തുനിന്നു ശ്രവിക്കുന്നതിനു പട്ടാളക്കാർ സിംഹാസനത്തിനു മുമ്പിൽ അർദ്ധവൃത്താകാരത്തിൽ തിങ്ങിക്കൂടി. അവരുടെ മദ്ധ്യത്തിൽ നില്ക്കുന്ന ആ സ്ഥൂലഗാത്രൻ, ആ സ്നേഹധാമം, ആ ലോകമിത്രം, ക്രൈസ്തവലോകത്തിലെ അത്യുന്നതസ്ഥാനത്തു് അവരോധിക്കപ്പെട്ടിരിക്കുന്ന മഹാപുരുഷനാണെന്നു ഞങ്ങൾക്കറിയാമായിരുന്നു. ആ രംഗം അവിസ്മരണീയമാണു്. ഞങ്ങളുടെ ആഗ്രഹങ്ങൾ സാധിക്കുന്നതിനു് അവിടുന്നു് അതീവതൽപരനായിരുന്നു.

"പന്ത്രണ്ടാം പീയൂസിന്റെ അസാധാരണമായ ക്ഷമ ഞങ്ങളെ വിസ്മയിപ്പിച്ചു. എന്തുകൊണ്ടെന്നാൽ ഓരോ ദിവസവും ഇങ്ങനെയുള്ള എത്രയെത്ര ജനങ്ങളാണു് അവിടുത്തെ ചുററും തിങ്ങിക്കൂടുന്നതു്! അവരോടെല്ലാം പറയുവാൻ സ്നേഹമസൃണങ്ങളായ ഏതാനും വചനങ്ങൾ അവിടുത്തേയ്ക്കു് എപ്പോഴുമുണ്ടായിരിക്കും. ആ സമയമെല്ലാം വന്ദ്യതിരുമേനിയുടെ പൈതൃകവദനത്തിൽ കളിയാടുന്ന ശുമന്ദഹാസം ആരേയും ആനന്ദപുളകോൽഗമരാക്കുന്നതാണു്."

യുദ്ധകാലത്തു് ഒരു ലക്ഷത്തിൽപ്പരം ജനങ്ങൾക്കു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു സന്ദർശനമനുവദിച്ചിട്ടുണ്ടെന്നാണു് ഒരു കണക്കുകൊണ്ടു കാണുന്നതു്. ഇവരിൽ വളരെച്ചുരുക്കം പേർക്കു മാത്രമേ അവിടുത്തോടു സംസാരിക്കുന്നതിനു സാധിച്ചിരിക്കുകയുള്ളൂ. അതിനു സാധിക്കുന്നതു് ഒരു വലിയ ഭാഗ്യമാണെങ്കിലും, സാധിക്കാത്തതിൽ ആരും കുണ്ഠിതപ്പെട്ടതായി കേൾക്കുന്നില്ല. തിരുമേനിയുടെ മുഖം ഒന്നു കാണുകയെന്നതായിരുന്നു ഏവരും കാംക്ഷിച്ചതു്. അതിനുവേണ്ടി മാത്രമാണു് അവർ തിങ്ങിക്കൂടിയതും.

# പതിനേഴാമദ്ധ്യായം.

---

### പാപ്പാധിപത്യം.

പാപ്പാധിപത്യം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല; ഇന്നോ നാളെയോ അതവസാനിക്കുകയുമില്ല. ആകാശത്തിലും ഭൂമിയിലും സമസ്താധികാരങ്ങളും നല്കിക്കൊണ്ടു ക്രിസ്തുനാഥൻ തന്നെയാണ് അതിനെ സ്ഥാപിച്ചത്. അവിടുത്തെ ദ്വിതീയാഗമനത്തിൻെറ ഘട്ടംവരെ അതു ലോകത്തിൽ കാണുകയും ചെയ്യും.

ചരിത്രം നല്കുന്ന തെളിവുകളിൽ നിന്നുള്ള യുക്തിയുക്തമായ ഒരു നിഗമനം മാത്രമാണിത്. അഗ്നിപരീക്ഷണംപോലും കഴിച്ചിരിക്കുന്ന ആ മഹാസ്ഥാപനം ചില കുബുദ്ധികളുടെ നയതന്ത്രങ്ങളിലും വഞ്ചനകളിലുംപെട്ടു നശിച്ചുപോകുമെന്ന് ഒരുകാലത്ത് ഏതാനുംപേർ കരുതിയിരുന്നു. ആദ്യശതകങ്ങളിലെ മാർപ്പാപ്പാമാരെ മതമർദ്ദകന്മാരായ ചക്രവർത്തിമാർ വളരെ പീഡിപ്പിച്ചെങ്കിലും, അവരിൽ പലരേയും മർദ്ദകന്മാർ വാളിനിരയാക്കിയെങ്കിലും, പാപ്പാസ്ഥാനത്തിനു കോട്ടമൊന്നും പററിയില്ല. മാർപ്പാപ്പാമാർ ഭൂഗർഭാലയങ്ങളിൽ കഴിഞ്ഞിരുന്ന കാലത്ത്, പ്രതാപസമ്പന്നന്മാരായ റോമൻ ചക്രവർത്തിമാരുടെ അന്തഃപുരത്തിലും സൈന്യഗണത്തിലും പൗരസഞ്ചയത്തിലും അവരുടെ വിശ്വസ്താനുയായികൾ ഉണ്ടായിരുന്നെന്ന കഥ ഭരണാധികാരികൾ അറിഞ്ഞിരുന്നില്ല.

നിരവധി പാഷണ്ഡികൾ പാപ്പാധിപത്യത്തിനെതിരായി പ്രക്ഷോഭണം നടത്തി; അതു് അടിപെട്ടില്ല. പതിനാറാം നൂററാണ്ടിലെ മതവിപ്ലവകർത്താക്കൾ അതിനെതിരായി കാഹളം മുഴക്കി; കത്തോലിക്കാലോകത്തിൽ ഒരു നല്ല വിഭാഗം അവരെ അനുകൂലിച്ചു; എന്നിട്ടും പാപ്പാധിപത്യം നിഷ്പ്രഭമാകുകയോ നിർജ്ജീവമാകുകയോ

ചെയ്തില്ല. ഫ്രഞ്ചുവിപ്ലവം പാപ്പാധിപത്യത്തിനെതിരായി മല്ലിട്ടു; അതു കുലുങ്ങിയില്ല. നെപ്പോളിയൻ പ്രതിഷേധിച്ചു; അയാളുടെ വിദേശവാസത്തിൽ, മരണശയ്യയിൽ, മാർപ്പാപ്പാ നിയോഗിച്ച പ്രതിനിധി മാത്രമേ സാന്ത്വനം നല്കുന്നതിനു് ആ ദർഭഗൻെറ സമീപത്തുണ്ടായിരുന്നുള്ളൂ. ഇററലിക്കാർ പാപ്പായെ എതിർത്തു; അവിടുത്തെ രാജ്യങ്ങൾ പിടിച്ചടക്കി; തിരുമേനിയെ ബന്ധനസ്ഥനാക്കി; അപമാനിക്കാൻ ശ്രമിച്ചു. അവരുടെ അധികാരവും ഭരണവും അന്തരിച്ചു. അന്നത്തെ രാജാവെവിടെ? രാജകുടുംബമെവിടെ? പാപ്പായ്ക്കെതിരായി രാജകക്ഷിയെ അനുകൂലിച്ച ജനങ്ങളുടെ സന്താനങ്ങൾ രാജകുടുംബത്തെ നാടുകടത്തുവാൻ സമ്മതം നല്കി. പാപ്പായുടെ ശബ്ദം വീണ്ടും ആകാശമണ്ഡലത്തിൽ മുഴങ്ങി; പാപ്പാധിപത്യം നിർമ്മൂലമായെന്നു ഘോഷിക്കുവാൻ കോപ്പുകൂട്ടിയവർ ലജ്ജിതരായി.

ആധുനികകാലത്തു ചില നശീകരപ്രസ്ഥാനങ്ങൾ മുമ്പോട്ടു വന്നു. വർഗ്ഗമേധാവിത്വം, രക്തശുദ്ധി, രാഷ്ട്രാധാരണം, സാമ്രാജ്യവിസ്തൃതി മുതലായ പേരുകളുടെ മറവിൽനിന്നുകൊണ്ടു്, മനുഷ്യൻ പരിപാവനവും അലംഘനീയവുമായി കരുതിപ്പോരുന്ന വ്യക്തിസ്വാതന്ത്ര്യത്തെപ്പോലും അവർ നിസ്സങ്കോചം ചോദ്യം ചെയ്തു. പേരും പെരുമയും ശേഷിയും ശക്തിയും ഉള്ള ലോകനായകന്മാർ അവയെ കണ്ടില്ലെന്നു നടിച്ചുകളഞ്ഞു. എന്നാൽ, കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പോപ്പുരാജൻമാത്രം അവയ്ക്കെതിരായി സുധീരം നിലയുറപ്പിച്ചു. "അതിഗഹനവും ശ്രേയസ്കരവുമായ ഒരു വസ്തുതയുണ്ടു്: അതെല്ലാവരും അറിഞ്ഞിരിക്കണം. വ്യക്തിയുടെ അവകാശങ്ങളേയും അഭിമാനന്യതയേയും പരിരക്ഷിക്കുന്നതിനും, വ്യക്തിസ്വാതന്ത്ര്യത്തെ ലോകമാസകലം അംഗീകരിപ്പിക്കുന്നതിനും യത്നിക്കുന്നവരുടെ കൂട്ടത്തിൽ റോമ്മാസഭ അക്ഷീണശ്രമം നടത്തിക്കൊണ്ടിരിക്കുന്നു" എന്നു മി. ചർച്ചിൽ പുറപ്പെടുവിച്ചിരിക്കുന്ന പ്രശംസാവചസ്സുകൾക്കു കത്തോലിക്കാസഭയും അവളുടെ നേതാവും അർഹരായിട്ടു നൂററാണ്ടുകൾ

അനേകം കഴിഞ്ഞിരിക്കുന്നു. പ്രജാപീഡകന്മാരുടെ മർദ്ദനനടപടികൾക്കെതിരായി വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചതുകൊണ്ടു സഭയും സഭാതലവനും അവരുടെ വിദ്വേഷത്തിനു വിഷയമായതിൽ ആശ്ചര്യത്തിനവകാശമില്ല. മാനവവംശത്തിന്റെ സുസ്ഥിതിക്കുവേണ്ടി പോപ്പുരാജൻ ചെയ്ത ശ്രമങ്ങളെ അവർ വിഫലങ്ങളാക്കി. മുസ്സോലീനി അവിടുത്തെ അനുശാസനങ്ങളെ തിരസ്കരിച്ചു; ഹിററ്ലർ അവയെ അവഗണിച്ചു. തക്കസമയത്തു് അവിടുന്നു നല്കിയ മുന്നറിയിപ്പുകളെ അപഹസിച്ച രണ്ടുപേരും വിലപനീയമാംവിധം അധഃപതിച്ചു. ഒരുവൻ ശത്രുക്കളുടെ തോക്കിനിരയായി; അപരന്റെ കഥ അറിയാനേ പാടില്ല. കത്തോലിക്കാസഭയും പാപ്പാധിപത്യവും ഇന്നും അവികലപ്രതാപത്തോടെ പരിലസിക്കുന്നു.

പാപ്പാധിപത്യം മാത്രം ഭൂമുഖത്തു് എന്നും കാണും. പൊൻറിഫെക്സ്—പാലം പണിക്കാരൻ—എന്ന സംജ്ഞയെ അന്വർത്ഥീകരിച്ചുകൊണ്ടു്, സ്വർഗ്ഗഭൂലോകങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടു്, ഭിന്നതയിൽ കഴിയുന്ന രാഷ്ട്രങ്ങളെ അഭിരഞ്ജിപ്പിച്ചുകൊണ്ടു്, മാർപ്പാപ്പാമാർ ലോകമിത്രങ്ങളായി, എന്നും പരിലസിക്കും. ഇപ്പോൾത്തന്നെ അദ്ദേഹത്തിനു 35 കോടിയിൽപ്പരം ജനങ്ങൾ പ്രജകളായിട്ടുണ്ടു്. ലോകത്തിന്റെ ഏതു മൂലയിലും അദ്ദേഹത്തിന്റെ പ്രജകളെ കാണാം. വിശ്വവ്യാപകമാണു പാപ്പായുടെ രാജ്യം. ഇത്രയും വിപുലമായ സാമ്രാജ്യം ആർക്കും ഉണ്ടായിരുന്നിട്ടില്ല; ഇത്രയും ബഹുലമായ പ്രജാസഞ്ചയത്തെ ആരും ഭരിച്ചിട്ടുമില്ല. ലോകത്തെ സുരക്ഷിതമായ മാർഗ്ഗത്തിൽക്കൂടി സമർത്ഥമായി നയിക്കുവാൻ പോപ്പുരാജനെപ്പോലെ പ്രാഗൽഭ്യനായ ഒരു ഭരണസാരഥി, ഭൂഗോളത്തിന്റെ സംക്രമണങ്ങളെ പ്രശസ്തമായി നിയന്ത്രിക്കുവാൻ ശക്തനായ ഒരു വിശ്വസമ്രാട്ടു വേറെയില്ലെന്നു ലോകം അറിഞ്ഞിരിക്കട്ടെ; ഈ വാസ്തവം ക്രൈസ്തവലോകത്തിനു സുഗ്രഹമാകട്ടെ; ഈ യാഥാർത്ഥ്യം കത്തോലിക്കാ ജനസഞ്ചയത്തിനു ബോധപ്പെടട്ടെ; ഈ പിതാവിന്റെ സന്നിധിയിൽ ഓമൽസന്താനങ്ങൾ ഓടിയണയട്ടെ. ഇതാണു് ഇന്നത്തെ ആവശ്യം; നമ്മുടെ അനുപേക്ഷണീയമായ കർത്തവ്യം.

നമുക്കു സംശയിക്കാനാവശ്യമില്ല; ദൈവസുതനായ ക്രിസ്തുനാഥന്റെ ദിവ്യവചസ്സുകൾ നമുക്കു സുപരിചിതങ്ങളാണ്. പാപ്പാസ്ഥാനത്തിന്റെ അനന്യസാധാരണമായ സ്ഥിതിവിശേഷത്തെ അസന്ദിഗ്ദ്ധമായ ഭാഷയിൽ അവിടുന്നു് പ്രഖ്യാപിച്ചിട്ടുണ്ട്: “ഞാൻ ലോകാവസാനം വരെ അതിനോടുകൂടെയുണ്ടായിരിക്കും.”

ഒരു കത്തോലിക്കനല്ലായിരുന്നെങ്കിലും മൗലികമായ പ്രാധാന്യമുള്ള ഈ യാഥാർത്ഥ്യം സുപ്രസിദ്ധ സാഹിത്യകാരനായ മെക്കാളേപ്രഭു വ്യക്തമായി മനസ്സിലാക്കിയിരുന്നു. ഒരു ശതാബ്ദംമുമ്പു പാപ്പാസ്ഥാനത്തെപ്പററി അദ്ദേഹം ചെയ്തിരിക്കുന്ന പ്രസ്താവനകൾ വളരെ പ്രസിദ്ധങ്ങളാണ്. ഒരു പ്രവാചകനല്ലെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ അന്നത്തേപ്പോലെ ഇന്നും അന്വർത്ഥമായി നിലകൊള്ളുന്നു. പ്രഭുവിന്റെ ദീർഘദൃഷ്ടിയെപ്പററി ഗ്രഹിക്കുന്നതിനു് ആ ഭാഗം മാത്രം വായിച്ചാൽ മതി. കേട്ടാലും:

“റോമൻകത്തോലിക്കാ സഭയെപ്പോലെ നമ്മുടെ സത്വരനിരീക്ഷണത്തെ ഇത്രയധികം അർഹിക്കുന്ന മററൊരു മാനുഷികസ്ഥാപനം * ഭൂലോകത്തിൽ ഇല്ല തന്നെ; മുമ്പു് ഉണ്ടായിട്ടുമില്ല. ആ സഭയുടെ ചരിത്രം, മാനവസംസ്കാരത്തിന്റെ രണ്ടു മഹാഘട്ടങ്ങളെ സംയോജിപ്പിക്കുന്നു. പന്തയോണിൽനിന്നു പൂജാധൂമങ്ങൾ ഉയർന്നുകൊണ്ടിരുന്നതും ഫ്ളാവിയൻ വിനോദശാലയിൽ ശാർദ്ദൂലങ്ങളും ഒട്ടകങ്ങളും സുലഭങ്ങളായിരുന്നതുമായ കാലസന്ധിയെ അനുസ്മരിപ്പിക്കുന്ന മററൊരു സ്ഥാപനവും ഇന്നു് അവശേഷിച്ചിട്ടില്ല.

“മാർപ്പാപ്പമാരുടെ അനുസ്യൂതമായ പരമാധിപത്യത്തോടു തുലനം ചെയ്യുമ്പോൾ ഏററം പൗരാണികങ്ങളായ രാജവംശങ്ങൾപോലും കേവലം ഇന്നലത്തേതു മാത്രമായി പ്രത്യക്ഷപ്പെടുന്നു. പത്തൊമ്പതാം ശതാബ്ദത്തിൽ

---

* ഒരു പ്രോട്ടസ്റ്റൻറുകാരനായിരുന്ന മെക്കാളെപ്രഭു കത്തോലിക്കാസഭയുടെ ദൈവസ്ഥാപിതത്വത്തെ സമ്മതിക്കാഞ്ഞതു് വിസ്മയാവഹമല്ല.

നെപ്പോളിയനെ കിരീടം ധരിപ്പിച്ച മാർപ്പാപ്പാ മുതൽ, എട്ടാം നൂററാണ്ടിൽ പെപ്പിനെ മകുടമണിയിച്ച പാപ്പാ വരേയും, മാത്രമല്ല, പെപ്പിനു വളരെ വളരെക്കാലം മുമ്പ്, പുരാണേതിഹാസങ്ങളുടെ മങ്ങിയ പ്രകാശത്തിൽ ചെന്നു ലയിക്കുന്നതുവരേയും, നമുക്കു നിഷ്പ്രയാസം അനുഗമിക്കുവാൻ സാധിക്കുന്ന മാർപ്പാപ്പാമാരുടെ മഹനീയമായ പരമ്പര അഭംഗമായ ഒരു ദീർഘവംശാവലി തന്നെയാകുന്നു. വെനീസിലെ ജനാധിപത്യരാഷ്ട്രത്തിനാണു പൗരാണികത്വത്തിൽ ദ്വിതീയസ്ഥാനം. എന്നാൽ, പാപ്പാധിപത്യവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതും തീരെ ആധുനികമായി തോന്നിപ്പോകുന്നു. മാത്രമോ? അതു തിരോധാനം ചെയ്തിട്ടു കാലം വളരെയായി; പാപ്പാധിപത്യം ഇന്നും സജീവമായി നിലകൊള്ളുന്നു. ജീർണ്ണതയുടേയോ പ്രാക്തനതയുടേയോ ലാഞ്ഛനലേശംപോലുമില്ലാതെ സജീവവും നവയൗവനസഹജവുമായ ചൈതന്യപ്രഭാപൂരത്തോടേയാണു പാപ്പാധിപത്യം വിരാജിക്കുന്നത്.

"അഗസ്റ്റിനോടുകൂടി (എ. ഡി. 597) കെൻറിൽ വന്നിറങ്ങിയ മിഷനറിമാർക്കുണ്ടായിരുന്നതുപോലെയുള്ള മതതീക്ഷ്ണതയാൽ ഉജ്ജ്വലിതരായ പ്രേഷിതവീരന്മാരെ ലോകത്തിൻെറ അതിവിദൂരസ്ഥലങ്ങളായ ഭാഗങ്ങളിലേക്കു കത്തോലിക്കാസഭ ഇന്നും നിയോഗിച്ചുകൊണ്ടിരിക്കുന്നു; അററിലായെ മൂകീഭൂതനാക്കിയ സജീവചൈതന്യവിശേഷത്തോടുകൂടി പ്രതികൂലികളായ നരപതികളെ ഇന്നും അവൾ പരാഭൂതരാക്കിക്കൊണ്ടിരിക്കുന്നു.

"പൂർവ്വകാലങ്ങളെയെല്ലാം അപേക്ഷിച്ച് അവളുടെ തനയന്മാരുടെ സംഖ്യ ഇന്നു വിപുലമായിരിക്കുകയാണ്. പുതിയ ലോകത്തിൽ അവൾക്കു സിദ്ധിച്ച വമ്പിച്ച വിജയം പഴയലോകത്തിലുണ്ടായ നഷ്ടത്തെ വളരെയിരട്ടി പരിഹരിച്ചിട്ടുണ്ട്. മിസ്സൗറിയുടെ തീരങ്ങളിലുള്ള ശാദ്വലങ്ങൾ മുതൽ കേപ്‌ഹോൺവരെ വിസ്തൃതമായി കിടക്കുന്ന രാജ്യവിഭാഗങ്ങൾ അവളുടെ ആദ്ധ്യാത്മികാധികാരപരിധിയിൽപ്പെടുന്നു; ഒരുപക്ഷേ, ഒരുശതാബ്ദംകൂടി കഴിഞ്ഞാൽ, ഇപ്പോൾ യൂറോപ്പിനെ അധിവസിക്കുന്നിട

ത്തോളം ജനങ്ങളെ പ്രസ്തുത രാജ്യങ്ങളിൽ കണ്ടെന്നുവരാൻ വളരെ എളുപ്പമുണ്ടു്. അവളോടു സംയോജിച്ചു നില്ക്കുന്ന വിശ്വാസികളുടെ എണ്ണം മററു സകല ക്രൈസ്തവ വിഭാഗങ്ങളുടേയും ആകെ സംഖ്യയിൽ ഒട്ടും കുറയുകയില്ലെന്നതു തീർച്ചതന്നെ.

“അവളുടെ സുദീർഘമായ ഭരണത്തിന്റെ പര്യവസാനം സമാഗതമായിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന ചിഹ്നങ്ങളൊന്നും തന്നെ നാം കാണുന്നില്ല. ഇന്നു ലോകത്തിലുള്ള മതപരമായ സകല ക്രൈസ്തവസ്ഥാപനങ്ങളുടേയും ആരംഭം അവൾ കണ്ടതാണു്. അവയുടെ അവസാനം അവൾ കാണുകയില്ലെന്നു തീർത്തുപറയുവാൻ നമുക്കു യാതൊരു കാരണവും ഇല്ല തന്നെ. സാക്സൺ വർഗ്ഗക്കാർ ബ്രിട്ടണിൽ കാലുകുത്തുന്നതിനു മുമ്പും, ഫ്രാങ്കുകാർ റൈൻനദി തരണം ചെയ്യുന്നതിനു മുമ്പും, യവനായ വാഗ്മിത്വം അന്ത്യോക്യായിൽ തഴച്ചുവളർന്നിരുന്നപ്പോഴും, മെക്കായിലെ ബിംബാലയങ്ങളിൽ വിഗ്രഹാരാധന നടന്നുകൊണ്ടിരുന്നപ്പോഴും അവൾ മഹനീയയും അഭിവന്ദ്യയുമായിരുന്നു. ന്യൂസിലണ്ടുകാരനായ വല്ല യാത്രക്കാരനും, വിജനമായി ശേഷിക്കുന്ന ഒരു പ്രദേശത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ലണ്ടൻപാലത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞു നശിക്കാറായ കമാനത്തിന്റെ മുകൾപ്പരപ്പിൽ കയറിനിന്നുകൊണ്ടു സെൻറു പോൾസ് ദൈവാലയത്തിന്റെ ജീർണ്ണീഭവിച്ചുകിടക്കുന്ന നഷ്ടശിഷ്ടങ്ങളുടെ കൂമ്പാരത്തെ ഔത്സുക്യപൂർവ്വം അഭിവീക്ഷണം ചെയ്തേക്കാവുന്ന സമയത്തും അവൾ താരുണ്യത്തിളപ്പോടെ പരിലസിക്കുന്നുണ്ടായിരിക്കും.”

—ശുഭം—